# ഇന്ത്യാചരിത്രത്തിലെ

## പ്രമേയങ്ങൾ

### ഭാഗം 2

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

കേരളം 2019

ചരിത്ര പാഠപുസ്തകം

ക്ലാസ് 12

# ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങൾ

ഭാഗം - 2



**First Edition**
*May 2007 Vaisakha 1929*
**Reprinted**
*December 2007 Pausa 1929*
*January 2009 Magha 1930*
*January 2010 Magha 1931*
*November 2010 Kartika 1932*
*March 2013 Phalguna 1934*
*November 2013 Kartika 1935*
*December 2014 Pausa 1936*
*February 2016 Magha 1937*
*February 2017 Magha 1938*
*December 2017 Pausa 1939*

**PD 100T HK**

© ***National Council of Educational Research and Training, 2007***

*Printed on 80 GSM paper with NCERT watermark*

Published at the Publication Division by the Secretary, National Council of Educational Research and Training, Sri Aurobindo Marg, New Delhi 110 016 and printed at Shagun Offset Press, F-476, Sector 63, Noida 201 301 (U.P.)

**ISBN 81-7450-651-9 (Part I)**
**81-7450-753-3 (Part II)**

ALL RIGHTS RESERVED

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**OFFICES OF THE PUBLICATION DIVISION, NCERT**

NCERT Campus
Sri Aurobindo Marg
**New Delhi 110 016** Phone : 011-26562708

108, 100 Feet Road
Hosdakere Halli Extension
Banashankari III Stage
**Bengaluru 560 085** Phone : 080-26725740

Navjivan Trust Building
P.O.Navjivan
**Ahmedabad 380 014** Phone : 079-27541446

CWC Campus
Opp. Dhankal Bus Stop
Panihati
**Kolkata 700 114** Phone : 033-25530454

CWC Complex
Maligaon
**Guwahati 781 021** Phone : 0361-2674869

**Publication Team**

Head, Publication Division : *M. Siraj Anwar*

Chief Editor : *Shveta Uppal*

Chief Business Manager : *Gautam Ganguly*

Chief Production Officer (Incharge) : *Arun Chitkara*

Production Assistant : *Sunil Kumar*

**Cover and Layout**
*Arvi Creations, New Delhi*

**Cartography**
*K.Varghese*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The *National Curriculum Framework* (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the *National Policy on Education* (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan, and the Chief Advisor for this book, Professor Neeladri Bhattacharya, Centre for Historical Studies, Jawaharlal Nehru University, New Delhi for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their

resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational
Research and Training

New Delhi
*20 November 2006*

# DEFINING THE FOCUS OF STUDY

What defines the focus of this book? What does it seek to do? How is it linked to what has been studied in earlier classes?

In Classes VI to VIII we looked at Indian history from early beginnings to modern times, with a focus on one chronological period in each year. Then in the books for Classes IX and X, the frame of reference changed. We looked at a shorter period of time, focusing specifically on a close study of the contemporary world. We moved beyond territorial boundaries, beyond the limits of nation states, to see how different people in different places have played their part in the making of the modern world. The history of India became connected to a wider inter-linked history. Subsequently in Class XI we studied *Themes in World History*, expanding our chronological focus, looking at the vast span of years from the beginning of human life to the present, but selecting only a set of themes for serious exploration. This year we will study *Themes in Indian History*.

The book begins with Harappa and ends with the framing of the Indian Constitution. What it offers is not a general survey of five millennia, but a close study of select themes. The history books in earlier years have already acquainted you with Indian history. It is time we explored some themes in greater detail.

In choosing the themes we have tried to ensure that we learn about developments in different spheres – economic, cultural, social, political, and religious – even as we attempt to break the boundaries between them. Some themes in the book will introduce you to the politics of the times and the nature of authority and power; others explore the way societies are organised, and the way they function and change; still others tell us about religious life and ritual practices, about the working of economies, and the changes within rural and urban societies.

Each of these themes will also allow you to have a closer look at the historians' craft. To retrieve the past, historians have to find sources that make the past accessible. But sources do not just reveal the past; historians have to grapple with sources, interpret them, and make them speak. This is what makes history exciting. The same sources can tell us new things if we ask new questions, and engage with them in new ways. So we need to see how historians read sources, and how they discover new things in old sources.

But historians do not only re-examine old records. They discover new ones. Sometimes these could be chance discoveries. Archaeologists may unexpectedly come across seals and mounds that provide clues to the existence of a site of an ancient civilisation. Rummaging through the dusty records of a district collectorate a

historian may trip over a bundle of records that contain legal cases of local disputes, and these may open up a new world of village life several centuries back. Yet are such discoveries only accidents? You may bump into a bundle of old records in an archive, open it up and see it, without discovering the significance of the source. The source may mean nothing to you unless you have relevant questions in mind. You have to track the source, read the text, follow the clues, and make the inter-connections before you can reconstruct the past. The physical discovery of a record does not simply open up the past. When Alexander Cunningham first saw a Harappan seal, he could make no sense of it. Only much later was the significance of the seals discovered.

In fact when historians begin to ask new questions, explore new themes, they have to often search for new types of sources. If we wish to know about revolutionaries and rebels, official sources can reveal only a partial picture, one that will be shaped by official censure and prejudice. We need to look for other sources – diaries of rebels, their personal letters, their writings and pronouncements. And these are not always easy to come by. If we have to understand experiences of people who suffered the trauma of partition, then oral sources might reveal more than written sources.

As the vision of history broadens, historians begin tracking new sources, searching for new clues to understand the past. And when that happens, the conception of what constitutes a source itself changes. There was a time when only written records were acknowledged as authentic. What was written could be verified, cited, and cross-checked. Oral evidence was never considered a valid source: who was to guarantee its authenticity and verifiability? This mistrust of oral sources has not yet disappeared, but oral evidence has been innovatively used to uncover experiences that no other record could reveal.

Through the book this year, you will enter the world of historians, accompany them in their search for new clues, and see how they carry on their dialogues with the past. You will witness the way they tease out meaning out of records, read inscriptions, excavate archaeological sites, make sense of beads and bones, interpret the epics, look at the stupas and buildings, examine paintings and photographs, interpret police reports and revenue records, and listen to the voices of the past. Each theme will explore the peculiarities and possibilities of one particular type of source. It will discuss what a source can tell and what it cannot.

This is Part II, of *Themes in Indian History*. Part III will follow.

NEELADRI BHATTACHARYA
*Chief Advisor, History*

# TEXTBOOK DEVELOPMENT COMMITTEE

**CHAIRPERSON, ADVISORY COMMITTEE**

Hari Vasudevan, *Professor,* Department of History, University of Calcutta, Kolkata

**CHIEF ADVISOR**

Neeladri Bhattacharya, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 10)

**ADVISORS**

Kumkum Roy, *Associate Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 2)

Monica Juneja, *Guest Professor,* Institut Furgeschichte, Viennna, Austria

**TEAM MEMBERS**

Beeba Sobti, *P.G.T. History,* Modern School, Barakhamba Road, New Delhi

C.N. Subramaniam, Eklavya, Kothi Bazar, Hoshangabad (Theme 7)

Farhat Hassan, *Reader,* Department of History, Aligarh Muslim University, Aligarh, UP (Theme 5)

Jaya Menon, *Reader,* Department of History, Aligarh Muslim University, Aligarh, UP (Theme 1)

Kunal Chakrabarti, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 3)

Meenakshi Khanna, *Reader* in History, Indraprastha College, University of Delhi, Delhi (Theme 6)

Muzaffar Alam, *Professor of South Asian History,* University of Chicago, Chicago, USA

Najaf Haider, *Associate Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 9)

Partho Dutta, *Reader,* Department of History, Zakir Hussain College (Evening Classes), University of Delhi, Delhi (Theme 12)

Prabha Singh, *P.G.T. History,* Kendriya Vidyalaya, Old Cantt., Telliarganj, Allahabad, UP

Rajat Datta, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 8)

Ramachandra Guha, *freelance writer, anthropologist* and *historian,* Bangalore (Theme 13)

Rashmi Paliwal, Eklavya, Kothi Bazar, Hoshangabad

Rudrangshu Mukherjee, *Executive Editor, The Telegraph,* Kolkata (Theme 11)

Smita Sahay Bhattacharya, *P.G.T. History,* Blue Bells School, Kailash Colony, New Delhi

Sumit Sarkar, *Formerly Professor of History,* University of Delhi, Delhi (Theme 15)

Uma Chakravarti, Formerly *Reader* in History, Miranda House, University of Delhi, Delhi (Theme 4)

Vijaya Ramaswamy, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 7)

**MEMBER-COORDINATORS**

Anil Sethi, *Professor,* DESSH, NCERT, New Delhi (Theme 14)

Seema S. Ojha, *Lecturer,* DESSH, NCERT, New Delhi

# ACKNOWLEDGEMENTS

*Themes in Indian History, Part I* emerged out of several discussions within the team amongst subject experts/ authors from universities, school teachers and professionals from NCERT. We would like to thank all those who participated enthusiastically and pooled together their intellectual resources and experience to produce this book.

Several people commented extensively on draft chapters, helping us improve on the text and clarify issues. We are particularly grateful to our young readers, Meera and Sandhya Visvanathan whose suggestions and comments helped us sharpen the presentation, and to Baisakh Chakrabarti for his encouragement. The suggestions of the members of the Monitoring Committee, Prof. J. S. Grewal and Ms Shobha Bajpai, were very useful.

Prof. B.D. Chattopadhyaya made time for the project inspite of several pressing personal problems, and offered critical advice. Others who offered valuable suggestions include Prof. Ranabir Chakravarti, Prof. Upinder Singh and Dr Supriya Varma. We are also grateful to Dr Naseem Akhtar, Mr Virendra Bangroo and Dr Suresh Mishra for advice on specific visuals and texts. Ms Samira Verma provided unfailingly prompt support for visual and textual research.

We would like to thank all the institutions and individuals who provided the visual resources for the book: the American Institute of Indian Studies, Gurgaon, the Archaeological Survey of India, the Centre for Cultural Resources and Training, the Indira Gandhi National Centre for the Arts, the National Manuscript Mission, and the National Museum. We are particularly grateful to Prof. Gregory L. Possehl for visual material used in Theme One, and to Mr. R.R.S. Chauhan and Mr. J.C. Grover, National Museum, as also to Mr. R.C. Das, CIET, NCERT for photographs from the National Museum. Mr. K. Varghese, Jawaharlal Nehru University, provided the maps.

Ms Shyama Warner copyedited and proof read the book while Ms Ritu Topa and Mr. Animesh Roy of Arrt Creations, New Delhi, designed it. We would like to thank them all for the patience, care, and passion they brought to the task.

We would also like to thank Mr. Albinus Tirkey and Mr. Manoj Haldar for technical support and assistance.

Finally, we look forward to feedback from the users of the book, which will help us improve it in subsequent editions.

# പാഠപുസ്തക വിവർത്തനം

## ശിൽപ്പശാലയിൽ പങ്കെടുത്തവർ

**അജു എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., വെച്ചൂച്ചിറ കോളനി, പത്തനംതിട്ട

**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി, കോട്ടയം

**പ്രൊഫ. എം. ജലാലുദ്ദീൻ** (റിട്ട.)
സി.കെ.ജി. മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര, കോഴിക്കോട്

**മടവൂർ ശശി**

**ഡോ. ബി.വി. നന്ദകുമാർ**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.വി.എച്ച്.എസ്.എസ്., ആര്യനാട്, തിരുവനന്തപുരം

**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട.), ഗവ. കോളേജ് ഫോർ വിമിൻ, തിരുവനന്തപുരം

**സജീവ് ഡി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എം.എച്ച്.എസ്.എസ്., വെഞ്ഞാറമൂട്, തിരുവനന്തപുരം

**സജീവ് കുമാർ ജി. എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., കടയ്ക്കൽ, കൊല്ലം

**ഡി. യേശുദാസ്**
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ.എച്ച്.എസ്.എസ്., അയ്യന്തോൾ, തൃശ്ശൂർ

**യൂസഫ് കുമാർ എസ്. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., പകൽക്കുറി, തിരുവനന്തപുരം

**വിനോദ് എം. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.ജി.എച്ച്.എസ്.എസ്., മാവേലിക്കര, ആലപ്പുഴ

## അക്കാദമിക് കോർഡിനേറ്റർമാർ

**ചിത്രാ മാധവൻ**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി.

**അഞ്ജന വി. ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

## കുറിപ്പ്

### (ക്രമനമ്പരുകളിലെ മാറ്റം)

ഇന്ത്യാ ചരിത്രത്തിലെ പതിനഞ്ച് പ്രമേയങ്ങളാണ് മൂന്ന് പുസ്തകങ്ങളിലായി എൻ.സി.ഇ.ആർ.ടി. പന്ത്രണ്ടാം ക്ലാസിനായി തയാറാക്കിയിട്ടുള്ളത്. എൻ.സി.ഇ.ആർ.ടി. യുടെ പുസ്തകത്തിൽ കേരള ചരിത്രത്തിലെ പ്രമേയങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇന്ത്യാചരിത്രത്തിൽ ഉൾപ്പെടുന്നതും എന്നാൽ മറ്റു ചില വിഷയങ്ങളിൽ കുട്ടികൾ വിശദമായി പഠിക്കുന്നതുമായ ആശയങ്ങൾ ഉൾപ്പെടുന്ന രണ്ട് പ്രമേയങ്ങൾക്ക് പകരം കേരള ചരിത്രത്തിലെ രണ്ട് പ്രമേയങ്ങൾ ഉൾപ്പെടുത്തി എസ്.സി.ഇ.ആർ.ടി. തയാറാക്കിയ നാലാമതൊരു പുസ്തകം പഠിപ്പിച്ചുവരുന്ന വിവരം അറിവുള്ളതാണല്ലോ.

ഇംഗ്ലീഷ് പതിപ്പുകൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളുടെ ക്രമനമ്പരുകൾ 1 മുതൽ 13 വരെ തുടർച്ചയായും തുടർന്ന് 14, 15 ക്രമനമ്പരുകൾ കേരള ചരിത്രത്തിലെ പ്രമേയങ്ങൾക്കുമാണ് നൽകിയിട്ടുള്ളത് എന്ന കാര്യം പഠിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഉള്ളടക്കം



## ഭാഗം 2


**പ്രമേയം അഞ്ച്**
സഞ്ചാരികളുടെ കണ്ണുകളിലൂടെ :
സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ
(ഏകദേശം പത്ത് മുതൽ പതിനേഴാം നൂറ്റാണ്ടുവരെ)

**പ്രമേയം ആറ്**
ഭക്തി - സൂഫി പാരമ്പര്യങ്ങൾ :
മതവിശ്വാസങ്ങളിലും ഭക്തി ഗ്രന്ഥങ്ങളിലുമുള്ള മാറ്റങ്ങൾ
(ഏകദേശം എട്ട് മുതൽ പതിനെട്ടാം നൂറ്റാണ്ട് വരെ)

**പ്രമേയം ഏഴ്**
ഒരു രാജകീയ തലസ്ഥാനം : വിജയനഗരം
(ഏകദേശം പതിനാല് മുതൽ പതിനാറാം നൂറ്റാണ്ടുവരെ)

**പ്രമേയം എട്ട്**
കർഷകരും, സെമീന്ദാർമാരും രാഷ്ട്രവും :
കാർഷിക സമൂഹവും മുഗൾ സാമ്രാജ്യവും
(ഏകദേശം പതിനാറ് - പതിനേഴ് നൂറ്റാണ്ടുകൾ)

**പ്രമേയം ഒൻപത്**
രാജാക്കന്മാരും ദിനവൃത്താന്തങ്ങളും :
മുഗൾ രാജസഭ
(ഏകദേശം പതിനാറ് - പതിനേഴ് നൂറ്റാണ്ടുകൾ)


P5G5D1

## ഭാഗം 3 *


**പ്രമേയം പത്ത്**
കോളനിഭരണവും ഗ്രാമപ്രദേശങ്ങളും :
ഔദ്യോഗിക പുരാരേഖാ ശേഖരങ്ങളുടെ പരിശോധന

**പ്രമേയം പതിനൊന്ന്**
കലാപകാരികളും രാജും :
1857 ലെ കലാപവും അതിന്റെ ചിത്രീകരണങ്ങളും




* ഭാഗം മൂന്ന് തുടർന്ന് വരും




**പ്രമേയം പന്ത്രണ്ട്**
മഹാത്മാഗാന്ധിയും ദേശീയവാദ പ്രസ്ഥാനവും :
സിവിൽ നിയമലംഘനവും അതിനപ്പുറവും

**പ്രമേയം പതിമൂന്ന്**
വിഭജനത്തെ മനസ്സിലാക്കൽ :
രാഷ്ട്രീയം, ഓർമ്മകൾ, അനുഭവങ്ങൾ


## ഭാഗം 1


**പ്രമേയം ഒന്ന്**
ഇഷ്ടികകൾ, മുത്തുകൾ, അസ്ഥികൾ :
ഹരപ്പൻ സംസ്കാരം

**പ്രമേയം രണ്ട്**
രാജാക്കന്മാർ, കർഷകർ, പട്ടണങ്ങൾ :
ആദ്യകാല രാഷ്ട്രങ്ങളും സമ്പദ്വ്യവസ്ഥകളും
(ഏകദേശം ബി.സി.ഇ. ൬൦൦ മുതൽ സി.ഇ.൬൦൦ വരെ)

**പ്രമേയം മൂന്ന്**
ബന്ധുത്വം, ജാതി, വർഗം :
ആദ്യകാല സമൂഹങ്ങൾ
(ഏകദേശം ൬൦൦ ബി.സി.ഇ. മുതൽ ൬൦൦ സി.ഇ. വരെ]

**പ്രമേയം നാല്**
ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും :
സാംസ്കാരിക വികാസങ്ങൾ
(ഏകദേശം ൬൦൦ ബി.സി.ഇ. മുതൽ ൬൦൦ സി.ഇ. വരെ)




## ഈ പുസ്തകം എങ്ങനെ ഉപയോഗിക്കാം (How to use this book)

ഇത് *ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളിലെ* ഒന്നാംഭാഗമാണ്. രണ്ടും മൂന്നും ഭാഗങ്ങൾ തുടർന്ന് വരും.

- ☑ പഠനത്തെ സുഗമമാക്കുന്നതിനായി ഓരോ അധ്യായവും നിരവധി ഭാഗങ്ങളായും ഉപവിഭാഗങ്ങളായും അക്കമിട്ടുതിരിച്ചിട്ടുണ്ട്.
- ☑ ബോക്സിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മറ്റുവിഭവങ്ങളും നിങ്ങൾക്കുകാണാം.

ഇത് ഉൾപ്പെടുന്നത് :

| ചുരുക്കർഗങ്ങൾ | അധിക വിവരങ്ങൾ | കൂടുതൽ വിശദമായ വിവരണങ്ങൾ |
|---|---|---|

ഇവയെല്ലാം പഠനപ്രവർത്തനത്തെ സഹായിക്കുവാനും പരിപോഷിപ്പിക്കുവാനുമാണ്, അല്ലാതെ ***മൂല്യനിർണയം ഉദ്ദേശിച്ചുള്ളവയല്ല.***

- ☑ ഓരോ അധ്യായവും ഒരുജോഡി *കാലഗണന*യോടെയാണ് അവസാനിക്കുന്നത്. ഇതിനെ പശ്ചാത്തല വിവരമായാണ് കണക്കാക്കേണ്ടത്, ***മൂല്യനിർണയത്തിന് വേണ്ടിയല്ല.***
- ☑ ***ചിത്രങ്ങളും, ഭൂപടങ്ങളും, സ്രോതസ്സുകളും*** ഓരോ അധ്യായത്തിലും തുടർച്ചയായ നമ്പരിട്ട് നൽകിയിരിക്കുന്നു.

(a) **ചിത്രങ്ങളിൽ**, ചരിത്രകാരർ സ്രോതസ്സുകളായി ഉപയോഗിക്കുന്ന ദൃശ്യവിവരങ്ങളായ ഉപകരണങ്ങൾ, മൺപാത്രങ്ങൾ, മുദ്രകൾ, നാണയങ്ങൾ, ആഭരണങ്ങൾ തുടങ്ങിയ പുരാവശിഷ്ടങ്ങൾ, കൊത്ത്‌ലിപികൾ, ശില്പങ്ങൾ, ഛായാചിത്രങ്ങൾ, നിർമിതികൾ, പുരാവസ്തു സൈറ്റുകൾ, ജനങ്ങളുടെയും പ്രദേശങ്ങളുടെയും രൂപരേഖകൾ, ചിത്രങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്.

(b) ചില അധ്യായങ്ങൾക്ക് **ഭൂപടങ്ങൾ** ഉണ്ട്.

സ്രോതസ്സുകൾ

(c) **സ്രോതസ്സുകൾ** പ്രത്യേകം ബോക്സുകളിലാണ് ഉള്ളടക്കം ചെയ്തിരിക്കുന്നത് : വൈവിധ്യമാർന്ന ഗ്രന്ഥങ്ങളിൽ നിന്നും പുരാലിഖിതങ്ങളിൽ നിന്നുമുള്ള ഏടുകളാണ് ഇതിൽ ഉൾപ്പെടുന്നത്. ചിത്രങ്ങളും ഗ്രന്ഥങ്ങളിൽ നിന്നുള്ള സ്രോതസ്സുകളും, ചരിത്രകാരർ ഉപയോഗിക്കുന്ന സൂചനകളെപ്പറ്റി അടുത്തറിയുവാൻ നിങ്ങളെ സഹായിക്കും. **ഈ സൂചനകളെ ചരിത്രകാരർ എങ്ങനെ വിശകലനം ചെയ്യുന്നു എന്നും നിങ്ങൾക്ക് കാണാം. ഇവയിൽ നിന്നുള്ള ഭാഗങ്ങൾ/അല്ലെങ്കിൽ അഭിന്നമായ/സമാനമായ വിഭവങ്ങൾ, അവസാന പരീക്ഷയിൽ ഉൾപ്പെടുത്താം, അത് ഇവയെ കൈകാര്യം ചെയ്യാൻ നിങ്ങൾക്ക് അവസരമൊരുക്കും.**

☑ രണ്ടുതരം ചോദ്യങ്ങളാണ് ***പുസ്തകത്തിലുള്ളത്*** :

(എ) ***മൂല്യനിർണയത്തിനു***ള്ള പരിശീലനത്തിനായി ഉപയോഗിക്കാവുന്നവയാണ് മഞ്ഞ ചതുരത്തിലുള്ളത്.

(ബി) ➲ ചർച്ച ചെയ്യുക... എന്ന തലക്കെട്ടോടെ നൽകിയിരിക്കുന്ന ഭാഗങ്ങൾ ***മൂല്യനിർണയത്തിനുള്ളവയല്ല***

☑ ഓരോ അധ്യായത്തിന്റെയും അവസാനം ***നാലുതരത്തിലുള്ള*** പ്രവർത്തനനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

- ലഘു ചോദ്യങ്ങൾ
- ലഘു ഉപന്യാസം
- ഭൂപട പ്രവർത്തനം
- പ്രൊജക്ടുകൾ

അന്തിമ വിലയിരുത്തലിനും മൂല്യനിർണയത്തിനുമുള്ള പരിശീലനാർഥമുള്ളതാണ് ഇവ.

*ഈ പുസ്തകം നിങ്ങൾ ആസ്വദിച്ചുപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

പ്രമേയം
അഞ്ച്

# സഞ്ചാരികളുടെ കണ്ണുകളിലൂടെ

## (Through the Eyes of Travellers)

### (സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ)

### (Perceptions of Society)

**(പത്താം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടുവരെ)**

(*c.* tenth to seventeenth century)

സ്ത്രീകളും പുരുഷന്മാരും തൊഴിൽ അന്വേഷിച്ചും പ്രകൃതി ദുരന്തങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും കച്ചവടക്കാരായും വ്യാപാരികളായും സൈനികരായും പുരോഹിതരായും തീർത്ഥാടകരായും അല്ലെങ്കിൽ സാഹസത്തിനായും സഞ്ചാരങ്ങൾ നടത്തിയിട്ടുണ്ട്. ഒരു പുതിയ പ്രദേശം സന്ദർശിക്കുകയോ അവിടെ താമസിക്കുകയോ ചെയ്യേണ്ടിവരുന്നവർക്ക് വ്യത്യസ്തമായ ഒരു ലോകത്തെ അഭിമുഖീകരിക്കേണ്ടിവരുന്നു: ഭൂപ്രദേശം, അഥവാ ഭൗതികപരിസ്ഥിതി, അതുപോലെ ആചാരങ്ങൾ, ഭാഷകൾ, വിശ്വാസങ്ങൾ, ജനങ്ങളുടെ രീതികൾ എന്നീതലങ്ങളിൽ അവരിൽപലരും ഈ വ്യത്യസ്തതകളുമായി സമരസപ്പെടാൻ ശ്രമിക്കുമ്പോൾ ചുരുക്കംചിലർ ശ്രദ്ധേയവും അസാധാരണവുമായി തോന്നുന്നവയെ ശ്രദ്ധാപൂർവം വിവരണങ്ങളിൽ രേഖപ്പെടുത്തിവയ്ക്കുന്നു. സ്ത്രീകൾ സഞ്ചാരങ്ങൾ നടത്തിയിട്ടുണ്ടാവാം; എങ്കിലും ദൗർഭാഗ്യവശാൽ സ്ത്രീകൾ രചിച്ച യാത്രാവിവരണങ്ങൾ നമുക്ക് ലഭ്യമല്ല.



ചിത്രം 5.1 എ
വെറ്റിലകൾ

ലഭ്യമായ വിവരണങ്ങൾ മിക്കപ്പോഴും വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ചിലത് കൊട്ടാരത്തിലെ കാര്യങ്ങൾ പ്രതിപാദിക്കുമ്പോൾ മറ്റു ചിലത് മതപരമായ പ്രശ്നങ്ങൾക്കോ അല്ലെങ്കിൽ വാസ്തുശില്പ സവിശേഷതകൾക്കോ സ്മാരകങ്ങൾക്കോ ഊന്നൽ നൽകുന്നു. ഉദാഹരണത്തിന്, പതിനഞ്ചാം നൂറ്റാണ്ടിലെ വിജയനഗരം (അധ്യായം 7) എന്ന നഗരത്തെക്കുറിച്ചുള്ള സുപ്രധാന വിവരണം ലഭിക്കുന്നത് ഹെറാത്തിൽ നിന്നും ഇന്ത്യ സന്ദർശിച്ച നയതന്ത്രജ്ഞനായ അബ്ദുർ റസാഖ് സമർഖണ്ഡിയിൽ നിന്നുമാണ്.

ചുരുക്കം ചിലസന്ദർഭങ്ങളിൽ സഞ്ചാരികൾ വിദൂരദേശങ്ങളിലേക്ക് പോയില്ല. ഉദാഹരണത്തിന്, മുഗൾ സാമ്രാജ്യത്തിൽ (അധ്യായം 8 ഉം 9 ഉം) ഭരണാധികാരികൾ പലപ്പോഴും സാമ്രാജ്യത്തിനുള്ളിൽത്തന്നെ സഞ്ചരിക്കുകയും തങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. അവരിൽ ചിലർ തങ്ങളുടെ നാട്ടിലെ ജനകീയമായ ആചാരങ്ങളും നാടൻകലകളും പാരമ്പര്യങ്ങളും നിരീക്ഷിക്കുന്നതിൽ താൽപര്യം കാണിച്ചു.

P7J7R7

ഇന്ത്യൻ ഉപഭൂഖണ്ഡം സന്ദർശിച്ച സഞ്ചാരികളിൽ, മൂന്നുപേർക്ക് ഊന്നൽ നൽകിക്കൊണ്ട്, സാമൂഹികജീവിതത്തെക്കുറിച്ച് നൽകിയ വിവരണങ്ങൾ പരിഗണിക്കുന്നതിലൂടെ, ഭൂതകാലത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് എങ്ങനെ കൂടുതൽ സമ്പന്നമാക്കാം എന്ന് ഈ അധ്യായം നമുക്ക് കാണിച്ചുതരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ഉസ്ബക്കിസ്താനിൽ നിന്നും വന്ന അൽബിറൂനി, പതിനാലാം നൂറ്റാണ്ടിൽ വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ മൊറോക്കോയിൽ നിന്നുംവന്ന ഇബ്ൻബത്തൂത്ത, പതിനേഴാം നൂറ്റാണ്ടിൽവന്ന ഫ്രഞ്ചുകാരനായ ഫ്രാങ്കോയിസ് ബർണിയർ എന്നിവരാണിവർ.



ചിത്രം 5.1 ബി
ഒരു നാളികേരം.

അസാധാരണം എന്ന നിലയ്ക്ക് നിരവധി സഞ്ചാരികളെ അദ്ഭുതപ്പെടുത്തിയ വസ്തുക്കൾ നാളികേരവും വെറ്റിലയുമായിരുന്നു.

*സ്രോതസ്സ് 1*

**അൽബിറൂനിയുടെ ലക്ഷ്യങ്ങൾ (Al-Biruni's objectives)**

**അൽബിറൂനി തന്റെ ഗ്രന്ഥത്തെ ഇങ്ങനെ വിവരിച്ചു:**

'**അവരുമായി** (ഹിന്ദുക്കൾ) മതപരമായ വിഷയങ്ങൾ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഒരു സഹായവും അവരുമായി ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് വിവരങ്ങളുടെ ഒരു ശേഖരവുമാണ്'.

➲ *അൽബിറൂനിയുടെ ഗ്രന്ഥത്തിൽ നിന്നുമുള്ള ഉദ്ധരണി (സ്രോതസ്സ് 5) വായിച്ച് അദ്ദേഹത്തിന്റെ ഗ്രന്ഥം ഈ ലക്ഷ്യങ്ങളെ സാധൂകരിക്കുന്നുണ്ടോ എന്ന് ചർച്ചചെയ്യുക.*

ഈ സഞ്ചാരികളായ എഴുത്തുകാർ കടന്നുവന്നത് തികച്ചും വ്യത്യസ്തങ്ങളായ സാമൂഹിക, സാംസ്കാരിക പരിതസ്ഥിതികളിൽ നിന്നായതിനാൽ അവർ പലപ്പോഴും തദ്ദേശീയരായ എഴുത്തുകാർ നിത്യപരിചയംമൂലം അവഗണിച്ച ദൈനംദിനപ്രവർത്തനങ്ങൾക്കും നടപടിക്രമങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകി. കാഴ്ചപ്പാടിലുള്ള ഈ വ്യത്യാസമാണ് സഞ്ചാരികളുടെ യാത്രാവിവരണങ്ങളെ കൂടുതൽ ശ്രദ്ധേയമാക്കുന്നത്. ഈ സഞ്ചാരികൾ ആർക്കുവേണ്ടിയാണ് എഴുതിയത്? ഉത്തരങ്ങൾ വിവിധ അവസരങ്ങളിൽ മാറിവരുന്നത് നമുക്ക്കാണാം.

## 1. അൽബിറൂനിയും കിതാബ് – ഉൽ – ഹിന്ദും (AL-BIRUNI AND THE *KITAB-UL-HIND*)

### 1.1 ഖ്വാരിസമിൽ നിന്നും പഞ്ചാബിലേക്ക് (From Khwarizm to the Punjab)

ഇന്നത്തെ ഉസ്ബക്കിസ്താനിലെ ഖ്വാരിസമിൽ 973 ലാണ് അൽബിറൂനി ജനിച്ചത്. സുപ്രധാന വിജ്ഞാനകേന്ദ്രമായിരുന്ന ഖ്വാരിസമിൽ നിന്ന് അക്കാലത്ത് ലഭ്യമായ ഏറ്റവുംനല്ല വിദ്യാഭ്യാസം അദ്ദേഹത്തിന് ലഭിച്ചു. സുറിയാനി, അറബി, പേർഷ്യൻ, ഹീബ്രു, സംസ്കൃതം തുടങ്ങി നിരവധി ഭാഷകളിൽ അദ്ദേഹം പാണ്ഡിത്യംനേടി. ഗ്രീക്ക്ഭാഷ അദ്ദേഹത്തിന് വശമില്ലാതിരുന്നെങ്കിലും പ്ലേറ്റൊ അടക്കമുള്ള ഗ്രീക്ക് തത്ത്വചിന്തകരുടെ കൃതികളെ അവയുടെ അറബിക് പരിഭാഷയിലൂടെ അദ്ദേഹം പരിചയപ്പെട്ടു. 1017 ൽ ഖ്വാരിസം ആക്രമിച്ച സുൽത്താൻ മഹ്മൂദ് അവിടെനിന്ന് നിരവധി പണ്ഡിതരെയും കവികളെയും തന്റെ തലസ്ഥാനമായ ഗസ്നിയിലേക്ക് കൊണ്ടുവന്നു. അതിലൊരാൾ അൽബിറൂനി ആയിരുന്നു. ഒരു ബന്ദിയായി ഗസ്നിയിലെത്തിയ അദ്ദേഹം ക്രമേണ ആ നഗരത്തെ ഇഷ്ടപ്പെടാൻതുടങ്ങി. തുടർന്ന്, എഴുപതാമത്തെ വയസ്സിൽ മരണപ്പെടുന്നതുവരെ അദ്ദേഹം അവിടെ ജീവിച്ചു.

ഗസ്നിയിൽവച്ചാണ് അൽബിറൂനിക്ക് ഇന്ത്യയോട് താൽപര്യം തോന്നിയത്. അത് അസാധാരണമായ ഒരുകാര്യമായിരുന്നില്ല. എട്ടാം നൂറ്റാണ്ടു മുതൽ തന്നെ ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയെ സംബന്ധിച്ച സംസ്കൃത ഗ്രന്ഥങ്ങൾ അറബിക് ഭാഷയിലേക്ക് തർജമചെയ്യപ്പെട്ടിരുന്നു. പഞ്ചാബ് ഗസ്നാവിദ് സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നതോടെ പ്രാദേശികജനങ്ങളുമായുണ്ടായ ബന്ധം പരസ്പരവിശ്വാസത്തിന്റെയും ധാരണയുടേതുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സഹായകമായി. ബ്രാഹ്മണപുരോഹിതരുമായും പണ്ഡിതരുമായും വർഷങ്ങളോളം സൗഹൃദബന്ധത്തിൽ ജീവിച്ച അൽബിറൂനി സംസ്കൃതഭാഷ പഠിക്കുകയും മത – തത്ത്വചിന്താഗ്രന്ഥങ്ങളിൽ അറിവ്നേടുകയും ചെയ്തു. അദ്ദേഹത്തിന്റെ യാത്രാപദ്ധതികൾ വ്യക്തമല്ലെങ്കിലും പഞ്ചാബിലും ഉത്തരേന്ത്യയുടെ ഭാഗങ്ങളിലും വ്യാപകമായി അദ്ദേഹം യാത്രചെയ്തിരുന്നിരിക്കാൻ സാധ്യതയുണ്ട്.

അൽബിറൂനി എഴുതുന്ന കാലഘട്ടമാവുമ്പോഴേക്കും സഞ്ചാരസാഹിത്യം അറബിസാഹിത്യത്തിലെ അംഗീകൃതവിഭാഗമായി മാറിക്കഴിഞ്ഞിരുന്നു. ഈ സാഹിത്യത്തിൽ പടിഞ്ഞാറ് സഹാറാ മരുഭൂമി മുതൽ

***ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നു ആശയങ്ങൾ പങ്കുവയ്ക്കുന്നു* (Translating texts, sharing ideas)**

നിരവധി ഭാഷകളിലുള്ള അൽബിറൂനിയുടെ വൈദഗ്ധ്യം ഭാഷകളെ താരതമ്യംചെയ്യാനും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്താനും അദ്ദേഹത്തിന് സഹായകമായി. പതഞ്ജലിയുടെ വ്യാകരണഗ്രന്ഥമടക്കമുള്ള നിരവധി സംസ്കൃതഗ്രന്ഥങ്ങൾ അദ്ദേഹം അറബിയിലേക്ക് പരിഭാഷപ്പെടുത്തി. തന്റെ ബ്രാഹ്മണ സുഹൃത്തുക്കൾക്കായി അദ്ദേഹം യൂക്ലിഡിന്റെ (ഗ്രീക്ക് ഗണിതശാസ്ത്രജ്ഞൻ) ഗ്രന്ഥങ്ങൾ സംസ്കൃതത്തിലേക്ക് പരിഭാഷപ്പെടുത്തി.

വടക്ക് വോൾഗാനദിവരെയുള്ള പ്രദേശങ്ങളെക്കുറിച്ച് എഴുതപ്പെട്ടിരുന്നു. അതിനാൽ 1500 ന് മുൻപ് ഇന്ത്യയിലാരും അൽബിറൂനിയെ വായിച്ചിട്ടുണ്ടാവില്ല. എങ്കിലും ഇന്ത്യയ്ക്കുപുറത്ത് നിരവധിപേർ വായിച്ചിരുന്നിരിക്കണം.

### 1.2 *കിതാബ് - ഉൽ - ഹിന്ദ്* (The *Kitab-ul-Hind*)

അറബിഭാഷയിൽ അൽബിറൂനി രചിച്ച *കിതാബ്-ഉൽ-ഹിന്ദ്* ലളിതവും സുഗ്രാഹ്യവുമാണ്. ഈ ബൃഹത്തായ ഗ്രന്ഥത്തെ മതം, തത്വചിന്ത, ആഘോഷങ്ങൾ, ജ്യോതിശാസ്ത്രം, രസവാദവിദ്യ, ആചാരാനുഷ്ഠാനങ്ങൾ, സാമൂഹിക ജീവിതം, അളവുതൂക്കങ്ങൾ, ബിംബകല്പനകൾ, നിയമങ്ങൾ, അളവുശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിക്കുന്ന എൺപത് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു.

പൊതുവെ (എപ്പോഴുമല്ലെങ്കിലും) ഓരോ അധ്യായത്തിലും അൽബിറൂനി വ്യതിരിക്തമായ ഒരു ഘടന സ്വീകരിച്ചിരുന്നു. ഒരു ചോദ്യത്തോടെ ആരംഭിക്കുക, തുടർന്ന് സംസ്കൃത പാരമ്പര്യത്തെ അടിസ്ഥാനമാക്കി ഒരു വിവരണംനടത്തുക, മറ്റ് സംസ്കാരങ്ങളുമായി താരതമ്യംചെയ്തുകൊണ്ട് സംഗ്രഹിക്കുക എന്നതായിരുന്നു ആ ഘടന. ചില സമകാലിക പണ്ഡിതരുടെ അഭിപ്രായത്തിൽ ഏകദേശം ഒരു ജ്യാമിതീയ ഘടനയാണ് ഇതിനുള്ളത്. സൂക്ഷ്മതയും പ്രവചനസ്വഭാവവുംകൊണ്ട് ശ്രദ്ധേയമായ ഈ ഘടന അദ്ദേഹത്തിന്റെ ഗണിതശാസ്ത്ര പശ്ചാത്തലത്തോട് കടപ്പെട്ടിരിക്കുന്നു.

അറബി ഭാഷയിലെഴുതിയ അൽബിറൂനി, ഉപഭൂഖണ്ഡത്തിലെ അതിർത്തികളിൽ താമസിക്കുന്ന ജനങ്ങളെ ലക്ഷ്യമാക്കിയായിരിക്കാം മിക്കവാറും തന്റെ രചനകൾ നിർവഹിച്ചത്. സംസ്കൃതം, പാലി, പ്രാകൃത് എന്നീ ഭാഷകളിലെ ഐതിഹ്യകഥകൾ മുതൽ ജ്യോതിശാസ്ത്രവും വൈദ്യശാസ്ത്രവും വരെയുള്ള, അറബി ഭാഷയിലേക്ക് തർജമ ചെയ്തതും അനുരൂപീകരിച്ചതുമായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന് പരിചിതമായിരുന്നു. എന്നിരുന്നാലും ഈ ഗ്രന്ഥങ്ങൾ രചിച്ച രീതികളെ അദ്ദേഹം വിമർശനാത്മകമായി നോക്കികാണുകയും അവയെ മെച്ചപ്പെടുത്തണമെന്ന് ശരിക്കും ആഗ്രഹിക്കുകയും ചെയ്തു.

അളവുകളെയും തൂക്കങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമാണ് *അളവുശാസ്ത്രം (Metrology)*

#### ഹിന്ദു (Hindu)

ഏകദേശം ബി.സി.ഇ. ആറ്, അഞ്ച് നൂറ്റാണ്ടുകളിൽ ഉപയോഗിച്ചിരുന്ന ഒരു പ്രാചീന പേർഷ്യൻ പദത്തിൽ നിന്നാണ് "ഹിന്ദു" എന്ന പദം ഉത്ഭവിച്ചത്. സിന്ധു (ഇൻഡസ്) നദിയുടെ കിഴക്കുള്ള പ്രദേശത്തെ സൂചിപ്പിക്കുന്നതിനാണ് അവർ ഈ പദം ഉപയോഗിച്ചത്. ഈ പേർഷ്യൻ പ്രയോഗം അറബികൾ തുടരുകയും ഈ പ്രദേശത്തെ "അൽ-ഹിന്ദ്" എന്നും ഇവിടത്തെ ജനങ്ങളെ "ഹിന്ദി" എന്നും വിശേഷിപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് തുർക്കികൾ സിന്ധു നദിയുടെ കിഴക്കുള്ള ജനങ്ങളെ "ഹിന്ദു" എന്നും അവരുടെ പ്രദേശത്തെ "ഹിന്ദുസ്ഥാൻ" എന്നും അവരുടെ ഭാഷയെ "ഹിന്ദവി" എന്നും പരാമർശിച്ചു. ഈ ആവിഷ്കാരങ്ങളിലൊന്നിലും തന്നെ ജനങ്ങളുടെ മതപരമായ സ്വത്വത്തെക്കുറിച്ച് സൂചനയില്ല. പിന്നീട് വളരെക്കാലത്തിനുശേഷമാണ് ഈ പദത്തിന് മതപരമായ അർഥം ലഭിച്ചത്.

➲ ചർച്ച ചെയ്യുക ...

അൽബിറൂനി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നതെങ്കിൽ ലോകത്തിന്റെ ഏതെല്ലാം പ്രദേശങ്ങളായിരിക്കും എളുപ്പത്തിൽ മനസ്സിലാക്കിയിട്ടുണ്ടാവുക, അദ്ദേഹം ഇപ്പോഴും അതേ ഭാഷകൾ അറിയുകയും കൂടി ചെയ്തിരുന്നുവെങ്കിൽ?



*ചിത്രം 5.2*
*ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവിയും ഏഥൻസിലെ രാഷ്ട്രതന്ത്രജ്ഞനുമായിരുന്ന സോളൻ തന്റെ ശിഷ്യരെ അഭിസംബോധന ചെയ്യുന്ന പതിമൂന്നാം നൂറ്റാണ്ടിലെ ഒരു അറബി കൈയെഴുത്ത്പ്രതിയിലെ ഒരു ചിത്രീകരണമാണിത്.* അവർ ധരിച്ചിട്ടുള്ള വേഷം ശ്രദ്ധിക്കുക.

➲ ഈ വസ്ത്രങ്ങൾ ഗ്രീക്കാണോ അറേബ്യനാണോ?

*സ്രോതസ്സ് 2*

**പക്ഷി അതിന്റെ കൂടൊഴിയുന്നു**
**(The bird leaves its nest)**

*റിഹ്‌ല*യിൽ നിന്നുള്ള ഒരു ഉദ്ധരണിയാണിത്:
എന്റെ ജന്മസ്ഥലമായ ടാഞ്ചിയറിൽ നിന്നുള്ള എന്റെ വിടവാങ്ങൽ നടന്നത് വ്യാഴാഴ്ചയായിരുന്നു... സഹസഞ്ചാരികളില്ലാതെ ഒറ്റയ്ക്കാണ് ഞാൻ യാത്ര ആരംഭിച്ചത്... എനിക്ക് ചേരാനായി സാർഥവാഹക സംഘങ്ങളൊന്നും ഉണ്ടായിരുന്നില്ല, പക്ഷേ, എന്റെ ഉള്ളിലുള്ള അടങ്ങാത്ത പ്രേരണയാലും വിശ്രുതമായ ഈ സങ്കേതങ്ങൾ സന്ദർശിക്കാൻ ദീർഘനാളായി ഞാൻ ഹൃദയത്തിൽ താലോലിക്കുന്ന ആഗ്രഹത്താലും ഞാൻ വശംവദനായി. അതുകൊണ്ട് എന്റെ സ്ത്രീകളും പുരുഷന്മാരുമായ എല്ലാ പ്രിയപ്പെട്ടവരെയും വിട്ടുപോകാനും പക്ഷികൾ അവയുടെ കൂടൊഴിയുന്നതുപോലെ എന്റെ ഭവനം ഉപേക്ഷിക്കാനുമുള്ള എന്റെ തീരുമാനം ഞാൻ കൂടുതൽ ദൃഢമാക്കി... അപ്പോൾ എന്റെ പ്രായം ഇരുപത്തിരണ്ട് വയസ്സായിരുന്നു.

തന്റെ യാത്ര ആരംഭിച്ച് ഏകദേശം 30 വർഷങ്ങൾ കഴിഞ്ഞ് 1354 ൽ ഇബ്ൻബത്തൂത്ത തന്റെ വീട്ടിൽ മടങ്ങിയെത്തി.

## 2. ഇബ്ൻ ബത്തൂത്തയുടെ *റിഹ്‌ല*
## (Ibn Battuta's *Rihla*)

### 2.1 ഒരു ആദ്യകാല ആഗോളസഞ്ചാരി (An early globe-trotter)

അറബി ഭാഷയിൽ ഇബ്ൻ ബത്തൂത്ത എഴുതിയ സഞ്ചാരകൃതിയായ *റിഹ്‌ല* പതിനാലാം നൂറ്റാണ്ടിലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സാമൂഹിക സാംസ്കാരിക ജീവിതത്തെക്കുറിച്ച് അങ്ങേയറ്റം സമ്പന്നവും ശ്രദ്ധേയവുമായ വിശദാംശങ്ങൾ നൽകുന്നു. ഈ മൊറോക്കൻ സഞ്ചാരി ടാഞ്ചിയറിലെ *ശരിയ*, അഥവാ ഇസ്ലാമിക മതനിയമത്തിലെ, വൈദഗ്ധ്യത്തിനു പേരുകേട്ട വിദ്യാസമ്പന്നവും ആദരണീയവുമായ കുടുംബങ്ങളിലൊന്നിലാണ് ജനിച്ചത്. കുടുംബപാരമ്പര്യത്തിനു യോജിച്ചവണ്ണം ഇബ്ൻ ബത്തൂത്തയ്ക്ക് ചെറുപ്പത്തിൽത്തന്നെ സാഹിത്യപരവും പാണ്ഡിത്യപരവുമായ വിദ്യാഭ്യാസം ലഭിച്ചു.

തന്റെ വർഗത്തിലെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി ഇബ്ൻ ബത്തൂത്ത സഞ്ചാരാനുഭവങ്ങളെ പുസ്തകങ്ങളെക്കാൾ പ്രധാനപ്പെട്ട അറിവിന്റെ സ്രോതസ്സായി കണ്ടു. യാത്രകളെ സ്നേഹിച്ച അദ്ദേഹം വിദൂരദേശങ്ങളിലേക്കു പോവുകയും പുതിയ ലോകങ്ങളെയും ജനതകളെയും കുറിച്ച് സമഗ്രപഠനം നടത്തുകയും ചെയ്തു. 1332-33 കാലഘട്ടത്തിൽ ഇന്ത്യയിലേക്ക് പുറപ്പെടുന്നതിന് മുൻപുതന്നെ അദ്ദേഹം മെക്കയിലേക്ക് തീർഥാടനം നടത്തുകയും സിറിയ, ഇറാഖ്, പേർഷ്യ, യമൻ, ഒമാൻ എന്നീ പ്രദേശങ്ങളിലും കിഴക്കനാഫ്രിക്കയുടെ തീരത്തെ ചില കച്ചവട തുറമുഖങ്ങളിലും സുദീർഘമായി സഞ്ചരിക്കുകയും ചെയ്തിരുന്നു.

മധ്യേഷ്യയിലൂടെ കരമാർഗം സഞ്ചരിച്ച ഇബ്ൻ ബത്തൂത്ത 1333 ൽ സിന്ധിലെത്തിച്ചേർന്നു. ഡൽഹിയിലെ സുൽത്താനായിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്കിനെക്കുറിച്ച് അദ്ദേഹം കേട്ടിരുന്നു. കലകളെയും സാഹിത്യത്തെയും നിർലോപം പ്രോത്സാഹിപ്പിക്കുന്നവനെന്ന കീർത്തിയിൽ ആകൃഷ്ടനായി അദ്ദേഹം മുൾട്ടാൻ കടന്ന്, ഉച്ച് വഴി ഡൽഹിയിലേക്ക് തിരിച്ചു. ഇബ്ൻ ബത്തൂത്തയുടെ പാണ്ഡിത്യത്തിൽ ആകൃഷ്ടനായ സുൽത്താൻ അദ്ദേഹത്തെ ഡൽഹിയിലെ ന്യായാധിപൻ അഥവാ *ഖാസി*യായി നിയമിച്ചു. വർഷങ്ങൾക്കുശേഷം സുൽത്താന്റെ അപ്രീതിക്ക് പാത്രമായി ജയിലിലടക്കപ്പെടും വരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. സുൽത്താനും ഇബ്ൻ ബത്തൂത്തയ്ക്കും ഇടയിലുള്ള തെറ്റിദ്ധാരണ മാറിയതോടെ സുൽത്താൻ അദ്ദേഹത്തെ വീണ്ടും കൊട്ടാരത്തിൽ നിയമിച്ചു, 1342 ൽ തന്റെ സന്ദേശവാഹകനായി അദ്ദേഹത്തെ ചൈനയിലെ മംഗോൾ ഭരണാധികാരിയുടെ അടുത്തേക്ക് അയക്കുകയും ചെയ്തു.

പുതിയ ദൗത്യവുമായി ഇബ്ൻ ബത്തൂത്ത മധ്യേന്ത്യവഴി മലബാർ തീരത്തേക്കു യാത്രയായി. മലബാറിൽനിന്നും മാലിദ്വീപുകളിലേയ്ക്ക് പോയ അദ്ദേഹം *ഖാസി*യായി പതിനെട്ടു മാസം അവിടെ കഴിച്ചുകൂട്ടി. തുടർന്ന് അദ്ദേഹം ശ്രീലങ്കയിലേക്ക് പോകാൻ തീരുമാനിച്ചു. അതിനുശേഷം അദ്ദേഹം ഒരിക്കൽകൂടി മലബാർ തീരവും മാലിദ്വീപുകളും സന്ദർശിച്ചു. ചൈനയിലേക്കുള്ള തന്റെ ദൗത്യം പുനരാരംഭിക്കുന്നതിന് മുൻപ് ബംഗാളിലും അസ്സമിലും സന്ദർശനം നടത്തി. സുമാത്രയിലേക്ക് കപ്പലിൽയാത്ര നടത്തിയ അദ്ദേഹം അവിടെനിന്നും മറ്റൊരു കപ്പലിൽ ചൈനയിലെ തുറമുഖനഗരമായ സായ്തണിലേക്ക് (ഇന്നത്തെ

*ചിത്രം 5.3*
*കൊള്ളക്കാർ സഞ്ചാരികളെ ആക്രമിക്കുന്ന പതിനാറാം നൂറ്റാണ്ടിലെ ഒരു മുഗൾ ചിത്രം.*

➲ സഞ്ചാരികളെ കൊള്ളക്കാരിൽ നിന്നും നിങ്ങൾക്കെങ്ങനെ വേർതിരിക്കാൻ കഴിയും?





ചിത്രം 5.4
യാത്രക്കാരെകൊണ്ടുപോകുന്ന ഒരുവള്ളം, ബംഗാളിലെ ഒരു ക്ഷേത്രത്തിൽ നിന്നുള്ള ഒരു ടെറാക്കോട്ട ശില്പം (ഏകദേശം പതിനേഴ് - പതിനെട്ട് നൂറ്റാണ്ടുകൾ)

ഖുവാൻഷൗ) യാത്ര തിരിച്ചു. ചൈനയിൽ വ്യാപകമായി സഞ്ചരിച്ച അദ്ദേഹം ബീജിംഗ് വരെ പോയെങ്കിലും ദീർഘനാൾ താമസിക്കാതെ 1347 ൽ തിരിച്ചു നാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തന്റെ ജൻമനാടായ വെനീസിൽനിന്നും ചൈനയിലേക്കും ഇന്ത്യയിലേക്കും സഞ്ചാരം നടത്തിയ മാർക്കോ പോളോയുടെ വിവരണങ്ങളോട് പലപ്പോഴും ഇബ്ൻ ബത്തൂത്തയുടെ വിവരണങ്ങളെ താരതമ്യപ്പെടുത്താറുണ്ട്.

ഇബ്ൻ ബത്തൂത്ത കൃത്യമായി അതിസൂക്ഷ്മതയോടെ, സംസ്കാരങ്ങൾ, ജനങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, തുടങ്ങിയവയെ സംബന്ധിച്ച തന്റെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തി വച്ചു. ഇന്നത്തെക്കാൾ പതിൻമടങ്ങ് ക്ലേശഭരിതവും ആയാസകരവുമായിരുന്നു പതിനാലാം നൂറ്റാണ്ടിലെ ഈ ആഗോള സഞ്ചാരിയുടെ യാത്രകൾ എന്നകാര്യം നമ്മൾ മറക്കാൻ പാടില്ല. ഇബ്ൻ ബത്തൂത്തയുടെ അഭിപ്രായത്തിൽ മുൾട്ടാനിൽ നിന്ന് ഡൽഹിയിലേക്ക് സഞ്ചരിക്കാൻ നാൽപതു ദിവസവും സിന്ധിൽനിന്നു ഡൽഹിയിലേക്കു സഞ്ചരിക്കാൻ അൻപതു ദിവസവും എടുത്തിരുന്നു. ദൗലത്താബാദിൽ നിന്നു ഡൽഹിയിലേക്കുള്ള യാത്രയ്ക്ക് നാൽപ്പതു ദിവസമെടുത്തപ്പോൾ ഗ്വാളിയോറിൽ നിന്നു ഡൽഹിയിലേക്കുള്ള യാത്രയ്ക്ക് പത്തു ദിവസമെടുത്തു.

➲ ചില യാത്രക്കാർ ആയുധങ്ങൾ കൈവശം വച്ചിട്ടുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ട്?

## ഏകാന്തനായ സഞ്ചാരി (The lonely traveller)

ദീർഘദൂര യാത്രകളിൽ മോഷ്ടാക്കൾ മാത്രമല്ല തടസ്സമായിരുന്നത്: സഞ്ചാരിക്ക് ഗൃഹാതുരത്വം തോന്നിയേക്കും, അല്ലെങ്കിൽ രോഗബാധിതനാവും. ഇത് *റിഹ്‌ലയിൽ* നിന്നുള്ള ഒരു ഉദ്ധരണിയാണ്:

എന്നെ പനി ആക്രമിച്ചു, ക്ഷീണംമൂലം മറിഞ്ഞു വീഴാതിരിക്കാൻ ഞാൻ എന്നെത്തന്നെ തലപ്പാവ് തുണികൊണ്ട് ജീനിയോട് ചേർത്ത് കെട്ടി... അങ്ങനെ അവസാനം ഞങ്ങൾ ട്യൂണിസ് പട്ടണത്തിലെത്തി, ഷെയ്ക്കിനെയും... *ഖാസി* യുടെ മകനെയും സ്വാഗതം ചെയ്യാൻ നഗരത്തിലെ ജനങ്ങൾ പുറത്തേക്കുവന്നു... എല്ലാ വശങ്ങളിൽനിന്നും അഭിവാദ്യങ്ങളുമായും പരസ്പരമുള്ള ചോദ്യങ്ങളുമായും അവർ മുന്നോട്ടു വന്നു, പക്ഷേ, ഞാനറിയുന്ന ആരുമവിടെയില്ലാത്തതിനാൽ അഭിവാദ്യം ചെയ്തുള്ള ഒരു വാക്കും ഒരാൾപോലും എന്നോട് പറഞ്ഞില്ല; എന്റെ ഒറ്റപ്പെടലോർത്ത് എന്റെ ഹൃദയം ദുഃഖത്തിലാഴുകയും കണ്ണീര് നിയന്ത്രിക്കാനാവാതെ ഞാൻ തേങ്ങിക്കരയുകയും ചെയ്തു. എന്നാൽ തീർത്ഥാടകരിലൊരാൾ എന്റെ അസ്വസ്ഥത തിരിച്ചറിയുകയും എന്നെ അഭിവാദ്യം ചെയ്തുകൊണ്ട് അടുത്തു വരികയും ചെയ്തു...

*ഭൂപടം 1*
*അഫ്ഗാനിസ്ഥാൻ, സിന്ധ്, പഞ്ചാബ് എന്നിവിടങ്ങളിൽ ഇബ്ൻബത്തൂത്ത സന്ദർശിച്ച സ്ഥലങ്ങൾ.*
ഇബ്ൻബത്തൂത്ത മനസ്സിലാക്കിയ ഉച്ചാരണ രീതിയിലാണ് അവയിൽ പലതിന്റേയും സ്ഥലനാമങ്ങൾ നൽകിയിട്ടുള്ളത്




➲ *മുൾട്ടാനും ഡൽഹിക്കും ഇടയിലുള്ള ദൂരം ഭൂപടത്തിൽ തന്നിട്ടുള്ള അളവുതോത് ഉപയോഗിച്ച് മൈൽ അളവിൽ കണക്കാക്കുക.*

സഞ്ചരിക്കുക എന്നത് സുരക്ഷിതവുമല്ലായിരുന്നു: പലതവണ കൊള്ളസംഘങ്ങളാൽ ഇബ്ൻ ബത്തൂത്ത ആക്രമിക്കപ്പെട്ടു. സത്യത്തിൽ സഞ്ചാരിസംഘത്തോടൊപ്പം യാത്രചെയ്യാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. എന്നാൽ ഇത് ഹൈവേയിലെ മോഷ്ടാക്കളെ പിൻതിരിപ്പിച്ചില്ല. ഉദാഹരണത്തിന് മുൾട്ടാനിൽനിന്നു ഡൽഹിയിലേക്കു യാത്രചെയ്യുമ്പോൾ അദ്ദേഹം ഉൾപ്പെടുന്ന സഞ്ചാരിസംഘം ആക്രമണത്തിന് ഇരയാവുകയും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നവരിൽ നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തു. ആക്രമണത്തിൽനിന്നു രക്ഷപ്പെട്ട ഇബ്ൻ ബത്തൂത്ത അടക്കമുള്ളവർക്കു മാരകമായി മുറിവേൽക്കുകയും ചെയ്തു.

## 2.2 "ജിജ്ഞാസയുടെ ആസ്വാദനം" (The "enjoyment of curiosities")

നമ്മൾ കണ്ടതുപോലെ സഞ്ചാരം ഒരു ശീലമായി സ്വീകരിച്ച ഇബ്ൻ ബത്തൂത്ത ഉത്തര ആഫ്രിക്ക, പശ്ചിമാഫ്രിക്ക, മധ്യേഷ്യയുടെ ഭാഗങ്ങൾ (അദ്ദേഹം റഷ്യയും സന്ദർശിച്ചിട്ടുണ്ടാകാം), ഇന്ത്യൻ ഉപഭൂഖണ്ഡം, ചൈന എന്നീ പ്രദേശങ്ങളിലൂടെയെല്ലാം വർഷങ്ങളോളം യാത്ര ചെയ്തതിനുശേഷമാണ് തന്റെ ജൻമനാടായ മൊറോക്കോയിലേക്ക് തിരിച്ചു പോയത്. അദ്ദേഹം തിരിച്ചു നാട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ കഥകൾ രേഖപ്പെടുത്തിവയ്ക്കാൻ പ്രാദേശിക ഭരണാധികാരി നിർദേശങ്ങൾ നൽകി.

*സ്രോതസ്സ് 3*

### വിദ്യാഭ്യാസവും വിനോദവും (Education and entertainment)

*ഇബ്ൻ ബത്തൂത്ത പറഞ്ഞുകൊടുക്കുന്നതു കേട്ടെഴുതാനായി നിയോഗിക്കപ്പെട്ട ഇബ്ൻ ജൂസായ് തന്റെ ആമുഖത്തിൽ പറഞ്ഞത് ഇതായിരുന്നു:*

ഇബ്ൻ ബത്തൂത്ത തന്റെ യാത്രയിൽ കണ്ട നഗരങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ ഓർമയിൽ നിലനിൽക്കുന്ന താൽപര്യജനകമായ സംഭവങ്ങളെക്കുറിച്ചും അദ്ദേഹം കണ്ടുമുട്ടാനിടയായ ഭരണാധികാരികളെക്കുറിച്ചും അവരുടെ വിശിഷ്ടരായ പണ്ഡിതരെക്കുറിച്ചും അവരുടെ ഭക്തരായ വിശുദ്ധരെക്കുറിച്ചും ഒരു വിവരണം പറഞ്ഞുതരണമെന്ന് (ഭരണാധികാരി) കരുണാർദ്രമായ നിർദേശം പുറപ്പെടുവിച്ചു. അപ്രകാരം, മനസ്സിന് ഉല്ലാസവും കാതുകൾക്കും കണ്ണുകൾക്കും ആനന്ദവും നൽകുകയും അറിവു പകരുകയും ചെയ്യുന്നവിധത്തിലുള്ള കൗതുകകരമായ പല വിശദാംശങ്ങളും പരാമർശത്തിലൂടെ താൽപര്യമുണർത്തുന്ന തരത്തിലുള്ള അതിശയകരമായ കാര്യങ്ങളും നൽകുന്ന ഒരു വിവരണം, അദ്ദേഹം ഈ വിഷയങ്ങളിൽ നൽകി.

### ഇബ്ൻ ബത്തൂത്തയുടെ കാൽപ്പാടുകളിൽ (In the footsteps of Ibn Battuta)

1400 നും 1800 നും ഇടയ്ക്കുള്ള നൂറ്റാണ്ടുകളിൽ ഇന്ത്യയിലേക്കുള്ള സഞ്ചാരികൾ പേർഷ്യൻ ഭാഷയിൽ നിരവധി യാത്രാവിവരണങ്ങൾ എഴുതി. അതേസമയം തന്നെ ഇന്ത്യയിൽനിന്നും മധ്യേഷ്യ, ഇറാൻ, ഓട്ടോമൻ സാമ്രാജ്യം എന്നിവിടങ്ങളിലേക്കുപോയ സഞ്ചാരികൾ അവരുടെ അനുഭവങ്ങളും ചിലപ്പോഴൊക്കെ എഴുതിവച്ചിരുന്നു. ഈ എഴുത്തുകാർ അൽബിറൂനി, ഇബ്ൻ ബത്തൂത്ത തുടങ്ങിയവരുടെ കാലടികൾ പിന്തുടരുകയും ചിലപ്പോൾ ഈ ആദ്യകാല എഴുത്തുകാരുടെ രചനകൾ വായിക്കുകയും ചെയ്തിരുന്നു.

ഈ എഴുത്തുകാർക്കിടയിൽ ഏറ്റവും പ്രശസ്തർ 1440 കളിൽ ദക്ഷിണേന്ത്യ സന്ദർശിച്ച അബ്ദുർ റസാഖ് സമർഖണ്ഡി, 1620 കളിൽ ഇന്ത്യയിൽ വ്യാപകമായി സഞ്ചരിച്ച മഹ്മൂദ് വാലി ബൽക്കി, 1740 കളിൽ ഉത്തരേന്ത്യയിൽ വന്ന ഷെയ്ക് അലി ഹസിൻ എന്നിവരായിരുന്നു. ഈ എഴുത്തുകാരിൽ ചിലർ ഇന്ത്യയിൽ ആകൃഷ്ടരാവുകയും അവരിൽ ഒരാളായ മഹ്മൂദ് ബൽക്കി കുറച്ചുകാലം സന്യാസിയുടേതിന് സമാനമായ ജീവിതംപോലും നയിക്കുകയും ചെയ്തു. ഹസിനെപ്പോലുള്ളവരാകട്ടെ, ചുവപ്പുപരവതാനി വിരിച്ചുള്ള ഒരു സ്വീകരണം പ്രതീക്ഷിച്ച് ഇന്ത്യയിൽ എത്തിയെങ്കിലും അവർ നിരാശരും ഇന്ത്യയോടു വെറുപ്പുള്ളവരും ആവുകയാണ് ഉണ്ടായത്. എന്നാൽ അവരിലേറെപ്പേരും ഇന്ത്യയെ അത്ഭുതങ്ങളുടെ നാടായാണ് കണ്ടത്.

**➲ ചർച്ച ചെയ്യുക ...**

അൽബിറൂനിയും ഇബ്ൻ ബത്തൂത്തയും അവരുടെ യാത്രാവിവരണങ്ങൾ എഴുതിയതിന്റെ ലക്ഷ്യങ്ങൾ താരതമ്യംചെയ്യുക.



*ചിത്രം 5.5*
*സഞ്ചാരികൾ ശിബിരാഗ്നിക്കുചുറ്റും ഒരുമിച്ചുകൂടിയിരിക്കുന്നത് ചിത്രീകരിക്കുന്ന പതിനെട്ടാം നൂറ്റാണ്ടിലെ ഒരുചിത്രം*



ചിത്രം 5.6
യൂറോപ്യൻ വസ്ത്രം ധരിച്ചിരിക്കുന്ന ബർണിയറെ ചിത്രീകരിച്ചിട്ടുള്ള പതിനേഴാം നൂറ്റാണ്ടിലെ ഒരു ചിത്രം



ചിത്രം 5.7
ഇന്ത്യൻ വസ്ത്രം ധരിച്ചിരിക്കുന്ന ബർണിയറെ ചിത്രീകരിച്ചിട്ടുള്ള ഒരു ചിത്രം

## 3. ഫ്രാങ്കോയിസ് ബർണിയർ (François Bernier) വ്യത്യസ്തതയുള്ള ഒരു ഡോക്ടർ (A Doctor with a Difference)

ഏകദേശം 1500- ഓടെ പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നതിനെത്തുടർന്ന് അവരിൽ നിരവധിയാളുകൾ ഇന്ത്യയിലെ സാമൂഹികാചാരങ്ങളെയും മതപരമായ ചടങ്ങുകളെയും സംബന്ധിച്ച വിശദമായ വിവരണങ്ങൾ എഴുതി. അവരിൽ ജെസ്യൂട്ട് റോബർട്ടോ നൊബിലിയെപ്പോലുള്ള ചുരുക്കം ചിലർ ഇന്ത്യൻ ഗ്രന്ഥങ്ങളെ യൂറോപ്യൻ ഭാഷകളിലേക്കു വിവർത്തനം ചെയ്യുകയും ചെയ്തു.

ദക്ഷിണേന്ത്യയിലെ വ്യാപാരത്തെയും സമൂഹത്തെയുംകുറിച്ച് വിശദമായ വിവരണം തയാറാക്കിയ ഡ്യുയാർത്തെ ബാർബോസ ആയിരുന്നു പോർട്ടുഗീസ് എഴുത്തുകാരിൽ ഏറ്റവും പ്രശസ്തൻ. പിന്നീട്, 1600 നു ശേഷം, ഇന്ത്യയിലേക്കു വരുന്ന ഡച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച് സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്നതായാണു നാം കാണുന്നത്. ആറുതവണയെങ്കിലും ഇന്ത്യയിൽ സഞ്ചാരം നടത്തിയ ഫ്രഞ്ച് ആഭരണവ്യാപാരിയായ ജീൻ- ബാപ്റ്റിസ്റ്റ് ടവർണിയർ ആയിരുന്നു ഇവരിൽ ഏറ്റവും പ്രശസ്തനായ ഒരാൾ. ഇന്ത്യയിലെ വ്യാപാരസാഹചര്യങ്ങളിൽ പ്രത്യേകിച്ച് ആകൃഷ്ടനായ അദ്ദേഹം ഇന്ത്യയെ ഇറാനുമായും ഓട്ടോമൻ സാമ്രാജ്യവുമായും താരതമ്യവും ചെയ്തു. ഈ സഞ്ചാരികളിൽ, ഇറ്റാലിയൻ ഡോക്ടറായ മനുച്ചിയെപ്പോലുള്ള ചിലർ, പിന്നീടൊരിക്കലും യൂറോപ്പിലേക്ക് മടങ്ങിപ്പോകാതെ, ഇന്ത്യയിൽ സ്ഥിരവാസമുറപ്പിച്ചു.

ഫ്രഞ്ചുകാരനായ ഫ്രാങ്കോയിസ് ബർണിയർ ഒരു ഡോക്ടറും രാഷ്ട്രീയ തത്ത്വചിന്തകനും ചരിത്രകാരനും ആയിരുന്നു. മറ്റു പലരെയും പോലെ അവസരങ്ങൾ തേടിയാണ് അദ്ദേഹവും മുഗൾ സാമ്രാജ്യത്തിലെത്തിയത്. 1656 മുതൽ 1668 വരെയുള്ള പന്ത്രണ്ടു വർഷങ്ങൾ അദ്ദേഹം ഇന്ത്യയിലുണ്ടായിരുന്നു. ഷാജഹാൻ ചക്രവർത്തിയുടെ മൂത്ത പുത്രനായ ദാരാഷുക്കോ രാജകുമാരന്റെ ഭിഷഗ്വരൻ എന്നനിലയിലും പിന്നീട് മുഗൾ രാജസഭയിലെ അർമേനിയൻ പ്രഭുവായിരുന്ന ദാനിഷ്മന്ദ്ഖാനോടൊപ്പം ഒരു ശാസ്ത്രജ്ഞനും ബുദ്ധിജീവിയും എന്ന നിലയിലും ബർണിയർക്ക് മുഗൾ കൊട്ടാരവുമായി ഉറ്റബന്ധമുണ്ടായിരുന്നു.

### 3.1. "കിഴക്കിനെയും" "പടിഞ്ഞാറിനെയും" താരതമ്യം ചെയ്യുന്നു (Comparing "East" and "West")

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച ബർണിയർ, ഇന്ത്യയിൽ കണ്ട കാര്യങ്ങളെ യൂറോപ്യൻ സാഹചര്യങ്ങളുമായി നിരന്തരം താരതമ്യംചെയ്തുകൊണ്ട് വിവരണങ്ങൾ തയാറാക്കി. തന്റെ പ്രധാന രചനകൾ ഫ്രാൻസിലെ രാജാവായ ലൂയി XIV-ാമന് സമർപ്പിച്ച അദ്ദേഹം തന്റെ മറ്റു പലഗ്രന്ഥങ്ങളും സ്വാധീനമുള്ള ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കുമുള്ള കത്തുകളുടെ രൂപത്തിലാണ് എഴുതിയത്. യഥാർഥത്തിൽ ഓരോ കാര്യത്തിലും ഇന്ത്യയിൽക്കണ്ട വസ്തുതകളെ യൂറോപ്പിലുണ്ടായ മാറ്റങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തീർത്തും നിറമില്ലാത്തവ എന്ന അർഥത്തിലാണ് ബർണിയർ വിവരിക്കുന്നത്. ഈ വില

*സ്രോതസ്സ് 4*

### മുഗൾ സൈന്യത്തോടൊപ്പം സഞ്ചരിക്കുന്നു (Travelling with the Mughal army)

ബർണിയർ പലപ്പോഴും സൈന്യത്തോടൊപ്പം സഞ്ചരിച്ചു. സൈന്യത്തിന്റെ കാശ്മീരിലേക്കുള്ള മുന്നേറ്റത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വിവരണത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണിത്:

രണ്ടു നല്ല തുർക്കോമാൻ കുതിരകളെ ഞാൻ സംരക്ഷിക്കേണ്ടതുണ്ട്. അതോടൊപ്പം ശക്തനായ ഒരു പേർഷ്യൻ ഒട്ടകം, അതിനെ നിയന്ത്രിക്കുന്നയാൾ, എന്റെ കുതിരയുടെ പരിശീലകൻ, ഒരു പാചകക്കാരൻ, രാജ്യത്തെ ആചാരപ്രകാരം എന്റെ കുതിരയ്ക്കു ഒരു പാത്രം വെള്ളവും വഹിച്ചു മുമ്പേ പോകുന്ന പരിചാരകൻ എന്നിവരെ ഞാൻ എന്നോടൊപ്പം കൊണ്ടുപോകാറുണ്ട്. എനിക്ക് ലഭ്യമാക്കപ്പെട്ട പ്രയോജനകരമായ വസ്തുക്കളിൽ മിതവലുപ്പത്തിലുള്ള ഒരു കൂടാരം, ഒരു പരവതാനി, ചെറുതും എന്നാൽ കരുത്തുള്ളതുമായ ചൂരൽ കൊണ്ട് നിർമ്മിച്ച, എടുത്തുകൊണ്ടുപോകാവുന്ന നാലു കിടക്ക, ഒരു തലയണ, ഒരു മെത്ത, ഭക്ഷണം കഴിക്കുമ്പോൾ മേശപ്പുറത്തിടാവുന്ന വൃത്താകൃതിയിലുള്ള തുകലിലെ മേശവിരിപ്പ്, നിറം പിടിപ്പിച്ച തുണികൊണ്ട് നിർമ്മിച്ച കുറച്ചു തൂവാലകൾ, ഒരു വലിയ സഞ്ചിയിൽ പാചകത്തിനുള്ള മൺപാത്രങ്ങൾ നിറച്ച മൂന്നു ചെറിയ സഞ്ചികൾ, ഇതെല്ലാം ഇട്ടുസൂക്ഷിക്കുന്നതിനുള്ള കൂടുതൽ വലുപ്പവും ഉറപ്പുമുള്ള ഇരട്ടത്തുണിയോ തുകലിലെ വലയോ കൊണ്ട് നിർമ്മിച്ച മറ്റൊരു സഞ്ചി എന്നിവ ഉൾപ്പെട്ടിരുന്നു. ഈ ഇരട്ടച്ചാക്കിൽ യജമാനനും പരിചാരകർക്കുമുള്ള അവശ്യവസ്തുക്കൾ, ലിനൻ, വസ്ത്രങ്ങൾ എന്നിവയും ഉണ്ടായിരുന്നു. അഞ്ചാറ് ദിവസത്തേക്ക് ഉപയോഗത്തിനുള്ള മികച്ച അരിയും പെരുംജീരകത്തിന്റെ സ്വാദുള്ള മധുര ബിസ്ക്കറ്റുകളും നാരങ്ങയും പഞ്ചസാരയും കരുതിവയ്ക്കാൻ ഞാൻ ശ്രദ്ധിച്ചിരുന്നു. ദഹി അഥവാ തൈര് വറ്റിക്കുന്നതിനോ തൂക്കിയിടുന്നതിനോ ആയി ഇരുമ്പ് കുടുക്കുകളുള്ള ലിനൻ സഞ്ചി കരുതാൻ ഞാൻ മറന്നിരുന്നില്ല. ദഹിയോ ചെറുനാരങ്ങരസമോ പോലെ മനുഷ്യനെ ഉത്സാഹവാനാക്കുന്ന മറ്റൊന്നും അന്ന് രാജ്യത്തുണ്ടായിരുന്നില്ല.

➲ ഇന്നത്തെ ഒരു യാത്രയ്ക്ക് ബർണിയറുടെ പട്ടികയിൽ നിന്നുള്ള ഏതെല്ലാം സാധനങ്ങൾ നിങ്ങൾ കരുതും?

യിരുത്തലുകൾ എല്ലായ്പ്പോഴും കൃത്യമായിരുന്നില്ല എന്നുനമുക്ക് കാണാം. എന്നിരുന്നാലും ബർണിയറുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അവ വളരെയധികം ജനപ്രിയങ്ങളായിത്തീർന്നു.

1670–71 കാലഘട്ടത്തിൽ ഫ്രാൻസിസ് ബർണിയറുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. അടുത്ത അഞ്ചുവർഷങ്ങൾക്കുള്ളിൽ അവ ഇംഗ്ലീഷ്, ഡച്ച്, ജർമ്മൻ, ഇറ്റാലിയൻ എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. 1670 നും 1725 നും ഇടയിൽ അദ്ദേഹത്തിന്റെ വിവരണം എട്ടുതവണ ഫ്രഞ്ചു ഭാഷയിലും 1684 ആകുമ്പോഴേക്കും മൂന്നു പ്രാവശ്യം ഇംഗ്ലീഷിലും പുനപ്രസിദ്ധീകരിച്ചു. ഇത് അറബി, പേർഷ്യൻ ഭാഷകളിലെഴുതിയ വിവരണങ്ങളുടെ കാര്യത്തിൽ തീർത്തും വിരുദ്ധമായിരുന്നു. കൈയെഴുത്തുപ്രതികളായി പ്രചാരത്തിലിരുന്ന ഇവ 1800 കൾക്കുമുൻപു പ്രസിദ്ധീകരിക്കപ്പെട്ടിട്ടേയില്ലായിരുന്നു.

### ഇന്ത്യയെക്കുറിച്ചുള്ള ആശയങ്ങളുടെ സൃഷ്ടിയും പ്രചാരണവും (The creation and circulation of ideas about India)

യൂറോപ്യൻ സഞ്ചാരികളുടെ രചനകൾ അച്ചടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതിലൂടെ അവ യൂറോപ്യർക്കിടയിൽ ഇന്ത്യയെക്കുറിച്ചുള്ള ഒരു പ്രതിച്ഛായ രൂപപ്പെടുന്നതിന് സഹായകമായി. പിന്നീട്, 1750 - നുശേഷം, ഇന്ത്യക്കാരായ ഷെയ്ക്ക് ഇത്തിസാമുദ്ദീൻ, മിർസ അബുതാലിബ് തുടങ്ങിയവർ യൂറോപ്പ് സന്ദർശിച്ചപ്പോൾ തങ്ങളുടെ സമൂഹത്തെക്കുറിച്ച് യൂറോപ്യൻമാർക്കുണ്ടായിരുന്ന ഈ പ്രതിച്ഛായയെ അവർ അഭിമുഖീകരിക്കുകയും അതിന് തങ്ങളുടേതായ വ്യാഖ്യാനങ്ങൾ നൽകികൊണ്ട് സ്വാധീനിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

### ➲ ചർച്ചചെയ്യുക...

ഇന്ത്യൻ ഭാഷകളിൽ സമ്പന്നമായ സഞ്ചാരസാഹിത്യമുണ്ട്. നിങ്ങൾ വീടുകളിൽ ഉപയോഗിക്കുന്ന ഭാഷയിലെ അത്തരം സഞ്ചാരസാഹിത്യകാരന്മാരെ കണ്ടെത്തുക. അത്തരം ഒരു വിവരണം വായിച്ചശേഷം സഞ്ചാരി സന്ദർശിച്ച സ്ഥലങ്ങൾ, അവൻ/അവൾ എന്താണ് കണ്ടത്, എന്തുകൊണ്ടാണ് അവൻ/അവൾ വിവരണം തയാറാക്കിയത് എന്നിവ വിശദമാക്കുക.

## 4. അപരിചിത ലോകത്തെ അറിയൽ (MAKING SENSE OF AN ALIEN WORLD

## അൽബിറൂനിയും സംസ്കൃത പാരമ്പര്യവും (AL-BIRUNI AND THE SANSKRITIC TRADITION)

### 4.1 അറിവ് നേടുന്നതിനുള്ള പ്രതിബന്ധങ്ങളെ അതിജീവിക്കൽ (Overcoming barriers to understanding)

നമ്മൾ കണ്ടതുപോലെ, സഞ്ചാരികൾ പലപ്പോഴും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അവർ കണ്ടകാര്യങ്ങൾ അവർക്കു പരിചയമുള്ളവയുമായി താരതമ്യം ചെയ്തു. ഓരോ സഞ്ചാരിയും തങ്ങൾ നിരീക്ഷിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി ഓരോ വ്യത്യസ്ത തന്ത്രങ്ങൾ സ്വീകരിച്ചു. ഉദാഹരണത്തിന്, അൽബിറൂനി താൻ ഏറ്റെടുത്തിട്ടുള്ള ഉദ്യമത്തിൽ സഹജമായുള്ള പ്രശ്നത്തെക്കുറിച്ചു ബോധവാനായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കുന്നതിനു തടസ്സമെന്നു തനിക്കു തോന്നിയ നിരവധി “പ്രതിബന്ധങ്ങളെ”ക്കുറിച്ച് അദ്ദേഹം ചർച്ചചെയ്തിരുന്നു. അവയിൽ ആദ്യത്തേത് ഭാഷയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു ഭാഷയിൽനിന്നും മറ്റൊന്നിലേക്ക് ആശയങ്ങളും ധാരണകളും എളുപ്പത്തിൽ തർജമചെയ്യാൻ കഴിയാത്തവിധം സംസ്കൃതഭാഷ അറബി, പേർഷ്യൻ ഭാഷകളിൽനിന്നും വ്യത്യസ്തമായിരുന്നു.

അദ്ദേഹം തിരിച്ചറിഞ്ഞ രണ്ടാമത്തെ പ്രതിബന്ധം മതവിശ്വാസങ്ങളിലും ആചാരങ്ങളിലുമുള്ള വ്യത്യാസമായിരുന്നു. പ്രാദേശിക ജനതയുടെ സ്വയം ഒതുങ്ങിക്കൂടലും തൽഫലമായുള്ള ഒറ്റപ്പെടലുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂന്നാമത്തെ പ്രതിബന്ധമായിരുന്നത്. ഈ പ്രശ്നങ്ങളെക്കുറിച്ചെല്ലാം അൽബിറൂനി ബോധവാനായിരുന്നുവെങ്കിലും, അദ്ദേഹം ഏതാണ്ട് പൂർണമായും ആശ്രയിച്ചത് ബ്രാഹ്മണരചനകളെയായിരുന്നു എന്നതാണ് കൗതുകകരമായ വസ്തുത. പലപ്പോഴും വേദങ്ങൾ, പുരാണങ്ങൾ, *ഭഗവത്ഗീത*, പതഞ്ജലിയുടെ ഗ്രന്ഥങ്ങൾ, *മനുസ്മൃതി* എന്നിവയിൽ നിന്നുള്ള ഉദ്ധരണികളിലൂടെയാണ് അദ്ദേഹം ഇന്ത്യൻ സമൂഹത്തെക്കുറിച്ചുള്ള അറിവ് നല്കുന്നത്.

### 4.2 ജാതിവ്യവസ്ഥയെക്കുറിച്ചുള്ള അൽബിറൂനിയുടെ വിവരണം (Al-Biruni’s description of the caste system)

മറ്റു സമൂഹങ്ങളിലെ സമാനമായ ഘടകങ്ങളെ അന്വേഷിച്ചുകൊണ്ടാണ് അൽബിറൂനി ജാതിവ്യവസ്ഥയെ വിശദീകരിക്കാൻ ശ്രമിച്ചത്. പ്രാചീന പേർഷ്യയിൽ നാലു സാമൂഹികവിഭാഗങ്ങൾ നിലനിന്നതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അവ പ്രഭുക്കൻമാരും രാജകുമാരന്മാരും; സന്യാസിമാരും പുരോഹിതരും അഭിഭാഷകരും; ഭിഷഗ്വരരും ജ്യോതിശാസ്ത്രജ്ഞപണ്ഡിതരും മറ്റു ശാസ്ത്രജ്ഞരും; പിന്നെ കർഷകരും കൈത്തൊഴിലുകാരും എന്നിവയായിരുന്നു. മറ്റൊരർഥത്തിൽ പറഞ്ഞാൽ, സാമൂഹിക വിഭജനങ്ങൾ ഇന്ത്യയിൽ മാത്രമല്ല നിലനിന്നിരുന്നത് എന്നാണ് അദ്ദേഹം പറയാൻ ശ്രമിച്ചത്. അതേസമയംതന്നെ ഇസ്‌ലാമിനുള്ളിൽ എല്ലാ മനുഷ്യരെയും സമന്മാരായാണ് കണക്കാക്കിയിരുന്നത് എന്നും വിശ്വാസം അനുഷ്ഠിക്കുന്നതിലുള്ള വ്യത്യാസം മാത്രമേ ഇസ്‌ലാമിൽ ഉണ്ടായിരുന്നുള്ളൂ എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**അപാരമായ വ്യാപ്തിയുള്ള ഒരു ഭാഷ**
**(A language with an enormous range)**

സംസ്കൃതഭാഷയെ അൽബിറൂനി ഇപ്രകാരം വിവരിച്ചു:

> സംസ്കൃതം പഠിക്കുന്നതിനുള്ള ബുദ്ധിമുട്ടിനെ കീഴടക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ നിങ്ങൾക്കത് അത്ര എളുപ്പമായിരിക്കില്ല, കാരണം, ഈ ഭാഷ പദസമ്പത്തിലും പദരൂപഭേദത്തിലും അപാരമായ വ്യാപ്തിയുള്ളതാണ്, അറബിഭാഷയെപ്പോലെ അത് ഒരേ വസ്തുവിനെത്തന്നെ മൗലികവും തത്സമവുമായ അനേകം വാക്കുകളുപയോഗിച്ച് പേരു വിളിക്കുന്നു. അതുപോലെ, ഈ ഭാഷ വ്യത്യസ്ത വിഷയങ്ങൾക്കുവേണ്ടി ഒരേ പദമുപയോഗിക്കുകയും ചെയ്യുന്നു, അത് ശരിക്കും മനസ്സിലാക്കണമെങ്കിൽ വിവിധ വിശേഷണ പദങ്ങളിൽക്കൂടി അവയെ കൃത്യമായി വ്യവച്ഛേദിച്ചറിയേണ്ടതുണ്ട്.

**ദൈവത്തിന് അറിയാം!**
**(God knows best!)**

തങ്ങളോട് പറയുന്നത് സഞ്ചാരികൾ, അതുപോലെ എല്ലായ്പ്പോഴും വിശ്വസിച്ചിരുന്നില്ല. 216,432 വർഷക്കാലം നിലനിന്നിരുന്നതായി കരുതുന്ന, തടിയിൽ തീർത്ത ഒരു വിഗ്രഹത്തെക്കുറിച്ചുള്ള കഥ കേട്ടപ്പോൾ അൽബിറൂനി ചോദിക്കുന്നു:

> ഇത്രയും ദീർഘമായ ഒരുകാലം ഈ തടി എങ്ങനെ നിലനിന്നു, പ്രത്യേകിച്ച് ഈർപ്പമുള്ള കാറ്റും മണ്ണും ഉള്ള ഒരു സ്ഥലത്ത്? ദൈവത്തിനറിയാം!

ജാതിവ്യവസ്ഥയെ സംബന്ധിച്ച ബ്രാഹ്മണരുടെ വിശദീകരണത്തെ സ്വീകരിച്ച അൽബിറൂനി 'അയിത്തം' എന്ന ആശയത്തോട് യോജിച്ചില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അശുദ്ധിയുടെ അവസ്ഥയിലേക്ക് പതിക്കുന്ന എല്ലാം അതിന്റെ ആദ്യത്തെ പരിശുദ്ധി തിരിച്ചു പിടിക്കാനായി പരിശ്രമിക്കുകയും വിജയിക്കുകയും ചെയ്യുന്നു. സൂര്യൻ വായുവിനെ പരിശുദ്ധമാക്കുന്നു. കടലിലെ ഉപ്പ്, വെള്ളം മലിനമാകാതെ തടയുന്നു. അങ്ങനെയല്ലായിരുന്നെങ്കിൽ, അൽബിറൂനിയുടെ അഭിപ്രായത്തിൽ, ഭൂമിയിലെ ജീവിതം അസാധ്യമാകുമായിരുന്നു. ജാതിവ്യവസ്ഥയുടെ ഉള്ളിൽത്തന്നെ അടങ്ങിയിരിക്കുന്ന സാമൂഹിക അയിത്തം എന്ന ആശയം, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രകൃതിയുടെ നിയമങ്ങൾക്ക് വിരുദ്ധമാണ്.

*സ്രോതസ്സ് 5*

### വർണങ്ങളുടെ വ്യവസ്ഥ (The system of varnas)

വർണ വ്യവസ്ഥയെക്കുറിച്ചുള്ള അൽബിറൂനിയുടെ വിവരണം ഇതാണ് :

ഏറ്റവും ഉയർന്നജാതി ബ്രാഹ്മണരാണ്, ബ്രഹ്മന്റെ ശിരസ്സിൽ നിന്നാണ് അവർ സൃഷ്ടിക്കപ്പെട്ടതെന്ന് ഹിന്ദുക്കളുടെ ഗ്രന്ഥങ്ങൾ അവരെക്കുറിച്ചു പറയുന്നു. *പ്രകൃതി* എന്നു വിളിക്കപ്പെടുന്ന ശക്തിക്ക് ഉള്ള ഒരു അപരനാമം മാത്രമാണ് ബ്രഹ്മൻ എന്നതിനാലും, ശിരസ്സാണ് ശരീരത്തിന്റെ ഏറ്റവും ഉയർന്ന ഭാഗമെന്നതിനാലും മുഴുവൻ സൃഷ്ടിയുടെയും സവിശേഷ വിഭാഗമാണ് ബ്രാഹ്മണർ എന്നു കണക്കാക്കപ്പെടുന്നു. അതുകൊണ്ടു മനുഷ്യരിലെ ഏറ്റവും ഉത്കൃഷ്ടരായി ഹിന്ദുക്കൾ ബ്രാഹ്മണരെ പരിഗണിക്കുന്നു.

അടുത്ത ജാതി ക്ഷത്രിയരാണ്. ബ്രഹ്മന്റെ ഭുജങ്ങളിൽ നിന്നും കരങ്ങളിൽ നിന്നുമാണ് അവർ സൃഷ്ടിക്കപ്പെട്ടതെന്നാണ് പറയപ്പെടുന്നത്. ബ്രാഹ്മണരുടെ നിലവാരത്തിൽ നിന്നും അധികം താഴെയല്ല അവരുടെ സ്ഥാനം.

അവർക്കുശേഷം വരുന്നത് വൈശ്യരാണ്, അവർ ബ്രഹ്മന്റെ തുടയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്.

ശൂദ്രർ, അദ്ദേഹത്തിന്റെ കാൽപാദങ്ങളിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്...

അവസാനം പറഞ്ഞ രണ്ടു വിഭാഗങ്ങൾക്കിടയിൽ വലിയ അകലം ഇല്ല. ഇവർ തമ്മിൽത്തമ്മിൽ കുറെ വ്യത്യാസങ്ങളുണ്ടെങ്കിലും അവർ ഒരേ ഗ്രാമങ്ങളിലും നഗരങ്ങളിലും താമസിക്കുകയും ഒരേ ഭവനങ്ങളിലും താമസസ്ഥലങ്ങളിലും ഇടപഴകി കഴിയുകയും ചെയ്യുന്നു.

➲ അധ്യായം 3 ലെ 6-ാമത്തെ സ്രോതസ്സുമായി അൽബിറൂനി എഴുതിയതിനെ താരതമ്യം ചെയ്യുക. എന്തെങ്കിലും സാമ്യമോ വ്യത്യാസമോ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇന്ത്യൻ സമൂഹത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും വിവരങ്ങൾ നേടുന്നതിനും അൽബിറൂനി സംസ്കൃത ഗ്രന്ഥങ്ങളെ മാത്രമാണ് ആശ്രയിച്ചതെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

നമ്മൾ കണ്ടതുപോലെ ജാതിവ്യവസ്ഥയെ സംബന്ധിച്ച അൽബിറൂനിയുടെ വിവരണം, സാധാരണ സംസ്കൃത ഗ്രന്ഥങ്ങളുടെ പഠനത്താൽ അഗാധമായി സ്വാധീനിക്കപ്പെട്ടിരുന്നു. ഈ ഗ്രന്ഥങ്ങൾ തന്നെയാണ് ജാതിവ്യവസ്ഥയെ സംബന്ധിച്ച നിയമങ്ങളെ ബ്രാഹ്മണരുടെ കാഴ്ചപ്പാടിലൂടെ പ്രതിപാദിക്കുന്നതും. എന്നിരുന്നാലും യഥാർഥ ജീവിതത്തിൽ ഈ സമ്പ്രദായം അത്രയ്ക്കു കർക്കശമായിരുന്നില്ല. ഉദാഹരണത്തിന് അന്ത്യജന്മാർ (സമ്പ്രദായത്തിനു പുറത്ത് ജനിച്ചവർ എന്ന് അർഥം) എന്ന് നിർവചിക്കപ്പെട്ടവർ, കർഷകർക്കും സെമീന്ദാർമാർക്കും തങ്ങളുടെ ചെലവുകുറഞ്ഞ അധ്വാനം നൽകണമെന്നുണ്ടായിരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ പലപ്പോഴും സാമൂഹികമായ അടിച്ചമർത്തലിന് വിധേയരാക്കപ്പെടുമ്പോൾത്തന്നെ ഇക്കൂട്ടരെ സാമ്പത്തിക ശൃംഖലകൾക്കുള്ളിലും ഉൾപ്പെടുത്തിയിരുന്നു.

### ➲ ചർച്ച ചെയ്യുക

എത്തിച്ചേർന്ന പ്രദേശത്തെ ഭാഷ അറിയുന്നത് മറ്റൊരു പ്രദേശത്ത് നിന്നും വരുന്ന ഒരു സഞ്ചാരിയെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രധാനമാണ്?

## 5. ഇബ്ൻ ബത്തൂത്തയും അറിയാത്തതിനെക്കുറിച്ചുള്ള ആവേശവും (Ibn Battuta and the Excitement of the Unfamiliar)

പതിനാലാം നൂറ്റാണ്ടിൽ ഇബ്ൻ ബത്തൂത്ത ഇന്ത്യയിലെത്തുമ്പോഴേക്കും ഇന്ത്യൻ ഉപഭൂഖണ്ഡം ഒരു ആഗോള ഗതാഗതശൃംഖലയുടെ ഭാഗമായിരുന്നു. കിഴക്കു ചൈന മുതൽ പടിഞ്ഞാറു വടക്കുപടിഞ്ഞാറൻ ആഫ്രിക്കയും യൂറോപ്പും വരെ വ്യാപിച്ചു കിടക്കുന്നതായിരുന്നു ഈ ശൃംഖല. നാം കണ്ടുകഴിഞ്ഞതുപോലെ ഇബ്ൻ ബത്തൂത്ത തന്നെ ഈ പ്രദേശങ്ങളിൽക്കൂടി വ്യാപകമായി സഞ്ചരിച്ചു. അദ്ദേഹം വിശുദ്ധസങ്കേതങ്ങൾ സന്ദർശിക്കുകയും പണ്ഡിതർക്കും, ഭരണാധികാരികൾക്കും ഒപ്പം സമയം ചെലവഴിക്കുകയും ചെയ്തു. പലപ്പോഴും അദ്ദേഹം *ഖാസി*യുടെ ഉദ്യോഗം വഹിച്ചു. അറബി, പേർഷ്യൻ, തുർക്കി മുതലായ ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ പരസ്പരം ആശയങ്ങളും വിവരങ്ങളും രസകരമായ സംഭവകഥകളും പങ്കുവച്ചിരുന്ന നഗരകേന്ദ്രങ്ങളിലെ സാർവജനീനസംസ്കാരത്തെ അദ്ദേഹം ആസ്വദിച്ചു. ഇവയിൽ ഭക്തിക്ക് പേരു കേട്ട മനുഷ്യരുടെ കഥകൾ, ക്രൂരരും അതേസമയം ഉദാരമതികളുമായ രാജാക്കന്മാരുടെ കഥകൾ, സാധാരണക്കാരായ സ്ത്രീപുരുഷന്മാരുടെ ജീവിതം എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. വിദൂരമെങ്കിലും പ്രാപ്യമായ ലോകങ്ങളെക്കുറിച്ചുള്ള ഈ വിവരണങ്ങൾ ശ്രോതാക്കളെയും വായനക്കാരെയും വേണ്ടത്ര ഉത്സുകരാക്കുന്നതിനുവേണ്ടിത്തന്നെ അപരിചിതമായി കാണുന്ന ഏതുകാര്യത്തെയും പ്രാമുഖ്യത്തോടെ അവതരിപ്പിച്ചിരുന്നു.

### 5.1 നാളികേരവും *വെറ്റിലയും* (The coconut and the *paan*)

തന്റെ വായനക്കാർക്ക് തീർത്തും അപരിചിതങ്ങളായ രണ്ടു സസ്യോത്പന്നങ്ങളെ – നാളികേരവും വെറ്റിലയും – വിശദീകരിക്കാൻ ഇബ്ൻ ബത്തൂത്ത സ്വീകരിച്ച രീതിതന്നെ അദ്ദേഹത്തിന്റെ തന്ത്രശാലിത്തത്തിന്റെ ഏറ്റവും നല്ലൊരു ഉദാഹരണമാണ്.

*സ്രോതസ്സ് 6*

**മനുഷ്യ ശിരസ്സുപോലുള്ള കായ് (Nuts like a man's head)**

ഇബ്ൻ ബത്തൂത്ത നാളികേരത്തെ വിവരിച്ചതെങ്ങനെയെന്നാണ് ചുവടെ നൽകിയിട്ടുള്ളത്:

> ഏറ്റവും സവിശേഷമായ ഇനത്തിൽപ്പെട്ടതും ഏറ്റവും അതിശയകരമായ സ്വഭാവമുള്ളതുമാണ് ഈ വൃക്ഷങ്ങൾ. അവ കൃത്യമായും ഈന്തപ്പനകൾപോലെ കാണപ്പെടുന്നു, ഒന്ന് അതിന്റെ പഴമമായി കായ് ഉത്പാദിപ്പിക്കുന്നു. മറ്റൊന്ന് ഈന്തപ്പഴം ഉത്പാദിപ്പിക്കുന്നു എന്നതൊഴികെ ഇവ തമ്മിൽ മറ്റു വ്യത്യാസങ്ങൾ ഒന്നുമില്ല. തെങ്ങിലെ കായ്ക്ക് മനുഷ്യന്റെ ശിരസ്സിനോട് സാമ്യമുണ്ട്, എന്തുകൊണ്ടെന്നാൽ അതിൽ നമുക്ക് രണ്ട് കണ്ണുകളും ഒരു വായും പോലിരിക്കുന്ന ചിലത് കാണാൻ കഴിയും, മാത്രമല്ല പച്ചയായിരിക്കുമ്പോൾ അതിന്റെ ഉൾഭാഗം തലച്ചോറ് പോലെ കാണപ്പെടുന്നു, തലമുടി പോലെ തോന്നുന്ന നാരുകളും അതിനോടു ചേർന്ന് ഉണ്ട്. ഇരുമ്പാണികൾക്ക് പകരം ഈ ചരടുകൾ (ഉപയോഗിച്ച്) അവർ കപ്പലുകൾ തുന്നുന്നു. (അതോടൊപ്പം) വള്ളങ്ങൾക്കുള്ള കയറുകളും ഇതിൽ നിന്നും ഉണ്ടാക്കുന്നു.

➲ നാളികേരങ്ങൾ എങ്ങനെയിരിക്കും എന്ന് തന്റെ വായനക്കാർക്ക് ഒരു ധാരണ നൽകുന്നതിനായി ഇബ്ൻ ബത്തൂത്ത സൃഷ്ടിക്കുന്ന താരതമ്യങ്ങൾ ഏതെല്ലാമാണ്? ഇവ അനുയോജ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഈ ഫലം അസാധാരണമാണ് എന്ന ബോധം കൈമാറാൻ അദ്ദേഹം എന്താണ് ചെയ്യുന്നത്? അദ്ദേഹത്തിന്റെ വിവരണം എത്രമാത്രം കൃത്യമാണ്?

*സ്രോതസ്സ് 7*

***വെറ്റില* (The *paan*)**

*വെറ്റില*യെക്കുറിച്ചുള്ള ഇബ്ൻ ബത്തൂത്തയുടെ വിവരണം വായിക്കുക:

> മുന്തിരിവള്ളിപോലെ തന്നെ കൃഷി ചെയ്യപ്പെടുന്ന ഒരുചെടിയാണ് വെറ്റില... വെറ്റിലച്ചെടിക്ക് ഫലങ്ങളില്ല, അത് ഇലയ്ക്കു വേണ്ടിമാത്രം വളർത്തപ്പെടുന്നതാണ്. ഇത് ഉപയോഗിക്കുന്ന രീതി എന്താണെന്ന് വച്ചാൽ അത് തിന്നുന്നതിന് മുൻപ് ഒരാൾ അടയ്ക്ക വായിലിടുന്നു. ആദ്യം ജാതിക്കപോലെയിരിക്കുന്ന അടയ്ക്ക ചെറുതരികളായി മുറിച്ചെടുത്തു വായിൽ വച്ച് ചവയ്ക്കുന്നു. പിന്നെ വെറ്റിലയുടെ ഇലകൾ എടുക്കുകയും അതിൽ അല്പം ചുണ്ണാമ്പു തേച്ചിട്ട് വെറ്റിലയോടൊപ്പം ചവച്ചരയ്ക്കുകയും ചെയ്യുന്നു.

➲ ഇത് ഇബ്ൻ ബത്തൂത്തയുടെ ശ്രദ്ധയാകർഷിച്ചത് എന്തുകൊണ്ടായിരിക്കാമെന്നാണ് നിങ്ങൾ കരുതുന്നത്? ഈ വിവരണത്തോട് എന്തെങ്കിലും കൂട്ടിച്ചേർക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

## 5.2 ഇബ്ൻ ബത്തൂത്തയും ഇന്ത്യൻ നഗരങ്ങളും (Ibn Battuta & Indian cities)

ആവശ്യത്തിന് താൽപര്യവും വിഭവങ്ങളും സാമർഥ്യവും ഉള്ളവർക്ക് വിസ്മയകരമായ അവസരങ്ങൾ നിറയെ ഉള്ള ഇടങ്ങളായാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ നഗരങ്ങളെ ഇബ്ൻ ബത്തൂത്ത കണ്ടത്. യുദ്ധങ്ങളും ആക്രമണങ്ങളും കൊണ്ടുവരുന്ന വല്ലപ്പോഴുമുള്ള ഉലച്ചിലുകൾ ഒഴിച്ചു നിർത്തിയാൽ അവ പൊതുവേ ജനസാന്ദ്രവും സമ്പന്നവുമായിരുന്നു. ഇബ്ൻ ബത്തൂത്തയുടെ വിവരണങ്ങളിൽ നിന്നും, ഇന്ത്യയിലെ മിക്ക നഗരങ്ങളിലും ജനനിബിഡമായ തെരുവുകളും മനോഹരവും വർണശബളവുമായ കമ്പോളങ്ങളും ഉണ്ടായിരുന്നെന്നും ആ കമ്പോളങ്ങൾ വിവിധതരം ഉൽപന്നങ്ങൾകൊണ്ട് നിറഞ്ഞിരുന്നു എന്നുമാണ് തോന്നുക. വലിയ ജനസംഖ്യയുള്ള, ഇന്ത്യയിലെ ഏറ്റവും വിശാലമായ നഗരമായാണ് ഡൽഹിയെ ഇബ്ൻ ബത്തൂത്ത വിശേഷിപ്പിച്ചത്. ദൗലത്താബാദും (മഹാരാഷ്ട്ര) ഒട്ടും ചെറുതായിരുന്നില്ല; മാത്രമല്ല വലുപ്പത്തിൽ ഡൽഹിയോട് കിടപിടിക്കുന്നതുമായിരുന്നു.

➲ ഇബ്ൻ ബത്തൂത്ത ശ്രദ്ധിച്ച വാസ്തുശില്പ സവിശേഷതകൾ എന്തൊക്കെയായിരുന്നു?

ഈ വിവരണത്തെ 5.8, 5.9 എന്നീ ചിത്രങ്ങളിൽ കാണുന്ന നഗരത്തിന്റെ ചിത്രീകരണവുമായി താരതമ്യപ്പെടുത്തുക.

*സ്രോതസ്സ് 8*

### ഡൽഹി (Dehli)

ഡൽഹിയെക്കുറിച്ചുള്ള ഇബ്ൻ ബത്തൂത്തയുടെ വിവരണങ്ങളിൽ നിന്നുമുള്ള ഒരു ഉദ്ധരണിയാണിത്. അക്കാലത്തെ ഗ്രന്ഥങ്ങളിൽ ഡഹ്‌ലിയെന്നാണ് മിക്കപ്പോഴും രേഖപ്പെടുത്തിയിരുന്നത്:



ഡഹ്‌ലി നഗരം വിശാലമായ പ്രദേശത്തെയും ജനസംഖ്യയെയും ഉൾക്കൊണ്ടിരുന്നു... നഗരത്തെച്ചുറ്റിയുള്ള പുറംമതിൽക്കെട്ട് അതുല്യമായിരുന്നു. അതിന്റെ ഭിത്തിക്ക് പതിനൊന്ന് ക്യുബിറ്റ് വീതിയുണ്ടായിരുന്നു; അകംവശത്തായി രാത്രികാവൽക്കാർക്കും കവാടം കാവൽക്കാർക്കും വീടുകളുണ്ടായിരുന്നു. മതിലുകളുടെ അകത്ത് ഭക്ഷ്യസാധനങ്ങൾ, വെടിമരുന്നുകൾ, ആയുധങ്ങൾ, തെറ്റാലികൾ, ഉപരോധയന്ത്രങ്ങൾ എന്നിവയെല്ലാം ശേഖരിച്ചുവയ്ക്കാനുള്ള സംഭരണശാലകൾ ഉണ്ടായിരുന്നു. സംഭരിച്ചിട്ടുള്ള ധാന്യങ്ങൾ (കോട്ടയ്ക്കുള്ളിൽ) ചീഞ്ഞ് പോകാതെ ദീർഘനാൾ നിലനിന്നിരുന്നു... മതിലുകൾക്കുള്ളിൽ അശ്വാരൂഢരും കാലാൾപ്പടയാളികളും നഗരത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ റോന്തുചുറ്റുന്നു. കോട്ടമതിലുകളെ തുളച്ച് നഗരത്തിന്റെ ഒരുവശത്തേക്ക് തുറന്നിരുന്ന ജനാലകൾ ഉടനീളമുണ്ട്. ഈ ജനാലകളിലൂടെയാണ് പ്രകാശം അകത്തേക്ക് വരുന്നത്. കോട്ടയുടെ കീഴ്ഭാഗം കല്ലുകൊണ്ടാണ് നിർമിച്ചിരിക്കുന്നത്; മുകൾഭാഗം ഇഷ്ടികകൾ കൊണ്ടും; ഒന്നിനോടൊന്നു ചേർന്ന് നിരവധി ഗോപുരങ്ങളും ഇതിലുണ്ട്. *ദർവാസ* എന്നറിയപ്പെടുന്ന ഇരുപത്തിയെട്ട് കവാടങ്ങൾ ഈ നഗരത്തിനുണ്ട്. ഇതിൽ ഏറ്റവും വലുത് ബുദാവുൻ *ദർവാസ*യാണ്; മാണ്ഡ്‌വി *ദർവാസ*ക്കുള്ളിൽ ഒരു ധാന്യക്കമ്പോളം ഉണ്ട്; ഗുൽ *ദർവാസ*യ്ക്ക് സമീപത്തായി ഒരു ഫലവൃക്ഷത്തോട്ടം ഉണ്ട്... ഇവിടെ (ഡഹ്‌ലി നഗരത്തിൽ) മുകളിൽ മകുടങ്ങളോടുകൂടിയ കല്ലറകളുള്ള മനോഹരമായ ഒരു സെമിത്തേരി സ്ഥിതി ചെയ്യുന്നു, മകുടമില്ലാത്തവയിൽ തീർച്ചയായും കമാനമുണ്ട്. സെമിത്തേരിയിൽ ട്യൂബ്റോസ്, മുല്ല, കാട്ടുറോസ എന്നീ പൂക്കളുടെ ചെടികൾ അവർ നടുന്നു. എല്ലാ കാലങ്ങളിലും അവിടെ ചെടികൾ പൂക്കുന്നു.



*ചിത്രം 5.8 (മുകളിൽ) ഡൽഹിയിലെ തുഗ്ലക്കാബാദിലെ ഒരു കമാനം.*

*ചിത്രം 5.9 (ഇടതുവശം) ജനാധിവാസ മേഖലയുടെ കോട്ടമതിലിന്റെ ഭാഗം.*



ചിത്രം 5.10
*ദക്ഷിണപൂർവേഷ്യയിലും ഉപഭൂഖണ്ഡത്തിലുമുള്ള അനേകം തീരദേശ ഉത്പാദനകേന്ദ്രങ്ങളിൽ, ഇതുപോലെയുള്ള ഇക്കട് (lkat) നെയ്ത്ത് രീതികൾ തിരഞ്ഞെടുക്കുകയും പരിഷ്കരിക്കുകയും ചെയ്തിരുന്നു.*

➲ ഈ പ്രവൃത്തികൾക്ക് ഇബ്ൻ ബത്തൂത്ത തന്റെ വിവരണത്തിൽ പ്രാധാന്യം നൽകിയത് എന്തുകൊണ്ടായിരിക്കാമെന്നാണ് നിങ്ങൾ കരുതുന്നത്?

കമ്പോളങ്ങൾ സാമ്പത്തിക വിനിമയങ്ങൾക്കുള്ള സ്ഥലങ്ങൾ മാത്രമായിരുന്നില്ല. മറിച്ച് സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായിരുന്നു. മിക്കകമ്പോളങ്ങളിലും ഒരു മുസ്ലിം പള്ളിയും ഒരു ക്ഷേത്രവും ഉണ്ടായിരുന്നു. കൂടാതെ അവയിൽ ചില തിലെങ്കിലും നർത്തകർ, സംഗീതജ്ഞർ, ഗായകർ എന്നിവരുടെ പ്രകടനങ്ങൾക്കായുള്ള സ്ഥലങ്ങളുമുണ്ടായിരുന്നു.

നഗരങ്ങളുടെ സമ്പദ്സമൃദ്ധിയെക്കുറിച്ച് വിവരിക്കുന്നതിൽ ഇബ്ൻ ബത്തൂത്ത പ്രത്യേക താൽപര്യം കാണിച്ചിരുന്നില്ലെങ്കിലും നഗരങ്ങൾക്ക് അവയുടെ സമ്പത്തിന്റെ ഗണ്യമായൊരളവ് ലഭിച്ചിരുന്നത് ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള മിച്ചം കൈവശമാക്കുന്നതിലൂടെയാണെന്ന് സ്ഥാപിക്കാനായി ചരിത്രകാരർ ഈ വിവരണങ്ങളെ ഉപയോഗിച്ചിരുന്നു. മണ്ണിന്റെ ഫലഭൂയിഷ്ടത വർഷത്തിൽ രണ്ടുതവണ കൃഷി ചെയ്യാൻ കർഷകർക്ക് അവസരമൊരുക്കിയെന്നും അതിനാൽ ഇന്ത്യയിലെ കൃഷി വളരെയധികം ഉൽപാദനപരമായിരുന്നുവെന്നും ഇബ്ൻ ബത്തൂത്ത അഭിപ്രായപ്പെടുന്നുണ്ട്. ഇന്ത്യൻ ഉപഭൂഖണ്ഡം വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും അന്തർ-ഏഷ്യൻ ശൃംഖലയുമായി നല്ലരീതിയിൽ സംയോജിപ്പിക്കപ്പെട്ടിരുന്നതായി ഇബ്ൻ ബത്തൂത്ത രേഖപ്പെടുത്തുന്നുണ്ട്. ദക്ഷിണപൂർവ്വേഷ്യയിലും പശ്ചിമേഷ്യയിലും ഇന്ത്യൻ ഉൽപന്നങ്ങൾക്ക് വൻതോതിൽ ആവശ്യക്കാരുണ്ടായിരുന്നതിനാൽ കൈത്തൊഴിലുകാരും കച്ചവടക്കാരും വൻതോതിൽ ലാഭം നേടിയിരുന്നതായും അദ്ദേഹം പറയുന്നു. ഇന്ത്യൻ തുണിത്തരങ്ങൾക്ക്, പ്രത്യേകിച്ച് പരുത്തിതുണി, മസ്ലീനുകൾ, പട്ട്, ചിത്രത്തുന്നലുകളുള്ള തുണികൾ, സാറ്റിൻ തുണികൾ എന്നിവയ്ക്ക് വലിയതോതിൽ ആവശ്യക്കാരുണ്ടായിരുന്നു. ചില പ്രത്യേക മസ്ലിൻ തുണികൾ വളരെ വിലയേറിയവയായതിനാൽ അവ അതിസമ്പന്നർക്കും പ്രഭുക്കൾക്കും മാത്രമേ ധരിക്കാൻ കഴിഞ്ഞിരുന്നുള്ളൂ എന്നും ഇബ്ൻ ബത്തൂത്ത നമ്മെ അറിയിക്കുന്നുണ്ട്.

*സ്രോതസ്സ് 9*

## കമ്പോളത്തിലെ സംഗീതം (Music in the market)

ദൗലത്താബാദിനെക്കുറിച്ചുള്ള ഇബ്ൻ ബത്തൂത്തയുടെ വിവരണം വായിക്കുക:

ദൗലത്താബാദിൽ ഗായകർക്കും ഗായികമാർക്കുമായി താരബാബാദ് എന്നറിയപ്പെടുന്ന ഒരു കമ്പോളമുണ്ട്. ഇത് ഏറ്റവും വലുതും മനോഹരവുമായ ബസാറുകളിൽ ഒന്നാണ്. ഇവിടെ ധാരാളം കടകളുണ്ട്. ഓരോ കടയുടെയും വാതിൽ അതിന്റെ ഉടമയുടെ ഗൃഹത്തിലേക്ക് നയിക്കുന്നു... കടകൾ പരവതാനികൾ കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു. കടയുടെ നടുക്കുള്ള ഊഞ്ഞാലിൽ ഗായിക ഇരിക്കും. എല്ലാത്തരത്തിലുമുള്ള ആഭരണങ്ങൾകൊണ്ട് വിഭൂഷിതയായ അവരെ അവരുടെ വനിതാ അനുചരവൃന്ദം ഊഞ്ഞാലാട്ടും. കമ്പോളത്തിന്റെ മധ്യഭാഗത്ത് ഒരു വലിയ താഴികക്കുടം നിൽക്കുന്നു. അലങ്കാരങ്ങളും പരവതാനികളുമുള്ള അതിൽ എല്ലാ വ്യാഴാഴ്ചയും പ്രഭാത പ്രാർത്ഥനയ്ക്കുശേഷം പരിചാരകരോടും അടിമകളോടും ഒപ്പം പ്രധാന സംഗീതജ്ഞൻ വന്ന് ഇരിക്കുന്നു. ഗായികമാർ കൂട്ടംകൂട്ടമായെത്തി തുടർച്ചയായി അദ്ദേഹത്തിന്റെ മുന്നിൽ പാട്ടുംപാടി അസ്തമയത്തോടെ അദ്ദേഹം മടങ്ങുമ്പോളും നൃത്തം ചെയ്യുന്നു. ഈ ബസാറിൽ പ്രാർഥനയ്ക്കായി മുസ്ലീം പള്ളികൾ ഉണ്ട്... ഒരു ഹിന്ദുഭരണാധികാരി കമ്പോളത്തിലൂടെ കടന്നു പോകുമ്പോഴെല്ലാം താഴികക്കുടത്തിനടുത്തേക്ക് ഇറങ്ങി വരുമായിരുന്നു. അപ്പോൾ ഗായികമാർ അദ്ദേഹത്തിന്റെ മുന്നിൽ ഗാനങ്ങൾ ആലപിക്കും. ചില മുസ്ലീം ഭരണാധികാരികൾപോലും ഇങ്ങനെ ചെയ്തിരുന്നു.

## 5.3 വാർത്താവിനിമയത്തിലെ ഒരു വേറിട്ട രീതി (A unique system of communication)

രാഷ്ട്രം വ്യക്തമായും വ്യാപാരികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ കൈക്കൊണ്ടിരുന്നു. മിക്കവാറും എല്ലാ വാണിജ്യപാതകളിലും വേണ്ടത്ര സത്രങ്ങളും അതിഥിമന്ദിരങ്ങളും ഉണ്ടായിരുന്നു. ഇവിടെ നിലനിന്ന പോസ്റ്റൽ സമ്പ്രദായത്തിന്റെ കാര്യക്ഷമത ഇബ്ൻ ബത്തൂത്തയെ അത്ഭുതപ്പെടുത്തി. അതിലൂടെ വ്യാപാരികൾക്ക് വിദൂരങ്ങളിലേക്ക് വിവരങ്ങളും പണവും അയക്കാൻ കഴിയുമായിരുന്നു. മാത്രമല്ല ചുരുങ്ങിയ സമയത്തിനുള്ളിൽ എത്തിക്കേണ്ട ഉൽപന്നങ്ങളും ഇതിലൂടെ അയക്കാൻ കഴിയുമായിരുന്നു. സിന്ധിൽനിന്ന് ഡൽഹിയിലെത്താൻ അൻപതു ദിവസങ്ങൾ വേണ്ടിയിരുന്നപ്പോൾ ചാരന്മാർ നൽകുന്ന വിവരങ്ങൾ വെറും അഞ്ചു ദിവസം കൊണ്ട് ഈ തപാൽ സമ്പ്രദായത്തിലൂടെ സുൽത്താന്റെ അടുക്കൽ എത്തിച്ചേർന്നിരുന്നു എന്നത് ഈ തപാൽ സമ്പ്രദായം വളരെയധികം കാര്യക്ഷമമായിരുന്നു എന്നതിന്റെ തെളിവാണ്.

*സ്രോതസ്സ് 10*

### കുതിരപ്പുറത്തും കാൽനടയായും (On horse and on foot)

തപാൽ സമ്പ്രദായത്തെക്കുറിച്ച് ഇബ്ൻ ബത്തൂത്ത വിവരിക്കുന്നത് ഇങ്ങനെയാണ്:

ഇന്ത്യയിൽ രണ്ടുതരം തപാൽ സമ്പ്രദായങ്ങളുണ്ട്. *ഉലുക്ക്* എന്നറിയപ്പെടുന്ന കുതിരത്തപാൽ സാധ്യമാക്കുന്നത് ഓരോ നാലു മൈൽ അകലത്തിലും നിർത്തിയിരിക്കുന്ന രാജകീയ കുതിരകളെക്കൊണ്ടാണ്. കാൽനടയായുള്ള തപാലിന് ഓരോ മൈലിലും *ദവ* എന്നറിയപ്പെടുന്ന മൂന്ന് സ്റ്റേഷനുകളുണ്ട്, അതായത് ഒരു മൈലിന്റെ മൂന്നിലൊന്ന്... ഇപ്പോൾ ഒരു മൈലിന്റെ ഓരോ മൂന്നിലൊന്ന് സ്ഥലത്തും ജനനിബിഡമായ ഒരു ഗ്രാമമുണ്ട്, പുറത്ത് മൂന്ന് പവിലിയനുകളിലായി പുറപ്പെടാൻ കച്ചകെട്ടി കാത്തിരിക്കുന്ന പുരുഷന്മാരുണ്ട്. ഓരോരുത്തരുടെ കൈയിലും രണ്ട് ക്യുബിക് നീളവും മുകളിൽ ചെമ്പുമണികെട്ടിയതുമായ ഒരു ദണ്ഡുണ്ട്. തപാൽ യാത്ര നഗരത്തിൽ നിന്ന് ആരംഭിക്കുമ്പോൾ ഒരു കൈയിൽ തപാലും മറ്റേ കൈയിൽ മണികെട്ടിയ ദണ്ഡും പിടിച്ച് അയാൾ തന്നെക്കൊണ്ടാവുന്ന പരമാവധി വേഗതയിൽ ഓടും. മണിയടിയുടെ ശബ്ദം കേൾക്കുന്നതോടുകൂടി പവിലിയനിൽ ഇരിക്കുന്നവർ തയാറാകും. തപാൽ വാഹകൻ അവിടെ എത്തുന്നതോടെ അവരിലൊരാൾ അയാളുടെ കൈയ്യിൽ നിന്നും തപാൽ വാങ്ങി വേഗത്തിൽ ഓടുന്നു. അടുത്ത *ദവയിൽ* എത്തുന്നതുവരെ അദ്ദേഹം ദണ്ഡ് കുലുക്കിക്കൊണ്ടാണ് ഓടുന്നത്. തപാൽ ലക്ഷ്യത്തിലെത്തുന്നതുവരെ ഈ പ്രക്രിയ തുടരുന്നു. ഈ കാൽനട തപാൽ കുതിരത്തപാലിനെക്കാൾ വേഗതയേറിയതാണ്; മാത്രമല്ല മിക്കപ്പോഴും ഇത് ഇന്ത്യയിൽ ഏറ്റവും പ്രിയപ്പെട്ട, ഖുറാസനിലെ പഴവർഗങ്ങൾ എത്തിക്കുവാനും ഉപയോഗിച്ചിരുന്നു.

➲ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുടനീളം കാൽനടത്തപാൽ സമ്പ്രദായം നടപ്പിലാക്കിയിരുന്നു എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

### അപരിചിതമായ ഒരു രാജ്യം? (A strange nation?)

1440 കളിൽ എഴുതപ്പെട്ട അബ്ദുർ റസാഖിന്റെ യാത്രാവിവരണം വികാരങ്ങളുടെയും കാഴ്ചപ്പാടുകളുടെയും താൽപര്യജനകമായ ഒരു സമ്മിശ്രമാണ്. ഒരു വശത്ത് "ഞാൻ ഒരിക്കലും സങ്കല്പിച്ചിട്ടില്ലാത്ത തരം ജനങ്ങൾ" നിറഞ്ഞ കേരളത്തിലെ കാലിക്കറ്റ് (ഇന്നത്തെ കോഴിക്കോട്) തുറമുഖത്തെ "ഒരു അപരിചിത രാജ്യം" എന്നു വിശേഷിപ്പിച്ച അദ്ദേഹം അവിടെ താൻകണ്ട കാര്യങ്ങളെയൊന്നും ഇഷ്ടപ്പെട്ടില്ല.

പിന്നീട് ഇന്ത്യാ സന്ദർശനത്തിൽ മംഗലാപുരത്ത് എത്തിയ അദ്ദേഹം പശ്ചിമഘട്ടവും കടന്നു. ഇവിടെ കണ്ട ഒരു ക്ഷേത്രം അദ്ദേഹത്തിൽ ആരാധന നിറച്ചു:

മംഗലാപുരത്തുനിന്ന് മൂന്നു കാതം (ഒൻപത് മൈൽ) ദൂരത്തിനുള്ളിൽ ലോകത്തൊരിടത്തും സമാനതകളില്ലാത്ത ഒരു പ്രതിഷ്ഠാഭവനം ഞാൻ കണ്ടു. നാല് പുറുവങ്ങളുള്ളതും വെങ്കലത്താൽ ആവരണം തീർത്തതും അഞ്ചടി ഉയരമുള്ളതും വശങ്ങൾ പത്തടിനീളമുള്ളതുമായ ഒരു ചതുരമായിരുന്നു അത്. പ്രവേശിക്കുന്ന പൂമുഖത്തിൽ മനുഷ്യനെപ്പോലെ തോന്നിക്കുന്ന ഒരു പൂർണകായപ്രതിമ ഉണ്ട്. അത് മുഴുവനായും സ്വർണം കൊണ്ടു നിർമ്മിച്ചതായിരുന്നു. രണ്ടു പവിഴങ്ങൾ കൊണ്ട്, അതിനു കാഴ്ചയുണ്ടെന്നു നിങ്ങളെക്കൊണ്ടു പറയിക്കുമാറ്, ബുദ്ധിപൂർവമാണ് അതിന്റെ കണ്ണുകൾ നിർമ്മിച്ചിരിക്കുന്നത്. എന്തൊരു ശില്പഭംഗി, എന്തൊരു കലാവൈദഗ്ധ്യം!

➲ ചർച്ച ചെയ്യുക...

ജനങ്ങൾ ഒരിക്കലും കണ്ടിട്ടില്ലാത്തതോ അനുഭവിച്ചിട്ടില്ലാത്തതോ ആയ സാധനങ്ങളെയും സാഹചര്യങ്ങളെയും വിവരിക്കുക എന്ന പ്രശ്നത്തെ ഇബ്ൻ ബത്തൂത്ത എങ്ങനെയാണ് കൈകാര്യം ചെയ്തത്?

## 6. ബർണിയറും "ദൂഷിതമായ" കിഴക്കും (Bernier and the "Degenerate" East)

പുതുമയുടെപേരിൽ, തന്നെ അത്ഭുതപ്പെടുത്തുകയും ആകർഷിക്കുകയും ചെയ്തവയെ എല്ലാം വിവരിക്കാനായി തിരഞ്ഞെടുക്കുകയാണ് ഇബ്ൻ ബത്തൂത്ത ചെയ്തതെങ്കിൽ, അതിൽ നിന്നും വ്യത്യസ്തമായ ഒരു ബൗദ്ധിക പാരമ്പര്യത്തിലാണ് ബർണിയർ ഉൾപ്പെട്ടിരുന്നത്. ഇന്ത്യയിൽ കണ്ടതിനെ യൂറോപ്പിലെ സ്ഥിതിയുമായി പൊതുവെയും ഫ്രാൻസിലെ സാഹചര്യങ്ങളുമായി പ്രത്യേകിച്ചും താരതമ്യപ്പെടുത്തുന്നതിൽ വ്യാപൃതനായിരുന്നു ബർണിയർ. ഉത്സാഹം കെടുത്തുന്ന തരത്തിലുള്ള സാഹചര്യങ്ങൾക്കാണ് അദ്ദേഹം മുൻഗണന നൽകിയത്. തനിക്ക് "ശരി" യെന്നു തോന്നിയ തീരുമാനങ്ങൾ തന്നെ, നയരൂപീകരണം നടത്തുന്നവരും ബുദ്ധിജീവികളും എടുക്കുന്നതിനായി അവരിൽ സ്വാധീനം ചെലുത്തുക എന്നതായിരിക്കാം ബർണിയറുടെ ആശയം.

ബർണിയറുടെ ഗ്രന്ഥമായ *ട്രാവൽസ് ഇൻ ദ മുഗൾ എമ്പയർ (Travels in the Mughal Empire)* വിശദമായ നിരീക്ഷണങ്ങൾ, വിമർശനാത്മകമായ ഉൾക്കാഴ്ച, പുനരാലോചന എന്നിവകൊണ്ടു ശ്രദ്ധേയമാണ്. മുഗളരുടെ ചരിത്രത്തെ ഒരു സാർവലൗകിക ചട്ടക്കൂടിനുള്ളിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ, അദ്ദേഹത്തിന്റെ വിവരണത്തിലെ ചർച്ചകളിൽ ഉൾക്കൊള്ളുന്നുണ്ട്. പൊതുവെ യൂറോപ്പിന്റെ മികവിന് ഊന്നൽ നൽകിക്കൊണ്ട് അദ്ദേഹം നിരന്തരമായി മുഗൾകാലഘട്ടത്തിലെ ഇന്ത്യയെ സമകാലിക യൂറോപ്പുമായി താരതമ്യം ചെയ്തു. യൂറോപ്പിന്റെ നേരെ വിപരീതമാണ് ഇന്ത്യ എന്നമട്ടിൽ വിപരീത ദ്വന്ദ്വ മാതൃകയിലാണ് (model of binary opposition) അദ്ദേഹം ഇന്ത്യയെ അവതരിപ്പിച്ചത്. അതിനൊപ്പം താൻ കണ്ടെത്തിയ ഉച്ചനീച വ്യത്യാസങ്ങളെ നിരത്തിക്കൊണ്ട് ഇന്ത്യ പാശ്ചാത്യലോകത്തിനെക്കാൾ താഴ്ന്നതാണെന്ന തോന്നൽ അദ്ദേഹം ഉളവാക്കി.

### 6.1 ഭൂവുടമസ്ഥതയെന്ന പ്രശ്നം (The question of landownership)

ബർണിയറുടെ അഭിപ്രായത്തിൽ മുഗൾ ഇന്ത്യയും യൂറോപ്പും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളിൽ ഒന്ന് മുഗൾ ഇന്ത്യയിൽ ഭൂമിയുടെ സ്വകാര്യസ്വത്തവകാശം ഇല്ല എന്നതാണ്. സ്വകാര്യസ്വത്തിന്റെ നന്മകളിൽ അടിയുറച്ച് വിശ്വസിച്ച അദ്ദേഹം ഭൂമിയിന്മേലുള്ള രാജാവിന്റെ ഉടമസ്ഥതയെ രാജ്യത്തിനും ജനങ്ങൾക്കും ദോഷകരമായാണ് കണ്ടത്. മുഗൾസാമ്രാജ്യത്തിൽ, ഭൂമിയെല്ലാം ചക്രവർത്തിയുടെ ഉടമസ്ഥതയിലാണെന്നും ഭൂമിയെ തന്റെ പ്രഭുക്കന്മാർക്കിടയിൽ വിതരണം ചെയ്തുവെന്നും ഇത് സമ്പദ്ഘടനയിലും സമൂഹത്തിലും ദുരന്തപൂർണമായ അനന്തരഫലങ്ങൾ ഉണ്ടാക്കിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ കാഴ്ചപ്പാട് ബർണിയറുടേതു മാത്രമായിരുന്നില്ല, മറിച്ച് പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ഇന്ത്യ സന്ദർശിച്ച മിക്കവാറും എല്ലാ സഞ്ചാരികൾക്കും ഈ അഭിപ്രായമുണ്ടായിരുന്നു.

ഭൂമിയുടെ ഉടമസ്ഥാവകാശം രാജാവിനായിരിക്കെ ഭൂമി കൈവശമുള്ളവർക്ക് അതിനെ തങ്ങളുടെ മക്കൾക്ക് കൈമാറാൻ കഴിയാതെ വന്നു എന്ന് ബർണിയർ വാദിക്കുന്നു. അതുകൊണ്ടുതന്നെ ഉൽപാദനം നിലനിർത്താനും വർധിപ്പിക്കാനും വേണ്ടി ഒരു തരത്തിലുള്ള

**പരക്കെ ദാരിദ്ര്യം (Widespread poverty)**

ഡച്ച് സഞ്ചാരിയായ പെൽസേർട്ട് പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇന്ത്യൻ ഉപഭൂഖണ്ഡം സന്ദർശിച്ചു. ബർണിയറെപ്പോലെ അദ്ദേഹവും വ്യാപകമായ ദാരിദ്ര്യം കണ്ട് സ്തബ്ധനായി. "ദാരിദ്ര്യം ശക്തവും ദുരിതപൂർണവുമാണ്. അതിനാൽ ജനജീവിതത്തെ രൂക്ഷമായ ആവശ്യങ്ങളുടെയും കഠിനയാതനകളുടെയും വാസസ്ഥലമായി മാത്രമേ വിശദീകരിക്കാനോ ചിത്രീകരിക്കാനോ കഴിയുകയുള്ളൂ." രാഷ്ട്രത്തിനാണ് ഉത്തരവാദിത്വം എന്നു സ്ഥാപിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "തങ്ങളുടെ ആമാശയം നിറയ്ക്കാൻ കർഷകരുടെ പക്കൽ ഉണക്കറൊട്ടിപോലും അവശേഷിക്കാത്തവിധം അവരിൽനിന്ന് അമിതമായി പിഴിഞ്ഞെടുക്കുന്നു."

ദീർഘകാല നിക്ഷേപം നടത്താനും അവർ താൽപര്യം കാണിച്ചില്ല. അതിനാൽ ഭൂമിയ്ക്ക്മേലുള്ള സ്വകാര്യസ്വത്തിന്റെ അഭാവം, ഭൂമിയെ പരിപാലിക്കുകയും മെച്ചപ്പെടുത്തുകയും അതോടൊപ്പം സ്വയം "മെച്ചപ്പെടുകയും" ചെയ്യുന്ന ഒരു ഭൂവുടമാവർഗം (പടിഞ്ഞാറൻ യൂറോപ്പിലേത് പോലെ) ആവിർഭവിക്കുന്നതിനെ തടഞ്ഞു. ഇത് സാർവത്രികമായ കൃഷിനാശം, കർഷകരെ അത്യധികമായി അടിച്ചമർത്തൽ, ഭരണവർഗമൊഴികെ സമൂഹത്തിലെ മറ്റെല്ലാ വിഭാഗങ്ങളുടെയും ജീവിതനിലവാരത്തകർച്ച എന്നിവയിലേക്ക് നയിച്ചു.

*സ്രോതസ്സ് 11*

## ദരിദ്രനായ കർഷകൻ (The poor peasant)

ഗ്രാമത്തിലെ കർഷകരെക്കുറിച്ചുള്ള ബർണിയറുടെ വിവരണങ്ങളിൽ നിന്നുള്ള ഒരു ഉദ്ധരണി:

ഹിന്ദുസ്ഥാൻ എന്ന സാമ്രാജ്യത്തിൽ ഉൾപ്പെടുന്ന രാജ്യത്തിന്റെ വിശാലമായ പ്രദേശങ്ങളിൽ, കൂടുതൽ പ്രദേശവും മണൽത്തിട്ടക്കൊപ്പം വരണ്ടതോ അഥവാ വരണ്ടുണങ്ങിയതോ ആയ പർവതങ്ങളാണ്. അവ മോശമായി കൃഷി ചെയ്യപ്പെട്ടതും ജനവാസം വളരെ കുറഞ്ഞതുമാണ്. നല്ല ഭൂമിയുടെ ഗണ്യമായ ഭാഗംപോലും തൊഴിലാളിക്ഷാമംമൂലം കൃഷി ചെയ്യപ്പെടാതെ കിടക്കുകയാണ്; അവരിൽ ഭൂരിഭാഗവും ഗവർണർമാരുടെ മോശപ്പെട്ട പെരുമാറ്റത്തിന്റെ ഫലമായി നശിക്കുന്നു. പിടിച്ചുപറിക്കാരായ തങ്ങളുടെ യജമാനൻമാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നപ്പോൾ ദരിദ്രരായ ഈ ജനവിഭാഗം തങ്ങളുടെ ഉപജീവനം പോലും നിഷേധിക്കപ്പെട്ടു കഴിയുന്നു എന്നുമാത്രമല്ല, അവർക്ക് തങ്ങളുടെ മക്കളെ നഷ്ടപ്പെടുകയും അവർ അടിമകളായി ദൂരദേശത്തേക്ക് കൊണ്ടുപോകപ്പെടുകയും ചെയ്യുന്നു. അങ്ങനെ കർഷകർ അത്യധികമായ ദുർഭരണം കാരണം നിരാശരായി രാജ്യത്തെ ഉപേക്ഷിച്ച് പോകുന്നു.

ഇവിടെ ബർണിയർ രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സ്വഭാവത്തെ സംബന്ധിച്ച യൂറോപ്പിലെ സമകാലിക സംവാദങ്ങളിൽ പങ്കാളിയാവുകയായിരുന്നു. സ്വകാര്യ സ്വത്തിന്റെ "ഗുണങ്ങളെ" അംഗീകരിക്കാത്തവർക്ക് ഒരു മുന്നറിയിപ്പായി മുഗൾ ഇന്ത്യയെക്കുറിച്ചുള്ള തന്റെ വിവരണം മാറണമെന്ന ഒരു ഉദ്ദേശ്യവും അദ്ദേഹത്തിനുണ്ടായിരുന്നു.

➲ ബർണിയറുടെ അഭിപ്രായത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ കർഷകർ അഭിമുഖീകരിച്ച പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു? അദ്ദേഹത്തിന്റെ വിവരണം അദ്ദേഹം ഉന്നയിച്ച പ്രശ്നത്തെ ശക്തിപ്പെടുത്തുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

ഇതിന്റെ തുടർച്ചയായാണ് ബർണിയർ ഇന്ത്യൻ സമൂഹത്തെ വിവരിക്കുന്നത്. അവിടെയുള്ളത് ഒരു വേർതിരിവുകളും ഇല്ലാത്ത ദരിദ്രരായ ബഹുജനങ്ങളെ അടക്കി ഭരിച്ചിരുന്ന ഭരണവർഗമെന്ന അതിസമ്പന്നവും സുശക്തവുമായ ഒരു ചെറുന്യൂനപക്ഷമാണ്. പരമദരിദ്രരുടെയും അതിസമ്പന്നന്മാരുടെയും ഇടയിൽ, പേരിട്ടു വിളിക്കാൻ പോലും ഒരു സാമൂഹിക വിഭാഗമോ വർഗമോ ഉണ്ടായിരുന്നില്ല. "ഇന്ത്യയിൽ ഒരു മധ്യവിഭാഗം ഇല്ല" എന്ന് ബർണിയർ ആത്മവിശ്വാസത്തോടെ ഉറപ്പിച്ചു പറഞ്ഞു.

*ചിത്രം 5.11*
*പത്തൊമ്പതാം നൂറ്റാണ്ടിലെ ഇത്തരം ഉദാഹരണങ്ങളായ ചിത്രങ്ങൾ പലപ്പോഴും മാറ്റങ്ങളില്ലാത്ത ഗ്രാമസമൂഹം എന്ന ആശയത്തെ കൂടുതൽ ശക്തമാക്കി.*



*സ്രോതസ്സ് 12*

**യൂറോപ്പിനുള്ള ഒരു മുന്നറിയിപ്പ്**
**(A warning for Europe)**

മുഗൾ മാതൃക പിൻതുടരുന്നതിനെക്കുറിച്ച് യൂറോപ്യൻ രാജാക്കൻമാർക്ക് ബർണിയർ നൽകിയ മുന്നറിയിപ്പ്:

> അവരുടെ രാജ്യങ്ങൾ നന്നായി കൃഷി ചെയ്യപ്പെടുകയുമില്ല, ജനവാസ സമൃദ്ധമാവുകയുമില്ല; നന്നായി നിർമ്മിക്കപ്പെട്ട്, സമ്പന്നമായി, ഉപചാരപൂർവമായി, ഐശ്വര്യപൂർണമായി നമ്മൾ കാണുന്ന അവരുടെ രാജ്യങ്ങൾ. നേരെമറിച്ച് നമ്മുടെ രാജാക്കൻമാർ സമ്പന്നരും ശക്തരുമാണ്; കൂടാതെ അവർ കൂടുതൽ നല്ലവരും രാജകീയ രീതിയിൽ സേവിക്കപ്പെടുന്നവരുമാണെന്നും ഉറപ്പിച്ചു പറയാം. അവർ വളരെപ്പെട്ടെന്ന് തന്നെ മരുഭൂമികളുടെയും ശൂന്യതകളുടെയും യാചകരുടെയും അപരിഷ്കൃതരുടെയും രാജാക്കൻമാരാകും, അതായത്, ഞാൻ പ്രതിനിധീകരിച്ചുകൊണ്ടിരിക്കുന്നവരെപ്പോലെ (മുഗളർ) ... നേരത്തേ അറിയിച്ചിട്ടുള്ളതുപോലെ വൻനഗരങ്ങളും വലിയ സ്വയംഭരണാവകാശ മേഖലകളും (ബറോകൾ) മലിനവായു നിമിത്തം ജനവാസയോഗ്യമല്ലാതായിത്തീരുന്നതും, കേടുപാടു പരിഹരിക്കാനോ സംരക്ഷിക്കാനോ ആളില്ലാതെ നാശത്തിലേക്ക് വീഴുന്നതും കുന്നിൻപുറങ്ങൾ ഉപേക്ഷിക്കപ്പെടുന്നതും പാടങ്ങൾ കാടുകേറി നശിക്കുകയോ വിഷമയമായ ചതുപ്പുകൾ നിറയുകയോ ചെയ്യുന്നതും നാം കാണേണ്ടിവരും.

➲ സർവനാശത്തിന്റെ ഒരു ദൃശ്യം ബർണിയർ ചിത്രീകരിക്കുന്നതെങ്ങനെ? അധ്യായം 8 ഉം 9 ഉം വായിച്ചശേഷം തിരികെവന്ന് ഈ വിവരണം വീണ്ടും വിശകലനംചെയ്യുക.

ബർണിയർ മുഗൾസാമ്രാജ്യത്തെ വീക്ഷിച്ചത് ഇങ്ങനെയാണ് - അവിടുത്തെ രാജാവ് "യാചകരുടെയും കാടന്മാരുടെയും രാജാവായിരുന്നു;" അതിന്റെ നഗരങ്ങളും പട്ടണങ്ങളും നശിച്ചതും "ദുഷിച്ച വായു" നിറഞ്ഞതുമായിരുന്നു. അതിന്റെ പാടങ്ങൾ "കുറ്റിച്ചെടികൾ പടർന്നതും" "രോഗകാരികളായ ചതുപ്പുകൾ" നിറഞ്ഞതുമായിരുന്നു. ഇതിനെല്ലാം ഒരേയൊരു കാരണം ഭൂമിയെല്ലാം രാജാവിന്റേതാണെന്നതാണ്.

കൗതുകകരമെന്ന് പറയട്ടെ, മുഗളരുടെ ഒരു ഔദ്യോഗികരേഖയും ഭൂമിയുടെ പരിപൂർണ ഉടമസ്ഥാവകാശം രാഷ്ട്രത്തിനാണെന്ന് പറയുന്നില്ല. ഉദാഹരണത്തിന് പതിനാറാം നൂറ്റാണ്ടിലെ അക്ബറിന്റെ ഔദ്യോഗിക ദിനവൃത്താന്തകാരനായിരുന്ന അബുൾ ഫസൽ ഭൂനികുതിയെ "പരമാധികാരത്തിനുള്ള പ്രതിഫലമായാണ്" വിശദീകരിക്കുന്നത്. അത് തന്റെ സ്വന്തം ഭൂമി കൈവശം വയ്ക്കുന്നതിനുള്ള പാട്ടമായല്ല, മറിച്ച് താൻ ജനങ്ങൾക്കു സംരക്ഷണം നൽകുന്നതിനുള്ള പ്രതിഫലമായാണ് ഭരണാധികാരി അവകാശപ്പെട്ടത്. ഭൂനികുതി നിരക്ക് പലപ്പോഴും ഉയർന്നതായതിനാൽ യൂറോപ്യൻ സഞ്ചാരികൾ ഇതിനെ പാട്ടമായി കണക്കാക്കിയതാവാം. പക്ഷേ ഇത് യഥാർഥത്തിൽ പാട്ടമോ അല്ലെങ്കിൽ ഭൂനികുതിയോ ആയിരുന്നില്ല, മറിച്ച് വിളകൾക്കുമേലുള്ള ഒരു നികുതി മാത്രമായിരുന്നു. (വിശദാംശങ്ങൾക്ക് അധ്യായം 8 കാണുക)

ബർണിയറുടെ വിവരണങ്ങൾ പതിനെട്ടാം നൂറ്റാണ്ടുമുതൽതന്നെ പാശ്ചാത്യ സൈദ്ധാന്തികരെ സ്വാധീനിച്ചിരുന്നു. ഉദാഹരണത്തിന് ഫ്രഞ്ചു ചിന്തകനായ മൊണ്ടസ്ക്യു ഈ വിവരണങ്ങളെ 'പൗരസ്ത്യ സ്വേച്ഛാധിപത്യം' (Oriental despotism) എന്ന ആശയം വികസിപ്പിക്കാനായി ഉപയോഗിച്ചു. ഇതുപ്രകാരം ഏഷ്യയിലെ (പൗരസ്ത്യം അഥവാ കിഴക്ക്) ഭരണാധികാരികൾ തങ്ങളുടെ പ്രജകളുടെമേൽ പരമാധികാരം സ്ഥാപിച്ചു. ആധിപത്യത്തിനു വിധേയരായ ജനങ്ങൾ ദാരിദ്ര്യം അനുഭവിച്ചു. എല്ലാ ഭൂമിയും രാജാവ് കൈവശം വച്ചിരുന്നതിനാൽ സ്വകാര്യസ്വത്തവകാശം ഉണ്ടായിരുന്നില്ല. ഈ സിദ്ധാന്തപ്രകാരം ചക്രവർത്തിയും അദ്ദേഹത്തിന്റെ പ്രഭുക്കന്മാരും ഒഴികെ മറ്റുള്ളവരെല്ലാം അതിജീവിതത്തിനായി കഷ്ടപ്പെട്ടു.

പത്തൊൻപതാം നൂറ്റാണ്ടിൽ കാൾ മാർക്സ് ഏഷ്യാറ്റിക് ഉൽപാദനരീതി (Asiatic mode of production) എന്ന സിദ്ധാന്തം രൂപീകരിച്ചുകൊണ്ട് ഈ ആശയത്തെ കൂടുതൽ വിപുലപ്പെടുത്തി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കോളനിവൽക്കരണത്തിനുമുൻപ് ഇന്ത്യയിൽ (മറ്റ് ഏഷ്യൻരാജ്യങ്ങളിലും) മിച്ചമൂല്യം ഭരണകൂടം കൈവശപ്പെടുത്തി. ഇത് സ്വയംഭരണാവകാശം ഉള്ളതും സമത്വപൂർണവുമായ (ആന്തരികമായി) നിരവധി ഗ്രാമസമുദായങ്ങളെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ചു. മിച്ചത്തിന്റെ പ്രവാഹത്തിന് തടസ്സമില്ലാത്തിടത്തോളംകാലം ഈ ഗ്രാമസമുദായങ്ങളുടെ സ്വയംഭരണാവകാശത്തെ മാനിച്ചുകൊണ്ട് രാജഭരണം അവരുടെമേൽ അധികാരം സ്ഥാപിച്ചു. ഇത് ഒരു നിശ്ചലവ്യവസ്ഥയായാണ് കണക്കാക്കപ്പെട്ടത്.

എന്നിരുന്നാലും നമുക്കിനി കാണാൻ കഴിയുന്നതുപോലെ (അധ്യായം 8) ഗ്രാമസമൂഹത്തെക്കുറിച്ചുള്ള ഈ ചിത്രം സത്യത്തിൽ നിന്നുവളരെ അകലെയായിരുന്നു. യഥാർഥത്തിൽ പതിനാറും പതി

നേഴും നൂറ്റാണ്ടുകളിലെ ഗ്രാമസമുദായത്തിന്റെ സവിശേഷതതന്നെ സാമൂഹിക സാമ്പത്തിക വിഭജനങ്ങളായിരുന്നു. ഈ സാമൂഹിക നിരയുടെ ഒരറ്റത്ത് ഭൂമിയുടെ മേൽ വൻതോതിൽ അവകാശങ്ങൾ അനുഭവിച്ചിരുന്ന സെമീന്ദാർമാരായിരുന്നപ്പോൾ മറ്റേയറ്റത്ത് "തൊട്ടുകൂടാത്തവരും" ഭൂരഹിതരുമായ തൊഴിലാളികളായിരുന്നു. ഇവ രണ്ടിനുമിടയിൽ വാടകത്തൊഴിലാളികളെ ഉപയോഗിക്കുകയും ചരക്കുൽപാദനത്തിൽ ഏർപ്പെടുകയും ചെയ്തിരുന്ന വൻകിട കർഷകരും തങ്ങളുടെ നിലനിൽപ്പിന് അത്യാവശ്യമായവ ഉൽപ്പാദിപ്പിക്കാൻ പാടുപെടുന്ന ചെറുകിട കർഷകരുമായിരുന്നു.

## 6.2 കൂടുതൽ സങ്കീർണമായയൊരു സാമൂഹികയഥാർഥ്യം (A more complex social reality)

മുഗൾരാജ്യത്തെ നിഷ്ഠുരമായ ഒന്നായി ഉയർത്തിക്കാട്ടുക എന്ന മുൻവിധി ബർണിയർക്ക് ഉണ്ടായിരുന്നു എന്ന് വ്യക്തമാകുമ്പോൾ തന്നെ, അദ്ദേഹത്തിന്റെ വിവരണങ്ങൾ ചിലപ്പോഴൊക്കെ കൂടുതൽ സങ്കീർണമായ ഒരു സാമൂഹിക യാഥാർഥ്യത്തെ സൂചിപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന്, ലാഭം രാഷ്ട്രം കൈവശപ്പെടുത്തിയതിനാൽ കൈത്തൊഴിലുകാർക്ക് ഉൽപാദനത്തിന്റെ ഗുണമേന്മ വർധിപ്പിക്കാൻ ഒരു താൽപര്യവും ഇല്ലായിരുന്നു എന്ന് അദ്ദേഹത്തിനു തോന്നി. തൽഫലമായി ഉൽപാദകർ എല്ലായിടത്തും തകർച്ചയിലായിരുന്നു. അതേസമയംതന്നെ ഇന്ത്യയിൽനിന്നു കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങൾക്ക് പകരമായി സ്വർണവും വെള്ളിയും വിനിമയം ചെയ്യപ്പെട്ടതോടെ വൻതോതിൽ ലോകത്തിലെ വിലയേറിയ ലോഹങ്ങൾ ഇന്ത്യയിലേക്ക് ഒഴുകിയെന്നും അദ്ദേഹം സമ്മതിക്കുന്നുണ്ട്. ദീർഘദൂരവിനിമയത്തിലേർപ്പെട്ടിരുന്ന ഒരു സമ്പന്നവാണിജ്യ സമൂഹം ഇന്ത്യയിൽ നിലനിന്നിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.



ചിത്രം 5.12
മരതകക്കല്ലുകളും മാണിക്യക്കല്ലുകളും പതിച്ച ഒരു സ്വർണക്കരണ്ടി. മുഗൾ കരകൗശലത്തൊഴിലാളികളുടെ കരവിരുതിന് ഒരു ഉദാഹരണം

*സ്രോതസ്സ് 13*

### ഒരു വ്യത്യസ്ത സാമൂഹിക–സാമ്പത്തിക രംഗം (A different socio-economic scenario)

കൃഷിയെയും കരകൗശല ഉൽപാദനത്തെയും കുറിച്ചുള്ള ബർണിയറുടെ വിവരണത്തിൽ നിന്നുള്ള ഈ ഉദ്ധരണി വായിക്കുക:

ഇത് വളരെ പ്രാധാന്യത്തോടെ നിരീക്ഷിക്കേണ്ടതാണ്, എന്തെന്നാൽ ഈ വിശാലമായ രാജ്യത്തിൽ ഒരു വലിയഭാഗം അസാധാരണമാംവിധം ഫലഭൂയിഷ്ടമാണ്; ഉദാഹരണത്തിന് വലിയരാജ്യമായ ബംഗാൾ അരി, ധാന്യങ്ങൾ, ജീവിക്കാനുളള മറ്റ് അത്യാവശ്യകാര്യങ്ങൾ എന്നിവയുടെ ഉൽപാദനത്തിൽ മാത്രമല്ല, പട്ട്, പരുത്തി, നീലം തുടങ്ങി ഈജിപ്തിൽ കൃഷിചെയ്യാത്ത എണ്ണിയാലൊടുങ്ങാത്ത വാണിജ്യവസ്തുക്കളുടെ ഉൽപാദനത്തിലും ഈജിപ്തിനെത്തന്നെ മറികടക്കും. ജനസംഖ്യാ സമൃദ്ധി, നന്നായി ഉഴുതുമറിക്കപ്പെടുന്ന ഭൂമി, സ്വഭാവേന അലസരെങ്കിലും ആവശ്യങ്ങളുടെ സമ്മർദ്ദത്തിലോ അല്ലാതെയോ പരവതാനി, ചിത്രപ്പണിയോടുകൂടിയ വസ്ത്രങ്ങൾ ചിത്രത്തുന്നലുകൾ, സ്വർണം, വെള്ളി എന്നിവയിൽ തീർത്ത വസ്ത്രങ്ങൾ വിവിധയിനം പട്ടു-പരുത്തി ചരക്കുകൾ എന്നിങ്ങനെ സ്വദേശത്തുപയോഗിക്കുന്നവയും കയറ്റുമതി ചെയ്യുന്നവയുമായ ചരക്കുകളുടെ ഉൽപാദനത്തിൽ സ്വയം ഏർപ്പെടുന്ന കരകൗശലത്തൊഴിലാളികൾ എന്നിവയെല്ലാം ഇൻഡീസിന്റെ പല ഭാഗങ്ങളിലുണ്ട്.

സ്വർണം, വെള്ളി എന്നിവ ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലും വിനിമയം ചെയ്യപ്പെട്ടശേഷം, അന്തിമമായി വിഴുങ്ങപ്പെടുന്നതിനും കുറച്ചൊക്കെ നഷ്ടപ്പെടുന്നതിനുമായി ഹിന്ദുസ്ഥാനിൽ എത്തിച്ചേരും എന്ന കാര്യം ശ്രദ്ധിക്കപ്പെടാതെ പോകരുത്.

➲ സ്രോതസ്സ് 11 ലേതിൽ നിന്നും ഈ ഉദ്ധരണിയിലെ വിവരണം ഏതെല്ലാം തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

*സ്രോതസ്സ് 14*

## രാജകീയ *കാർഖാനകൾ*
## The imperial *karkhanas*

രാജകീയ *കാർഖാനകളുടെ* അഥവാ പണിശാലകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമായി വിവരണം നൽകുന്ന ഒരേയൊരു ചരിത്രകാരൻ ഒരു പക്ഷേ ബർണിയർ ആണ്:

കൈത്തൊഴിലുകാർക്കുവേണ്ടിയുള്ള പണിശാലകൾ അഥവാ *കാർഖാനകൾ* എന്നറിയപ്പെടുന്ന വലിയ ഹാളുകൾ നിരവധി സ്ഥലങ്ങളിൽ കാണപ്പെട്ടു. ഒരു ഹാളിൽ ചിത്രത്തുന്നൽ നടത്തുന്നവർ ഒരു യജമാനന്റെ മേൽനോട്ടത്തിൽ തിരക്കിട്ട തങ്ങളുടെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. മറ്റൊന്നിൽ സ്വർണപ്പണിക്കാരെ കാണാൻ കഴിയും. മൂന്നാമത്തേതിൽ ചിത്രകാരൻമാർ. നാലാമത്തേതിൽ തടികളിൽ വാർണിഷ് പണിക്കാർ ചായം തേക്കുന്നു; മരപ്പണിക്കാർ, കടച്ചിൽപ്പണിക്കാർ, തുന്നൽക്കാർ, പാദുക നിർമാതാക്കൾ എന്നിവരാണ് അഞ്ചാമത്തെ ഹാളിലുള്ളത്; പട്ടുതുണി, ചിത്രപ്പണിചെയ്ത തുണി, മസ്ലിൻ തുണി എന്നിവയുടെ നിർമാതാക്കളാണ് ആറാമത്തേതിൽ.

കൈത്തൊഴിലുകാർ എല്ലാപ്രഭാതങ്ങളിലും *കാർഖാനകളിലേക്ക്* വരുകയും ദിവസംമുഴുവൻ അവിടെ അധ്വാനത്തിലേർപ്പെടുകയും വൈകുന്നേരം അവരവരുടെ വീടുകളിലേക്ക് മടങ്ങുകയും ചെയ്യുന്നു. ശാന്തമായ ഈ ദൈനംദിനരീതിയിൽ അവരുടെ സമയം തെന്നിപ്പോകുന്നു; തങ്ങൾ ജനിച്ചസാഹചര്യങ്ങളിൽനിന്നു മെച്ചപ്പെട്ട ഒരു അവസ്ഥ ഉണ്ടാകാൻ ആരും ആഗ്രഹിക്കുന്നില്ല.

➲ പ്രവർത്തനങ്ങൾ ഒരുപാടുണ്ടെങ്കിലും ഒരു പുരോഗതിയുമില്ല എന്ന ബോധം ബർണിയർ കൈമാറിയതെങ്ങനെ?

യഥാർഥത്തിൽ പതിനേഴാം നൂറ്റാണ്ടിൽ ജനസംഖ്യയുടെ ഏകദേശം 15 ശതമാനവും പട്ടണങ്ങളിലാണ് ജീവിച്ചിരുന്നത്. ഇത് അതേകാലഘട്ടത്തിലെ പടിഞ്ഞാറൻ യൂറോപ്പിലെ നഗരജനസംഖ്യയുടെ ശരാശരി അനുപാതത്തേക്കാൾ ഉയർന്നതായിരുന്നു. എന്നിരുന്നാലും ബർണിയർ മുഗൾനഗരങ്ങളെ "ക്യാംപ് നഗരങ്ങൾ" എന്നാണ് വിശേഷിപ്പിച്ചത്. അതായത് അവയുടെ നിലനിൽപ്പിനു കാരണവും അതിജീവനത്തിന് ആശ്രയവും രാജകീയ ക്യാംപ് ആണ് എന്നാണ് അദ്ദേഹം അർഥമാക്കിയത്. കൊട്ടാര പരിവാരം കടന്നുവരുമ്പോൾ ഇവ നിലവിൽ വരുമെന്നും അവർ കടന്നുപോയിക്കഴിയുമ്പോൾ ഇവ വളരെ പെട്ടെന്ന് ക്ഷയിക്കുമെന്നും അദ്ദേഹം കരുതി. അവയ്ക്ക് വഴക്കമുള്ള സാമൂഹിക, സാമ്പത്തിക അടിത്തറ ഉണ്ടായിരുന്നില്ലെന്നും അവ രാജകീയ പരിരക്ഷയെ ആശ്രയിച്ചാണ് നിലനിന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭൂമിയുടെ ഉടമസ്ഥാവകാശപ്രശ്നത്തിലെന്നപോലെ ബർണിയർ ഇവിടെയും അമിതമായി ലളിതവത്കരിക്കപ്പെട്ട ചിത്രമാണ് തയാറാക്കിയത്. എല്ലാത്തരം നഗരങ്ങളും അവിടെ ഉണ്ടായിരുന്നു. ഉൽപാദന നഗരങ്ങൾ, വാണിജ്യ നഗരങ്ങൾ, തുറമുഖനഗരങ്ങൾ, വിശുദ്ധ കേന്ദ്രങ്ങൾ, തീർഥാടന നഗരങ്ങൾ തുടങ്ങിയവ. കച്ചവടവിഭാഗങ്ങളുടെയും തൊഴിൽ വർഗങ്ങളുടെയും സമ്പദ്സമൃദ്ധിയുടെ സൂചകങ്ങളായിരുന്നു ഈ നഗരങ്ങളുടെ നിലനിൽപ്പ്.

കച്ചവടക്കാർക്ക് മിക്കപ്പോഴും ശക്തമായ സമൂഹബലമോ ബന്ധുബലമോ ഉണ്ടായിരുന്നു. കൂടാതെ തങ്ങളുടെ ജാതി - തൊഴിൽ കൂട്ടങ്ങളിലൂടെ ശക്തമായി സംഘടിപ്പിക്കപ്പെട്ടവരുമായിരുന്നു. പടിഞ്ഞാറൻ ഇന്ത്യയിൽ ഈ വിഭാഗങ്ങൾ *മഹാജനൻമാർ* എന്നറിയപ്പെട്ടു. അവരുടെ മുഖ്യന്മാർ *സേഠ്* എന്നും അറിയപ്പെട്ടു. അഹമ്മദാബാദ്പോലുള്ള നഗരകേന്ദ്രങ്ങളിൽ *മഹാജന്മാരെ* മുഴുവനായി പ്രതിനിധീകരിച്ചത് വാണിജ്യ സമൂഹത്തിന്റെ മുഖ്യനായിരുന്ന *നഗർസേഠ്* ആയിരുന്നു.

നഗരത്തിലെ മറ്റ് വിഭാഗക്കാർ തൊഴിൽ വർഗങ്ങളായ വൈദ്യൻമാർ (*ഹക്കിം* അല്ലെങ്കിൽ *വൈദ്*), അധ്യാപകർ (*പണ്ഡിറ്റ്* അല്ലെങ്കിൽ *മുല്ല*), നിയമജ്ഞർ (*വക്കീൽ*), ചിത്രകാരന്മാർ, വാസ്തുവിദ്യാവിദഗ്ധർ, സംഗീതജ്ഞർ, കൈയെഴുത്തു വിദഗ്ധർ (calligraphers) തുടങ്ങിയവരായിരുന്നു. ഇവരിൽ ചിലർ രാജകീയ സഹായത്തെ ആശ്രയിച്ചപ്പോൾ ധാരാളം പേർ മറ്റ് സഹായക കേന്ദ്രങ്ങളെ സേവിച്ചുകൊണ്ടാണ് തങ്ങളുടെ ജീവിതം മുന്നോട്ട് കൊണ്ടുപോയത്. മറ്റു ചിലർ തിരക്കേറിയ കമ്പോളങ്ങളിലും ബസാറുകളിലും സാധാരണക്കാരെ സേവിച്ചുകൊണ്ട് ജീവിച്ചു.

### ➲ ചർച്ച ചെയ്യുക...

ബർണിയറെപ്പോലുള്ള പണ്ഡിതന്മാർ ഇന്ത്യയെ യൂറോപ്പുമായി താരതമ്യം ചെയ്യാൻ തിരഞ്ഞെടുത്തതെന്തുകൊണ്ടെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

## 7. സ്ത്രീകൾ (WOMEN)

### അടിമകൾ, സതി, തൊഴിലാളികൾ (SLAVES, SATI AND LABOURERS)

ഈ വിവരണങ്ങൾ തയാറാക്കിയ സഞ്ചാരികളൊക്കെയും പുരുഷന്മാരായിരുന്നു. പൊതുവെ അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സ്ത്രീകളുടെ കാര്യങ്ങളിൽ താൽപര്യമുള്ളവരും അവരുടെ അവസ്ഥയെക്കുറിച്ച് ജിജ്ഞാസയുള്ളവരും ആയിരുന്നു. ചിലപ്പോഴൊക്കെ സാമൂഹിക അസമത്വങ്ങളെ അവർ "സ്വാഭാവികാ"വസ്ഥയായി കണക്കാക്കി. ഉദാഹരണത്തിന്, അടിമകൾ മറ്റേതുവസ്തുവിനെയും പോലെ കമ്പോളങ്ങളിൽ വിൽക്കപ്പെടുകയും പാരിതോഷികം എന്ന നിലയിൽ നിരന്തരം വിനിമയം നടത്തപ്പെടുകയും ചെയ്തിരുന്നു. ഇബ്ൻ ബത്തൂത്ത സിന്ധിലെത്തിയപ്പോൾ "കുതിരകൾ, ഒട്ടകങ്ങൾ, അടിമകൾ" എന്നിവയെ സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്കിനുള്ള പാരിതോഷികങ്ങളായി വാങ്ങി. മുൾട്ടാനിലെത്തിയപ്പോൾ അദ്ദേഹം "ഒരു അടിമയെയും കുതിരയെയും ഉണക്കമുന്തിരിയോടും ബദാമിനോടും ഒപ്പം" ഗവർണർക്ക് സമ്മാനിച്ചു. നസീറുദ്ദീൻ എന്ന പ്രഭാഷകന്റെ പ്രഭാഷണത്തിൽ പ്രസാദിച്ച മുഹമ്മദ് ബിൻ തുഗ്ലക്ക് അദ്ദേഹത്തിന് "നൂറായിരം *ടങ്ക*കളും (നാണയങ്ങൾ) ഇരുനൂറ് അടിമകളെയും" നൽകിയതായി ഇബ്ൻ ബത്തൂത്ത വിവരം നൽകുന്നുണ്ട്.

ഇബ്ൻ ബത്തൂത്തയുടെ വിവരണങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത് അടിമകൾക്കിടയിൽ ഗണ്യമായതോതിൽ വൈജാത്യങ്ങൾ നിലനിന്നിരുന്നു എന്നാണ്. സുൽത്താന്റെ കീഴിലുണ്ടായിരുന്ന ചില സ്ത്രീ അടിമകൾ സംഗീതത്തിലും നൃത്തത്തിലും വിദഗ്ധരായിരുന്നു. സുൽത്താന്റെ സഹോദരിയുടെ വിവാഹസമയത്ത് ഇബ്ൻ ബത്തൂത്ത അവരുടെ പ്രകടനം ആസ്വദിക്കുകയും ചെയ്തു. തന്റെ പ്രഭുക്കന്മാരെ നിരീക്ഷിക്കാനായും സുൽത്താൻ, സ്ത്രീ അടിമകളെ നിയോഗിച്ചിരുന്നു.

അടിമകളെ പൊതുവെ ഗാർഹിക ജോലികൾക്കാണ് ഉപയോഗിച്ചിരുന്നത്. പല്ലക്കുകളിൽ അഥവാ *ഡോല*യിൽ സ്ത്രീകളെയും പുരുഷന്മാരെയും വഹിച്ചുകൊണ്ടുപോകുന്നതിന് അടിമകളുടെ സേവനം അനിവാര്യമായിരുന്നുവെന്ന് ഇബ്ൻ ബത്തൂത്ത കണ്ടെത്തി. അടിമകളുടെ വില, പ്രത്യേകിച്ച് ഗാർഹികജോലിക്ക് ആവശ്യമായ സ്ത്രീ അടിമകളുടെ വില, വളരെ കുറവായിരുന്നു. ഇത്തരത്തിൽ അടിമകളെ ഉൾക്കൊള്ളാൻ കഴിയുന്ന മിക്ക കുടുംബങ്ങളും ഏറ്റവുംകുറഞ്ഞത് ഒന്നോ രണ്ടോ അടിമകളെ നിലനിർത്തിയിരുന്നു.

പാശ്ചാത്യസമൂഹവും പൗരസ്ത്യസമൂഹവും തമ്മിലുള്ള തീവ്രമായ വ്യത്യാസത്തെ ചൂണ്ടിക്കാണിക്കാനുള്ള സൂചകമായി സ്ത്രീകളോടുള്ള സമീപനത്തെ സമകാലിക യൂറോപ്യൻ സഞ്ചാരികളും എഴുത്തുകാരും മിക്കപ്പോഴും ഉയർത്തിക്കാണിച്ചിട്ടുണ്ട്. സതി സമ്പ്രദായത്തെ വിശദമായ വിവരണത്തിനായി ബർണിയർ തിരഞ്ഞെടുത്തതിൽ ഒരത്ഭുതവുമില്ല. ചില സ്ത്രീകൾ പുഞ്ചിരിയോടെ മരണത്തെ ആലിംഗനം ചെയ്തതായി തോന്നിയപ്പോൾ മറ്റുള്ളവർ അതിന് നിർബന്ധിതരാവുകയായിരുന്നു എന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

*സ്രോതസ്സ് 15*

**അടിമസ്ത്രീ (Slave women)**

ഇബ്ൻ ബത്തൂത്ത നമുക്ക് വിവരംതരുന്നു:

ചെറുതും വലുതുമായ എല്ലാ പ്രഭുക്കളോടൊപ്പവും താൻ നിയോഗിക്കുന്ന അടിമകളെ ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുന്നത് ചക്രവർത്തിയുടെ... ഒരു ശീലമായിരുന്നു. അതോടൊപ്പം അദ്ദേഹം വനിതകളായ ശുചീകരണത്തൊഴിലാളികളെ നിയമിക്കുകയും അവർ വീടുകളിൽ മുന്നറിയിപ്പില്ലാതെ കടന്നുചെല്ലുകയും ചെയ്യുന്നു; അടിമകളായ പെൺകുട്ടികൾ അവരോട്, തങ്ങൾ നേടിയ വിവരങ്ങൾ കൈമാറുന്നു.

മിക്ക വനിതാ അടിമകളും യുദ്ധങ്ങളിലോ ആക്രമണങ്ങളിലോ പിടിക്കപ്പെട്ടവരായിരുന്നു.

*സ്രോതസ്സ് 16*

**ബാലസതി (The child sati)**

ഇതായിരിക്കാം ഒരു പക്ഷേ ബർണിയറുടെ ഏറ്റവും ഹൃദയഭേദകമായ വിശദീകരണങ്ങളിൽ ഒന്ന്:

ലാഹോറിൽ അതിസുന്ദരിയും ചെറുപ്പക്കാരിയുമായ ഒരു വിധവ ബലി കഴിക്കപ്പെടുന്നത് ഞാൻ കണ്ടു. എന്റെ ധാരണയിൽ അവർക്ക് പന്ത്രണ്ട് വയസ്സിൽ കൂടുതൽ കാണില്ല. പാവപ്പെട്ട ആ ചെറിയ ജീവി ഭയാനകമായ ആ കുഴിയുടെ അടുത്തേക്ക് പോയപ്പോൾ ജീവനുള്ളതിനേക്കാൾ മരണപ്പെട്ടവളെപ്പോലെ തോന്നിച്ചു. അവരുടെ മനസ്സിന്റെ യാതന വിവരണാതീതമാണ്. അവർ ഭയന്ന് വിറയ്ക്കുകയും കഠിനമായി തേങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു; പക്ഷേ മൂന്നോ നാലോ ബ്രാഹ്മണർ പെൺകുട്ടിയെ പിടിച്ചിരിക്കുന്ന വൃദ്ധയായ ഒരു സ്ത്രീയുടെ സഹായത്തോടെ, സമ്മതമേയില്ലാത്ത ഇരയെ അന്ത്യസ്ഥാനത്തേക്ക് എത്തിക്കാൻ ശ്രമിച്ചു. ഒരു തടിക്കഷണത്തിൽ അവരെ ഇരുത്തി, അവരുടെ കൈകളും കാലുകളും അവർക്ക് ഓടിപ്പോകാനാകാത്തവിധം ബന്ധിച്ചു. ഈ വിധത്തിൽ ആ നിരപരാധി ജീവനോടെ ചുട്ടെരിക്കപ്പെട്ടു. എന്റെ വികാരങ്ങളെ അമർത്തിപ്പിടിക്കാനും ശബ്ദമുഖരിതവും മറയില്ലാത്തതുമായ രോഷമായി അത് പൊട്ടിപ്പുറപ്പെടുന്നതിനെ തടയാനും എനിക്ക് ബുദ്ധിമുട്ടായിരുന്നു...

എന്നിരുന്നാലും സതി എന്ന ആചാരത്തിനുമപ്പുറം മറ്റു പല കാര്യങ്ങളുംകൂടി ഉൾപ്പെട്ടതായിരുന്നു സ്ത്രീജീവിതങ്ങൾ. കാർഷിക - കാർഷികേതര ഉൽപാദനത്തിന് അവരുടെ അധ്വാനം നിർണായകമായിരുന്നു. കച്ചവട കുടുംബങ്ങളിലെ സ്ത്രീകൾ വ്യാപാര സംബന്ധിയായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു, ചിലപ്പോൾ വ്യാപാര തർക്കങ്ങളുമായി അവർ കോടതികളെവരെ സമീപിച്ചിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകൾ അവരുടെ വീടുകളിലെ സ്വകാര്യ ഇടങ്ങളിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നില്ല എന്നു മനസ്സിലാക്കാൻ കഴിയും.

സഞ്ചാരികളുടെ വിവരണങ്ങൾ ഈ നൂറ്റാണ്ടുകളിലെ സ്ത്രീപുരുഷന്മാരുടെ ജീവിതത്തെക്കുറിച്ച് ആരെയും മോഹിപ്പിക്കുന്ന ഒരു ചിത്രമാണ് നമുക്കുതരുന്നത് എന്നു നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. എങ്കിലും അവർ കടന്നുവന്ന സാഹചര്യങ്ങൾ മിക്കപ്പോഴും അവരുടെ നിരീക്ഷണങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ അതേസമയംതന്നെ ഈ സഞ്ചാരികൾ ശ്രദ്ധിക്കാതെപോയ നിരവധി വസ്തുതകളും അന്നത്തെ സാമൂഹിക ജീവിതത്തിൽ ഉണ്ടായിരുന്നു.

അതോടൊപ്പം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നും സമുദ്രങ്ങളും പർവതങ്ങളും കടന്ന് ഉപഭൂഖണ്ഡത്തിനപ്പുറത്തെ സ്ഥലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന പുരുഷന്മാരുടെ (ഒരു പക്ഷേ സ്ത്രീകളുടെയും) അനുഭവങ്ങളും നിരീക്ഷണങ്ങളും താരതമ്യേന അജ്ഞാതമായിത്തന്നെ നിലനിൽക്കുന്നു. അവർ എന്താണ് കാണുകയും കേൾക്കുകയും ചെയ്തത്? വിദൂരദേശത്തെ ജനങ്ങളുമായുള്ള അവരുടെ ബന്ധം രൂപപ്പെട്ടതെങ്ങനെയായിരുന്നു? അവർ ഉപയോഗിച്ച ഭാഷകൾ ഏതെല്ലാമായിരുന്നു? ഈ ചോദ്യങ്ങൾക്കൊപ്പം മറ്റനേകം ചോദ്യങ്ങളും വരും വർഷങ്ങളിൽ ചരിത്രകാരർ ചിട്ടയോടെ അന്വേഷിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**➲ ചർച്ച ചെയ്യുക ...**

സധാരണ സ്ത്രീത്തൊഴിലാളികളുടെ ജീവിതങ്ങൾ, ഇബ്ൻ ബത്തൂത്ത, ബർണിയർ എന്നിവരെപ്പോലുള്ള സഞ്ചാരികളുടെ ശ്രദ്ധയെ ആകർഷിച്ചില്ലായെന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ടാണ്?

*ചിത്രം 5.13*
*സഞ്ചാരികളെ ചിത്രീകരിക്കുന്ന, മഥുരയിൽ നിന്നുള്ള കൊത്തുപണിചെയ്ത ഒരുചുമർഫലകം*

➲ ഇതിൽ കാണിച്ചിട്ടുള്ള വിവിധ ഗതാഗത രീതികൾ ഏതെല്ലാം?



## കാലരേഖ (TIMELINE)

### വിവരണങ്ങൾ നൽകിയ ചില സഞ്ചാരികൾ
### (SOME TRAVELLERS WHO LEFT ACCOUNTS)

| | |
|---|---|
| **പത്ത് പതിനൊന്ന് നൂറ്റാണ്ടുകൾ** | |
| 973 - 1048 | മുഹമ്മദ് ഇബ്ൻ അഹ്മദ് അബുറൈഹാൻ അൽബിറൂനി (ഉസ്ബക്കിസ്ഥാനിൽ നിന്ന്) |
| **പതിമൂന്നാം നൂറ്റാണ്ട്** | |
| 1254 - 1323 | മാർക്കോ പോളോ (ഇറ്റലിയിൽ നിന്ന്) |
| **പതിനാലാം നൂറ്റാണ്ട്** | |
| 1304 - 77 | ഇബ്ൻ ബത്തൂത്ത (മൊറോക്കോയിൽ നിന്ന്) |
| **പതിനഞ്ചാം നൂറ്റാണ്ട്** | |
| 1413 - 82 | അബ്ദ് അൽ-റസ്സാഖ് കമാൽ അൽ-ദിൻ ഇബ്ൻ ഇസ്ഹാഖ് അൽ-സമർഖണ്ഡി (സമർഖണ്ഡിൽ നിന്ന്) |
| 1466 - 72 (ഇന്ത്യയിൽ ചെലവിട്ട വർഷങ്ങൾ) | അഫനാസി നികിതിച്ച് നികിതിൻ (പതിനഞ്ചാംനൂറ്റാണ്ടിൽ, റഷ്യയിൽ നിന്ന്) |
| **പതിനാറാം നൂറ്റാണ്ട്** 1518 (ഇന്ത്യയിലേക്കുള്ള സന്ദർശനം) | ഡ്യുയാർത്തെ ബാർബോസ, മരണം : 1521 (പോർച്ചുഗലിൽനിന്ന്) |
| 1562 (ചരമവർഷം) | സെയ്ദി അലി റെയിസ് (തുർക്കിയിൽനിന്ന്) |
| 1536 - 1600 | അന്റോണിയോ മൊൺസെരാത് (സ്പെയിനിൽനിന്ന്) |
| **പതിനേഴാം നൂറ്റാണ്ട്** | |
| 1626 - 31 (ഇന്ത്യയിൽ ചെലവിട്ട വർഷങ്ങൾ) | മഹ്മൂദ് വാലിബാൽക്കി (ബാൽക്കിൽനിന്ന്) |
| 1600 - 67 | പീറ്റർ മുണ്ടി (ഇംഗ്ലണ്ടിൽനിന്ന്) |
| 1605 - 89 | ഴാങ്ബാപ്റ്റിസ്റ്റ് ടവർണിയർ (ഫ്രാൻസിൽനിന്ന്) |
| 1620 - 88 | ഫ്രാങ്കോയിസ് ബർണിയർ (ഫ്രാൻസിൽനിന്ന്) |

*കുറിപ്പ് : മറ്റൊരുതരത്തിൽ സൂചിപ്പിച്ചിട്ടില്ലെങ്കിൽ പരാമർശിക്കുന്ന വർഷങ്ങൾ സഞ്ചാരികളുടെ ജീവിതദൈർഘ്യത്തെ സൂചിപ്പിക്കുന്നവയാണ്.*

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100 - 150 WORDS)

1. *കിതാബ് - ഉൽ - ഹിന്ദിനെ* കുറിച്ച് ഒരുകുറിപ്പ് തയാറാക്കുക.
2. ഇബ്ൻ ബത്തൂത്തയും ബർണിയറും ഇന്ത്യയിൽ നടത്തിയ സഞ്ചാരത്തെക്കുറിച്ച് എഴുതിയ വിവരണങ്ങളിൽനിന്ന് അവരുടെ കാഴ്ച്ചപ്പാടുകൾ താരതമ്യം ചെയ്തു വ്യത്യാസം കണ്ടെത്തുക.
3. ബർണിയറുടെ വിവരണങ്ങളിൽനിന്ന് ആവിർഭവിക്കുന്ന നഗരകേന്ദ്രങ്ങളുടെ രൂപം ചർച്ചചെയ്യുക.
4. അടിമത്തത്തെക്കുറുച്ച് ഇബ്ൻ ബത്തൂത്ത നൽകുന്ന തെളിവുകൾ വിശകലനം ചെയ്യുക.
5. സതി എന്ന ആചാരത്തിൽ ബർണിയറുടെ ശ്രദ്ധ ആകർഷിച്ച ഘടകങ്ങൾ ഏതെല്ലാമായിരുന്നു?

## ചുവടെ തന്നിട്ടുള്ളവയെ കുറിച്ച് ഒരു ലഘു ഉപന്യാസം എഴുതുക (ഏകദേശം 250 മുതൽ 300 വരെ വാക്കുകളിൽ) (WRITE A SHORT ESSAY (ABOUT 250 - 300 WORDS) ON THE FOLLOWING)

6. ജാതിവ്യവസ്ഥയെ സംബന്ധിച്ച അൽബിറൂനിയുടെ ധാരണ ചർച്ചചെയ്യുക.
7. സമകാലിക നഗരകേന്ദ്രങ്ങളിലെ ജീവിതത്തെ സംബന്ധിച്ച് ധാരണനേടാൻ ഇബ്ൻ ബത്തൂത്തയുടെ വിവരണം ഉപയോഗപ്രദമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ എഴുതുക.
8. സമകാലിക ഗ്രാമസമൂഹത്തെ പുനസൃഷ്ടിക്കാൻ ബർണിയറുടെ വിവരണം ചരിത്രകാരന്മാർക്ക് എത്രമാത്രം സഹായകമാണെന്ന് ചർച്ചചെയ്യുക.
9. ബർണിയറുടെ ഈ ഉദ്ധരണിവായിക്കുക

> ഉപകരണങ്ങളില്ലാതെയും ഗുരുനാഥനിൽനിന്ന് നിർദേശങ്ങൾ ഒന്നും സ്വീകരിക്കാതെയും വ്യക്തികൾ രൂപംനൽകിയ നിർമാണചാതുരി വിളിച്ചോതുന്ന മനോഹരങ്ങളായ നിർമിതികൾക്ക് നിരവധി ഉദാഹരണങ്ങളുണ്ട്. ചില സമയങ്ങളിൽ അവർ യൂറോപ്യർ നിർമ്മിക്കുന്ന വസ്തുക്കളെ യഥാർഥവസ്തുവും അതിന്റെ പകർപ്പും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാത്തവിധം സമ്പൂർണമായി അനുകരിക്കും. മറ്റുള്ളവയുടെ കൂട്ടത്തിൽ ഒന്നാംതരം കൈത്തോക്കുകൾ, കുഴലോടുകൂടിയതോക്കുകൾ, യൂറോപ്യനായ ഒരു സ്വർണപ്പണിക്കാരന് കവച്ചു വയ്ക്കുവാൻ കഴിയുമോ എന്ന് സംശയിക്കത്തക്കതരത്തിലുള്ള നിർമാണ ചാതുരിയുള്ള അതിമനോഹരങ്ങളായ സ്വർണാഭരണങ്ങൾ തുടങ്ങിയവ ഇന്ത്യക്കാരുണ്ടാക്കി. അവരുടെ ചിത്രങ്ങളുടെ മനോഹാരിത, മൃദുലത, സൂക്ഷ്മത എന്നിവയെ പലപ്പോഴും ഞാൻ ആരാധിച്ചു.

ഈ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കരകൗശല വസ്തുക്കളെ പട്ടികപ്പെടുത്തുക. ഈ അധ്യായത്തിൽ കലാപ്രവർത്തനവുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള വിവരണങ്ങളുമായി അവയെ താരതമ്യംചെയ്യുക.

## ഭൂപട പ്രവർത്തനം (MAP WORK)

10. ലോകത്തിന്റെ രൂപരേഖയിൽ ഇബ്ൻ ബത്തൂത്ത സന്ദർശിച്ച രാജ്യങ്ങൾ രേഖപ്പെടുത്തുക. അദ്ദേഹം മുറിച്ചുകടന്നിരിക്കാൻ സാധ്യതയുള്ള കടലുകൾ ഏതൊക്കെയാണ്?

## പ്രോജക്ടുകൾ (ഒന്നു തിരഞ്ഞെടുക്കുക) (PROJECTS (CHOOSE ONE))

11. നിങ്ങളുടെ നഗരത്തിനോ ഗ്രാമത്തിനോ പുറത്തു സഞ്ചരിച്ചിട്ടുള്ള പ്രായമേറിയ ഏതെങ്കിലും ഒരു ബന്ധുവുമായി അഭിമുഖം നടത്തുക (അമ്മ/ അച്ഛൻ/ മുത്തച്ഛൻമാർ/ മുത്തശ്ശിമാർ/ മാതൃസഹോദരൻമാർ/ പിതൃസഹോദരിമാർ (എ) അവർ എവിടെയാണ് പോയത്. (ബി) എങ്ങനെയാണ് അവർ സഞ്ചരിച്ചത്. (സി) അവരുടെ യാത്രയ്ക്ക് എത്ര സമയം എടുത്തു. (ഡി) എന്തിനാണ് അവർ യാത്രചെയ്തത്. (ഇ) അവർ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിട്ടോ എന്നീ കാര്യങ്ങൾ കണ്ടെത്തുക. ഭാഷ, വസ്ത്രം, ഭക്ഷണം, ആചാരങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ, സ്ത്രീ പുരുഷന്മാരുടെ ജീവിതം എന്നീ കാര്യങ്ങളിൽ സ്വന്തം സ്ഥലവും സന്ദർശിച്ച സ്ഥലവും വ്യത്യാസപ്പെട്ടിരിക്കുന്നത് എങ്ങനെയൊക്കെ എന്നാണ് അവർ ശ്രദ്ധിച്ചിട്ടുള്ളത് എന്ന് പട്ടികപ്പെടുത്തുക. നിങ്ങളുടെ കണ്ടെത്തലുകളെക്കുറിച്ച് ഒരു കുറിപ്പു തയാറാക്കുക.

12. ഈ അധ്യായത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരു സഞ്ചാരിയുടെ ജീവിതത്തെയും രചനകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ടെത്തുക. അദ്ദേഹം സമൂഹത്തെ എങ്ങനെയാണ് വിവരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലും ഈ അധ്യായത്തിലുൾപ്പെടുത്തിയിട്ടുള്ള ഉദ്ധരണികളുമായി താരതമ്യപ്പെടുത്തിയും അദ്ദേഹത്തിന്റെ സഞ്ചാരങ്ങളെക്കുറിച്ച് ഒരുറിപ്പോർട്ട് തയാറാക്കുക.

*ചിത്രം 5.14*
*വിശ്രമിക്കുന്ന സഞ്ചാരികളെ ചിത്രീകരിക്കുന്ന ഒരു ചിത്രം*



**കൂടുതൽ അറിയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വായിക്കുക.**

മുസാഫർ ആലം ആന്റ് സഞ്ജയ് സുബ്രഹ്മണ്യം. 2006.
*ഇൻഡോ- പേർഷ്യൻ ട്രാവൽസ് ഇൻ ദ ഏജ് ഓഫ് ഡിസ്കവറീസ്, 1400 - 1800.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്, കേംബ്രിഡ്ജ്.

കാതറിൻ അഷർ ആന്റ് സിന്തിയാ ടാൾബോട്ട്. 2006.
*ഇന്ത്യ ബിഫോർ യൂറോപ്.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്, കേംബ്രിഡ്ജ്.

ഫ്രാങ്കോയിസ് ബർണിയർ.
*ട്രാവൽസ് ഇൻ ദി മുഗൾ എംപയർ എ.ഡി 1656 - 1668.*
ലോപ്രെസ് പബ്ലിക്കേഷൻസ്, ന്യൂഡൽഹി.

എച്ച്.എ.ആർ.ഗിബ്ബ് (എഡിറ്റഡ്). 1993.
*ദി ട്രാവൽസ് ഓഫ് ഇബ്ൻബത്തൂത്ത.*
മുൻഷിറാം മനോഹർലാൽ, ഡൽഹി.

മുഷിറുൾ ഹസൻ (എഡിറ്റഡ്). 2005.
*വെസ്റ്റ്‌വേഡ് ബൗണ്ട്, ട്രാവൽസ് ഓഫ് മിർസ അബുതാലിബ്.*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂഡൽഹി.

എച്ച്.കെ. കൗൾ (എഡിറ്റഡ്). 1997.
*ട്രാവലേഴ്സ് ഇന്ത്യ - അൻ ആന്തോളജി.*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂഡൽഹി.

ഴാങ് - ബാപ്റ്റിസ്റ്റ് ടവർണിയർ. 1993.
*ട്രാവൽസ് ഇൻ ഇന്ത്യ.*
മുൻഷിറാം മനോഹർലാൽ, ഡൽഹി.

**കൂടുതൽ വിവരങ്ങൾക്ക്, നിങ്ങൾക്ക് സന്ദർശിക്കാം:**

www.edumaritime.org

പ്രമേയം
ആറ്

# ഭക്തി - സൂഫി പാരമ്പര്യങ്ങൾ
# (Bhakti-Sufi Traditions)

## മതവിശ്വാസങ്ങളിലും ഭക്തി ഗ്രന്ഥങ്ങളിലുമുള്ള മാറ്റങ്ങൾ
## (Changes in Religious Beliefs and Devotional Texts)

### (ഏകദേശം എട്ട് മുതൽ പതിനെട്ടാം നൂറ്റാണ്ട് വരെ)
### (*c.* Eighth to Eighteenth Century)

G5N2E8

സി.ഇ. ആദ്യ സഹസ്രാബ്ദത്തിന്റെ മധ്യത്തോടെ ഉപഭൂഖണ്ഡത്തിലെ പ്രദേശങ്ങളിലെമ്പാടും വൈവിധ്യമേറിയ മതപരമായ നിർമ്മിതികൾ-സ്തൂപങ്ങൾ, ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ-അങ്ങിങ്ങായി നിലനിന്നിരുന്നതായി നാലാം അധ്യായത്തിൽ നാം കണ്ടു. ഇവ ചില പ്രത്യേക മതവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും മാതൃകകളാണെങ്കിൽ മറ്റുള്ളവ പുരാണങ്ങൾ ഉൾപ്പടെയുള്ള ഗ്രന്ഥപാരമ്പര്യങ്ങളിൽ നിന്നുമാണ് പുനർനിർമ്മിക്കപ്പെട്ടത്. ഏകദേശം ഒരേസമയത്തുതന്നെ അവയിൽ പലതും ഇപ്പോഴത്തെ രൂപം നേടിയെടുത്തിരുന്നു. എന്നാൽ, മറ്റുള്ളവ ഗ്രന്ഥങ്ങളിലും ദൃശ്യശേഖരങ്ങളിലും നിറംമങ്ങിയ വിവരണങ്ങളായി മാത്രം അവശേഷിച്ചു.



ഈ കാലഘട്ടം മുതൽ ലഭ്യമായ പുതിയ ഗ്രന്ഥസ്രോതസ്സുകളിൽ കവി-സന്യാസിമാരുടെ രചനകൾ ഉൾപ്പെടുന്നു. അവരിൽ ഭൂരിഭാഗം പേരും സാധാരണ ജനങ്ങൾ ഉപയോഗിച്ച പ്രാദേശിക ഭാഷകളിലൂടെ വാമൊഴിയായിട്ടാണ് സ്വയം ആവിഷ്കരിച്ചത്. പലപ്പോഴും സംഗീതമായി ചിട്ടപ്പെടുത്തിയ ഈ രചനകൾ ശിഷ്യരോ അല്ലെങ്കിൽ ഭക്തരോ, സാധാരണയായി കവി-സന്യാസിമാരുടെ മരണശേഷമാണ് ക്രോഡീകരിച്ചത്. അതിനേക്കാളുപരി, ഈ പാരമ്പര്യങ്ങൾ മാറ്റങ്ങൾക്ക് വിധേയമായിരുന്നു. തലമുറകളായി വന്ന ഭക്തന്മാർ യഥാർത്ഥ സന്ദേശത്തെ കൂടുതൽ വിപുലീകരിക്കാൻ ശ്രമിച്ചു. വ്യത്യസ്തമായ രാഷ്ട്രീയ, സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളിൽ പ്രശ്നമുണ്ടാക്കുന്നതോ അല്ലെങ്കിൽ അപ്രസക്തമോ ആയി തോന്നിയ ചില ആശയങ്ങളെ പരിഷ്കരിക്കുകയോ അഥവാ ഉപേക്ഷിക്കുകയോ ചെയ്തു. അതിനാൽ ഈ സ്രോതസ്സുകൾ ഉപയോഗിക്കുന്നത് ചരിത്രകാരർക്ക് വെല്ലുവിളി ഉയർത്തുന്നു.

ചരിത്രകാരർ, ആത്മീയാചാര്യരുടെ അനുയായികൾ (അല്ലെങ്കിൽ അവരുടെ മതവിഭാഗത്തിലെ അംഗങ്ങൾ) രചിച്ച പുണ്യാത്മചരിത്രങ്ങളെയോ (hagiographies) അല്ലെങ്കിൽ ജീവചരിത്രങ്ങളെയോ സ്വീകരിക്കാറുണ്ട്. ഇവയ്ക്ക് അക്ഷരാർത്ഥത്തിൽ കൃത്യത ഇല്ലാതിരിക്കാമെങ്കിലും ഇത്തരത്തിൽ പുതിയ പാതകൾ വെട്ടിത്തുറന്ന ഈ സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങളെ ഭക്തർ എത്തരത്തിൽ നോക്കികണ്ടു എന്നതിലേക്ക് ഒരു തിരനോട്ടം നടത്തുവാൻ സാധിക്കുന്നു.

നാം കാണാൻ പോകുന്നതുപോലെ, ഈ സ്രോതസ്സുകൾ വൈവിധ്യവും സവിശേഷവുമായ ഒരു അവസ്ഥയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നമുക്ക് നൽകുന്നുണ്ട്. ഇവയുടെ ചില ഘടകങ്ങളെ നമുക്ക് കൂടുതൽ സൂക്ഷ്മമായി നോക്കാം.

**ചിത്രം 6.1**
*തമിഴിൽ മനോഹരമായ ഭക്തി ഗാനങ്ങൾ രചിച്ച ഒരു ശിവഭക്തനായ മാണിക്കവാചകരുടെ പത്താം നൂറ്റാണ്ടിലെ വെങ്കല ശില്പം.*

## 1. മതവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും നാനാവർണങ്ങൾ (A Mosaic of Religious Beliefs and Practices)

ശില്പങ്ങളിലും ഗ്രന്ഥങ്ങളിലുമായി വ്യത്യസ്തരായ ധാരാളം ദേവന്മാരും ദേവതകളും കാണപ്പെടുന്നു എന്നതാണ് ഒരുപക്ഷേ ഈ ഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത. ഒരു തലത്തിൽ, ഇത് സൂചിപ്പിക്കുന്നത് പ്രധാന ദൈവങ്ങളായ വിഷ്ണു, ശിവൻ, ദേവി എന്നിവരെ ഓരോരുത്തരെയും വ്യത്യസ്തരൂപങ്ങളിൽ ദൃശ്യവൽക്കരിച്ചുകൊണ്ട് അവരുടെ ആരാധന തുടരുകയോ കൂടുതൽ വ്യാപിപ്പിക്കുകയോ ചെയ്തു എന്നാണ്.

### 1.1 വിശ്വാസങ്ങളുടെ ഏകീകരണം (The integration of cults)

ഈ സംഭവഗതികളെ മനസ്സിലാക്കുവാൻ ശ്രമിച്ച ചരിത്രകാരർ അഭിപ്രായപ്പെടുന്നത്, ചുരുങ്ങിയത് രണ്ടു പ്രക്രിയകൾ അവിടെ പ്രവർത്തിച്ചിരുന്നുവെന്നാണ്. ബ്രാഹ്മണാശയങ്ങളെ പ്രചരിപ്പിക്കുക എന്നതായിരുന്നു ഒരു പ്രക്രിയ. ലളിതമായ സംസ്കൃത പദ്യങ്ങളിലൂടെ പുരാണഗ്രന്ഥങ്ങൾ രചിക്കുകയും സമാഹരിക്കുകയും സംരക്ഷിക്കുകയും ചെയ്തതും, അത്തരത്തിൽ അവ വേദപഠനങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്ന സ്ത്രീകൾക്കും ശൂദ്രർക്കും പ്രാപ്യമാക്കിയതും ഇതിന്റെ ഏറ്റവും മികച്ച ദൃഷ്ടാന്തങ്ങളാണ്. അതോടൊപ്പം രണ്ടാമത്തെ പ്രക്രിയയുടെ പ്രവർത്തനം നടക്കുന്നുണ്ടായിരുന്നു - ബ്രാഹ്മണർ ഇവരുടെയും മറ്റ് സാമൂഹിക വിഭാഗങ്ങളുടെയും വിശ്വാസങ്ങളെയും ആചാരങ്ങളെയും സ്വീകരിക്കുകയും പുനക്രമീകരിക്കുകയും ചെയ്തു. യഥാർഥത്തിൽ, സമൂഹശാസ്ത്രജ്ഞർ പറയുന്നതുപോലെ "മഹാ" സംസ്കൃത പുരാണ പാരമ്പര്യങ്ങളും "ചെറു" പാരമ്പര്യങ്ങളും തമ്മിലുള്ള തുടർച്ചയായ ആശയവിനിമയത്തിലൂടെയാണ് പല വിശ്വാസങ്ങളും ആചാരങ്ങളും ഈ നാട്ടിലുടനീളം രൂപംകൊണ്ടത്.

ഈ പ്രക്രിയയുടെ ഏറ്റവും ശ്രദ്ധേയമായ ഉദാഹരണങ്ങളിൽ ഒന്നാണ് ഒറീസ്സയിലെ പുരി. പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ, അവിടത്തെ പ്രധാന ദേവനെ, വിഷ്ണുവിന്റെ ഒരു രൂപമായ ജഗന്നാഥ (വാച്യാർഥത്തിൽ, ലോകത്തിന്റെ അധിപൻ) നെന്ന് അനുരൂപപ്പെടുത്തുകയുണ്ടായി.

### "മഹാ" "ചെറു" പാരമ്പര്യങ്ങൾ ("Great" and "little" traditions)

ഇരുപതാം നൂറ്റാണ്ടിൽ, റോബർട്ട് റെഡ്ഫീൽഡ് എന്ന സമൂഹശാസ്ത്രജ്ഞനാണ്, കാർഷിക സമൂഹങ്ങളുടെ സാംസ്കാരികാചാരങ്ങളെ വിവരിക്കുവാൻ മഹാ, ചെറു പാരമ്പര്യങ്ങൾ എന്ന പദങ്ങൾ ഉപയോഗിച്ചത്. പുരോഹിതരും ഭരണാധികാരികളും ഉൾപ്പെടെയുള്ള പ്രബലമായ സാമൂഹിക വിഭാഗങ്ങളിൽ നിന്നും ഉടലെടുത്ത അനുഷ്ഠാനങ്ങളും ആചാരങ്ങളും കർഷകർ ആചരിച്ചിരുന്നതായി അദ്ദേഹം കണ്ടെത്തി. ഇവയെ ഒരു മഹാ പാരമ്പര്യത്തിന്റെ ഭാഗമായി അദ്ദേഹം തരംതിരിച്ചു. അതേസമയം, മഹാ പാരമ്പര്യവുമായി ഗണ്യമായ രീതിയിൽ യോജിക്കാത്ത പ്രാദേശികാചാരങ്ങളെയും കർഷകർ പിൻതുടർന്നു. ഇവയെ അദ്ദേഹം ചെറു പാരമ്പര്യ വിഭാഗത്തിനുള്ളിൽ ഉൾപ്പെടുത്തി. പരസ്പര പ്രവർത്തനങ്ങളിലൂടെ മഹാ, ചെറു പാരമ്പര്യങ്ങൾ കാലാനുസൃതമായി മാറുന്നതായും അദ്ദേഹം ശ്രദ്ധിച്ചു.

ഈ വിഭാഗങ്ങളുടെയും പ്രക്രിയകളുടെയും പ്രാധാന്യത്തെ പണ്ഡിതർ അംഗീകരിക്കുമ്പോൾത്തന്നെ മഹാ , ചെറു എന്നീ പദങ്ങൾ ഉളവാക്കുന്ന ശ്രേണി സൂചനയിൽ അവർ പലപ്പോഴും അസ്വസ്ഥരാണ്. "മഹാ", "ചെറു" എന്നിവയ്ക്കുള്ള ഉദ്ധരണി അടയാളങ്ങൾ ഇതിനെ സൂചിപ്പിക്കാനുള്ള ഒരു മാർഗമാണ്.



ചിത്രം 6.2
*ജഗന്നാഥൻ (വലത്തേ അറ്റം), അദ്ദേഹത്തിന്റെ സഹോദരി സുഭദ്ര (മധ്യഭാഗം), അദ്ദേഹത്തിന്റെ സഹോദരൻ ബലരാമൻ (ഇടത്ത്) എന്നിവരോടൊപ്പം*

ചിത്രം 6.2 ഉം ചിത്രം 4.26 ഉം (അധ്യായം 4) തമ്മിൽ താരതമ്യം ചെയ്യുകയാണെങ്കിൽ വളരെ വ്യത്യസ്തമായ രീതിയിലാണ് ദേവന്മാരെ ചിത്രീകരിച്ചിരിക്കുന്നത് എന്നു നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ഇവിടെ തദ്ദേശീയരായ ഗോത്രവിദഗ്ധർ തടികൊണ്ട് നിർമ്മിച്ച, ഇപ്പോഴും നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാദേശിക ദൈവത്തിന്റെ രൂപത്തെ, വിഷ്ണുവിന്റെ ഒരു രൂപമായി അംഗീകരിച്ചു. അതേസമയം, രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ ചെയ്തിട്ടുള്ളതിൽ നിന്നും വളരെ ഭിന്നമായ രീതിയിൽ വിഷ്ണുവിനെ ചിത്രീകരിച്ചിട്ടുമുണ്ട്.

സംയോജനത്തിന്റെ ഇത്തരം ഉദാഹരണങ്ങൾ ദേവതാവിശ്വാസങ്ങൾക്കിടയിലും വ്യക്തമായി കാണാൻ കഴിയും. ദേവതയുടെ ആരാധന, പലപ്പോഴും ലളിതമായി ഒരു കല്ലിൽ ചെമ്മണ്ണു പൂശിയ രീതിയിൽ, തീർച്ചയായും വ്യാപകമായിരുന്നു. ഈ പ്രാദേശിക ആരാധനാമൂർത്തികളെ പലപ്പോഴും പ്രധാന പുരുഷദേവന്റെ ഭാര്യാപദവി നൽകികൊണ്ട് പുരാണങ്ങളുടെ ചട്ടക്കൂടിൽ ഉൾക്കൊള്ളിച്ചു-ചിലപ്പോൾ വിഷ്ണുവിന്റെ ഭാര്യയായ ലക്ഷ്മിയായും മറ്റുസാഹചര്യങ്ങളിൽ ശിവന്റെ ഭാര്യയായ പാർവതിയായും അവരെ നിജപ്പെടുത്തുകയും ചെയ്തു.

## 1.2 ഭിന്നതയും ഏറ്റുമുട്ടലും (Difference and conflict)

പലപ്പോഴും ദേവതകളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ആരാധനാരീതികളുണ്ടായിരുന്നു. ഇവയെ താന്ത്രികം എന്ന രീതിയിലാണ് തരംതിരിച്ചിരുന്നത്. താന്ത്രികാചാരങ്ങൾ ഉപഭൂഖണ്ഡത്തിന്റെ നിരവധി ഭാഗങ്ങളിൽ വ്യാപകമായിരുന്നു. അതു സ്ത്രീകളും പുരുഷന്മാരും ആചരിച്ചിരുന്നു. കൂടാതെ, ഇത് അനുഷ്ഠിക്കുന്നവർ പലപ്പോഴും ജാതി വർഗ വ്യത്യാസങ്ങളെ അവഗണിച്ചിരുന്നു. ഈ ആശയങ്ങളിൽ പലതും ശൈവമതത്തെയും ബുദ്ധമതത്തെയും സ്വാധീനിച്ചു, പ്രത്യേകിച്ച് ഉപഭൂഖണ്ഡത്തിന്റെ കിഴക്ക്, വടക്ക്, തെക്ക് ഭാഗങ്ങളിൽ.

ചിത്രം 6.3

ഒരു ബുദ്ധമത ദേവിയുടെ ശില്പം, മരീചി (ഏകദേശം പത്താംനൂറ്റാണ്ട്, ബീഹാർ), വ്യത്യസ്തമായ മതവിശ്വാസങ്ങളും ആചാരങ്ങളും സമന്വയിക്കുന്ന പ്രക്രിയയ്ക്ക് ഒരു ഉദാഹരണം



ഏറെക്കുറെ വൈവിധ്യവും അസമാനതയുമാർന്ന ഇത്തരം വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം അടുത്ത സഹസ്രാബ്ദം കടക്കുമ്പോൾ ഹിന്ദു എന്ന് തരംതിരിക്കപ്പെടുന്നതായി കാണാം. വേദ-പുരാണ പാരമ്പര്യങ്ങൾ നാം താരതമ്യം ചെയ്യുമ്പോഴാണ് ഈ വേർപിരിയൽ ഏറ്റവും വ്യക്തമാകുന്നത്. വേദപാരമ്പര്യത്തിലെ പ്രധാന ഈശ്വരന്മാരായ ഇന്ദ്രൻ, അഗ്നി, സോമൻ എന്നിവർ പാർശ്വവൽക്കരിക്കപ്പെടുകയും ഗ്രന്ഥങ്ങളിലോ ദൃശ്യാവിഷ്കാരങ്ങളിലോ ഉള്ള അവരുടെ സാന്നിധ്യം അപൂർവമായിത്തീരുകയും ചെയ്തു. കൂടാതെ വേദമന്ത്രങ്ങളിൽ വിഷ്ണുവിനെയും ശിവനെയും ദേവിയെയും അപൂർവമായി മാത്രമെ നമുക്ക് കണ്ടെത്താൻ കഴിയുന്നുള്ളു. ഇവയ്ക്കാണെങ്കിൽ വിസ്തരിച്ചുള്ള പുരാണ കഥകളുമായി സാമ്യമൊന്നും കാണാനുമില്ല. എന്നിരുന്നാലും, ഇത്തരം വ്യക്തമായ പൊരുത്തക്കേടുകൾക്കിടയിലും വേദങ്ങൾ തുടർന്നും ആധികാരികമെന്ന തരത്തിൽ ആദരിക്കപ്പെട്ടു.

അതിശയകരമല്ലെന്ന് പറയട്ടെ, ചിലപ്പോഴൊക്കെ സംഘർഷങ്ങളുമുണ്ടായിട്ടുണ്ട്. കൃത്യമായി ഉരുവിടുന്ന മന്ത്രങ്ങളിലൂടെയും അനുഷ്ഠിക്കപ്പെടുന്ന യാഗങ്ങളിലൂടെയും സൂക്ഷ്മമായി നിയന്ത്രിക്കപ്പെട്ട രീതിക്കപ്പുറത്തേക്കുപോയി ദൈവികതയുമായി സംവേദിക്കുന്നതിനെ വൈദികപാരമ്പര്യങ്ങളെ വിലമതിക്കുന്നവർ അപലപിച്ചു. മറുവശത്ത്

താന്ത്രികാനുഷ്ഠാനങ്ങളിൽ ഏർപ്പെട്ടിരുന്നവർ വേദങ്ങളുടെ ആധികാരികതയെ തുടർച്ചയായി അവഗണിച്ചു. മാത്രമല്ല, ഭക്തർ പലപ്പോഴും തങ്ങളുടെ ഇഷ്ടദൈവങ്ങളായ വിഷ്ണുവിനെയോ ശിവനെയോ പരമോന്നതരായി ഉയർത്തിക്കാട്ടുകയും ചെയ്തു. ബുദ്ധമതം അല്ലെങ്കിൽ ജൈനമതം പോലുള്ള ഇതര പാരമ്പര്യങ്ങളുമായുള്ള ബന്ധങ്ങൾ പലപ്പോഴും തുറന്ന ഏറ്റുമുട്ടലിലെത്തിയില്ലെങ്കിൽ പോലും പിരിമുറുക്കം നിറഞ്ഞതായിരുന്നു.

ഭക്തിയുടെ പാരമ്പര്യങ്ങളെ ഈ പശ്ചാത്തലത്തിൽ നോക്കിക്കാണേണ്ടതുണ്ട്. നാം പരിഗണിക്കുന്ന കാലയളവിൽ നിന്നും പിന്നിലേക്ക് ഏകദേശം ആയിരം വർഷത്തിന്റെ സുദീർഘമായ ചരിത്രവുമുണ്ടിതിന്. ഈ കാലഘട്ടത്തിൽ, ക്ഷേത്രങ്ങൾക്കുള്ളിൽ പതിവായി നടത്തുന്ന ദൈവാരാധന മുതൽ പടിപ്പടിയായി ഭക്തരെ ആനന്ദമൂർച്ഛയിലേക്ക് നയിക്കുന്ന പരമാനന്ദകരമായ ആരാധനയിൽ വരെ ഭക്തിയുടെ പ്രകടനം എത്തി നിന്നു. ഭക്തിഗാനങ്ങൾ പാടുന്നതും ഉരുവിടുന്നതും പലപ്പോഴും ഇത്തരം ആരാധനാരീതിയുടെ ഭാഗമായിരുന്നു. വൈഷ്ണവ-ശൈവ വിഭാഗങ്ങളുടെ കാര്യത്തിൽ ഇത് പ്രത്യേകിച്ച് സത്യവുമായിരുന്നു.

> **➲ ചർച്ച ചെയ്യുക...**
> നിങ്ങളുടെ പട്ടണത്തിലോ അല്ലെങ്കിൽ ഗ്രാമത്തിലോ ആരാധിക്കപ്പെടുന്ന ദേവന്മാരെയും ദേവിമാരെയും കണ്ടെത്തുക, അവരുടെ പേരുകളും അവരെ ചിത്രീകരിച്ചിരിക്കുന്ന രീതികളും ശ്രദ്ധിക്കുക. അനുഷ്ഠിക്കുന്ന പൂജാവിധികൾ വിവരിക്കുക.

## 2. പ്രാർഥനാഗീതങ്ങൾ (Poems of Prayer) ഭക്തിയുടെ ആദ്യപാരമ്പര്യങ്ങൾ (Early Traditions of Bhakti)

ഇത്തരത്തിലുള്ള ആരാധനാരീതികൾ രൂപം കൊള്ളുന്നതിനിടയിൽ, പല സന്ദർഭങ്ങളിലും കവികളായ സന്യാസിമാർ നായകരായി ഉയർന്നു വരികയും അവർക്കു ചുറ്റുമായി ഭക്തരുടെ ഒരുസമൂഹം രൂപപ്പെടുകയും ചെയ്തു. കൂടാതെ, ഭക്തിയുടെ വിവിധ ഭാവങ്ങളിൽ ദൈവത്തിന്റെയും ഭക്തരുടെയും ഇടയിലുള്ള പ്രധാന ഇടനിലക്കാരായി ബ്രാഹ്മണർ നിലകൊണ്ടപ്പോൾത്തന്നെ, യാഥാസ്ഥിതിക ബ്രാഹ്മണചട്ടക്കൂടിനുള്ളിൽ മോക്ഷത്തിന് അയോഗ്യരെന്ന് കണക്കാക്കപ്പെട്ടിരുന്ന സ്ത്രീകൾക്കും "താഴ്ന്ന ജാതിക്കാർക്കും" ഈ ഭക്തി പ്രസ്ഥാനങ്ങളിൽ ഇടവും അംഗീകാരവും നൽകി. ഭക്തിപ്രസ്ഥാനങ്ങളുടെ മറ്റൊരു സവിശേഷത അവയുടെ അസാമാന്യമായ വൈവിധ്യമായിരുന്നു.

മറ്റൊരു തലത്തിൽ മതചരിത്രകാരർ പലപ്പോഴും ഭക്തിപ്രസ്ഥാനങ്ങളെ രണ്ടു വിശാലവിഭാഗമായി തരംതിരിക്കുന്നു : *സഗുണം* (ഗുണങ്ങളുള്ളത്) *നിർഗുണം* (ഗുണങ്ങളില്ലാത്തത്). ശിവനും വിഷ്ണുവും അദ്ദേഹത്തിന്റെ അവതാരങ്ങളും, ദേവിയുടെ രൂപങ്ങളും എന്നിങ്ങനെ പ്രത്യേക ദൈവങ്ങളുടെ ആരാധനയെ കേന്ദ്രീകരിക്കുന്ന പാരമ്പര്യങ്ങൾ ഇതിൽ ആദ്യത്തേതിൽ ഉൾപ്പെടുന്നു. ഇവരെയെല്ലാം മിക്കവാറും മനുഷ്യരൂപങ്ങളായി സങ്കൽപ്പിക്കപ്പെട്ടിരുന്നു. മറുവശത്ത് *നിർഗുണ* ഭക്തിയാകട്ടെ, ദൈവത്തിന്റെ അമൂർത്തമായ രൂപത്തെ ആരാധിക്കുന്നതായിരുന്നു.

### 2.1 തമിഴ്നാട്ടിലെ ആഴ്വാന്മാരും നായനാർമാരും (The Alvars and Nayanars of Tamil Nadu)

ആദ്യകാല ഭക്തിപ്രസ്ഥാനങ്ങളിൽ ചിലതിനെ (ഏകദേശം ആറാം നൂറ്റാണ്ട്) ആഴ്വാർമാരും (വിഷ്ണു ഭക്തിയിൽ മുഴുകിയവർ എന്നർഥം) നായനാർമാരു (ശിവഭക്തരായിരുന്ന മാർഗദർശികൾ) മാണ് നയിച്ചിരുന്നത്. അവർ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കു സഞ്ചരിക്കുകയും അവരുടെ ദൈവങ്ങളെ സ്തുതിച്ചുകൊണ്ട് തമിഴ് കീർത്തനങ്ങൾ ആലപിക്കുകയും ചെയ്തു.

*സ്രോതസ്സ് 1*

**ചതുർവേദിയും (നാലുവേദങ്ങളിലും പാണ്ഡിത്യമുള്ള ബ്രാഹ്മണനും) "ഭ്രഷ്ടനും"**
**(The *chaturvedin* (Brahmana versed in the four Vedas) & the "outcaste")**

തൊണ്ടാരടിപ്പൊടി എന്ന ബ്രാഹ്മണ ആഴ്‌വാരുടെ രചനയിലെ ഒരുഭാഗം:

വിഷ്ണുഭഗവാനേ,
ഭഗവൽസേവയിൽ
കൂറില്ലാത്ത അപരിചിതരായ
*ചതുർവേദി*കളോടെന്നതിനേക്കാൾ,

നിൻ തിരുവടികളോടുള്ള
സ്നേഹം പ്രകാശിപ്പിക്കുന്ന
ഭ്രഷ്ടജനങ്ങളോട്
അങ്ങു താദാത്മ്യപ്പെടുന്നു.

➲ തൊണ്ടരടിപ്പൊടി ജാതിവ്യവസ്ഥയ്ക്കെതിരായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

*സ്രോതസ്സ് 2*

**ശാസ്ത്രമോ ഭക്തിയോ?**
**(Shastras or devotion?)**

ഒരു നായനാർ സന്ന്യാസിയായ അപ്പർ രചിച്ച ശ്ലോകം:

ഓ, നിയമഗ്രന്ഥങ്ങളുരുവിടും
വഞ്ചകരേ,
നിങ്ങളുടെ ഗോത്രവും കുലവുംകൊണ്ട്
എന്തു പ്രയോജനം?
നിൻ ഏക അഭയകേന്ദ്രമാം
മാർപെരുദേവനെ വന്ദിക്കൂ.

(മാർപെരുദേവൻ:തമിഴ്നാട്ടിലെ തഞ്ചാവൂരിലുള്ള മാർപെരുവിൽ വസിക്കുന്ന ശിവൻ).

➲ ബ്രാഹ്മണരോടുള്ള മനോഭാവത്തിൽ അപ്പർക്കും തൊണ്ടരടിപ്പൊടിക്കും തമ്മിൽ എന്തെങ്കിലും സാമ്യമോ വ്യത്യാസമോ ഉണ്ടോ?

ഈ യാത്രകളിൽ ആഴ്‌വാർമാരും നായനാർമാരും ചില ക്ഷേത്രങ്ങളെ അവരുടെ ഇഷ്ടദൈവങ്ങളുടെ വാസസ്ഥാനമായി തിരഞ്ഞെടുത്തു. പിന്നീട് പലപ്പോഴും ഈ പുണ്യസ്ഥലങ്ങളിൽ വലിയ ക്ഷേത്രങ്ങൾ നിർമ്മിക്കപ്പെട്ടു. ഇവ തീർഥാടന കേന്ദ്രങ്ങളായി വികസിച്ചു. ഈ കവിസന്ന്യാസിമാരുടെ രചനകൾ ആലപിക്കുന്നതുപോലെ ഈ പുണ്യാത്മാക്കളുടെ വിഗ്രഹങ്ങൾ ആരാധിക്കുന്നതും ക്ഷേത്രാചാരങ്ങളുടെ ഭാഗമായി മാറി.

## 2.2 ജാതിയോടുള്ള മനോഭാവങ്ങൾ (Attitudes towards caste)

ആഴ്‌വാർമാരും നായനാർമാരും ജാതിവ്യവസ്ഥയ്ക്കും ബ്രാഹ്മണ മേധാവിത്വത്തിനുമെതിരെയുള്ള ഒരു പ്രതിഷേധപ്രസ്ഥാനത്തിന് തുടക്കമിട്ടുവെന്നും അഥവാ ഈ സംവിധാനത്തെ പരിഷ്കരിക്കുന്നതിനെങ്കിലും ശ്രമിച്ചുവെന്നും ചില ചരിത്രകാരർ അഭിപ്രായപ്പെടുന്നു. വ്യത്യസ്ത സാമൂഹികപശ്ചാത്തലങ്ങളിൽപ്പെട്ടവരായ ബ്രാഹ്മണർ മുതൽ കൈത്തൊഴിലുകാരും കൃഷിക്കാരും, 'തൊട്ടുകൂടാത്തവർ' എന്നു കരുതുന്ന ജാതികളിൽ നിന്നുള്ളവർപോലും ഭക്തരായി ഇതിലേക്ക് കടന്നുവന്നിട്ടുണ്ട് എന്നത് ഈ വസ്തുതയെ ഒരു പരിധിവരെ പിന്താങ്ങുന്നു.

ആഴ്‌വാർമാരുടെയും നായനാർമാരുടെയും രചനകൾ വേദങ്ങളെപ്പോലെ പ്രാധാന്യമർഹിക്കുന്നതാണെന്ന അവകാശവാദം സൂചിപ്പിക്കുന്നത് ഒരുപക്ഷേ, അവരുടെ പാരമ്പര്യങ്ങളുടെ പ്രാധാന്യത്തെയാണ്. ഉദാഹരണത്തിന്, ആഴ്‌വാർമാരുടെ രചനകളിലെ പ്രധാനപ്പെട്ട ഒരു പദ്യസമാഹാരമായ, *നാലായിര ദിവ്യപ്രബന്ധത്തെ* മിക്കപ്പോഴും തമിഴ് വേദമായാണ് വിശേഷിപ്പിക്കുന്നത്. സംസ്കൃതത്തിൽ ബ്രാഹ്മണരാൽ പരിപോഷിപ്പിക്കപ്പെട്ട നാലുവേദങ്ങളെപ്പോലെതന്നെ ഈ ഗ്രന്ഥത്തിനും പ്രാധാന്യമുണ്ടെന്ന് അവർ അവകാശപ്പെടുന്നു.

## 2.3 സ്ത്രീ ഭക്തർ (Women devotees)

ഈ പാരമ്പര്യങ്ങളുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിലൊന്ന് ഒരുപക്ഷേ, സ്ത്രീകളുടെ സാന്നിധ്യമായിരുന്നു. ഉദാഹരണത്തിന്, ആണ്ടാൾ എന്ന സ്ത്രീആഴ്‌വാരുടെ രചനകൾ വ്യാപകമായി ആലപിക്കപ്പെട്ടു (ഇന്നും ആലാപനം തുടരുന്നുണ്ട്). വിഷ്ണുവിന്റെ പ്രിയപ്പെട്ടവളായി ആണ്ടാൾ സ്വയംകണ്ടു; അവരുടെ ഗീതങ്ങൾ ആ ദൈവത്തോടുള്ള അവരുടെ സ്നേഹത്തെ പ്രകടിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു സ്ത്രീ, ശിവഭക്തയായ കാരയ്ക്കൽ അമ്മയാർ തന്റെ ലക്ഷ്യം നേടുന്നതിനായി തീവ്രമായ സന്യാസത്തിന്റെ പാത സ്വീകരിച്ചു. അവ

**ഭക്തി സാഹിത്യത്തിന്റെ സമാഹാരങ്ങൾ**
**(Compilations of devotional literature)**

പത്താം നൂറ്റാണ്ടോടെ 12 ആഴ്‌വാർമാരുടെ രചനകൾ *നാലായിര ദിവ്യപ്രബന്ധം* (നാലായിരം വിശുദ്ധമായ രചനകൾ) എന്നറിയപ്പെടുന്ന പദ്യസമാഹാരത്തിൽ ക്രോഡീകരിക്കപ്പെട്ടു.

അപ്പർ, സംബന്ധർ, സുന്ദരർ എന്നിവരുടെ കവിതകൾ *തേവാരം* എന്നറിയപ്പെട്ടു. പത്താം നൂറ്റാണ്ടിൽ സമാഹരിക്കപ്പെടുകയും സംഗീതത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കപ്പെടുകയും ചെയ്ത ഒരു ശേഖരമാണിത്.

രുടെ രചനകൾ നായനാർ പാരമ്പര്യത്തിനുള്ളിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ സ്ത്രീകൾ തങ്ങളുടെ സാമൂഹിക ഉത്തരവാദിത്വങ്ങൾ പരിത്യജിച്ചെങ്കിലും ഇതരസംഘത്തിൽ ചേരുകയോ സന്യാസിനികൾ ആയിത്തീരുകയോ ചെയ്തില്ല. അവരുടെ നിലനിൽപ്പും രചനകളും പുരുഷമേധാവിത്ത വ്യവസ്ഥക്ക് വെല്ലുവിളി ഉയർത്തി.

*സ്രോതസ്സ് 3*

### ഒരു സത്വം? (A demon?)

കാരയ്ക്കൽ അമ്മയാർ രചിച്ച ഒരുകവിതയിൽ അവർ സ്വയം വിവരിക്കുന്ന ഭാഗമാണിത്:

ഒരു സ്ത്രീസത്വം വീർത്തഞരമ്പുകളോടെ,<br>
തുറിച്ചകണ്ണുകളോടെ, വെളുത്തപല്ലുകളോടെ, ഒട്ടിയവയറോടെ,<br>
ചെമ്മുടിയും തേറ്റപ്പല്ലുകളും<br>
പാദാന്തമെത്തും നെടുംകണങ്കാലുകളുമോടെ<br>
കാട്ടിലലഞ്ഞിടുമാ പെൺസത്വം<br>
അലറുന്നാർത്തനാദമുതിർക്കുന്നു.<br>
ഇതാണ് അലംകാടെന്ന കാട്,<br>
ഇത് ശിവതാതന്റെ കാട്<br>
നടനമാടുന്നവിടുന്നു തൻ തിരുജട<br>
പായിച്ചഷ്ടദിക്കിലും, സരളപദതാളമോടെ.

➲ പരമ്പരാഗത സ്ത്രീസൗന്ദര്യ സങ്കൽപങ്ങൾക്ക് വിപരീതമായി കാരയ്ക്കൽ അമ്മയാർ അവരെ ചിത്രീകരിക്കുന്ന രീതികൾ പട്ടികപ്പെടുത്തുക.



ചിത്രം 6.4

*കാരയ്ക്കൽ അമ്മയാറുടെ പന്ത്രണ്ടാം നൂറ്റാണ്ടിലെ വെങ്കല പ്രതിമ*

## 2.4 രാഷ്ട്രവുമായുള്ള ബന്ധം (Relations with the state )

സി.ഇ. ഒന്നാം സഹസ്രാബ്ദത്തിന്റെ ആദ്യകാലങ്ങളിൽ തമിഴ് പ്രദേശത്ത് പ്രധാനപ്പെട്ട നിരവധി നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നതായി രണ്ടാം അധ്യായത്തിൽ നാംകണ്ടു. ഒന്നാം സഹസ്രാബ്ദത്തിന്റെ രണ്ടാം പകുതി മുതൽ, പല്ലവർ, പാണ്ഡ്യർ (ഏകദേശം സി.ഇ. ആറാം നൂറ്റാണ്ട് മുതൽ ഒമ്പതാം നൂറ്റാണ്ട് വരെ) ഉൾപ്പെടെയുള്ളവരുടെ രാഷ്ട്രങ്ങളുണ്ടായിരുന്നതായി തെളിവുണ്ട്. ബുദ്ധമതവും ജൈനമതവും കച്ചവടക്കാരുടെയും കരകൗശല സമൂഹങ്ങളുടെയും പിന്തുണയോടെ നൂറ്റാണ്ടുകളായി ഈ മേഖലയിൽ പ്രചാരത്തിലുണ്ടായിരുന്നപ്പോഴും, രാജകീയ പിന്തുണ ചിലപ്പോഴൊക്കെ ഈ മതപാരമ്പര്യങ്ങൾക്ക് ലഭിച്ചിരുന്നു.

ശ്രദ്ധേയമെന്നു പറയട്ടെ, തമിഴ് ഭക്തി കീർത്തനങ്ങളുടെ പ്രധാനപ്പെട്ട പ്രമേയങ്ങളിൽ ഒന്ന് ബുദ്ധമതത്തോടും ജൈനമതത്തോടുമുള്ള

കവികളുടെ എതിർപ്പാണ്. ഇത് പ്രത്യേകിച്ചും നായനാർമാരുടെ രചനകളിൽ കാണാൻ കഴിയുന്നതാണ്. രാജകീയ പരിരക്ഷണത്തിനു വേണ്ടി ഇതര മതപാരമ്പര്യങ്ങളുടെ അംഗങ്ങൾ തമ്മിലുണ്ടായ മത്സരമാണ് ഈ ശത്രുതയുടെ കാരണമെന്ന് വിശദീകരിക്കുവാൻ ചരിത്രകാരർ ശ്രമിച്ചിട്ടുണ്ട്. ശക്തരായ ചോള ഭരണാധികാരികൾ (ഒമ്പത് മുതൽ പതിമൂന്നാം നൂറ്റാണ്ട് വരെ) ബ്രാഹ്മണ-ഭക്തി പാരമ്പര്യങ്ങളെ പിന്തുണയ്ക്കുകയും ഭൂമി ദാനമായി നൽകുകയും വിഷ്ണുവിനും ശിവനും ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ചെയ്തു എന്നത് വ്യക്തമാണ്.

യഥാർഥത്തിൽ, ചോള ഭരണാധികാരികളുടെ രക്ഷാധികാരത്തിലാണ് ചിദംബരം, തഞ്ചാവൂർ, ഗംഗൈകൊണ്ടചോളപുരം എന്നിവ ഉൾപ്പടെ ഏറ്റവും പ്രൗഢഗംഭീരമായ ശിവക്ഷേത്രങ്ങളിൽ ചിലത് നിർമ്മിക്കപ്പെട്ടത്. ഈ കാലഘട്ടത്തിലാണ് ശിവന്റെ ഏറ്റവും ഗംഭീരമായ ചില വെങ്കലപ്രതിമകൾ നിർമ്മിക്കപ്പെട്ടതും നായനാർമാരുടെ ദർശനങ്ങൾ കലാകാരന്മാർക്ക് പ്രചോദനമേകിയിരുന്നു എന്ന് വ്യക്തമാണ്.

വെള്ളാള കർഷകർ നായനാർമാരെയും ആഴ്വാർമാരെയും ആദരിച്ചിരുന്നു. ഭരണാധികാരികളും ഇവരുടെ പിന്തുണ നേടിയെടുക്കാൻ ശ്രമിച്ചതിൽ അതിശയമില്ല. ഉദാഹരണമായി, ചോളരാജാക്കന്മാർ ദൈവികപിന്തുണ അവകാശപ്പെടാൻ പലപ്പോഴും ശ്രമിക്കുകയും മനോഹരമായ ക്ഷേത്രങ്ങൾ നിർമ്മിച്ചുകൊണ്ട് അവരുടെ അധികാരവും പദവിയും വിളിച്ചറിയിക്കുകയും ചെയ്തു. ജനങ്ങളുടെ ഭാഷയിൽ പാടിയിരുന്ന ഈ ജനകീയ സന്ന്യാസിമാരുടെ ദർശനങ്ങളെ പുനസൃഷ്ടിക്കുവാൻ ഈ ക്ഷേത്രങ്ങളെ ശിലകളിലും ലോഹങ്ങളിലുമുള്ള കൊത്തുപണികൾ കൊണ്ട് അലങ്കരിക്കുകയും ചെയ്തു.

*ചിത്രം 6.5*
*നടരാജനായ ശിവന്റെ ഒരു രൂപം*



രാജകീയ രക്ഷാധികാരത്തിൻകീഴിലുള്ള ക്ഷേത്രങ്ങളിൽ തമിഴ് ശൈവകീർത്തനങ്ങൾ ആലപിക്കുന്ന സമ്പ്രദായം രാജാക്കന്മാർ ആരംഭം കുറിച്ചും കൂടാതെ അവ ശേഖരിച്ച് ക്രോഡീകരിക്കുന്നതിനും ഒരു ഗ്രന്ഥ *(തേവാരം)* മാക്കുന്നതിനും അവർ മുൻകൈ എടുത്തു. ഏകദേശം 945 ലെ ലിഖിത തെളിവുകൾ സൂചിപ്പിക്കുന്നത്, അപ്പർ, സംബന്ധർ, സുന്ദരർ എന്നിവരുടെ ലോഹപ്രതിമകൾ ചോള ഭരണാധികാരിയായ പരാന്തകൻ ഒന്നാമൻ ഒരു ശിവക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചുവെന്നാണ്. ഈ സന്ന്യാസിമാരുടേതായ ഉത്സവകാലങ്ങളിൽ ഇവയെ ഘോഷയാത്രയായി വഹിച്ചുകൊണ്ടുപോയിരുന്നു.

**ചർച്ച ചെയ്യുക...**

ഭക്തരുമായുള്ള ബന്ധത്തെ പ്രഖ്യാപിക്കാൻ രാജാക്കന്മാർ താൽപര്യപ്പെട്ടിരുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?

## 3. കർണാടകയിലെ വീരശൈവ പാരമ്പര്യം (The Virashaiva Tradition in Karnataka)

പന്ത്രണ്ടാം നൂറ്റാണ്ട് കർണാടകയിൽ പുതിയൊരു പ്രസ്ഥാനത്തിന്റെ ഉദയത്തിനു സാക്ഷ്യം വഹിച്ചു. ബസവണ്ണ (1106 – 68) എന്ന് പേരായ ഒരു ബ്രാഹ്മണനാണ് ഇതു നയിച്ചത്. അദ്ദേഹം തുടക്കത്തിൽ ജൈനനും ഒരു ചാലൂക്യരാജാവിന്റെ രാജസദസ്സിലെ മന്ത്രിയുമായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾ വീരശൈവർ (ശിവന്റെ വീരപുരുഷന്മാർ) അഥവാ ലിംഗായത്തുകൾ (*ലിംഗം* ധരിക്കുന്നവർ) എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇന്നും ഈ പ്രദേശത്ത് ലിംഗായത്തുകൾ ഒരു പ്രധാനപ്പെട്ട സമൂഹമായി തുടരുന്നു. ശിവന്റെ സാക്ഷാത്കാരമായ *ലിംഗ*രൂപത്തെ അവർ ആരാധിക്കുകയും പുരുഷന്മാർ സാധാരണയായി ചെറിയ *ലിംഗ*ത്തെ ഒരു വെള്ളിക്കൂടിൽ വച്ച് ഇടത് തോളിൽ തൂക്കിയിട്ട വളയത്തിൽ ധരിക്കുകയും ചെയ്യുന്നു. *ജംഗമ* അഥവാ അലയുന്ന സന്യാസിമാർ ഉൾപ്പെടെയുള്ളവരെ അവർ ആദരിക്കുന്നു. മരണത്തോടുകൂടി ഭക്തൻ ശിവനുമായി ലയിച്ചു ചേരുമെന്നും ഈ ലോകത്തിലേക്ക് മടങ്ങിവരുകയില്ലെന്നും ലിംഗായത്തുകൾ വിശ്വസിക്കുന്നു. അതുകൊണ്ട് അവർ ധർമ്മശാസ്ത്രങ്ങളിൽ നിർദേശിച്ചിട്ടുള്ള ശവദാഹം പോലുള്ള ശവസംസ്കാരാനുഷ്ഠാനങ്ങൾ ആചരിച്ചിരുന്നില്ല. അതിനുപകരം, ആഘോഷപൂർവം അവർ മൃതദേഹത്തെ അടക്കം ചെയ്തിരുന്നു.

ജാതിയെന്ന ആശയത്തെയും, ചില വിഭാഗങ്ങൾക്ക് ബ്രാഹ്മണർ കല്പിച്ചിരുന്ന "അശുദ്ധി" എന്ന വിശേഷണത്തെയും ലിംഗായത്തുകൾ വെല്ലുവിളിച്ചു. പുനർജന്മം എന്ന സിദ്ധാന്തത്തെയും അവർ ചോദ്യം ചെയ്തു. ഇവയെല്ലാം, അവർക്ക് ബ്രാഹ്മണ സാമൂഹികവ്യവസ്ഥയ്ക്കുള്ളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടയിൽനിന്നും അനുയായികളെ നേടിക്കൊടുത്തു. ധർമ്മശാസ്ത്രങ്ങൾ നിരാകരിച്ചിരുന്ന യൗവനാരംഭത്തിനുശേഷമുള്ള വിവാഹം, വിധവകളുടെ പുനർവിവാഹം തുടങ്ങിയ ചില അനുഷ്ഠാനങ്ങളെ ലിംഗായത്തുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വീരശൈവ പാരമ്പര്യത്തെക്കുറിച്ച് നാം മനസ്സിലാക്കുന്നത് ഈ പ്രസ്ഥാനത്തിൽ പങ്കുചേർന്ന സ്ത്രീകളും പുരുഷന്മാരും കന്നടയിൽ രചിച്ച *വചന* (വാച്യാർത്ഥത്തിൽ മൊഴികൾ) ങ്ങളിൽ നിന്നുമാണ്.

### മതപരമായ പുതിയ സംഭവവികാസങ്ങൾ (New religious developments)

ഈ കാലഘട്ടം രണ്ട് പ്രധാനപ്പെട്ട സംഭവ വികാസങ്ങൾക്കുകൂടി സാക്ഷ്യം വഹിച്ചു. ഒരുവശത്ത് തമിഴ് ഭക്തരുടെ (പ്രത്യേകിച്ചും വൈഷ്ണവരുടെ), പല ആശയങ്ങളും സംസ്കൃത പാരമ്പര്യത്തിൽ കൂട്ടിച്ചേർക്കപ്പെടുകയും അത് ഏറ്റവും അറിയപ്പെടുന്ന പുരാണങ്ങളിലൊന്നായ *ഭാഗവത പുരാണ*ത്തിന്റെ രചനയിൽ എത്തിച്ചേരുകയും ചെയ്തു. രണ്ടാമതായി, പതിമൂന്നാം നൂറ്റാണ്ടിൽ മഹാരാഷ്ട്രയിൽ ഭക്തി പാരമ്പര്യങ്ങളുടെ വികാസം നാം കാണുന്നു.

*സ്രോതസ്സ് 4*

### ചടങ്ങുകളും യഥാർഥ ലോകവും (Rituals and the real world)

ഇതാ ബസവണ്ണ രചിച്ച ഒരു വചനം;

കല്ലിൽ കൊത്തിയൊരു നാഗത്തെ കാണുമ്പോൾ അവർ അതിൽപാലഭിഷേകം നടത്തുന്നു.

ഒരു യഥാർഥസർപ്പം വന്നാൽ അവർ പറയുന്നു : "കൊല്ലൂ, കൊല്ലൂ"

വിളമ്പിയാൽ ഭക്ഷിക്കാൻ സാധിക്കുന്ന ദൈവദാസനെ അവർ ആട്ടിയോടിക്കുന്നു: "ദൂരെപ്പോ! ദൂരെപ്പോ!"

എന്നാൽ ഭക്ഷിക്കാനാവാത്ത ദൈവവിഗ്രഹത്തിന് അവർ നേദിക്കുന്നു ഭക്ഷ്യവിഭവങ്ങൾ.

➲ ബസവണ്ണക്ക് ആചാരങ്ങളോടുള്ള മനോഭാവം വിവരിക്കുക. അദ്ദേഹം അത് തന്റെ അനുവാചകനെ ബോധ്യപ്പെടുത്തുന്നത് എങ്ങനെ?

## 4. വടക്കേ ഇന്ത്യയിൽ മതപരമായ അന്തസംഘർഷം (RELIGIOUS FERMENT IN NORTH INDIA)

ഇതേ കാലഘട്ടത്തിൽ, വടക്കേ ഇന്ത്യയിലെ ക്ഷേത്രങ്ങളിൽ വിഷ്ണുവിനെയും ശിവനെയും പോലുള്ള ദൈവങ്ങളെ ആരാധിച്ചിരുന്നു. ഈ ക്ഷേത്രങ്ങൾ പലപ്പോഴും ഭരണാധികാരികളുടെ പിന്തുണയോടുകൂടിയാണ് നിർമ്മിക്കപ്പെട്ടത്. എന്നിരുന്നാലും, പതിനാലാം നൂറ്റാണ്ടുവരെ ആഴ്‌വാർമാരുടെയും നായനാർമാരുടെയും രചനകളോട് സാദൃശ്യമുള്ള ഒരുതെളിവും ചരിത്രകാരർ കണ്ടെത്തിയിട്ടില്ല. എങ്ങനെയാണ് ഈ വ്യത്യാസത്തെ നാം വിശദീകരിക്കുന്നത്?

ഈ കാലഘട്ടത്തിലാണ് അനേകം രജപുത്രരാഷ്ട്രങ്ങൾ വടക്കേ ഇന്ത്യയിൽ ഉദയം ചെയ്തതെന്ന് ചില ചരിത്രകാരർ ചൂണ്ടികാണിക്കുന്നു. ഇവയിലെ ഭൂരിഭാഗം രാഷ്ട്രങ്ങളിലും ബ്രാഹ്മണർ മതേതരവും അനുഷ്ഠാനപരവുമായ വിവിധ തരത്തിലുള്ള കൃത്യങ്ങൾ നിർവഹിക്കുക വഴി പ്രധാനപ്പെട്ട സ്ഥാനമാനങ്ങൾ കൈവശപ്പെടുത്തിയിരുന്നു. അവരുടെ സ്ഥാനത്തെ നേരിട്ട് വെല്ലുവിളിക്കാൻ ഏതെങ്കിലും ഒരു ശ്രമം നടന്നതായി പോലും കാണാൻ കഴിയുന്നില്ല.



ചിത്രം 6.6
*എട്ടാം നൂറ്റാണ്ടിലോ ഒമ്പതാം നൂറ്റാണ്ടിലോ ഉള്ള ഖുർആന്റെ കൈയെഴുത്തു പ്രതിയുടെ ഒരു പേജിന്റെ ഭാഗം*

അതേസമയം, യാഥാസ്ഥിതിക ബ്രാഹ്മണ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കാത്ത മറ്റുമതനേതാക്കൾ തങ്ങളുടെ അടിത്തറയുണ്ടാക്കുവാൻ തുടങ്ങിയിരുന്നു. നാഥുകൾ, ജോഗികൾ, സിദ്ധർ എന്നിവർ ഇതിൽ ഉൾപ്പെട്ടു. അവരിൽ പലരും നെയ്ത്ത് ഉൾപ്പെടെയുള്ള കൈത്തൊഴിൽ വിഭാഗങ്ങളിൽ നിന്ന് കടന്നു വന്നവരാണ്. സംഘടിതമായ കരകൗശല ഉൽപ്പാദനത്തിന്റെ വികാസത്തിലൂടെ ഇവർ കൂടുതൽ പ്രാധാന്യം നേടിക്കൊണ്ടിരുന്നു. പുതിയ നാഗരിക കേന്ദ്രങ്ങളുടെ ഉദയത്തിലൂടെയും മധ്യേഷ്യയും പശ്ചിമേഷ്യയുമായുള്ള ദീർഘദൂരവ്യാപാരത്തിലൂടെയും ഇത്തരം ഉൽപാദനത്തിന്റെ ആവശ്യകത വർധിച്ചുവന്നു.

ഈ പുതിയ മതനേതാക്കളിൽ പലരും വേദങ്ങളുടെ ആധികാരികതയെ ചോദ്യംചെയ്തു. കൂടാതെ, അവർ സാധാരണ ജനങ്ങൾ സംസാരിക്കുന്ന ഭാഷകളിൽ ആശയവിനിമയം നടത്തുകയും അവ നൂറ്റാണ്ടുകളിലൂടെ ഇന്ന് നാം ഉപയോഗിക്കുന്ന ഭാഷകളായി വികസിക്കുകയും ചെയ്തു. എന്നിരുന്നാലും ജനപ്രീതി ഉണ്ടായിരുന്ന ഈ മതനേതാക്കൾക്ക് ഭരണവരേണ്യവർഗത്തിന്റെ പിന്തുണയാർജിക്കുവാൻ കഴിഞ്ഞില്ല.

ഈ സാഹചര്യത്തിലെ ഒരുപുതിയ ഘടകമായിരുന്നു ഡൽഹി സൽത്തനത്തിന്റെ രൂപീകരണത്തിലെത്തിച്ച (പതിമൂന്നാംനൂറ്റാണ്ട്) തുർക്കികളുടെ വരവ്. ഇത് പല രജപുത്ര രാജ്യങ്ങളുടെയും ഈ രാജ്യങ്ങളുമായി ബന്ധപ്പെട്ടുനിന്ന ബ്രാഹ്മണരുടെയും അധികാരത്തിന്റെ അടിത്തറ ഇളക്കി. തുടർന്ന് സംസ്കാരത്തിന്റെയും മതത്തിന്റെയും മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നുചേർന്നു. ഈ സംഭവവികാസങ്ങളുടെ ഒരു പ്രധാനപ്പെട്ട ഭാഗമായിരുന്നു സൂഫികളുടെ (വിഭാഗം 6) വരവ്.

# 5. നെയ്ത തുണിയിൽ പുതിയ ഇഴകൾ (NEW STRANDS IN THE FABRIC)

## ഇസ്ലാമിക പാരമ്പര്യങ്ങൾ (ISLAMIC TRADITIONS)

ഉപഭൂഖണ്ഡത്തിനകത്തുള്ള പ്രദേശങ്ങൾ ഒറ്റപ്പെടാതെ പരസ്പരം ബന്ധപ്പെട്ടിരുന്നതുപോലെ തന്നെ സമുദ്രങ്ങൾക്കും പർവതങ്ങൾക്കും അപ്പുറമുള്ള ഭൂവിഭാഗങ്ങളുമായുള്ള ബന്ധവും സഹസ്രാബ്ദങ്ങളായി നിലനിന്നിരുന്നു. ഉദാഹരണത്തിന്, സി.ഇ. ഒന്നാം സഹസ്രാബ്ദത്തിൽ അറബിക്കച്ചവടക്കാർ പടിഞ്ഞാറൻ തീരത്തുള്ള തുറമുഖങ്ങളിൽ പതിവായി എത്തുകയും മധ്യേഷ്യൻ ജനങ്ങൾ ഇതേ കാലഘട്ടത്തിൽ തന്നെ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ താമസമുറപ്പിക്കുകയും ചെയ്തു. ഏഴാം നൂറ്റാണ്ടു മുതൽ, ഇസ്ലാമിന്റെ കടന്നുവരവോടുകൂടി ഈ പ്രദേശങ്ങൾ പലപ്പോഴും ഇസ്ലാമിക ലോകമെന്ന് വിശേഷിപ്പിക്കുന്നതിന്റെ ഭാഗമായിത്തീർന്നു.

### 5.1 ഭരണാധികാരികളുടെയും പ്രജകളുടെയും വിശ്വാസങ്ങൾ (Faiths of rulers and subjects)

ഭരണ-വരേണ്യ വർഗങ്ങളുടെ മതങ്ങളിൽ ശ്രദ്ധിക്കുക എന്നതാണ് ഈ ബന്ധങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുവാൻ പലപ്പോഴും ഉപയോഗിക്കുന്ന ഒരു അച്ചുതണ്ട്. 711 ൽ മുഹമ്മദ് കാസിം എന്ന ഒരു അറബ് ജനറൽ സിന്ധ് കീഴടക്കുകയും അത് ഖലീഫയുടെ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. പിന്നീട് (ഏകദേശം പതിമൂന്നാം നൂറ്റാണ്ടിൽ) തുർക്കികളും അഫ്ഗാനികളും ഡൽഹി സൽത്തനത്ത് സ്ഥാപിച്ചു. ഇതിനെ പിന്തുടർന്ന് ഡക്കാനിലും ഉപഭൂഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിലും സൽത്തനത്തുകൾ രൂപീകരിക്കപ്പെടുകയും നിരവധി പ്രദേശങ്ങളിലെ ഭരണാധികാരികളുടെ മതമായി ഇസ്ലാം അംഗീകരിക്കപ്പെടുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടിലെ മുഗൾ സാമ്രാജ്യത്തിന്റെ സ്ഥാപനത്തിലൂടെയും പതിനെട്ടാം നൂറ്റാണ്ടിൽ ഉയർന്നു വന്ന നിരവധി പ്രാദേശിക രാഷ്ട്രങ്ങളിലൂടെയും ഇത് തുടർന്നു.

താത്ത്വികമായി, മുസ്ലിം ഭരണാധികാരികളുടെ മാർഗദർശികളാകേണ്ടത് *ഉലമാമാർ* ആയിരുന്നു. *ശരിയ* (*Sharia*)അനുസരിച്ചാണ് അവർ ഭരണം നടത്തിയിരുന്നതെന്ന് *ഉലമാർ* ഉറപ്പുവരുത്തണമായിരുന്നു. ഉപഭൂഖണ്ഡത്തിലെ സാഹചര്യം സങ്കീർണമായിരുന്നു എന്ന് വ്യക്തമാണ്, കാരണം ഇവിടെ ഇസ്ലാം സ്വീകരിച്ചിട്ടില്ലാത്ത ജനവിഭാഗങ്ങൾ ഉണ്ടായിരുന്നു.

ഈ സാഹചര്യത്തിലാണ് മുസ്ലിം ഭരണത്തിൻകീഴിൽ ജീവിക്കുന്ന ജൂതർ, ക്രിസ്ത്യാനികൾ എന്നീ വെളിപാട് വിശുദ്ധ ഗ്രന്ഥങ്ങൾ പിൻതുടർന്ന ജനങ്ങൾക്കുവേണ്ടി സംരക്ഷിതർ എന്ന് അർഥം വരുന്ന *സിമ്മി* (*സിമ്മ* സംരക്ഷണം എന്ന അറബിക് പദത്തിൽ നിന്ന് രൂപം കൊണ്ടത്) എന്ന വിഭാഗം ഉരുത്തിരിഞ്ഞു വന്നത്. ഇവർ *ജിസിയ* (*Jizya*)എന്ന് വിളിക്കുന്ന ഒരു നികുതി നൽകുകയും മുസ്ലീങ്ങളാൽ സംരക്ഷിക്കപ്പെടുന്നതിനുള്ള അവകാശം നേടുകയും ചെയ്തു. ഇന്ത്യയിൽ ഈ പദവി ഹിന്ദുക്കൾക്കും നൽകപ്പെട്ടു. 9-ാം അധ്യായത്തിൽ നിങ്ങൾ കാണാൻ പോകുന്നതുപോലെ മുഗളരെപ്പോലുള്ള ഭരണാധികാരികൾ തങ്ങൾ മുസ്ലീങ്ങളുടേതു മാത്രമല്ല മറിച്ച് എല്ലാ ജനവിഭാഗങ്ങളുടെയും ചക്രവർത്തിമാരായി സ്വയം കരുതിപ്പോന്നു.

ഇസ്ലാമിക പഠനങ്ങളിലെ പണ്ഡിതരാണ് *ഉലമ* (ആലിമിന്റെ ബഹുവചനം, അറിയുന്ന ആൾ എന്നർഥം). ഈ പാരമ്പര്യത്തിന്റെ സംരക്ഷകർ എന്ന നിലയിൽ അവർ വിവിധ തരത്തിലുള്ള മത-നിയമ-പ്രബോധന പ്രവർത്തനങ്ങൾ നിർവഹിക്കുന്നു.

**_ശരിയ (Sharia)_**

മുസ്ലീം സമുദായത്തെ ഭരിക്കുന്ന നിയമമാണ് *ശരിയ*. ഇത് ഖുർആനെയും, അനുയായികളുടെ സ്മരണകളിൽ നിന്നുരേഖപ്പെടുത്തപ്പെട്ട പ്രവാചകവചനങ്ങളും പ്രവർത്തികളുമടങ്ങുന്ന *ഹദീസി*നെയും അടിസ്ഥാനമാക്കിയുള്ളതാണ്.

ഇസ്ലാമിക ഭരണം അറേബ്യക്ക് പുറത്തേക്ക് വ്യാപിച്ചതോടെ, വ്യത്യസ്തമായ ആചാരങ്ങളും പാരമ്പര്യങ്ങളും നിലനിന്നിരുന്ന പ്രദേശങ്ങളിൽ, *ഖിയാസി*നെയും (സമാന യുക്തി ചിന്ത) *ഇജ്മ*യെയും (സമുദായത്തിന്റെ സമവായം) മറ്റു രണ്ട് നിയമനിർമാണ സ്രോതസ്സുകളായി അംഗീകരിച്ചു. അങ്ങനെ ഖുർആൻ, *ഹദീസ്, ഖിയാസ്, ഇജ്മ* എന്നിവയിൽ നിന്നുമാണ് *ശരിയ* രൂപം പ്രാപിച്ചത്.

ഫലത്തിൽ, ഭരണാധികാരികൾ പലപ്പോഴും അവരുടെ പ്രജകളോട് അയവുള്ള നയമാണ് സ്വീകരിച്ചത്. ഉദാഹരണത്തിന്, പല ഭരണാധികാരികളും ഹിന്ദു, ജൈന, സൊരാസ്ട്രിയൻ, ക്രിസ്ത്യൻ, ജൂത മത സ്ഥാപനങ്ങൾക്ക് ഭൂമി ഇഷ്ടദാനം നൽകുകയും നികുതി ഇളവുകൾ അനുവദിക്കുകയും കൂടാതെ അമുസ്‌ലിം മതനേതാക്കളോട് ആദരവും ഭക്തിയും പ്രകടിപ്പിക്കുകയും ചെയ്തു. അക്ബർ, ഔറംഗസീബ് എന്നിവർ ഉൾപ്പെടെയുള്ള നിരവധി മുഗൾ ഭരണാധികാരികൾ ഇത്തരം ദാനങ്ങൾ ചെയ്തിട്ടുണ്ട്.

*ചിത്രം 6.7*
*ജഹാംഗീർ ചക്രവർത്തി ഒരു ജോഗിയോടൊത്ത് ഇരിക്കുന്നതായി ചിത്രീകരിക്കുന്ന ഒരു മുഗൾ ചിത്രം*



*സ്രോതസ്സ് 5*

## ഖംബാട്ടിലെ ഒരു ക്രിസ്ത്യൻ പള്ളി (A church in Khambat)

1598 ൽ അക്ബർ പുറപ്പെടുവിച്ച *ഫർമാ* (രാജകീയ ഉത്തരവ്) നിൽ നിന്നുള്ള ഒരു ഉദ്ധരണിയാണിത്:

ഹോളി സൊസൈറ്റി ഓഫ് ജീസസ്സിന്റെ പാതിരികൾ (പിതാക്കന്മാർ) കംബയത്ത് (ഗുജറാത്തിലെ ഖംബാട്ട്) നഗരത്തിൽ ഒരു പ്രാർഥനാലയം (ക്രിസ്ത്യൻ പള്ളി) നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നതായി നമ്മുടെ ഉൽകൃഷ്ടവും വിശുദ്ധവുമായ ശ്രദ്ധയിൽ വന്നിരിക്കുന്നു. അതിനാൽ കമ്പയത്ത് നഗരത്തിലെ ഉന്നതസ്ഥാനീയർ ഒരുകാരണവശാലും അവരുടെ മാർഗത്തെ തടയരുതെന്നും അവരുടേയതായ ആരാധനയിൽ ഏർപ്പെടുന്നതിനായി ഒരു ക്രിസ്ത്യൻ പള്ളി നിർമ്മിക്കാൻ അനുവദിക്കണമെന്നുമുള്ള... ഒരു ശ്രേഷ്ഠമായ ഉത്തരവ് പുറപ്പെടുവിക്കുന്നു...) ചക്രവർത്തിയുടെ കൽപന എല്ലാ വിധത്തിലും അനുസരിക്കേണ്ടത് അനിവാര്യമാണ്.

➲ തന്റെ കൽപനയെ എതിർക്കുമെന്ന് അക്ബർ പ്രതീക്ഷിച്ചിരുന്ന ആളുകൾ ആരായിരുന്നു?

*സ്രോതസ്സ് 6*

## ജോഗിയോടുള്ള ആദരവ് (Reverence for the Jogi)

1661–62 ൽ ഔറംഗസീബ് ഒരു ജോഗിക്ക് എഴുതിയ കത്തിന്റെ ഉദ്ധരണിയാണിത്:

"ശിവമൂറാത്ത് എന്ന ഉദാത്ത കേന്ദ്രത്തിന്റെ ഉടമസ്ഥനായ ഗുരു ആനന്ദ് നാഥ് ജിയോ!

അങ്ങ് ശ്രീ ശിവ് ജിയോയുടെ സംരക്ഷണത്തിൽ എന്നും സന്തോഷത്തിൽ ഇരിക്കുക!"

...പുതയ്ക്കുന്നതിനുള്ള ഒരുതുണ്ട് തുണിയും വഴിപാടായി അയയ്ക്കുന്ന ഇരുപത്തിയഞ്ചു രൂപയും (അങ്ങയുടെ തിരുസന്നിധിയിൽ) എത്തും... അങ്ങേക്കുവേണ്ടി എന്തെങ്കിലും സേവനം ചെയ്യാൻ ഞങ്ങൾക്ക് സാധിക്കുന്ന അവസരത്തിലൊക്കെ അങ്ങ് ഞങ്ങൾക്ക് എഴുതണമേ.

➲ ജോഗി ആരാധിക്കുന്ന ദൈവത്തെ കണ്ടെത്തുക. ജോഗിയോടുള്ള ചക്രവർത്തിയുടെ മനോഭാവം വിവരിക്കുക.

## 5.2 ജനകീയമായ ഇസ്‌ലാം സമ്പ്രദായങ്ങൾ (The popular practice of Islam)

ഇസ്‌ലാമിന്റെ ആഗമനത്തെ തുടർന്നുള്ള സംഭവവികാസങ്ങൾ ഭരണ വരേണ്യവർഗത്തിൽ മാത്രം ഒതുങ്ങി നിന്നില്ല; യഥാർഥത്തിൽ, ഉപഭൂഖണ്ഡത്തിലൂടെ വിവിധ ദിക്കുകളിലേക്ക്, വിവിധ സാമൂഹിക വിഭാഗങ്ങൾക്കിടയിലേക്ക് (കർഷകർ, കൈത്തൊഴിലുകാർ, യോദ്ധാക്കൾ, കച്ചവടക്കാർ, അവരിൽ ചിലർ മാത്രമാണ്) ഇത് ഇറങ്ങിച്ചെന്നു. ഇസ്‌ലാമിനെ സ്വീകരിച്ച എല്ലാവരും തത്വത്തിൽ ആ വിശ്വാസത്തിന്റെ അഞ്ചു "തൂണു"കളെ സ്വീകരിച്ചു: അല്ലാഹു എന്ന ഏകദൈവം, *പ്രവാചകനായ* മുഹമ്മദ് അദ്ദേഹത്തിന്റെ സന്ദേശവാഹകൻ (*ഷഹാദ*); ദിവസവും അഞ്ചുനേരം പ്രാർഥനകൾ അർപ്പിക്കൽ (*നമാസ്/സലാത്ത്*); ദാനം നൽകൽ, (*സക്കാത്ത്*) റമദാൻ മാസത്തിൽ വ്രതം അനുഷ്ഠിക്കൽ (*സവ്മ്*), മക്കയിലേക്ക് തീർഥാടനം നിർവഹിക്കൽ (*ഹജ്ജ്*) എന്നിവ.

എന്നിരുന്നാലും, ഈ സാർവത്രികമായ സവിശേഷതകൾക്ക് മേൽ വിഭാഗീയ (സുന്നി, ഷിയ) ബന്ധങ്ങളിലൂടെ ഉരുത്തിരിഞ്ഞ ആചാരവ്യത്യാസങ്ങളും വിവിധ സാമൂഹ്യചുറ്റുപാടുകളിൽ നിന്നും മതപരിവർത്തനം ചെയ്തവരുടെ പ്രാദേശിക പതിവാചാരങ്ങളുടെ സ്വാധീനവും മറയിട്ടു. ഉദാഹരണത്തിന്, ഇസ്മയിലി (ഒരു ഷിയ വിഭാഗം) ശാഖയായ ഖോജകൾ, ആശയ വിനിമയത്തിന്റെ പുതിയ രീതികൾ വികസിപ്പിച്ചുകൊണ്ട്, തദ്ദേശീയ സാഹിത്യരൂപങ്ങളിലൂടെ ഖുർആനിൽ നിന്നും സ്വരൂപിച്ച ആശയങ്ങളെ പ്രചരിപ്പിച്ചു. ദൈനംദിന പ്രാർഥനാ ഒത്തുചേരലുകളിൽ പ്രത്യേക രാഗങ്ങളിൽ പഞ്ചാബി, മുൾത്താനി, സിന്ധി, കച്ചി, ഹിന്ദി, ഗുജറാത്തി ഭാഷകളിൽ ആലപിക്കുന്ന ഭക്തിപരമായ കവിതകളായ *ജിനൻ* (*ginan*) (*ജ്ഞാന* എന്ന സംസ്കൃതപദത്തിൽ നിന്നും രൂപം കൊണ്ടു, "അറിവ്" എന്നാണർഥം) ഇതിൽ ഉൾപ്പെട്ടിരുന്നു.

മറ്റൊരിടത്ത്, മലബാർ തീരത്ത് (കേരളം) സ്ഥിരവാസമാക്കിയ അറബ് മുസ്‌ലിം വ്യാപാരികൾ പ്രാദേശിക ഭാഷയായ മലയാളം സ്വീകരിച്ചു. അവർ പ്രാദേശിക ആചാരങ്ങളായ മരുമക്കത്തായവും (അധ്യായം 3) ഭർത്താവ് ഭാര്യ വീട്ടിൽ വാസമുറപ്പിക്കുന്ന (ഭാര്യാഗൃഹവാസം) സമ്പ്രദായവും സ്വീകരിച്ചു.

ഒരു സാർവലൗകിക വിശ്വാസം പ്രാദേശിക പാരമ്പര്യങ്ങളുമായുണ്ടാകുന്ന സങ്കീർണമായ കൂടിച്ചേരലിന് ഏറ്റവും മികച്ച



*ചിത്രം 6.7*
*ഒരു ഖോജാകി കൈയെഴുത്തു പ്രതി*

പഞ്ചാബ്, സിന്ധ്, ഗുജറാത്ത് എന്നിവിടങ്ങളിലെ ഖോജാക് സമുദായത്തിലെ വിവിധ ഭാഷാ വിഭാഗക്കാർ ഉപയോഗിച്ചിരുന്ന *ലാൻഡാ* (വ്യാപാരികളുടെ ഒരു കോഡ് ഭാഷ) ഭാഷയിൽ നിന്നുമുണ്ടായ ഖോജാക്കി ലിപിയിൽ രേഖപ്പെടുത്തുന്നതിന് മുമ്പ് *ജിനൻ* വാമൊഴിയായിട്ടാണ് പ്രചരിച്ചിരുന്നത്.

വിവാഹശേഷം സ്ത്രീകൾ അവരുടെ കുട്ടികളോടൊപ്പം അവർ ജനിച്ചുവളർന്ന വീട്ടിൽ തന്നെ തുടരുകയും ഭർത്താക്കന്മാർ അവരോടൊപ്പം താമസിക്കുവാൻ വരികയും ചെയ്യുന്ന സമ്പ്രദായമാണ് ഭാര്യാഗൃഹവാസം (Matrilocal residence)



ചിത്രം 6.9
കേരളത്തിലെ ഒരു മുസ്‌ലിം പള്ളി,
ഏകദേശം പതിമൂന്നാംനൂറ്റാണ്ട്
ശിഖരം പോലുള്ള മേൽക്കൂര ശ്രദ്ധിക്കുക.



*ചിത്രം 6.10*
*ഇഷ്ടികകൾകൊണ്ടു നിർമ്മിച്ച ബംഗ്ലാദേശിലെ മൈമൻസിങ് ജില്ലയിലെ അതിയ മുസ്‌ലീംപള്ളി, 1609.*

ഉദാഹരണമാണ് മുസ്‌ലിം പള്ളികളിലെ വാസ്തുവിദ്യ. മുസ്‌ലിം പള്ളികളുടെ ചില വാസ്തുവിദ്യാസവിശേഷതകൾ സാർവത്രികമാണ് - മക്കയുടെ ദിശയിലേക്കുള്ള ക്രമീകരണം,- *മിഹ്റാബ്* (പ്രാർഥനയ്ക്ക് നേതൃത്വം നൽകുന്ന ആൾക്കുള്ള സ്ഥലം) ന്റെയും *മിൻബാറി* (പ്രസംഗപീഠം) ന്റെയും സ്ഥാനം എന്നിവ ഇതിന്റെ തെളിവാണ്. എന്നിരുന്നാലും വ്യത്യാസങ്ങൾ കാണിക്കുന്ന മേൽക്കൂരകൾ, നിർമ്മാണ സാമഗ്രികൾ (ചിത്രങ്ങൾ 6.9, 6.10, 6.11 കാണുക) പോലുള്ള നിരവധി സവിശേഷതകളും ഉണ്ട്.

## 5.3 സമുദായങ്ങൾക്കുള്ള പേരുകൾ (Names for communities)

മതപരമായ സമുദായങ്ങളുടെ മേൽവിലാസമായിട്ടാണ് ഹിന്ദു, മുസ്‌ലിം എന്നീ പദങ്ങളെ പലപ്പോഴും നാം കണക്കാക്കുന്നത്. എന്നിരുന്നാലും, ഈ പദങ്ങൾ വളരെ ദീർഘകാലത്തേക്ക് പ്രചാരം നേടിയില്ല. *മുസൽമാൻ* അഥവാ മുസ്‌ലിം എന്ന പദം യഥാർഥത്തിൽ ഒരിക്കലും ഉപയോഗിച്ചിരുന്നില്ല എന്നാണ് എട്ടാം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനും ഇടയ്ക്കുള്ള സംസ്കൃത ഗ്രന്ഥങ്ങളും ലിഖിത ശാസനകളും പഠിച്ച ചരിത്രകാരർ സൂചിപ്പിക്കുന്നത്. അതിനുപകരം, ജനങ്ങളെ ചിലപ്പോഴൊക്കെ അവർ വന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിലാണ് തിരിച്ചറിഞ്ഞിരുന്നത്. അതുകൊണ്ട്, തുർക്കി ഭരണാധികാരികളെ തുരുഷ്ക എന്നു നാമകരണം ചെയ്തു. തജികിസ്താനിൽ നിന്നുള്ള ജനങ്ങളെ തജിക എന്നു പേർഷ്യയിൽ നിന്നുള്ള ജനങ്ങളെ പരഷിക എന്നും നാമനിർദേശം ചെയ്യപ്പെട്ടു. ചിലപ്പോൾ, മറ്റു ജനങ്ങൾക്ക് ഉപയോഗിച്ചിരുന്ന പദങ്ങൾ പുതിയ കുടിയേറ്റക്കാർക്കും പ്രയോഗിച്ചു. ഉദാഹരണത്തിന്, തുർക്കികളെയും അഫ്ഗാനികളെയും ശാകന്മാർ (അധ്യായം 2 ഉം 3 ഉം) എന്നും യവനന്മാർ (ഗ്രീക്കുകാർക്ക് ഉപയോഗിച്ചിരുന്ന പദം) എന്നും സൂചിപ്പിച്ചിരുന്നു.



*ചിത്രം 6.11*
*ശ്രീനഗറിലെ ഝലം നദീതീരത്തുള്ള ഷാ ഹമദാൻ മുസ്‌ലീം പള്ളി. കാശ്മീരിൽ ഇന്ന് നിലനിൽക്കുന്ന എല്ലാ മുസ്‌ലീം പള്ളികളുടേയും "കിരീടത്തിലെ രത്നമായി" പലപ്പോഴും കണക്കാക്കപ്പെടുന്നു.*
1395 ൽ നിർമ്മിച്ച ഇത് കാശ്മീരിലെ നിർമ്മാണത്തിന് തടി ഉപയോഗിക്കുന്ന വാസ്തുവിദ്യാരീതിക്ക് ഏറ്റവും മികച്ച ഉദാഹരണമാണ്. കൂർത്ത ശിഖരവും മനോഹരമായ കൊത്തുപണികളോടുകൂടിയ മോന്തായത്തിന്റെ അഗ്രഭാഗവും ശ്രദ്ധിക്കുക. ഇത് പേപ്പർ പൾപ്പ് കൊണ്ട് അലങ്കരിച്ചിരിക്കുന്നു.

ജാതീയസമൂഹത്തിന്റെ വ്യവസ്ഥകൾ പാലിക്കാത്തവർ എന്നും സംസ്കൃതത്തിൽ നിന്നും രൂപപ്പെട്ടാത്ത ഭാഷകൾ സംസാരിക്കുന്നവർ എന്നും സൂചിപ്പിക്കുന്ന *മ്ലേച്ഛ* എന്ന പദമാണ് ഈ കുടിയേറ്റ സമൂഹത്തിന് പൊതുവായി ഉപയോഗിക്കപ്പെട്ടത്. ഇത്തരം പദങ്ങൾക്ക് ചിലപ്പോൾ അപകീർത്തിപരമായ അർഥങ്ങൾ ഉണ്ടായിരുന്നെങ്കിലും ഹിന്ദുക്കൾക്കെതിരായുള്ള ഒരു വ്യത്യസ്തമായ മതസമുദായമായ മുസ്‌ലീങ്ങൾ എന്ന തരത്തിൽ വളരെ വിരളമായി മാത്രമേ സൂചിപ്പിക്കപ്പെട്ടിരുന്നുള്ളൂ. കൂടാതെ നാം കണ്ടതുപോലെ (അധ്യായം 5) "ഹിന്ദു" എന്ന പദം ഒരു മതപരമായ അർഥത്തിലേക്ക് പരിമിതപ്പെടുത്താതെ വ്യത്യസ്ത രീതികളിൽ ഉപയോഗിക്കപ്പെടുകയും ചെയ്തു.

**ചർച്ച ചെയ്യുക...**

നിങ്ങളുടെ ഗ്രാമത്തിലോ പട്ടണത്തിലോ ഉള്ള മുസ്‌ലീം പള്ളികളുടെ വാസ്തുവിദ്യയെക്കുറിച്ച് കൂടുതൽ കണ്ടെത്തുക. മുസ്‌ലീം പള്ളികൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന സാധനസാമഗ്രികൾ ഏതെല്ലാമാണ്? ഇവ പ്രാദേശികമായി ലഭ്യമാണോ? ഏതെങ്കിലും പ്രത്യേകമായ വാസ്തുവിദ്യാ സവിശേഷത അവിടെയുണ്ടോ?

## 6. സൂഫിസത്തിന്റെ വളർച്ച (THE GROWTH OF SUFISM)

ഇസ്‌ലാമിന്റെ ആദ്യകാല നൂറ്റാണ്ടുകളിൽ ഒരു മതരാഷ്ട്രീയ സ്ഥാപനമായ ഖലീഫാഭരണത്തിൽ കണ്ട ഭൗതികതയുടെ വളർച്ചയിൽ പ്രതിഷേധിച്ചു കൊണ്ടാണ് സൂഫികൾ എന്നു വിളിച്ചിരുന്ന, മതത്തിനോട് ആഭിമുഖ്യം പുലർത്തിയ ഒരു വിഭാഗം ആളുകൾ സന്യാസത്തിലേക്കും നിഗൂഢതാവാദത്തിലേക്കും തിരിഞ്ഞത്. മതപണ്ഡിതർ സ്വീകരിച്ച സൈദ്ധാന്തിക നിർവചനങ്ങളെയും, പാണ്ഡിത്യരീതിയിൽ *ഖുർആനും, സുന്നത്തും* (പ്രവാചകന്റെ പാരമ്പര്യങ്ങൾ) വ്യാഖ്യാനിക്കുന്നതിനെയും അവർ വിമർശക ബുദ്ധ്യാ നോക്കിക്കണ്ടു. ദൈവത്തിന്റെ കൽപനകൾ അനുസരിച്ചുകൊണ്ടും സമ്പൂർണ്ണ മനുഷ്യൻ എന്ന് തങ്ങൾ കണക്കാക്കിയ പ്രവാചകൻ മുഹമ്മദിന്റെ മാതൃകകളെ പിന്തുടർന്നുകൊണ്ടും ദൈവത്തോടുള്ള തീവ്രമായ ഭക്തിയിലൂടെയും സ്നേഹത്തിലൂടെയും മോക്ഷം തേടുന്നതിന് അവർ ഊന്നൽ നൽകി. സൂഫികൾ അവരുടെ വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഖുർആന്റെ വ്യാഖ്യാനത്തിനു ശ്രമിച്ചു.

### 6.1 *ഖാൻഗാഹുകളും സിൽസിലകളും* (*Khanqahs* and *Silsilas* )

പതിനൊന്നാം നൂറ്റാണ്ടോടെ ഖുർആൻ പഠനങ്ങളെയും സൂഫി ആചാരങ്ങളെയുംകുറിച്ചുള്ള ഒരു സാഹിത്യശേഖരത്തോടുകൂടിയ, നന്നായി വികാസം പ്രാപിച്ച, ഒരു പ്രസ്ഥാനമായി സൂഫിസം വളർന്നു വന്നു. സ്ഥാപനപരമായി, സൂഫികൾ, അഭയകേന്ദ്രങ്ങൾ അഥവാ *ഖാൻഗാഹുകൾ* കേന്ദ്രമാക്കി സമൂഹങ്ങളെ സംഘടിപ്പിക്കുകയും *ശെയ്ഖ്* (അറബിയിൽ) *പീർ* അഥവാ *മുർഷിദ്* (പേർഷ്യനിൽ) എന്നറിയപ്പെടുന്ന ഒരു സൂഫി ഗുരു ഇതിനെ നിയന്ത്രിക്കുകയും ചെയ്തു. അദ്ദേഹം ശിഷ്യന്മാരെ (*മുരീദുകൾ*) ചേർക്കുകയും ഒരു പിൻഗാമി (*ഖലീഫ*) യെ നിയമിക്കുകയും ചെയ്തു. ആത്മീയ മാർഗദർശനത്തിനും അന്തേവാസികൾ തമ്മിലും സാധാരണക്കാരും യജമാനനും തമ്മിലുമുള്ള പരസ്പര വ്യവഹാരങ്ങൾക്കും വേണ്ടിയുള്ള നിയമങ്ങൾ അദ്ദേഹം സ്ഥാപിച്ചു.

ഏകദേശം പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ഇസ്‌ലാമിക ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സൂഫി *സിൽസിലകൾ* വ്യക്തമായ രൂപം കൈവരിക്കാൻ തുടങ്ങിയത്. *സിൽസില* എന്ന പദം ഒരു ചങ്ങലയെ സൂചിപ്പിക്കുന്നു. ഇതു ഗുരുവും ശിഷ്യനുമായുള്ള തുടർച്ചയായ ബന്ധത്തെ സൂചിപ്പിക്കുകയും പ്രവാചകനായ മുഹമ്മദിലേക്കു കണ്ണി മുറിയാതെ നീളുന്ന ആത്മീയ പരമ്പരയാവുകയും ചെയ്യുന്നു. ഈ മാർഗത്തിലൂടെയാണ് വിശ്വാസികൾക്ക് ആത്മീയശക്തിയും അനുഗ്രഹങ്ങളും പകർന്നത്. പുതിയ അംഗങ്ങൾ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക അനുഷ്ഠാനങ്ങൾ വളർത്തിയെടുത്തു. ഇതിൽ തുടക്കക്കാർ കടമ പ്രഖ്യാപിക്കുന്ന പ്രതിജ്ഞകൾ എടുക്കുകയും കുട്ടിത്തയ്ച്ച വസ്ത്രം ധരിക്കുകയും തലമുണ്ഡനം ചെയ്യുകയും ചെയ്യുന്നു.

*ശെയ്ഖ്* മരണപ്പെടുമ്പോൾ അദ്ദേഹത്തിന്റെ ശവകുടീരം ('*ദർഗ*', ദർബാർ എന്നർഥം വരുന്ന ഒരു പേർഷ്യൻ പദം) അദ്ദേഹത്തിന്റെ അനുയായികളുടെ ആരാധനാ കേന്ദ്രമായി മാറുന്നു. ഇത് അദ്ദേഹത്തിന്റെ ശവകുടീരത്തിലേക്ക് തീർഥാടനം അഥവാ *സിയാറത്ത്* അനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്നു. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ചരമവാർഷികത്തിൽ അഥവാ *ഉറുസിൽ* (വിവാഹം, ദൈവവുമായുള്ള അദ്ദേഹത്തിന്റെ ആത്മാവിന്റെ ഒത്തുചേരലിനെ സൂചിപ്പിക്കുന്നു); മരണത്തോടുകൂടി സൂഫികൾ ദൈവത്തോട് കൂടിച്ചേരുമെന്നും, അങ്ങനെ ജീവിച്ചിരിക്കുന്നതിനെക്കാളും ദൈവത്തോടു കൂടുതൽ അടുത്താകുമെന്നും ജനങ്ങൾ വിശ്വസിച്ചിരുന്നതാണ് ഇതിന്റെ കാരണം. ഭൗതികവും ആത്മീയവുമായ നേട്ടങ്ങൾക്കായി ജനങ്ങൾ അവരുടെ അനുഗ്രഹങ്ങൾ തേടുന്നതിനായി ശ്രമിച്ചു. അങ്ങനെയാണ് *ശെയ്ഖി*നെ '*വലി*'യായി ആരാധിക്കുന്ന ഉപാസനാരീതി രൂപം കൊണ്ടത്.

**സൂഫിസവും *തസവ്വുഫും***
**(Sufism and *tasawwuf*)**

പത്തൊൻപതാം നൂറ്റാണ്ടിൽ ഉപയോഗിക്കാൻ തുടങ്ങിയ ഒരു ഇംഗ്ലീഷ് പദമാണ് സൂഫിസം. ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ സൂഫിസത്തിന് ഉപയോഗിക്കുന്ന പദമാണ് *തസവ്വുഫ്*. ചരിത്രകാരർ ഈ പദത്തെ വ്യത്യസ്ത രീതിയിലാണ് മനസ്സിലാക്കിയിരിക്കുന്നത്. ചില പണ്ഡിതരുടെ അഭിപ്രായത്തിൽ സൂഫികൾ ധരിക്കുന്ന പരുക്കനായ കമ്പിളിവസ്ത്രങ്ങളെ പരാമർശിക്കുന്ന, കമ്പിളി എന്ന് അർഥമുള്ള "സൂഫ്" ൽ നിന്നുമാണ് ഈ പദം രൂപം കൊണ്ടത്. വിശുദ്ധി എന്ന് അർഥമുള്ള 'സഫ'യിൽ നിന്നുമാണ് രൂപം കൊണ്ടതെന്ന് മറ്റുള്ളവർ. വിശ്വാസത്തെക്കുറിച്ച് അറിയാൻ ഒരു വിഭാഗം അടുത്ത അനുയായികൾ ഒത്തുകൂടിയിരുന്ന പ്രവാചകന്റെ പള്ളിക്ക് പുറത്തുള്ള വേദിയായ "സഫ" യിൽ നിന്നുമാകാം ഇത് രൂപം കൊണ്ടത്.

***സിൽസിലകളുടെ പേരുകൾ***
**(Names of *silsilas*)**

മിക്ക സൂഫി പരമ്പരകളും അതിന്റെ സ്ഥാപകനിൽ നിന്നാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന്, ഖാദിരി വിഭാഗത്തിന് ശെയ്ഖ് അബ്ദുൽ ഖാദിർ ജിലാനിയുടെ പേരാണ് നൽകപ്പെട്ടത്. എന്നിരുന്നാലും, ചിശ്തി വിഭാഗം പോലുള്ള ചിലർക്ക് അവ ഉത്ഭവിച്ച സ്ഥലത്തിന്റെ പേരാണ് നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ, മധ്യ അഫ്ഗാനിസ്ഥാനിലെ ചിശ്ത് പട്ടണം.

*വലി* (ബഹുവചനം *ഔലിയ*) അഥവാ ദൈവത്തിന്റെ സുഹൃത്ത്, എന്നാൽ അല്ലാഹുവിന്റെ സാമീപ്യം അവകാശപ്പെടുന്ന അത്ഭുതങ്ങൾ (*കരാമത്ത്*) പ്രകടിപ്പിക്കുവാൻ അവന്റെ അനുഗ്രഹം (*ബർക്കത്ത്*) നേടിയ ഒരു സൂഫി ആയിരുന്നു.

### 6.2 *ഖാൻഗാഹുകൾക്ക്* പുറത്ത് (Outside the *khanqah*)

സൂഫി ആദർശങ്ങളുടെ സമൂലമായ വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ ചില നിഗൂഢജ്ഞാനവാദികൾ പുതിയ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചു. കുറേപ്പേർ *ഖാൻഗാഹുകളെ* പരിഹസിക്കുകയും ഭിക്ഷാടനം സ്വീകരിക്കുകയും ബ്രഹ്മചര്യം ആചരിക്കുകയും ചെയ്തു. അവർ അനുഷ്ഠാനങ്ങളെ അവഗണിക്കുകയും തീവ്രമായ സന്യാസത്തിന്റെ രീതികൾ ആചരിക്കുകയും ചെയ്തു. ഖലന്ദറുകൾ, മദരികൾ, മലങ്കകൾ, ഹൈദരികൾ തുടങ്ങിയ വിവിധ പേരുകളിൽ അവർ അറിയപ്പെട്ടു. ശരിയയോടുള്ള അവരുടെ ബോധപൂർവമായ നിഷേധം കാരണം അവരെ പലപ്പോഴും *ബെ-ശരിയ (be-Sharia)* എന്നാണ് പരാമർശിച്ചത്. ഇതിന് വിപരീതമായി *ശരിയ* നിയമങ്ങൾ അനുസരിച്ചവരെ *ബ-ശരിയ (ba-Sharia)* സൂഫികൾ എന്നും വിളിച്ചു.

## 7. ഉപഭൂഖണ്ഡത്തിലെ ചിശ്തികൾ (THE CHISHTIS IN THE SUBCONTINENT)

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇന്ത്യയിലേക്ക് കുടിയേറിയ സൂഫികളുടെ വിഭാഗങ്ങളിൽ, ഏറ്റവും സ്വാധീനമുള്ളവർ ചിശ്തികളായിരുന്നു. അവർ പ്രാദേശിക സാഹചര്യങ്ങളോട് വിജയകരമായി പൊരുത്തപ്പെടുകയും ഇന്ത്യൻ ഭക്തി പാരമ്പര്യങ്ങളുടെ ധാരാളം സവിശേഷതകൾ സ്വീകരിക്കുകയും ചെയ്തതാണ് ഇതിന്റെ കാരണം.

### 7.1 ചിശ്തി *ഖാൻഗാഹുകളിലെ* ജീവിതം (Life in the Chishti *khanqah*)

സാമൂഹിക ജീവിതത്തിന്റെ കേന്ദ്രമായിരുന്നു *ഖാൻഗാഹ്*. അന്നത്തെ ഡൽഹി നഗരത്തിന്റെ പ്രാന്തപ്രദേശത്ത്, യമുനാനദീതീരത്തെ ഗിയാസ്പൂരിലുള്ള ശെയ്ഖ് നിസാമുദ്ദീന്റെ അഭയകേന്ദ്ര (ഏകദേശം പതിനാലാം നൂറ്റാണ്ട്) ത്തെക്കുറിച്ച് നമുക്ക് അറിയാം. അതിൽ അന്തേവാസികളും സന്ദർശകരും താമസിക്കുകയും പ്രാർഥിക്കുകയും ചെയ്തിരുന്ന നിരവധി ചെറിയമുറികളും ഒരു വിശാലമായമുറി (*ജമാഅത്ത് ഖാന*) യും ഉൾപ്പെട്ടിരുന്നു. ശെയ്ഖിന്റെ കുടുംബാംഗങ്ങളും അദ്ദേഹത്തിന്റെ അനുചരരും ശിഷ്യരും അന്തേവാസികളിൽ ഉൾപ്പെട്ടിരുന്നു. ശെയ്ഖ്, വിശാലമായ മുറിയുടെ മേൽത്തട്ടിലുള്ള ചെറിയമുറിയിൽ താമസിക്കുകയും അവിടെ വച്ച് രാവിലെയും വൈകുന്നേരവും സന്ദർശകരെ കാണുകയും ചെയ്തിരുന്നു. നടുമുറ്റം ചുറ്റി ഒരു വരാന്തയും, സമുച്ചയത്തിനു ചുറ്റുമായി ഒരു അതിർത്തി മതിലും ഉണ്ടായിരുന്നു. ഒരു സന്ദർഭത്തിൽ, ഒരു മംഗോളിയൻ ആക്രമണത്തെ ഭയന്നുകൊണ്ട് അയൽപ്രദേശങ്ങളിലുള്ള ജനങ്ങൾ *ഖാൻഗാഹിൽ* കൂട്ടമായി അഭയം തേടിയെത്തിയിട്ടുണ്ട്.

**ചർച്ച ചെയ്യുക...**

നിങ്ങളുടെ പട്ടണത്തിലോ ഗ്രാമത്തിലോ ഏതെങ്കിലും *ഖാൻഗാഹുകളോ ദർഗകളോ* ഉണ്ടോ? ഇവ എപ്പോഴാണ് നിർമ്മിക്കപ്പെട്ടതെന്നും അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും കണ്ടെത്തുക. മതവുമായി ബന്ധപ്പെട്ട, പുരുഷന്മാരും സ്ത്രീകളും ഒത്തുചേരുന്നതോ ജീവിക്കുന്നതോ ആയ മറ്റു സ്ഥലങ്ങൾ അവിടെ ഉണ്ടോ?

**ചിശ്തി *സിൽസിലയിലെ* പ്രധാന ഗുരുനാഥർ (MAJOR TEACHERS OF THE CHISHTI *SILSILA*)**

| സൂഫി ഗുരുനാഥർ | ചരമവർഷം | *ദർഗയുടെ* സ്ഥാനം |
|---|---|---|
| ശെയ്ഖ് മുയ്നുദ്ദീൻ സിജ്സി | 1235 | അജ്മീർ (രാജസ്ഥാൻ) |
| ഖ്വാജ കുത്തുബ്ദീൻ ബഖ്തിയാർ കാകി | 1235 | ഡൽഹി |
| ശെയ്ഖ് ഫരീദുദ്ദീൻ ഗഞ്ച്-ഇ ഷക്കർ | 1265 | അജോധൻ (പാകിസ്താൻ) |
| ശെയ്ഖ് നിസാമുദ്ദീൻ ഔലിയ | 1325 | ഡൽഹി |
| ശെയ്ഖ് നാസിറുദ്ദീൻ ചിരാഗ്-ഇ ദഹ്ലി | 1356 | ഡൽഹി |

*ഫുത്തൂഹ്* (ആവശ്യപ്പെടാതെ ലഭിച്ച ധർമ്മം) കൊണ്ട് പ്രവർത്തിക്കുന്ന ഒരു തുറന്നഅടുക്കള (*ലങ്കാർ*) അവിടെ ഉണ്ടായിരുന്നു. പ്രഭാതം മുതൽ രാത്രി വൈകിയും ജീവിതത്തിന്റെ നാനാമേഖലയിൽ നിന്നുമുള്ള ആളുകൾ – സൈനികർ, അടിമകൾ, ഗായകർ, കച്ചവടക്കാർ, കവികൾ, സഞ്ചാരികൾ, പണക്കാരും പാവപ്പെട്ടവരും, ഹിന്ദു *ജോഗികൾ* (യോഗി), *കലന്തറുകൾ* തുടങ്ങിയവർ, ശിഷ്യത്വം നേടുന്നതിനും രോഗശാന്തിക്കു വേണ്ടിയുള്ള രക്ഷകിട്ടുവാനും വ്യത്യസ്ത കാര്യങ്ങളിൽ ശെയ്ഖിന്റെ ഇടപെടലിനുമായി അവിടെ വന്നിരുന്നു. ശെയ്ഖിനെക്കുറിച്ച് എഴുതിയ അമീർ ഹസൻ സിജ്സി, അമീർ ഖുസ്രു തുടങ്ങിയ കവികളും, രാജകീയ ചരിത്രകാരനായ സിയാവുദ്ദീൻ ബറണിയും സന്ദർശകരിൽ ഉൾപ്പെട്ടിരുന്നു. ശെയ്ഖിന് മുന്നിലെ തലവണങ്ങൽ, സന്ദർശകർക്കു വെള്ളം നൽകൽ, തുടക്കക്കാരുടെ തലമുണ്ഡനം ചെയ്യൽ, യോഗാഭ്യാസങ്ങൾ ഉൾപ്പെടെ സ്വീകരിക്കപ്പെട്ട ആചാരങ്ങൾ തുടങ്ങിയവ പ്രാദേശിക പാരമ്പര്യങ്ങളെ കൂടി ഉൾക്കൊള്ളുവാനുള്ള ശ്രമങ്ങളെ സൂചിപ്പിക്കുന്നു.

ശെയ്ഖ് നിസാമുദ്ദീൻ അനേകം ആത്മീയ പിൻഗാമികളെ നിയമിക്കുകയും ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ അഭയകേന്ദ്രങ്ങൾ സ്ഥാപിക്കാൻ അവരെ ചുമതലപ്പെടുത്തുകയും ചെയ്തു. തൽഫലമായി, ചിശ്തികളുടെ പ്രബോധനങ്ങളും ആചാരങ്ങളും സംഘടനയും, അതുപോലെ ശെയ്ഖിന്റെ പ്രശസ്തിയും ദ്രുതഗതിയിൽ വ്യാപിച്ചു. ഇത് അദ്ദേഹത്തിന്റെ ആരാധനാകേന്ദ്രത്തിലേക്കും, അദ്ദേഹത്തിന്റെ ആത്മീയാചാര്യരായ പൂർവികരുടെ ആരാധനാകേന്ദ്രങ്ങളിലേക്കും വളരെയധികം തീർഥാടകരെ ആകർഷിച്ചു.

## 7.2. ചിശ്തി ഭക്ത്യാരാധന : *സിയാറത്തും ഖവാലിയും*

## (Chishti devotionalism: *ziyarat* and *qawwali*)

സൂഫിവര്യരുടെ ശവകുടീരങ്ങളിലേക്കുള്ള *സിയാറത്ത്* എന്ന് വിളിക്കുന്ന തീർഥാടനം മുസ്ലിം ലോകത്തിലാകമാനം സർവസാധാരണമാണ്. ഈ ആചാരം സൂഫിയുടെ ആത്മീയ അനുഗ്രഹം (*ബർക്കത്ത്*) തേടാനുള്ള ഒരു അവസരമാണ്. ഏഴുനൂറ്റാണ്ടുകളിൽ കൂടുതലായി വ്യത്യസ്ത മതവിശ്വാസികൾ, വർഗക്കാർ, വ്യത്യസ്ത സാമൂഹിക പശ്ചാത്തലത്തിലുള്ളവർ, മഹാൻമാരായ അഞ്ചു ചിശ്തി സൂഫിവര്യരുടെ (പേജ് 154 ലെ ചാർട്ട് കാണുക) *ദർഗകളിൽ* അവരുടെ ഭക്തി പ്രകടിപ്പിച്ചിട്ടുണ്ട്. ഇവരിൽ, "ഗരീബ് നവാസ്" (പാവങ്ങളുടെ സാന്ത്വകൻ) എന്നു പ്രശസ്തിയാർജിച്ച ഖ്വാജ മൊയ്നുദ്ദിന്റെ ആരാധനാലയമാണ് ഏറ്റവും അധികം ആദരിക്കപ്പെടുന്നത്.

ഖ്വാജ മൊയ്നുദ്ദീന്റെ *ദർഗയെക്കുറിച്ചുള്ള* ഏറ്റവും ആദ്യത്തെ ഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ ലഭിക്കുന്നത് പതിനാലാംനൂറ്റാണ്ടോടുകൂടിയാണ്. ശെയ്ഖിന്റെ തപോനിഷ്ഠയും ഭക്ത്യനുഷ്ഠാനവും അദ്ദേഹ

### ദാതാ ഗഞ്ച് ബക്ഷിന്റെ കഥ
### (The story of Data Ganj Bakhsh)

1039 ൽ അഫ്ഗാനിസ്താനിലെ ഗസ്നിക്കടുത്തുള്ള ഹുജ്‌വീർ സ്വദേശിയായ അബ്ദുൾ ഹസൻ അൽ ഹുജ്‌വീരി, ആക്രമണകാരികളായ തുർക്കി സൈന്യത്തിന്റെ തടവുകാരനായി സിന്ധുനദി കടക്കാൻ നിർബന്ധിതനായി. അദ്ദേഹം ലാഹോറിൽ സ്ഥിരതാമസമാക്കുകയും *തസവുഫിന്റെ* അർഥത്തെക്കുറിച്ചും അത് അനുഷ്ഠിക്കുന്ന സൂഫികളെക്കുറിച്ചും വിശദീകരിക്കുന്നതിനായി പേർഷ്യനിൽ *കഷ്ഫ് - ഉൽ - മഹ്ജൂബ്* (മൂടപ്പെട്ടതിനെ അനാവരണം ചെയ്യൽ) എന്ന പേരിൽ ഒരു ഗ്രന്ഥം എഴുതുകയും ചെയ്തു.

1073 ൽ മരണമടഞ്ഞ ഹുജ്‌വീരിയെ ലാഹോറിൽ അടക്കം ചെയ്തു. ഗസ്നിയിലെ സുൽത്താനായ മഹമൂദിന്റെ ചെറുമകൻ അദ്ദേഹത്തിന്റെ ശവക്കല്ലറയ്ക്ക് മുകളിൽ ഒരു ശവകുടീരം നിർമ്മിക്കുകയും, ഈ ശവകുടീരആരാധനാലയം അദ്ദേഹത്തിന്റെ ഭക്തർക്ക് ഒരു തീർഥാടന കേന്ദ്രമായി മാറുകയും ചെയ്തു, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ മരണവാർഷികത്തിൽ.

ഇന്നും ഹുജ്‌വീരിയെ, ദാതാഗഞ്ച് ബക്ഷ് അഥവാ "സമ്പത്ത് നൽകുന്ന ദാതാവ്" എന്ന് ആദരിക്കപ്പെടുകയും അദ്ദേഹത്തിന്റെ ശവകുടീരത്തെ ദാതാ ദർബാർ അല്ലെങ്കിൽ "നൽകുന്നവന്റെ രാജസദസ്" എന്ന് വിളിക്കപ്പെടുകയും ചെയ്യുന്നു.



*ചിത്രം 6.12*
*ശെയ്ഖ് നിസാമുദ്ദീൻ ഔലിയായുടെയും*
*അദ്ദേഹത്തിന്റെ ശിഷ്യനായ അമീർഖുസ്രുവിന്റെയും പതിനേഴാംനൂറ്റാണ്ടിലെ ഒരുചിത്രം.*

➲ ശെയ്ഖിനെയും അദ്ദേഹത്തിന്റെ ശിഷ്യനെയും എങ്ങനെയാണ് കലാകാരന്മാർ വേർതിരിച്ചു കാണിക്കുന്നതെന്ന് വിവരിക്കുക.

ത്തിന്റെ ആത്മീയ പിൻഗാമികളുടെ മഹത്വവും രാജകീയ സന്ദർശകരുടെ പ്രോത്സാഹനവും ഇതിന്റെ ജനപ്രീതിയുടെ പ്രകടമായ തെളിവാണ്. ആരാധനാലയം സന്ദർശിച്ച ആദ്യ സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക് (ഭരണം 1324–51) ആയിരുന്നു. എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മാൾവ സുൽത്താനായ ഗിയാസുദ്ദീൻ ഖൽജിയാണ് ശവകുടീരത്തിനെ നിലനിർത്തുവാനുള്ള നിർമ്മാണത്തിന് പണം നൽകിയത്. ഡൽഹിയെയും ഗുജറാത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വ്യാപാര പാതയിലാണ് ആരാധനാലയം സ്ഥിതി ചെയ്തിരുന്നത് എന്നതിനാൽ ഇത് ഒരുപാടു സഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്.

പതിനാറാം നൂറ്റാണ്ടോടുകൂടി ഈ ആരാധനാലയം വളരെയധികം പ്രസിദ്ധമായിത്തീർന്നു. യഥാർഥത്തിൽ, അജ്മീറിലേക്ക് പോകുന്ന തീർഥാടകരുടെ ആവേശത്തോടെയുള്ള ഗാനാലാപനമാണ് ശവകുടീരം സന്ദർശിക്കാൻ അക്ബറിന് പ്രചോദനമായത്. അദ്ദേഹം പതിനാലുപ്രാവശ്യം അവിടം സന്ദർശിച്ചു; ചിലപ്പോൾ ഒരുവർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം. പുതിയ ആക്രമണങ്ങൾക്ക് അനുഗ്രഹങ്ങൾ തേടുന്നതിനായും നേർച്ചകൾ നിറവേറ്റുന്നതിനായും ആൺമക്കൾ പിറക്കുന്നതിനായും ഒക്കെ ആയിരുന്നു അവ. 1580 വരെ അദ്ദേഹം ഈ പതിവു നിലനിർത്തിയിട്ടുണ്ട്. ഈ ഓരോ സന്ദർശനവും ഉദാരമായ സംഭാവനകൊണ്ട് ആഘോഷമാക്കുകയും ഇവയെല്ലാം സാമ്രാജ്യഭരണപ്രമാണങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉദാഹരണമായി, 1568 ൽ തീർഥാടകർക്ക് പാചകം സുഗമമാക്കാൻ ഒരു വലിയ കുട്ടകം (*ദേഗ്*-വലിയ ചെമ്പുപാത്രം) അദ്ദേഹം നൽകി. *ദർഗ*യുടെ വളപ്പിനുള്ളിൽ ഒരു മുസ്‌ലിംപള്ളി അദ്ദേഹം പണികഴിപ്പിക്കുകയും ചെയ്തു.



*ചിത്രം 6.13*
*മുഗൾ ചക്രവർത്തിയായ ജഹാംഗീറിന്റെ അജ്മീറിലെ തീർഥാടനസമയത്ത് അദ്ദേഹത്തെ വരവേൽക്കുന്ന ശെയ്ഖുകൾ. ഏകദേശം 1615 ൽ മനോഹർ എന്ന് പേരായ ഒരു കലാകാരൻ വരച്ച ചിത്രം.*

➲ ചിത്രത്തിൽ അദ്ദേഹത്തിന്റെ കൈയൊപ്പ് കണ്ടെത്തുക.

*സ്രോതസ്സ് 7*

## 1643 ൽ മുഗൾ രാജകുമാരി ജഹനാരയുടെ തീർഥാടനം
## (The pilgrimage of the Mughal princess Jahanara, 1643)

*മുനിസ് അൽ അർവ* (ആത്മാക്കളുടെ വിശ്വസ്തൻ) എന്ന ശീർഷകത്തിൽ ജഹനാര രചിച്ച ശെയ്ഖ് മൊയ്നുദ്ദീൻ ചിശ്തിയുടെ ജീവചരിത്രത്തിൽ നിന്നുള്ള ഉദ്ധരണിയാണ് നൽകിയിരിക്കുന്നത്:

> ഏകദൈവത്തെ സ്തുതിച്ചതിനുശേഷം... ഈ എളിയവളായ *ഫക്കീറ* (വിനീതയായ ആത്മാവ്) ജഹനാര...തലസ്ഥാനമായ ആഗ്രയിൽ നിന്നും എന്റെ മഹാനായ പിതാവിന്റെ (ഷാജഹാൻ ചക്രവർത്തി) കൂടെ, അതുല്യമായ അജ്മീറിന്റെ വിശുദ്ധമായ പ്രദേശത്തേക്കുപോയി... ഓരോ കേന്ദ്രത്തിലും ഓരോ ദിവസവും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്ന രണ്ടാവർത്തിയുള്ള പ്രാർഥനകൾ നിർവഹിക്കുന്നതിന് ഞാൻ പ്രതിജ്ഞാബന്ധയായിരുന്നു...
>
> കുറേ ദിവസങ്ങളോളം ... രാത്രിയിൽ ഞാൻ പുലിത്തോലിൽ ഉറങ്ങിയില്ല, അഭിവന്ദ്യ രക്ഷകനായ യജമാനന്റെ അനുഗ്രഹീതമായ അഭയസ്ഥാനത്തിന്റെ ദിശയിലേക്ക് എന്റെ പാദങ്ങൾ നീട്ടിയില്ല, ഞാൻ അദ്ദേഹത്തിൽ നിന്നു പുറം തിരിഞ്ഞതുമില്ല. മരങ്ങൾക്ക് താഴെയാണ് ഞാൻ ദിവസങ്ങൾ ചെലവഴിച്ചത്.
>
> അനുഗൃഹീതമായ റംസാൻ മാസത്തിന്റെ നാലാമത്തെ വ്യാഴാഴ്ചയിൽ, പ്രകാശമാനവും പരിമളം പരത്തുന്നതുമായ ശവകുടീരത്തിലേക്കുളള തീർഥാടനത്തിന്റെ സന്തോഷം ഞാൻ നേടി... പകലിന്റെ ഒരു മണിക്കൂർ ശേഷിക്കുമ്പോൾ, ഞാൻ വിശുദ്ധമായ അഭയകേന്ദ്രത്തിലേക്ക് പോവുകയും വാതിൽപ്പടിയിലെ പൊടികൊണ്ട് എന്റെ വിളറിയ മുഖത്തു തടവുകയും ചെയ്തു. പ്രവേശന കവാടത്തിൽ നിന്നും അനുഗൃഹീതമായ ശവകുടീരം വരെ ഞാൻ നഗ്നപാദയായി നിലത്തെ ചുംബിച്ചുകൊണ്ടുപോയി. ഗോപുരത്തിനുള്ളിലേക്കു പ്രവേശിച്ച ഞാൻ എന്റെ യജമാനന്റെ പ്രകാശം പരത്തുന്ന ശവകുടീരത്തിനു ചുറ്റും ഏഴുപ്രാവശ്യം വലംവച്ചു ... അവസാനം, എന്റെ സ്വന്തം കൈകൊണ്ട്, ആദരണീയന്റെ പരിമളമുള്ള ശവകുടീരത്തിന്മേൽ ഏറ്റവും നല്ല ഗുണമേന്മയുള്ള *ഇത്തർ* (സുഗന്ധലേപം) വച്ചു, എന്റെ തലയിൽ ഉണ്ടായിരുന്ന റോസ് നിറത്തിലുള്ള ശിരോവസ്ത്രം അഴിച്ചുമാറ്റി, അനുഗൃഹീതമായ ശവകുടീരത്തിന്റെ മുകളിൽ സമർപ്പിച്ചു...

➲ ശെയ്ഖിനോടുള്ള തന്റെ ഭക്തി പ്രകടിപ്പിക്കുന്നതിന് ജഹനാര രേഖപ്പെടുത്തുന്ന സൂചനകൾ എന്തെല്ലാമാണ്? *ദർഗ* ഒരു വിശിഷ്ട സ്ഥലമായിരുന്നു എന്ന് അവർ സൂചിപ്പിക്കുന്നത് എങ്ങനെ?

ആത്മാവിനെ ഉണർത്തുന്ന നിഗൂഢ ആലാപന മന്ത്രങ്ങളുൾപ്പെടെ സംഗീതവും നൃത്തവുമെല്ലാം *സിയാറത്തി*ന്റെ ഭാഗമായി ഉപയോഗിച്ചിരുന്നു. ആത്മനിർവൃതി ഉണർത്തുവാൻ കഴിവുള്ള പ്രത്യേക പരിശീലനം നേടിയ സംഗീതജ്ഞർ അഥവാ *ഖവാലു*കളാണ് ഇവ നിർവഹിച്ചിരുന്നത്. *ദിക്ർ (Ziker)* (ദൈവിക നാമങ്ങൾ) ഉരുവിടുന്നതിലൂടെയോ *സമഹ്* (ശ്രവിക്കുന്നതിലൂടെ) ലൂടെ അദ്ദേഹത്തിന്റെ സാന്നിധ്യത്തെ ആവാഹിക്കുന്നതിലൂടെയോ നിഗൂഢമായ സംഗീതാലാപനത്തിലൂടെയോ സൂഫികൾ ദൈവത്തെ സ്മരിക്കുന്നു. *സമഹ് (Sama)* ചിശ്തികൾക്ക് അഭിവാജ്യമായിരുന്നു. തദ്ദേശീയഭക്തി പാരമ്പര്യങ്ങളുമായുള്ള സമ്പർക്കത്തിന് ഇത് ഉത്തമമാദാഹരണവുമാണ്.

### മുഴുവൻ ദേശത്തിന്റെയും വിളക്ക്
### (The lamp of the entire land)

ഓരോ സൂഫി ആരാധാനാലയവും പ്രത്യേക സവിശേഷതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പതിനെട്ടാംനൂറ്റാണ്ടിലെ ഡക്കാനിൽ നിന്നുള്ള ഒരു സന്ദർശകനായ ദർഗാ കുലി ഖാൻ, നാസിറുദീൻ ചിരാഗ്-ഇ ദഹ്‌ലിയുടെ ആരാധനാലയത്തെക്കുറിച്ച് അദ്ദേഹത്തിന്റെ *മുറാഖ-ഇ ദഹ്‌ലി*യിൽ (ഡൽഹി ആൽബം) ഇപ്രകാരം എഴുതി:

> ശെയ്ഖ് (ശവകുടീരത്തിലെ) ദില്ലിയുടെ മാത്രമല്ല, രാജ്യത്തിന്റെ മുഴുവൻ വിളക്കാണ്. ജനങ്ങൾ കൂട്ടംകൂട്ടമായി അവിടെ വന്നു ചേരുന്നു, പ്രത്യേകിച്ചും ഞായറാഴ്ചകളിൽ. ദില്ലിയിലെ മുഴുവൻ ജനതയും ദീപാവലി മാസത്തിൽ ഇവിടം സന്ദർശിക്കുകയും നീരുറവാസംഭരണിക്കു ചുറ്റുമായി കൂടാരങ്ങളിൽ ദിവസങ്ങളോളം താമസിക്കുകയും ചെയ്യുന്നു. വിട്ടുമാറാത്ത രോഗങ്ങളിൽനിന്നു ശമനം നേടാൻ അവർ അവിടെ കുളിക്കുന്നു. ഒരേ ഉത്സാഹത്തോടുകൂടിയാണ് ഹിന്ദുക്കളും മുസ്ലീങ്ങളും സന്ദർശനങ്ങൾ നടത്തുന്നത്. രാവിലെ മുതൽ വൈകുന്നേരം വരെ ജനങ്ങൾ വരുകയും മരങ്ങളുടെ തണലിൽ ഉല്ലാസത്തിൽ സ്വയം മുഴുകുകയും ചെയ്യുന്നു.

### അമീർ ഖുസ്രുവും ഖുവാലും (Amir Khusrau and the *qaul*)

മഹാകവിയും സംഗീതജ്ഞനും ശെയ്ഖ് നിസാമുദ്ദീൻ ഔലിയയുടെ ശിഷ്യനുമായ അമീർഖുസ്രു (1253 - 1325) ചിശ്തി *സമയ്ക്ക്* ഒരു സവിശേഷമായ രൂപം നൽകി. *ഖവാലി*യുടെ തുടക്കത്തിൽ അല്ലെങ്കിൽ അവസാനം ആലപിക്കുന്ന ഒരു കീർത്തനമായ *ഖുവാൽ* (അറബി പദം - അർഥം "വചനം") അദ്ദേഹം അവതരിപ്പിച്ചു. ഇതിനെ തുടർന്ന്, പേർഷ്യൻ, ഹിന്ദവി അല്ലെങ്കിൽ ഉറുദുവിൽ കവിതകളും ഉണ്ടായിരുന്നു. ചിലപ്പോൾ ഈ എല്ലാഭാഷകളിൽനിന്നുമുള്ള വാക്കുകളും ഉപയോഗിച്ചിരുന്നു. ശെയ്ഖ് നിസാമുദ്ദീൻ ഔലിയായുടെ ആരാധനാലയത്തിൽ ഖവാലുകൾ (ഈ ഗാനങ്ങൾ ആലപിക്കുന്നവർ) എപ്പോഴും ഖുവ്വാലിൽ നിന്നുമാണ് അവരുടെ ആലാപനത്തിന്റെ തുടക്കം കുറിക്കുന്നത്. ഇന്ന് ഉപഭൂഖണ്ഡത്തിലാകമാനമുള്ള ആരാധനാലയങ്ങളിൽ ഖവാലി നടത്തപ്പെടുന്നു.



*ചിത്രം 6.14:*
*നിസാമുദ്ദീൻ ഔലിയായുടെ ദർഗയിലെ ഖവാലി*

## 7.3. ഭാഷകളും ആശയവിനിമയവും (Languages and communication)

*സമായിൽ (sama)* മാത്രമായിരുന്നില്ല ചിശ്തികൾ പ്രാദേശിക ഭാഷകൾ സ്വീകരിച്ചിരുന്നത്. ഡൽഹിയിൽ, ചിശ്തി *സിൽസില*യുമായി ബന്ധപ്പെട്ടവർ ജനങ്ങളുടെ ഭാഷയായ ഹിന്ദവിയിലാണ് സംസാരിച്ചിരുന്നത്. ബാബ ഫരീദിനെപോലുള്ള മറ്റു സൂഫികൾ പ്രാദേശിക ഭാഷയിൽ പദ്യങ്ങൾ രചിക്കുകയും അവ *ഗുരു ഗ്രന്ഥ സാഹിബിൽ* ഉൾപ്പെടുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റുചിലർ മനുഷ്യസ്നേഹത്തെ ദൃഷ്ടാന്തമാക്കി ഉപയോഗിച്ചു കൊണ്ട് ദൈവിക സ്നേഹത്തിന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്ന ദീർഘമായ കവിതകൾ അഥവാ *മസ്നാവികൾ* രചിച്ചു. ഇതിനുദാഹരണമാണ് മാലിക് മുഹമ്മദ് ജയ്സി, പത്മിനിയുടെയും ചിത്തോറിലെ രാജാവായ രത്നസെന്നിന്റെയും പ്രണയത്തെ ഇതിവൃത്തമാക്കി രചിച്ച *പത്മാവത്* എന്ന *പ്രേമ - ആഖ്യാൻ* (പ്രേമകഥ). അവരുടെ പരീക്ഷണങ്ങൾ ദൈവികതയിലേക്കുള്ള ആത്മാവിന്റെ യാത്രയുടെ പ്രതീകമായിരുന്നു. അത്തരം കവിതാരചനകൾ സാധാരണയായി *സമാ*യുടെ സമയത്ത് അഭയകേന്ദ്രങ്ങളിൽ പലപ്പോഴും ചൊല്ലാറുണ്ട്.

കർണാടകത്തിലെ ബിജാപൂർ നഗരത്തിലും ചുറ്റുപാടുമായി ഒരു വ്യത്യസ്ത ഇനം സൂഫി കവിതകൾ രചിക്കപ്പെട്ടിട്ടുണ്ട്. പതിനേഴും, പതിനെട്ടും നൂറ്റാണ്ടുകളിൽ ഈ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ചിശ്തി സൂഫികൾ രചിച്ചവയെന്നു കരുതപ്പെടുന്ന ദക്കാനിയിൽ (ഉറുദുവിന്റെ ഒരു വകഭേദം) എഴുതിയ ചെറുകവിതകളായിരുന്നു ഇത്. ധാന്യങ്ങൾ പൊടിക്കുക, നെയ്യുക മുതലായ വീട്ടുജോലികൾ നിർവഹിക്കുന്ന നേരത്ത് സ്ത്രീകൾ ഈ കവിതകൾ പാടിയിരിക്കാം. *ലോരിനാമ* അല്ലെങ്കിൽ താരാട്ടുപാട്ടുകൾ, *ഷാദിനാമ* അല്ലെങ്കിൽ കല്യാണപ്പാട്ടുകൾ എന്നീ രീതികളിൽ ഉള്ളവയായിരുന്നു മറ്റുരചനകൾ. ഈ പ്രദേശത്തിലെ സൂഫികൾ, ലിംഗായത്തുകളുടെ കന്നട *വചനങ്ങൾ*, പാന്തർപൂരിലെ സന്തുകളുടെ മറാത്തി *അഭംഗുകൾ* മുതലായ മുൻപേ നിലനിന്നിരുന്ന, ഭക്തിപാരമ്പര്യത്തിൽനിന്നും പ്രചോദനമുൾക്കൊണ്ടിരിക്കാൻ സാധ്യതയുണ്ട്. ഈ മാധ്യമത്തിലൂടെയാണ് ഇസ്ലാം ക്രമേണ ഡക്കാനിലെ ഗ്രാമങ്ങളിൽ ഒരുസ്ഥാനം നേടിയത്.

*സ്രോതസ്സ് 8*

### ചർഖാനാമ (Charkhanama)

തറിയുടെ താളത്തിനൊത്തു ചിട്ടപ്പെടുത്തിയ ഒരു ഗാനം:

പരുത്തിയെടുക്കുമ്പോൾ നിങ്ങൾ ചെയ്യുന്നു, *സികർ-ഇ ജാലി*
പരുത്തി വേർപെടുത്തുമ്പോൾ നിങ്ങൾ ചെയ്യണം, *സിക്ർ-ഇ ഖൽബി*
നൂൽ നൂൽക്കുമ്പോൾ നിങ്ങൾ ചെയ്യണം *സിക്ർ-ഇ എയ്നി*
ഉദരേ നിന്നുദിച്ച് നെഞ്ചിലൂടയരണം സിക്ർ,
എന്നിട്ടുദീരണം ചെയ്യണം കണ്ഠേ
നീയൊന്നൊന്നായെണ്ണണം സോദരീ,
നിശ്വാസ നൂലുകളൊക്കെയും
ഇരുപത്തിനാലായിരം വരെ
ഇരവു പകലുമിതു നീയനുഷ്ഠിക്ക,
പിന്നെയർപ്പിക്ക നിൻ പീറിനൊരുപഹാരമായ്.

➲ ഈ ഗാനത്തിൽ ഉപയോഗിച്ചിരിക്കുന്ന ആശയങ്ങളും ആവിഷ്കാര ശൈലികളും ഏതെല്ലാം രീതികളിലാണ് ജഹാനാര അവരുടെ *സിയാറത്തിൽ* (സ്രോതസ്സ് 7) ഉപയോഗിച്ചിരുന്നതിൽ നിന്ന് സാമ്യപ്പെടുകയോ വ്യത്യാസപ്പെടുകയോ ചെയ്തിരിക്കുന്നത്?

## 7.4 സൂഫികളും രാഷ്ട്രവും (Sufis and the state)

ലൗകിക അധികാരത്തിൽനിന്ന് ഒരു അകലം പാലിക്കുന്നതുൾപ്പെടെയുള്ള തപോനിഷ്ഠയായിരുന്നു ചിശ്തി പാരമ്പര്യത്തിന്റെ ഒരു പ്രധാന സവിശേഷത. എന്നിരുന്നാലും, ഇത് രാഷ്ട്രീയാധികാരത്തിൽ നിന്ന് പരിപൂർണമായ ഒറ്റപ്പെടലിന്റെ ഒരു സവിശേഷമായിരുന്നില്ല. രാഷ്ട്രീയ വരേണ്യവർഗങ്ങളിൽ നിന്നും ചോദിച്ചു വാങ്ങാത്ത സഹായധനവും സംഭാവനകളും സൂഫികൾ സ്വീകരിച്ചു. സുൽത്താൻമാരാകട്ടെ *അഭയകേന്ദ്രങ്ങൾക്കായി* സ്ഥിരസംഭാവനയുടെ രൂപത്തിൽ ധർമ്മ സ്ഥാപനങ്ങൾ (*ഔക്കാഫുകൾ*) രൂപീകരിക്കുകയും നികുതിയൊഴിവാക്കി ഭൂമി (*ഇനാം*) നൽകുകയും ചെയ്തു.

ചിശ്തികൾ സംഭാവനകൾ പണമായും സാധനങ്ങളായും സ്വീകരിച്ചു. സംഭാവനകളെ കുന്നുകൂട്ടുന്നതിനുപകരം, ഭക്ഷണം, വസ്ത്രങ്ങൾ, താമസിക്കാനുള്ള കെട്ടിടങ്ങൾ, ആചാരപരമായ ആവശ്യങ്ങൾ (*സമഹ്* പോലുള്ള) തുടങ്ങിയ പെട്ടെന്നുള്ള ആവശ്യങ്ങൾക്കായി പൂർണമായും ഉപയോഗിക്കുന്നതിനാണ് അവർ മുൻഗണന നൽകിയിരുന്നത്. ഇതെല്ലാം *ശെയ്ഖു*കളുടെ ധാർമികാധികാരത്തെ ഉയർത്തുകയും, തത്ഫലമായി ജീവിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള ജനങ്ങളെ ആകർഷിക്കുകയും ചെയ്തു. കൂടാതെ, അവരുടെ ധാർമ്മികതയും പാണ്ഡിത്യവും, അവരുടെ അത്ഭുതശക്തികളിലുള്ള ജനങ്ങളുടെ വിശ്വാസവും സൂഫികളെ ബഹുജനങ്ങൾക്കിടയിൽ പ്രശസ്തരാക്കി മാറ്റുകയും, അവരുടെ പിന്തുണ ആർജിക്കുവാൻ രാജാക്കന്മാർ ആഗ്രഹിക്കുകയും ചെയ്തു.

രാജാക്കന്മാർക്ക് സൂഫികളുമായുള്ള തങ്ങളുടെ അടുപ്പത്തെ വെളിവാക്കുക മാത്രമായിരുന്നില്ല ആവശ്യം; അതിലുപരി അവരിൽ നിന്ന് ന്യായീകരണവും ആവശ്യമായിരുന്നു. തുർക്കികൾ ഡൽഹി സൽത്തനത്ത് രൂപീകരിച്ച ഘട്ടത്തിൽ, *ശരിയ*ത്തിനെ രാജ്യത്തിന്റെ നിയമമായി പ്രാബല്യത്തിൽ വരുത്തണമെന്ന് *ഉലമാർ* നിർബന്ധിച്ചപ്പോൾ, അവർ ഇതിനെ എതിർത്തു. കാരണം ഭൂരിഭാഗം അമുസ്ലിങ്ങളായ തങ്ങളുടെ പ്രജകളിൽനിന്ന് അവർ എതിർപ്പ് പ്രതീക്ഷിച്ചു. അതിനുശേഷം സുൽത്താന്മാർ ദൈവത്തിൽനിന്നും നേരിട്ട് അധികാരം ലഭിക്കുന്ന സൂഫികളെ തേടിച്ചെന്നു; *ശരിയത്തി*നെ വ്യാഖ്യാനിക്കുന്നതിന് നിയമജ്ഞരെ ആശ്രയിച്ചില്ല.

കൂടാതെ, സാധാരണ മനുഷ്യരുടെ ഭൗതികവും ആത്മീയവുമായ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് ദൈവജ്ഞാനിക്ക് (*ഔലിയക്ക്*) ദൈവവുമായി മാധ്യസ്ഥം വഹിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കപ്പെട്ടു. രാജാക്കന്മാർ തങ്ങളുടെ ശവകുടീരങ്ങൾ സൂഫി ആരാധനാലയങ്ങൾക്കും അഭയകേന്ദ്രങ്ങൾക്കും സമീപത്തായി വേണമെന്ന് മിക്കപ്പോഴും ആഗ്രഹിച്ചത് എന്തുകൊണ്ടാണെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്.

എന്നിരുന്നാലും, സുൽത്താൻമാരും സൂഫികളും തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിന്റെ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. തങ്ങളുടെ അധികാരത്തെ ഉറപ്പിക്കുവാൻ, സാഷ്ടാംഗ പ്രണാമവും പാദം ചുംബിക്കലും പോലുള്ള ചില അനുഷ്ഠാനങ്ങൾ നിർവഹിക്കണമെന്ന് രണ്ടു കൂട്ടരും കരുതി. ചിലപ്പോഴൊക്കെ സൂഫി *ശെയ്ഖുകൾ* ഉയർന്ന സ്ഥാനപ്പേരുകളാൽ സംബോധന ചെയ്യപ്പെട്ടിരുന്നു. ഉദാഹരണത്തിന്, നിസാമുദ്ദീൻ ഔലിയായുടെ ശിഷ്യർ അദ്ദേഹത്തെ *സുൽത്താൻ-ഉൽ-മശെയ്ഖ്* (ശെയ്ഖ് മാരിലെ സുൽത്താൻ എന്ന് വാച്യാർഥം) എന്നാണ് സംബോധന ചെയ്തിരുന്നത്.

### സൂഫികളും രാഷ്ട്രവും (Sufis and the state)

ഡൽഹി സൽത്തനത്തിന് കീഴിലുള്ള സുഹ്റവർദികളെയും മുഗളർക്ക് കീഴിലുള്ള നഷ്ഖ്ബന്ദികളെയും പോലുള്ള മറ്റു സൂഫികളും രാഷ്ട്രവുമായി സഹവർത്തിച്ചിരുന്നു. എന്നിരുന്നാലും, അവരുടെ സഹകരണരീതികൾ ചിശ്തികളുടേതിന് സമാനമായിരുന്നില്ല. ചില സമയത്ത്, രാജകീയ ഉദ്യോഗങ്ങൾ സൂഫികൾ സ്വീകരിച്ചിരുന്നു.

**ചർച്ച ചെയ്യുക...**

മത-രാഷ്ട്രീയ നേതാക്കൾ തമ്മിലുള്ള ബന്ധത്തിൽ സംഘർഷസാധ്യതയുടെ സ്രോതസ്സുകൾ ഏതെല്ലാമാണ്?

*സ്രോതസ്സ് 9*

## ഒരു രാജകീയ പാരിതോഷികം നിരസിക്കൽ
## (Declining a royal gift)

1313 ലെ ശെയ്ഖ് നിസാമുദ്ദീൻ ഔലിയായുടെ അഭയകേന്ദ്രത്തിലെ നടപടിക്രമങ്ങളെകുറിച്ചു വിവരിക്കുന്ന ഒരു സൂഫി ഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധരണിയാണിത് :

എനിക്ക് (അമീർ ഹസൻ സിജ്സി, ഗ്രന്ഥകാരൻ) അദ്ദേഹത്തിന്റെ (ശെയ്ഖ് നിസാമുദ്ദീൻ ഔലിയായുടെ) പാദം ചുംബിക്കാനുള്ള സൗഭാഗ്യം ഉണ്ടായി... ഈ സമയം ഒരു പ്രാദേശിക ഭരണാധികാരി അദ്ദേഹത്തിന് രണ്ട് തോട്ടങ്ങളുടെയും ധാരാളം ഭൂമിയുടെയും ഉടമസ്ഥാവകാശപത്രവും അവയുടെ പരിപാലനത്തിനുളള സാധനങ്ങളും ഉപകരണങ്ങളും കൊടുത്തയച്ചിരുന്നു. തോട്ടങ്ങളുടെയും ഭൂമിയുടെയും മേലുള്ള തന്റെ എല്ലാ അവകാശങ്ങളും അദ്ദേഹം ഒഴിഞ്ഞു കൊടുക്കുന്നതായും ആ ഭരണാധികാരി വ്യക്തമാക്കിയിരുന്നു. ആചാര്യൻ... ആ പാരിതോഷികം സ്വീകരിച്ചിരുന്നില്ല. പകരം അദ്ദേഹം വിലപിച്ചു: "തോട്ടങ്ങളും പാടശേഖരങ്ങളും ഭൂമിയും കൊണ്ട് ഞാൻ എന്താണ് ചെയ്യേണ്ടത്? ... ഞങ്ങളുടെ ആത്മീയ ആചാര്യന്മാരിൽ ... ആരും ... ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നില്ല"

അതിനുശേഷം ഒരു അനുയോജ്യമായ കഥ അദ്ദേഹം പറഞ്ഞു: "... അക്കാലത്ത്, ഉലൂഗ് ഖാൻ എന്ന് അപ്പോഴും അറിയപ്പെടുന്ന സുൽത്താനായ ഗിയാസുദ്ദീൻ, ശെയ്ഖ് ഫരീദുദ്ദീനെ സന്ദർശിക്കാൻവരുകയും നാലു ഗ്രാമങ്ങളുടെ ഉടമസ്ഥാവകാശവും കുറച്ച് പണവും വാഗ്ദാനം ചെയ്യുകയും ചെയ്തു. പണം മുസ്ലീം സന്യാസിമാർക്ക് (സൂഫികളുടെ) വേണ്ടിയും ഭൂസ്വത്ത് അദ്ദേഹത്തിന്റെ ഉപയോഗത്തിനുവേണ്ടിയുമായിരുന്നു. ശെയ്ഖ് അൽ ഇസ്ലാം (ഫരീദുദ്ദീൻ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. 'പണം എനിക്കു തരൂ, ഞാനത് മുസ്ലീം സന്യാസിമാർക്ക് വിതരണം ചെയ്യും. എന്നാൽ ഭൂസ്വത്തിന്റെ ഉടമസ്ഥാവകാശപത്രം താങ്കൾ സൂക്ഷിക്കുക, അവയ്ക്കായി ആഗ്രഹിക്കുന്ന ധാരാളം പേരുണ്ട്, അത്തരം വ്യക്തികൾക്ക് അത് നൽകുക.' "

സൂഫികളും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തിന്റെ ഏതെല്ലാം കാര്യങ്ങളാണ് ഈ വിവരണത്തിൽ മികച്ചരീതിയിൽ വ്യക്തമാക്കിയിരിക്കുന്നതായി നിങ്ങൾ കരുതുന്നത്? ശെയ്ഖും അദ്ദേഹത്തിന്റെ ശിഷ്യരും തമ്മിലുള്ള ആശയ വിനിമയ രീതികളെക്കുറിച്ച് ഈ വിവരണം എന്താണ് നമ്മോട് പറയുന്നത്?



ചിത്രം 6.15
*അക്ബറിന്റെ തലസ്ഥാനമായ ഫത്തേപൂർസിക്രിയിൽ നിർമ്മിച്ച ശെയ്ഖ് സലീം ചിശ്തി (ബാബ ഫരീദിന്റെ നേരിട്ടുള്ള പിൻഗാമി)യുടെ ദർഗ, ചിശ്തികളും മുഗൾരാഷ്ട്രവും തമ്മിലുള്ള അടുത്ത ബന്ധത്തിന്റെ പ്രതീകമാണ്.*

## 8. പുതിയ ഭക്തി മാർഗങ്ങൾ (New Devotional Paths) സംവാദവും ഭിന്നതയും വടക്കെ ഇന്ത്യയിൽ (Dialogue and Dissent in Northern India)

ധാരാളം കവി സന്യാസിമാർ പുതിയ സാമൂഹിക സാഹചര്യങ്ങളുമായും ആശയങ്ങളുമായും സ്ഥാപനങ്ങളുമായും സ്പഷ്ടമായും സൂക്ഷ്മമായും സംവാദങ്ങളിൽ മുഴുകി. ഈ സംവാദങ്ങൾ ആവിഷ്കാരം കണ്ടെത്തിയത് ഏതുവിധത്തിലായിരുന്നുവെന്ന് നമുക്ക് ഇപ്പോൾ നോക്കാം. ആ കാലത്തെ ഏറ്റവുമധികം സ്വാധീന ശക്തിയാർജിച്ച മൂന്നു വ്യക്തികളിലാണ് നാം ഇവിടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

### 8.1. ഒരു ദൈവികവസ്ത്രം നെയ്യുന്നു: കബീർ (Weaving a divine fabric: Kabir)

ഈ സന്ദർഭത്തിൽ ഉയർന്നുവന്ന കവിദിവ്യന്മാരിൽ ഒരുപക്ഷേ ഏറ്റവും ശ്രദ്ധേയമായ ഉദാഹരണങ്ങളിൽ ഒന്നാണ് കബീർ (ഏകദേശം പതിനാല്- പതിനഞ്ച് നൂറ്റാണ്ടുകൾ). അദ്ദേഹത്തിന്റേതെന്നു കരുതപ്പെടുന്ന രചനകളുടെ പഠനങ്ങളിലൂടെയും അതുപോലെ പിൽക്കാല പുണ്യാത്മചരിത്രരചന (hagiographies) കളിലൂടെയും അദ്ദേഹത്തിന്റെ ജീവിതത്തെയും കാലത്തെയും പുനർനിർമ്മിക്കാൻ ചരിത്രകാർ കഠിനമായി ശ്രമിച്ചിട്ടുണ്ട്. ഇത്തരം ഉദ്യമങ്ങൾ പല വിധത്തിൽ വെല്ലുവിളി നിറഞ്ഞതായിരുന്നു എന്ന് വ്യക്തമാണ്.

വ്യതിരിക്തവും, എന്നാൽ പരസ്പരം ഇടകലർന്നുകിടക്കുന്നതുമായ മൂന്നു പാരമ്പര്യങ്ങളിൽ നിന്നുമാണ് കബീറിന്റേതെന്നു കരുതപ്പെടുന്ന പദ്യങ്ങൾ ശേഖരിക്കപ്പെട്ടിട്ടുള്ളത്. കബീർ പന്തുകളാണ് (കബീറിന്റെ വിഭാഗം) വാരണാസിയിലും ഉത്തർപ്രദേശിന്റെ ഇതരഭാഗങ്ങളിലും *കബീർ ബിജക്* സംരക്ഷിച്ചത്; രാജസ്ഥാനിലെ ദാദുപന്തുമായി ബന്ധപ്പെട്ടതാണ് *കബീർ ഗ്രന്ഥാവലി*, അദ്ദേഹത്തിന്റെ പല രചനകളും *ആദിഗ്രന്ഥ സാഹിബിലും* (ഭാഗം 8.2 കാണുക) കാണപ്പെടുന്നു. ഈ കൈയെഴുത്തു സമാഹാരങ്ങളെല്ലാം കബീറിന്റെ മരണത്തിനുശേഷം വളരെക്കാലം കഴിഞ്ഞാണ് സമാഹരിക്കപ്പെട്ടത്. പത്തൊൻപതാം നൂറ്റാണ്ടോടെ, ബംഗാൾ, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ വിദൂരപ്രദേശങ്ങളിൽ അദ്ദേഹത്തിന്റേതെന്നു കരുതുന്ന പദ്യസമാഹാരങ്ങൾ അച്ചടിച്ചു പ്രചാരത്തിൽവന്നു.

കബീറിന്റെ കവിതകൾ പലഭാഷകളിലും പ്രാദേശികഭാഷകളിലുമായി ഇപ്പോഴുമുണ്ട്, അവയിൽ ചിലത് *നിർഗുണ* കവികളുടെ പ്രത്യേക ഭാഷയായ *സന്ത് ഭാഷയിലാണ്* രചിക്കപ്പെട്ടിരിക്കുന്നത്. *ഉലട് ബാൻസി* (തലകീഴായി പറയുന്നവ) എന്നറിയപ്പെടുന്ന മറ്റുരചനകൾ, ദൈനംദിന അർഥങ്ങൾ തലകീഴായി വരുന്ന രൂപത്തിലാണ് എഴുതിയിട്ടുള്ളത്. വാക്കുകളിലൂടെ പരമമായ യാഥാർഥ്യത്തിന്റെ സ്വഭാവത്തെ ആവിഷ്കരിക്കുന്നതിന്റെ ബുദ്ധിമുട്ടുകളെയാണ് ഇതു സൂചിപ്പിക്കുന്നത്. "പൂവില്ലാതെ പുഷ്പിക്കുന്ന താമര", "സമുദ്രത്തിൽ ആളുന്ന തീ" തുടങ്ങിയ പ്രയോഗങ്ങൾ കബീറിന്റെ നിഗൂഢാനുഭവങ്ങളുടെ പൊരുളാണ് പകരുന്നത്.

പരമമായ സത്യത്തെ വിവരിക്കുന്നതിന് കബീർ ഉദാഹരിക്കുന്ന പാരമ്പര്യങ്ങളുടെ വ്യാപ്തി വളരെ ശ്രദ്ധേയമാണ്. ഇതിൽ ഇസ്ലാ

*സ്രോതസ്സ് 10*

**ഏകദൈവം (The One Lord)**

കബീറിന്റേതെന്നു കരുതപ്പെടുന്ന ഒരു രചന:

ലോകത്തിന്, ഒന്നല്ല ദൈവം
രണ്ടെന്നോ,

പറയൂ സോദരാ അതെങ്ങനെ
സാധ്യമാകും?

വഴിതെറ്റിച്ചതാരു നിന്നെ?
ദൈവത്തിനുണ്ടു വിളിപ്പേരുകളനവധി:

അള്ളാ, രാമൻ, കരീം,
കേശവൻ, ഹരി, ഹസ്രത് എന്നിങ്ങനെ

പൊന്നുരുക്കിപ്പണിയാം
വളകളും മോതിരങ്ങളും

പൊന്നു താനല്ലയോ അതേതും?

വൈജാത്യങ്ങൾ നാം നിർമ്മിക്കും
പദങ്ങൾ മാത്രം…

കബീർ പറയുന്നു, തെറ്റി
യിരുവർക്കും

ഒരുവൻ ആടിനെ വധിക്കുന്നു, അപരൻ
പശുവിനെ,

ഇരുവരും കാണില്ലൊരേയൊരു രാമനെ
ജീവിതമവർ പാഴാക്കുന്നു തർക്കങ്ങളിൽ.

➲ വിവിധസമുദായങ്ങളുടെ ദൈവങ്ങൾക്കു തമ്മിൽ കൽപ്പിക്കപ്പെട്ടിരിക്കുന്ന ഭേദത്തെക്കുറിച്ച് കബീറിന്റെ വാദമെന്താണ്

മിൽ ഉൾപ്പെടുന്ന പരമമായ സത്യത്തെ അദ്ദേഹം അള്ളാഹു, ഖുദ, ഹസറത്ത്, പീർ എന്നീങ്ങനെ വിവരിക്കുന്നുണ്ട്. വേദാന്തപാരമ്പര്യങ്ങളിൽ നിന്നുമെടുത്ത *അലഖ്* (അദൃശ്യൻ), *നിരാകാർ* (ആകാരമില്ലാത്തത്), ബ്രഹ്മൻ, ആത്മൻ തുടങ്ങിയ പദങ്ങളെ അദ്ദേഹം ഉപയോഗിച്ചു. *ശബ്ദ* (ശബ്ദം) അല്ലെങ്കിൽ *ശൂന്യ* (ശൂന്യത) പോലുള്ള നിഗൂഢമായ അർഥങ്ങളുള്ള മറ്റുപദങ്ങൾ യോഗപാരമ്പര്യങ്ങളിൽ നിന്നും സ്വീകരിക്കുകയായിരുന്നു.

ഈ കവിതകളിൽ വിഭിന്നവും ചിലപ്പോൾ പരസ്പരവിരുദ്ധവുമായ ആശയങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നു. ചില കവിതകൾ ഇസ്ലാമികാശയങ്ങളെ എടുത്തു കാട്ടി ഹിന്ദുമതത്തിലെ ബഹുദൈവാരാധനയെയും വിഗ്രഹാരാധനയെയും ആക്രമിക്കുന്നതിനായി ഏകദൈവവിശ്വാസത്തെയും വിഗ്രഹഭഞ്ജനത്തെയും ഉപയോഗിച്ചു. മറ്റുള്ളവർ ഹിന്ദു ആചാരമായ *നാം - സ്മരൺ* (ദൈവനാമത്തിന്റെ സ്മരണ) നെ പ്രകടിപ്പിക്കാൻ സൂഫി ആശയമായ *സികിറും ഇഷ്കും* (സ്നേഹം) ഉപയോഗിച്ചു.

ഇവയെല്ലാം കബീർ രചിച്ചതായിരുന്നോ? ഭാഷ, ശൈലി, ഉള്ളടക്കം എന്നിവ വിശകലനം ചെയ്തുകൊണ്ട് ഇതിൽ ഏതൊക്കെ പദ്യങ്ങളാണ് കബീർ രചിച്ചത് എന്നു കണ്ടെത്താൻ പണ്ഡിതർ ശ്രമിച്ചിട്ടുണ്ടെങ്കിലും നമുക്ക് അത് ഒരിക്കലും ഉറപ്പിച്ചുപറയാനാവില്ല. തങ്ങളുടെ ദൈവാന്വേഷണത്തിന്റെ ഭാഗമായി രൂഢമായ മത, സാമൂഹിക സ്ഥാപനങ്ങളെയും ആശയങ്ങളെയം ആചാരങ്ങളെയും ചോദ്യം ചെയ്യുന്നവർക്ക് അന്നും ഇന്നും കബീർ ഒരു പ്രചോദന കേന്ദ്രമാണ് എന്നാണ് സമ്പന്നമായ ഈ കാവ്യസമാഹാരം സൂചിപ്പിക്കുന്നത്.

*ചിത്രം 6.16*
*തെരുവോരങ്ങളിലെ സംഗീതജ്ഞർ, പതിനേഴാം നൂറ്റാണ്ടിലെ ഒരു മുഗൾ ചിത്രം.*
സന്തുക്കളുടെ രചനകൾ ഇത്തരം സംഗീതജ്ഞർ ആലപിച്ചിരിക്കാം.



അവധ് (ഇന്നത്തെ ഉത്തർപ്രദേശിന്റെ ഭാഗം) പ്രദേശത്തുള്ള സൂഫികളുടെയും യോഗികളുടെയും പാരമ്പര്യങ്ങളുമായുള്ള സംവാദങ്ങളിലൂടെയും ചർച്ചകളിലൂടെയും (സ്പഷ്ടമായും സൂക്ഷ്മമായും) കബീറിന്റെ ആശയങ്ങൾ സ്ഫടികം പോലെ തെളിഞ്ഞതെങ്ങനെയോ, അതുപോലെ. അദ്ദേഹത്തെ സ്മരിക്കുന്ന ചില സംഘങ്ങളും അദ്ദേഹത്തിന്റെ പൈതൃകം അവകാശപ്പെട്ടു. ഇപ്പോഴും അത് തുടരുകയും ചെയ്യുന്നു.

അദ്ദേഹം ഒരു ഹിന്ദുവാണോ മുസ്ലിമാണോ എന്നതിനെക്കുറിച്ച് പുണ്യാത്മചരിത്രങ്ങളിൽ നിഴലിക്കുന്ന പിൽക്കാല സംവാദങ്ങളിൽ ഇത് ഏറ്റവും തെളിഞ്ഞുകാണാം. ഇവയിൽ പലതും കബീറിന്റെ ജീവിത കാലത്തിന് 200 വർഷങ്ങൾക്ക് ശേഷം പതിനേഴാം നൂറ്റാണ്ട് മുതൽ രചിക്കപ്പെട്ടവയാണ്.

വൈഷ്ണവ പാരമ്പര്യങ്ങൾക്കുള്ളിലെ പുണ്യാത്മചരിത്രങ്ങൾ സമർഥിക്കാൻ ശ്രമിച്ചത്, കബീർദാസ് (കബീർ എന്നതു തന്നെ "മഹാൻ" എന്നർഥം വരുന്ന അറബിക് പദമാണ്) ഒരു ഹിന്ദുവായിട്ടു ജനിച്ചു എന്നാണ്. താരതമ്യേന സമീപകാലത്ത് ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്ത *ജുലാഹകൾ* അഥവാ നെയ്ത്തുകാരുടെ സമുദായത്തിൽ ഉൾപ്പെട്ട ഒരു ദരിദ്രകുടുംബമാണ് അദ്ദേഹത്തെ വളർത്തിയത്. അദ്ദേഹത്തെ ഭക്തിയിലേക്ക് കൊണ്ടു വന്നത് ഒരു പക്ഷേ രാമാനന്ദൻ എന്ന ഗുരുവായിരിക്കാം എന്നും അവർ അഭിപ്രായപ്പെട്ടു.

എന്നിരുന്നാലും കബീറിന്റേതെന്ന് വിശേഷിപ്പിക്കാവുന്ന പദ്യങ്ങൾ *ഗുരു, സദ്ഗുരു* എന്നീ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക ഗുരുവിന്റെ പേര് പരാമർശിക്കുന്നുമില്ല. രാമാനന്ദനും കബീറും സമകാലികരാണെന്ന് സ്ഥാപിക്കാൻ വളരെ പ്രയാസമാണെന്നും ഒന്നുകിൽ രണ്ടിൽ ഒരാൾക്കോ അല്ലെങ്കിൽ രണ്ടുപേർക്കുമോ അവിശ്വസനീയമായി ദീർഘായുസ് നിർണയിക്കേണ്ടി വരുമെന്നും ചരിത്രകാരർ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട്, രണ്ടു പേരെയും ബന്ധിപ്പിക്കുന്ന പാരമ്പര്യങ്ങളെ മുഖവിലയ്ക്ക് എടുക്കാനാവില്ല. എങ്കിലും കബീറിന്റെ പൈതൃകം പിൽക്കാല തലമുറയ്ക്ക് എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് അവ കാണിക്കുന്നുമുണ്ട്.

## 8.2. ബാബാ ഗുരു നാനാക്കും ദിവ്യവചനവും (Baba Guru Nanak and the Sacred Word)

പഞ്ചാബിലെ മുസ്ലീം ഭൂരിപക്ഷപ്രദേശത്ത് രവി നദിക്കടുത്തുള്ള നാൻകന സാഹിബ് എന്നു വിളിക്കുന്ന ഒരു ഗ്രാമത്തിലെ ഹിന്ദു കച്ചവട കുടുംബത്തിലാണ് ബാബാ ഗുരു നാനാക്ക് (1469–1539) ജനിച്ചത്. അദ്ദേഹം ഒരു കണക്കെഴുത്തുകാരനായി പരിശീലിക്കുകയും പേർഷ്യൻഭാഷ പഠിക്കുകയും ചെയ്തു. അദ്ദേഹം ചെറുപ്പത്തിൽത്തന്നെ വിവാഹിതനായെങ്കിലും തന്റെ ഭൂരിഭാഗം സമയവും സൂഫികളുടെയും ഭക്തരുടെയും ഇടയിൽ ചെലവഴിച്ചു. അദ്ദേഹം ധാരാളമായി യാത്രയും ചെയ്തിരുന്നു.

ബാബ ഗുരു നാനാക്കിന്റെ സന്ദേശം അദ്ദേഹത്തിന്റെ കീർത്തനങ്ങളിലും പ്രബോധനങ്ങളിലുമായി കാണാം. ഇവ സൂചിപ്പിക്കുന്നത് അദ്ദേഹം *നിർഗുണ ഭക്തി*യുടെ വക്താവാണെന്നാണ്. തനിക്കുചുറ്റുംകണ്ട മതങ്ങളുടെ ബാഹ്യമായ ആചാരങ്ങളെ അദ്ദേഹം ശക്തമായി നിഷേധിച്ചു. യാഗങ്ങൾ, അനുഷ്ഠാന സ്നാനങ്ങൾ, വിഗ്രഹാരാധന, തീവ്രനിഷ്ഠ, ഹിന്ദുക്കളുടെയും മുസ്ലിങ്ങളുടെയും വിശുദ്ധഗ്രന്ഥങ്ങൾ തുടങ്ങിയവയെ അദ്ദേഹം തിരസ്കരിച്ചു. ബാബാ ഗുരു നാനാക്കിനെ സംബന്ധിച്ച്, പരമാത്മാവ് അഥവാ '*റബിന്*' ലിംഗമോ രൂപമോ ഇല്ല. ദൈവനാമത്തെ ഓർമ്മിക്കുന്നതിലൂടെയും ആവർത്തിച്ച് പറയുന്നതിലൂടെയും ദൈവവുമായി കൂടിച്ചേരാമെന്ന ഒരുലളിതമായ മാർഗം അദ്ദേഹം നിർദേശിക്കുകയും, '*ഷബാദ്*' എന്നു വിളിക്കുന്ന പ്രദേശത്തിന്റെ ഭാഷയായ പഞ്ചാബിയിലുള്ള കീർത്തനങ്ങളിലൂടെ തന്റെ ആശയങ്ങൾ വെളിവാക്കുകയും ചെയ്തു. ബാബ ഗുരു നാനാക്ക് വിവിധ *രാഗ*ങ്ങളിൽ ഈ കീർത്തനങ്ങൾ ആലപിക്കുകയും അദ്ദേഹത്തിന്റെ സഹായി മർദന, *റബാബ്* വായിക്കുകയും ചെയ്തു.

ബാബാ ഗുരു നാനാക്ക് തന്റെ അനുയായികളെ ഒരു സമുദായമായി സംഘടിപ്പിച്ചു. കൂട്ടമായ ആലാപനം ഉൾപ്പെടെയുള്ള സംഘം ചേർന്നുള്ള ആരാധന (*സംഗത്*) യ്ക്ക് അദ്ദേഹം നിയമങ്ങൾ രൂപീകരിച്ചു. തന്റെ ശിഷ്യരിൽ ഒരാളായ അംഗാദിനെ തന്റെ പിൻഗാമിയായ ഗുരുവായി അദ്ദേഹം നിയമിക്കുകയും, ഈ രീതി ഏകദേശം 200 വർഷത്തോളം പിൻതുടരപ്പെടുകയും ചെയ്തു.

ബാബാ ഗുരു നാനാക്ക് ഒരു പുതിയ മതം സ്ഥാപിക്കാൻ ആഗ്രഹിച്ചില്ലായെന്ന് തോന്നുന്നു. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ അനുയായികൾ അവരുടെ ആചാരങ്ങളെ ഏകീകരിക്കുകയും, അതിനെ ഹിന്ദുക്കളിൽ നിന്നും മുസ്ലീങ്ങളിൽ നിന്നും വേർതിരിക്കുകയും ചെയ്തു. അഞ്ചാമത്തെ ഗുരു, ഗുരു അർജൻ, ബാബാ ഗുരു നാനാക്കിന്റെയും അദ്ദേഹത്തിന്റെ നാല് പിൻഗാമികളുടെയും, ബാബാ ഫരീദ്, രവിദാസ് (റായ്ദാസ് എന്നും അറിയപ്പെടുന്നു), കബീർ മുതലായ മതകവികളുടെയും കീർത്തനങ്ങളെ *ആദി ഗ്രന്ഥ സാഹിബി*ൽ സമാഹരിച്ചു. "*ഗുർബാനി*" എന്ന് വിളിക്കുന്ന, ഈ കീർത്തനങ്ങൾ വിവിധ ഭാഷക

ളിൽ രചിക്കപ്പെട്ടു. പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പത്താമത്തെ ഗുരു; ഗുരു ഗോബിന്ദ് സിംങ്, ഒൻപതാമത്തെ ഗുരുവായ ഗുരു തേഗ് ബഹാദൂറിന്റെ രചനകൾ കൂടി ഉൾപ്പെടുത്തുകയും അതിനുശേഷം ഈ വിശുദ്ധ ഗ്രന്ഥം *ഗുരു ഗ്രന്ഥ സാഹിബ്* എന്ന് അറിയപ്പെടുകയും ചെയ്തു. ഗുരു ഗോബിന്ദ് സിംങ് ഖൽസാ പാന്തിന് (വിശുദ്ധസൈന്യം) അടിത്തറയിടുകയും അതിന്റെ അഞ്ച് അടയാളങ്ങൾ - മുറിക്കാത്ത തലമുടി, ഒരു കൃപാണം, ഒരു ജോടി അര വസ്ത്രം, ഒരു ചീപ്പ്, ഒരു സ്റ്റീൽ വള - നിർവചിക്കുകയും ചെയ്തു. അദ്ദേഹത്തിനു കീഴിൽ സമുദായം ഒരു സാമൂഹിക - മത സൈനിക ശക്തിയായി ഏകീകരിക്കപ്പെട്ടു.

### 8.3 മീരാബായി : ഭക്തയായ രാജകുമാരി (Mirabai : the devotee princess)

ഭക്തി പാരമ്പര്യത്തിനുള്ളിൽ, ഒരുപക്ഷേ, ഏറ്റവും അറിയപ്പെടുന്ന കവയിത്രിയാണ് മീരാബായി (ഏകദേശം പതിനഞ്ച് - പതിനാറാം നൂറ്റാണ്ടുകളിൽ); അവരുടേതെന്ന് കരുതപ്പെടുന്നതും വാമൊഴിയായി നൂറ്റാണ്ടുകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതുമായ *ഭജനു*കളിൽ നിന്നുമാണ് പ്രധാനമായും അവരുടെ ജീവചരിത്രം പുനർനിർമ്മിക്കപ്പെട്ടത്. അതനുസരിച്ച്, മാർവാറിലെ മേർതയിൽ നിന്നുള്ള ഒരു രജപുത്രരാജകുമാരിയായിരുന്ന അവരെ, തന്റെ ആഗ്രഹങ്ങൾക്ക് വിപരീതമായി രാജസ്ഥാനിലെ മേവാറിലെ സിസോദിയ വർഗത്തിൽപ്പെട്ട ഒരു രാജകുമാരന് വിവാഹം ചെയ്തു കൊടുത്തു. അവർ തന്റെ ഭർത്താവിനെ ധിക്കരിക്കുകയും ഭാര്യയുടെയും അമ്മയുടെയും പരമ്പരാഗത കൃത്യനിർവഹണങ്ങൾക്ക് വിസമ്മതിക്കുകയും പകരം അവർ വിഷ്ണുവിന്റെ *അവതാരമായ* കൃഷ്ണനെ തന്റെ പ്രേമഭാജനമായി അംഗീകരിക്കുകയും ചെയ്തു. എന്നാൽ, അവരുടെ ഭർതൃവീട്ടുകാർ അവർക്ക് വിഷം കൊടുക്കാൻ ശ്രമിച്ചെങ്കിലും അവർ കൊട്ടാരത്തിൽ നിന്നു രക്ഷപ്പെടുകയും തീവ്രവൈകാരികത ആവിഷ്കരിക്കുന്ന ഗാനങ്ങൾ രചിച്ചുകൊണ്ട് അലഞ്ഞു നടക്കുന്ന സന്യാസിനിയായി ജീവിക്കുകയും ചെയ്തു.

*ചിത്രം 6.17*
*കൃഷ്ണൻ ഓടക്കുഴൽ വായിക്കുന്നതായി ചിത്രീകരിക്കുന്ന പതിനഞ്ചാം നൂറ്റാണ്ടിലെ ഒരു ശിലാ ശില്പം (തമിഴ്നാട്), മീരാബായി ആരാധിച്ചിരുന്ന ഒരു ദേവന്റെ രൂപം.*



*സ്രോതസ് 11*

**പ്രഭുവിനോടുള്ള സ്നേഹം (Love for the Lord)**

മീരാബായി രചിച്ചത് എന്നു കരുതപ്പെടുന്ന ഗാനത്തിന്റെ ഒരു ഭാഗം:

ചന്ദനത്തിലും അകിലിലും ഞാനൊരുക്കുമൊരു ചിത
അതിലഗ്നി പകരൂ നിൻകരങ്ങളാൽ
ചാരമായ് ഞാനെരിഞ്ഞടങ്ങുമ്പോൾ
പൂശുകയതുനിൻകായകളിൽ
... ജ്വാലയലിയട്ടെ ജ്വാലയിൽ.

മറ്റൊരു പാട്ടിൽ അവർ പാടുന്നു:
എന്തു ചെയ്യാനാകും മേവാറിന്നുടമയ്ക്കെന്നോട്?
നശിക്കുമെല്ലാം ദൈവം കുപിതനായാൽ,
റാണാ പിന്നെന്തു ചെയ്യാൻ?

➲ മീരാബായിക്ക് രാജാവിനോടുള്ള മനോഭാവത്തെക്കുറിച്ച് ഇത് എന്തു സൂചനയാണ് നല്കുന്നത്?

ചില പാരമ്പര്യങ്ങൾ പറയുന്നതനുസരിച്ച്, തുകൽപ്പണിക്കാരനായ റായ്ദാസായിരുന്നു അവരുടെ ഗുരു. ജാതിസമൂഹ നിയമങ്ങളോടുള്ള അവരുടെ നിഷേധത്തിനെയാണ് ഇതു സൂചിപ്പിക്കുന്നത്. തന്റെ ഭർത്താവിന്റെ കൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ നിരസിച്ചതിനുശേഷം, ഒരു വിധവയുടെ വെള്ളവസ്ത്രമോ പരിത്യാഗിയുടെ കാവിനിറമുള്ള വസ്ത്രമോ ആണ് അവർ ധരിച്ചിരുന്നതെന്ന് കരുതപ്പെടുന്നു.

മീരാബായി ഒരു പ്രത്യേക വിഭാഗത്തെയോ ഒരു കൂട്ടം അനുയായികളെയോ ആകർഷിച്ചിട്ടില്ലെങ്കിലും നൂറ്റാണ്ടുകളോളം പ്രചോദനത്തിന്റെ ഒരു ഉറവിടമായി അംഗീകരിക്കപ്പെട്ടു. പ്രത്യേകിച്ചും ദരിദ്രരും ഗുജറാത്തിലെയും രാജസ്ഥാനിലെയും "താഴ്ന്ന ജാതിക്കാർ" എന്ന് കരുതപ്പെടുന്നവരായ സ്ത്രീകളും പുരുഷന്മാരും അവരുടെ പാട്ടുകൾ ആലപിക്കുന്നത് തുടരുന്നു.

**ചർച്ച ചെയ്യുക...**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും കബീർ, ബാബാ ഗുരു നാനാക്ക്, മീരാബായി എന്നിവരുടെ പാരമ്പര്യങ്ങൾക്ക് പ്രസക്തിയുള്ളത് എന്തുകൊണ്ടെന്നാണ് നിങ്ങൾ കരുതുന്നത്?

## 9. മതപാരമ്പര്യങ്ങളിലൂടെ ചരിത്രങ്ങളെ പുനർനിർമ്മിക്കുന്നു (Reconstructing Histories of Religious Traditions)

മതപാരമ്പര്യങ്ങളുടെ ചരിത്രങ്ങളെ പുനർനിർമ്മിക്കാൻ ചരിത്രകാരർ വിവിധങ്ങളായ സ്രോതസ്സുകളെ സ്വീകരിക്കുന്നതായി നാം കണ്ടു. ശില്പകല, വാസ്തുവിദ്യ, മതാചാര്യരെക്കുറിച്ചുള്ള കഥകൾ, ദൈവ പ്രകൃതിയെ മനസ്സിലാക്കാനുള്ള അന്വേഷണത്തിൽ ഏർപ്പെട്ട സ്ത്രീ പുരുഷന്മാരുടെ രചനകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

അധ്യായം ഒന്നിലും നാലിലും നാം കണ്ടതുപോലെ, കെട്ടിടങ്ങളും പ്രതിമകളും നിർമ്മിച്ച് ഉപയോഗിച്ചവരുടെ ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും പശ്ചാത്തലം ഗ്രഹിച്ചാലേ നമുക്ക് വാസ്തുവിദ്യയും ശില്പകലയും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മതവിശ്വാസങ്ങളെ സംബന്ധിച്ച ഗ്രന്ഥപാരമ്പര്യങ്ങളുടെ കാര്യമോ? ഈ അധ്യായത്തിലെ സ്രോതസ്സുകളിലേക്ക് മടങ്ങിയാൽ, വ്യത്യസ്ത ഭാഷകളിലും ശൈലികളിലും വിവിധ തരത്തിൽ എഴുതപ്പെട്ടവ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് നിങ്ങൾക്ക് മനസിലാക്കാൻ കഴിയും. ബസവണ്ണയുടെ വചനങ്ങൾപോലെ തുറന്നതും ലളിതവുമായ ഭാഷയിലുള്ള കൃതികൾ മുതൽ മുഗൾ ചക്രവർത്തിമാരുടെ ആലങ്കാരികമായ പേർഷ്യനിലുള്ള *രാജശാസനങ്ങൾ* (*Farman*) വരെ ഇവയിൽ ഉണ്ട്. ഓരോ തരത്തിലുള്ള ഗ്രന്ഥവും മനസ്സിലാക്കുന്നതിന് വ്യത്യസ്തമായ വൈദഗ്ധ്യങ്ങൾ ആവശ്യമാണ്. നിരവധി ഭാഷകളിലുള്ള പരിചയത്തിനു പുറമെ, ഓരോ സാഹിത്യരൂപത്തെയും സവിശേഷമാക്കുന്ന, ശൈലികളിലുള്ള സൂക്ഷ്മമായ വ്യത്യാസങ്ങളെക്കുറിച്ചും ചരിത്രകാരർ ശ്രദ്ധപുലർത്തണം.

### ശങ്കരദേവ (Shankaradeva)

പതിനഞ്ചാം നൂറ്റാണ്ടിലെ അവസാനത്തിൽ ആസ്സാമിലെ വൈഷ്ണവ മതത്തിന്റെ പ്രധാനപ്പെട്ട ഉപജ്ഞാതാക്കളിൽ ഒരാളായി ശങ്കരദേവ ഉയർന്നു വന്നു. *ഭഗവത്ഗീത*യെയും *ഭാഗവതപുരാണ*ത്തെയും അടിസ്ഥാനമാക്കിയതുകൊണ്ട് ഭഗവതി ധർമ്മ എന്ന് പലപ്പോഴും അറിയപ്പെട്ട അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ പരമോന്നത മൂർത്തിയോട്, ഇവിടെ വിഷ്ണുവിനോടുള്ള പരിപൂർണ സമർപ്പണത്തിൽ കേന്ദ്രീകരിക്കുന്നു. *സത്സംഗങ്ങളിൽ* അഥവാ ദൈവഭക്തിയുള്ള വിശ്വാസികളുടെ ഒത്തുചേരലുകളിൽ പ്രഭുവിന്റെ പേരു ഉരുവിടുന്ന നാമകീർത്തനത്തിന് അദ്ദേഹം ഊന്നൽ നൽകി. ആത്മീയജ്ഞാനം കൈമാറുന്നതിനായി '*സത്ര*' അഥവാ ആശ്രമങ്ങളും '*നാംഘർ*' അഥവാ പ്രാർഥനാമന്ദിരങ്ങളും സ്ഥാപിക്കുന്നതിനെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഇവയിൽ പല സ്ഥാപനങ്ങളും ആചാരങ്ങളും ഈ പ്രദേശങ്ങളിൽ ഇപ്പോഴും വളർച്ച പ്രാപിച്ചു കൊണ്ടിരിക്കുന്നു. കീർത്തന-ഘോഷ അദ്ദേഹത്തിന്റെ പ്രധാന രചനകളിൽ ഉൾപ്പെടുന്നു.

## സൂഫി പാരമ്പര്യങ്ങളുടെ ചരിത്രം പുനർനിർമ്മിക്കാൻ ഉപയോഗിക്കുന്ന വിവിധങ്ങളായ സ്രോതസ്സുകൾ (Varieties of sources used to reconstruct the history of sufi traditions)

സൂഫി *ഖാൻഗാഹുകൾ*ക്കുള്ളിലും പുറത്തുമായി വിപുലമായ ശ്രേണിയിലുള്ള ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. ഇതിൽ, താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

1. സൂഫി ചിന്തകളെയും ആചാരങ്ങളെയും കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽപ്പെട്ട ഗ്രന്ഥങ്ങൾക്കോ ലഘുഗ്രന്ഥങ്ങൾക്കോ, അലി ബിൻ ഉസ്മാൻ ഹുജ്‌വിരി (മരണം ഏകദേശം 1071) യുടെ *കശ്ഫ്-ഉൽ-മഹ്ജൂബ്* ഒരു ഉദാഹരണമാണ്. ഇന്ത്യൻ സൂഫി ചിന്തകളെ ഉപഭൂഖണ്ഡത്തിന് പുറത്തുള്ള പാരമ്പര്യങ്ങൾ എങ്ങനെ സ്വാധീനിച്ചുവെന്ന് കാണാൻ ചരിത്രകാരെ ഇതു പ്രാപ്തമാക്കുന്നു.

2. *മൽഫുസത്ത്* (വാച്യാർഥത്തിൽ "മൊഴിഞ്ഞത്". സൂഫി വര്യന്മാരുടെ സംഭാഷണങ്ങൾ) – വിഖ്യാത പേർഷ്യൻ കവിയായ അമീർ ഹസൻ സിജ്സി ദഹ്‌ലവി, സമാഹരിച്ച ശെയ്ഖ് നിസാമുദ്ദീൻ ഔലിയായുടെ സംഭാഷണങ്ങളുടെ ഒരു ശേഖരമായ *ഫവാഇദ്-അൽ-ഫുആദ്* ആണ് മൽഫുസത്തിനെക്കുറിച്ചുള്ള ഒരു ആദ്യകാലഗ്രന്ഥം. ഈ ഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഉദ്ധരണി സ്രോതസ് 9 ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശെയ്ഖുകളുടെ അനുമതിയോടെ വിവിധ സൂഫി സിൽസിലകൾ *മൽഫുസത്തുകൾ* സമാഹരിച്ചു. ഇവയ്ക്ക് വ്യക്തമായ പ്രബോധന ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഡക്കാൻ ഉൾപ്പെടെയുള്ള, ഉപഭൂഖണ്ഡത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്ന് ഇതിന്റെ നിരവധി ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവ പല നൂറ്റാണ്ടുകളിലായി സമാഹരിക്കപ്പെട്ടവയായിരുന്നു.

3. *മക്തുബത്ത്* (വാച്യാർഥത്തിൽ "എഴുതപ്പെട്ട" കത്തുകളുടെ ശേഖരങ്ങൾ) : തങ്ങളുടെ ശിഷ്യന്മാരെയും സഹായികളെയും അഭിസംബോധന ചെയ്തുകൊണ്ട് സൂഫി ആചാര്യർ എഴുതിയ കത്തുകൾ - മറ്റുള്ളവരുമായി പങ്കിടാൻ ആഗ്രഹിച്ച മതസത്യങ്ങളെക്കുറിച്ചുള്ള ശെയ്ഖിന്റെ അനുഭവങ്ങൾ നമ്മോട് പറയുന്നു. അവ ലഭിക്കുന്നവരുടെ ജീവിത സാഹചര്യങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഒപ്പം, അവരുടെ ആത്മീയവും ലൗകികവുമായ അഭിലാഷങ്ങൾക്കും പ്രതിബന്ധങ്ങൾക്കുമുള്ള പ്രതികരണങ്ങളെക്കുറിച്ചു നമ്മോട് പറയുകയും ചെയ്യുന്നു. പതിനേഴാം നൂറ്റാണ്ടിലെ വിഖ്യാതനായ നഖ്ഷ്ബന്ദി ശെയ്ഖ് അഹമ്മദ് സിർഹിന്ദി (മരണം 1624) യുടെ *മക്തുബത്ത്-ഇ-ഇമാം റബ്ബാനി* എന്നറിയപ്പെടുന്ന കത്തുകളിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ, (അവ പലപ്പോഴും അക്ബറിന്റെ വിശാലമനസ്കതയുള്ള വിഭാഗീയമല്ലാത്ത കാഴ്ചപ്പാടുകളുമായി പൊരുത്തപ്പെടാത്തവയാണ്). പണ്ഡിതർ ഏറ്റവും അധികം ചർച്ച ചെയ്തവയിൽപ്പെടുന്നു.

4. *തസ്കിറാസ്* (വാച്യാർഥത്തിൽ "ഓർമിക്കാനും ഓർമയിൽ നിർത്താനും" വിശുദ്ധരുടെ ജീവചരിത്ര വിവരണങ്ങൾ) – പതിനാലാം നൂറ്റാണ്ടിലെ മിർ ഖുവർദ് കിർമാനിയുടെ *'സിയാർ-ഉൽ-ഔലിയ'* ആണ് ഇന്ത്യയിൽ എഴുതപ്പെട്ട ആദ്യത്തെ സൂഫി *തസ്കിറ*. ഇത് പ്രധാനമായും ചിശ്തിവര്യന്മാരെയാണ് വിഷയമാക്കിയത്. അബ്ദുൽ ഹഖ് മുഹദ്ദിസ് ദഹലവിയുടെ (മരണം 1642) *അഖ്ബർ-ഉൽ-അഖ്യാർ* ആണ് ഏറ്റവും പ്രശസ്തമായ *തസ്കിറ*. *തസ്കിറ*യുടെ രചയിതാക്കൾ പലപ്പോഴും സ്വന്തം സംഘങ്ങളുടെ മുൻസ്ഥാനം ഉറപ്പിക്കുവാനും അവരുടെ ആത്മീയ വംശാവലികളെ മഹത്വവൽക്കരിക്കുവാനും പരിശ്രമിച്ചു. പല വിശദാംശങ്ങളും പലപ്പോഴും അവിശ്വസനീയവും അതിവിചിത്രവുമായ ഘടകങ്ങൾ നിറഞ്ഞതാണ്. എന്നിരുന്നാലും അവ ചരിത്രകാരർക്ക് വളരെയധികം വിലപ്പെട്ടതും, പാരമ്പര്യത്തിന്റെ സ്വഭാവം പൂർണമായി മനസ്സിലാക്കാൻ അവരെ സഹായിക്കുന്നതുമാണ്.

ഈ അധ്യായത്തിൽ നാം പരിഗണിച്ചു കൊണ്ടിരിക്കുന്ന പാരമ്പര്യങ്ങളിൽ ഓരോന്നും ഗ്രന്ഥങ്ങളുടെയും വാമൊഴികളുടെയും ഒരു വൻനിരയുടെ സൃഷ്ടിക്ക് കാരണമാവുകയും, അവയിൽ ചിലത് സംരക്ഷിക്കപ്പെടുകയും, പലതും പ്രചാരണ വേളകളിൽ പരിഷ്കരിക്കപ്പെടുകയും മറ്റുള്ളവ മിക്കവാറും നഷ്ടപ്പെടുകയുമുണ്ടായി എന്ന് ഓർത്തിരിക്കേണ്ടതാണ്.

ഫലത്തിൽ, ഈ മതപാരമ്പര്യങ്ങളെല്ലാം ഇപ്പോഴും നിലനിന്നുപോരുന്നു. ഈ തുടർച്ച ചരിത്രകാരർക്ക് ചിലനേട്ടങ്ങൾ നൽകുന്നുണ്ട്. കാരണം ഇതു സമകാലികാചാരങ്ങളെ ഗ്രന്ഥപാരമ്പര്യങ്ങളിലൂടെ വിവരിച്ചവയുമായും പഴയ ചിത്രങ്ങളിൽ പ്രദർശിപ്പിച്ചു കാണുന്നവയുമായും, താരതമ്യം ചെയ്യാനും, മാറ്റങ്ങൾ കണ്ടെത്താനും ചരിത്രകാരരെ അനുവദിക്കുന്നു. അതേസമയം ഈ പാരമ്പര്യങ്ങൾ ജനങ്ങളുടെ വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും ഭാഗമായതിനാൽ, കാലക്രമേണ മാറിയിരിക്കാം എന്ന സാധ്യത സ്വീകരിക്കപ്പെടാറില്ല. ഇവയ്ക്ക് അംഗീകാരക്കുറവുണ്ട്. ചരിത്രകാരരുടെ വെല്ലുവിളി, ഇത്തരത്തിലുള്ള അന്വേഷണങ്ങളെ സംവേദനക്ഷമതയോടെ ഏറ്റെടുക്കുകയും അതേസമയം മറ്റു പാരമ്പര്യങ്ങളെപ്പോലെ മതപാരമ്പര്യങ്ങളും ചലനാത്മകവും കാലക്രമേണ മാറുന്നതുമാണെന്ന് മനസ്സിലാക്കലുമാണ്.

## കാലരേഖ (Timeline)

### ഈ ഉപഭൂഖണ്ഡത്തിലെ ചില പ്രമുഖരായ മതാചാര്യർ (Some Major Religious Teachers in the Subcontinent)

| | |
|---|---|
| ഏകദേശം സി.ഇ 500 മുതൽ 800 വരെ | അപ്പർ, സംബന്ധർ, സുന്ദര മൂർത്തി : തമിഴ്നാട്ടിൽ |
| ഏകദേശം 800 മുതൽ 900 വരെ | നമ്മാഴ്വാർ, മാണിക്കവാചകർ, ആണ്ടാൾ, തൊണ്ടരടിപ്പൊടി : തമിഴ്നാട്ടിൽ |
| ഏകദേശം 1000 മുതൽ 1100 വരെ | അൽ ഹുജ്‌വിരി, ദാതാ ഗഞ്ച് ബക്ഷ് പഞ്ചാബിൽ; രാമാനുജാചാര്യ : തമിഴ്നാട്ടിൽ |
| ഏകദേശം 1100 മുതൽ 1200 വരെ | ബസവണ്ണ : കർണാടകത്തിൽ |
| ഏകദേശം 1200 മുതൽ 1300 വരെ | ജ്ഞാനദേവനും മുക്തബായിയും മഹാരാഷ്ട്രയിൽ; ഖ്വാജാമൊയിനുദ്ദീൻ ചിശ്തി രാജസ്ഥാനിൽ; ബഹാവുദ്ദീൻ സക്കറിയ, ഫരീദുദ്ദീൻ ഗഞ്ച്-ഇ-ഷക്കാർ പഞ്ചാബിൽ; കുത്തുബ്ദീൻ ബക്തിയാർ കാകി ഡൽഹിയിൽ |
| ഏകദേശം 1300 മുതൽ 1400 വരെ | കാശ്മീരിൽ ലാൽദേദ്; സിന്ധിൽ ലാൽ ഷഹബാസ് കലന്ദർ; ഡൽഹിയിൽ നിസാമുദ്ദീൻ ഔലിയ; ഉത്തർപ്രദേശിൽ രാമാനന്ദൻ; മഹാരാഷ്ട്രത്തിൽ ചോഖമേല; ബീഹാറിൽ ഷറഫുദ്ദീൻ യഹിയ മനേരി |
| ഏകദേശം 1400 മുതൽ 1500 വരെ | ഉത്തർപ്രദേശിലെ കബീർ, റായ്ദാസ്, സൂർദാസ്; പഞ്ചാബിലെ ബാബാ ഗുരുനാനാക്ക്; ഗുജറാത്തിലെ വല്ലഭാചാര്യൻ; ഗ്വാളിയോറിലെ അബ്ദുള്ള ഷത്താരി; ഗുജറാത്തിലെ മുഹമ്മദ് ഷാ ആലം; ഗുൽബർഗയിലെ മിർ സയ്യിദ് മുഹമ്മദ് ജേസുദരസ്; ആസ്സാമിലെ ശങ്കരദേവ; മഹാരാഷ്ട്രയിലെ തുക്കാറാം. |
| ഏകദേശം 1500 മുതൽ 1600 വരെ | ബംഗാളിലെ ശ്രീ ചൈതന്യ; രാജസ്ഥാനിലെ മീരാബായി; ഉത്തർപ്രദേശിലെ ശെയ്ഖ് അബ്ദുൽ ഖുദ്ദൂസ് ഗംഗോഹി; മാലിക്ക് മുഹമ്മദ് ജയ്സി, തുളസിദാസ്. |
| ഏകദേശം 1600 മുതൽ 1700 വരെ | ഹരിയാനയിലെ ശെയ്ഖ് അഹമ്മദ് സിർഹിന്ദി, പഞ്ചാബിലെ മിയാൻ മീർ |

കുറിപ്പ് : ഈ ആചാര്യർ ജീവിച്ചിരുന്ന ഏകദേശ കാലഘട്ടത്തെയാണ് ഈ കാലരേഖാ പരിധിക്കുള്ളിൽ സൂചിപ്പിക്കുന്നത്.

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS )

1. ഉപാസനാരീതികളുടെ സമന്വയം എന്നതുകൊണ്ട് ചരിത്രകാരർ എന്താണ് അർഥമാക്കുന്നതെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

2. ഉപഭൂഖണ്ഡത്തിലെ മുസ്‌ലീം പള്ളികളുടെ വാസ്തുവിദ്യയിൽ സാർവത്രിക ആദർശങ്ങളുടെയും പ്രാദേശിക പാരമ്പര്യങ്ങളുടെയും കൂടിച്ചേരൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്നാണ് നിങ്ങൾ കരുതുന്നത്?

3. *ബെ - ഷരിയ, ബാ - ഷരിയ* സൂഫി പാരമ്പര്യങ്ങൾ തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും എന്തായിരുന്നു?

4. ആഴ്‌വാർമാരും നായനാർമാരും വീരശൈവരും ജാതി വ്യവസ്ഥയോടുള്ള വിമർശനങ്ങൾ പ്രകടിപ്പിച്ച രീതികൾ ചർച്ച ചെയ്യുക.

5. കബീറിന്റെയോ, ബാബാ ഗുരു നാനാക്കിന്റെയോ പ്രബോധനങ്ങളും അവ പ്രചരിച്ച മാർഗങ്ങളും വിവരിക്കുക.

## ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (250 മുതൽ 300 വരെ വാക്കുകളിൽ) എഴുതുക (WRITE A SHORT ESSAY (ABOUT 250-300 WORDS) ON THE FOLLOWING:)

6. സൂഫിസത്തിന്റെ സവിശേഷമായ പ്രധാന വിശ്വാസങ്ങളും ആചാരങ്ങളും ചർച്ച ചെയ്യുക.

7. നായനാർമാരുടെയും സൂഫികളുടെയും പാരമ്പര്യങ്ങളുമായി ബന്ധം സ്ഥാപിക്കാൻ ഭരണാധികാരികൾ ശ്രമിച്ചത് എന്തുകൊണ്ടെന്നും എങ്ങനെയെന്നും പരിശോധിക്കുക.

8. ഭക്തി, സൂഫി ചിന്തകർ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ വിവിധ ഭാഷകൾ സ്വീകരിച്ചത് എന്തുകൊണ്ട് എന്ന് ഉദാഹരണ സഹിതം വിശകലനം ചെയ്യുക.

9. ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും അഞ്ചു സ്രോതസുകൾ വായിച്ച് അവയിൽ ആവിഷ്കരിച്ചിരിക്കുന്ന സാമൂഹികവും മതപരവുമായ ആശയങ്ങൾ ചർച്ച ചെയ്യുക.

## ഭൂപടപ്രവർത്തനം (MAP WORK)

10. ഇന്ത്യയുടെ രൂപരേഖയിൽ, മൂന്നു പ്രധാന സൂഫി ആരാധനാലയങ്ങളും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട (വിഷ്ണു, ശിവൻ, ദേവി എന്നിവയുടെ ഓരോ രൂപം) മൂന്നു സ്ഥലങ്ങളും രേഖപ്പെടുത്തുക.

## പ്രോജക്ടുകൾ (ഒന്ന് തിരഞ്ഞെടുക്കുക)
## (PROJECTS (CHOOSE ONE))

11. ഈ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും രണ്ടു മതാചാര്യർ/ചിന്തകർ/സന്യാസിമാർ എന്നിവരെ തിരഞ്ഞെടുക്കുകയും അവരുടെ ജീവിതങ്ങളെയും പ്രബോധനങ്ങളെയുംകുറിച്ചു കൂടുതൽ കണ്ടെത്തുകയും ചെയ്യുക. അവർ ജീവിച്ചിരുന്ന പ്രദേശവും കാലവും, അവരുടെ പ്രധാന ആശയങ്ങൾ, അവരെക്കുറിച്ച് നാം എങ്ങനെയാണ് അറിയുന്നത്, അവർ പ്രാധാന്യം ഉള്ളവരായി നിങ്ങൾ കരുതുന്നതെന്തുകൊണ്ട്, എന്നിവയെക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.

12. ഈ അധ്യായത്തിൽ സൂചിപ്പിച്ച ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട തീർഥാടന രീതികളെക്കുറിച്ച് കൂടുതൽ കണ്ടെത്തുക. ഇപ്പോഴും ഈ തീർഥാടനങ്ങൾ നടക്കുന്നുണ്ടോ? ഈ ആരാധനാലയങ്ങൾ എപ്പോഴാണ് സന്ദർശിക്കുന്നത്? ആരാണ് ഇവ സന്ദർശിക്കുന്നത്? എന്തുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നത്? ഈ തീർഥാടനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്തെല്ലാം?



*ചിത്രം 6.18*
*മുൾത്താനിലെ (പാകിസ്താൻ) ശെയ്ഖ് ബഹാഉദ്ദീൻ സക്കരിയയുടെ ദർഗ.*

**കൂടുതൽ അറിയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, വായിക്കുക:**

റിച്ചാർഡ് എം.ഈറ്റൺ (എഡിറ്റ്). 2003.
*ഇന്ത്യാസ് ഇസ്‌ലാമിക് ട്രഡിഷൻസ്.*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

ജോൺ സ്ട്രാറ്റൻ ഹാവ്‌ലി. 2005.
*ത്രീ ഭക്തി വോയ്സസ് -*
*മീരാബായി, സൂർദാസ് ആന്റ് കബീർ*
*ഇൻ ദെയർ ടൈംസ് ആന്റ് ഔവേഴ്സ്*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

ഡേവിഡ് എൻ.ലോറൻസെൻ (എഡിറ്റ്) 2004
*റിലീജിയസ് മൂവ്മെന്റ്സ് ഇൻ*
*സൗത്ത് ഏഷ്യ 600 - 1800.*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

എ.കെ. രാമാനുജൻ. 1981.
*ഹൈംസ് ഫോർ ദി ഡ്രൗണിംഗ്.*
പെൻഗ്വിൻ, ന്യൂഡൽഹി.

ആനിമേരി ഷിമ്മൽ. 1975.
*മിസ്റ്റിക്കൽ ഡൈമെൻഷൻ ഓഫ് ഇസ്‌ലാം.*
യൂണിവേഴ്സിറ്റി ഓഫ് നോർത്ത് കരോലിന പ്രസ്, ചാപ്പൽഹിൽ.

ഡേവിഡ് സ്മിത്ത്. 1998.
*ദി ഡാൻസ് ഓഫ് ശിവ: റിലീജിയൻ*
*ആർട്ട് ആന്റ് പൊയട്രി ഇൻ സൗത്ത് ഇന്ത്യ.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

ഷാർലറ്റ് വാഡെവിൽ. 1997.
*എ വീവർ നെയിമ്ഡ് കബീർ.*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

**കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾക്ക് സന്ദർശിക്കാം:**
http://www.alif-india.com

പ്രമേയം
ഏഴ്

# ഒരു രാജകീയ തലസ്ഥാനം
# വിജയനഗരം
# (AN IMPERIAL CAPITAL VIJAYANAGARA)

**(ഏകദേശം പതിനാലാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടുവരെ)**

(*C.* FOURTEENTH TO SIXTEENTH CENTURY)



*ചിത്രം 7.1*
*വിജയനഗര പട്ടണത്തിന് ചുറ്റുമായി നിർമ്മിക്കപ്പെട്ടിരുന്ന കൽഭിത്തിയുടെ ഒരു ഭാഗം*

വിജയനഗരം അഥവാ "വിജയത്തിന്റെ നഗരം" എന്നത് ഒരു നഗരത്തിന്റെയും ഒരു സാമ്രാജ്യത്തിന്റെയും പേരായിരുന്നു. പതിനാലാം നൂറ്റാണ്ടിലാണ് ഈ സാമ്രാജ്യം സ്ഥാപിക്കപ്പെട്ടത്. വളർച്ചയുടെ ഏറ്റവും നല്ല നാളുകളിൽ ഈ സാമ്രാജ്യം വടക്ക് കൃഷ്ണനദി മുതൽ ഉപദ്വീപിന്റെ തെക്കേയറ്റം വരെ വ്യാപിച്ചിരുന്നു. 1565 ൽ ഈ നഗരം ആക്രമിച്ചുതകർക്കപ്പെടുകയും അതിനെത്തുടർന്ന് വിജനമായിത്തീരുകയും ചെയ്തു. പതിനേഴും - പതിനെട്ടും നൂറ്റാണ്ടുകളിൽ ഇത് നാശത്തിലേക്ക് വീണെങ്കിലും, കൃഷ്ണ- തുംഗഭദ്ര നദികൾക്കിടയിൽ സ്ഥിതി ചെയ്തിരുന്ന പ്രദേശത്തെ ജനങ്ങളുടെ ഓർമകളിൽ അതു ജീവിച്ചു. പമ്പാദേവി എന്ന പ്രാദേശിക ദേവതയുടെ പേരിൽനിന്നും ഉത്ഭവിച്ച ഹംപി എന്ന പേരിലാണ് അവർ ആ സാമ്രാജ്യത്തെ സ്മരിച്ചത്. ഈ വാമൊഴി പാരമ്പര്യങ്ങളും, ഒപ്പം പുരാവസ്തു കണ്ടെത്തലുകളായ സ്മാരകങ്ങൾ, ശാസനങ്ങൾ മറ്റുരേഖകൾ എന്നിവയുമാണ് വിജയനഗരസാമ്രാജ്യചരിത്രത്തെ പുനസൃഷ്ടിക്കാൻ പണ്ഡിതരെ സഹായിച്ചത്.

## 1. ഹംപിയുടെ കണ്ടെത്തൽ (THE DISCOVERY OF HAMPI)

ഒരു എഞ്ചിനീയറും പൗരാണിക വിദഗ്ധനുമായ (antiquarian) കേണൽ കോളിൻ മക്കെൻസിയാണ് 1800 ൽ ഹംപിയുടെ നാശാവശിഷ്ടങ്ങൾ വെളിച്ചത്തു കൊണ്ടുവന്നത്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥനായ ഇദ്ദേഹമാണ് ഈ സ്ഥലത്തിന്റെ ആദ്യത്തെ സർവെ ഭൂപടം തയാറാക്കിയത്. പമ്പാദേവിയുടെ ദേവാലയത്തിലെയും വിരൂപാക്ഷക്ഷേത്രത്തിലെയും പുരോഹിതരുടെ ഓർമ്മകളെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് തുടക്കത്തിൽ അദ്ദേഹത്തിനു ലഭിച്ചത്. തുടർന്ന് 1856 മുതൽ ഫോട്ടോഗ്രാഫർമാർ ഇവിടത്തെ സ്മാരകങ്ങളുടെ ചിത്രങ്ങൾ പകർത്തുകയും അതു പണ്ഡിതർക്കു പഠനത്തിനു സഹായകമാവുകയും ചെയ്തു. 1836 മുതൽക്കുതന്നെ പുരാലേഖവിദഗ്ധർമാർ (epigraphists) ഹംപിയിലെ ഈ ക്ഷേത്രത്തിൽ നിന്നും മറ്റു ക്ഷേത്രങ്ങളിൽനിന്നും ഡസൻകണക്കിന് ശിലാലിഖിതങ്ങൾ ശേഖരിക്കാൻ തുടങ്ങിയിരുന്നു. ഈ നഗരത്തിന്റെയും സാമ്രാജ്യത്തിന്റെയും ചരിത്രം പുനസൃഷ്ടിക്കുന്നതിന്റെ ഭാഗമായി ചരിത്രകാരർ ഈ സ്രോതസ്സുകളിൽ നിന്നും ലഭിച്ച വിവരങ്ങളെ വിദേശസഞ്ചാരികളുടെ വിവരണങ്ങളുമായും തെലുങ്ക്, കന്നഡ, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിൽ രചിക്കപ്പെട്ട കൃതികളുമായും ബന്ധപ്പെടുത്തി പഠിച്ചു.

F8S5Z2

*സ്രോതസ്സ് 1*

### കോളിൻ മക്കെൻസി (Colin Mackenzie)

1754 ൽ ജനിച്ച കോളിൻ മക്കെൻസി ഒരു എഞ്ചിനീയർ, സർവയർ, ഭൂപടനിർമാതാവ് എന്നീ നിലകളിലാണ് പ്രസിദ്ധനായത്. 1815 ൽ ഇന്ത്യയുടെ ആദ്യത്തെ സർവെയർ ജനറലായി നിയമിതനായ അദ്ദേഹം 1821 ൽ മരിക്കുന്നതുവരെ ആ സ്ഥാനത്ത് തുടർന്നു. ഇന്ത്യയുടെ ഭൂതകാലത്തെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും അങ്ങനെ ഈ കോളനി ഭരിക്കുന്നത് കൂടുതൽ എളുപ്പമാക്കുന്നതിനുമായി പ്രാദേശിക ചരിത്രം ശേഖരിക്കുക, ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുക എന്നീ പ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "ബ്രിട്ടീഷ് ഭരണത്തിന്റെ കരുണയുള്ള സ്വാധീനത്തിൻകീഴിൽ എത്തുന്നതിന് മുൻപ് ദക്ഷിണേന്ത്യ മോശമായ മേൽനോട്ടത്തിന്റെ ദുരിതത്തിൻകീഴിൽ ദീർഘകാലം ബുദ്ധിമുട്ട് അനുഭവിച്ചു". വിജയനഗരത്തെക്കുറിച്ച് പഠിക്കുന്നതിലൂടെ ഈസ്റ്റിന്ത്യാക്കമ്പനിക്ക് ഇന്നത്തെ പൊതുസമൂഹമായി രൂപപ്പെട്ടിരിക്കുന്ന വ്യത്യസ്ത തദ്ദേശീയ ഗോത്രങ്ങളിൽ ഇപ്പോഴും സ്വാധീനം ചെലുത്തുന്ന നിരവധി സ്ഥാപനങ്ങളെ സംബന്ധിച്ചും നിയമങ്ങളെയും ആചാരങ്ങളെയും സംബന്ധിച്ചുമുള്ള ഉപയോഗപ്രദമായ വിവരങ്ങൾ നേടാമെന്ന് മക്കെൻസി വിശ്വസിച്ചു.



*ചിത്രം 7.2*
*മക്കെൻസിയും അദ്ദേഹത്തിന്റെ സഹായികളും*

തോമസ് ഹിക്കി എന്ന ഛായാചിത്രകാരൻ (portrait painter) വരച്ച എണ്ണഛായാചിത്രത്തിന് അജ്ഞാതനായ ഒരു കലാകാരൻ തയാറാക്കിയ പകർപ്പാണിത്. ഏകദേശം 1825 കാലഘട്ടത്തിൽ വരയ്ക്കപ്പെട്ട ഈ ചിത്രം ബ്രിട്ടനിലെയും അയർലണ്ടിലെയും റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ശേഖരത്തിൽ ഉൾപ്പെടുന്നു. മക്കെൻസിയുടെ ഇടതുവശത്ത് ഒരു ദൂരദർശിനി പിടിച്ചുകൊണ്ട് നിൽക്കുന്നത് അദ്ദേഹത്തിന്റെ പരിചാരകനായ കിസ്ത്നാജിയാണ്, വലതുവശത്ത് ബ്രാഹ്മണരായ സഹായികളാണ് - ഒരു ജൈനപണ്ഡിതനും (വലത്) അദ്ദേഹത്തിന്റെ പിറകിൽ തെലുങ്ക് ബ്രാഹ്മണനായ കൗവെല്ലേരി വെന്റക് ലെട്ച്മിയയെയും കാണാം.

➲ മക്കെൻസിയെയും അദ്ദേഹത്തിന്റെ തദ്ദേശീയരായ വിവരങ്ങൾ നൽകുന്നവരെയും കലാകാരൻ ചിത്രീകരിച്ചതെങ്ങനെ? അദ്ദേഹത്തെയും അദ്ദേഹത്തിന്റെ വിവരപങ്കാളികളെയും കുറിച്ചുള്ള എന്തെല്ലാം ആശയങ്ങളാണ് കാഴ്ചക്കാരിൽ എത്തിക്കാൻ ശ്രമിച്ചിരിക്കുന്നത്?

## 2. രായന്മാരും നായകന്മാരും സുൽത്താന്മാരും (*RAYAS, NAYAKAS* AND SULTANS)

പാരമ്പര്യങ്ങളും പുരാലേഖാതെളിവുകളും അനുസരിച്ച് 1336 ൽ ഹരിഹരൻ, ബുക്കൻ എന്നീ രണ്ടു സഹോദരന്മാരാണ് വിജയനഗരസാമ്രാജ്യം സ്ഥാപിച്ചത്. ഈ സാമ്രാജ്യത്തിന്റെ മാറിമറിഞ്ഞിരുന്ന അതിരുകൾക്കുള്ളിൽ വ്യത്യസ്ത ഭാഷകൾ സംസാരിക്കുകയും വിവിധ മതപാരമ്പര്യങ്ങൾ പിൻതുടരുകയും ചെയ്യുന്ന ജനങ്ങളാണ് ഉൾപ്പെട്ടിരുന്നത്.

വിജയനഗര രാജാക്കൻമാർ അവരുടെ വടക്കൻ അതിർത്തിയിൽ, ഡക്കാനിലെ സുൽത്താൻമാർ, ഒറീസ്സയിലെ ഗജപതി ഭരണാധികാരികൾ, എന്നിവരടക്കമുള്ള സമകാലിക ഭരണാധികാരികളുമായി ഫലഭൂയിഷ്ടമായ നദീതടങ്ങളുടെയും ലാഭകരമായ സമുദ്രാന്തര വാണിജ്യത്തിലൂടെ ലഭിക്കുന്ന വിഭവങ്ങളുടെയും നിയന്ത്രണത്തിനായി മത്സരിച്ചു. അതേസമയംതന്നെ ഈ രാജ്യങ്ങൾ തമ്മിലുള്ള ഇടപഴകൽ ആശയങ്ങളുടെ, പ്രത്യേകിച്ച് വാസ്തുവിദ്യാരംഗത്തെ ആശയങ്ങളുടെ, പങ്കുവയ്ക്കലിന് കാരണമായി. വിജയനഗര ഭരണാധികാരികൾ ആശയങ്ങളും നിർമ്മാണ സാങ്കേതികവിദ്യകളും കടമെടുക്കുകയും അവയെ പിന്നീട് കൂടുതൽ വികസിപ്പിക്കുകയും ചെയ്തു.

### കർണാടക സാമ്രാജ്യം (*Karnataka samrajyamu*)

ചരിത്രകാരർ വിജയനഗരസാമ്രാജ്യം എന്ന പേര് ഉപയോഗിക്കുമ്പോൾ സമകാലികർ ഇതിനെ കർണാടക സാമ്രാജ്യം എന്ന് വിവരിച്ചു.



*ചിത്രം 7.3*
*തഞ്ചാവൂരിലെ ബൃഹദീശ്വര ക്ഷേത്രത്തിന്റെ ഗോപുരം അഥവാ പ്രവേശനകവാടം*

വിജയനഗര സാമ്രാജ്യത്തോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിൽ ചിലത് തമിഴ്നാട്ടിലെ ചോളർ, കർണാടകത്തിലെ ഹോയ്സലർ തുടങ്ങിയ ശക്തമായ രാഷ്ട്രങ്ങളുടെ ഉയർച്ചയ്ക്ക് സാക്ഷ്യം വഹിച്ചിരുന്നവയാണ്. ഈ പ്രദേശങ്ങളിലെ സമുന്നതരായ ഭരണവിഭാഗങ്ങൾ തഞ്ചാവൂരിലെ ബൃഹദേശ്വര ക്ഷേത്രം, ബേലൂരിലെ ചെന്നകേശവ ക്ഷേത്രം, എന്നീ ബൃഹത് ക്ഷേത്രങ്ങൾക്ക് രക്ഷാധികാരം നൽകിയിരുന്നു. *രായൻമാർ* എന്ന് സ്വയം വിശേഷിപ്പിച്ച വിജയനഗര ഭരണാധികാരികൾ ഈ പാരമ്പര്യങ്ങളിൽ കെട്ടിപ്പടുക്കുകയും നാം കാണാൻ പോകുന്നതുപോലെ അവയെ അക്ഷരാർഥത്തിൽ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

**ആനകളും കുതിരകളും മനുഷ്യരും (Elephants, horses and men)**

*ഗജപതി* എന്ന വാക്കിന്റെ അർഥം ആനകളുടെ അധിപൻ എന്നാണ്. പതിനഞ്ചാം നൂറ്റാണ്ടിൽ ഒറീസ്സയിൽ ശക്തരായിരുന്ന ഒരു ഭരണവംശത്തിന്റെ പേരായിരുന്നു ഇത്. വിജയനഗരത്തിലെ ജനകീയ പാരമ്പര്യങ്ങളിലെല്ലാം ഡക്കാൻ സുൽത്താൻമാരെ *അശ്വപതി* അഥവാ കുതിരകളുടെ അധിപൻ എന്നും *രായൻ*മാരെ *നരപതി* അഥവാ മനുഷ്യരുടെ അധിപൻ എന്നുമാണ് വിളിച്ചിരുന്നത്.

## 2.1 രാജാക്കൻമാരും കച്ചവടക്കാരും (Kings and traders)

ഈ കാലഘട്ടത്തിൽ യുദ്ധത്തിന് ഫലപ്രദമായ കുതിരപ്പടയെയാണ് ആശ്രയിച്ചിരുന്നത് എന്നതിനാൽ, അറേബ്യയിൽനിന്നും മധ്യേഷ്യയിൽ നിന്നും കുതിരകളെ ഇറക്കുമതി ചെയ്യുക എന്നത് പരസ്പരം പോരടിക്കുന്ന രാജ്യങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമായിരുന്നു. തുടക്കത്തിൽ അറബിവ്യാപാരികളാണ് കുതിരവ്യാപാരം നിയന്ത്രിച്ചിരുന്നത്. ഈ വിനിമയങ്ങളിൽ *കുതിരച്ചെട്ടികൾ* അഥവാ കുതിരവ്യാപാരികൾ എന്നറിയപ്പെട്ടിരുന്ന പ്രാദേശിക കച്ചവടസമൂഹങ്ങളും പങ്കാളികളായി. 1498 മുതൽ പുതിയ ചിലർ ഈ രംഗത്തേക്കു കടന്നുവന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ തീരത്ത് എത്തിച്ചേരുകയും വ്യാപാര-സൈനിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്ത പോർച്ചുഗീസുകാരായിരുന്നു, ഇവർ. അവരുടെ മെച്ചപ്പെട്ട സൈനിക സാങ്കേതികവിദ്യ, പ്രത്യേകിച്ച് കൈത്തോക്കിന്റെ ഉപയോഗം, ആ കാലഘട്ടത്തിലെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയത്തിൽ ഇടപെട്ട് പ്രധാന പങ്കുവഹിക്കാൻ അവരെ പ്രാപ്തരാക്കി.

സുഗന്ധവ്യഞ്ജനങ്ങൾ, തുണിത്തരങ്ങൾ, വിലപിടിച്ച കല്ലുകൾ, എന്നിവയുടെ വ്യാപാരം നടക്കുന്ന കമ്പോളങ്ങളുടെ പേരിലും വിജയനഗരം ശ്രദ്ധിക്കപ്പെട്ടിരുന്നു. അമൂല്യങ്ങളായ കല്ലുകളും ആഭരണങ്ങളുംപോലുള്ള ഉയർന്ന വിലയുള്ള ആകർഷക വസ്തുക്കൾ ആവശ്യപ്പെടുന്ന ഒരു സമ്പന്നജനവിഭാഗത്തിന്റെ സാന്നിധ്യംകൊണ്ട് അഭിവൃദ്ധിനേടിയിരുന്ന ഇത്തരം നഗരങ്ങൾ, ഉയർന്ന പദവിയുടെ പ്രതീകമായിട്ടാണ് വ്യാപാരത്തെ കണക്കാക്കിയിരുന്നത്. അതേസമയം വ്യാപാരത്തിലൂടെ ലഭിച്ച വരുമാനം രാഷ്ട്രത്തിന്റെ സമ്പദ്സമൃദ്ധിയിൽ സുപ്രധാന പങ്ക്വഹിച്ചു.

## 2.2 സാമ്രാജ്യത്തിന്റെ ഉയർച്ചയും തകർച്ചയും (The apogee and decline of the empire)

രാഷ്ട്രത്തിന്റെ ഭരണവ്യവസ്ഥയ്ക്കുള്ളിൽ, ഭരണവംശത്തിലെ അംഗങ്ങളും പരമ്പരയും സൈനിക മേധാവികളുമാണ് അധികാരത്തിന്റെ അവകാശികളായിരുന്നത്. സംഗമവംശം (Sangama) എന്നറിയപ്പെട്ട ആദ്യത്തെ രാജവംശം 1485 വരെ ഭരിച്ചു. അവർക്കുശേഷംവന്ന സാലുവർ (Saluvas) എന്നറിയപ്പെട്ട സൈനിക മേധാവികൾ 1503 വരെ അധികാരത്തിലിരുന്നു. അവരെ പുറത്താക്കിക്കൊണ്ട് തുലുവ ((Tuluvas) രാജവംശം അധികാരത്തിലെത്തി. തുലുവ രാജവംശത്തിലാണ് കൃഷ്ണദേവരായർ ഉൾപ്പെട്ടിരുന്നത്.

സാമ്രാജ്യത്തിന്റെ വിപുലീകരണവും ഏകീകരണവുമായിരുന്നു കൃഷ്ണദേവരായരുടെ ഭരണത്തിന്റെ പ്രധാന സവിശേഷതകൾ. തുംഗഭദ്ര, കൃഷ്ണ നദികൾക്കിടയിലുള്ള പ്രദേശം (റെയ്ച്ചൂർ ദോബ്) പിടിച്ചെടുത്തതും (1512), ഒറീസ്സയിലെ ഭരണാധികാരികളെ കീഴടക്കിയതും (1514) ബിജാപ്പൂരിലെ സുൽത്താനെ പലതവണ പരാജയപ്പെടുത്തിയതും (1520) ഈ കാലഘട്ടത്തിലാണ്. നിരന്തരമായ സൈനിക തയാറെടുപ്പുകളുടെ സ്ഥിതിയിലായിരുന്നു സാമ്രാജ്യമെങ്കിലും സമാനതകളില്ലാത്തവിധം സമാധാനവും സമ്പദ്സമൃദ്ധിയും ഈ കാലഘട്ടത്തിലുണ്ടായി. കൃഷ്ണദേവരായർ മനോഹരങ്ങളായ നിരവധി ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ദക്ഷിണേന്ത്യയിലെ നിരവധി ക്ഷേത്രങ്ങൾക്ക് ആകർഷകമായ *ഗോപുരങ്ങൾ* പണികഴിപ്പിക്കുകയും ചെയ്തു. തന്റെ അമ്മയുടെ പേരിൽ അദ്ദേഹം വിജയനഗരത്തിന്റെ സമീപത്ത്, നഗരപ്രാന്തത്തിൽ നാഗലപുരം എന്നു പേരുള്ള ഒരു കൊച്ചു പട്ടണം പണികഴിപ്പിച്ചു. അദ്ദേഹത്തിന്റെയും അതിനു തൊട്ടു പിന്നാലെയുമുള്ള കാലങ്ങളിൽ നിന്നാണ് വിജയനഗരത്തെക്കുറിച്ചുള്ള ഏറ്റവും വിശദമായ വിവരണങ്ങൾ ലഭിക്കുന്നത്.

1529 ൽ കൃഷ്ണദേവരായരുടെ മരണത്തെത്തുടർന്ന് സാമ്രാജ്യത്തിന്റെ ഘടനയിൽ തകർച്ചയുടെ സൂചനകൾ കണ്ടുതുടങ്ങി. അദ്ദേഹത്തിന്റെ പിൻഗാമികൾ കലാപകാരികളായ *നായകന്മാരിൽ* നിന്ന് (സൈനിക മേധാവികൾ) വെല്ലുവിളി നേരിട്ടു. 1542-ഓടെ കേന്ദ്രഭരണത്തിന്റെ നിയന്ത്രണം മറ്റൊരു ഭരണവംശമായ അരവീഡു (Aravidu) രാജവംശത്തിന്റെ കീഴിലായി. പതിനേഴാംനൂറ്റാണ്ടിന്റെ അവസാനംവരെ അവർ അധികാരത്തിൽ തുടർന്നു. മുമ്പത്തേതുപോലെതന്നെ ഈ കാലഘട്ടത്തിലും വിജയനഗര ഭരണാധികാരികളുടെയും ഡക്കാനിലെ സുൽത്താന്മാരുടെയും സൈനിക താൽപര്യങ്ങൾ, മാറി മാറി വന്ന സഖ്യങ്ങൾക്ക് വഴിതെളിച്ചു. അവസാനം ഇത് വിജയനഗരത്തിനെതിരെ ഡക്കാൻ സുൽത്താൻമാർ ഒരു സഖ്യം രൂപീകരിക്കുന്നതിനും കാരണമായി. 1565 ൽ വിജയനഗരത്തിലെ മുഖ്യമന്ത്രിയായ രാമരായൻ നയിച്ച സൈന്യം, രാക്ഷസി - തങ്കടി യുദ്ധത്തിൽ (തളിക്കോട്ട യുദ്ധം എന്നും അറിയപ്പെടുന്നു) ബിജാപ്പൂർ, അഹമ്മദ്നഗർ, ഗോൽക്കൊണ്ട എന്നിവയുടെ സംയുക്ത സൈന്യത്താട് നിശ്ശേഷം പരാജയപ്പെട്ടു. വിജയിച്ച സൈന്യം വിജയനഗരം എന്ന നഗരത്തെ നശിപ്പിച്ചു. കുറച്ചുവർഷങ്ങൾക്കുള്ളിൽ ഈനഗരം എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് ജനവാസമില്ലാതായി. തുടർന്ന് സാമ്രാജ്യത്തിന്റെ ശ്രദ്ധ മുഴുവൻ കിഴക്കൻ പ്രദേശത്തേക്കായി. അവിടെ അരവീഡുരാജവംശം പേനുകൊണ്ടയിൽ നിന്നും പിന്നീട് ചന്ദ്രഗിരിയിൽ (തിരുപ്പതിക്കടുത്ത്) നിന്നും ഭരണം നടത്തി.

*സ്രോതസ്സ് 2*

### രാജാക്കൻമാരും വ്യാപാരികളും (Kings and traders)

വിജയനഗരത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായ കൃഷ്ണദേവരായർ (1509 - 29) രാഷ്ട്രഭരണത്തെ സംബന്ധിച്ച് തെലുങ്ക് ഭാഷയിൽ എഴുതിയ ഗ്രന്ഥമാണ് *അമുക്തമാല്യദ*. വ്യാപാരികളെക്കുറിച്ച് അദ്ദേഹം എഴുതി:

> ഒരു രാജാവ് തന്റെ രാജ്യത്തിലെ തുറമുഖങ്ങൾ മെച്ചപ്പെടുത്തുകയും കുതിരകൾ, ആനകൾ, വിശിഷ്ടരത്നങ്ങൾ, ചന്ദനത്തടി, മുത്തുകൾ മുതലായ വസ്തുക്കൾ സ്വതന്ത്രമായി ഇറക്കുമതി ചെയ്യാനാവുന്നതരത്തിൽ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം... കൊടുങ്കാറ്റ്, രോഗങ്ങൾ, തളർച്ച എന്നിവമൂലം തന്റെ രാജ്യത്ത് ഇറങ്ങുന്ന വിദേശ സമുദ്രസഞ്ചാരികളെ ഉചിതമായ രീതിയിൽ ശുശ്രൂഷിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ അദ്ദേഹം ചെയ്യണം... ആനകളെയും മെച്ചപ്പെട്ട കുതിരകളെയും ഇറക്കുമതിചെയ്യുന്ന വിദൂര വിദേശ രാജ്യങ്ങളിലെ വ്യാപാരികളെ ദിവസവും ദർശനവും പാരിതോഷികങ്ങളും നൽകിയും മാന്യമായ ലാഭംനേടാൻ അനുവദിച്ചും, നിങ്ങളോടൊപ്പം നിർത്തണം. അങ്ങനെയെങ്കിൽ ആ വസ്തുക്കൾ ഒരിക്കലും നിങ്ങളുടെ ശത്രുക്കളുടെ അടുത്തേക്ക് പോകില്ല.

➲ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ രാജാവ് തൽപരനായിരുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ഏത് വിഭാഗം ജനങ്ങളായിരിക്കാം ഈ കൈമാറ്റങ്ങളിൽ നിന്ന് നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടാവുക?

*ഭൂപടം 1*
*ദക്ഷിണേന്ത്യ*
*ഏകദേശം പതിന്നാല് - പതിനെട്ട് നൂറ്റാണ്ട്*




➲ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇപ്പോഴത്തെ സംസ്ഥാനങ്ങളെ തിരിച്ചറിയുക.

വിജയനഗരത്തിന്റെ തകർച്ചയ്ക്ക് സുൽത്താൻമാരുടെ സൈന്യങ്ങളായിരുന്നു ഉത്തരവാദികളെങ്കിലും മതപരമായ വ്യത്യാസങ്ങൾ നിലനിൽക്കെത്തന്നെ, സുൽത്താന്മാരും *രായൻമാരും* എല്ലായ്പ്പോഴും ശത്രുക്കളായിരുന്നില്ല. ഉദാഹരണത്തിന്, കൃഷ്ണദേവരായർ സുൽത്താന്മാരിലെ ചില അധികാരാർഥികളെ പിന്തുണയ്ക്കുകയും 'യവനരാജ്യത്തിന്റെ സ്ഥാപകൻ' എന്ന പേര് സ്വീകരിക്കുന്നതിൽ അഭിമാനം പുലർത്തുകയും ചെയ്തു. അതുപോലെ കൃഷ്ണദേവരായരുടെ മരണത്തെത്തുടർന്ന് വിജയനഗരത്തിൽ പിൻതുടർച്ചാവകാശത്തർക്കങ്ങൾ ഉണ്ടായപ്പോൾ ബിജാപ്പൂർ സുൽത്താൻ തർക്കം പരിഹരിക്കാനായി ഇടപെട്ടു. യഥാർഥത്തിൽ സുൽത്താൻമാരുടെ അധികാരം സുസ്ഥിരമാക്കുന്നതിൽ വിജയനഗരരാജാക്കന്മാരും തിരിച്ച് അവരുടെ അധികാരം സുസ്ഥിരമാക്കുന്നതിൽ സുൽത്താൻമാരും തങ്ങളുടെ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഒരു സുൽത്താനെ മറ്റൊരു സുൽത്താന് എതിരാക്കി മാറ്റുന്നതിനുള്ള രാമരായന്റെ അപകടകരമായ ശ്രമങ്ങളാണ് യഥാർഥത്തിൽ സുൽത്താന്മാരെ ഒന്നിക്കാനും അയാളെ നിർണായകമായി പരാജയപ്പെടുത്താനും പ്രേരിപ്പിച്ചത്.

വടക്കുപടിഞ്ഞാറുനിന്ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് കടന്നുവന്ന ഗ്രീക്ക്കാരെയും മറ്റു ജനങ്ങളെയും വിശേഷിപ്പിക്കാനാണ് *യവന* എന്ന സംസ്കൃതപദം ഉപയോഗിച്ചിരുന്നത്.

## 2.3 *രായന്മാരും നായകന്മാരും* (The *rayas* and the *nayakas*)

കോട്ടകളുടെ നിയന്ത്രണവും സായുധസൈനികരുടെ പിന്തുണയുമുള്ള സൈനിക മേധാവികളായിരുന്നു പൊതുവെ സാമ്രാജ്യത്തിൽ അധികാരം കയ്യാളിയിരുന്നത്. ഇവർ മിക്കപ്പോഴും ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറിപ്പോയിരുന്നു. സ്ഥിരവാസമുറപ്പിക്കാൻ ഫലഫുയിഷ്ഠമായ ഭൂമി അന്വേഷിക്കുന്ന കർഷകർ ഇവരെ പലപ്പോഴും അനുഗമിച്ചിരുന്നു. *നായകന്മാർ* എന്നറിയപ്പെട്ട ഈ മേധാവികൾ സാധാരണയായി തെലുങ്ക്, കന്നഡ ഭാഷകൾ സംസാരിച്ചു. പല *നായകന്മാരും* വിജയനഗരരാജാക്കന്മാരുടെ അധികാരത്തിന് മുന്നിൽ കീഴടങ്ങി. പക്ഷേ, അവർ പലപ്പോഴും കലാപങ്ങൾ നടത്തുകയും സൈന്യത്തെ ഉപയോഗിച്ച് അവരെ അടിച്ചമർത്തേണ്ടി വരുകയും ചെയ്തു.

വിജയനഗര സാമ്രാജ്യത്തിലെ സുപ്രധാനമായ ഒരു രാഷ്ട്രീയ കണ്ടെത്തലായിരുന്നു *അമര-നായക (amara-nayaka)* സമ്പ്രദായം. ഇതിന്റെ പല സവിശേഷതകളും രൂപപ്പെട്ടു വന്നത് ഡൽഹി സുൽത്താൻമാരുടെ *ഇഖ്ത (iqta)* സമ്പ്രദായത്തിൽനിന്നും ആയിരുന്നിരിക്കണം.

*രായൻമാരിൽ*നിന്ന് ഭരിക്കാനായി നിശ്ചിതഭൂമി ലഭിക്കുന്ന സൈനിക മേധാവികളാണ് *അമര-നായകന്മാർ* എന്നറിയപ്പെട്ടത്. അവർ ആ പ്രദേശത്തെ കർഷകർ, കരകൗശലക്കാർ, കച്ചവടക്കാർ എന്നിവരിൽ നിന്ന് നികുതിയും മറ്റ് വരിസംഖ്യകളും പിരിച്ചെടുത്തു. പിരിച്ചെടുത്ത തുകയുടെ ഒരുഭാഗം അവർ തങ്ങളുടെ സ്വകാര്യാവശ്യത്തിനും നിശ്ചിത എണ്ണം കുതിരകളെയും ആനകളെയും പരിപാലിക്കുന്നതിനും വിനിയോഗിച്ചു. ഈ വിഭാഗങ്ങൾ വിജയനഗര രാജാക്കൻമാർക്ക് ശക്തമായ ഒരു സൈന്യത്തെ സമ്മാനിച്ചു. ദക്ഷിണ ഉപദ്വീപിനെ മുഴുവനായി തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ ഇത് വിജയനഗര രാജാക്കൻമാരെ സഹായിച്ചു. കുറച്ച് വരുമാനം, ക്ഷേത്രങ്ങൾ പരിരക്ഷിക്കുന്നതിനും ജലസേചന പ്രവർത്തനങ്ങൾക്കും ചെലവഴിക്കപ്പെട്ടു.

*അമര-നായകന്മാർ* രാജാവിന് വർഷംതോറും കപ്പം നൽകുകയും രാജാവിനോടുള്ള തങ്ങളുടെ കൂറ് പ്രകടിപ്പിക്കാനായി പാരിതോഷികങ്ങളുമായി രാജകൊട്ടാരം സന്ദർശിക്കുകയും ചെയ്തു. രാജാക്കന്മാർ തങ്ങളുടെ അധികാരം സ്ഥാപിക്കുന്നതിനായി ചിലപ്പോഴൊക്കെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് അവരെ മാറ്റുകയും ചെയ്തു. എന്നാലും പതിനേഴാം നൂറ്റാണ്ടിൽ *നായകന്മാരിൽ* പലരും സ്വതന്ത്രരാജ്യങ്ങൾ സ്ഥാപിച്ചു. ഇത് കേന്ദ്രസാമ്രാജ്യ ഘടനയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടി.

*യുദ്ധം* എന്നർഥം വരുന്ന *സമര* എന്ന സംസ്കൃത വാക്കിൽ നിന്നാണ് *അമര* എന്ന വാക്ക് ഉത്ഭവിച്ചതെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഉന്നതനായ പ്രഭു എന്നർഥം വരുന്ന പേർഷ്യൻ വാക്കായ *അമീർ* എന്നതിനും ഇതിനോട് സാമ്യമുണ്ട്.

**ചർച്ച ചെയ്യുക...**

ഭൂപടം 1 ൽ നായകൻമാരുടെ അധികാര കേന്ദ്രങ്ങളായ ചന്ദ്രഗിരി, മധുര, ഇക്കേരി, തഞ്ചാവൂർ, മൈസൂർ എന്നിവ കണ്ടെത്തുക. ഇവയോരോന്നിലും നദികളും കുന്നുകളും വിജയനഗരവുമായുള്ള ബന്ധം സാധ്യമാക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തതെങ്ങനെയെല്ലാമെന്ന് ചർച്ചചെയ്യുക.

## 3. വിജയനഗരം - തലസ്ഥാനവും അതിന്റെ ചുറ്റുപാടുകളും (Vijayanagara The Capital and its Environs)

മിക്കവാറും എല്ലാ തലസ്ഥാനങ്ങളെയുംപോലെ വിജയനഗരത്തിനും സവിശേഷമായ ഒരു ഭൗതിക രൂപരേഖയും നിർമാണരീതിയും ഉണ്ടായിരുന്നു.




*ചിത്രം 7.4*
*വിജയനഗരത്തിന്റെ രൂപരേഖ*

➲ രൂപരേഖയിലെ മൂന്ന് പ്രധാനമേഖലകളെ തിരിച്ചറിയുക. കേന്ദ്രസ്ഥാനം നോക്കുക. നദിയുമായി ബന്ധിപ്പിക്കുന്ന നീർചാലുകൾ നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ? എത്ര കോട്ടമതിലുകൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമെന്ന് നോക്കൂ. വിശുദ്ധ കേന്ദ്രം കോട്ടമതിൽ കെട്ടപ്പെട്ടതാണോ?

### നഗരത്തെക്കുറിച്ചറിയാൻ (Finding out about the city)

വിജയനഗര രാജാക്കൻമാരുടെയും അവരുടെ *നായകൻമാരുടെയും* ക്ഷേത്രങ്ങൾക്കുള്ള സംഭാവനകളും അതുപോലെ തന്നെ സുപ്രധാന സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന നിരവധി ലിഖിതങ്ങൾ കണ്ടെടുത്തിട്ടുണ്ട്. നിരവധി സഞ്ചാരികൾ നഗരം സന്ദർശിക്കുകയും അതിനെക്കുറിച്ച് എഴുതുകയും ചെയ്തിട്ടുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധേയമായ വിവരണങ്ങൾ പതിനഞ്ചാം നൂറ്റാണ്ടിൽ നഗരം സന്ദർശിച്ച ഇറ്റാലിയൻ വ്യാപാരിയായ നിക്കോളോ ഡി കോണ്ടി, പേർഷ്യൻ ഭരണാധികാരിയുടെ നയതന്ത്ര പ്രതിനിധിയായ അബ്ദുർ റസാഖ്, റഷ്യയിൽ നിന്നുള്ള വ്യാപാരിയായ അഫനാസി നികിതിൻ എന്നിവരുടേതും, പതിനാറാം നൂറ്റാണ്ടിൽ നഗരം സന്ദർശിച്ച പോർച്ചുഗലിൽ നിന്നുള്ള ഡ്വുയാർത്തെ ബാർബോസ, ഡൊമിംഗൊ പയസ്, ഫെർനാവൊ നുനിസ് എന്നിവരുടേതുമാണ്.

➲ ഇപ്പോഴത്തെ ഒരു നഗരത്തിൽ ഇത്തരം സവിശേഷതകൾ നിങ്ങൾക്ക് കാണാനാകുമോ? പയസ് തന്റെ പ്രത്യേക പരാമർശത്തിന് ഇത്തരം ഉദ്യാനങ്ങളെയും ജലശേഖരണികളെയും തിരഞ്ഞെടുത്തതെന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?

*സ്രോതസ്സ് 3*

### പരന്നുകിടക്കുന്ന ഒരു നഗരം (A sprawling city)

വിജയനഗരത്തെക്കുറിച്ചുള്ള ഡൊമിംഗൊ പയസിന്റെ വിവരണത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണിത്:

ഈ നഗരത്തിന്റെ വലുപ്പത്തെക്കുറിച്ച് ഞാനിവിടെ എഴുതുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിനെ മുഴുവനായി ഏതെങ്കിലും ഒരു സ്ഥലത്ത് നിന്നും കാണാൻ കഴിയില്ല. ഇതിന്റെ വലിയൊരു ഭാഗം കാണുന്നതിനായി ഞാൻ ഒരു മലകയറിയിട്ടും നിരവധി മലനിരകൾക്കിടയിൽ കിടക്കുന്നതിനാൽ ഇതെനിക്ക് കാണാൻ കഴിഞ്ഞില്ല. അവിടെനിന്നുകൊണ്ടു ഞാൻ കണ്ടത് റോമിനോളം വലുതാണ് എന്നെനിക്ക് തോന്നി; കൂടാതെ കാഴ്ചയ്ക്ക് അതിമനോഹരവും. വൃക്ഷങ്ങളുടെ നിരവധി തോട്ടങ്ങൾ ഇതിനകത്തുണ്ട്. വീടുകളിലെ തോട്ടങ്ങളിലും അതിന് നടുവിലൂടെ ഒഴുകുന്ന നിരവധി വെള്ളച്ചാലുകളും ഇടയ്ക്കിടെ തടാകങ്ങളും; രാജാവിന്റെ കൊട്ടാരത്തിന് വളരെ സമീപത്തായി ഒരു പനന്തോട്ടവും മറ്റു നല്ല ഫലവൃക്ഷങ്ങളും കാണാൻ കഴിയും.

## 3.1 ജലസ്രോതസ്സുകൾ (Water resources)

വിജയനഗരം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത വടക്കുകിഴക്കൻ ദിശയിൽ ഒഴുകുന്ന തുംഗഭദ്ര നദിയാൽ രൂപം പ്രാപിച്ചിട്ടുള്ള പ്രകൃതിദത്തമായ നദീതടമാണ്. നഗരത്തിന് ചുറ്റുമായി ഒരു കച്ചകെട്ടിയതുപോലെ കാണപ്പെടുന്ന, ആരെയും അതിശയിപ്പിക്കുന്ന പാറക്കെട്ടുകൾ ഈ പ്രദേശത്തിന്റെ സവിശേഷതയാണ്. ഈ പാറക്കെട്ടുകളിൽ നിന്ന് നിരവധി അരുവികൾ നദിയിലേക്ക് ഒഴുകി വരുന്നു.

പല വലുപ്പത്തിലുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനായി ഇതിലെ ഭൂരിഭാഗം അരുവികളുടെയും തടങ്ങൾ കെട്ടിയുറപ്പിച്ചുണ്ട്. ഉപദ്വീപിലെ ഏറ്റവും വരണ്ട ഒരു മേഖലയാണ് ഇതെന്നുള്ളതുകൊണ്ടുതന്നെ മഴവെള്ളം സംഭരിക്കുന്നതിനും അത് നഗരത്തിൽ എത്തിക്കുന്നതിനും അതിവിപുലമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ടായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട കുളം നിർമ്മിക്കപ്പെട്ടത്. ഇന്നത് കമലപുരം കുളം എന്നറിയപ്പെടുന്നു. ഈ കുളത്തിൽ നിന്നുള്ള ജലം സമീപത്തെ പാടങ്ങൾ നനയ്ക്കുക മാത്രമല്ല മറിച്ച് "രാജകീയ കേന്ദ്ര"ത്തിലേക്ക് ഒരു കനാൽമാർഗം എത്തിക്കുകയും ചെയ്തിരുന്നു.

നാശാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് കണ്ടെത്തിയ ഏറ്റവും പ്രധാനപ്പെട്ട ഒരു ജലസേചനപദ്ധതി ഹിരിയ കനാൽ ആയിരുന്നു. തുംഗഭദ്ര നദിക്കുകുറുകെ കെട്ടിയ അണക്കെട്ടിൽനിന്നും വെള്ളം ഈ കനാലിലൂടെ കൊണ്ടുവന്ന് "വിശുദ്ധകേന്ദ്രത്തെയും" "നഗരകേന്ദ്രത്തെ"യും വേർതിരിക്കുന്ന പാടങ്ങൾ നനച്ചു. സംഗമരാജവംശത്തിലെ രാജാക്കന്മാരാണ് ഇതു നിർമ്മിച്ചതെന്ന് കരുതപ്പെടുന്നു.

## 3.2 കോട്ടമതിലുകളും പാതകളും (Fortifications and roads)

നഗരത്തിന്റെ വിവിധ ഭാഗങ്ങളെക്കുറിച്ച് വിശദമായി പരിശോധിക്കുന്നതിനു മുൻപായി അവയുടെ ചുറ്റാകെ കെട്ടിയിരുന്ന വലിയ കോട്ടഭിത്തികളെക്കുറിച്ചു മനസ്സിലാക്കേണ്ടതുണ്ട്. പതിനഞ്ചാം നൂറ്റാണ്ടിൽ പേർഷ്യൻ ഭരണാധികാരി കോഴിക്കോട്ടേക്ക് അയച്ച നയതന്ത്രപ്രതിനിധിയായ അബ്ദുർ റസാഖ് ഈ കോട്ടമതിലുകൾ കണ്ട് അത്ഭുതപ്പെടുകയും ഏഴു നിരകളായുള്ള കോട്ടകളെക്കുറിച്ച് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. ഇവ നഗരത്തെ മാത്രമല്ല അവിടുത്തെ ഉൾനാടൻ കൃഷിഭൂമിയെയും വനങ്ങളെയും ചുറ്റിക്കിടന്നിരുന്നു. ഏറ്റവും പുറമെയുള്ള കോട്ടഭിത്തി നഗരത്തിന് ചുറ്റുമുള്ള കുന്നുകളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നു. വലിയതോതിലുള്ള കൽപ്പണിയുടെ നിർമ്മാണം അല്പം ദുർബലമായിരുന്നു. നിർമ്മാണത്തിൽ ഒരിടത്തും ചാന്തോ തമ്മിൽ ബന്ധിപ്പിക്കാനുള്ള മറ്റെന്തെങ്കിലും വസ്തുവോ ഉപയോഗിച്ചിരുന്നില്ല. കൽക്കട്ടികൾ ആപ്പിന്റെ ആകൃതിയുള്ളവയായിരുന്നു. അത് അവയെ സ്ഥാനത്ത് ഉറപ്പിച്ച് നിർത്തിയിരുന്നു. അകംഭാഗം ചരൽനിറച്ച മണ്ണുകൊണ്ടുള്ളതായിരുന്നു. ചതുരത്തിലോ ദീർഘ ചതുരാകൃതിയിലോ ഉള്ള കൊത്തളങ്ങൾ കോട്ടയ്ക്ക് പുറത്തേക്ക് തള്ളിനിന്നിരുന്നു.

ഈ കോട്ടമതിലുകളെ സംബന്ധിച്ച് ഏറ്റവും പ്രസക്തമായ കാര്യം എന്തെന്നാൽ അവ പാടങ്ങളെ ചുറ്റിനിന്നിരുന്നു എന്നതാണ്. അബ്ദുർ റസ്സാഖിന്റെ അഭിപ്രായത്തിൽ "ഒന്നും രണ്ടും മൂന്നും കോട്ടഭിത്തികൾക്കിടയിൽ കൃഷി ചെയ്ത പാടങ്ങളും പൂന്തോട്ടങ്ങളും വീടുകളും ഉണ്ടായിരുന്നു." പയസ്സിന്റെ നിരീക്ഷണം ശ്രദ്ധിക്കൂ. "ആദ്യത്തെ ചുറ്റു

*സ്രോതസ്സ് 4*

**ജലസംഭരണികൾ എങ്ങനെയാണ് നിർമ്മിക്കപ്പെട്ടത് (How tanks were built)**

കൃഷ്ണദേവരായർ നിർമ്മിച്ച ഒരു ജലസംഭരണിയെക്കുറിച്ച് പയസ് എഴുതി:

രാജാവ് ഒരു ജലസംഭരണി നിർമ്മിച്ചു... രണ്ട് മലകളുടെ മുന്നിലായി. അതിനാൽ ഇരുവശത്ത് നിന്നും വരുന്ന വെള്ളം അവിടെ ശേഖരിക്കപ്പെടും; ഇത് കൂടാതെ, മൂന്നിൽ കൂടുതൽ കാതം അകലെനിന്നും (ഏകദേശം 15 കിലോ മീറ്ററിൽ കൂടുതൽ) വെള്ളം പുറത്തെ മലനിരയുടെ താഴെ ഭാഗത്തുകൂടെയുള്ള പൈപ്പിലൂടെ കൊണ്ടുവരുന്നു. ഒരു തടാകത്തിൽ നിന്നുള്ള വെള്ളമാണ് ഇവിടേക്ക് കൊണ്ടുവരുന്നത്. ആ തടാകം തന്നെ ഒരു ചെറിയ നദിയിലേക്ക് കവിഞ്ഞൊഴുകുന്നു. പല രൂപങ്ങൾ മനോഹരമായി കൊത്തിവച്ച മൂന്ന് വലിയ തൂണുകളുണ്ട് ഈ കുളത്തിന്. ഇവയെ മുകളിലുള്ള ചില പൈപ്പുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. കാരണം, അതുവഴി പൂന്തോട്ടങ്ങളും നെൽപ്പാടങ്ങളും നനയ്ക്കാൻ ആവശ്യമായ സമയത്ത് ഇതിൽ നിന്ന് വെള്ളം ലഭിക്കും. ഈ സംഭരണി നിർമ്മിക്കുന്നതിനായി രാജാവ് ഒരു കുന്നിടിച്ചു നിരത്തി... ഈ സംഭരണിയിൽ പണിയെടുക്കുന്ന നിരവധി പേരെ ഞാൻകണ്ടു. ഏകദേശം പതിനഞ്ചായിരമോ ഇരുപതിനായിരമോ ആളുകൾ ഉണ്ടായിരുന്നിരിക്കാം. അവർ ഉറുമ്പുകളെ പോലെ കാണപ്പെട്ടു...

*ചിത്രം 7.5*
*രാജകീയ കേന്ദ്രത്തിലേക്ക് പോകുന്ന ഒരു കനാൽ*





ചിത്രം 7.6
കോട്ടയുടെ ഭിത്തിയിലെ ഒരു പ്രവേശനകവാടം

➲ ഈ രണ്ടു പ്രവേശന കവാടങ്ങളുടെ സാമ്യങ്ങളും വ്യത്യാസങ്ങളും വിശദമാക്കുക. വിജയനഗരത്തിലെ ഭരണാധികാരികൾ ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യയിലെ ഘടകങ്ങളെ പിന്തുടർന്നിരുന്നു എന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ടാണ്?

ചിത്രം 7.7
ഒരു ഗോപുരം



മതിലിൽ നിന്ന് നഗരത്തിൽ കടക്കുന്നതുവരെ നല്ല ദൂരമുണ്ടായിരുന്നു, അവിടെ അവർ വിത്തെറിയുന്ന പാടങ്ങൾ, നിരവധി പൂന്തോട്ടങ്ങൾ, രണ്ട് തടാകങ്ങളിലൂടെ യഥേഷ്ടം ഒഴുകിവരുന്ന വെള്ളം എന്നിവ ഉണ്ടായിരുന്നു". വർത്തമാനകാല പുരാവസ്തുഗവേഷകർ ഈ പ്രസ്താവനകളെ സാധൂകരിക്കുന്നുണ്ട്. മാത്രമല്ല അവർ നഗരകേന്ദ്രത്തിനും വിശുദ്ധകേന്ദ്രത്തിനും ഇടയിലായി ഒരു കൃഷിയിടം നിലനിന്നതിനുള്ള തെളിവുകളും കണ്ടെത്തിയിട്ടുണ്ട്. തുംഗഭദ്രയിൽനിന്നു വിപുലമായ ഒരു കനാൽ സംവിധാനത്തിലൂടെ വെള്ളം കൊണ്ടുവന്നാണ് ഈ കൃഷിഭൂമി നനച്ചിരുന്നത്.

കാർഷിക പാടങ്ങളെ കോട്ടകെട്ടിയ പ്രദേശത്തിനകത്തു തന്നെ നിർത്തിയിരുന്നത് എന്തിനെന്നാണ് നിങ്ങൾ കരുതുന്നത്? പ്രതിരോധിക്കുന്നവരെ പട്ടിണിക്കിട്ട് കീഴ്പ്പെടുത്തുക എന്നതായിരുന്നു മിക്കവാറും മധ്യകാല ഉപരോധങ്ങളുടെയെല്ലാം ലക്ഷ്യം. ഈ ഉപരോധങ്ങൾ നിരവധി മാസങ്ങളും ചിലപ്പോൾ വർഷങ്ങളോളവും നീണ്ടുനിന്നേക്കാം. ഇത്തരം സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് സാധാരണയായി ഭരണാധികാരികൾ കോട്ടകൾക്കുള്ളിൽത്തന്നെ വലിയ ധാന്യപ്പുരകൾ നിർമ്മിക്കാനാണ് ശ്രമിച്ചിരുന്നത്. കാർഷിക മേഖലയെത്തന്നെ സംരക്ഷിക്കുവാനായി വിജയനഗരഭരണാധികാരികൾ കൂടുതൽ ചെലവേറിയതും വിപുലവുമായ ഒരുതന്ത്രം സ്വീകരിച്ചു.

കോട്ടമതിലുകളുടെ രണ്ടാംനിര നഗരസമുച്ചയത്തിന്റെ അന്തർകേന്ദ്രത്തിന് ചുറ്റുമായിരുന്നപ്പോൾ മൂന്നാംനിര, രാജകീയ കേന്ദ്രത്തിന് ചുറ്റുമായിരുന്നു. അതിനുമകത്ത് ഓരോ കെട്ടിടസമുച്ചയത്തിനെയും ചുറ്റി പ്രത്യേകം ഉയർന്ന സംരക്ഷണ ഭിത്തികളുണ്ടായിരുന്നു.

ശക്തമായ സുരക്ഷയുള്ള കവാടങ്ങളിലൂടെയാണ് കോട്ടയിലേക്ക് കടന്നിരുന്നത്. ആ കവാടങ്ങൾ, നഗരത്തെ പ്രധാനറോഡുകളുമായി ബന്ധിപ്പിച്ചിരുന്നു. വ്യത്യസ്തമായ വാസ്തുവിദ്യാ സവിശേഷതകളുണ്ടായിരുന്ന ഈ കവാടങ്ങളാണ് അവയിലൂടെ പ്രവേശനം നിയന്ത്രിക്കപ്പെട്ടിരുന്ന നിർമ്മിതികളുടെ രൂപകല്പനയെ നിയന്ത്രിച്ചിരുന്നത്. കോട്ടകെട്ടി സുരക്ഷിതമാക്കിയ വാസകേന്ദ്രത്തിലേക്ക് നയിക്കുന്ന കവാടത്തിന്റെ കമാനവും കവാടത്തിന് മുകളിലുള്ള മകുടവും തുർക്കിസുൽത്താൻമാർ നടപ്പിലാക്കിയ വാസ്തുവിദ്യാശൈലിയുടെ പ്രത്യേക സവിശേഷതകളായി കണക്കാക്കപ്പെടുന്നു. കലാചരിത്രകാരർ ഈ ശൈലിയെ ഇൻഡോ - ഇസ്‌ലാമിക് ശൈലി എന്നാണ് വിശേഷിപ്പിക്കുന്നത്. എന്തുകൊണ്ടെന്നാൽ വ്യത്യസ്ത പ്രദേശങ്ങളിലെ പ്രാദേശിക കെട്ടിടനിർമാണ രീതികളുമായി സംവദിച്ചുകൊണ്ടാണ് ഇതു വളർന്നുവന്നത്.

പുരാവസ്തു ശാസ്ത്രജ്ഞർ നഗരത്തിനുള്ളിലെയും നഗരത്തിൽ നിന്നു പുറത്തേക്കു പോകുന്നതുമായ പാതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കവാടങ്ങളിലൂടെ കടന്നുപോകുന്ന പാതകളെ പിന്തുടർന്നും നടപ്പാതകൾ കണ്ടെത്തിയുമാണ് അവർ ഇവ തിരിച്ചറിഞ്ഞത്. പാറ നിറഞ്ഞ പ്രദേശങ്ങൾ ഒഴിവാക്കി താഴ്വരകളിലൂടെ വളഞ്ഞുപുളഞ്ഞാണ് പൊതുവേ റോഡുകൾ പോയിരുന്നത്. അതിപ്രധാനമായ ചില റോഡുകൾ ക്ഷേത്രങ്ങളുടെ കവാടങ്ങളിൽ നിന്ന് ആരംഭിക്കുന്നതും ഓരങ്ങളിൽ കമ്പോളങ്ങൾ ഉള്ളവയുമായിരുന്നു.

## 3.3 നഗരകേന്ദ്രം (The urban core)

നഗരകേന്ദ്രത്തിലേക്ക് മുന്നേറുന്ന പാതകളിൽ സാധാരണക്കാരായ ജനങ്ങളുടെ വീടുകളെ സംബന്ധിച്ച പുരാവസ്തു തെളിവുകൾ താരതമ്യേന കുറ

വാണ്. നഗരകേന്ദ്രത്തിന്റെ വടക്കു പടിഞ്ഞാറൻമൂല ഉൾപ്പെടുന്ന ചില സ്ഥലങ്ങളിൽനിന്ന് പുരാവസ്തുശാസ്ത്രജ്ഞർ മനോഹരങ്ങളായ ചൈനീസ് മൺപാത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ സമ്പന്നരായ വ്യാപാരികൾ അധിവസിച്ചിരുന്നിരിക്കാം എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇതു മുസ്‌ലീങ്ങളുടെ താമസസ്ഥലം കൂടിയായിരുന്നു. ഇവിടെയുള്ള ശവകുടീരങ്ങൾക്കും മുസ്‌ലീം പള്ളികൾക്കും സവിശേഷമായ ധർമ്മങ്ങളാണുള്ളത്. എന്നാലും ഇവയുടെ വാസ്തുവിദ്യ ഹംപിയിലെ ക്ഷേത്രങ്ങളിൽ കാണപ്പെടുന്ന മണ്ഡപങ്ങളുടേതിന് സമാനമാണ്.



*ചിത്രം 7.8*
*ഉത്ഖനനം ചെയ്തെടുത്ത ഒരു നടപ്പാത*

പതിനാറാംനൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച പോർട്ടുഗീസ് സഞ്ചാരിയായ ബാർബോസ സാധാരണക്കാരുടെ (ഇന്നു നിലവിലില്ലാത്ത) വീടുകളെക്കുറിച്ച് വിവരിച്ചത് ഇങ്ങനെയാണ്; "ജനങ്ങളുടെ മറ്റുഭവനങ്ങൾ മേഞ്ഞതാണ്, എന്നാലും അവ നല്ലരീതിയിൽ നിർമ്മിക്കപ്പെട്ടതും അവരുടെ തൊഴിലുകൾക്കനുസരിച്ച് ക്രമീകരിക്കപ്പെട്ടതുമാണ്. നിരവധി തുറസ്സായ സ്ഥലങ്ങളുള്ള നീണ്ടതെരുവുകളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്".



*ചിത്രം 7.9*
*ചൈനീസ് കളിമൺ വസ്തുക്കളുടെ കഷണങ്ങൾ*

➲ ഈ ഉടഞ്ഞ കഷണങ്ങൾ ഏതുതരം പാത്രങ്ങളുടെ ഭാഗങ്ങളായിരുന്നിരിക്കാം എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

വിവിധ സമുദായങ്ങളുടെ പിന്തുണയുള്ള വ്യത്യസ്ത വിശ്വാസക്രമങ്ങൾ നിലവിലുണ്ടായിരുന്നു എന്ന സൂചന നൽകുന്ന എണ്ണമറ്റ ക്ഷേത്രങ്ങളും ദേവാലയങ്ങളും കൊണ്ടു നിറഞ്ഞതായിരുന്നു ഈ പ്രദേശം എന്നാണ് ഇവിടെ നടന്ന ഫീൽഡ് സർവേകൾ സൂചിപ്പിക്കുന്നത്. നഗരത്തിലെ സാധാരണ നിവാസികളുടെ ജലസ്രോതസ്സുകളായി മഴവെള്ള സംഭരണികളും ക്ഷേത്രക്കുളങ്ങളും കിണറുകളും നിലകൊണ്ടതായി സർവേകൾ സൂചിപ്പിക്കുന്നു.



*ചിത്രം 7.10*
*വിജയനഗരത്തിലെ ഒരു മുസ്ലിംപള്ളി*

➲ ഈ മുസ്‌ലിം പള്ളിക്ക് ഇൻഡോ - ഇസ്‌ലാമിക് വാസ്തുവിദ്യയുടെ സുപ്രധാന സവിശേഷതകളുണ്ടോ?

## 4. രാജകീയ കേന്ദ്രം (THE ROYAL CENTRE)

അധിവാസമേഖലയുടെ തെക്കുപടിഞ്ഞാറൻ ഭാഗത്താണ് രാജകീയ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. രാജകീയ കേന്ദ്രം എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നതെങ്കിലും അവിടെ 60 ലധികം ക്ഷേത്രങ്ങൾ ഉണ്ട്. പുണ്യസങ്കേതങ്ങളിൽ കുടിയിരുത്തിയിരിക്കുന്ന ദൈവങ്ങളുമായുള്ള ബന്ധത്തിലൂടെ അധികാരം സ്ഥാപിക്കാനും അതിനെ ന്യായീകരിക്കാനും ശ്രമിക്കുന്ന ഭരണാധികാരികളെ സംബന്ധിച്ച് ക്ഷേത്രങ്ങളെയും വിശ്വാസങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായിരുന്നു എന്നു വ്യക്തമാണ്.

ഏകദേശം മുപ്പതോളം കെട്ടിടസമുച്ചയങ്ങളെ കൊട്ടാരങ്ങളായി തിരിച്ചറിഞ്ഞിട്ടുണ്ട്. അവ ആരാധനാച്ചടങ്ങുകളുമായി ബന്ധമുണ്ടെന്ന്

**➲ ചർച്ച ചെയ്യുക...**

വിജയനഗരത്തിന്റെ രൂപരേഖയെ നിങ്ങളുടെ പട്ടണത്തിന്റെ അല്ലെങ്കിൽ ഗ്രാമത്തിന്റെ രൂപരേഖയുമായി താരതമ്യം ചെയ്യുക.

തോന്നിക്കാത്ത, താരതമ്യേന വലിയ കെട്ടിടങ്ങളാണ്. ഈ കെട്ടിടങ്ങളും ക്ഷേത്രങ്ങളും തമ്മിലുള്ള ഒരു വ്യത്യാസം ക്ഷേത്രങ്ങൾ നിർമിക്കപ്പെട്ടിരുന്നത് മുഴുവനായും കല്ലുകൾ കൊണ്ടായിരുന്നുവെങ്കിൽ മതേതര കെട്ടിടങ്ങൾ നിർമിക്കപ്പെട്ടത് നശിക്കുന്ന വസ്തുക്കൾ കൊണ്ടായിരുന്നു എന്നതാണ്.

### വിജയത്തിന്റെ ഭവനം ? (A House of Victory?)

"വിജയത്തിന്റെ ഭവനം" എന്ന ഒറ്റ വാക്കിൽ താൻ വിളിച്ച, ശ്രോതാക്കളുടെ ഹാൾ (audience hall), *മഹാനവമി ദിബ്ബ* എന്നിവയെക്കുറിച്ച് പയസിനു പറയാനുള്ളത് ഇതാണ്:

> ഈ കെട്ടിടങ്ങളിൽ ഒന്നിനുമുകളിൽ ഒന്നായി മനോഹരമായി കൊത്തുപണി ചെയ്ത രണ്ടു പ്ലാറ്റ് ഫോമുകളുണ്ട്... വിജയത്തിന്റെ ഈ ഭവനത്തിന്റെ മുകളിലെ പ്ലാറ്റ്ഫോമിൽ... രാജാവിന് തുണികൊണ്ട് നിർമിച്ച ഒരു മുറിയുണ്ട്... ഇവിടെ വിഗ്രഹത്തിന് ഒരു ദേവാലയമുണ്ട്... മറ്റേതിൽ മധ്യഭാഗത്തായി ഒരു ഉയർന്ന പീഠമുണ്ട്. അതിൽ രാഷ്ട്രത്തിന്റെ സിംഹാസനം പ്രതിഷ്ഠിച്ചിരിക്കുന്നു, (കിരീടവും രാജകീയ ചിലമ്പും) ...



*ചിത്രം 7.11*
*മഹാനവമി ദിബ്ബ*

## 4.1 മഹാനവമി ദിബ്ബ (The *mahanavami dibba*)

ഈ പ്രദേശത്തെ ചില സവിശേഷമായ കെട്ടിടങ്ങൾക്ക് പേര് നൽകിയിരിക്കുന്നത് കെട്ടിടങ്ങളുടെ രൂപത്തിന്റെയും അവ നിറവേറ്റിയ ചുമതലകളുടെയും അടിസ്ഥാനത്തിലാണ്. ചുറ്റുമതിലിനുള്ളിലെ ഏറ്റവും വലിയ കെട്ടിടം "രാജാവിന്റെ കൊട്ടാരം" ആണ്. പക്ഷേ ഇത് രാജകീയ വസതി ആയിരുന്നു എന്നതിനു വ്യക്തമായ തെളിവൊന്നും കിട്ടിയിട്ടില്ല. ഇതിന് ആരെയും ആകർഷിക്കുന്ന രണ്ട് മണ്ഡപങ്ങൾ (വേദി) ഉണ്ട്. പൊതുവേ അവ ശ്രോതാക്കളുടെ മുറി (audience hall), "*മഹാനവമി ദിബ്ബ*" എന്നിങ്ങനെയാണ് വിളിക്കപ്പെട്ടത്. മൊത്തം സമുച്ചയവും ഉയർന്ന രണ്ടുഭിത്തികളാൽ ചുറ്റപ്പെട്ടിരിക്കുന്നു; അവയ്ക്കിടയിലായി ഒരു തെരുവും. അടുത്തടുത്തു കൃത്യമായ ഇടവിട്ട് തടിയിൽ നിർമ്മിച്ച തൂണുകളുള്ള ഒരു ഉയർന്ന മണ്ഡപം (വേദി) ആണ് ശ്രോതാക്കളുടെ മുറി. ഇതിന് രണ്ടാം നിലയിലേക്ക് പോകുന്ന, ഈ തൂണുകളിൽ താങ്ങി നിർത്തിയ, ഒരു കോണിപ്പടിയുണ്ടായിരുന്നു. ഇടയ്ക്കു ഒഴിഞ്ഞസ്ഥലം ഒട്ടുമില്ലാത്ത രീതിയിൽ അടുത്തടുത്തായാണ് ഈ തൂണുകൾ നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ ഹാൾ എന്തിനാണ് ഉപയോഗിച്ചിരുന്നതെന്ന് വ്യക്തമല്ല.

നഗരത്തിലെ ഏറ്റവും ഉയർന്ന സ്ഥലങ്ങളിലൊന്നിൽ സ്ഥിതി ചെയ്തിരുന്ന "*മഹാനവമി ദിബ്ബ*" 40 അടി ഉയരവും 11,000 ചതുരശ്ര അടി വിസ്തീർണവുമുള്ള വിശാലമായ ഒരു മണ്ഡപമാണ്. തടിയിലുള്ള ഒരു നിർമ്മിതിയെ ഇത് താങ്ങിനിർത്തിയിരുന്നതിന് തെളിവുണ്ട്. ഇതിന്റെ തറഭാഗം കൊത്തുപണികളാൽ ആവൃതമായിരുന്നു (ചിത്രം 7.12).

ഈ നിർമ്മിതിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ മിക്കവാറും മഹാനവമിയുമായി (മഹത്തായ ഒൻപതാം ദിവസം) ബന്ധപ്പെട്ടിരിക്കാം. ദസറ (ഉത്തരേന്ത്യ), ദുർഗാപൂജ (ബംഗാൾ), മഹാനവമി അല്ലെങ്കിൽ നവരാത്രി (ഇന്ത്യയുടെ ദക്ഷിണഭാഗം), എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന സെപ്തംബർ - ഒക്ടോബർ മാസങ്ങളിലെ പത്ത് ദിവസം



*ചിത്രം 7.12*
*മഹാനവമി ദിബ്ബയിലെ കൊത്തുപണികൾ*

➲ ഈ കൊത്തുപണികളിലെ പ്രമേയങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമോ?



ചിത്രം 7.13
ലോട്ടസ് മഹലിന്റെ ഒരു ഉയർന്ന മുഖവീക്ഷണ ചിത്രം.

ഉയർന്ന മുഖഭാഗം ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു നിർമ്മിതിയുടെ ലംബമാനദൃശ്യമാണ്. ഒരു ഫോട്ടോഗ്രാഫിൽ കാണാൻ കഴിയാത്ത സവിശേഷതകൾ ഇത് നിങ്ങൾക്ക് നൽകുന്നു. കമാനങ്ങൾ ശ്രദ്ധിക്കൂ. ഇവ ഒരു പക്ഷേ ഇൻഡോ-ഇസ്ലാമിക് സാങ്കേതിക രീതികളാൽ പ്രചോദിക്കപ്പെട്ടിട്ടുണ്ടാകാം.

➲ ചിത്രങ്ങൾ 7.13 ഉം 7.15 ഉം താരതമ്യം ചെയ്യുക. എന്നിട്ട് രണ്ടിലും പൊതുവായുള്ള സവിശേഷതകൾ പട്ടികപ്പെടുത്തുക. ഒപ്പം ഒന്നിൽ മാത്രം കാണാൻ കഴിയുന്ന പ്രത്യേകതകളും പട്ടികപ്പെടുത്തുക. അതോടൊപ്പം ചിത്രങ്ങൾ 7.14 ലും 7.16ലും ഉള്ള കമാനങ്ങൾ താരതമ്യം ചെയ്യുക. ലോട്ടസ് മഹലിന് ഒൻപത് ഗോപുരങ്ങളുണ്ട് - മധ്യഭാഗത്ത് ഉയരത്തിൽ ഒന്നും വശങ്ങളിലായി എട്ടെണ്ണവും. മുഖചിത്രത്തിലും ഉയരമുള്ളതലത്തിലും എത്രയെണ്ണം നിങ്ങൾക്ക് കാണാൻ കഴിയും? ലോട്ടസ് മഹലിനെ പുനർനാമകരണം ചെയ്യേണ്ടിവന്നാൽ നിങ്ങൾ അതിനെ എന്ത് പേരിട്ടായിരിക്കും വിളിക്കുക?

നീണ്ടുനിൽക്കുന്ന ശരത്കാല ഹിന്ദു ആഘോഷമായിരുന്നു മഹാനവമി. ഈ ആഘോഷസമയത്ത് വിജയനഗരരാജാക്കന്മാർ തങ്ങളുടെ പ്രൗഢിയും അധികാരവും അധീശാധികാരവും പ്രദർശിപ്പിച്ചു.

ബിംബാരാധന, രാജ്യകുതിരയെ ആരാധിക്കൽ, എരുമകളുടെയും മറ്റ് മൃഗങ്ങളുടെയും ബലി തുടങ്ങിയവ ഈ അവസരത്തിലെ ആഘോഷങ്ങളിൽ ഉൾപ്പെട്ടിരുന്നു. നൃത്തങ്ങൾ, ഗുസ്തിമത്സരങ്ങൾ, ചമയമണിഞ്ഞ കുതിരകൾ ആനകൾ രഥങ്ങൾ എന്നിവയുടേയും സൈനികരുടെയും ഘോഷയാത്രകൾ, കൂടാതെ, രാജാവിന്റെയും അദ്ദേഹത്തിന്റെ അതിഥികളുടെയും മുന്നിൽ *നായകൻമാരും* സാമന്തരാജാക്കന്മാരും നടത്തുന്ന ആചാര പ്രകടനങ്ങൾ എന്നിവയെല്ലാം ഈ അവസരത്തെ ശ്രദ്ധേയമാക്കി. ഈ ആഘോഷങ്ങളെല്ലാം ആഴമേറിയ പ്രതീകാത്മക അർഥങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. ആഘോഷത്തിന്റെ അവസാന ദിവസം, രാജാവ് തന്റെ സൈന്യത്തെയും നായകൻമാരുടെ സൈന്യത്തെയും ഒരു തുറന്നസ്ഥലത്ത് നടക്കുന്ന ഗംഭീര ചടങ്ങിൽവച്ച് പരിശോധിച്ചിരുന്നു. ഈ അവസരത്തിൽ *നായകന്മാർ* രാജാവിനായി വിലപിടിച്ച പാരിതോഷികങ്ങളും അതോടൊപ്പം, നിശ്ചയിക്കപ്പെട്ട കപ്പവും കൊണ്ടുവന്ന് നൽകിയിരുന്നു.

ഇന്നും കാണപ്പെടുന്ന "*മഹാനവമി ദിബ്ബ*" ആയിരുന്നോ ഈ വിപുലമായ ആഘോഷങ്ങളുടെ കേന്ദ്രം? പണ്ഡിതരുടെ അഭിപ്രായത്തിൽ ഈ കെട്ടിടത്തിന് ചുറ്റുമുള്ള സ്ഥലം സായുധരായ പുരുഷൻമാർ, സ്ത്രീകൾ, കൂടാതെ ധാരാളം മൃഗങ്ങൾ, എന്നിവയെല്ലാമടങ്ങുന്ന വിശാലമായ ഘോഷയാത്ര നടത്താൻ മതിയാകുമായിരുന്നു എന്ന് തോന്നുന്നില്ല. രാജകീയ കേന്ദ്രത്തിലെ മറ്റു ചില കെട്ടിടങ്ങളെയുംപോലെ ഇതും ഒരു സമസ്യയായി അവശേഷിക്കുന്നു.

## 4.2 രാജകീയ കേന്ദ്രത്തിലെ മറ്റ് കെട്ടിടങ്ങൾ (Other buildings in the royal centre)

രാജകീയ കേന്ദ്രത്തിലെ ഏറ്റവും മനോഹരമായ കെട്ടിടങ്ങളിലൊന്ന് ലോട്ടസ് മഹൽ ആയിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് സഞ്ചാരികളാണ് ഇതിന് ഈ പേരിട്ടത്. ഈ പേര് തികച്ചും കാവ്യാ



ചിത്രം 7.14
ലോട്ടസ് മഹലിന്റെ ഒരു കമാനത്തിന്റെ വിശദാംശം

ചിത്രം 7.15
ലോട്ടസ് മഹലിന്റെ ഒരു ഫോട്ടോഗ്രാഫ്



➲ 7.16 എ, 7.16 ബി എന്നീ ചിത്രങ്ങളെ 7.17 ചിത്രവുമായി താരതമ്യം ചെയ്ത്, ഓരോന്നിലും ദൃശ്യമായ സവിശേഷതകൾ പട്ടികപ്പെടുത്തുക. ഇവ യഥാർഥത്തിൽ ആനപ്പന്തികളായിരുന്നെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

രമകമാണെങ്കിലും ഈ കെട്ടിടം എന്തിനാണ് ഉപയോഗിച്ചിരുന്നതെന്ന് ചരിത്രകാർക്ക് തീർച്ചയില്ല. മക്കെൻസി തയാറാക്കിയ ഒരു ഭൂപടത്തിൽ കാണുന്ന ഒരു നിർദേശപ്രകാരം ഇത് രാജാവ് തന്റെ ഉപദേശകരെ കണ്ടുമുട്ടിയിരുന്ന രാജസഭാതലമായിരുന്നിരിക്കാം (council chamber).



ചിത്രം 7.16 എ "ആനപ്പന്തികളു"ടെ ഉയർന്ന മുഖവീക്ഷണ ചിത്രം



ചിത്രം 7.16 ബി "ആനപ്പന്തികളു"ടെ രൂപരേഖ. ഒരു രൂപരേഖ ഒരു നിർമിതിയുടെ ലംബമാന ദൃശ്യം നൽകുന്നു.



ചിത്രം 7.17 ലോട്ടസ്‌മഹലിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന "ആനപ്പന്തികൾ"



*ചിത്രം 7.18*
*ഹസാര രാമക്ഷേത്രത്തിലെ ശില്പവേല*

➲ നൃത്ത രംഗങ്ങളെ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ടോ? ഫലകങ്ങളിൽ ആനകളെയും കുതിരകളെയുമാണ് ചിത്രീകരിച്ചിട്ടുള്ളത് എന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ടാണ്?

മിക്കവാറും ക്ഷേത്രങ്ങളെല്ലാം സ്ഥിതിചെയ്യുന്നത് വിശുദ്ധ കേന്ദ്രത്തിലാണെങ്കിലും, രാജകീയ കേന്ദ്രത്തിലും ധാരാളം ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ഏറ്റവുംപകിട്ടേറിയ ക്ഷേത്രങ്ങളിലൊന്ന് ഹസാര രാമക്ഷേത്രമായിരുന്നു. ഇതു മിക്കവാറും രാജാവും അദ്ദേഹത്തിന്റെ കുടുംബവും മാത്രം ആരാധയന്ക്ക് ഉപയോഗിച്ചിരുന്ന ക്ഷേത്രമായിരുന്നിരിക്കാം. പ്രധാന ദേവാലയത്തിലെ ബിംബങ്ങൾ നഷ്ടപ്പെട്ടുപോയെങ്കിലും ഭിത്തികളിൽ കൊത്തിവച്ചിട്ടുള്ള ശില്പങ്ങൾ നിലനിൽക്കുന്നുണ്ട്. ദേവാലയത്തിന്റെ അകംഭിത്തികളിൽ കൊത്തിവച്ചിട്ടുള്ള *രാമായണത്തിൽ* നിന്നുള്ള രംഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

നഗരം തകർക്കപ്പെട്ടപ്പോൾ വിജയനഗരത്തിലെ ധാരാളം നിർമ്മിതികളും തകർക്കപ്പെട്ടെങ്കിലും കൊട്ടാരസദൃശമായ കെട്ടിടങ്ങൾ നിർമ്മിക്കുന്ന പാരമ്പര്യം *നായകൻമാർ* തുടർന്നു. അവയിൽ നിരവധി കെട്ടിടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്.



*ചിത്രം 7.19*
*മധുരൈയിലെ ശ്രോതാവിന്റെ ഹാളിന്റെ ഉൾഭാഗം. കമാനങ്ങൾ ശ്രദ്ധിക്കൂ.*

### ➲ ചർച്ച ചെയ്യുക...

വിജയനഗര ഭരണാധികാരികളുടെ നിർമാണപാരമ്പര്യങ്ങൾ തന്നെ *നായകന്മാരും* പിൻതുടർന്നതെന്തുകൊണ്ട്?

## 5. വിശുദ്ധ കേന്ദ്രം (THE SACRED CENTRE)

### 5. 1 ഒരു തലസ്ഥാനം തിരഞ്ഞെടുക്കൽ (Choosing a capital)

ഇനി നമുക്ക് നഗരത്തിന്റെ തുംഗഭദ്രാ നദീതീരത്തുള്ള പാറകൾ നിറഞ്ഞ വടക്കൻ അതിരിലേക്ക് നീങ്ങാം. പ്രാദേശിക പാരമ്പര്യങ്ങളനുസരിച്ച് ഈ കുന്നുകളിലാണ് *രാമായണത്തിൽ* പരാമർശിക്കുന്ന ബാലി, സുഗ്രീവൻ എന്നിവരുടെ വാനരരാജ്യം നിലനിന്നത്. മറ്റുപാരമ്പര്യങ്ങൾ അനുസരിച്ച് പ്രാദേശിക മാതൃദേവതയായ പമ്പാദേവി, രാജ്യത്തിന്റെ രക്ഷാദേവതയും ശിവന്റെ മറ്റൊരു രൂപവുമായ വിരൂപാക്ഷനെ വിവാഹം കഴിക്കാനായി തപസ്സനുഷ്ഠിച്ചത് ഈ കുന്നുകളിലാണ്. ഇന്നും വിരൂപാക്ഷക്ഷേത്രത്തിൽ വർഷംതോറും ഈ വിവാഹം ആഘോഷിക്കാറുണ്ട്. ഈ കുന്നുകളിൽ വിജയനഗരകാലത്തിന് മുൻപുള്ള ജൈനക്ഷേത്രങ്ങളും കാണാൻ കഴിയും. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഈ പ്രദേശം നിരവധി വിശുദ്ധ പാരമ്പര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈ പ്രദേശത്തെ ക്ഷേത്രനിർമ്മാണത്തിന് ചോള, ഹോയ്സല, ചാലുക്യ, പല്ലവ തുടങ്ങിയ രാജവംശങ്ങളോളം പഴക്കമുള്ള ദീർഘമായ ഒരു ചരിത്രമുണ്ട്. ദൈവവുമായി തങ്ങളെ ബന്ധിപ്പിക്കുന്ന ഒരുമാർഗം എന്ന നിലയ്ക്കാണ് രാജാക്കന്മാർ മിക്കവാറും ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിച്ചത്. ആരാധനാമൂർത്തി വ്യക്തമായോ വ്യംഗ്യമായോ രാജാവിനോട് താദാത്മ്യം പ്രാപിപ്പിച്ചിരുന്നു. ക്ഷേത്രങ്ങൾ വിജ്ഞാനത്തിന്റെ കേന്ദ്രങ്ങളായും നിലകൊണ്ടു. കൂടാതെ, ക്ഷേത്രങ്ങളുടെ നടത്തിപ്പിനായി രാജാക്കന്മാരും മറ്റുള്ളവരും ഭൂമിയും മറ്റുപല വിഭവങ്ങളും നൽകിയിരുന്നു. തൽഫലമായി, ക്ഷേത്രങ്ങൾ മതപരവും, സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ സുപ്രധാന കേന്ദ്രങ്ങളായി വളർന്നുവന്നു. ഭരണാധികാരികളുടെ കാഴ്ചപ്പാടിൽ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നതും അറ്റകുറ്റപ്പണി നടത്തുന്നതും പരിപാലിക്കുന്നതും തങ്ങളുടെ അധികാരം, സമ്പത്ത്, ഭക്തി എന്നിവയ്ക്കുള്ള പിന്തുണയും അംഗീകാരവും നേടിയെടുക്കാനുള്ള മാർഗങ്ങളായിരുന്നു.

ഒരുപക്ഷേ, വിരൂപാക്ഷ, പമ്പാദേവി ക്ഷേത്രങ്ങളുടെ സാന്നിധ്യം തന്നെയായിരിക്കാം വിജയനഗരത്തിനായി ഈ സ്ഥലം തന്നെ തിരഞ്ഞെടുക്കാൻ പ്രേരകമായത്. യഥാർഥത്തിൽ വിരൂപാക്ഷദേവന്റെ പേരിൽ ഭരണം നടത്തുന്നു എന്നാണ് വിജയനഗര രാജാക്കന്മാർ അവകാശപ്പെട്ടിരുന്നത്. എല്ലാ രാജകീയകൽപ്പനകളിലും കന്നഡ ലിപിയിൽ “ശ്രീ വിരൂപാക്ഷ” എന്ന് സാക്ഷ്യപ്പെടുത്തിയിരുന്നു. “ഹിന്ദുസുരത്രാണ” എന്ന പേര് ഉപയോഗിച്ചുകൊണ്ടും ഭരണാധികാരികൾ ദൈവവുമായി തങ്ങൾക്കുള്ള അടുത്ത ബന്ധത്തെ സൂചിപ്പിച്ചു. ഇത് രാജാവ് എന്നർഥം വരുന്ന അറബിവാക്കായ സുൽത്താൻ എന്നതിന്റെ സംസ്കൃതവത്കരണമായിരുന്നു. അപ്പോൾ ഇതിന്റെ വാക്കർഥം ഹിന്ദു സുൽത്താൻ എന്നാണ്.

ആദ്യകാല പാരമ്പര്യങ്ങളെ ഉൾക്കൊള്ളുമ്പോഴും വിജയനഗര ഭരണാധികാരികൾ ഇവയിൽ തങ്ങളുടേതായ നൂതനപ്രവർത്തനങ്ങൾ കൊണ്ടുവരികയും ഇവയെ വികസിപ്പിക്കുകയും ചെയ്തു. രാജകീയ ഛായാചിത്ര ശില്പം ക്ഷേത്രങ്ങളിൽ പ്രദർശിപ്പിക്കുകയും രാജാവിന്റെ ക്ഷേത്രദർശനങ്ങൾ രാജ്യത്തെ പ്രധാന ഔദ്യോഗിക മുഹൂർത്തങ്ങളായി കണക്കാക്കുകയും ചെയ്തു. ഈ അവസരത്തിൽ അദ്ദേഹത്തിന് മുഖ്യ *നായകന്മാർ* അകമ്പടി സേവിച്ചിരുന്നു.



*ചിത്രം 7.20*
*വിരൂപാക്ഷക്ഷേത്രത്തിന്റെ ഒരു ആകാശക്കാഴ്ച*

### 5.2 *ഗോപുരങ്ങളും മണ്ഡപങ്ങളും (Gopurams* and *mandapas)*

ഈ കാലഘട്ടമാകുമ്പോൾ ക്ഷേത്രവാസ്തുവിദ്യയിൽ ചില പുതിയ സവിശേഷതകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇതിൽ രാജകീയാധികാരത്തിന്റെ പ്രൗഢി വിളിച്ചോതുന്ന അതിവിസ്തൃതമായ നിർമ്മിതികളും ഉൾപ്പെട്ടിരുന്നു. *രായഗോപുരങ്ങൾ* (ചിത്രം 7.7) അഥവാ രാജകീയ കവാടങ്ങൾ ഇതിന് ഏറ്റവും മികച്ച ഉദാഹരണങ്ങളാണ്. അവ പലപ്പോഴും കേന്ദ്രദേവാലയത്തിലെ ഗോപുരങ്ങളെ കാഴ്ചയിൽ നിശ്ശേഷം ചെറുതാക്കിക്കളഞ്ഞു. മാത്രമല്ല, അവ ക്ഷേത്രത്തിന്റെ സാന്നിധ്യം വളരെ




*ചിത്രം 7.21*
*വിരൂപാക്ഷക്ഷേത്രത്തിന്റെ ഒരു രൂപരേഖ*

മിക്ക ചതുരക്കെട്ടിടങ്ങളും ദേവാലയങ്ങളാണ്. രണ്ട് പ്രധാന കവാടങ്ങളും കറുത്ത നിറത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ചെറിയ ബിന്ദുവും ഒരു സ്തംഭത്തെ പ്രതിനിധീകരിക്കുന്നു. ചതുരമോ ദീർഘചതുരമോ ആയ ഒരു ചട്ടക്കൂടിനുള്ളിൽ ക്രമീകരിച്ചിട്ടുള്ള സ്തംഭങ്ങളുടെ നേർരേഖാ രൂപത്തിലുള്ള നിരകൾ, പ്രധാനഹാളുകൾ, പവലിയനുകൾ, ഇടനാഴികൾ എന്നിവയെ വേർതിരിച്ച് കാണിക്കുന്നതായി തോന്നുന്നു.

➲ രൂപരേഖയുടെ അളവുപയോഗിച്ച് പ്രധാന *ഗോപുരത്തിൽ* നിന്നും കേന്ദ്രദേവാലയത്തിലേക്കുള്ള ദൂരം അളക്കുക. ജലസംഭരണിയിൽ നിന്നും ദേവാലയത്തിലേക്കുള്ള ഏറ്റവും എളുപ്പമാർഗം ഏതായിരിക്കും?



*ചിത്രം 7.22*
*ദൈവിക വിവാഹാഘോഷങ്ങൾക്കായുള്ള ഒരു കല്യാണമണ്ഡപം.*



*ചിത്രം 7.23*
*ശില്പവേലകൾ ചെയ്ത ഒരു സ്തംഭത്തിന്റെ രേഖാ ചിത്രം*

➲ ഈ സ്തംഭത്തിൽ നിങ്ങൾ കാണുന്നതെന്താണെന്ന് വിവരിക്കുക.

ദൂരെ നിന്നുതന്നെ വിളിച്ചറിയിക്കുന്നതുമായിരുന്നു. നിർമ്മാണത്തിനാവശ്യമായ വിഭവങ്ങൾ, സാങ്കേതികവിദ്യ, നൈപുണി എന്നിവയെ നിയന്ത്രിച്ചിരുന്ന രാജാവിന്റെ അധികാരത്തിന്റെ ഓർമപ്പെടുത്തലുകളായും ഈ കവാടങ്ങൾ നിലകൊണ്ടു. *മണ്ഡപങ്ങളും* ക്ഷേത്രസമുച്ചയത്തിനുള്ളിലെ ദേവാലയങ്ങൾക്ക് ചുറ്റാകെയുള്ള തൂണുകൾ നിറഞ്ഞ നീണ്ട ഇടനാഴികളും ഇവിടത്തെ മറ്റു സവിശേഷ നിർമ്മിതികളായിരുന്നു. ഇനി നമുക്ക് വിരൂപാക്ഷക്ഷേത്രത്തെയും വിട്ടലക്ഷേത്രത്തെയും അൽപ്പംകൂടി അടുത്ത് നിരീക്ഷിക്കാം.

നൂറ്റാണ്ടുകൾ കൊണ്ടാണ് വിരൂപാക്ഷക്ഷേത്രം പണികഴിപ്പിച്ചത്. ആദ്യദേവാലയം ഒൻപത് - പത്ത് നൂറ്റാണ്ടുകളിൽ നിർമ്മിക്കപ്പെട്ടതായാണ് ശാസനങ്ങൾ വിവരം നൽകുന്നതെങ്കിലും വിജയനഗര സാമ്രാജ്യത്തിന്റെ സ്ഥാപനത്തോടെ ഇത് ഗണ്യമായരീതിയിൽ വിസ്തൃതമാക്കപ്പെട്ടു. തന്റെ സിംഹാസനാരോഹണത്തിന്റെ ഓർമ്മയ്ക്കായി കൃഷ്ണദേവരായരാണ് പ്രധാന ദേവാലയത്തിന്റെ മുന്നിലുള്ള ഹാൾ പണികഴിപ്പിച്ചത്. ഇത് അതിസൂക്ഷ്മമായ കൊത്തുപണികളുള്ള തൂണുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ കിഴക്കേ *ഗോപുരം* നിർമ്മിച്ചതിനുള്ള ഖ്യാതിയും അദ്ദേഹത്തിനു സ്വന്ത

മാണ്. ഈ കൂട്ടിച്ചേർക്കലുകൾ കഴിഞ്ഞപ്പോൾ കേന്ദ്രദേവാലയം, സമുച്ചയത്തിന്റെ താരതമ്യേന ചെറിയൊരു ഭാഗം മാത്രമായി ഒതുങ്ങി.

ക്ഷേത്രത്തിലെ ഹാളുകൾ വ്യത്യസ്ത ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിരുന്നു. ചിലത് സംഗീതം, നൃത്തം, നാടകം തുടങ്ങിയ പ്രത്യേക പരിപാടികൾക്ക് സാക്ഷ്യം വഹിക്കുന്നതിനായി ദൈവത്തിന്റെ വിഗ്രഹങ്ങൾ സ്ഥാപിച്ച സ്ഥലങ്ങളായിരുന്നു. മറ്റു ചിലത് ആരാധനാമൂർത്തികളുടെ വിവാഹങ്ങൾ ആഘോഷിക്കുന്നതിനായി ഉപയോഗിച്ചപ്പോൾ ദൈവങ്ങൾക്ക് ഊഞ്ഞാലാടാൻ എന്ന ഉദ്ദേശ്യത്തോടെ നിർമ്മിക്കപ്പെട്ടവയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ചെറിയ കേന്ദ്രദേവാലയത്തിൽ സൂക്ഷിച്ചിരുന്നവയല്ലാതെ മറ്റു പ്രത്യേക വിഗ്രഹങ്ങളാണ് ഈ അവസരങ്ങളിൽ ഉപയോഗിച്ചിരുന്നത്.



*ചിത്രം 7.24*
*വിട്ടലക്ഷേത്രത്തിലെ രഥം*

➲ യഥാർഥത്തിൽ രഥങ്ങൾ ഇതുപോലെയാണ് നിർമ്മിച്ചിട്ടുണ്ടാവുക എന്ന് നിങ്ങൾ കരുതുന്നുണ്ടോ?



*ചിത്രം 7.25*
*ജിംജിയിലെ ഒരു ആടുന്ന പവിലിയൻ*

മറ്റൊരു ദേവാലയമായ വിട്ടലക്ഷേത്രവും ശ്രദ്ധയാകർഷിക്കുന്നതാണ്. ഇവിടത്തെ പ്രധാന ആരാധനാമൂർത്തി മഹാരാഷ്ട്രയിൽ പൊതുവെ ആരാധിച്ചിരുന്ന വിഷ്ണുവിന്റെ രൂപമായ വിട്ടല ആയിരുന്നു. ഈ മൂർത്തിയുടെ ആരാധന കർണാടകത്തിൽ നടപ്പിലാക്കിയത് എങ്ങനെ വ്യത്യസ്ത പാരമ്പര്യങ്ങളെ ഉൾപ്പെടുത്തി വിജയനഗര ഭരണാധികാരികൾ ഒരു സാമ്രാജ്യത്വ സംസ്കാരത്തിന് രൂപം നൽകി എന്നതിന് തെളിവാണ്. മറ്റ് ക്ഷേത്രങ്ങളിലേതുപോലെ ഈ ക്ഷേത്രത്തിലും നിരവധി ഹാളുകളും രഥത്തിന്റെ രൂപത്തിൽ തയാറാക്കിയ അനന്യമായ ഒരു ദേവാലയവുമുണ്ട്. (ചിത്രം 7.24)

ഈ ക്ഷേത്രസമുച്ചയങ്ങളുടെ ഒരു പ്രധാന സവിശേഷത ക്ഷേത്രഗോപുരം മുതൽ നേർരേഖാ രൂപത്തിൽ നിർമ്മിച്ചിട്ടുള്ള രഥപാതകളാണ്. ഈ പാതകളിൽ കൽപാളികൾ പതിച്ചിരുന്നു. പാതയോരങ്ങളിൽ തൂണുകളോടെ തീർത്ത മണ്ഡപങ്ങളിൽ വ്യാപാരികൾ കടകൾ സ്ഥാപിച്ചു.

കോട്ട നിർമ്മാണത്തിലെന്നപോലെ ക്ഷേത്രനിർമ്മാണത്തിലും *നായകന്മാർ* പാരമ്പര്യങ്ങൾ പിന്തുടരുകയും വിപുലപ്പെടുത്തുകയും ചെയ്തു. യഥാർഥത്തിൽ അതിവിശിഷ്ടമായ ഗോപുരങ്ങളിൽ ചിലത് നിർമ്മിച്ചത് പ്രാദേശിക *നായകന്മാരായിരുന്നു.*



*ചിത്രം 7.26*
*മധുരയിലെ നായകന്മാർ നിർമ്മിച്ച ഗോപുരം*

**ചർച്ച ചെയ്യുക...**

വിജയനഗര ഭരണാധികാരികൾ മുൻകാലത്തെ അനുഷ്ഠാനപരമായ വാസ്തുവിദ്യ ഏറ്റെടുക്കുകയും അനുരൂപീകരിക്കുകയും ചെയ്തത് എങ്ങനെയാണ്? എന്തുകൊണ്ടാണ്?

## 6. കൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ, കമ്പോളങ്ങൾ എന്നിവയുടെ രേഖാചിത്രം തയാറാക്കൽ (PLOTTING PALACES, TEMPLES AND BAZAARS)

ഫോട്ടോകൾ, രൂപരേഖകൾ, കെട്ടിടങ്ങളുടെയും ശില്പങ്ങളുടെയും മുഖചിത്രം തുടങ്ങിയ വിജയനഗരവുമായി ബന്ധപ്പെട്ട വിവരണങ്ങളുടെ സമ്പന്നമായ ഒരു ശേഖരത്തെ നമ്മൾ പരിശോധിക്കുകയായിരുന്നു. ഇവയെല്ലാം എങ്ങനെയാണ് തയാറാക്കപ്പെട്ടത്? മക്കൻസിയുടെ ആദ്യകാല നിരീക്ഷണങ്ങൾക്ക് ശേഷം സഞ്ചാരികളുടെ വിവരണങ്ങളിൽ നിന്നും ലിഖിതങ്ങളിൽ നിന്നും വിവരങ്ങൾ സമാഹരിച്ചു. ഇരുപതാം നൂറ്റാണ്ടിൽ ഈ സ്ഥലം സംരക്ഷിച്ചത് ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയും കർണാടക ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി & മ്യൂസിയവും ചേർന്നാണ്. 1976 ൽ ഹംപി ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥലമായി അംഗീകരിക്കപ്പെട്ടു. പിന്നീട് 1980 കളുടെ ആദ്യം വിജയനഗരത്തിന്റെ ഭൗതികശേഷിപ്പുകളെ വിശദമായി രേഖപ്പെടുത്താനുള്ള ഒരു പ്രധാന പദ്ധതിക്ക് തുടക്കം കുറിച്ചു. വ്യത്യസ്തങ്ങളായ രേഖപ്പെടുത്തൽ സങ്കേതങ്ങൾ, തീവ്രവും വിശദവുമായ നിരീക്ഷണങ്ങൾ എന്നി

വയിലൂടെയാണ് ഇത് നടപ്പിലാക്കിയത്. ലോകത്തുടനീളമുള്ള നിരവധി പണ്ഡിതന്മാർ ഏകദേശം ഇരുപതോളം വർഷങ്ങൾ പരിശ്രമിച്ചാണ് ഈ വിവരങ്ങൾ സമാഹരിച്ചതും സംരക്ഷിച്ചതും.

Cu _ rl ¯ nb ] cn{ a-¯ nsâ HcpsNdnb `mKamb `q Scq d- cWwam{Xw\ apg vh n Zamb n] cn ti m{n n mw apgph ³ {] tZ- s¯ bpw 25 k aNX pc§ f mb n h n Pn d F ¶ X mb rcp¶ p B Zy \ S] Sn A h b v; mtcn¶ n pwC w¥ g vA £ - came b nse HmtcmA £ c§ Ä \ Â l n ] n¶ dSvHmtcm k aNX pc- s¯ b pw l dSpX Â sNdnb k aN- X pc§ f mb n h n Pn p X oÀ¶ nÃ : C h t b mtcn¶ ns\ b pw l dSpX Â sNdnb k aNX pc§ f mb n h o- pw h n Pn p

\ r§ Ä ; vl nW m¶ l gnb p¶ X p t] nse, Cu h n Zamb A f sh Sp ; ep Ä A t§ b äw_ p² nap «dnb - X nWv F ¶ nÂ CX ne cS S sl mï p tZh ne b § f pwh k Xn f pwapX Â h n ne amb t£ {X § Ä h scb pÅ B b ne; W; n vsl «n§ f psSA S- b nf § Ä l s- Sq d b pwtcJ s¸ - Sp¯ d b pwsN¿ m¶ l gn¶ nkp v

*ചിത്രം 7.27*
*സൈറ്റിന്റെ ഒരു വിശദരൂപം*
*(മുകളിൽ വലത്ത്)*




> ➲ അക്ഷരമാലയിലെ ഏതക്ഷരമാണുപയോഗിക്കാത്തത്? ഭൂപടത്തിന്റെ അളവു വ്യവസ്ഥ ഉപയോഗിച്ച് ഏതെങ്കിലുമൊരു ചെറു സമചതുരത്തിന്റെ നീളമളക്കുക.




*ചിത്രം 7.28*
*ചിത്രം 7.27ന്റെ (വലത്ത്) N സമചതുരം.*

> ➲ ഈ ഭൂപടത്തിൽ ഉപയോഗിച്ചിരിക്കുന്ന അളവു വ്യവസ്ഥ ഏത്?






*ചിത്രം 7.29*

NrXw7.28 sâ *NM സമചതുരം.*

> ➲ ഒരു ക്ഷേത്രം കണ്ടെത്തുക.
> അതിൽ ഭിത്തികൾ, കേന്ദ്രദേവാലയം, ക്ഷേത്രത്തിലേക്കുള്ള പാതകളുടെ അടയാളങ്ങൾ എന്നിവ കണ്ടുപിടിക്കുക. ഭൂപടത്തിൽ ക്ഷേത്രത്തിന്റെ രൂപരേഖ ഉൾക്കൊള്ളുന്ന സമചതുരങ്ങളുടെ പേരെഴുതുക.

ഈ കണക്കെടുപ്പുകൾ റോഡുകൾ, പാതകൾ, കമ്പോളങ്ങൾ തുടങ്ങിയവയുടെ അടയാളങ്ങൾ വീണ്ടെടുക്കുന്നതിനും വഴിതെളിച്ചു. തിരക്കേറിയ കമ്പോളങ്ങളുടേതായി അവശേഷിച്ചിട്ടുള്ള തൂണുകളുടെയും ഉയർന്ന തിട്ടകളുടെയും അവശേഷിപ്പുകളെ അടിസ്ഥാനമാക്കിയാണ് ആ കമ്പോളങ്ങളുടെ സ്ഥാനം നിർണയിച്ചത്.

ഈ സ്ഥലത്ത് വർഷങ്ങളോളം പ്രവർത്തിച്ച ജോൺ.എം. ഫ്രിറ്റ്സ്, ജോർജ് മിച്ചൽ, എം.എസ്. നാഗരാജറാവു എന്നിവരുടെ വാക്കുകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. "വിജയനഗരത്തിലെ സ്മാരകങ്ങളെക്കുറിച്ചുള്ള നമ്മുടെ പഠനത്തിൽ അപ്രത്യക്ഷമായിപ്പോയ തടിനിർമ്മിതികളുടെ ഒരു മുഴുവൻ നിരയെക്കുറിച്ച് നാം സങ്കൽപിക്കേണ്ടതുണ്ട്. തൂണുകൾ, താങ്ങുപലകകൾ, മേൽക്കൂരകൾ, ഉത്തരങ്ങൾ, മേൽക്കൂരയുടെ പുറത്തേക്ക് തള്ളിനിൽക്കുന്ന ഭാഗങ്ങൾ, ഗോപുരങ്ങൾ തുടങ്ങിയവ ഇതിലുൾപ്പെടും. ഇവ കുമ്മായം കൊണ്ട് അലങ്കരിച്ചതും ഒരുപക്ഷേ, മനോഹരമായി ചായം തേച്ചതുമായിരിക്കാം".

തടിയിലെ നിർമ്മിതികൾ നഷ്ടപ്പെട്ടുപോവുകയും ശിലയിലെ നിർമ്മിതികൾമാത്രം ശേഷിക്കുകയുമാണെങ്കിലും സഞ്ചാരികൾ നൽകിയ വിവരണങ്ങൾ ആ കാലഘട്ടത്തിലെ ഊർജസ്വലമായ ജീവിതത്തിലെ പല വശങ്ങളെയും പുനസൃഷ്ടിക്കാൻ നമ്മളെ അനുവദിക്കുന്നുണ്ട്.

*ചിത്രം 7.30*

*ചിത്രം 7.29 ലെ ക്ഷേത്രത്തിന്റെ രൂപരേഖ.*

> ➲ ഗോപുരം, ഹാളുകൾ, സ്തംഭനിരകൾ, കേന്ദ്രദേവാലയം എന്നിവ കണ്ടെത്തുക. ബാഹ്യപ്രവേശനകവാടത്തിൽനിന്ന് കേന്ദ്രദേവലായത്തിലെത്തുന്നതിന് നിങ്ങൾ ഏതൊക്കെ ഭാഗങ്ങളിലൂടെ കടന്നു പോകണം?

*സ്രോതസ്സ് 5*

**ബസാർ (The bazaar)**

ബസാറിനെക്കുറിച്ച് പയസ് വിശദമായ ഒരു വിവരണം നൽകുന്നുണ്ട്:

മുന്നോട്ടു പോകുമ്പോൾ നിങ്ങളുടെ മുന്നിൽ വിശാലവും മനോഹരവുമായ ഒരു തെരുവുണ്ട്... ഈ തെരുവിൽ നിരവധി വ്യാപാരികൾ ജീവിക്കുന്നു, അവിടെ നിങ്ങൾക്ക് എല്ലാതരത്തിലുമുള്ള മാണിക്യക്കല്ലുകളും വൈരക്കല്ലുകളും മരതകങ്ങളും പവിഴങ്ങളും ചെറിയമുത്തുകളും തുണിത്തരങ്ങളും കാണാം, കൂടാതെ നിങ്ങൾ വാങ്ങണമെന്ന് ആഗ്രഹിക്കുന്ന ഭൂമിയിലെ ഏതു സ്തുവും. പിന്നെ എല്ലാ വൈകുന്നേരങ്ങളിലും അവിടെ വിപണനമേളകൾ നിങ്ങൾക്ക് കാണാൻ കഴിയും. അവിടെ അവർ നിരവധി സാധാരണ കുതിരകൾ, സവാരിക്കുതിരകൾ, വെള്ളിനാണയങ്ങൾ, ചെറുനാരങ്ങകൾ, ഓറഞ്ച്, മുന്തിരി, എല്ലാത്തരത്തിലുമുള്ള തോട്ടവസ്തുക്കൾ, തടി തുടങ്ങിയവയെല്ലാം വിൽക്കുന്നു; ഈ തെരുവിൽ നിങ്ങൾക്കിവയെല്ലാം ലഭിക്കും.

കുറഞ്ഞവിലയുള്ളതും ധാരാളമായി ലഭിക്കുന്നതുമായ "അരി, ഗോതമ്പ്, ധാന്യങ്ങൾ, ഇന്ത്യൻചോളം എന്നിവയും, ചെറിയതോതിൽ ബാർലി, ബീൻസ്, പയർ, പയർവർഗങ്ങൾ, മുതിര തുടങ്ങിയവസ്തുക്കളും ശേഖരിച്ചു വച്ചിട്ടുള്ള" കമ്പോളങ്ങൾകൊണ്ടു സമ്പന്നമായ, "ലോകത്തിൽ എല്ലാം കിട്ടുന്ന നഗരം" എന്നാണ് പൊതുവെ അദ്ദേഹം ഈ നഗരത്തെ വിവരിക്കുന്നത്. ഫെർണാവൊ നൂനിസിന്റെ അഭിപ്രായത്തിൽ "വിജയനഗരത്തിലെ കമ്പോളങ്ങൾ, കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന പഴവർഗങ്ങൾ - മുന്തിരി, ഓറഞ്ച്, ചെറുനാരങ്ങ, മാതളം, ചക്ക, മാങ്ങ - എന്നിവ കൊണ്ടു നിറഞ്ഞുകവിഞ്ഞിരുന്നു." മാംസവും കമ്പോളത്തിൽ വൻതോതിൽ വിറ്റിരുന്നു. ആട്ടിറച്ചിയും പന്നിയിറച്ചിയും മാനിറച്ചിയും മുയലും, തിത്തിരിപക്ഷികൾ, എലികൾ, പ്രാവ്, കാട, കുരുവികൾ തുടങ്ങി എല്ലാത്തരം പക്ഷികളും, പൂച്ചകൾ, പല്ലികൾ മുതലായവയുമെല്ലാം ബിസ്നാഗയിലെ (വിജയനഗരം) കമ്പോളത്തിൽ വിറ്റിരുന്നു.

## 7. ഉത്തരം തേടുന്ന ചോദ്യങ്ങൾ (QUESTIONS IN SEARCH OF ANSWERS)

സ്ഥലങ്ങൾ എങ്ങനെയാണ് ക്രമീകരിക്കുകയും ഉപയോഗിക്കുകയും ചെയ്തതെന്നും, കെട്ടിടങ്ങൾ എങ്ങനെയാണ് നിർമ്മിക്കപ്പെട്ടതെന്നും അവയുടെ നിർമ്മാണത്തിനുപയോഗിച്ച വസ്തുക്കളും രീതികളും എന്തായിരുന്നുവെന്നും അവശേഷിക്കുന്ന കെട്ടിടങ്ങൾ നമ്മളോടു പറഞ്ഞുതരുന്നുണ്ട്. ഉദാഹരണത്തിന്, ഒരു നഗരത്തിലെ കോട്ടമതിലുകളെക്കുറിച്ചു പഠിക്കുന്നതിലൂടെ ആ നഗരത്തിന്റെ പ്രതിരോധാവശ്യങ്ങളെയും സൈനിക സജ്ജീകരണത്തെയുംകുറിച്ചു നമുക്ക് വിലയിരുത്താവുന്നതാണ്. അവിടുത്തെ കെട്ടിടങ്ങളെ മറ്റുസ്ഥലങ്ങളിലെ കെട്ടിടങ്ങളുമായി നമ്മൾ താരതമ്യം ചെയ്താൽ അവ നമ്മോട് ആശയങ്ങളുടെ വ്യാപനത്തെയും സാംസ്കാരിക സ്വാധീനത്തെയും കുറിച്ചുപറയും. കെട്ടിടത്തിന്റെ നിർമാതാക്കളോ അതിന്റെ നിർമ്മാണത്തിന്റെ രക്ഷാധികാരികളോ ഉയർത്തിക്കാട്ടാൻ ശ്രമിച്ച ആശയങ്ങൾ ഈ കെട്ടിടങ്ങൾ വിനിമയം ചെയ്യുന്നുണ്ട്. അവരുടെ സംസ്കാരത്തിന്റെ ഉൽപന്നങ്ങളായ പ്രതീകങ്ങൾ അവയിലാകെ വ്യാപിച്ചിരുന്നു. ലഭ്യമായ വിവ

## കൃഷ്ണദേവരായർ (Krishnadeva Raya)

കാഴ്ചപ്പാടിലൂള്ള ചില പ്രശ്നങ്ങൾ സംഗ്രഹിച്ചു പറയാനായി തമിഴ്നാട്ടിലെ ചിദംബരത്തുള്ള ക്ഷേത്രത്തിലെ *ഗോപുരത്തിൽ* സ്ഥാപിച്ചിട്ടുള്ള കൃഷ്ണദേവരായരുടെ മനോഹരമായ ഈ ശില്പത്തിലേക്ക് നോക്കൂ. ഭരണാധികാരിക്ക് തന്നെത്തന്നെ ഉയർത്തിക്കാണിക്കുന്നതിനുള്ള മാർഗമാണിതെന്ന് വ്യക്തം.

രാജാവിനെ പയസ് വിവരിക്കുന്നതിങ്ങനെയാണ്:

> മിതമായ ഉയരത്തോടെ, വെളുത്ത നിറത്തിൽ നല്ല ആകാരഭംഗിയിൽ, മെലിഞ്ഞിരുന്നതിനേക്കാൾ അല്പം തടിയുള്ള രൂപം; അദ്ദേഹത്തിന്റെ മുഖത്ത് വസൂരിക്കലകൾ കാണാം.

*ചിത്രം 7.31*



രങ്ങളെ മറ്റ് സ്രോതസ്സുകളായ സാഹിത്യം, ലിഖിതങ്ങൾ, ജനകീയ പാരമ്പര്യങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുമ്പോഴാണ് ഇതു നമുക്ക് മനസ്സിലാകുക.

നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ജീവിച്ചിരുന്ന, ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന സാധാരണക്കാരായ പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും ഈ വമ്പൻ കെട്ടിടങ്ങളെക്കുറിച്ച് എന്താണ് ചിന്തിച്ചിരുന്നതെന്ന് വാസ്തുവിദ്യാ സവിശേഷതകളെക്കുറിച്ചുള്ള പഠനങ്ങൾ നമ്മോടു പറഞ്ഞുതരുന്നില്ല. രാജകീയകേന്ദ്രത്തിലെയോ വിശുദ്ധകേന്ദ്രത്തിലെയോ ഏതെങ്കിലും പ്രദേശത്തേക്ക് അവർക്ക് പ്രവേശനം ഉണ്ടായിരുന്നോ? ശില്പങ്ങളെ ശ്രദ്ധിക്കാതെ അവർ കടന്നു പോവുകയായിരുന്നോ? അതോ അതിലെ സങ്കീർണമായ പ്രതീകാത്മകത കാണാനും, പുനരാലോചിക്കാനും മനസ്സിലാക്കാനും ശ്രമിച്ചുവോ? തങ്ങളുടെ അധ്വാനം നൽകി നിർമ്മിച്ച ഈ വമ്പൻ കെട്ടിടങ്ങളെക്കുറിച്ച് ഇതിൽ പണിയെടുത്തവർ എന്തായിരിക്കും ചിന്തിച്ചിട്ടുണ്ടാവുക?

നിർമ്മിക്കേണ്ട കെട്ടിടങ്ങൾ, അതിന് തിരഞ്ഞെടുക്കുന്ന സ്ഥലം, അതിനുപയോഗിക്കേണ്ടുന്ന വസ്തുക്കൾ, അതിന്റെ നിർമ്മാണശൈലി എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഭരണാധികാരികൾ പ്രധാനതീരുമാനങ്ങൾ കൈക്കൊണ്ടപ്പോൾ, ഇത്രയും ബൃഹത്തായ ഒരു സംരംഭത്തിനുവേണ്ട സവിശേഷജ്ഞാനം ആർക്കാണുണ്ടായിരുന്നത്? കെട്ടിടനിർമ്മാണത്തിനുള്ള രൂപരേഖ ആരായിരുന്നിരിക്കാം തയാറാക്കിയിട്ടുണ്ടാവുക? നിർമ്മാണത്തിൽ യഥാർഥത്തിൽ പങ്കെടുത്ത മേസ്തിരിമാർ, കൽപ്പണിക്കാർ, ശിൽപ്പികൾ എന്നിവർ എവിടെ നിന്നായിരിക്കാം വന്നിട്ടുണ്ടാവുക? സമീപപ്രദേശത്തുനിന്നും യുദ്ധസമയത്ത് പിടിക്കപ്പെട്ടവരായിരുന്നോ അവർ? അവർക്ക് ഏതുതരം വേതനമായിരുന്നിരിക്കാം കിട്ടിയിട്ടുണ്ടാവുക? കെട്ടിടനിർമ്മാണത്തിന് ആരായിരിക്കാം മേൽനോട്ടം വഹിച്ചിട്ടുണ്ടാവുക? കെട്ടിട നിർമ്മാണത്തിനുള്ള വസ്തുക്കൾ എവിടെനിന്ന്, ഏതുവിധത്തിൽ ആയിരിക്കും കൊണ്ടുവന്നിട്ടുണ്ടാവുക? കെട്ടിടങ്ങളിലേക്കോ അവയുടെ ശേഷിപ്പുകളിലേക്കോ നോക്കിയതുകൊണ്ടുമാത്രം ഉത്തരം പറയാവുന്ന ചോദ്യങ്ങളല്ല ഇവ. ഇതര സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള തുടർഗവേഷണം ചില സൂചനകൾ നൽകിയേക്കും.



ചിത്രം 7.32
രാജ്ഞിയുടെ കുളിപ്പുര എന്നറിയപ്പെടുന്ന ഒരു നിർമ്മിതിയുടെ ഭാഗം

## കാലരേഖ I (TIMELINE 1)

### പ്രധാന രാഷ്ട്രീയ സംഭവവികാസങ്ങൾ (MAJOR POLITICAL DEVELOPMENTS)

| | |
|---|---|
| ഏകദേശം 1200 മുതൽ 1300 വരെ | ഡൽഹി സൽത്തനത്തിന്റെ സ്ഥാപനം (1206) |
| ഏകദേശം 1300 മുതൽ 1400 വരെ | വിജയ നഗരസാമ്രാജ്യത്തിന്റെ സ്ഥാപനം (1336?);<br>ബാഹ്മനി രാജ്യത്തിന്റെ സ്ഥാപനം (1347);<br>ജോൻപൂർ, കാശ്മീർ, മധുര എന്നിവിടങ്ങളിൽ സൽത്തനത്തുകൾ. |
| ഏകദേശം 1400 മുതൽ 1500 വരെ | ഒറീസ്സയിൽ ഗജപതി രാജ്യത്തിന്റെ സ്ഥാപനം (1435);<br>ഗുജറാത്ത്, മാൾവ എന്നീ സൽത്തനത്തുകളുടെ സ്ഥാപനം;<br>അഹമ്മദ്നഗർ, ബീജപ്പൂർ, ബേറാർ എന്നീ സൽത്തനത്തുകളുടെ ആവിർഭാവം (1490) |
| ഏകദേശം 1500 മുതൽ 1600 വരെ | പോർച്ചുഗീസുകാർ ഗോവ പിടിച്ചടക്കുന്നു (1510) ;<br>ബാഹ്മനി രാജ്യത്തിന്റെ തകർച്ച; ഗോൽക്കൊണ്ട സൽത്തനത്തിന്റെ ആവിർഭാവം (1518);<br>ബാബർ മുഗൾ സാമ്രാജ്യം സ്ഥാപിക്കുന്നു (1526) |

ശ്രദ്ധിക്കുക : ചോദ്യചിഹ്നം, കൃത്യമല്ലാത്ത തീയതിയെ സൂചിപ്പിക്കുന്നു.

## കാലരേഖ II (TIMELINE 2)

### വിജയനഗരത്തിന്റെ കണ്ടെത്തലിന്റെയും സംരക്ഷണത്തിന്റെയും നാഴികക്കല്ലുകൾ (LANDMARKS IN THE DISCOVERY AND CONSERVATION OF VIJAYANAGARA)

| | |
|---|---|
| 1800 | കോളിൻ മക്കെൻസി വിജയനഗരം സന്ദർശിക്കുന്നു |
| 1856 | അലക്സാണ്ടർ ഗ്രീൻലാ ഹംപിയിലെ പുരാവസ്തുശേഷിപ്പുകളുടെ വിശദമായ ആദ്യ ഫോട്ടോഗ്രാഫുകൾ എടുക്കുന്നു |
| 1876 | ജെ.എഫ്. ഫ്ളീറ്റ് ഈ കേന്ദ്രത്തിലെ ക്ഷേത്രഭിത്തികളിലെ ലിഖിതങ്ങൾ രേഖപ്പെടുത്താനാരംഭിക്കുന്നു |
| 1902 | ജോൺ മാർഷലിന്റെ നേതൃത്വത്തിൽ സംരക്ഷണം ആരംഭിക്കുന്നു |
| 1986 | യുനസ്കോ ഹംപിയെ ലോക പൈതൃകകേന്ദ്രമായി പ്രഖ്യാപിച്ചു |

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളിൽ ഹംപിയിലെ അവശിഷ്ടങ്ങളെക്കുറിച്ചു പഠിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള രീതിശാസ്ത്രങ്ങൾ ഏതെല്ലാം? വിരൂപാക്ഷ ക്ഷേത്രത്തിലെ പൂജാരിമാർ നൽകുന്ന വിവരങ്ങളെ അവ എങ്ങനെ സഹായിച്ചിട്ടുണ്ടാകുമെന്നാണ് നിങ്ങൾ കരുതുന്നത്?

2. വിജയനഗരത്തിലെ ജലത്തിന്റെ ആവശ്യങ്ങൾ എങ്ങനെയാണ് പരിഹരിക്കപ്പെട്ടത്?

3. നഗരത്തിലെ കോട്ടകെട്ടി വളച്ച പ്രദേശത്തിനുള്ളിൽ കാർഷികഭൂമിയെ നിലനിർത്തുന്നതുകൊണ്ടുള്ള മേന്മകളും പോരായ്മകളും എന്തെല്ലാമാണെന്നാണ് നിങ്ങൾ കരുതുന്നത്?

4. *മഹാനവമി ഡിബ്ബ*യുമായി ബന്ധപ്പെട്ട ആചാരങ്ങളുടെ പ്രാധാന്യം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?

5. വിരൂപാക്ഷക്ഷേത്രത്തിൽ നിന്നുള്ള മറ്റൊരു സ്തംഭത്തിന്റെ ചിത്രീകരണമാണ് ചിത്രം 7.33. പുഷ്പാലങ്കൃതചിത്രപ്പണികൾ നിങ്ങൾ അതിൽ ശ്രദ്ധിച്ചിട്ടുണ്ടോ? ചിത്രത്തിൽ കാണുന്ന മൃഗങ്ങൾ ഏതൊക്കെ? അവ എന്തിനു ചിത്രീകരിക്കപ്പെട്ടു എന്നാണ് നിങ്ങൾ കരുതുന്നത്? ചിത്രത്തിൽ കാണുന്ന മനുഷ്യരൂപങ്ങൾ വിവരിക്കുക.

ചിത്രം 7.33:



## ചുവടെ തന്നിട്ടുള്ളവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം എഴുതുക (ഏകദേശം 250 മുതൽ 300 വരെ വാക്കുകളിൽ) (WRITE A SHORT ESSAY (ABOUT 250-300 WORDS) ON THE FOLLOWING:)

6. രാജകീയ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന നഗരത്തിന്റെ ഭാഗത്തിന് രാജകീയ കേന്ദ്രം എന്ന പദം ഉപയോഗിക്കുന്നത് അനുയോജ്യമാണോ എന്ന് ചർച്ച ചെയ്യുക.

7. ലോട്ടസ് മഹൽ, ആനപ്പന്തി തുടങ്ങിയ കെട്ടിടങ്ങളുടെ വാസ്തുവിദ്യ, അവ നിർമ്മിക്കാൻ ഉത്തരവു നൽകിയ ഭരണാധികാരികളെക്കുറിച്ച് നമ്മോട് എന്താണ് പറയുന്നത്?

8. വിജയനഗരത്തിലെ വാസ്തുവിദ്യാ വിദഗ്ധരെ പ്രചോദിപ്പിച്ച വാസ്തുവിദ്യാ പാരമ്പര്യങ്ങൾ ഏതെല്ലാമായിരുന്നു? അവർ ഈ പാരമ്പര്യങ്ങളെ രൂപാന്തരപ്പെടുത്തിയതെങ്ങനെ?

9. ഈ അധ്യായത്തിലെ വിവിധ വിവരണങ്ങളിൽ നിന്ന് വിജയനഗരത്തിലെ സാധാരണ ജനങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം ധാരണകൾ നിങ്ങൾക്ക് വേർതിരിച്ചെടുക്കാൻ കഴിയും?

## ഭൂപട പ്രവർത്തനം MAP WORK

10. ലോകത്തിന്റെ രൂപരേഖയിൽ ഇറ്റലി, പോർച്ചുഗൽ, ഇറാൻ, റഷ്യ എന്നിവയുടെ സ്ഥാനം ഏകദേശം രേഖപ്പെടുത്തുക. വിജയനഗരത്തിലെത്തുന്നതിനുവേണ്ടി 176-ാമത്തെ പേജിൽ പരാമർശിച്ചിട്ടുള്ള സഞ്ചാരികൾ സ്വീകരിച്ച പാതകൾ കണ്ടെത്തുക.

## പ്രോജക്ട് (ഒരെണ്ണം തിരഞ്ഞെടുക്കുക) PROJECT (CHOOSE ONE)

11. ഏകദേശം പതിനാലു മുതൽ പതിനേഴു വരെയുള്ള നൂറ്റാണ്ടുകളിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പരിലസിച്ചിരുന്ന ഏതെങ്കിലും ഒരു നഗരത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കണ്ടെത്തുക. ആ നഗരത്തിന്റെ വാസ്തുവിദ്യയെ വിവരിക്കുക. ഇവ രാഷ്ട്രീയകേന്ദ്രങ്ങൾ ആയിരുന്നു എന്ന് നിർദേശിക്കാൻ സഹായിക്കുന്ന ഏതെങ്കിലും സവിശേഷതകൾ ഉണ്ടോ? ആചാരപരമായ പ്രാധാന്യമുള്ള കെട്ടിടങ്ങൾ അവിടെ ഉണ്ടോ? വാണിജ്യപ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രദേശം ഉണ്ടോ? നഗരത്തിന്റെ രൂപരേഖയെ ചുറ്റുമുള്ള പ്രദേശങ്ങളുടെ രൂപരേഖയിൽ നിന്നും വ്യത്യസ്തമാക്കുന്ന സവിശേഷതകൾ ഏതെല്ലാമാണ്?

12 നിങ്ങളുടെ സമീപത്തെ മതപരമായ ഒരു കെട്ടിടം സന്ദർശിക്കുക. അതിന്റെ മേൽക്കൂര, തൂണുകൾ, കമാനങ്ങൾ ഉണ്ടെങ്കിൽ അവ, ഇടനാഴികൾ, നടപ്പാതകൾ, ഹാളുകൾ, പ്രവേശനകവാടം, ജലവിതരണം തുടങ്ങിയവ രൂപരേഖയുടെ സഹായത്തോടെ വിവരിക്കുക. ഈ സവിശേഷതകൾ വിരൂപാക്ഷക്ഷേത്രത്തിന്റെ സവിശേഷതകളുമായി താരതമ്യം ചെയ്യുക. കെട്ടിടത്തിന്റെ ഓരോഭാഗവും എന്തിനുവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കുക. അതിന്റെ ചരിത്രവും കണ്ടെത്തുക.

**കൂടുതൽ അറിയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ വായിക്കുക:**


വസുന്ധര ഫില്ലിയോസാറ്റ്. 2006 (പുനപ്രസാധനം).
*വിജയനഗര.*
നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡൽഹി.

ജോർജ് മിച്ചൽ. 1995.
*ആർക്കിടെക്ചർ ആന്റ് ആർട്ട് ഓഫ് സതേൺ ഇന്ത്യ.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്, കേംബ്രിഡ്ജ്.

കെ.എ. നീലകണ്ഠ ശാസ്ത്രി. 1955.
*എ ഹിസ്റ്ററി ഓഫ് സൗത്ത് ഇന്ത്യ.*
ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂഡൽഹി.

ബർട്ടൻ സ്റ്റെയിൻ. 1989.
*വിജയനഗര (ദി ന്യൂ കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ, വാല്യം. I , ഭാഗം 2)*
ഫൗണ്ടേഷൻ ബുക്സ്, ന്യൂഡൽഹി.


**കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾക്ക് സന്ദർശിക്കാം:**

http://www.museum.upenn.edu/new/research/Exp_Rese_Disc/Asia/vrp/HTML/Vijay_Hist.shtml

പ്രമേയം
എട്ട്

# കർഷകരും സെമീന്ദാർമാരും രാഷ്ട്രവും
# (PEASANTS, ZAMINDARS AND THE STATE)

## കാർഷിക സമൂഹവും മുഗൾ സാമ്രാജ്യവും
## (AGRARIAN SOCIETY AND THE MUGHAL EMPIRE)

(ഏകദേശം പതിനാറും – പതിനേഴും നൂറ്റാണ്ടുകൾ)
(C. SIXTEENTH-SEVENTEENTH CENTURIES)



*ചിത്രം 8.1*
*ഒരു ഗ്രാമീണ ദൃശ്യം: പതിനേഴാം നൂറ്റാണ്ടിലെ മുഗൾ ചിത്രത്തിൽ നിന്നും എടുത്തത്.*

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ഇന്ത്യൻ ജനസംഖ്യയുടെ 85 ശതമാനത്തോളംപേരും ജീവിച്ചിരുന്നത് ഗ്രാമങ്ങളിലാണ്. കർഷകരും ഭൂവുടമകളായ വരേണ്യവർഗക്കാരും കാർഷികോൽപാദനത്തിൽ പങ്കെടുക്കുകയും, ഉൽപന്നത്തിന്റെ ഒരു ഭാഗത്തിന്മേൽ അവകാശമുന്നയിക്കുകയും ചെയ്തു. ഇത് അവർക്കിടയിൽ സഹകരണത്തിന്റെയും, മൽസരത്തിന്റെയും, കലഹത്തിന്റേതുമായ ബന്ധങ്ങൾ സൃഷ്ടിച്ചു. ഈ ഗ്രാമീണ ബന്ധങ്ങളുടെ ആകെത്തുകയാണ് അന്നത്തെ ഗ്രാമസമൂഹങ്ങൾ.

അതേസമയംതന്നെ ചില ബാഹ്യഘടകങ്ങളും ഗ്രാമീണ ലോകത്തേക്ക് കടന്നുവന്നു. ഇതിൽ ഏറ്റവും പ്രാധാന്യപ്പെട്ടത് മുഗൾ രാഷ്ട്രമാണ്. അതിനാകട്ടെ വരുമാനത്തിന്റെ സിംഹഭാഗവും ലഭിച്ചിരുന്നത് കാർഷികോൽപാദനത്തിൽ നിന്നായിരുന്നു. നികുതി കണക്കാക്കുന്നവരും, നികുതി പിരിക്കുന്നവരും, രേഖകളുടെ സൂക്ഷിപ്പുകാരുമായ രാഷ്ട്രത്തിന്റെ പ്രതിനിധികൾ ഗ്രാമങ്ങളിൽ കാർഷികോൽപാദനം നടക്കുന്നുണ്ടെന്നും അതിൽ നിന്നും രാഷ്ട്രത്തിന് കിട്ടേണ്ടുന്ന നികുതി കിട്ടുന്നുണ്ടെന്നും ഉറപ്പുവരുത്താനായി ഗ്രാമീണ സമൂഹത്തിന്മേൽ നിയന്ത്രണമുറപ്പിക്കാൻ ശ്രമിച്ചു. പല വിളകളും വിൽപ്പനയ്ക്കായാണ് കൃഷി ചെയ്തിരുന്നത് എന്നതിനാൽത്തന്നെ വ്യാപാരവും പണവും കമ്പോളങ്ങളും ഗ്രാമീണ സമൂഹത്തിലേക്ക് കടന്നുവരുകയും കാർഷികമേഖലകളെ പട്ടണങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്തു.

## 1. കർഷകരും കാർഷികോൽപ്പാദനവും
## (PEASANTS AND AGRICULTURAL PRODUCTION)

J4T9K7

കാർഷിക സമൂഹത്തിന്റെ അടിസ്ഥാനഘടകം കർഷകർ വസിച്ചിരുന്ന ഗ്രാമമായിരുന്നു; നിലമുഴുക, വിത്ത് വിതയ്ക്കുക, പാകമാകുമ്പോൾ വിളവെടുക്കുക തുടങ്ങിയ വിവിധതരത്തിലുള്ള പ്രവർത്തനങ്ങളിൽ കർഷകർ വ്യാപൃതരായിരുന്നതിനാൽ കാർഷികോൽപാദനം വർഷം മുഴുവനും നടന്നിരുന്നു. കൂടാതെ പഞ്ചസാര, എണ്ണ തുടങ്ങിയ കാർഷികാധിഷ്ഠിത ഉൽപന്നങ്ങളുടെ ഉൽപ്പാദനത്തിനും അവർ അവരുടെ സേവനം നൽകിയിരുന്നു.

എന്നാൽ ഗ്രാമീണ ഇന്ത്യയുടെ സവിശേഷത വ്യവസ്ഥാപിതമായൊരു കാർഷികോൽപ്പാദന രീതി മാത്രമായിരുന്നില്ല. വിസ്തൃതമായ വരണ്ട ഭൂപ്രദേശങ്ങളും മലമ്പ്രദേശങ്ങളും പോലുള്ള പലതരത്തിലുള്ള ഭൂപ്രദേശങ്ങൾ,

ഫലഭൂയിഷ്ഠമായ സമതല പ്രദേശങ്ങളെപ്പോലെ കൃഷിക്ക് ഉപയുക്തമായിരുന്നില്ല. കൂടാതെ, ഭൂപ്രദേശത്തിന്റെ ഗണ്യമായ ഒരുഭാഗം വനപ്രദേശങ്ങളായിരുന്നു. കാർഷിക സമൂഹത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ വ്യത്യസ്തതയാർന്ന ഈ ഭൂപ്രകൃതി നമ്മുടെ മനസ്സിലുണ്ടായിരിക്കണം.

### 1.1 സ്രോതസ്സുകൾക്കു വേണ്ടിയുള്ള അന്വേഷണം (Looking for sources)

ഗ്രാമസമൂഹത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് ഭൂമിയിൽ പണിയെടുക്കുന്നവരിൽ നിന്നു ലഭിച്ചവയല്ല, കാരണം കർഷകർ തങ്ങളെക്കുറിച്ച് ഒന്നും തന്നെ എഴുതിയിരുന്നില്ല. പതിനാറാം നൂറ്റാണ്ടിലെയും പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യകാലത്തെയും കാർഷികചരിത്രത്തെ സംബന്ധിച്ച് നമ്മുടെ പ്രധാന സ്രോതസ്സ് മുഗൾ കൊട്ടാരത്തിൽ നിന്നു ലഭിച്ച ദിനവൃത്താന്തങ്ങളും രേഖകളുമാണ് (അധ്യായം 9 കാണുക).

ദിനവൃത്താന്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അക്ബറുടെ ആസ്ഥാന ചരിത്രകാരനായിരുന്ന അബുൾ ഫസൽ രചിച്ച *അയിൻ-ഇ-അക്ബരി* (ചുരുക്കത്തിൽ *അയ്ൻ*, വിഭാഗം 8 കൂടി കാണുക). കൃഷി ഉറപ്പാക്കുന്നതിനും രാഷ്ട്രത്തിന്റെ ദൂതന്മാരെ ഉപയോഗിച്ച് നികുതി പിരിവ് ഉറപ്പാക്കുന്നതിനും ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങളും ഗ്രാമ പ്രമുഖരായിരുന്ന സെമീന്ദാർമാരും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിയന്ത്രിക്കുന്നതിനായി രാഷ്ട്രം ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങളും ഈ ഗ്രന്ഥം വളരെ കൃത്യതയോടെ രേഖപ്പെടുത്തിയിരിക്കുന്നു.

ശക്തമായ ഒരു ഭരണവർഗം പ്രദാനംചെയ്ത സാമൂഹ്യമൈത്രി നിലനിന്നിരുന്ന അക്ബറുടെ സാമ്രാജ്യത്തെക്കുറിച്ച് ഒരു വീക്ഷണം അവതരിപ്പിക്കുക എന്നതായിരുന്നു *അയിനി*ന്റെ മുഖ്യലക്ഷ്യം. അയിനിന്റെ രചയിതാവിന്റെ കാഴ്ചപ്പാടിൽ മുഗൾ ഭരണത്തിനെതിരെയുള്ള യാതൊരു കലാപമോ സ്വതന്ത്രാധികാരം സ്ഥാപിക്കുന്നതിനുള്ള ശ്രമമോ തോൽക്കാൻ വിധിക്കപ്പെട്ടിരുന്നു. മറ്റൊരർഥത്തിൽ പറഞ്ഞാൽ *അയിനിൽ* നിന്നും നമ്മൾ കർഷകരെക്കുറിച്ച് മനസ്സിലാക്കുന്നതെല്ലാം തന്നെ ഉപരിവിഭാഗത്തിൽ നിന്നുള്ള കാഴ്ചപ്പാടായി മാത്രം അവശേഷിക്കുന്നു.

എന്നിരുന്നാലും, ഭാഗ്യവശാൽ, *അയ്നിൽ* നിന്നും ലഭിക്കുന്ന വിവരണങ്ങളെ സാധൂകരിക്കാൻ കഴിയുന്നതരത്തിലുള്ള വിവരണങ്ങൾ നമുക്ക് മുഗൾ തലസ്ഥാനത്തിൽ നിന്നേറെയകലെയുള്ള പ്രദേശങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള സ്രോതസ്സുകൾ നൽകുന്നുണ്ട്. പതിനേഴും പതിനെട്ടും നൂറ്റാണ്ടുകൾ മുതലുള്ള ഗുജറാത്ത്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള വിശദമായ റവന്യൂരേഖകൾ ഇവയിലുൾപ്പെടുന്നു. ഇതിനുപരി ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വളരെ വിശദമായ രേഖകൾ (അധ്യായം 10 കാണുക) കിഴക്കേ ഇന്ത്യയിൽ നിലനിന്നിരുന്ന കാർഷിക ബന്ധങ്ങളെ സംബന്ധിച്ച് പ്രയോജനകരമായ വിവരണങ്ങൾ നൽകുന്നുണ്ട്. മേൽപ്പറഞ്ഞ എല്ലാ സ്രോതസ്സുകളും കർഷകരും സെമീന്ദാർമാരും രാഷ്ട്രവും തമ്മിലുള്ള സംഘർഷങ്ങളുടെ ഉദാഹരണങ്ങൾ പ്രദാനം ചെയ്യുന്നു. ഈ സ്രോതസ്സുകൾ കർഷകർക്ക് രാഷ്ട്രത്തെ സംബന്ധിച്ചുണ്ടായിരുന്ന ധാരണകളെക്കുറിച്ചും രാഷ്ട്രത്തിൽ നിന്ന് അവർ പ്രതീക്ഷിച്ചിരുന്ന സാമാന്യനീതിയെക്കുറിച്ചും ഉൾക്കാഴ്ച നൽകുന്നവയാണ്.

### 1.2 കർഷകരും അവരുടെ ഭൂമിയും (Peasants and their lands)

മുഗൾ കാലഘട്ടത്തിലെ ഇൻഡോ പേർഷ്യൻ സ്രോതസ്സുകളിൽ ഒരു കർഷകനെ സൂചിപ്പിക്കുവാൻ ഏറ്റവും കൂടുതലായി ഉപയോഗിച്ചിരിക്കുന്ന പദം *റയത്ത്* (ബഹുവചനം, *റയാ*) അഥവാ *മുസാറിയാൻ* എന്നാണ്. ഇതുകൂടാതെ *കിസാൻ* അഥവാ *ആസാമി (kisan or asami)* എന്ന പദങ്ങളും നമുക്കു കാണാൻ കഴിയും. പതിനേഴാം

*സ്രോതസ്സ് 1*

**കർഷകർ മുന്നേറുന്നു**
**(Peasants on the move)**

കാർഷിക സമൂഹത്തിന്റെ ഈ സവിശേഷതയാണ് കുശാഗ്ര നിരീക്ഷകനായിരുന്ന, ആദ്യ മുഗൾ ചക്രവർത്തിയായ ബാബറിനെക്കൊണ്ട് തന്റെ ഓർമ്മക്കുറിപ്പായ *ബാബർ നാമയിൽ (Babur Nama)* നിർബന്ധപൂർവ്വം ഇങ്ങനെ എഴുതിച്ചത് :

> ഹിന്ദുസ്ഥാനിൽ കുഗ്രാമങ്ങളും ഗ്രാമങ്ങളും, നിശ്ചയമായും പട്ടണങ്ങളും ഒരു നിമിഷം കൊണ്ട് ജനശൂന്യമാക്കപ്പെടുകയോ സജ്ജമാക്കപ്പെടുകയോ ചെയ്യപ്പെടുന്നു! വർഷങ്ങളായി അധിവസിച്ചു വരുന്ന വലിയ പട്ടണങ്ങളിലെ ജനങ്ങൾ പോലും പലായനം ചെയ്തു കഴിഞ്ഞാൽ, തങ്ങളുടേതായ ഒരു അടയാളവും ഒന്നര ദിവസത്തേക്ക് പോലും അവിടെ അവശേഷിപ്പിക്കാത്തരീതിയിലാണ് അവരത് ചെയ്തിരുന്നത്. നേരെമറിച്ച് അവർ ഒരു സ്ഥലത്ത് അധിവാസമുറപ്പിക്കാനായി നോട്ടമിട്ടുകഴിഞ്ഞാൽ, അവർക്ക് നീർച്ചാലുകൾ പോലും കീറേണ്ടി വരില്ല, കാരണം അവരുടെ വിളകളെല്ലാം മഴയെ ആശ്രയിച്ചുള്ളതാണ്. കൂടാതെ ഹിന്ദുസ്ഥാനിലെ ജനസംഖ്യ അളവറ്റതാകയാൽ തേനീച്ചക്കൂട്ടം പോലെയാണ് അവരെത്തുന്നത്. അവർ ഒരു സംഭരണിയോ കിണറോ നിർമ്മിക്കുന്നു; അവർക്ക് വീടുകൾ നിർമ്മിക്കുകയോ മതിലുകൾ കെട്ടുകയോ ചെയ്യുന്നതിന്റെ ആവശ്യമില്ല... *എഴിപ്പുല്ല്* സുലഭം, വൃക്ഷങ്ങൾ അസംഖ്യം, കുടിലുകൾ നിർമ്മിക്കുന്നു, പെട്ടെന്നു തന്നെ ഒരു ഗ്രാമമോ പട്ടണമോ ഉണ്ടാകുന്നു!

➲ വടക്കേ ഇന്ത്യയിലെ പ്രദേശങ്ങൾക്ക് സവിശേഷമായതെന്ന് ബാബർക്ക് തോന്നിയ, കാർഷിക ജീവിതത്തിന്റെ വശങ്ങൾ വിവരിക്കുക.

നൂറ്റാണ്ടിലെ സ്രോതസ്സുകൾ രണ്ടുതരം കർഷകരെക്കുറിച്ച് പ്രതിപാദിക്കുന്നു- *ഖുദ് കഷ്തയും പാഹി കഷ്തയും (Khud-kashta and Pahi-kashta).* ഇതിൽ ഒന്നാമത്തേത് തങ്ങൾക്ക് സ്വന്തമായി ഭൂമിയുള്ള ഗ്രാമങ്ങളിലെ സ്ഥിരതാമസക്കാരാണ്. രണ്ടാമത്തേത് ഒരു ഗ്രാമത്തിൽ കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരും എന്നാൽ അവിടത്തെ സ്ഥിരവാസക്കാരല്ലാത്തവരും, മറ്റേതോ ഗ്രാമത്തിൽ നിന്നുള്ളവരുമാണ്. ജനങ്ങൾ സ്വന്തം താൽപര്യപ്രകാരമോ (ഉദാഹരണത്തിന്, ഒരു വിദൂര ഗ്രാമത്തിലെ നികുതി വ്യവസ്ഥകൾ കൂടുതൽ അനുകൂലമായി അനുഭവപ്പെടുമ്പോൾ) നിർബന്ധിത സാഹചര്യത്തിലോ (ഉദാഹരണത്തിന്, ക്ഷാമത്തെ തുടർന്നുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളാൽ നിർബ്ബന്ധിതരാകുമ്പോൾ) *പാഹി കഷ്തയായി* മാറിയിരുന്നു.

ഉത്തരേന്ത്യയിലെ ഒരു ശരാശരി കർഷകന് വിരളമായി മാത്രമേ ഒരു ജോഡിയിലധികം കാളകളും രണ്ടു കലപ്പകളും ഉണ്ടായിരുന്നുള്ളു. മിക്കവർക്കും ഇത്രയുംപോലുമില്ലായിരുന്നു. ഗുജറാത്തിൽ ആറ് ഏക്കർ ഭൂമിയുണ്ടായിരുന്ന കർഷകരെ ധനികരായി കരുതിയിരുന്നു; ബംഗാളിൽ ഒരു ശരാശരി കർഷകന്റെ കൃഷിഭൂമിയുടെ പരമാവധി പരിധി അഞ്ച് ഏക്കർ ആയിരുന്നു. പത്ത് ഏക്കറുള്ളയാളെ ധനികനായ *ആസാമിയായി* കണക്കാക്കിയിരുന്നു. വ്യക്തിഗത ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു കൃഷി നടന്നിരുന്നത്. മറ്റു ഭൂസ്വത്തുള്ളവരുടെ ഭൂമിയെപ്പോലെ തന്നെ കർഷകരുടെ കൃഷിഭൂമിയും വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നു.

ഡൽഹി-ആഗ്ര പ്രദേശങ്ങളിലെ പത്തൊൻപതാം നൂറ്റാണ്ടിലെ കൃഷിഭൂമിയെ സംബന്ധിച്ചുള്ള ഈ വിവരണം പതിനേഴാം നൂറ്റാണ്ടിലെ സാഹചര്യങ്ങളിലും അതേപടി ബാധകമാണ്.

> കൃഷി ചെയ്തിരുന്ന കർഷകർ *(ആസാമികൾ)* നിലമുഴുമ്പോൾ, തിരിച്ചറിയുന്നതിനും, അതിർത്തി നിർണയിക്കുന്നതിനുമായി ഓരോ വയലിന്റെയും പരിധി നിശ്ചയിച്ചിരുന്നു. അവർ മണ്ണ് വെട്ടിയുയർത്തി, ഇഷ്ടികയും മുൾച്ചെടിയും ഉപയോഗിച്ച് അതിർത്തി തിരിച്ചിരുന്നതിനാൽ ഒരു ഗ്രാമത്തിൽത്തന്നെ അത്തരത്തിലുള്ള ആയിരക്കണക്കിന് *വയലുകളുടെ* എണ്ണമെടുക്കാൻ കഴിയുമായിരുന്നു.

### 1.3 ജലസേചനവും സാങ്കേതികവിദ്യയും (Irrigation and technology)

ഭൂമിയുടെ ധാരാളിത്തം, തൊഴിലാളികളുടെ ലഭ്യത, കർഷകരുടെ ചലനക്ഷമത എന്നീ മൂന്ന് ഘടകങ്ങളാണ് കൃഷിയുടെ തുടർച്ചയായ വ്യാപനത്തിന് വഴി തെളിച്ചത്. കൃഷിയുടെ പ്രാഥമികോദ്ദേശ്യം ജനതയെ തീറ്റിപ്പോറ്റുക എന്നതായിരുന്നതിനാൽ അടിസ്ഥാന ഭക്ഷ്യധാന്യങ്ങളായ, അരി, ഗോതമ്പ്, ചോളം തുടങ്ങിയവയായിരുന്നു ഏറ്റവും കൂടുതൽ ആവർത്തിച്ച് കൃഷി ചെയ്തിരുന്നത്. വർഷത്തിൽ നാൽപ്പത് ഇഞ്ചോ അതിൽ കൂടുതലോ മഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ് നെൽക്കൃഷി നടത്തിയിരുന്നത്. വർഷപാതത്തിന്റെ തോത് കുറയുന്നതിനനുസരിച്ച് അവിടങ്ങളിൽ ഗോതമ്പ്, ചോളം എന്നിവ കൃഷി ചെയ്തിരുന്നു.

ഇന്നത്തെപ്പോലെ തന്നെ അന്നും ഇന്ത്യയിൽ കൃഷിയുടെ നട്ടെല്ല് കാലവർഷമായിരുന്നു. എന്നാൽ ചില വിളകൾക്ക് അധികം ജലം ആവശ്യമായിരുന്നു. ഇതിനായി കൃത്രിമ ജലസേചന സമ്പ്രദായങ്ങൾ ആസൂത്രണം ചെയ്യണമായിരുന്നു.

*സ്രോതസ്സ്* 2

## വൃക്ഷങ്ങളും പാടങ്ങളും നനയ്ക്കൽ (Irrigating trees and fields )

ബാബർ വടക്കേ ഇന്ത്യയിൽ താൻ നിരീക്ഷിച്ച ജലസേചനോപാധികളെക്കുറിച്ച് *ബാബർനാമ*യിൽ വിവരിക്കുന്ന ഒരു ഭാഗമാണിത്:

ഹിന്ദുസ്ഥാൻ രാജ്യത്തിന്റെ സിംഹഭാഗവും നിരപ്പായ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. അവിടെ ധാരാളം പട്ടണങ്ങളും കൃഷിഭൂമികളും ഉണ്ടെങ്കിലും അവിടെയൊന്നും ജലപ്രവാഹങ്ങൾ ഉണ്ടായിരുന്നില്ല.... കാരണം.... ഫലോദ്യാനങ്ങളും വിളകളും കൃഷി ചെയ്യുന്നതിന് ജലം ഒരു അനിവാര്യതയേയായിരുന്നില്ല. ശരത്കാലവിളകൾ വർഷപാതം കൊണ്ട് തന്നെ വളരുന്നു; വസന്തകാലവിളകൾ, അത്ഭുതമെന്ന് പറയട്ടെ മഴയില്ലാതെയും വളരുന്നു. (എന്നിരുന്നാലും) ചെറിയ വൃക്ഷങ്ങൾക്ക് തൊട്ടികൾ ഉപയോഗിച്ചോ ജലചക്രമുപയോഗിച്ചോ ജലമൊഴുക്കുന്നു.

ലാഹോറിലും ദിപാൽപൂരിലും (രണ്ടും ഇന്നത്തെ പാകിസ്താനിൽ) അത്തരത്തിലുള്ള മറ്റുഭാഗങ്ങളിലും ജനങ്ങൾ ജലചക്രങ്ങളുപയോഗിച്ചാണ് ജലസേചനം നടത്തുന്നത്. അവർ കിണറ്റിന്റെ ആഴത്തിനടിയിലെത്തുന്ന കയറിന്റെ രണ്ടുവലയങ്ങൾ ഉണ്ടാക്കുന്നു. അവയ്ക്കിടയിൽ തടിക്കഷണങ്ങൾ ഉറപ്പിക്കുന്നു. ഇതിൽ കുടങ്ങൾ ഉറപ്പിച്ചു നിർത്തുന്നു. ഈ കയറും അതിലുറപ്പിച്ച തടിക്കഷണങ്ങളും കുടവും ചേർത്ത് ചക്രത്തിനു മുകളിലൂടെ ഇടുന്നു. ചക്രത്തിന്റെ അച്ചാണിയുടെ (അക്ഷദണ്ഡിന്റെ) ഒരറ്റത്തു മറ്റൊരു ചക്രം കൂടി പിടിപ്പിക്കുന്നു. അതിനടുത്തുള്ള ലംബമാനമായ അച്ചാണിയിൽ മറ്റൊരു ചക്രം ഘടിപ്പിക്കുന്നു. ഈ അവസാനത്തെ ചക്രം തിരിക്കുന്നത് കാളയാണ്, അതിന്റെ പല്ലുകൾ രണ്ടാമത്തെ ചക്രത്തിന്റെ പല്ലുകളുമായി ഘടിപ്പിച്ചിരിക്കുന്നതിനാൽ കുടങ്ങളുള്ള ചക്രവും ഒപ്പം കറങ്ങും. കുടങ്ങളിൽ നിന്നുള്ള വെള്ളം വന്നു വീഴുന്നിടത്ത് ഒരു വെള്ളത്തൊട്ടി സ്ഥാപിച്ചിട്ടുണ്ടാകും, അതിൽ നിന്നും എല്ലായിടത്തേക്കും വെള്ളം കൊണ്ടുപോകും.

ആഗ്ര, ചാന്ദ്‌വാർ, ബയാന (എല്ലാം ഇന്നത്തെ ഉത്തർപ്രദേശിൽ) എന്നീ ഭാഗങ്ങളിൽ തൊട്ടിയുപയോഗിച്ചാണ് ജനങ്ങൾ ജലസേചനം നടത്തുന്നത്.... കിണറ്റിനരികിൽ അവർ രണ്ടു തടികൾ ഗുണനചിഹ്നംപോലെ കെട്ടിവച്ച് അതിനിടയിൽ കപ്പി ഉറപ്പിച്ച് വലിയ തൊട്ടിയിൽ കയർ കെട്ടി, കയർ കപ്പിയിൽ കൂടിയിട്ട് കയറിന്റെ മറ്റേ അഗ്രം കാളയുടെ കഴുത്തിൽ കെട്ടുന്നു. ഒരാൾ കാളയെ ഓടിക്കുകയും അടുത്തയാൾ തൊട്ടിയിൽനിന്നു വെള്ളം ഒഴിച്ചെടുക്കുകയും ചെയ്യും.

➲ ബാബർ നിരീക്ഷിച്ച ജലസേചനോപാധികളെ നിങ്ങൾ പഠിച്ച വിജയനഗരത്തിലെ (അധ്യായം 7) ജലസേചനവുമായി താരതമ്യം ചെയ്യുക. ഈ ഓരോ സംവിധാനത്തിനും ആവശ്യമായ സാധനസാമഗ്രികൾ എന്തെല്ലാം? കാർഷിക സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന സംവിധാനമേതാണ്?



*ചിത്രം 8.2*
*ഒരു പേർഷ്യൻ ചക്രത്തിന്റെ പുനരാവിഷ്കരണം ഇവിടെ വിവരിച്ചിരിക്കുന്നു*

ജലസേചന പദ്ധതികൾക്ക് രാഷ്ട്രത്തിന്റെ പിന്തുണയും ലഭിച്ചിരുന്നു. ഉദാഹരണത്തിന്, വടക്കേ ഇന്ത്യയിൽ രാഷ്ട്രം മുൻകൈയെടുത്തു പുതിയ കനാലുകൾ *(നഹർ, നല)* കുഴിച്ചിരുന്നു. കൂടാതെ ഷാജഹാന്റെ ഭരണകാലത്ത് പഞ്ചാബിലെ *ഷഹ്നഹർ* പോലുള്ള പഴയ കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിരുന്നു.

കൃഷി എന്നത് തൊഴിലധിഷ്ഠിതമായിരുന്നെങ്കിലും കർഷകർ കന്നുകാലികളുടെ ഊർജത്തെ ചില സാങ്കേതികവിദ്യകളുമായി കൂട്ടിയിണക്കി. ഭാരം കുറഞ്ഞതും ഒരു ഇരുമ്പുമുനയോ കൊഴുവോ എളുപ്പം ബന്ധിപ്പിക്കാൻ കഴിയുന്നതുമായ മരക്കലപ്പ ഇതിനൊരുദാഹരണമായിരുന്നു. അതിനാൽ തന്നെ അവയ്ക്ക് ആഴത്തിൽ ഉഴവുചാലുകൾ ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ഇത് കടുത്ത വേനൽമാസങ്ങളിലും ഈർപ്പം നിലനിർത്താൻ സഹായിച്ചു. ഒരു ജോഡി കാളകൾ വലിക്കുന്ന ഒരു ഡ്രിൽയന്ത്രം (വിത്ത് വിതയ്ക്കാനുള്ള ഉപകരണം) ഉപയോഗിച്ച് വിത്ത് വിതച്ചിരുന്നു. എന്നാൽ നാലുചുറ്റും വിത്ത് വിതറുന്ന രീതിയാണ് കൂടുതൽ ഉപയോഗത്തിലുണ്ടായിരുന്നത്. തടിപ്പിടിയിട്ട വീതികുറഞ്ഞ ഇരുമ്പു ബ്ലേഡുപയോഗിച്ചു കിളയ്ക്കുകയും കള പറിക്കുകയും ഒന്നിച്ചു ചെയ്തിരുന്നു.

### 1.4 വിളകളുടെ സമൃദ്ധി (An abundance of crops)

*ഖാരിഫ്,* (ശരത്കാലം) *റാബി* (വസന്തകാലം) എന്നീ രണ്ടു പ്രധാനമായ കാലിക പരിവൃത്തികളെ ചുറ്റിയാണ് കാർഷിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നത്. ഇതിനർഥം കൂടുതൽ വരണ്ട, തീർത്തും യോജ്യമല്ലാത്ത പ്രദേശങ്ങളൊഴിച്ചു മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഒരു വർഷം കുറഞ്ഞത് രണ്ടു വിളകളെങ്കിലും *(Do - fasla)* ഉൽപാദിപ്പിച്ചിരുന്നു എന്നാണ്. അതിൽ ത്തന്നെ മഴയിലൂടെയോ, ജലസേചനത്തിലൂടെയോ തുടർച്ചയായി വെള്ളം ലഭിച്ചിരുന്ന സ്ഥലത്ത് മൂന്നുവിളകൾപോലും കൃഷി ചെയ്തിരുന്നു. ഇത് പല തരത്തിലുള്ള ധാരാളം ഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി. ഉദാഹരണത്തിന്, *അയ്ൻ* നമ്മോട് വെളിപ്പെടുത്തുന്നതുപോലെ മുഗൾ പ്രവിശ്യകളായ ആഗ്രയിൽ 39 തരത്തിലുള്ള വിളകളും, ഡൽഹിയിൽ 43 തരത്തിൽപ്പരം വിളകളും ഇരു കാലങ്ങളിലായി കൃഷി ചെയ്തിരുന്നു. ബംഗാളിൽ നെല്ലു മാത്രം 50 തരത്തിലുള്ളവ ഉത്പ്പാദിപ്പിച്ചിരുന്നു.

എന്നിരുന്നാലും അടിസ്ഥാനവിളകളുടെ കൃഷിക്കു നൽകിയിരുന്ന ഊന്നൽ, മധ്യകാല ഇന്ത്യയിൽ കൃഷി ഉപജീവനത്തിനുവേണ്ടി മാത്രമായിരുന്നുവെന്ന് അർഥമാക്കുന്നില്ല. നമ്മുടെ സ്രോതസ്സുകളിൽ *ജിൻസ്-ഇ-കാമിൽ* (സമ്പൂർണവിളകൾ) എന്ന പദം ഇടയ്ക്കിടക്ക് കാണാറുണ്ട്. കൂടുതൽ നികുതി വരുമാനമുണ്ടാക്കുന്ന ഇത്തരം വിളകൾ കൃഷി ചെയ്യുന്നതിന് മുഗൾ ഭരണകൂടവും കർഷകരെ പ്രോത്സാഹിപ്പിച്ചിരുന്നു. ഏറ്റവും മികച്ച സമ്പൂർണ വിളകൾ *(ജിൻസ്-ഇ-കാമിലുകൾ)* ആയിരുന്നു പരുത്തിയും കരിമ്പും. മധ്യ ഇന്ത്യയിലും, ഡക്കാൺ പീഠഭൂമിയിലുമായി വ്യാപിച്ചു കിടക്കുന്ന വിശാലമായ ഒരു ഭൂപ്രദേശത്ത് പരുത്തി കൃഷി ചെയ്തിരുന്നു. ബംഗാളാകട്ടെ, കരിമ്പുകൃഷിയിലായിരുന്നു പ്രസിദ്ധമായത്. ഇത്തരം നാണ്യവിളകളിൽ ഉൾപ്പെടുന്നവയാണ് വിവിധതരം എണ്ണക്കുരുക്കളും (ഉദാഹരണത്തിന് കടുക്) പയറുവർഗങ്ങളും. ഒരു ശരാശരി കർഷകന്റെ വയലുകളിൽ ഉപജീവനവിളകളും, വാണിജ്യവിളകളും ശ്രദ്ധയോടെ കൂട്ടിക്കലർത്തിയിരുന്നത് എങ്ങനെയെന്ന് ഇതു കാണിച്ചുതരുന്നു.

പതിനേഴാം നൂറ്റാണ്ടിൽ ധാരാളം പുതിയ വിളകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെത്തിച്ചേർന്നു. ഉദാഹരണ

#### പുകയിലയുടെ വ്യാപനം (The spread of tobacco)

ആദ്യം ഡക്കാനിലെത്തിച്ചേർന്ന ഈ ചെടി, പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ ഉത്തരേന്ത്യയിലേക്ക് വ്യാപിച്ചു. *"അയിൻ"* ഉത്തരേന്ത്യയിലെ വിളകളുടെ പട്ടികയിൽ പുകയിലയുടെ പേര് പരാമർശിക്കുന്നില്ല. 1604 ലാണ് അക്ബറും അദ്ദേഹത്തിന്റെ പ്രഭുക്കന്മാരും പുകയിലയെക്കുറിച്ച് ആദ്യമായി മനസ്സിലാക്കുന്നത്. ഈ സമയത്തോടെ പുകവലി *(ഹുക്കകളിലും, പൈപ്പുകളിലും)* വലിയതോതിൽ പ്രചരിച്ചിരുന്നുവെന്ന് അനുമാനിക്കാം. ഇതിന്റെ ആസക്തിയെക്കുറിച്ച് ഉത്കണ്ഠാകുലനായ ജഹാംഗീർ ഇതു നിരോധിച്ചു. എന്നാൽ ഇതു പൂർണമായും നിഷ്ഫലമായിരുന്നു. കാരണം, പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ പുകയില, ഉപയോഗത്തിന്റെയും കൃഷിയുടെയും വ്യാപാരത്തിന്റെയും ഒരു പ്രധാന ഇനമായി ഇന്ത്യയിലാകമാനം മാറിക്കഴിഞ്ഞിരുന്നു.

#### കാർഷിക സമൃദ്ധിയും ജനസംഖ്യാ വളർച്ചയും (Agricultural prosperity and population growth)

വൈവിധ്യമാർന്നതും ബഹുമുഖ രൂപങ്ങളിലുള്ളതുമായ കാർഷികോൽപാദനത്തിന്റെ ഒരു പ്രധാന ഫലമായിരുന്നു മന്ദഗതിയിലുള്ള ജനസംഖ്യാ വളർച്ച. ക്ഷാമങ്ങളും പകർച്ച വ്യാധികളും വരുത്തിയ കാലികമായ ചില തടസ്സങ്ങളുണ്ടായിട്ടും, ഇന്ത്യയുടെ ജനസംഖ്യ കൂടിക്കൊണ്ടേയിരുന്നു. അതായത് സാമ്പത്തിക ശാസ്ത്രജ്ഞരുടെ കണക്കുകൂട്ടലുകൾ പ്രകാരം, 1600 നും 1800 നും ഇടയിൽ 50 ദശലക്ഷം ആളുകളുടെ വർധനവ്, എന്നുവെച്ചാൽ 200 വർഷം കൊണ്ട് 33% വർധനവ്.

ത്തിന് ചോളം (*മക്ക*) ഇന്ത്യയിലേക്ക് എത്തിയത് ആഫ്രിക്കയിലൂടെയും സ്പെയിനിലൂടെയുമാണ്. പതിനേഴാം നൂറ്റാണ്ടോടെ, പടിഞ്ഞാറൻ ഇന്ത്യയിലെ പ്രധാന വിളകളിലൊന്നായി ഇതു പട്ടികപ്പെടുകയും ചെയ്തു. തക്കാളി, ഉരുളക്കിഴങ്ങ്, മുളക് തുടങ്ങിയ പച്ചക്കറികളെന്നപ്പോലെ കൈതച്ചക്ക, പപ്പായ തുടങ്ങിയ പഴങ്ങളും പുതിയ ലോകത്തു (New World) നിന്നും ഇവിടേയ്ക്കെത്തിച്ചേർന്നു.

## 2. ഗ്രാമസമൂഹം (THE VILLAGE COMMUNITY)

കാർഷിക പ്രവർത്തനങ്ങളിൽ കർഷകരുടെ ശക്തമായ പങ്കാളിത്തവും മുൻകൈയെടുക്കലും ഉണ്ടായിരുന്നിരിക്കാമെന്ന് മുകളിൽ പറഞ്ഞ വിവരണങ്ങൾ വ്യക്തമാക്കുന്നു. മുഗൾ സമൂഹത്തിലെ കാർഷിക ബന്ധങ്ങളുടെ ഘടനയെ ഇത് എങ്ങനെയാണ് ബാധിച്ചത്? ഇത് കണ്ടെത്തുന്നതിനായി കാർഷിക വ്യാപനത്തിൽ ഏർപ്പെട്ടിരുന്ന വിഭാഗങ്ങളെയും അവരുടെ ബന്ധങ്ങളെയും സംഘർഷങ്ങളെയും നമുക്ക് പരിശോധിക്കാം.

കർഷകർ വ്യക്തിഗത ഉടമസ്ഥാവകാശമായാണ് ഭൂമി കൈവശം വച്ചിരുന്നതെന്ന് നാം കണ്ടു കഴിഞ്ഞു. അതേസമയംതന്നെ അവരുടെ സാമൂഹ്യനിലനിൽപ്പിന്റെ വിവിധ വശങ്ങളെ സംബന്ധിച്ചിടത്തോളം അവർ ഒരു ഗ്രാമസമൂഹ കൂട്ടായ്മയുടെ ഭാഗവുമായിരുന്നു. ഈ സമൂഹത്തിൽ മൂന്നു ഘടകങ്ങൾ ഉണ്ടായിരുന്നു-കർഷകർ, പഞ്ചായത്ത്, ഗ്രാമത്തലവൻ (*മുഖദ്ദം* അല്ലെങ്കിൽ *മണ്ഡൽ*).

### 2.1 ജാതിയും ഗ്രാമീണ പരിതസ്ഥിതിയും (Caste and the rural milieu)

ജാതിയുടെയും ജാതിപോലുള്ള വേർതിരിവുകളുടെയും അടിസ്ഥാനത്തിലുള്ള കടുത്ത അസമത്വങ്ങൾ സൂചിപ്പിക്കുന്നത് കർഷകർ തീർത്തും ഒരു ഭിന്നജാതീയ വിഭാഗമായിരുന്നുവെന്നതാണ്. ഭൂമി ഉഴുതുമറിച്ചിരുന്നവരിൽ നല്ലൊരു വിഭാഗവും താഴ്ന്ന ജോലികൾ ചെയ്തിരുന്നവരോ കാർഷികത്തൊഴിലാളികളോ (*മജൂർ*) ആയിരുന്നു.

കൃഷിഭൂമി ധാരാളമായി ഉണ്ടായിരുന്നിട്ടും ചില ജാതിവിഭാഗങ്ങൾ താഴ്ന്ന ജോലികൾ ചെയ്യാൻ നിയുക്തരാക്കപ്പെടുകയും അവർ അതിലൂടെ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുകയും ചെയ്തു. അക്കാലഘട്ടത്തിൽ സെൻസസ് നിലവിലുണ്ടായിരുന്നില്ലെങ്കിലും ലഭ്യമായ ചെറിയ വിവരങ്ങൾ നമ്മോടു പറയുന്നത് ഗ്രാമജനസംഖ്യയിലെ വലിയൊരു വിഭാഗം ഇത്തരക്കാരായിരുന്നുവെന്നാണ്. ഇവരുടെ പക്കലുണ്ടായിരുന്ന വിഭവങ്ങൾ ഏറ്റവും കുറവായിരുന്നു; ജാതിശ്രേണിയിലെ സ്ഥാനംകൊണ്ട് ആധുനിക ഇന്ത്യയിലെ ദലിതരെപ്പോലെ അവർ അടിച്ചമർത്തപ്പെടു

➲ **ചർച്ച ചെയ്യുക...**

അധ്യായം 2 ൽ വിവരിച്ചിരിക്കുന്നവയോട് സാമ്യമുള്ളതോ വ്യത്യാസമുള്ളതോ ആയതും ഈ ഭാഗത്തു വിവരിച്ചിരിക്കുന്നതുമായ സാങ്കേതികവിദ്യകളും കാർഷിക സമ്പ്രദായങ്ങളും തിരിച്ചറിയുക.

*ചിത്രം 8.3*
*പഞ്ചാബിലെ ഒരു ഗ്രാമത്തെ ചിത്രീകരിച്ചിരിക്കുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തെ ഒരു ചിത്രം.*

➲ തന്നിട്ടുള്ള ചിത്രീകരണത്തിൽ സ്ത്രീകളും പുരുഷന്മാരും എന്താണ് ചെയ്യുന്നതെന്നു വിവരിക്കുക. ഒപ്പം ഗ്രാമത്തിന്റെ വാസ്തുവിദ്യയും



കയും ചെയ്തു. ഇത്തരം വേർതിരിവുകൾ മറ്റുസമുദായങ്ങളിലേക്കും വ്യാപിച്ചു തുടങ്ങിയിരുന്നു. മുസ്‌ലീം സമുദായങ്ങളിൽ താഴ്ന്ന ജോലി ചെയ്യുന്നവരായ *ഹലാൽ ഖോറാനുകളെ* (തോട്ടിപ്പണിക്കാർ) ഗ്രാമാതിർത്തിക്ക് വെളിയിലാണ് താമസിപ്പിച്ചിരുന്നത്. അതുപോലെതന്നെ ബീഹാറിലെ *മല്ലാഹ്സാദ സുകൾ* (തോണിക്കാരുടെ മക്കൾ എന്നർത്ഥം) അടിമകളെപ്പോലെയായിരുന്നു.

സമൂഹത്തിന്റെ താഴ്ന്ന തട്ടുകളിൽ ജാതി, ദാരിദ്ര്യം, സാമൂഹികപദവി എന്നിവ തമ്മിൽ നേരിട്ടുള്ള പരസ്പരബന്ധമുണ്ടായിരുന്നു. എന്നാൽ മധ്യവർഗതലങ്ങളിൽ ഇത്തരം പരസ്പരബന്ധം അത്ര കണിശമായിരുന്നില്ല. മാർവാറിൽനിന്നു ലഭിച്ച പതിനേഴാം നൂറ്റാണ്ടിലെ ഒരു ലഘുലേഖയിൽ രജപുത്രന്മാരെ കർഷകരായാണ് ചിത്രീകരിച്ചിട്ടുള്ളത്. ജാതിശ്രേണിയിൽ താഴ്ന്നപദവി നൽകപ്പെട്ടിരുന്ന ജാട്ടുകളുടെ അതേസ്ഥാനമാണ് അവർക്കും നൽകിയിരുന്നത്. വൃന്ദാവനത്തിന് (ഉത്തർപ്രദേശ്) ചുറ്റുമുള്ള ഭൂമി കൃഷി ചെയ്തിരുന്ന ഗൗരവന്മാർ പതിനേഴാം നൂറ്റാണ്ടിൽ രജപുത്ര പദവിക്കായി ശ്രമിച്ചു. കാലിവളർത്തലും പൂന്തോട്ടനിർമ്മാണവും ലാഭകരമായിരുന്നതുകൊണ്ട് അഹിറുകൾ, ഗുജറുകൾ, മാലികൾ തുടങ്ങിയ ജാതിക്കാർ ജാതിശ്രേണിയിൽ ഉയർന്ന സ്ഥാനം കൈവരിച്ചു. കിഴക്കൻ മേഖലകളിൽ കാലിവളർത്തലിലും, മീൻപിടുത്തത്തിലും ഏർപ്പെട്ടിരുന്ന സദഗോപർ, കൈവർതകൾ തുടങ്ങിയ മധ്യവർഗജാതിക്കാർ കർഷകരുടെ പദവി നേടിയെടുത്തു.

## 2.2 പഞ്ചായത്തുകളും തലവന്മാരും (Panchayats and headmen)

ഗ്രാമപ്പഞ്ചായത്ത് മുതിർന്നവരുടെ ഒരു സഭയായിരുന്നു, സാധാരണയായി തങ്ങളുടെ വസ്തുവകകളിന്മേൽ പരമ്പരാഗതാധികാരമുള്ള ഗ്രാമത്തിലെ പ്രധാനികളുടെ സഭയായിരുന്നു അത്. മിശ്രജാതികളുള്ള ഗ്രാമങ്ങളിൽ പഞ്ചായത്തുകൾ സാധാരണ ഭിന്നജാതീയമായിരുന്നു. പഞ്ചായത്തുകൾ ഗ്രാമങ്ങളിലെ വിവിധ ജാതികളെയും സമുദായങ്ങളെയും പ്രതിനിധാനം ചെയ്യുന്ന ഒരു സംഘഭരണ സംവിധാനമായിരുന്നു (oligarchy). എന്നാൽ താഴ്ന്ന ജോലിയും കാർഷികജോലിയും ചെയ്തിരുന്നവർക്ക് അവിടെ പ്രാതിനിധ്യം ഉണ്ടായിരുന്നിരിക്കാൻ സാധ്യതയില്ല. ഈ പഞ്ചായത്തുകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ അനുസരിക്കാൻ അംഗങ്ങൾ ബാധ്യസ്ഥരായിരുന്നു.

പഞ്ചായത്തിന്റെ തലവൻ *മുഖ്യ* അഥവാ *മണ്ഡൽ* എന്നറിയപ്പെടുന്നു. തലവനെ ഗ്രാമത്തിലെ മുതിർന്നവരുടെ പൊതുസമ്മതപ്രകാരം തിരഞ്ഞെടുക്കുകയും, പിന്നീട് ഈ തിരഞ്ഞെടുക്കൽ സെമീന്ദാർ അംഗീകരിക്കുകയും ചെയ്യേണ്ടിയിരുന്നു എന്നാണ് ചില സ്രോതസ്സുകൾ സൂചിപ്പിക്കുന്നത്. ഗ്രാമത്തിലെ മുതിർന്നവരുടെ പിന്തുണ ഉള്ളിടത്തോളംകാലം തലവന്മാർക്ക് തൽസ്ഥാനത്ത് തുടരാമായിരുന്നു. അതില്ലാതെവരുമ്പോൾ അവരെ പുറത്താക്കാനുള്ള അധികാരം മുതിർന്നവർക്കുണ്ടായിരുന്നു. ഗ്രാമക്കണക്കുകൾ തയാറാക്കുന്നതിന് മേൽനോട്ടം വഹിക്കലായിരുന്നു തലവന്റെ പ്രധാന ഉത്തരവാദിത്വം. ഇതിനായി അദ്ദേഹത്തെ പഞ്ചായത്തിലെ കണക്കെഴുത്തുകാരൻ അഥവാ *പട്‌വാരി* സഹായിച്ചിരന്നു.

ഒരു പൊതു സാമ്പത്തികശേഖരത്തിലേക്ക് വ്യക്തികൾ നടത്തിയ സംഭാവനകളിൽ നിന്നാണ് പഞ്ചായത്ത് അതിനാവശ്യമായ തുക കണ്ടെത്തിയിരുന്നത്. കാലാകാലങ്ങളിൽ ഗ്രാമങ്ങൾ സന്ദർശിച്ചിരുന്ന നികുതി ഉദ്യോഗസ്ഥരെ സത്ക്കരിക്കുന്നതിനാവശ്യമായ ചെലവു വഹിച്ചിരുന്നത് ഈ സഞ്ചി

**അഴിമതിക്കാരായ *മണ്ഡലുകൾ* ( ഗ്രാമമുഖ്യന്മാർ ) (Corrupt *mandals*)**

*മണ്ഡലു*കൾ (ഗ്രാമമുഖ്യന്മാർ) പലപ്പോഴും തങ്ങളുടെ പദവി ദുരുപയോഗപ്പെടുത്തിയിരുന്നു. പട്‌വാരികളുമായി രഹസ്യധാരണയുണ്ടാക്കിക്കൊണ്ട് ഗ്രാമത്തിന്റെ കണക്കുകളിൽ തട്ടിപ്പ് കാണിക്കുകയും സ്വന്തം ഭൂമികളിൽ നിന്നുള്ള തങ്ങളുടെ ഭൂനികുതി വിഹിതം കുറച്ചുകാണിക്കുകയും ഈ വരുമാനക്കുറവ് അധികഭാരമായി ചെറുകിട കർഷകരിലേക്ക് കൈമാറുകയും ചെയ്തു എന്നതാണ് *മണ്ഡലു*കളുടെമേൽ പ്രധാനമായും ആരോപിക്കപ്പെട്ടിരുന്നത്.



ചിത്രം 9.4
*ഗ്രാമത്തിലെ മുതിർന്നവരുടെയും നികുതി പിരിവുകാരുടെയും ഒരു യോഗം ചിത്രീകരിച്ചിട്ടുള്ള പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തെ ഒരു ചിത്രം.*

➲ ഗ്രാമത്തിലെ മുതിർന്നവരെയും നികുതി പിരിവുകാരേയും എങ്ങനെയാണ് കലാകാരൻ വേർതിരിച്ചിട്ടുള്ളത്?

തനിധിയിൽ നിന്നാണ്. പ്രകൃതിക്ഷോഭങ്ങളെ (വെള്ളപ്പൊക്കം പോലുള്ളവ) തരണം ചെയ്യുന്നതിനാവശ്യമായ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവുകളും ഈ നിധിയിൽ നിന്നാണ് വഹിച്ചിരുന്നത്. പലപ്പോഴും കർഷകർക്ക് സ്വന്തം ചെലവിൽ നിർമ്മിക്കാൻ കഴിയാത്ത ചിറകൾ, കനാലുകൾ (തോടുകൾ) എന്നിവയുടെ നിർമ്മാണത്തിനും ഈ നിധി വിനിയോഗിച്ചിരുന്നു.

ഗ്രാമവാസികളായ വിവിധ സമുദായക്കാർ തമ്മിലുള്ള ജാതി അതിരുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയായിരുന്നു *പഞ്ചായത്തിന്റെ* ഒരു പ്രധാന കർത്തവ്യം. കിഴക്കേ ഇന്ത്യയിൽ *മണ്ഡലിന്റെ* സാന്നിധ്യത്തിലായിരുന്നു എല്ലാ വിവാഹങ്ങളും നടത്തിയിരുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഗ്രാമത്തലവന്റെ കടമകളിലൊന്ന് “പ്രധാനമായും ജാതിക്കെതിരെയുള്ള കുറ്റങ്ങൾ തടയുവാനായി” ഗ്രാമസമൂഹത്തിലെ അംഗങ്ങളുടെ പെരുമാറ്റം നിരീക്ഷിക്കുക എന്നതായിരുന്നു.

പിഴ ചുമത്തുന്നതിനും സമുദായത്തിൽനിന്നു പുറത്താക്കുന്നതുപോലുള്ള കൂടുതൽ കടുത്തശിക്ഷകൾ നൽകുന്നതിനുമുള്ള അധികാരവും പഞ്ചായത്തുകൾക്കുണ്ടായിരുന്നു. ഇതിൽ രണ്ടാമത്തേത് ഒരു കടുത്ത നടപടിയും ഭൂരിഭാഗം സംഭവങ്ങളിലും ഒരു നിശ്ചിത കാലത്തേക്ക് മാത്രം നടപ്പിലാക്കിയിരുന്നതുമാണ്. ഇതിനർഥം ഗ്രാമത്തിൽ നിന്ന് പുറത്തുപോകാൻ നിർബന്ധിതനാകുന്ന വ്യക്തി ജാതിഭ്രഷ്ടനാകുകയും അയാൾക്ക് തന്റെ തൊഴിൽ തുടരുന്നതിനുള്ള അവകാശം നഷ്ടപ്പെടുകയും ചെയ്യുന്നു എന്നാണ്. ജാതിനിയമലംഘനങ്ങളെ തടയാനുള്ള ഒരുമാർഗമായാണ് ഇത്തരം നടപടിയെ കണക്കാക്കിയിരുന്നത്.

ഗ്രാമപ്പഞ്ചായത്തിനു പുറമെ ഗ്രാമത്തിലെ ഓരോ ജാതിക്കും അതിന്റേതായ ജാതിപ്പഞ്ചായത്തു കൂടി ഉണ്ടായിരുന്നു. ഗ്രാമസമൂഹങ്ങളിൽ ഈ പഞ്ചായത്തുകൾ ഗണ്യമായ അധികാരം കയ്യാളിയിരുന്നു. രാജസ്ഥാനിൽ ജാതിപ്പഞ്ചായത്തുകൾ വിവിധ ജാതികളിലെ അംഗങ്ങൾ തമ്മിലുള്ള സിവിൽ തർക്കങ്ങൾക്ക് തീർപ്പുകൽപ്പിച്ചിരുന്നു. ഭൂമി സംബന്ധമായ തർക്കങ്ങൾക്കു മാധ്യസ്ഥം വഹിക്കുക, ഒരു പ്രത്യേക ജാതി വിഭാഗം നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾക്ക് വിധേയമായാണോ വിവാഹങ്ങൾ നടന്നിട്ടുള്ളതെന്ന് തീരുമാനിക്കുക, ഗ്രാമങ്ങളിലെ ചടങ്ങുകളിൽ ആചാരപരമായി പ്രഥമഗണന ആർക്കെന്ന് നിശ്ചയിക്കുക തുടങ്ങിയവ ചെയ്തിരുന്നത് ജാതിപ്പഞ്ചായത്തുകൾ ആയിരുന്നു. ക്രിമിനൽ നിയമപാലനം ഒഴികെയുള്ള ഭൂരിഭാഗം സംഭവങ്ങളിലും രാഷ്ട്രം ജാതിപ്പഞ്ചായത്തുകളുടെ തീരുമാനങ്ങളെ ആദരിച്ചിരുന്നു.

പശ്ചിമേന്ത്യയിൽ നിന്നും -പ്രത്യേകിച്ച് രാജസ്ഥാൻ, മഹാരാഷ്ട്ര- ലഭിച്ചിട്ടുള്ള പുരാരേഖകളിൽ അന്യായമായ നികുതിക്കെതിരെയും, രാഷ്ട്രത്തിന്റെ ഉദ്യോഗസ്ഥരോ “ഉയർന്ന” ജാതിക്കാരോ ഏർപ്പെടുത്തിയ നിർബന്ധിത (വേതനരഹിത) ജോലിക്കെതിരെയും പഞ്ചായ

ത്തുകൾക്ക് സമർപ്പിക്കപ്പെട്ട പരാതികളും ഉൾപ്പെടുന്നു. സാധാരണയായി ഈ പരാതികൾ സമർപ്പിച്ചിരുന്നത് ഗ്രാമീണസമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ളവരായിരുന്നു. വരേണ്യവിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ധാർമ്മികന്യായീകരണമില്ലാത്ത ആജ്ഞകൾക്കെതിരെ ഒരു ജാതിവിഭാഗമോ, സമുദായമോ, സംഘമായും ഇടയ്ക്ക് പരാതികൾ നൽകിയിരുന്നു. കർഷകരുടെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്ന തരത്തിൽ, പ്രത്യേകിച്ചും വരൾച്ചയുടെയോ മറ്റു ദുരന്തങ്ങളുടെയോ സമയത്ത്, അമിതനികുതി ആവശ്യപ്പെടുന്നത് ഇതിലുൾപ്പെടുന്നു. പരാതിക്കാരുടെ വീക്ഷണത്തിൽ അതിജീവനത്തിനുള്ള ഏറ്റവും കുറഞ്ഞ അടിസ്ഥാനാവശ്യങ്ങൾ ആചാരപ്രകാരം അനുവദിക്കപ്പെട്ടതാണ്. രാഷ്ട്രം അതിന്റെ ധാർമ്മികകടമകളും വാഗ്ദത്ത നീതിയും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട അപ്പീൽ കോടതിയായാണ് അവർ ഗ്രാമപ്പഞ്ചായത്തിനെ കരുതിയിരുന്നത്.

ചിത്രം 8.5
വസ്ത്രനിർമ്മാണം ചിത്രീകരിച്ചിരിക്കുന്ന പതിനേഴാം നൂറ്റാണ്ടിലെ ഒരു ചിത്രം.

➲ ചിത്രീകരണത്തിൽ കാണിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിവരിക്കുക.



"താഴ്ന്ന ജാതിയിലെ" കർഷകർക്ക് രാഷ്ട്രത്തിന്റെ ഉദ്യോഗസ്ഥരുമായോ പ്രാദേശിക സെമീന്ദാർമാരുമായോ ഉള്ള തർക്കങ്ങളിൽ പഞ്ചായത്തുകളുടെ തീർപ്പുകൾ ഓരോപരാതിയിലും വിഭിന്നമായിരുന്നു. അമിത നികുതിയാവശ്യങ്ങളിന്മേലുള്ള പരാതികളിൽ പഞ്ചായത്ത് ഒത്തുതീർപ്പിനു പലപ്പോഴും ശ്രമിച്ചിരുന്നു. അനുരഞ്ജനം പരാജയപ്പെടുന്ന സംഭവങ്ങളിൽ, കർഷകർ ഗ്രാമം വിട്ടുപോകുന്നതുൾപ്പെടെയുള്ള കടുത്ത പ്രതിഷേധമാർഗങ്ങൾ അവലംബിച്ചിരുന്നു. കൃഷി ചെയ്തിട്ടില്ലാത്ത ഭൂമിയുടെ താരതമ്യേന എളുപ്പത്തിലുള്ള ലഭ്യതയും തൊഴിൽ വിഭവങ്ങൾക്കായുള്ള മത്സരവും ഇതിനെ കർഷകരുടെ കൈയിലെ ഒരു ഫലപ്രദമായ ആയുധമാക്കി മാറ്റി.

## 2.3 ഗ്രാമങ്ങളിലെ കൈത്തൊഴിലുകാർ (Village artisans)

വിവിധ ഉൽപന്നങ്ങളുടെ ഉൽപാദകർ തമ്മിൽ കൈമാറ്റങ്ങളിലൂടെ ഉണ്ടായ വിശാല ബന്ധങ്ങളായിരുന്നു ഗ്രാമത്തിന്റെ മറ്റൊരു ശ്രദ്ധേയമായ സവിശേഷത. മറാത്തി പ്രമാണങ്ങളും, ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യവർഷങ്ങളിൽ തയാറാക്കിയ ഗ്രാമസർവേകളും ധാരാളം കൈത്തൊഴിലുകാർ ഉണ്ടായിരുന്നതായി വെളിപ്പെടുത്തുന്നു, ചിലപ്പോൾ ഗ്രാമങ്ങളിലുണ്ടായിരുന്ന ആകെ കുടുംബങ്ങളുടെ 25 ശതമാനത്തോളം.

ചിലസമയങ്ങളിൽ ഗ്രാമസമൂഹങ്ങളിലെ കൈത്തൊഴിലുകാരും കർഷകരും തമ്മിലുള്ള അന്തരം വളരെ നേർത്തതായിരുന്നു, കാരണം പല വിഭാഗങ്ങളും രണ്ടുകൂട്ടരുടെയും ജോലികൾ

ചെയ്തിരുന്നു. തുണികളിൽ ചായംമുക്കൽ, തുണികളിലെ ചിത്രമുദ്രണം, മൺപാത്രനിർമ്മാണവും ചുട്ടെടുക്കലും കാർഷികോപകരണങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികൾ നടത്തലും തുടങ്ങിയ കൈത്തൊഴിലുകളിൽ കർഷകരും അവരുടെ കുടുംബാംഗങ്ങളും ഏർപ്പെട്ടിരുന്നു. കാർഷിക പഞ്ചാംഗങ്ങളിലെ വിത്തു വിതക്കലിനും കള പറിക്കലിനുമിടയിലും കളപറിക്കലിനും കൊയ്ത്തിനുമിടയിലുമുള്ള ജോലി കുറവായ കാലഘട്ടങ്ങളിൽ കർഷകർ കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിലേർപ്പെട്ടിരുന്നു.

ഗ്രാമത്തിലെ കൈത്തൊഴിലുകാർ-കുശവർ, കൊല്ലപ്പണിക്കാർ, ആശാരിമാർ, ക്ഷുരകർ, എന്തിന് സ്വർണപ്പണിക്കാർപോലും-തങ്ങളുടെ വിദഗ്ധ സേവനം ഗ്രാമവാസികൾക്ക് നൽകിയതിന് പകരമായി ഗ്രാമവാസികൾ അവർക്ക് പലതരത്തിൽ പ്രതിഫലം നൽകിയിരുന്നു. ഇത്തരത്തിൽ ഏറ്റവും സാർവത്രികമായിരുന്ന മാർഗം മിക്കവാറും പഞ്ചായത്ത് നിശ്ചയിക്കുന്നപ്രകാരം അവർക്ക് വിളവിന്റെ ഒരംശം നൽകുകയോ അല്ലെങ്കിൽ തരിശിട്ടിരിക്കുന്ന കൃഷിഭൂമി പതിച്ചുനൽകലോ ആയിരുന്നു. മഹാരാഷ്ട്രയിൽ അത്തരം ഭൂമികൾ കൈത്തൊഴിലുകാരുടെ *മിറാസ്* അഥവാ *വതൻ* (*miras* or *watan*) അഥവാ അവരുടെ പരമ്പരാഗത കൈവശസ്വത്തായി മാറി.

ഇതിന്റെ മറ്റൊരു വകഭേദം, കൈത്തൊഴിലുകാരും ഓരോ കർഷകകുടുംബവും തമ്മിൽ പരസ്പരധാരണയിൽ എത്തിയ പ്രതിഫലസംവിധാനമായിരുന്നു: മിക്കപ്പോഴും സേവനങ്ങൾക്ക് പകരമായി സാധനങ്ങൾ നൽകുക എന്നതായിരുന്നു ഇത്. ഉദാഹരണത്തിന് പതിനെട്ടാം നൂറ്റാണ്ടിലെ രേഖകൾ കൊല്ലപ്പണിക്കാർക്കും, ആശാരിമാർക്കും എന്തിന് സ്വർണപ്പണിക്കാർക്കു വരെ അവരുടെ ജോലിക്കുപ്രതിഫലമായി "ഒരു ചെറിയ ദിനബത്തയും ഭക്ഷണക്കാശും" നൽകിയിരുന്ന ബംഗാളിലെ സെമീന്ദാർമാർമാരെപ്പറ്റി പറയുന്നുണ്ട്. ഇതിനെ പിൽക്കാലത്ത് *ജാജ്മണി* സംവിധാനം (*jajmani* system) എന്നു വിളിക്കപ്പെട്ടു, എന്നാൽ ആ പദം പതിനാറാം നൂറ്റാണ്ടിലോ, പതിനേഴാം നൂറ്റാണ്ടിലോ പ്രചാരത്തിലുണ്ടായിരുന്നില്ല. ഇത്തരം തെളിവുകൾ വളരെ ശ്രദ്ധേയമാണ്, കാരണം ഗ്രാമത്തിന്റെ സൂക്ഷ്മതലങ്ങളിൽ വിനിമയശൃംഖലകൾ പ്രവർത്തിച്ചിരുന്ന സങ്കീർണരീതികളെ അവ കാട്ടിത്തരുന്നു. എന്നാൽ പ്രതിഫലമായി പണംനൽകുന്ന സമ്പ്രദായം പൂർണമായും അജ്ഞാതമായിരുന്നുമില്ല.

## 2.4 ഒരു "ചെറിയ റിപ്പബ്ലിക്ക്"? (A "little republic"?)

ഗ്രാമസമൂഹത്തിന്റെ പ്രാധാന്യം എങ്ങനെയാണ് ഒരാൾ മനസ്സിലാക്കുക? വിഭവങ്ങളും തൊഴിലും കൂട്ടായി പങ്കിടുന്ന സഹോദരതുല്യരായ പങ്കാളികളാൽ നിർമ്മിതമായ ഒരു "ചെറു റിപ്പബ്ലിക്കാ"യിട്ടാണ് ഗ്രാമത്തെ പത്തൊമ്പതാം നൂറ്റാണ്ടിലെ ചില ബ്രിട്ടീഷ് ഉദ്യോഗസ്ഥർ കണ്ടത്. എന്നാൽ ഇത് ഗ്രാമീണ സമത്വസമ്പ്രദായത്തിന്റെ ലക്ഷണമായിരുന്നില്ല. ആസ്തികളുടെ മേലുള്ള വ്യക്തിഗത ഉടമസ്ഥാവകാശവും ജാതിയുടെയും ലിംഗത്തിന്റെയും അടിസ്ഥാനത്തിലുള്ള കടുത്ത വിവേചനവും അവിടെ നിലനിന്നിരുന്നു. ഗ്രാമത്തിന്റെ കാര്യങ്ങൾ നിശ്ചയിക്കുകയും ദുർബലവിഭാഗങ്ങളെ ചൂഷണം ചെയ്യുകയും നീതി നിർവഹണത്തിനുള്ള അധികാരം കൈയാളുകയും ചെയ്തിരുന്ന ഒരു കൂട്ടം ശക്തരായ വ്യക്തികൾ ഗ്രാമത്തിലുണ്ടായിരുന്നു.

കൂടുതൽ പ്രധാനമായത് ഗ്രാമവും പട്ടണവുമായുള്ള വ്യാപാരത്തിലൂടെ പണപരമായ ബന്ധങ്ങൾ മുന്നേതന്നെ ആരംഭിച്ചിരുന്നുവെന്നതാണ്. മുഗൾ ഹൃദയഭൂമിയിലും നികുതി പണമായി നിശ്ചയിക്കുകയും പിരിച്ചെടുക്കുകയും

### പണം ഗ്രാമങ്ങളിൽ
### (Money in the village)

പതിനേഴാം നൂറ്റാണ്ടിലെ ഫ്രഞ്ചു സഞ്ചാരിയായിരുന്ന ജീൻ-ബാപ്റ്റിസ്റ്റ് ടവേർണിയർക്ക് ഇതു സവിശേഷമായി തോന്നി, "ഷ്രോഫ് (Shroff) എന്ന പണം മാറ്റിക്കൊടുക്കുന്നയാൾ ഇല്ലായിരുന്നെങ്കിൽ ഇന്ത്യയിലെ ഒരു ഗ്രാമം തീർച്ചയായും വളരെ ചെറുതാകുമായിരുന്നു. (അവർ) പണമടവ് നടത്താനുള്ള ബാങ്കർമാരായി പ്രവർത്തിക്കുന്നു. രൂപയെ അവർക്കിഷ്ടമുള്ളതുപോലെ പൈസയായും, പൈസയെ കവടികളായും വലുതാക്കി കാണിക്കുന്നു."



ചിത്രം 8.6
ഒരു ഷ്റോഫ് (പണം മാറ്റി നൽകുന്നയാൾ) തന്റെ ജോലിയിൽ



ചിത്രം 8.7
നൂൽനൂൽക്കുന്ന ഒരു സ്ത്രീ

ചെയ്തിരുന്നു. കയറ്റുമതിക്കമ്പോളത്തിനായി നിർമ്മാണത്തിലേർപ്പെട്ടിരുന്ന കൈത്തൊഴിലുകാർക്ക് (ഉദാഹരണത്തിന് നെയ്ത്തുകാർ) അവരുടെ മുൻകൂർ സഹായവും വേതനവും പണമായി ലഭിച്ചു. പരുത്തി, സിൽക്ക്, നീലം തുടങ്ങിയ വാണിജ്യ ഉൽപന്നങ്ങളുടെ നിർമ്മാതാക്കളുടെ കാര്യവും ഇങ്ങനെതന്നെയായിരുന്നു.

**ചർച്ച ചെയ്യുക...**

ഈ ഭാഗത്ത് വിവരിച്ചിരിക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാം തരത്തിൽ വർത്തമാനകാല പഞ്ചായത്തുകളുമായി സാമ്യം പുലർത്തുന്നു അഥവാ വേറിട്ടു നിൽക്കുന്നുവെന്നാണ് നിങ്ങൾ കരുതുന്നത്?

## 3. കാർഷികസമൂഹത്തിലെ സ്ത്രീകൾ (Women in Agrarian Society)

വ്യത്യസ്തമായ പല സമൂഹങ്ങളിലും നിങ്ങൾ നിരീക്ഷിച്ചിട്ടുള്ളതുപോലെ തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട കർത്തവ്യങ്ങൾ ചെയ്തുകൊണ്ട് സ്ത്രീയും പുരുഷനും ഉൽപാദനപ്രക്രിയയിൽ പങ്കാളികളാകുന്നു. നമ്മൾ വിശകലനം ചെയ്യുന്ന സന്ദർഭങ്ങളിലെ സ്ത്രീയും പുരുഷനും തോളോട് തോൾചേർന്ന് പാടത്തു പണിയെടുക്കണമായിരുന്നു. പുരുഷന്മാർ കിളയ്ക്കുകയും നിലം ഉഴുകയും ചെയ്തപ്പോൾ സ്ത്രീകൾ വിത്തു വിതയ്ക്കുകയും കളപറിക്കുകയും മെതിയ്ക്കുകയും പതിരു നീക്കുകയും ചെയ്തു. മധ്യകാല കാർഷിക രംഗത്തിന്റെ സവിശേഷതകളായിരുന്ന അണുഗ്രാമങ്ങളുടെയും, വ്യക്തികേന്ദ്രീകൃത കാർഷിക വൃത്തിയുടെയും വ്യാപനത്തോടെ ഉൽപാദനത്തിന്റെ അടിസ്ഥാനം മൊത്തം കുടുംബത്തിന്റെ അധ്വാനശേഷിയും വിഭവങ്ങളുമായിത്തീർന്നു. സ്വാഭാവികമായും, വീടും (സ്ത്രീകൾക്കുവേണ്ടി) ബാഹ്യലോകവും (പുരുഷന്മാർക്കുവേണ്ടി) തമ്മിലുള്ള ലിംഗപരമായ വേർതിരിവ് ഈ സന്ദർഭത്തിൽ അസാധ്യമായിത്തീർന്നു. എന്നിരുന്നാലും സ്ത്രീകളുടെ ജീവശാസ്ത്രപരമായ ധർമ്മങ്ങളെ സംബന്ധിച്ച മുൻവിധികൾ തുടർന്നു വന്നു. ഉദാഹരണത്തിന്, ആർത്തവമതികളായ സ്ത്രീകളെ പശ്ചിമേന്ത്യയിൽ കലപ്പയിലോ കുലാല (കുശവ) ചക്രത്തിലോ സ്പർശിക്കാൻ അനുവദിച്ചിരുന്നില്ല, ബംഗാളിലെ വെറ്റിലത്തോട്ടങ്ങളിൽ പ്രവേശിക്കാനും അവരെ അനുവദിച്ചിരുന്നില്ല.

കൈത്തൊഴിലുകളായ നൂൽനൂൽക്കൽ, പാത്ര നിർമ്മാണത്തിനായി കളിമണ്ണ് അരിക്കൽ, കുഴയ്ക്കൽ, വസ്ത്രങ്ങളിൽ ചിത്രംതുന്നൽ എന്നിവ സ്ത്രീയുടെ അധ്വാനത്തെ ആശ്രയിച്ചു നടന്നിരുന്ന അനേകം തൊഴിലുകളിൽ ചിലതാണ്. ഉൽപന്നങ്ങൾ എത്രത്തോളം വാണിജ്യവൽക്കരിക്കപ്പെടുന്നുവോ അവ നിർമ്മിക്കുന്ന സ്ത്രീ തൊഴിലാളികളുടെ ആവശ്യവും അത്രകണ്ട് വർധിച്ചു. യഥാർഥത്തിൽ കർഷക, കൈത്തൊഴിൽ സ്ത്രീകൾ പാടങ്ങളിൽ പണിയെടുക്കുക മാത്രമല്ല തൊഴിലുടമയുടെ വീട്ടിലും ആവശ്യംവന്നാൽ ചന്തയിലും പണിയെടുത്തിരുന്നു.

തൊഴിലാളികളെ ആശ്രയിച്ചുള്ള ഒരു സമൂഹത്തിൽ, കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നവർ എന്നനിലയിലും സ്ത്രീകളെ കാർഷിക സമൂഹത്തിലെ പ്രധാന സമ്പത്തായി കണക്കാക്കിയിരുന്നു. അതേ സമയംതന്നെ പോഷകാഹാരക്കുറവ്, അടിക്കടിയുള്ള ഗർഭധാരണം, പ്രസവസമയത്തെ മരണം എന്നിവമൂലം സ്ത്രീകളുടെ മരണനിരക്ക്

വളരെ കുടുതലായിരുന്നതിനാൽ ഭാര്യമാരുടെ ദൗർലഭ്യമുണ്ടായി. ഇത് വരേണ്യ വിഭാഗങ്ങൾക്കിടയിൽ നിലവിലിരുന്നതിൽ നിന്നു വ്യത്യസ്തമായ സാമൂഹികാചാരങ്ങൾ കർഷക, കൈത്തൊഴിൽ വിഭാഗങ്ങൾക്കിടയിൽ ഉടലെടുക്കാൻ  കാരണമായി. ധാരാളം ഗ്രാമീണ വിഭാഗങ്ങൾക്കിടയിൽ വിവാഹത്തിനായി വധുവിന്റെ കുടുംബത്തിന്, സ്ത്രീധനത്തിന് പകരം വധുധനം (bride-price) നൽകേണ്ടിയിരുന്നു. വിവാഹമോചനം നേടിയ സ്ത്രീകളുടെയും വിധവകളുടെയും പുനർവിവാഹം നിയമാനുസൃതമായി കണക്കാക്കിയിരുന്നു.

പ്രത്യുൽപാദനശക്തി എന്ന നിലയിൽ സ്ത്രീകൾക്ക് നൽകിയിരുന്ന പ്രാധാന്യം, അവരുടെ മേലുള്ള നിയന്ത്രണം നഷ്ടമാകുമോ എന്ന ഭയം വലുതായിരുന്നു എന്നു കൂടി അർഥമാക്കുന്നു. അംഗീകരിക്കപ്പെട്ട സാമൂഹ്യനിയമങ്ങൾ പ്രകാരം കുടുംബത്തിന്റെ തലവൻ പുരുഷനായിരുന്നു. അങ്ങനെ സമൂഹവും കുടുംബവും സ്ത്രീകളെ തങ്ങളുടെ കർശനനിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവന്നു. സ്ത്രീകളുടെ ഭാഗത്തുനിന്നു വിശ്വാസവഞ്ചന സംശയിച്ചാൽ അവർക്ക് കടുത്ത (ഡ്രാകോണിയൻ) ശിക്ഷകൾ നൽകിയിരുന്നു.

പശ്ചിമേന്ത്യൻ പ്രദേശങ്ങളായ രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ള രേഖകളിൽ സ്ത്രീകൾ സങ്കടനിവൃത്തിക്കും നീതിക്കും വേണ്ടി ഗ്രാമപ്പഞ്ചായത്തിനു നൽകിയ പരാതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഭാര്യമാർ അവരുടെ ഭർത്താക്കന്മാരുടെ വിശ്വാസവഞ്ചനക്കെതിരെയും, ഭാര്യയെയും കുട്ടികളെയും കുടുംബത്തിന്റെ പുരുഷ മേധാവിയായ *ഗൃഹസ്ഥി* അവഗണിക്കുന്നതിനെതിരെയും പ്രതിഷേധിച്ചിരുന്നു. പുരുഷവിശ്വാസവഞ്ചന എല്ലായ്പ്പോഴും ശിക്ഷിക്കപ്പെട്ടിരുന്നില്ലെങ്കിലും കുടുംബത്തിന് ആവശ്യമുള്ളതെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട സന്ദർഭങ്ങളിൽ രാഷ്ട്രവും "ഉയർന്ന" ജാതി വിഭാഗങ്ങളും ഇടപെട്ടിരുന്നു. മിക്ക സംഭവങ്ങളിലും സ്ത്രീകൾ പഞ്ചായത്തിൽ പരാതിപ്പെടുമ്പോൾ അവരുടെ പേരുകൾ രേഖകളിൽ നിന്നൊഴിവാക്കി, പരാതിക്കാരി കുടുംബനാഥന്റെ അമ്മ, സഹോദരി, ഭാര്യ എന്നിങ്ങനെ പരാമർശിക്കപ്പെട്ടു.

ഭൂവുടമകളായ കുലീനവർഗക്കാർക്കിടയിലെ സ്ത്രീകൾക്ക് പാരമ്പര്യ സ്വത്തിന് അവകാശമുണ്ടായിരുന്നു. വിധവകൾ ഉൾപ്പെടെയുള്ള സ്ത്രീകൾ തങ്ങളുടെ പൈതൃക സ്വത്തു വിൽക്കുന്നതിനായി ഗ്രാമീണ ഭൂവിപണിയിൽ ഊർജസ്വലമായി പങ്കെടുത്തിരുന്നതായി പഞ്ചാബിൽ നിന്നുള്ള ഉദാഹരണങ്ങൾ കാട്ടിത്തരുന്നു. തങ്ങൾക്ക് സ്വതന്ത്രമായി വിൽക്കാനോ പണയപ്പെടുത്താനോ കഴിയുന്ന സെമിന്ദാരികൾ ഹിന്ദു, മുസ്ലീം സ്ത്രീകൾ പൈതൃകസ്വത്തായി ആർജിച്ചിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ബംഗാളിൽ സ്ത്രീ സെമീന്ദാർമാരുണ്ടായിരുന്നതായി നമുക്ക് അറിയാൻ കഴിയും. വാസ്തവത്തിൽ പതിനെട്ടാം നൂറ്റാണ്ടിലെ ഏറ്റവും വലുതും, ഏറ്റവും പ്രസിദ്ധവുമായ സെമീന്ദാരികളിൽ ഒന്നായ രാജ്ഷാഹി (Rajshahi) യുടെ തലപ്പത്തുണ്ടായിരുന്നത് ഒരു വനിതയായിരുന്നു.

### ചർച്ച ചെയ്യുക...

നിങ്ങളുടെ സംസ്ഥാനത്തിൽ കാർഷികഭൂമിയിലെ പ്രവേശനത്തിന് സ്ത്രീകൾക്കും പുരുഷന്മാർക്കും എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ?



*ചിത്രം 8.8 (എ)*
*ഫത്തേപൂർ സിക്രിയുടെ നിർമ്മാണം, കല്ലടിച്ചു പൊട്ടിക്കുന്ന സ്ത്രീകൾ*



*ചിത്രം 8.8. (ബി)*
*ചുമടുകൾ കൊണ്ടുപോകുന്ന സ്ത്രീകൾ*
അയൽഗ്രാമങ്ങളിൽനിന്നുള്ള കുടിയേറ്റക്കാരായ സ്ത്രീകൾ പലപ്പോഴും ഇത്തരം നിർമ്മാണസ്ഥലങ്ങളിൽ പണിയെടുത്തിരുന്നു

## 4. വനങ്ങളും ഗോത്രവർഗങ്ങളും (FORESTS AND TRIBES)

### 4.1 സ്ഥിരാധിവാസ ഗ്രാമങ്ങൾക്കപ്പുറം (Beyond settled villages)

ഗ്രാമീണ ഇന്ത്യയെന്നാൽ സ്ഥിരമായി താമസിച്ചുള്ള കൃഷിക്കു പുറമേ മറ്റു പലതും ഉൾപ്പെട്ടതാണ്. വടക്കും വടക്കു പടിഞ്ഞാറും ധാരാളം കൃഷിചെയ്യപ്പെടുന്ന പ്രദേശങ്ങൾക്കു പുറമേ കിഴക്കേ ഇന്ത്യ മുഴുവനും, മധ്യ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും (ഇന്ത്യ, നേപ്പാൾ അതിർത്തിയിലെ 'തെരായ്' (Terai) ഉൾപ്പെടെ) ഝാർഖണ്ഡിലും, പശ്ചിമഘട്ടത്തിനും ഡക്കാൻ പീഠഭൂമിക്കും താഴെയുള്ള ഉപദ്വീപീയ ഇന്ത്യ എന്നിവിടങ്ങളിലും ഇറുകിക്കെട്ടിയിട്ട പോലുള്ള വനങ്ങൾ-അതിവിസ്തൃതമായ കൊടുങ്കാടുകളും (*Jangal*) കുറ്റിക്കാടുകളും (*Kharbandi*) – നിലനിന്നിരുന്നു. ആ കാലഘട്ടത്തിൽ ഇന്ത്യയൊട്ടാകെയുള്ള വനത്തിന്റെ ശരാശരി കണക്കുകൾ ലഭിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ പോലും സമകാലിക രേഖകളുടെ അടിസ്ഥാനത്തിലുള്ള ഊഹങ്ങൾ അനുസരിച്ച് ശരാശരി 40 ശതമാനം ഉണ്ടായിരുന്നതായി സൂചിപ്പിക്കുന്നു.

ചിത്രം 8.9
ഷാജഹാൻ കൃഷ്ണമൃഗത്തിനെ വേട്ടയാടുന്ന ചിത്രം (ബാദ്ഷാനാമയിൽ നിന്നുള്ളത്)

➲ നിങ്ങൾ ഈ ചിത്രത്തിൽ എന്താണ് കാണുന്നതെന്ന് വിവരിക്കുക. വേട്ടയും മാതൃകാപരമായ നിയമപാലനവും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയുന്ന പ്രതീകാത്മക ഘടകം ഇവിടെ ഏതാണ്?



സമകാലിക ഗ്രന്ഥങ്ങളിൽ വനവാസികളെ *ജംഗ്ലി* (*Jangli*) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ജംഗ്ലി എന്ന പദത്തിന് ആ പദത്തിന്റെ ജനകീയ ഉപയോഗം ഇന്ന് ദ്യോതിപ്പിക്കുന്ന "സംസ്കാര ശൂന്യൻ" എന്ന അർഥമില്ല. അതിനെക്കാൾ വനോൽപന്നങ്ങളുടെ ശേഖരണത്തിലൂടെയും വേട്ടയാടലിലൂടെയും മാറ്റകൃഷിയിലൂടെയും തങ്ങളുടെ ഉപജീവനം നടത്തുന്നവരെന്നാണ് ആ പദം കൊണ്ടർഥമാക്കിയത്. ഈ പ്രവർത്തനങ്ങളെല്ലാം കൂടുതലും ഋതു സംബന്ധികളായിരുന്നു. ഉദാഹരണത്തിന് ഭീലുകൾക്കിടയിൽ (Bhils) വസന്തകാലം വനോൽപ്പന്ന ശേഖരണത്തിനും വേനൽക്കാലം മീൻപിടുത്തത്തിനും, മഴക്കാലമാസങ്ങൾ കൃഷിക്കും ശരത്കാലവും ശൈത്യകാലവും വേട്ടയാടുന്നതിനും മാറ്റി വച്ചിരുന്നു. ഈ ക്രമം ചലനാത്മകത കൊണ്ടുവരുകയും ശാശ്വതമാക്കുകയും ചെയ്തു. ഇത് ഈ വനങ്ങളിൽ കഴിയുന്ന ഗോത്രവർഗക്കാരുടെ സവിശേഷമായ ഒരു ലക്ഷണവുമായിരുന്നു.

രാഷ്ട്രത്തെ സംബന്ധിച്ച് വനം ഒരു വിധ്വംസക കേന്ദ്രമായിരുന്നു-കുഴപ്പക്കാർക്കുള്ള ഒരു അഭയസ്ഥാനം (*മവാസ്*). ഒരിക്കൽക്കൂടി നമുക്കു ബാബറിലേക്ക് തിരിയാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു, "കാട് ഒരു മികച്ച മറയാണ്. അതിനു പിന്നിൽ പർഗാനയിലെ ജനങ്ങൾ കടുത്ത കലാപകാരികളും നികുതി അടയ്ക്കാത്തവരുമായി മാറുന്നു".

### 4.2 വനത്തിലേക്കുള്ള കടന്നുകയറ്റം (Inroads into forests)

ബാഹ്യശക്തികൾ വിവിധ മാർഗങ്ങളിലൂടെ വനത്തിനുള്ളിൽ പ്രവേശിച്ചു. ഉദാഹരണത്തിന് സൈന്യത്തിലേക്കായി രാഷ്ട്രത്തിന് ആനകളെ ആവശ്യമുണ്ടായിരുന്നു. അതിനാൽ വനവാസികളിൽനിന്ന് ഈടാക്കിയിരുന്ന കപ്പത്തിൽ (*പേഷ്കഷ്* - *peshkash*) ആനകളെ എത്തിച്ചുകൊടുക്കൽകൂടി ഉറപ്പാക്കിയിരുന്നു.

മുഗൾ രാഷ്ട്രീയ തത്വസംഹിതയിൽ സമ്പന്നരും പാവപ്പെട്ടവരുമായ എല്ലാ പ്രജകൾക്കും നീതി ഉറപ്പാക്കാനുള്ള രാഷ്ട്രത്തിന്റെ അമിത ഉത്കണ്ഠയുടെ പ്രതീകമായിരുന്നു നായാട്ട്. അതുകൊണ്ടുതന്നെ കൊട്ടാരം ചരിത്രകാരന്മാർ നമ്മോടു പറയുന്നത് അടിക്കടിയുള്ള നായാട്ടുകൾ രാജാവിന് രാജ്യത്തിന്റെ വിശാലപ്രവിശ്യകളിൽക്കൂടി യാത്ര നടത്താനും പ്രദേശവാസികളുടെ ആവലാതികൾ നേരിട്ടു കേൾക്കുന്നതിനുമുള്ള അവസരം നൽകിയിരുന്നു എന്നാണ്. കൊട്ടാരം കലാകാരന്മാർ തങ്ങളുടെ ചിത്രരചനയ്ക്ക് നായാട്ട് പതിവായി ഒരു വിഷയമാക്കിയിരുന്നു. സൗഹാർദഭരണത്തിന്റെ പ്രതീകമായി തോന്നിക്കാവുന്ന ഒരു ചെറിയ ദൃശ്യം, ചിത്രകാരൻ തന്റെ ചിത്രത്തിൽ എവിടെയെങ്കിലും ഉൾപ്പെടുത്തിയിരുന്നു.

മുഗൾ പ്രവിശ്യയുടെ ഭരണപരമായ ഉപവിഭാഗമായിരുന്നു *പർഗാന*.

മുഗൾ രാഷ്ട്രം പിരിച്ചിരുന്ന ഒരുതരം കപ്പമായിരുന്നു *പേഷ്കഷ്*

*സ്രോതസ്സ് 3*

## കാർഷികാധിവാസങ്ങൾക്കായി വനങ്ങൾ വെട്ടിത്തെളിക്കുന്നു (Clearance of forests for agricultural settlements)

മുകുന്ദറാം ചക്രബർത്തി രചിച്ച *ചണ്ഡിമംഗല* എന്ന പതിനാറാം നൂറ്റാണ്ടിലെ ഒരു ബംഗാളി പദ്യത്തിൽ നിന്നുള്ള ഉദ്ധരണിയാണിത്. പദ്യത്തിലെ നായകനായ കാലകേതു വനം വെട്ടിത്തെളിച്ച് ഒരു രാജ്യം സ്ഥാപിക്കുന്നു:

വാർത്തകേട്ട്, പുറംനാട്ടുകാർ നാനാദേശത്തുനിന്നും എത്തിച്ചേർന്നു.
അപ്പോൾ കാലകേതു ഭാരമേറിയ വാളുകൾ, കൈക്കോടാലി, മഴുകൾ,
വേലുകൾ കൊണ്ടുവന്ന് അവർക്കിടയിൽ വിതരണം ചെയ്തു
വടക്കുനിന്നും ദസ്സുക്കൾ (ജനങ്ങൾ) എത്തിച്ചേർന്നു
അവരിൽ നൂറുപേർ മുന്നോട്ടു നീങ്ങി.
കാലകേതുവിനെ കണ്ട് അത്ഭുതസ്തബ്ധരായി അവർനിന്നു
അദ്ദേഹം അവരോരുത്തർക്കും വെറ്റിലയും അടയ്ക്കയും നൽകി
തെക്കുനിന്നും കൊയ്ത്തുകാരെത്തിച്ചേർന്നു
ഒരു സംഘാടകന് കീഴിൽ അവരഞ്ഞൂറുപേർ ഉണ്ടായിരുന്നു.
പടിഞ്ഞാറുനിന്നും സഫാർ മിയാൻ വന്നു,
ഇരുപത്തിരണ്ടായിരം ആൾക്കാർക്കൊപ്പം.
അവരുടെ കരങ്ങളിൽ സുലൈമാനിമുത്തുമാലകൾ
അവർ അവരുടെ പീറിന്റെയും പൈഗാമ്പറിന്റെയും (പ്രവാചകൻ)
പേരുകൾ ഉരുവിട്ടുകൊണ്ടിരുന്നു.
വനം തെളിച്ചതിനുശേഷം
അവർ കമ്പോളങ്ങൾ സ്ഥാപിച്ചു.
നൂറുകണക്കിനു വിദേശികൾ
ഭക്ഷിച്ചിട്ട് വനത്തിലേക്കു കടന്നു.
കോടാലിയുടെ ശബ്ദം കേട്ട്,
ഭയചകിതരായ കടുവകൾ അലറിക്കൊണ്ടോടിയകന്നു.

➲ വനത്തിലേക്കുള്ള ഏതെല്ലാം തരത്തിലുള്ള കടന്നുകയറ്റങ്ങളാണ് പാഠപുസ്തകം ഉയർത്തുന്നത്? ഇതുനൽകുന്ന സന്ദേശത്തെ ചിത്രം 8.9 ലെ ചെറുചിത്രീകരണവുമായി താരതമ്യംചെയ്യുക. വനവാസികളുടെ വീക്ഷണത്തിൽ "വിദേശികൾ" എന്നു തിരിച്ചറിയപ്പെടുന്ന ആളുകൾ ആരൊക്കെയാണ്?

*സ്രോതസ്സ് 4*

**ഗിരിവർഗക്കാരും സമതലങ്ങളും തമ്മിലുള്ള വ്യാപാരം, ഏകദേശം 1595 (Trade between the hill tribes and the plains, *c.* 1595)**

അവധ് *സുബയി*ലെ (ഇന്നത്തെ ഉത്തർപ്രദേശിന്റെ ഭാഗം) സമതലഭൂമിയിലെ ജനങ്ങളും ഗിരിവർഗക്കാരും തമ്മിലുള്ള ഇടപാടുകളെ അബുൾ ഫസൽ ഇപ്രകാരമാണ് വിവരിക്കുന്നത്:

> സ്വർണം, ചെമ്പ്, ഈയം, കസ്തൂരി, *കുടാസ്* പശുവിന്റെ (കാട്ടുപോത്ത്) വാൽ, തേൻ, ചുക് (ഓറഞ്ച് നീരും നാരങ്ങ നീരും ഒന്നിച്ച് ചേർത്ത് തിളപ്പിച്ചുണ്ടാക്കിയ ഒരാസിഡ്), മാതളക്കുരു, ഇഞ്ചി, നീളൻ കുരുമുളക്, *മജിതി*ന്റെ (ചുവന്ന ചായം ഉൽപാദിപ്പിക്കുന്ന ഒരിനം ചെടി) വേര്, വെൺകാരം, കോലിഞ്ചി (മഞ്ഞളുമായി സാമ്യമുള്ള ഒരിനം കിഴങ്ങ്) മെഴുക്, കമ്പിളി വസ്തുക്കൾ, തടി സാധനങ്ങൾ, പ്രാപ്പിടിയൻ, പരുന്ത്, കറുത്ത പരുന്ത്, മെർലിൻ (ഒരിനം പക്ഷി) മുതലായവയും മറ്റു വസ്തുക്കളും വടക്കൻ മലനിരകളിൽനിന്നു മനുഷ്യരുടെ ചുമലുകളിലും ബലിഷ്ഠരായ കുതിരകളുടെയും ആടുകളുടെയും പുറത്തുമാണ് എത്തിച്ചിരുന്നത്. ഇതിനുപകരമായി വെള്ളയും നിറമുള്ളതുമായ വസ്ത്രങ്ങൾ, കുന്തിരിക്കം, ഉപ്പ്, കായം, ആഭരണങ്ങൾ, സ്ഫടികം, മൺപാത്രങ്ങൾ എന്നിവ അവർ തിരികെ കൊണ്ടുപോയിരുന്നു.

➲ ഈ ഖണ്ഡികയിൽ വിവരിച്ചിരിക്കുന്ന ഗതാഗതരീതികൾ ഏതെല്ലാം? എന്തുകൊണ്ടായിരിക്കാം അവയൊക്കെ ഉപയോഗിക്കപ്പെട്ടത്? സമതലങ്ങളിൽനിന്ന് മലപ്രദേശത്തേക്കു കൊണ്ടുവന്ന വസ്തുക്കളിൽ ഓരോന്നും എന്തിനുവേണ്ടിയാകാം ഉപയോഗിച്ചതെന്ന് വിവരിക്കുക.

വനവാസികളുടെ ജീവിതത്തെ അലട്ടിയ ഒരു പ്രധാനപ്പെട്ട ബാഹ്യഘടകമായിരുന്നു വാണിജ്യപരമായ കൃഷിയുടെ വ്യാപനം. വനോൽപന്നങ്ങളായ തേൻ, തേൻകൂട്ടിലെ മെഴുക്, കോലരക്ക് തുടങ്ങിയവയ്ക്കു വലിയ ആവശ്യകതയുണ്ടായിരുന്നു. പതിനേഴാംനൂറ്റാണ്ടിൽ ഇന്ത്യയിൽനിന്നു കടൽവഴിയുള്ള കയറ്റുമതിയുടെ ഒരു പ്രധാന ഇനമായിത്തീർന്നു കോലരക്ക്. ആനകളെയും പിടികൂടി വിറ്റിരുന്നു. വ്യാപാരത്തിൽ സാധനകൈമാറ്റസമ്പ്രദായവും (ബാർട്ടർ) ഉൾപ്പെട്ടിരുന്നു. പഞ്ചാബിലെ ഗ്രാമ-നഗര വ്യാപാരത്തിലും, ഇന്ത്യയും അഫ്ഗാനിസ്താനും തമ്മിലുള്ള കരമാർഗവ്യാപാരത്തിലും പഞ്ചാബിലെ ലൊഹാനികളെപ്പോലുള്ള ഗോത്രവിഭാഗക്കാർ ഏർപ്പെട്ടിരുന്നു.



*ചിത്രം 8.10*
*ഒരു സൂഫി ഗായകന്റെ ആലാപനം ശ്രവിക്കുന്ന കർഷകനും വേട്ടക്കാരനും*

സാമൂഹികഘടകങ്ങളും വനവാസികളുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തി. ഗ്രാമസമൂഹങ്ങളിലെ "വലിയ ആൾക്കാരെ"പ്പോലെ ഗോത്രവർഗക്കാർക്കും അവരുടെ മുഖ്യൻമാർ ഉണ്ടായിരുന്നു. പല ഗോത്രത്തലവന്മാരും സെമീന്ദാർമാരായിത്തീരുകയും ചിലർ രാജാക്കന്മാരാവുകയും ചെയ്തു. ഇതിനായി അവർക്ക് ഒരു സൈന്യത്തെ കെട്ടിപ്പടുക്കേണ്ടതുണ്ടായിരുന്നു. അവർ തങ്ങളുടെ ഗോത്രപാരമ്പര്യത്തിലുള്ളവരെ സൈന്യത്തിൽ ചേർക്കുകയോ അല്ലെങ്കിൽ തങ്ങളുടെ സഹോദരസംഘങ്ങൾ സൈനികസേവനം നൽകണമെന്ന് ആവശ്യപ്പെടുകയോ ചെയ്തു. സിന്ധ് മേഖലയിലുള്ള ഗോത്രവിഭാഗക്കാർക്ക് 6000 കുതിരപ്പടയാളികളും 7000 കാലാൾപ്പടയുമുൾപ്പെടുന്ന സൈന്യം ഉണ്ടായിരുന്നു. അസമിലെ അഹം (Ahom) രാജാക്കന്മാർക്ക് അവരുടേതായ *പൈക്കുകൾ (paiks)* - ഭൂമിക്ക് പകരം സൈനികസേവനം നൽകാൻ കടപ്പെട്ട ജനത - ഉണ്ടായിരുന്നു. അഹം രാജാക്കന്മാർ, കാട്ടാനകളെ പിടികൂടുന്നത് രാജകീയ കുത്തകയായി പ്രഖ്യാപിച്ചിരുന്നു.

ഗോത്രഭരണത്തിൽനിന്ന് രാജഭരണസംവിധാനത്തിലേക്കുള്ള മാറ്റം വളരെനേരത്തെതന്നെ തുടങ്ങിയിരുന്നുവെങ്കിലും, പതിനാറാം

നൂറ്റാണ്ടോടുകൂടി മാത്രമാണ് ഈ പ്രക്രിയ പൂർണവികാസം പ്രാപിച്ചതെന്നു കാണാൻ കഴിയും. വടക്കുകിഴക്കുള്ള ഗോത്രരാജ്യങ്ങളുടെ നിലനില്പിനെക്കുറിച്ചുള്ള *അബുൾഫസലി*ന്റെ നിരീക്ഷണങ്ങളിൽ നമുക്കിതു കാണാൻ കഴിയും. യുദ്ധം ഒരു സാധാരണ സംഭവമായിരുന്നു. ഉദാഹരണത്തിന് കോച്ച് രാജാക്കന്മാർ (Koch kings) പതിനാറും പതിനേഴും നൂറ്റാണ്ടുകളിലായി നീണ്ടുനിന്ന യുദ്ധ പരമ്പരയിലൂടെ അയൽപക്കത്തുള്ള ഗോത്രങ്ങളെ കീഴടക്കി.

വനമേഖലകളിലേക്ക് പുതിയ സാംസ്കാരിക സ്വാധീനങ്ങളും നുഴഞ്ഞുകയറാൻ തുടങ്ങി. ചില ചരിത്രകാരുടെ അഭിപ്രായത്തിൽ പുതുതായി അധീശത്വം സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളിലെ കാർഷിക സമൂഹങ്ങൾക്കിടയിൽ ഇസ്‌ലാമതത്തിന്റെ സാവധാനത്തിലുള്ള സ്വീകാര്യതയ്ക്ക് സൂഫി സന്യാസിമാർ (*Pirs*) പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. (അധ്യായം 6 കൂടി കാണുക).

## 5. സെമീന്ദാർമാർ (The Zamindars)

കാർഷികോൽപാദനപ്രക്രിയയിൽ നേരിട്ടു പങ്കെടുക്കാതിരിക്കുകയും എന്നാൽ കൃഷിയെ ആശ്രയിച്ചു ജീവിക്കുകയും ചെയ്ത ഗ്രാമപ്രദേശത്തിലെ ഒരു പുതിയ വർഗം ജനതയെക്കുറിച്ചു കൂടി പറയാതെ മുഗൾ ഇന്ത്യയിലെ കാർഷികബന്ധങ്ങളെക്കുറിച്ചുള്ള നമ്മുടെ കഥ പൂർണമാകില്ല. ഭുവുടമകളും ഗ്രാമപ്രദേശത്തുള്ള തങ്ങളുടെ ഉയർന്ന പദവിയുടെ ബലത്തിൽ ചില സാമൂഹിക-സാമ്പത്തിക അവകാശങ്ങൾ അനുഭവിച്ചിരുന്നവരുമായിരുന്നു ഈ സെമീന്ദാർമാർ. സെമീന്ദാർമാരുടെ ഉയർന്നപദവിക്കു നിദാനമായ ഒരുഘടകം ജാതിയായിരുന്നു. അവർ രാഷ്ട്രത്തിനുവേണ്ടി ചിലസേവനങ്ങൾ (*khidmat*) ചെയ്തിരുന്നുവെന്നതാണ് രണ്ടാമത്തെ ഘടകം.

ഭൂസ്വത്ത് എന്നർഥം വരുന്ന *മിൽകിയത്* (*milkiyat*) എന്നു വിളിച്ചിരുന്ന ധാരാളം സ്വകാര്യഭൂമി സെമീന്ദാർമാർ കൈവശം വച്ചിരുന്നു. സെമീന്ദാർമാരുടെ സ്വകാര്യാവശ്യത്തിനുവേണ്ടി പലപ്പോഴും കൂലിത്തൊഴിലാളികളെയോ ദാസ്യപ്പണിക്കാരെയോ ഉപയോഗിച്ച് *മിൽകിയത്* ഭൂമിയിൽ കൃഷി ചെയ്തിരുന്നു. സെമീന്ദാർമാർക്ക് ഈ ഭൂമി സ്വന്തം ഇഷ്ടപ്രകാരം വിൽക്കുകയോ, ഇഷ്ടദാനം നടത്തുകയോ, പണയപ്പെടുത്തുകയോ ചെയ്യാമായിരുന്നു.

രാഷ്ട്രത്തിനു വേണ്ടി മിക്കപ്പോഴും നികുതിപിരിക്കാൻ കഴിഞ്ഞിരുന്നതും സെമീന്ദാർമാർക്ക് അധികാരം നൽകി; പ്രതിഫലമായി പണം ലഭിച്ചിരുന്ന ഒരു സേവനമായിരുന്നു ഇത്. സൈനിക സമ്പത്തിനുമേൽ ഉണ്ടായിരുന്ന നിയന്ത്രണമാണ് അധികാരത്തിന്റെ മറ്റൊരു ഉറവിടം. ഭൂരിഭാഗം സെമീന്ദാർമാർക്കും കോട്ടകളും (*ഖിലാച്ചസ്*) കുതിരപ്പട, പീരങ്കിപ്പട, കാലാൾപ്പട എന്നിവയടങ്ങുന്ന ചെറിയ സൈന്യവും ഉണ്ടായിരുന്നു.

ഇപ്രകാരം മുഗൾ ഗ്രാമപ്രദേശത്തെ സാമൂഹ്യബന്ധങ്ങളെ ഒരു പിരമിഡായി നാം സങ്കല്പിക്കുകയാണെങ്കിൽ അതിന്റെ ഏറ്റവും നേർത്ത മുകൾഭാഗത്തെ ഘടകം സെമീന്ദാർമാരായിരുന്നു. അബുൾ ഫസലിന്റെ വിവരണങ്ങൾ സൂചിപ്പിക്കുന്നത് ഒരു "ഉന്നത ജാതി" ബ്രാഹ്മണ-രജപുത്ര കൂട്ടുകെട്ട് ഗ്രാമസമൂഹങ്ങളിൽ ശക്തമായ നിയന്ത്രണം

**➲ ചർച്ച ചെയ്യുക...**

നിങ്ങളുടെ സംസ്ഥാനത്ത് വനമേഖലകളായി നിലവിൽ വേർതിരിച്ചിട്ടുള്ള പ്രദേശങ്ങൾ കണ്ടെത്തുക. ഈ മേഖലകളിലെ ജീവിതം ഇന്നു മാറിക്കൊണ്ടിരിക്കുകയാണോ? ഈ മാറ്റങ്ങൾക്കു കാരണമായ ഘടകങ്ങൾ ഈ പാഠഭാഗത്ത് സൂചിപ്പിച്ചിരിക്കുന്നതിൽനിന്നു വ്യത്യസ്തമാണോ. അതോ സാമ്യമുള്ളതാണോ?

സ്ഥാപിച്ചുകഴിഞ്ഞിരുന്നുവെന്നാണ്. നാം മുന്നേ കണ്ടതുപോലെ മധ്യവർഗ ജാതികളുടെ താരതമ്യേന ഒരുവലിയ പ്രാതിനിധ്യവും അവിടവിടെയായി ധാരാളം മുസ്ലീം സെമീന്ദാർമാരുടെ സാന്നിധ്യവും അതിൽനിന്നു വെളിപ്പെടുന്നുണ്ട്.

ആക്രമണങ്ങളായിരിക്കാം ചില സെമീന്ദാരികളുടെ ആവിർഭാവത്തിന് കാരണമെന്ന് സമകാലികരേഖകൾ ഒരു ധാരണ നൽകുന്നുണ്ട്. പലപ്പോഴും സെമീന്ദാരിയുടെ വിപുലീകരണത്തിലേക്കു നയിച്ച ഒരു വഴി ശക്തരായ സൈനിക മേധാവികൾ ദുർബലരായവരെ അവരുടെ ഭൂമിയിൽ നിന്നു പുറം തള്ളിയതാകാം. എന്നിരുന്നാലും ഒരു രാജകീയ ഉത്തരവിലൂടെ (*sanad*) ഒരു സെമീന്ദാറിനെ ചുമതലപ്പെടുത്താത്തിടത്തോളം കാലം രാഷ്ട്രം ഒരു സെമീന്ദാറിന്റെ ഇത്തരം ആക്രമണങ്ങളെ അനുവദിക്കുമെന്ന് കരുതാനാകില്ല.

ഏറെ പ്രധാനപ്പെട്ടത്, പടിപടിയായുള്ള സെമീന്ദാരിയുടെ അരക്കിട്ടുറപ്പിക്കലാണ്. ഇതും സ്രോതസ്സുകളിൽ രേഖകളാക്കപ്പെട്ടിട്ടുണ്ട്. അവകാശങ്ങളുടെ കൈമാറ്റത്തിലൂടെയും രാഷ്ട്രത്തിന്റെ ഉത്തരവിലൂടെയും വിലയ്ക്ക് വാങ്ങിയും, പുതിയ ഭൂപ്രദേശങ്ങളുടെ മേൽ അധീശത്വം സ്ഥാപിക്കുന്നതും ഇവയിൽ ഉൾപ്പെടുന്നു. സെമീന്ദാരികൾ വേഗത്തിൽ വാങ്ങുകയും വിൽക്കുകയും ചെയ്യപ്പെട്ടിരുന്ന ഇക്കാലത്ത് ഈ നടപടിക്രമങ്ങളാണ് ഒരു പക്ഷേ, താരതമ്യേന 'താഴ്ന്ന' ജാതിയിലുള്ളവർക്ക് സെമീന്ദാർ പദവിയിലേക്ക് ഉയരുന്നതിന് സാധ്യതയുണ്ടാക്കിയത്.

ഗോത്രാടിസ്ഥാനത്തിലോ വംശപാരമ്പര്യാടിസ്ഥാനത്തിലോ ഉള്ള സെമീന്ദാരിയുടെ ക്രോഡീകരണത്തിന് ഒന്നിലധികം ഘടകങ്ങളുടെ കൂടിച്ചേരലും കാരണമായിട്ടുണ്ട്. ഉദാഹരണത്തിന് വടക്കേഇന്ത്യയിലെ വിസ്തൃത ഭൂപ്രദേശങ്ങളിൽ തങ്ങളുടെ നിയന്ത്രണം ഉറപ്പിക്കുന്നതിനായി രജപുത്രരും ജാട്ടുകളും ഈ തന്ത്രങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ മധ്യ, തെക്കു പടിഞ്ഞാറൻ ബംഗാൾ പ്രദേശങ്ങളിൽ കർഷക-കാലിമേയ്ക്കൽ വിഭാഗക്കാർ (സദ്ഗോപരെപ്പോലെ) ശക്തമായ സെമീന്ദാരികൾ രൂപപ്പെടുത്തിയെടുത്തിരുന്നു.

പുതിയ കാർഷികപ്രദേശങ്ങളിൽ അധീശത്വമുറപ്പിക്കുന്നതിന് ചുക്കാൻ പിടിച്ച സെമീന്ദാർമാർ, അവിടെ കർഷകരെ താമസിപ്പിക്കുകയും പണവായ്പയുൾപ്പെടെയുള്ള കാർഷികോപാധികൾ നൽകി സഹായിക്കുകയും ചെയ്തു. സെമീന്ദാരിയുടെ വാങ്ങലും വിൽക്കലും, ഗ്രാമപ്രദേശങ്ങളിലെ പണവ്യവഹാരപ്രക്രിയയെ ത്വരിതപ്പെടുത്തി. ഇതുകൂടാതെ, സെമീന്ദാർമാർ തങ്ങളുടെ *മിൽക്കിയാത്* ഭൂമിയിൽനിന്നുള്ള ഉൽപന്നങ്ങളും വിറ്റഴിച്ചിരുന്നു. സെമീന്ദാർമാർ പലപ്പോഴും ചന്തകൾ (*ഹാത്സ് - haats*) സ്ഥാപിച്ചിരുന്നതിനു തെളിവുകളുണ്ട് അവിടങ്ങളിൽ തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കർഷകരും എത്തിച്ചേർന്നിരുന്നു.

സെമീന്ദാർമാർ ഒരു ചൂഷകവർഗമായിരുന്നു എന്നതിൽ അല്പവും തർക്കമില്ലെങ്കിൽപോലും കർഷകരുമായുള്ള അവരുടെ ബന്ധത്തിൽ പാരസ്പര്യം, പിതൃതുല്യത, രക്ഷാകർതൃത്വം എന്നീ ഘടകങ്ങൾ ഉണ്ടായിരുന്നു. രണ്ടു നിരീക്ഷണങ്ങൾ ഈ കാഴ്ചപ്പാടിനെ ദൃഢീകരിക്കുന്നു. ഒന്നാമതായി, ജാതിയടിസ്ഥാനത്തിലുൾപ്പെടെയുള്ള എല്ലാത്തരം അടിച്ചമർത്തലുകളെയും (അധ്യായം 6 കാണുക) വായ്തോരാതെ കുറ്റപ്പെടുത്തിയിരുന്ന ഭക്തിപ്രസ്ഥാനത്തിലെ വിശുദ്ധർ, സെമീന്ദാർമാരെ (പ്രത്യേകിച്ച്, ഹുണ്ടികക്കാരെ) കർഷകരുടെ ചൂഷകരായോ പീഡകരായോ ചിത്രീകരിച്ചില്ല.

**ഒരു സമാന്തര സൈന്യം!**
**(A parallel army!)**

*അയ്ൻ* പ്രകാരം മുഗൾ ഇന്ത്യയിലെ സെമീന്ദാർമാരുടെ സംയുക്ത സൈനിക ശേഷി 3,84,558 കുതിരപ്പടയാളികളും 42,77,057 കാലാൾപ്പടയും 1,863 ആനകളും 4260 പീരങ്കികളും 4,500 വഞ്ചികളുമായിരുന്നു.

സാധാരണയായി രാഷ്ട്രത്തിന്റെ റവന്യൂ ഉദ്യോഗസ്ഥരാണ് അവരുടെ രോഷത്തിനിരയായിരുന്നത്. രണ്ടാമതായി, പതിനേഴാം നൂറ്റാണ്ടിൽ വടക്കേ ഇന്ത്യയിൽ പൊട്ടിപ്പുറപ്പെട്ട ഒട്ടനവധി കർഷകകലാപങ്ങളിൽ, സെമീന്ദാർമാർക്കു ഭരണകൂടത്തിനെതിരെയുള്ള അവരുടെ പോരാട്ടത്തിൽ പലപ്പോഴും കർഷകരുടെ പിന്തുണ ലഭിച്ചിരുന്നു.

**ചർച്ച ചെയ്യുക...**

സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിൽ സെമീന്ദാരി സമ്പ്രദായം നിർത്തലാക്കപ്പെട്ടു. ഈഭാഗം വായിച്ച് എന്തുകൊണ്ടാണ് ഇത് ചെയ്തത് എന്ന് തിരിച്ചറിയുക.

## 6. ഭൂനികുതി സമ്പ്രദായം (LAND REVENUE SYSTEM)

മുഗൾ സാമ്രാജ്യത്തിന്റെ പ്രധാന സാമ്പത്തികാവലംബം ഭൂനികുതിയായിരുന്നു. അതിനാൽത്തന്നെ കാർഷികോൽപാദനത്തിനുമേൽ നിയന്ത്രണം ഉറപ്പുവരുത്തുവാനും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്തിന്റെ അങ്ങോളമിങ്ങോളം നികുതി നിശ്ചയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമായി ഒരു ഭരണസംവിധാനം ഒരുക്കേണ്ടത് രാഷ്ട്രത്തിന് വളരെ പ്രധാനമായിത്തീർന്നു. ഈ ഭരണസംവിധാനത്തിൽ, രാഷ്ട്രത്തിന്റെ ധനകാര്യ വ്യവസ്ഥയുടെ മേൽനോട്ടം വഹിക്കാൻ ചുമതലപ്പെട്ട ദിവാന്റെ ഓഫീസും (*daftar*) ഉൾപ്പെട്ടിരുന്നു. അങ്ങനെ റവന്യൂ ഉദ്യോഗസ്ഥരും രേഖസൂക്ഷിപ്പുകാരും കാർഷിക മേഖലയിലേക്ക് കടന്നുകയറുകയും കാർഷികബന്ധങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണായക ശക്തിയായിത്തീരുകയും ചെയ്തു.

ജനങ്ങൾക്കുമേൽ നികുതിഭാരം ചുമത്തുന്നതിനുമുമ്പ് മുഗൾ ഭരണകൂടം ആദ്യം സാമ്രാജ്യത്തിലെ കാർഷിക ഭൂമിയുടെ വ്യാപ്തിയെ സംബന്ധിച്ചും ഈ ഭൂമിയിൽ എന്താണ് ഉൽപാദിപ്പിച്ചത് എന്നതിനെ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ ശ്രമിച്ചിരുന്നു. ഭൂനികുതി ക്രമീകരണങ്ങളിൽ രണ്ടുഘട്ടങ്ങൾ ഉൾപ്പെട്ടിരുന്നു-ആദ്യം നികുതി നിർണയവും പിന്നീട് യഥാർഥ പിരിവും. *ജമ (jama)* എന്നത് നിർണയിക്കപ്പെട്ട നികുതിയും *ഹാസിൽ (hasil)* എന്നത് പിരിച്ച തുകയുമായിരുന്നു. നികുതി പിരിവുകാരനായ *അമിൽ-ഗുസാറിന്റെ (amil-guzar)* ചുമതലകളുടെ പട്ടികയിൽ, കർഷകരെക്കൊണ്ടു നികുതി പണമായി അടപ്പിക്കാൻ ശ്രമിക്കുമ്പോൾത്തന്നെ, സാധനങ്ങളായ് അടക്കാനുള്ള സ്വാതന്ത്ര്യംകൂടി തുറന്നിടണമെന്ന് അക്ബർ ഉത്തരവിട്ടിരുന്നു. നികുതി നിർണയിക്കുന്ന ഘട്ടത്തിൽ രാഷ്ട്രത്തിന്റെ ശ്രമം, പരമാവധി തുക വകയിരുത്തുകയായിരുന്നു. എന്നാൽ യഥാർഥത്തിൽ ഈ തുക വസൂലാക്കുന്ന കാര്യത്തിൽ പ്രാദേശിക സാഹചര്യങ്ങൾ ചിലപ്പോൾ തടസ്സമാകാറുണ്ടായിരുന്നു.

ഓരോ പ്രവിശ്യയിലെയും, കൃഷി ചെയ്തിട്ടുള്ള ഭൂമിയും കൃഷിക്കനുയോജ്യമായ ഭൂമിയും അളന്നു തിട്ടപ്പെടുത്തിയിരുന്നു. അക്ബറിന്റെ ഭരണകാലത്തുള്ള ഇത്തരം ഭൂമികളെ സംഗ്രഹിച്ച് *അയ്നി (Ain)* ൽ പ്രതിപാദിച്ചിട്ടുണ്ട്. ഭൂമി അളന്ന് തിട്ടപ്പെടുത്താനുള്ള ശ്രമങ്ങൾ പിൽക്കാല ചക്രവർത്തിമാരുടെ കീഴിലും തുടർന്നു. ഉദാഹരണത്തിന്, 1665 ൽ ഔറംഗസീബ് ഓരോ ഗ്രാമത്തിലുമുള്ള കൃഷിക്കാരുടെ എണ്ണം ഉൾപ്പെടുന്ന വാർഷിക രേഖകൾ തയാറാക്കാൻ തന്റെ റവന്യൂ ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദേശം നൽകിയിരുന്നു. (സ്രോതസ് 7) എന്നിരുന്നാലും എല്ലാ പ്രദേശങ്ങളും വിജയകരമായി അളക്കപ്പെട്ടിരുന്നില്ല. നമ്മൾ കണ്ടതുപോലെ ഉപഭൂഖണ്ഡത്തിലെ വളരെ വലിയ പ്രദേശങ്ങൾ വനങ്ങളായിരുന്നതിനാൽ അവ അളന്നു തിരിക്കപ്പെടാതെ അവശേഷിച്ചു.

രാജകീയ ചട്ടങ്ങൾ പ്രവിശ്യകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉദ്യോഗസ്ഥനാണ് *ആമീൻ (Amin)*

*സ്രോതസ്സ് 5*

## ഭൂമി തരംതിരിക്കൽ അക്ബറിനു കീഴിൽ (Classification of lands under Akbar)

*അയിനിൽ* നിന്നെടുത്ത, തരംതിരിക്കൽ മാനദണ്ഡങ്ങളുടെ പട്ടികയാണ് ചുവടെ കൊടുത്തിട്ടുള്ളത്:

അക്ബർ ചക്രവർത്തി തന്റെ അഗാധ പാണ്ഡിത്യം ഉപയോഗിച്ച് ഭൂമി തരംതിരിക്കുകയും ഓരോന്നിൽ നിന്നും നൽകേണ്ട വ്യത്യസ്ത നികുതികൾ നിശ്ചയിക്കുകയും ചെയ്തു. *പൊളാജ് (polaj)* എന്നത് വർഷംതോറും ഓരോ വിളകൾ തുടർച്ചയായി കൃഷി ചെയ്യുന്നതും തരിശ്ശിടാൻ അനുവദിക്കാത്തതുമായ ഭൂമിയാണ്. ഭൂമിയുടെ കരുത്ത് തിരിച്ച്പിടിക്കാനാവശ്യമായ ഒരു നിശ്ചിത കാലത്തേക്ക് കൃഷി ചെയ്യാതിടുന്ന ഭൂമിയാണ് *പരൗതി (parauti)*. മൂന്നോ നാലോ വർഷം തരിശ്ശിടുന്ന ഭൂമിയാണ് *ചാച്ചാർ (chachar)*. അഞ്ചോ അതിലധികമോ വർഷം കൃഷി ചെയ്യാതിടുന്ന ഭൂമിയാണ് *ബഞ്ചാർ (Banjar)*.

ആദ്യം പറഞ്ഞ രണ്ടു തരം ഭൂമിയിൽതന്നെ മികച്ചത്, ഇടത്തരം, മോശം എന്നിങ്ങനെ മൂന്ന് ഇനങ്ങളുണ്ടായിരുന്നു. ഓരോ ഇനം ഭൂമിയിലെയും ഉൽപാദനം അവർ ഒന്നിച്ചുകൂട്ടി ഇതിൽ മൂന്നാമത്തേത് ശരാശരി ഉല്പാദനമായി കണക്കാക്കി അതിന്റെ മൂന്നിലൊന്ന് രാജകീയ വിഹിതമായി ഈടാക്കിയിരുന്നു.

➲ തങ്ങളുടെ അധികാരസീമയിലുള്ള ഭൂമികൾ തരംതിരിക്കുമ്പോൾ മുഗൾ രാഷ്ട്രം എന്തൊക്കെ തത്വങ്ങളാണ് പാലിച്ചുപോന്നത്? നികുതി നിർണയിച്ചിരുന്നതെങ്ങനെ?

*ഭൂപടം 1*

*മുഗൾ സാമ്രാജ്യത്തിന്റെ വ്യാപനം*

➲ സാമ്രാജ്യവ്യാപനം ഭൂനികുതി പിരിവിൽ എന്ത് സ്വാധീനം ചെലുത്തിയിട്ടുണ്ടാകുമെന്നാണ് നിങ്ങൾ കരുതുന്നത്?




### മാൻസബ്ദാരി സംവിധാനം (The *mansabdari* system)

മുഗൾ ഭരണ സംവിധാനത്തിന്റെ നെറുകയിലുണ്ടായിരുന്ന സൈനിക - ഉദ്യോഗസ്ഥ - ഭരണയന്ത്രമായിരുന്നു *മാൻസബ്ദാരി*. രാഷ്ട്രത്തിന്റെ സൈനിക - സൈനികേതര കാര്യങ്ങൾ നോക്കിനടത്തുന്നതിന്റെ ഉത്തരവാദിത്വം ഇതിനായിരുന്നു. ചില *മാൻസബ്ദാർമാർക്ക്* പണ *(നഖ്ദി)*മായി ശമ്പളം നൽകിയിരുന്നപ്പോൾ ഭൂരിഭാഗം പേർക്കും രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിലായി, നികുതിവരുമാനഭൂമി *(ജാഗിറുകൾ)* പതിച്ചു നൽകിക്കൊണ്ടാണ് പ്രതിഫലം നൽകിയിരുന്നത്. അവരെ കാലാകാലങ്ങളിൽ സ്ഥലം മാറ്റിയിരുന്നു. അധ്യായം 9 കൂടി കാണുക.

*സ്രോതസ്സ് 6*

## പണമോ സാധനമോ? (Cash or kind?)

ഭൂനികുതി പിരിവിനെക്കുറിച്ച് *അയ്ൻ*

പണമായിമാത്രം സ്വീകരിക്കുന്നത് പതിവാക്കാതെ അദ്ദേഹം *(അമീൽഗുസാർ)* സാധനമായിട്ടുകൂടി സ്വീകരിക്കട്ടെ. രണ്ടാമത്തേത് നിരവധി മാർഗങ്ങളിലൂടെ നടപ്പാക്കിയിരുന്നു. ഒന്നാമതായി *കൻകുത് (kankut)*: ഹിന്ദി ഭാഷയിൽ *കൻ* ധാന്യത്തെ സൂചിപ്പിക്കുന്നു, *കുത്,* മൂല്യനിർണയത്തെയും.... എന്തെങ്കിലും സംശയം ഉടലെടുത്താൽ, വിളകൾ കൊയ്തെടുത്ത് മികച്ചത്, ഇടത്തരം, മോശം എന്നിങ്ങനെ മൂന്നു കൂട്ടങ്ങളായി തരംതിരിച്ച് ഗുണനിർണയം നടത്തി, സംശയം തീർക്കുന്നു. മിക്കപ്പോഴും തരംതിരിച്ചെടുക്കുന്ന ഭൂമി കൃത്യമായ വിളവ് നൽകുകയും ചെയ്യും. രണ്ടാമതായി *'ബതായി'* അഥവാ *'ഭോലി',* എന്നു വിളിക്കപ്പെടുന്ന ധാന്യം കൊയ്തെടുത്ത്, കൂനകൂട്ടി, കക്ഷികളുടെ സാന്നിധ്യത്തിൽ കരാർ പ്രകാരം വീതംവയ്ക്കപ്പെടുന്ന രീതി. എന്നാൽ ഇതിനു ധാരാളം ബുദ്ധിമാന്മാരായ പരിശോധകർ ആവശ്യമാണ്; അല്ലാത്തപക്ഷം ദുഷ്ട മനസ്സുകളുടെയും, വ്യാജന്മാരുടെയും ചതിയിൽ അകപ്പെടാം. മൂന്നാമതായി *'ഖേത് - ബതായി',* വിത്തു വിതച്ചതിനുശേഷം അവർ വയലുകൾ വീതിച്ചെടുക്കുന്നു. നാലാമതായി *'ലങ് - ബതായി',* ധാന്യം കൊയ്തെടുത്ത് കൂനകൂട്ടി അവർ സ്വയം വീതിച്ചെടുക്കുന്നു, ഓരോരുത്തരുടെയും പങ്കു വീടുകളിലേക്ക് കൊണ്ടുപോകുകയും അതിൽനിന്നു ലാഭമുണ്ടാക്കുകയും ചെയ്യുന്നു.

➲ ഓരോ നികുതിനിർണയ, ശേഖരണ സമ്പ്രദായവും എന്തു വ്യത്യാസമാണ് കർഷകന് ഉണ്ടാക്കിയിട്ടുണ്ടാവുക?

*സ്രോതസ്സ് 7*

## ജമ (The *jama*)

ഔറംഗസീബ് തന്റെ നികുതി പിരിവുദ്യോഗസ്ഥനുനൽകിയ ഉത്തരവിൽ നിന്നുള്ള ഒരു ഭാഗമാണിത്, 1665:

> സർക്കാരിന്റെ സാമ്പത്തിക താൽപര്യങ്ങളും കർഷകസമൂഹത്തിന്റെ ക്ഷേമവും മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, ഓരോരോ ഗ്രാമമായി, ഓരോ കർഷകന്റെയും *(അസമിമാർ)* കൃഷിയുടെ യഥാർഥ അവസ്ഥകൾ *(മൗജൂദാത്)* കണ്ടെത്തി സൂക്ഷ്മ പരിശോധനയ്ക്കുശേഷം നികുതി നിശ്ചയിക്കണമെന്ന് അദ്ദേഹം *പർഗാനകളിലെ അമീൻമാരോട്* നിർദേശിക്കേണ്ടതാണ്.

➲ ഒരു വിശദമായ കണക്കെടുപ്പിന് ചക്രവർത്തി നിർബന്ധിച്ചിരുന്നു എന്ന് നിങ്ങൾ ചിന്തിക്കുന്നതെന്തുകൊണ്ട്?

➲ **ചർച്ച ചെയ്യുക...**

മുഗളരുടെ ഭൂനികുതി സംവിധാനം അയവുള്ളതായിരുന്നെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

## 7. വെള്ളിയുടെ ഒഴുക്ക് (The Flow of Silver)

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ അധികാരവും വിഭവങ്ങളും ഏകീകരിച്ചു ഭരണം നടത്തിയ ഏഷ്യയിലെ വലിയ ഭൂപ്രദേശങ്ങളുള്ള സാമ്രാജ്യങ്ങളിലൊന്നായിരുന്നു മുഗൾസാമ്രാജ്യം. മറ്റു സാമ്രാജ്യങ്ങൾ മിങ് (ചൈന), സഫാവിഡ് (ഇറാൻ), ഓട്ടോമാൻ (തുർക്കി) എന്നിവയാണ്. ഈ സാമ്രാജ്യങ്ങൾ കൈവരിച്ച രാഷ്ട്രീയ സുസ്ഥിരത ചൈന മുതൽ മെഡിറ്ററേനിയൻ കടൽവരെ ഊർജസ്വലമായ ഒരു കരവ്യാപാരശൃംഖല സ്ഥാപിക്കുന്നതിന് സഹായകമായി. സമുദ്രപര്യവേഷണങ്ങളും പുതിയ ലോകത്തിന്റെ കണ്ടെത്തലും ഏഷ്യയുടെ (പ്രത്യേകിച്ച് ഇന്ത്യയുടെ) യൂറോപ്പുമായുള്ള വ്യാപാരം വൻതോതിൽ വർധിപ്പിച്ചു. ഇന്ത്യയിലെ കടൽകടന്നുള്ള വ്യാപാരത്തിൽ വലിയ ഭൂമിശാസ്ത്ര വൈവിധ്യം കൊണ്ടുവരുന്നതിനും ഈ വ്യാപാരത്തിൽ ഉൾപ്പെട്ടിരുന്ന ചരക്കുകളുടെ വിപുലീകരണത്തിനും ഇത് കാരണമായി. വികസിത വ്യാപാരംമൂലം വലിയ അളവിൽ വെള്ളിക്കട്ടി ഏഷ്യയി



*ചിത്രം 8.11*
*അക്ബർ പുറത്തിറക്കിയ ഒരു വെള്ളി രൂപ. (മുൻഭാഗവും പിൻഭാഗവും)*



*ചിത്രം 8.12*

*ഔറംഗസീബ് പുറത്തിറക്കിയ ഒരു വെള്ളി രൂപ*

ലേക്ക് പ്രവഹിച്ചു. കാരണം, ഇന്ത്യയിൽനിന്നു വാങ്ങിയ ഉൽപന്നങ്ങൾക്കു പകരമായി നൽകിയത് വെള്ളിയായിരുന്നു. ഇതിൽ ഒരു വലിയ പങ്കും ഇന്ത്യയിൽതന്നെ തങ്ങിനിന്നു. പ്രകൃതിദത്തമായ വെള്ളി വിഭവങ്ങളില്ലാതിരുന്ന ഇന്ത്യയ്ക്ക് ഇത് വളരെ നല്ലതായിരുന്നു. തൽഫലമായി പതിനാറാം നൂറ്റാണ്ടിനും പതിനെട്ടാം നൂറ്റാണ്ടിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ലോഹനാണയങ്ങളുടെ ലഭ്യതയിൽ, പ്രത്യേകിച്ച് ഇന്ത്യയിലെ വെള്ളി രൂപയുടെ കാര്യത്തിൽ, എടുത്തു പറയത്തക്ക ഒരു സ്ഥിരത ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. ഇത് മുമ്പില്ലാത്തവിധം നാണയ അച്ചടിയുടെ വിപുലീകരണത്തിനും സമ്പദ്‌വ്യവസ്ഥയിൽ പണത്തിന്റെ പ്രചാരണത്തിനും കാരണമാവുകയും, അതുപോലെതന്നെ നികുതികളും വരുമാനങ്ങളും പണമായി പിരിച്ചെടുക്കാനുള്ള മുഗൾ രാഷ്ട്രത്തിന്റെ കഴിവു വർധിപ്പിക്കുകയും ചെയ്തു.

ഉദ്ദേശം 1690 ൽ ഇന്ത്യയിലൂടെ കടന്നുപോയ ഇറ്റാലിയൻ സഞ്ചാരിയായ ജിയോവന്നി കരേരി (Giovanni Careri) യുടെ പ്രമാണരേഖയിൽ, വെള്ളി, ഭൂഗോളത്തിനു കുറുകെ സഞ്ചരിച്ച് ഇന്ത്യയിലെത്തിച്ചേർന്ന വഴിയുടെ വസ്തുചിത്രപരമായ വിവരണമുണ്ട്. പതിനേഴാം നൂറ്റാണ്ടിൽ ഇന്ത്യയിലെ പണത്തിന്റെയും മറ്റു സാധനങ്ങളുടെയും അസാധാരണ അളവിലുള്ള വിനിമയത്തെക്കുറിച്ചും ഇത് ഒരു ധാരണ നൽകുന്നുണ്ട്.

*ചിത്രം 8.13*
*യൂറോപ്യൻ കമ്പോളങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉപഭൂഖണ്ഡത്തിനകത്ത് ഉൽപാദിപ്പിക്കപ്പെട്ട തുണിത്തരങ്ങൾക്കൊരുദാഹരണം*



### ➲ ചർച്ച ചെയ്യുക...

നിലവിൽ നിങ്ങളുടെ സംസ്ഥാനത്ത് കാർഷികോൽപാദനത്തിന്മേൽ ഏതെങ്കിലും നികുതികൾ ചുമത്തിയിട്ടുണ്ടോയെന്നു കണ്ടെത്തുക. വർത്തമാനകാലത്തെ സംസ്ഥാന ഗവൺമെന്റുകളും, മുഗൾരാഷ്ട്രവും സ്വീകരിച്ച സാമ്പത്തിക നയങ്ങളിലുള്ള സമാനതകളും വ്യത്യാസങ്ങളും വിശദമാക്കുക.

*സ്രോതസ്സ് 8*

**ഇന്ത്യയിലേക്ക് വെള്ളി എത്തിയതെങ്ങനെ? (How silver came to India)**

ജിയോവാനി കരേരിയുടെ (ബർണിയറുടെ വിവരണത്തെ ആസ്പദമാക്കി ഉള്ളത്) വിവരണത്തിൽ നിന്നുള്ള ഈ ഉദ്ധരണി മുഗൾസാമ്രാജ്യത്തിലേക്ക് കടന്നുവന്ന അപാരമായ സമ്പത്തിനെക്കുറിച്ച് ഒരുധാരണ നൽകുന്നു:

ലോകം മുഴുവൻ പ്രചരിച്ച സ്വർണവും വെള്ളിയും ഒടുവിൽ ഇവിടെ കേന്ദ്രീകരിച്ചതായി നിരീക്ഷിച്ചാൽ വായനക്കാർക്ക് ഈ (മുഗൾ) സാമ്രാജ്യത്തിന്റെ സമ്പത്തിനെക്കുറിച്ച് ഒരു ധാരണ ലഭിക്കും. അത് അമേരിക്കയിൽ നിന്നും വന്ന് യൂറോപ്പിലെ ധാരാളം രാജ്യങ്ങൾ ചുറ്റി, ഒരു ഭാഗം വിവിധതരത്തിലുള്ള ചരക്കുകൾക്ക് പകരമായി തുർക്കിയിലേക്കും, ഒരുഭാഗം പട്ടിനു പകരമായി സ്മിർന വഴി പേർഷ്യയിലേക്കും പോകുന്നതായി ഏവർക്കും അറിവുള്ളതാണ്. ഇപ്പോൾ ഹേമെൻ (Hyeman) (യെമൻ) അറേബ്യ എന്നിവിടങ്ങളിൽനിന്നു വരുന്ന കാപ്പി, തുർക്കികൾക്ക് ഒഴിവാക്കാൻ പറ്റാത്തതുപോലെ പേർഷ്യക്കാർക്കും, അറേബ്യക്കാർക്കും, തുർക്കികൾക്കും ഇന്ത്യയിൽനിന്നുള്ള ഉൽപന്നങ്ങളില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ലായിരുന്നു. അവർ ചെങ്കടലിലെ ബാബേൽ മന്ദേൽ കടലിടുക്കിന് സമീപത്തുള്ള മോക്ക (മോച്ച)യിലേക്കും പേർഷ്യൻ ഉൾക്കടലിന്റെതാഴെ അറ്റത്തുള്ള ബസോറയിലേക്കും (ബസ്റ) വലിയ അളവിൽ പണം അയയ്ക്കുന്നു. അതിനുശേഷം അവിടെനിന്നും അതു കപ്പൽമാർഗ്ഗം ഇൻഡൊസ്ഥാനിലേക്കും (ഹിന്ദുസ്ഥാൻ) അയക്കപ്പെടുന്നു. ഇന്ത്യൻ കപ്പലുകളെക്കൂടാതെ ഡച്ച്, ഇംഗ്ലീഷ്, പോർട്ടുഗീസ് കപ്പലുകൾ വഴിയും എല്ലാവർഷവും ഇന്ത്യൻ ഉൽപന്നങ്ങൾ പെഗു, തനസ്സെറി, (മ്യാൻമറിന്റെ ഭാഗങ്ങൾ) സിയാം, (തായ്‌ലന്റ്) സിലോൺ (ശ്രീലങ്ക)... മാലദ്വീപുകൾ, മൊസാംബിക്ക്, മറ്റു ചില പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് എത്തുകയും ഈ രാജ്യങ്ങളിൽനിന്നു ധാരാളം സ്വർണവും വെള്ളിയും ഇവിടേക്ക് ഒഴുകുകയും ചെയ്തു. ജപ്പാനിലെ ഖനികളിൽനിന്ന് ഡച്ചുകാർ കൊണ്ടുവരുന്നതെല്ലാം അധികം താമസിയാതെ ഇൻഡൊസ്ഥാനിലേക്ക് എത്തി. കൂടാതെ, യൂറോപ്പിലേക്ക് കൊണ്ടുപോയ ചരക്കുകളെല്ലാം, ഫ്രാൻസിലേക്കോ, ഇംഗ്ലണ്ടിലേക്കോ, പോർച്ചുഗലിലേക്കോ ആകട്ടെ, രൊക്കം പണം കൊടുത്താണ് വാങ്ങുന്നത്, അതവിടെ അവശേഷിക്കുകയും ചെയ്യുന്നു.

## 8. അബുൾ ഫസൽ അല്ലാമിയുടെ *അയ്ൻ-ഇ-അക്ബരി* (THE *AIN-I AKBARI* OF ABU'L FAZL ALLAMI)

അക്ബർ ചക്രവർത്തിയുടെ ഉത്തരവിന്മേൽ അബുൾ ഫസൽ ഏറ്റെടുത്ത ചരിത്രപരവും, ഭരണപരവുമായ വലിയൊരു തരംതിരിക്കൽ പദ്ധതിയുടെ പൂർത്തീകരണമാണ് *അയ്ൻ-ഇ-അക്ബരി*. അഞ്ചു പ്രാവശ്യത്തെ പുനരവലോകനത്തിനുശേഷം 1598 ൽ ചക്രവർത്തിയുടെ നാല്പത്തിരണ്ടാം ഭരണവർഷത്തിലാണ് ഇതിന്റെ രചന പൂർത്തിയായത്. അക്ബർ ചക്രവർത്തി നിയോഗിച്ച ഒരു ബൃഹത്തായ ചരിത്രരചനാപദ്ധതിയുടെ ഭാഗമാണ് *അയ്ൻ. അക്ബർനാമ* എന്ന ഈ ബൃഹദ് ചരിത്രം 3 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നതാണ്. ആദ്യത്തെ രണ്ടു പുസ്തകങ്ങളും ചരിത്രാഖ്യാനങ്ങളാണു നൽകുന്നത്. ഇവയെ അധ്യായം 9 ൽ നാം കൂടുതൽ അടുത്തറിയും. രാജകീയ ഉത്തരവുകളുടെയും ഗസറ്റിയറുകളുടെയും ശേഖരം ആയിട്ടാണ് മൂന്നാമത്തെ പുസ്തകമായ *അയ്ൻ-ഇ-അക്ബരി* തയാറാക്കിയിട്ടുള്ളത്.

രാജസദസ്സിന്റെ രൂപീകരണം, ഭരണസമ്പ്രദായം, സൈന്യം, വരുമാന ഉറവിടങ്ങൾ, അക്ബർ ചക്രവർത്തിയുടെ സാമ്രാജ്യത്തിലെ പ്രവിശ്യകളുടെ ഭൗതിക രൂപരേഖ, ജനങ്ങളുടെ സാഹിത്യ-സാംസ്കാരിക-മതപാരമ്പര്യങ്ങൾ എന്നിവയെക്കുറിച്ച് *അയ്ൻ* വിശദമായ വിവരങ്ങൾ നൽകുന്നു. അക്ബറിന്റെ ഭരണകൂടത്തിന്റെ വിവിധ വകുപ്പുകളെക്കുറിച്ചുള്ള വിവരണങ്ങൾക്കൊപ്പം, സാമ്രാജ്യത്തിലെ വിവിധ പ്രവിശ്യകളെക്കുറിച്ചുള്ള (subas) ദീർഘമായ വിവരണങ്ങളും ആ പ്രവിശ്യകളെ സംബന്ധിച്ചുള്ള സൂക്ഷ്മവും വിശദവുമായ വിവരങ്ങളും *അയ്ൻ* നമുക്ക് നൽകുന്നു.



ചിത്രം 8.14:
*അബുൽ ഫസൽ പൂർത്തിയാക്കിയ അക്ബർ നാമയുടെ കൈയെഴുത്തുപ്രതി തന്റെ രക്ഷാധികാരിക്ക് സമർപ്പിക്കുന്നു.*

ഈ വിവരങ്ങൾ ചിട്ടയോടുകൂടി ശേഖരിച്ചു സമാഹരിക്കൽ ഒരു പ്രധാനപ്പെട്ട രാജകീയ ഉദ്യമമായിരുന്നു. തന്റെ അതിവിശാലമായ ഭൂവിഭാഗങ്ങളിൽ നിലവിലുണ്ടായിരുന്ന വ്യത്യസ്തവും വിഭിന്നങ്ങളുമായ ആചാരങ്ങളെയും, കീഴ്‌വഴക്കങ്ങളെയും കുറിച്ചുള്ള വിവരം ഇത് ചക്രവർത്തിക്ക് നൽകി. അതിനാൽതന്നെ നമുക്ക് അക്ബറുടെ ഭരണകാലഘട്ടത്തിലെ മുഗൾ സാമ്രാജ്യത്തെക്കുറിച്ചുള്ള അറിവിന്റെ ഒരു ഖനിയാണ് *അയ്ൻ*. എന്നിരുന്നാലും ഇതു കേന്ദ്രത്തിൽ നിന്നുമുള്ള പ്രവിശ്യകളുടെ ഒരുകാഴ്ചയാണെന്നും, സമൂഹത്തെ അതിന്റെ മുകൾത്തട്ടിൽ നിന്നുള്ള ഒരു നോക്കിക്കാണലാണെന്നും ഓർത്തിരിക്കേണ്ടത് പ്രധാനമാണ്.

*അയ്നിൽ* അഞ്ചു പുസ്തകങ്ങളാണുള്ളത് *(daftars)*, അവയിൽ ആദ്യത്തെ 3 പുസ്തകങ്ങൾ ഭരണത്തെക്കുറിച്ചു വിവരിക്കുന്നു. *മൻസിൽ അബാദി (Manzil-Abadi)* എന്ന ഒന്നാമത്തെ പുസ്തകം രാജകീയ അന്തപ്പുരത്തെയും അതിന്റെ പരിപാലനത്തെയും പരാമർശിക്കുന്നു. രണ്ടാമത്തെ പുസ്തകമായ *സിപാഹ് അബാദി (Sipah-abadi)* സിവിൽ, സൈനികഭരണം, പരിചാരകന്മാരുടെ വകുപ്പ് എന്നിവ പ്രതിപാദിക്കുന്നു. വിജ്ഞാപനങ്ങളും, രാജകീയ ഉദ്യോഗസ്ഥർ *(Mansabdars)*, പണ്ഡിതർ, കവികൾ, കലാകാരന്മാർ എന്നിവരുടെ ലഘുജീവചരിത്രകുറിപ്പുകളും ഈ പുസ്തകത്തിൽ ഉൾപ്പെടുന്നു.

സാമ്രാജ്യത്തിന്റെ സാമ്പത്തികമായ വശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന മൂന്നാം പുസ്തകമായ *മുൽക് - അബാദി (Mulk-abadi)*, നികുതി വരുമാന നിരക്കുകളെക്കുറിച്ച് വിലപ്പെട്ട ധാരാളം വിവരങ്ങൾ നൽകുന്നു. തുടർന്ന് "12 പ്രവിശ്യകളുടെ വിവരങ്ങൾ" നമുക്ക് തരികയും ചെയ്യുന്നു. എല്ലാ *സുബകളുടേയും* ഭൂമിശാസ്ത്രപരവും സ്ഥലവർണ്ണനാപരവും (ഭൂപ്രകൃതിപരവും) സാമ്പത്തികവുമായ രൂപരേഖയും അവയുടെ ഭരണപരവും ധനപരവുമായ വിഭജനങ്ങളും *(സർക്കാറുകൾ, പർഗാനകൾ, മഹലുകൾ)* അളന്നു തിട്ടപ്പെടുത്തിയ മൊത്തം സഗലത്തെക്കുറിച്ചും, നിശ്ചയിക്കപ്പെട്ട നികുതിയെക്കുറിച്ചും *(Jama)* ഉള്ള വിശദമായ സറിതി വിവരക്കണക്കുകളും ഈ ഭാഗത്ത് നിന്ന് ലഭിക്കുന്നു.

*സുബ* തലത്തിൽ വിശദവിവരങ്ങൾ നൽകിയതിനുശേഷം അവയ്ക്ക് താഴെയുള്ള സർക്കാറുകളുടെ വിസ്തരിച്ചുള്ള ചിത്രം *അയ്ൻ* നൽകുന്നു. താഴെപറയുന്ന വിവരങ്ങൾ നൽകുന്ന 8 കോളങ്ങൾ അടങ്ങുന്ന പട്ടികയുടെ രൂപത്തിലാണ് ഇത് ചെയ്തിരിക്കുന്നത്. (1) *പർഗാന/മഹൽ*; (2) *കില* (കോട്ടകൾ); (3) *അരാസിയും സമീൻ-ഇ-പൈമുദയും* (അളന്ന പ്രദേശം); (4) *നക്ദി, പണമായി* തിട്ടപ്പെടുത്തിയ നികുതി; (5) *സുയുർഗ്ഹൽ*, കാരുണ്യപ്രവർത്തനത്തിന് അനുവദിച്ച തുക; (6) സമീന്ദാർമാർ; കോളം 7 ഉം 8 ഉം ഈ സമീന്ദാർമാരുടെ ജാതി, അവരുടെ കുതിരപ്പടയാളികളും, *(സവാർ)* കാലാൾപ്പടയാളികളും *(പിയദ)* ആനപ്പടയുമുൾപ്പെടെയുള്ള സൈന്യം എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്നു. *മുൽക്ക്-അബാദി* ഉത്തരേന്ത്യൻ കാർഷിക സമൂഹത്തെ സംബന്ധിച്ച് ആകർഷകവും വിവരണാത്മകവും വളരെ സങ്കീർണവുമായ ഒരു കാഴ്ച നമുക്ക് നൽകുന്നു. 4 ഉം 5 ഉം പുസ്തകങ്ങൾ *(daftars)* ഇന്ത്യയിലെ ജനങ്ങളുടെ മതപരവും സാഹിത്യപരവും, സാംസ്കാരികവുമായ പാരമ്പര്യങ്ങളെക്കുറിച്ചുള്ള വിവരവും, അക്ബറുടെ "മഹദ് വചനങ്ങളുടെ" സമാഹാരവും ഉൾക്കൊള്ളുന്നതാണ്.

*സ്രോതസ്സ് 9*

## ധന്യതയുടെ പനിനീർതോട്ടം നനയ്ക്കൽ
## "Moistening the rose garden of fortune"

ഈ ഉദ്ധരണിയിൽ അബുൾ ഫസൽ എങ്ങനെ ആരിൽ നിന്നൊക്കെയാണ് തനിക്കാവശ്യമായ വിവരങ്ങൾ ശേഖരിച്ചതെന്നതിന്റെ വിശദവിവരങ്ങൾ നൽകുന്നു:

.... മുബാറക്കിന്റെ മകൻ അബുൾ ഫസലിന് .... ഈ ഉദാത്തമായ അധികാരപത്രം നൽകപ്പെട്ടു. "പ്രദേശങ്ങൾ കീഴടക്കിയ നമ്മുടെ വിജയങ്ങളെക്കുറിച്ചും, മഹത്തായ സംഭവങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങൾ ആത്മാർഥതയുടെ പേന കൊണ്ടെഴുതുക... തീർച്ചയായും ചക്രവർത്തിയുടെ പ്രവർത്തനങ്ങളുടെ രേഖകളും വിവരണങ്ങളും ശേഖരിക്കുന്നതിന് ഞാനേറെ പരിശ്രമവും അന്വേഷണവും നടത്തിയിട്ടുണ്ട്, കൂടാതെ ഞാനേറെ നാളായി രാഷ്ട്രസേവകരെയും ശ്രേഷ്ഠകുടുംബത്തിലെ വയോധികരെയും അഭിമുഖങ്ങൾ ചെയ്തിട്ടുമുണ്ട്. വിവേകികളും സത്യം പറയുന്നവരുമായ വയോധികരെയും സുമനസ്ക്കരും സൽപ്രവർത്തി ചെയ്യുന്നവരുമായ ചെറുപ്പക്കാരെയും ഞാൻ കേൾക്കുകയും അവരുടെ പ്രസ്താവനകൾ എഴുതിയിടുകയും ചെയ്തു. മുമ്പ് രാജകീയ സേവനത്തിലുണ്ടായിരുന്നവർ, വ്യക്തമായോ അവ്യക്തമായോ ഓർമ്മിക്കുന്ന ഭൂതകാല സംഭവങ്ങളും വ്യാഖ്യാനങ്ങളും കുറിപ്പുകളും പകർത്തിയെഴുതി രാജസദസ്സിന് നൽകണമെന്ന് പ്രവിശ്യകളിലേക്കു രാജകീയ ഉത്തരവുകൾ പുറപ്പെടുവിച്ചു. (തുടർന്ന്) തിരുമനസ്സിന്റെ പള്ളിയറയിൽ നിന്ന് രണ്ടാമത്തെ കല്പനയുണ്ടായി; അവ ബുദ്ധിപൂർവമാകുന്നതിന്- ഇപ്രകാരം ശേഖരിക്കപ്പെടുന്ന കാര്യങ്ങളെ രാജാവിന്റെ തിരുസന്നിധിയിൽ വായിക്കുകയും, തുടർന്ന് എന്താണോ എഴുതി സൂക്ഷിക്കേണ്ടത് അവയെ ബൃഹത്ഗ്രന്ഥത്തിന്റെ ഒരു അനുബന്ധമായി ചേർക്കേണ്ടതുമാണ്, അതോടൊപ്പം, ഇത്തരം വിശദാംശങ്ങൾ അവയുടെ അന്വേഷണങ്ങളുടെ സൂക്ഷ്മതയും കാര്യങ്ങളുടെ വിശദാംശങ്ങളുംമൂലം, തത്ക്കാലം അവസാനിപ്പിക്കാൻ കഴിയാത്തവ, പിന്നീട് എനിക്ക് സൗകര്യമുള്ളപ്പോൾ ഇടയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

ഈ തിരുകല്പന – ദൈവകല്പനയുടെ വ്യാഖ്യാതാവ് – യിലൂടെ, എന്റെ ഹൃദയത്തിലെ രഹസ്യമായ ഉത്കണ്ഠയിൽ നിന്നും മോചിതനായതോടെ, യാതൊരുവിധ ക്രമീകരണങ്ങളുടെയോ ശൈലിയുടേയോ സൗന്ദര്യവുമില്ലാത്ത കരടുകളിൽ നിന്നും രചന നടത്തുവാൻ ഞാൻ ശ്രമമാരംഭിച്ചു. തിരുമനസ്സിന്റെ ഉദാത്തമായ പ്രതിഭ, രേഖകളുടെ സൂക്ഷിപ്പു കാര്യാലയം സ്ഥാപിച്ചത് മുതൽ, തിരുഭരണകാലത്തിന്റെ ആ 19-ാം വർഷം മുതലുള്ള സംഭവങ്ങളുടെ ദിനവൃത്താന്തരേഖകൾ ലഭിക്കുകയും അവയുടെ സമ്പുഷ്ടമായ പുറങ്ങളിൽനിന്നും അനവധി സംഭവങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. സ്ഥാനാരോഹണംതൊട്ട് നാളിതുവരെ പ്രവിശ്യകളിലേക്കായി പുറപ്പെടുവിച്ച മിക്കവാറും എല്ലാ രാജകല്പനകളുടെയും പകർപ്പുകളോ അസ്സലോ ശേഖരിക്കുവാൻ വളരെ പണിപ്പെടേണ്ടിവന്നു. സാമ്രാജ്യകാര്യങ്ങളെയും വിദേശരാഷ്ട്രങ്ങളുമായുള്ള സംഭവങ്ങളെയുംക്കുറിച്ച് മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും സമർപ്പിച്ച റിപ്പോർട്ടുകളിൽ പലതും ഉൾക്കൊള്ളിക്കുവാൻ ഞാൻ നന്നേ വിഷമിച്ചു. അന്വേഷണ ഗവേഷണങ്ങളുടെ സാമഗ്രികളെ കൊണ്ട്, പരിശ്രമശാലിയായ എന്റെ ആത്മാവ് തൃപ്തിയടഞ്ഞു. ജ്ഞാനികളുടെയും പരിണിതപ്രജ്ഞരുടയും പ്രാരംഭക്കുറിപ്പുകളും ഓർമ്മക്കുറിപ്പുകളും ശേഖരിക്കുവാൻ ഞാൻ ഊർജസ്വലതയോടെ സ്വയം കഠിനപ്രയത്നം ചെയ്തു. ഈ മാർഗങ്ങളിലൂടെ ധന്യതയുടെ പനിനീർതോട്ടത്തിന്റെ (അക്ബർ നാമ) ജലസേചനത്തിനും അതിന്റെ നനുനനുപ്പിനുമായി ഞാനൊരു സംഭരണി നിർമിച്ചു.

➲ തന്റെ രചനക്കുവേണ്ടി അബുൾ ഫസൽ ഉപയോഗിച്ച സ്രോതസുകളെ പട്ടികപ്പെടുത്തുക. കാർഷിക ബന്ധങ്ങളെക്കുറിച്ച് ഒരു ധാരണയിലെത്തിച്ചേരാൻ ഇവയിലേത് സ്രോതസായിരിക്കും ഏറ്റവും പ്രയോജനപ്പെട്ടത്? അക്ബറുമായുള്ള ബന്ധം അദ്ദേഹത്തിന്റെ രചനകളെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടാകുമെന്നാണ് നിങ്ങൾ കരുതുന്നത്?

### *അയിനി*നെ പരിഭാഷപ്പെടുത്തുന്നു (Translating the *Ain*)

*അയ്നി*ന്റെ പ്രാധാന്യം കണക്കിലെടുത്ത് ധാരാളം പണ്ഡിതർ അവരുടെ ഉപയോഗത്തിനായി ഇത് പരിഭാഷപ്പെടുത്തുകയുണ്ടായി. ഹെന്റി ബ്ലോക്മാൻ ചിട്ടപ്പെടുത്തിയ *അയ്ൻ* കൽക്കത്തയിലെ (ഇന്നത്തെ കൊൽക്കത്ത) ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾ അവരുടെ ബിബ്ലിയോത്തിക്ക ഇൻഡിക്ക പരമ്പരകളിൽ പ്രസിദ്ധീകരിച്ചു. ഈ പുസ്തകം മൂന്നു വാല്യങ്ങളായി ഇംഗ്ലീഷിലേക്കും തർജമ ചെയ്യപ്പെട്ടു. ഒന്നാം വാല്യത്തിന്റെ അംഗീകൃതമായ തർജമ ഹെന്റി ബ്ലോക്മാന്റേതാണ് (കൽക്കത്ത 1873). മറ്റു രണ്ട് വാല്യങ്ങളും എച്ച്.എസ്. ജാരറ്റാണ് പരിഭാഷപ്പെടുത്തിയത് (കൽക്കത്ത 1891, 1894).

അക്ബർ ചക്രവർത്തിക്ക് തന്റെ സാമ്രാജ്യഭരണം സുഗമമാക്കുന്നതിന് ആവശ്യമായ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി ഔദ്യോഗിക നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് *അയ്ൻ* രചിക്കപ്പെട്ടതെങ്കിലും ഔദ്യോഗിക രേഖകളുടെ പുനർനിർമ്മാണമെന്നതിനും വളരെ അപ്പുറമായിരുന്നു അത്. രചയിതാവുതന്നെ ഇതിന്റെ കൈയെഴുത്തു പ്രതി അഞ്ചു പ്രാവശ്യം പരിഷ്കരിച്ചതിൽ നിന്നു വെളിവാകുന്നത് അബുൾ ഫസലിന്റെ ഭാഗത്തു നിന്നുള്ള വലിയ ജാഗ്രതയും, ആധികാരികതയ്ക്കുവേണ്ടിയുള്ള അന്വേഷണവുമാണ്. ഉദാഹരണത്തിന് വാചികമായ തെളിവുകൾ ദിനവൃത്താന്തങ്ങളിൽ വസ്തുതകളായി ഉൾപ്പെടുത്തുന്നതിനു മുമ്പ് പലതരത്തിലുള്ള ഒത്തുനോക്കലുകളും ബോധ്യപ്പെടുത്തലും നടത്തിയിരുന്നു. ഭാവിയിലെ പകർത്തി എഴുത്തുകളിൽ തെറ്റുണ്ടാകുവാനുള്ള സാധ്യതകൾ പരമാവധി കുറയ്ക്കുന്നതിനുവേണ്ടി അളവു സംബന്ധിയായ ഭാഗങ്ങളിൽ സംഖ്യാപരമായ വിവരങ്ങളെല്ലാം അക്ഷരത്തിലും എഴുതിയിരുന്നു.

*അയ്നി*നെ ശ്രദ്ധാപൂർവം പഠിച്ച ചരിത്രകാരർ ഈ ഗ്രന്ഥം പ്രശ്നങ്ങളിൽനിന്നു മുക്തമല്ലെന്നു ചൂണ്ടിക്കാട്ടുന്നു. സംഖ്യകൾ കൂട്ടിയെഴുതുന്നതിൽ അനേകം തെറ്റുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. കണക്കു കൂട്ടുമ്പോഴും പകർത്തി എഴുതുമ്പോഴും അബുൾ ഫസലിന്റെ സഹായികൾക്ക് സംഭവിച്ച നിസ്സാര പിഴവുകളാകാം ഇവയെന്ന് കരുതപ്പെടുന്നു. പൊതുവെ ലഘുവായ ഈ തെറ്റുകൾ ഗ്രന്ഥത്തിന്റെ ആധികാരികതയുടെ വില കുറയ്ക്കുന്നില്ല.

പരിമാണാത്മക വിവരങ്ങളുടെ വക്രീകരിച്ച സ്വഭാവമാണ് *അയ്നി*ന്റെ മറ്റൊരു പോരായ്മ. എല്ലാ പ്രവിശ്യകളിൽ നിന്നും ഏകരൂപേണയല്ല വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, ധാരാളം *സൂബ*കളിലെ സെമീന്ദാർമാരുടെ ജാതിഘടന സംബന്ധിച്ച വിശദമായ വിവരങ്ങൾ സമാഹരിച്ചപ്പോൾ ബംഗാളിലെയും ഒറീസ്സയിലെയും ഇത്തരം വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ, *സൂബ*കളിലെ ധനസംബന്ധിയായ വിവരങ്ങൾ അവയുടെ സമ്പന്നത കൊണ്ടു ശ്രദ്ധേയമായപ്പോൾത്തന്നെ, അത്രതന്നെ പ്രധാനപ്പെട്ട സൂചകങ്ങളായ ആ പ്രദേശങ്ങളിലെ സാധനവില, കൂലി എന്നിവ സംബന്ധിച്ച വിവരങ്ങൾ യഥോചിതം രേഖപ്പെടുത്തിയിട്ടില്ല. *അയ്ൻ* നൽകുന്ന വിലകളുടെയും, കൂലികളുടെയും വിശദമായ പട്ടിക, രാജകീയ തലസ്ഥാനമായ ആഗ്രയിൽനിന്നോ അതിനു ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്നോ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാകയാൽ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ സംബന്ധിച്ച് അവയുടെ പ്രസക്തി പരിമിതമാണ്.

ഈ പരിമിതികൾ നിലനിൽക്കുമ്പോൾത്തന്നെ ആ കാലഘട്ടത്തിലെ തികച്ചും അസാധാരണമായൊരു രേഖയായി *അയ്ൻ* നിലകൊള്ളുന്നു. യുദ്ധങ്ങൾ, ആക്രമണങ്ങൾ, രാഷ്ട്രീയ ഉപചാരങ്ങൾ, രാജവംശത്തിലുണ്ടാകുന്ന കലാപങ്ങൾ, തുടങ്ങിയ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവങ്ങൾ മാത്രം എഴുതിയിരുന്ന മധ്യകാല ദിനവൃത്താന്ത രചയിതാക്കളുടെ പാരമ്പര്യത്തിൽനിന്ന് മാറി മുഗൾ സാമ്രാജ്യത്തിന്റെ ഘടനയെയും വ്യവസ്ഥയെയും സംബന്ധിച്ച ഏകദേശരൂപം നൽകിക്കൊണ്ടും അതിന്റെ ഉല്പന്നങ്ങളെക്കുറിച്ചും ജനങ്ങളെക്കുറിച്ചും പരിമാണാത്മകമായ അറിവു നൽകിക്കൊണ്ടും അബുൾ ഫസൽ വലിയ ഒരു മുന്നേറ്റം കൈവരിച്ചു. രാജ്യത്തെയും അതിലെ ജനങ്ങൾ, ഉൽപ

ന്നങ്ങൾ എന്നിവയെയും സംബന്ധിച്ച വിവരങ്ങൾ വളരെ യാദൃച്ഛികമായി മാത്രമേ പരാമർശിച്ചിരുന്നുള്ളൂ. അതാകട്ടെ വിവരണത്തിന്റെ അനിവാര്യമായ രാഷ്ട്രീയഗതിക്ക് രസക്കൊഴുപ്പ് നൽകാനുമായിരുന്നു.

*അയ്നാ*കട്ടെ ഈ പാരമ്പര്യത്തിൽനിന്നു തികച്ചും വ്യതിചലിച്ചുകൊണ്ട് സാമ്രാജ്യത്തെക്കുറിച്ചും ഇന്ത്യയിലെ ജനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക വഴി പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഇന്ത്യയെക്കുറിച്ചു പഠിക്കുന്നതിനുള്ള ഒരളവുകോലായിത്തീർന്നു. കാർഷിക ബന്ധങ്ങളുടെ പഠനത്തെ സംബന്ധിച്ച് *അയ്ൻ* നൽകുന്ന പരിമാണാത്മക തെളിവുകളുടെ മൂല്യം തർക്കമില്ലാത്തതാണ്. എന്നാൽ, ജനങ്ങളെക്കുറിച്ചും അവരുടെ തൊഴിലുകളെക്കുറിച്ചും, വ്യാപാരങ്ങളെക്കുറിച്ചും രാജകീയ സ്ഥാപനങ്ങളെക്കുറിച്ചും സാമ്രാജ്യത്തിന്റെ പ്രതാപത്തെക്കുറിച്ചും *അയ്നിൽ* ഉള്ള വിവരങ്ങളാണ് ആ കാലഘട്ടത്തിലെ ഇന്ത്യയുടെ സാമൂഹികഘടന പുനർനിർമ്മിക്കുന്നതിന് ചരിത്രകാരെ പ്രാപ്തരാക്കിയത്.

## കാലരേഖ (Timeline)

### മുഗൾ സാമ്രാജ്യത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകൾ
### (Landmarks in the History of the Mughal Empire)

| | |
|---|---|
| 1526 | ബാബർ, ഡൽഹി സുൽത്താനായിരുന്ന ഇബ്രാഹിം ലോദിയെ പാനിപ്പത്തിൽവച്ചു പരാജയപ്പെടുത്തി ആദ്യ മുഗൾ ചക്രവർത്തിയായി |
| 1530 - 40 | ഹുമയൂണിന്റെ ഭരണകാലത്തിന്റെ ആദ്യഘട്ടം |
| 1540 - 55 | ഷെർഷയാൽ പരാജിതനാക്കപ്പെട്ട് ഹുമയൂൺ സഫാവിദ് രാജധാനിയിൽ അഭയവാസം നടത്തുന്നു |
| 1555 - 56 | നഷ്ടപ്പെട്ട പ്രദേശങ്ങൾ ഹുമയൂൺ തിരിച്ചുപിടിക്കുന്നു |
| 1556 - 1605 | അക്ബറിന്റെ ഭരണകാലം |
| 1605 - 27 | ജഹാംഗീറിന്റെ ഭരണകാലം |
| 1628 - 58 | ഷാജഹാന്റെ ഭരണകാലം |
| 1658 - 1707 | ഔറംഗസീബിന്റെ ഭരണകാലം |
| 1739 | നാദിർഷ ഇന്ത്യ ആക്രമിച്ച് ഡൽഹി കൊള്ളയടിക്കുന്നു |
| 1761 | മൂന്നാം പാനിപ്പത്ത് യുദ്ധത്തിൽ അഹമ്മദ് ഷാ അബ്ദാലി മറാത്തികളെ പരാജയപ്പെടുത്തുന്നു |
| 1765 | ബംഗാളിന്റെ ദിവാനി, ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് കൈമാറുന്നു |
| 1857 | അവസാന മുഗൾ ഭരണാധികാരിയായ ബഹദൂർഷാ II - നെ ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടനാക്കി റംഗൂണിലേക്ക് നാടുകടത്തുന്നു. (ഇന്നത്തെ യാൻഗോൺ, മ്യാൻമാർ) |

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. കാർഷിക ചരിത്രം പുനർനിർമ്മിക്കുന്നതിനുള്ള ഒരു സ്രോതസ്സായി അയ്ൻ ഉപയോഗിക്കുമ്പോഴുള്ള പ്രശ്നങ്ങൾ എന്തെല്ലാം? ചരിത്രകാരർ ഈ സാഹചര്യത്തെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?
2. 16, 17 നൂറ്റാണ്ടുകളിലെ കാർഷികോൽപാദനത്തെ ഉപജീവനകൃഷിയായി ചിത്രീകരിക്കുന്നത് എത്രത്തോളം സാധ്യമാണ്? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ എഴുതുക?
3. കാർഷികോൽപാദനത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് വിവരിക്കുക.
4. പ്രതിപാദ്യകാലഘട്ടത്തിൽ നടന്ന സാമ്പത്തിക കൈമാറ്റങ്ങളുടെ പ്രാധാന്യം ഉദാഹരണങ്ങൾസഹിതം ചർച്ചചെയ്യുക.
5. മുഗൾ സാമ്പത്തിക സംവിധാനത്തിൽ ഭൂനികുതിക്ക് പ്രാധാന്യം ഉണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന തെളിവുകൾ പരിശോധിക്കുക.

## ചുവടെ തന്നിട്ടുള്ളവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം എഴുതുക (ഏകദേശം 250 മുതൽ 300 വരെ വാക്കുകളിൽ) (WRITE A SHORT ESSAY (ABOUT 250-300 WORDS) ON THE FOLLOWING)

6. കാർഷിക സമൂഹത്തിലെ സാമൂഹിക - സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിക്കുന്നതിൽ ജാതി എത്രത്തോളം ഒരു ഘടകമായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത്?
7. വനവാസികളുടെ ജീവിതം 16 ഉം 17 ഉം നൂറ്റാണ്ടുകളിൽ ഏതുതരത്തിലാണ് രൂപാന്തരപ്പെടുത്തപ്പെട്ടത്?
8. മുഗൾ ഇന്ത്യയിൽ സെമീന്ദാർമാരുടെ പങ്ക് പരിശോധിക്കുക.
9. പഞ്ചായത്തുകളും ഗ്രാമത്തലവന്മാരും ഗ്രാമീണസമൂഹത്തെ നിയന്ത്രിച്ചിരുന്ന മാർഗങ്ങൾ ചർച്ചചെയ്യുക.

*ചിത്രം 8.15*
*രത്നവ്യാപാരികളെ ചിത്രീകരിക്കുന്ന ഒരു പതിനേഴാം നൂറ്റാണ്ട് ചിത്രം*



## ഭൂപട പ്രവർത്തനം (MAP WORK)

10. ലോകത്തിന്റെ ഒരു രൂപരേഖയിൽ മുഗൾ സാമ്രാജ്യവുമായി സാമ്പത്തിക ബന്ധം ഉണ്ടായിരുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തുകയും, സാധ്യമായ സമ്പർക്കപാതകൾ അടയാളപ്പെടുത്തുകയും ചെയ്യുക.

## പ്രോജക്ട് (ഒന്ന് തിരഞ്ഞെടുക്കുക) (PROJECT (CHOOSE ONE))

11. അടുത്തുള്ള ഒരു ഗ്രാമം സന്ദർശിക്കുക. അവിടെ എത്ര ആളുകൾ ജീവിക്കുന്നു, ഏതൊക്കെ ധാന്യങ്ങൾ വളർത്തുന്നു, ഏതെല്ലാം മൃഗങ്ങളെ വളർത്തുന്നു, ഏതെല്ലാം കൈത്തൊഴിൽ വിഭാഗങ്ങൾ അവിടെ താമസിക്കുന്നു, സ്ത്രീകൾക്ക് സ്വന്തമായി ഭൂമി ഉണ്ടോ, പ്രാദേശിക പഞ്ചായത്ത് എങ്ങനെയാണ് പ്രവർത്തിക്കുന്നത് തുടങ്ങിയവ കണ്ടെത്തുക. ഈ അറിവിനെ 16 ഉം 17 ഉം നൂറ്റാണ്ടുകളെക്കുറിച്ച് നിങ്ങൾ പഠിച്ചവയുമായി ചർച്ച ചെയ്യുക. നിങ്ങൾ കണ്ടെത്തിയ മാറ്റങ്ങളും തുടർച്ചകളും വിവരിക്കുക.

12. "അയ്നി"ന്റെ ഒരു ചെറിയ ഭാഗം തിരഞ്ഞെടുക്കുക (താഴെ സൂചിപ്പിച്ചിട്ടുള്ള വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളതിൽ 10 - 12 പേജുകൾ). ഇത് ശ്രദ്ധാപൂർവം വായിച്ച് ഒരു ചരിത്രകാരന് ഇത് എങ്ങനെ പ്രയോജനപ്രദമാക്കാം എന്നതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.

*ചിത്രം 8.16*
*മധുരപലഹാരങ്ങൾ വിൽക്കുന്ന ഒരു സ്ത്രീയുടെ ചിത്രം*



**നിങ്ങൾ കൂടുതലറിയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വായിക്കുക:**


സുമിത് ഗുഹ. 1999.
*എൻവയോൺമെന്റ് ആന്റ് എത്നിസിറ്റി ഇൻ ഇന്ത്യ.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, കേംബ്രിഡ്ജ്.

ഇർഫാൻ ഹബീബ്. 1999.
*ദി അഗ്രേറിയൻ സിസ്റ്റം ഓഫ് മുഗൾ ഇന്ത്യ 1556 - 1707* (രണ്ടാം പതിപ്പ്).
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ന്യൂഡൽഹി.

ഡബ്ല്യൂ.എച്ച്. മൂർലൻഡ്. 1983 (പുനഃപതിപ്പ്).
*ഇന്ത്യ അറ്റ് ദി ഡത്ത് ഓഫ് അക്ബർ : ആൻ ഇക്കണോമിക് സ്റ്റഡി.*
ഓറിയന്റൽ, ന്യൂഡൽഹി.

തപൻ റായ്ചൗധരിയും ഇർഫാൻ ഹബീബും (eds.) 2004.
*ദി കേംബ്രിഡ്ജ് ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ. വാല്യം - 1.*
ഓറിയന്റ് ലോംഗ്മാൻ, ന്യൂഡൽഹി.

ഡീറ്റ്മർ റോതർമണ്ട്. 1993.
*ആൻ ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ - ഫ്രം പ്രീ കൊളോണിയൽ ടൈംസ് ടു 1991.*
റൂട്ട്ലെഡ്ജ്, ലണ്ടൻ.

സഞ്ജയ് സുബ്രഹ്മണ്യം (ed.) 1994.
*മണി ആന്റ് ദി മാർക്കറ്റ് ഇൻ ഇന്ത്യ, 1100 - 1700.* ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ന്യൂഡൽഹി.


**കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾക്ക് സന്ദർശിക്കാം:**

http://persian.packhum.org persianindex.jsp?serv=pf&file=00702053&ct=0

പ്രമേയം
ഒമ്പത്

# രാജാക്കന്മാരും ദിനവൃത്താന്തങ്ങളും
## (PEASANTS, ZAMINDARS AND THE STATE)

## മുഗൾ രാജസഭകൾ (THE MUGHAL COURTS)

**(ഏകദേശം പതിനാറ് – പതിനേഴ് നൂറ്റാണ്ടുകൾ)**

(*C.* SIXTEENTH-SEVENTEENTH CENTURIES)

മുഗൾ സാമ്രാജ്യത്തിലെ ഭരണാധികാരികൾ തങ്ങൾ വിശാലവും വിഭിന്ന വർഗക്കാരുമായ ഒരുജനതയെ ഭരിക്കുവാൻ ദൈവഹിതത്താൽ നിയമിക്കപ്പെട്ടവരാണെന്ന് സ്വയം സങ്കൽപ്പിച്ചു. യഥാർഥ രാഷ്ട്രീയ സാഹചര്യങ്ങളുമായി ചുറ്റപ്പെട്ടവയാണ് ഈ മഹത്തായ വീക്ഷണമെങ്കിലും, ഇതു വലിയ പ്രാധാന്യത്തോടെ നിലനിന്നു. ഈ വീക്ഷണത്തെ പ്രസരിപ്പിക്കുവാനുള്ള ഒരു വഴിയായിരുന്നു രാജവംശചരിത്രങ്ങളുടെ രചന. സംഭവങ്ങൾ രേഖപ്പെടുത്താൻ മുഗൾ രാജാക്കന്മാർ കൊട്ടാരചരിത്രകാരെ ചുമതലപ്പെടുത്തിയിരുന്നു. ഈ വിവരണങ്ങൾ തങ്ങളുടെ ചക്രവർത്തിമാരുടെ കാലത്തെ സംഭവങ്ങൾ രേഖപ്പെടുത്തി. ഇതുകൂടാതെ ഇതിന്റെ രചയിതാക്കൾ ചക്രവർത്തിമാരെ രാജ്യത്തിന്റെ ഭരണത്തിൽ സഹായിക്കുവാനായി ഉപഭൂഖണ്ഡത്തിന്റെ പല ഭാഗങ്ങളിൽനിന്ന് ധാരാളം വിവരങ്ങൾ ശേഖരിച്ചു.



ചിത്രം 9.1
*തിമൂറിന്റെ സമർഖണ്ഡിലെ ശവകുടീരം, 1404*

W1F4A3

ഇത്തരം ഗ്രന്ഥങ്ങളെ ഇംഗ്ലീഷിൽ ചരിത്രരചന നിർവഹിച്ച ആധുനിക ചരിത്രകാരർ *ദിനവൃത്താന്തങ്ങൾ (Chronicles)* എന്നു വിളിച്ചു; കാരണം അവ സംഭവങ്ങളുടെ തുടർച്ചയായ കാലാനുക്രമ വിവരണം നൽകുന്നവയായിരുന്നു. മുഗളരുടെ ചരിത്രരചന നിർവഹിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു പണ്ഡിതനും ദിനവൃത്താന്തങ്ങൾ അനിവാര്യമായ ഒരു ഉറവിടമാണ്. ഒരുതലത്തിൽ മുഗൾ രാഷ്ട്രസ്ഥാപനങ്ങളെക്കുറിച്ച് വസ്തുതാവിവരങ്ങൾ നൽകുന്ന ഒരു കലവറയാണവ; കൊട്ടാരവുമായി അടുപ്പമുള്ളയാളുകൾ വളരെ ബുദ്ധിമുട്ടി ശേഖരിക്കുകയും തരംതിരിക്കുകയും ചെയ്തവ. അതേസമയം മുഗൾ ഭരണാധികാരികൾ തങ്ങളുടെ രാജ്യത്തു നടപ്പിലാക്കാൻ ശ്രമിച്ച കാര്യങ്ങളുടെ അർത്ഥവാഹകരായിട്ടാണ് ഈ ഗ്രന്ഥങ്ങൾ കരുതപ്പെടുന്നത്. അതിനാൽ സാമ്രാജ്യത്വ ആശയങ്ങൾ രൂപീകരിച്ചതെങ്ങനെയെന്നും അവ പ്രചരിച്ചതെങ്ങനെയെന്നും ഇവ നമുക്കു സൂചന നൽകുന്നു. ഈ പാഠഭാഗത്തിലൂടെ മുഗൾ സാമ്രാജ്യത്തിന്റെ ഈ സമ്പന്നവും അതിശയിപ്പിക്കുന്നതുമായ പ്രവർത്തനങ്ങളുടെ വ്യാപ്തി നോക്കിക്കാണുകയാണ്.

## 1. മുഗളരും അവരുടെ സാമ്രാജ്യവും (THE MUGHALS AND THEIR EMPIRE)

മുഗൾ എന്ന പേരുദ്ഭവിച്ചത് മംഗോൾ എന്ന പദത്തിൽ നിന്നാണ്. ഇന്ന്, ഈ പേര് ഒരു സാമ്രാജ്യത്തിന്റെ പ്രതാപത്തെയാണ് ഓർമിപ്പിക്കുന്നതെങ്കിലും ആ രാജവംശത്തിലെ ഭരണാധികാരികൾ ഇത് അവർക്ക് വേണ്ടി സ്വയം തിരഞ്ഞെടുത്തതല്ല. തിമൂറിദുകൾ എന്നാണ് അവർ സ്വയം വിശേഷിപ്പിച്ചിരുന്നത്. കാരണം പൈതൃകമായി അവർ തുർക്കി ഭരണാധികാരിയായിരുന്ന തിമൂറിന്റെ പിന്മുറക്കാരായിരുന്നു. ആദ്യത്തെ മുഗൾ ഭരണാധികാരിയായിരുന്ന ബാബറിന് അദ്ദേഹത്തിന്റെ മാതാവ് വഴി ചെങ്കിസ്ഖാനുമായി ബന്ധമുണ്ടായിരുന്നു. തുർക്കി ഭാഷ സംസാരിച്ചിരുന്ന അദ്ദേഹം മംഗോളിയരെ നിന്ദയോടെ വിശേഷിപ്പിച്ചത് അപരിഷ്കൃത കവർച്ചക്കൂട്ടങ്ങൾ എന്നാണ്.

പതിനാറാം നൂറ്റാണ്ടിൽ യൂറോപ്യർ ഈ കുടുംബശാഖയിൽപ്പെട്ട ഇന്ത്യൻ ഭരണാധികാരികളെ സൂചിപ്പിക്കുന്നതിന് മുഗൾ എന്ന പദം ഉപയോഗിക്കാൻ തുടങ്ങി. കഴിഞ്ഞ നൂറ്റാണ്ടുകളിലൂടെ ഈ പദം പതിവായി ഉപയോഗിക്കപ്പെട്ടു. റുഡ്യാർഡ് കിപ്ലിങ്ങിന്റെ *ജംഗിൾ ബുക്കിലെ* യുവനായകനായ മൗഗ്ലിയുടെ പേരു പോലും ഇതിൽ നിന്നുണ്ടായതാണ്.

മുഗളരും പ്രാദേശിക മുഖ്യരും തമ്മിലുള്ള രാഷ്ട്രീയ സഖ്യങ്ങളിലൂടെയും ആക്രമിച്ചു കീഴടക്കലിലൂടെയുമാണ് ധാരാളം പ്രാദേശിക രാജ്യങ്ങളിൽനിന്ന് മുഗൾ സാമ്രാജ്യം കെട്ടിപ്പടുത്തത്. സാമ്രാജ്യ സ്ഥാപകനായ സഹീറുദ്ദീൻ ബാബറെ (Zahiruddin Babur) മധ്യേഷ്യയിലെ ഫർഗാന എന്ന തന്റെ മാതൃരാജ്യത്തുനിന്ന് പരസ്പരം കലഹിച്ചിരുന്ന ഉസ്ബക്കുകൾ പുറത്താക്കി. ആദ്യം കാബൂളിൽ അധികാരമുറപ്പിച്ച അദ്ദേഹം പിന്നീട് 1526 ൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് കടന്നുവന്നു; തന്റെ വംശത്തിൽപ്പെട്ടവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻവേണ്ടി ഭൂപ്രദേശങ്ങളും സമ്പത്തും തേടിയായിരുന്നു അദ്ദേഹം ഈ കടന്നുകയറ്റം നടത്തിയത്.

അദ്ദേഹത്തിന്റെ പിൻഗാമിയായ നസീറുദ്ദീൻ ഹുമയൂൺ (Naziruddin Humayun, 1530–40, 1555–56) സാമ്രാജ്യത്തിന്റെ അതിർത്തി വ്യാപിപ്പിച്ചു. എന്നാൽ അഫ്ഗാൻ നേതാവായിരുന്ന ഷെർഷാ സൂർ (Sher Shah Sur) ഈ സാമ്രാജ്യം കീഴടക്കുകയും ഹുമയൂണിനെ ഇന്ത്യയിൽനിന്നുതുരത്തുകയും ചെയ്തു. ഇറാനിലെ സഫാവിദ് ഭരണാധികാരിയുടെ കൊട്ടാരത്തിൽ അദ്ദേഹം അഭയം പ്രാപിച്ചു. 1555 ൽ ഹുമയൂൺ സൂർ ഭരണാധികാരിയെ പരാജയപ്പെടുത്തിയെങ്കിലും ഒരു വർഷം കഴിഞ്ഞ് അദ്ദേഹം അന്തരിച്ചു.

ജലാലുദ്ദീൻ അക്ബറി (Jalaluddin Akbar, 1556–1605) നെ പലരും മുഗൾ ചക്രവർത്തിമാരിൽ ഏറ്റവും മഹാനായി കണക്കാക്കുന്നു. കാരണം അദ്ദേഹം സാമ്രാജ്യം വിപുലീകരിക്കുകയും ഏകീകരിക്കുകയും ആ കാലഘട്ടത്തിലെ ഏറ്റവും വിശാലവും ശക്തവും സമ്പന്നവുമായ രാഷ്ട്രമാക്കി മാറ്റുകയും ചെയ്തു. ഹിന്ദുക്കുഷ് പർവതനിരകൾവരെ സാമ്രാജ്യത്തിന്റെ അതിർത്തി വ്യാപിപ്പിക്കുന്നതിൽ അക്ബർ വിജയിച്ചു. തുറാനിലെ (മധ്യേഷ്യ) ഉസ്ബെക്കുകളുടെയും ഇറാനിലെ സഫാവിദുകളുടെയും സാമ്രാജ്യ വിപുലീകരണ പദ്ധതികളെ തടയാനും അദ്ദേഹത്തിനു കഴിഞ്ഞു. വ്യത്യസ്ത സ്വഭാവക്കാരായിരുന്നുവെങ്കിലും അക്ബറിന് ജഹാംഗീർ (Jahangir, 1605 – 27), ഷാജഹാൻ (Shah Jahan 1628 – 58), ഔറംഗസീബ് (Aurangazeb 1658 – 1707) എന്നീ മൂന്ന് ശക്തരായ പിൻഗാമികൾ ഉണ്ടായി. അൽപ്പം സാവധാനത്തിലാണെങ്കിലും അവരുടെ കീഴിലും രാജ്യാതിർത്തി വ്യാപനം തുടർന്നു. അവർ മൂന്നുപേരും വിവിധ ഭരണയന്ത്രവിഭാഗങ്ങൾ നിലനിർത്തുകയും ഏകോപിപ്പിക്കുകയും ചെയ്തു.

ചിത്രം 9.2
ഹുമയൂണിന്റെ ഭാര്യയായ നാദിറ രാജസ്ഥാൻ മരുഭൂമി മുറിച്ചുകടക്കുന്നതിന്റെ പതിനെട്ടാം നൂറ്റാണ്ടിലെ ചിത്രീകരണം



പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ സാമ്രാജ്യത്വ ഘടനയ്ക്കാവശ്യമായ സ്ഥാപനങ്ങൾക്ക് രൂപം നൽകപ്പെട്ടു. കാര്യക്ഷമമായ ഭരണ രീതികളും നികുതി സമ്പ്രദായങ്ങളും ഇതിന്റെ ഭാഗമായിരുന്നു. മുഗളരുടെ അധികാരകേന്ദ്രം പ്രത്യക്ഷമായും അവരുടെ രാജസദസ്സായിരുന്നു. ഇവിടെ രാഷ്ട്രീയ സഖ്യങ്ങളും ബന്ധങ്ങളും രൂപീകരിക്കപ്പെടുകയും പദവികളും ശ്രേണികളും നിർവചിക്കപ്പെടുകയും ചെയ്തു. സൈനികശക്തിയുടെ സംയോജനവും ഉപഭൂഖണ്ഡത്തിൽ തങ്ങൾ അഭിമുഖീകരിച്ച വ്യത്യസ്ത പാരമ്പര്യങ്ങളുമായുള്ള പൊരുത്തപ്പെടലും ആയിരുന്നു മുഗളർ ആസൂത്രണം ചെയ്ത രാഷ്ട്രീയ വ്യവസ്ഥയുടെ അടിത്തറ.

1707 ൽ ഔറംഗസീബിന്റെ മരണശേഷം രാജവംശത്തിന്റെ ശക്തി ക്ഷയിക്കാൻ തുടങ്ങി. ഡൽഹി, ആഗ്ര, ലാഹോർ എന്നീ വ്യത്യസ്ത തലസ്ഥാന നഗരങ്ങളിൽ നിന്നായിരുന്നു ഈ വിശാലമായ സാമ്രാജ്യത്തെ നിയന്ത്രിച്ചിരുന്നത്. എന്നാൽ അതിന്റെ സ്ഥാനത്ത് പ്രാദേശികശക്തികൾ കൂടുതൽ സ്വയംഭരണം നേടാൻ തുടങ്ങി. എന്നിരുന്നാലും പ്രതീകാത്മകമായെങ്കിലും മുഗൾ ഭരണാധികാരിയുടെ പ്രതാപത്തിന്റെ പ്രഭയ്ക്ക് യാതൊരു കോട്ടവും സംഭവിച്ചില്ല. 1857 ൽ ഈ രാജവംശത്തിലെ അവസാനത്തെ ഭരണാധികാരിയായ ബഹദൂർ ഷാ സഫർ രണ്ടാമനെ (Bahadur Shah Zafar II) ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടനാക്കി.

➲ **ചർച്ച ചെയ്യുക...**

നിങ്ങൾ താമസിക്കുന്ന സംസ്ഥാനം മുഗൾ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നോ എന്ന് കണ്ടെത്തുക. സാമ്രാജ്യസ്ഥാപനത്തിന്റെ ഫലമായി ഈ പ്രദേശത്ത് എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ? നിങ്ങളുടെ സംസ്ഥാനം മുഗൾ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നില്ലെങ്കിൽ, സമകാലികരായ പ്രാദേശിക ഭരണകർത്താക്കളെക്കുറിച്ച് – അവരുടെ ഉത്ഭവത്തെയും നയങ്ങളെയും കുറിച്ച് കൂടുതൽ കണ്ടെത്തുക. ഏത് തരത്തിലുള്ള രേഖകളാണ് അവർ സൂക്ഷിച്ചിരുന്നത്?

## 2. ദിനവൃത്താന്തങ്ങളുടെ നിർമ്മാണം (THE PRODUCTION OF CHRONICLES)

മുഗൾ ചക്രവർത്തിമാരുടെ മേൽനോട്ടത്തിൽ രചിക്കപ്പെട്ട ദിനവൃത്താന്തങ്ങൾ സാമ്രാജ്യത്തെയും കൊട്ടാരത്തെയും കുറിച്ച് പഠിക്കുവാൻ സഹായിക്കുന്ന മുഖ്യ സ്രോതസ്സാണ്. ഒരു പ്രബുദ്ധമായ രാജ്യത്തിന്റെ വീക്ഷണം അതിന്റെ കുടക്കീഴിൽ വരുന്ന എല്ലാവർക്കും മുമ്പിൽ ഉയർത്തിക്കാട്ടുന്നതിനായിരുന്നു ഇവ രചിക്കപ്പെട്ടത്. അതോടൊപ്പം മുഗൾഭരണത്തെ എതിർക്കുന്നവരെല്ലാം പരാജയപ്പെടാൻ വിധിക്കപ്പെട്ടവരാണെന്ന് ബോധ്യപ്പെടുത്തുക എന്നതും ഇതിന്റെ ലക്ഷ്യമായിരുന്നു. കൂടാതെ ഭാവിതലമുറയ്ക്കായി തങ്ങളുടെ ഭരണത്തിന്റെ ഒരു വിവരണം ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്താനും ഭരണാധികാരികൾ ആഗ്രഹിച്ചു.

മുഗൾ ദിനവൃത്താന്തങ്ങളുടെ രചയിതാക്കൾ, തീർച്ചയായും രാജസേവകരായിരുന്നു. ഭരണാധികാരി, അദ്ദേഹത്തിന്റെ കുടുംബം, കൊട്ടാരവും പ്രഭുക്കന്മാരും, യുദ്ധങ്ങൾ, ഭരണപരമായ ക്രമീകരണങ്ങൾ തുടങ്ങിയവയെ കേന്ദ്രീകരിച്ചായിരുന്നു അവരുടെ ചരിത്ര രചനകൾ. അവയുടെ തലക്കെട്ടുകൾ -അതായത്, *അക്ബർനാമ (Akbar Nama), ഷാജഹാൻനാമ (Shahjahan Nama), ആലംഗീർനാമ (Alamgir Nama)* അഥവാ അക്ബർ, ഷാജഹാൻ, ആലംഗീർ (മുഗൾ ഭരണാധികാരിയായ ഔറംഗസീബിന്റെ ബഹുമതി നാമം) തുടങ്ങിയവരുടെ കഥ, എന്നത് -സൂചിപ്പിക്കുന്നത്, ഇവയുടെ രചയിതാക്കളുടെ വീക്ഷണത്തിൽ സാമ്രാജ്യത്തിന്റെയും കൊട്ടാരത്തിന്റെയും ചരിത്രം ചക്രവർത്തിയുടെ ചരിത്രത്തിന്റെ പര്യായമായിരുന്നുവെന്നാണ്.

### 2.1 തുർക്കി ഭാഷയിൽനിന്ന് പേർഷ്യനിലേക്ക് (From Turkish to Persian)

മുഗൾ കൊട്ടാരദിനവൃത്താന്തങ്ങൾ പേർഷ്യൻ ഭാഷയിലാണ് എഴുതപ്പെട്ടിരുന്നത്. ഇത് ഹിന്ദാവിയുടെയും അതിന്റെ പ്രാദേശിക വകഭേദങ്ങളായ ഉത്തരേന്ത്യൻ ഭാഷകൾക്കുമൊപ്പം ഡൽഹി സൽത്തനത്ത് ഭരണത്തിൻ കീഴിൽ രാജസഭയിലെ ഔദ്യോഗിക ഭാഷയായും സാഹിത്യരചനാഭാഷയായും പുഷ്ടിപ്രാ

*ചഗ്തായ്* തുർക്കികളുടെ വംശപരമ്പര ചെങ്കിസ് ഖാന്റെ മൂത്ത പുത്രനിൽ നിന്നും പിന്തുടർന്നു വന്നതാണ്.

പിച്ചു. മുഗളർ ജന്മംകൊണ്ട് ചഗ്തയ് തുർക്കികളായിരുന്നതിനാൽ അവരുടെ മാതൃഭാഷ തുർക്കിയായിരുന്നു. ആദ്യത്തെ ഭരണാധികാരിയായ ബാബർ കവിതകളും തന്റെ ഓർമക്കുറിപ്പുകളും രചിച്ചത് ഈ ഭാഷയിലാണ്.

പേർഷ്യൻ ഭാഷയെ മുഗൾ കൊട്ടാരത്തിന്റെ മുഖ്യഭാഷയായി മാറ്റിയെടുക്കാനുള്ള ബോധപൂർവമായ തുടക്കംകുറിച്ചത് അക്ബറായിരുന്നു. ഇറാനുമായുള്ള സാംസ്കാരിക-ബൗദ്ധികബന്ധങ്ങളും മുഗൾ കൊട്ടാരത്തിൽ സ്ഥാനമാനങ്ങൾ തേടി ഇറാനിൽനിന്നും മധ്യേഷ്യയിൽ നിന്നുമുള്ള കുടിയേറ്റക്കാരുടെ വരവും ഈ ഭാഷ സ്വീകരിക്കുവാൻ ചക്രവർത്തിയെ പ്രേരിപ്പിച്ച ഘടകങ്ങളായിരിക്കാം. പേർഷ്യൻ ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് അധികാരവും പദവികളും നൽകിക്കൊണ്ട് സാമ്രാജ്യത്തിന്റെ പ്രധാന ഭാഷയായി അത് ഉയർത്തപ്പെട്ടു. രാജാവും, രാജകുടുംബവും, രാജസദസ്സിലെ കുലീന വർഗത്തിൽപ്പെട്ടവരും ഈ ഭാഷയിലാണ് സംസാരിച്ചത്. ഭരണത്തിന്റെ എല്ലാ തലങ്ങളിലുമുള്ള ഭാഷയായി ഇത് ഉപയോഗിച്ചതിനാൽ കണക്കെഴുത്തുകാരും ഗുമസ്തരും മറ്റ് ഉദ്യോഗസ്ഥരും ഇത് അഭ്യസിച്ചു.

പേർഷ്യൻ ഭാഷ നേരിട്ടുപയോഗിക്കപ്പെടാത്തപ്പോൾപ്പോലും അതിന്റെ പദാവലിയും ഭാഷാശൈലിയും രാജസ്ഥാനിയിലും മറാത്തിയിലും തമിഴിലുമുള്ള ഔദ്യോഗിക രേഖകളുടെ ഭാഷയെപ്പോലും വളരെയധികം സ്വാധീനിച്ചു. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ പേർഷ്യൻ ഭാഷ ഉപയോഗിക്കുന്നവർ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു വന്നവരായതിനാലും മറ്റ് ഇന്ത്യൻ ഭാഷകളും സംസാരിച്ചിരുന്നതിനാലും പേർഷ്യൻ ഭാഷയും പ്രാദേശികഭാഷാശൈലികൾ സ്വീകരിച്ചുകൊണ്ട് ഇന്ത്യാവൽക്കരിക്കപ്പെട്ടു. പേർഷ്യനും ഹിന്ദവിയും തമ്മിലുള്ള പരസ്പരബന്ധത്തിലൂടെ ഉർദു എന്ന ഒരു പുതിയ ഭാഷ ഉത്ഭവിച്ചു.

*അക്ബർനാമ* തുടങ്ങിയ മുഗൾ ദിനവൃത്താന്തങ്ങൾ പേർഷ്യൻ ഭാഷയിലാണെഴുതപ്പെട്ടത്. ബാബറിന്റെ ഓർമ്മക്കുറിപ്പുകളായ *ബാബർനാമ* പോലുള്ള ഇതരകൃതികൾ തുർക്കി ഭാഷയിൽ നിന്ന് പേർഷ്യനിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടു. *മഹാഭാരതം, രാമായണം* പോലുള്ള സംസ്കൃത ഗ്രന്ഥങ്ങളുടെ പേർഷ്യൻ പരിഭാഷകൾ തയാറാക്കുന്ന ദൗത്യവും മുഗൾ ചക്രവർത്തിമാർ നിർവഹിച്ചു. *മഹാഭാരതം, റസംനാമ* (യുദ്ധങ്ങളുടെ ഗ്രന്ഥം) എന്ന പേരിലാണ് പരിഭാഷപ്പെടുത്തിയത്.

## 2.2 കൈയെഴുത്ത് പ്രതികളുടെ സൃഷ്ടി (The making of manuscripts)

മുഗൾ ഇന്ത്യയിലെ എല്ലാ ഗ്രന്ഥങ്ങളും കൈയെഴുത്തു പ്രതികളായിരുന്നു. കൈയെഴുത്തു പ്രതികളുടെ നിർമ്മാണകേന്ദ്രം ചക്രവർത്തിയുടെ *കിതാബ്ഖാനയായിരുന്നു*. *കിതാബ്ഖാനയെ* ഒരു ഗ്രന്ഥശാല എന്ന് തർജമ ചെയ്യാമെങ്കിലും അതൊരു എഴുത്ത് മുറിയായിരുന്നു; അതായത് ചക്രവർത്തിയുടെ കൈയെഴുത്തു പ്രതികളുടെ സമാഹാരങ്ങൾ സൂക്ഷിക്കുകയും പുതിയ കൈയെഴുത്തു പ്രതികൾ നിർമ്മിക്കപ്പെടുകയും ചെയ്തിരുന്ന സ്ഥലം.

ഒരു കൈയെഴുത്തുപ്രതിയുടെ നിർമ്മാണത്തിൽ നിരവധിയാളുകൾ വിവിധ ജോലികളിലേർപ്പെട്ടിരുന്നു. കൈയെഴുത്ത് പ്രതികളുടെ താളുകൾ തയാറാക്കുന്നതിന് കടലാസ് നിർമ്മാതാക്കളും ഗ്രന്ഥം പകർത്തിയെഴുതുന്നതിന് പകർപ്പെഴുത്തുകാർ അഥവാ കൈയെഴുത്തു ശാസ്ത്രവിദഗ്ധരും താളുകൾ വർണാഭമാക്കുന്നതിന് അലങ്കാരപ്പണിക്കാരും പുസ്തകത്തിലെ രംഗങ്ങളുടെ ചിത്രം വരയ്ക്കുന്നതിന് ചിത്രകാരരും ഓരോ താളും സമാഹ

### എഴുതിയ വാക്കിന്റെ സഞ്ചാരം

**(The flight of the written word)**

അബുൾ ഫസലിന്റെ വാക്കുകളിൽ:

എഴുതപ്പെട്ട വാക്ക്, പോയ യുഗങ്ങളുടെ അറിവുകൾ ഉൾക്കൊള്ളുന്നതും ബൗദ്ധിക പുരോഗതിയുടെ ഒരു ഉപാധിയുമായിത്തീരാം. പറയപ്പെടുന്ന വാക്കുകൾ അത് നേരിട്ട് കേൾക്കുന്നവരുടെ ഹൃദയത്തിലേക്കിറങ്ങുന്നു. എഴുതപ്പെട്ട വാക്കുകൾ അടുത്തുള്ളവർക്കും അകലെയുള്ളവർക്കും വിവേകം നൽകും. എഴുതപ്പെട്ട വാക്കുകളില്ലെങ്കിൽ വാമൊഴിവാക്ക് പെട്ടെന്ന് മരിക്കും, പിന്നെ, മരിച്ചവരിൽ നിന്ന് നമുക്കായി സൂക്ഷിക്കപ്പെടാൻ ഒന്നും അവശേഷിക്കുന്നില്ല. ബാഹ്യഭാഗം മാത്രം കാണുന്ന ഒരാൾ അക്ഷരത്തിൽ ഒരു ഇരുണ്ട രൂപം മാത്രമാണ് കാണുക, എന്നാൽ അഗാധവീക്ഷണമുള്ളവർ അതിൽ ബൗദ്ധികതയുടെ വെളിച്ചം കാണുന്നു *(ചിരാഗ്-ഇ-ഷിനാസയ്)*. ഉള്ളിൽ ആയിരം കിരണങ്ങൾ ഉണ്ടായിട്ടും എഴുതപ്പെട്ട വാക്ക് കറുപ്പായി കാണപ്പെടുന്നു. അഥവാ അത് ദുഷ്ട ദൃഷ്ടിയെ ദൂരികരിക്കുന്ന ഒരു മറുകോടുകൂടിയ ഒരു പ്രകാശമാകുന്നു. വിവേകത്തിന്റെ ഛായാചിത്രമാണ് അക്ഷരം *(ഖാത്)*; ആശയമണ്ഡലത്തിൽ നിന്നുള്ള ഒരു കരടുചിത്രം; പകലിനെ വിളിച്ചോതുന്ന ഒരു ഇരുണ്ട വെളിച്ചമാണത്; അറിവിനാൽ നിറഞ്ഞിരിക്കുന്ന ഒരു കാർമേഘം; മൂകമാണെങ്കിലും സംസാരിക്കുന്നു; നിശ്ചലമാണെങ്കിലും സഞ്ചരിക്കുന്നു; കടലാസിൽ വിരിച്ചിട്ടതെങ്കിലും ഉയരങ്ങളിലേക്ക് പറന്നുകൊണ്ടിരിക്കും.

രിക്കുന്നതിനും അവയെ മനോഹരമായ പുറംചട്ടയ്ക്കുള്ളിലാക്കുന്നതിനും പുസ്തകം തുന്നിക്കെട്ടുന്നവരും ആവശ്യമായിരുന്നു. നിർമ്മാണം പൂർത്തിയാക്കിയ കൈയെഴുത്തുപ്രതിയെ ഒരു അമൂല്യവസ്തുവായും ബൗദ്ധികസമ്പത്തും സൗന്ദര്യവുമുള്ള അധ്വാനഫലമായും അവർ കണ്ടു. ഈ മനോഹരഗ്രന്ഥം യാഥാർഥ്യമാക്കുന്നതിന് രക്ഷാധികാരിയായി പ്രവർത്തിച്ച മുഗൾ ചക്രവർത്തിയുടെ അധികാരത്തെയാണ് ഇത് ദൃഷ്ടാന്തമാക്കുന്നത്.

അതേ സമയം, കൈയെഴുത്തു പ്രതികളുടെ യഥാർഥ നിർമ്മാണത്തിലേർപ്പെട്ടിരുന്ന ചിലർക്ക് അംഗീകാരമായി സ്ഥാനപ്പേരുകളും പാരിതോഷികങ്ങളും നൽകിയിരുന്നു. ഇവരിൽ കൈയെഴുത്തു ശാസ്ത്ര വിദഗ്ധർക്കും ചിത്രകാരന്മാർക്കും ഉയർന്ന സാമൂഹ്യപദവി ലഭിച്ചപ്പോൾ കടലാസ് നിർമ്മാതാക്കളും പുസ്തകം തുന്നിക്കെട്ടുന്നവരും അറിയപ്പെടാത്ത കൈത്തൊഴിലുകാരായി അവശേഷിച്ചു.

കൈയെഴുത്തു ശാസ്ത്രം (calligraphy) വളരെ പ്രാധാന്യമുള്ള ഒരു വൈദഗ്ധ്യമായി കണക്കാക്കിയിരുന്നു. വ്യത്യസ്ത ശൈലികൾ ഉപയോഗിച്ച് ഇത് പരിശീലിപ്പിച്ചിരുന്നു. ദീർഘവും തിരശ്ചീനവുമായ വരകളോട് കൂടിയ ഒരു ഒഴുക്കൻ രീതിയായ *നസ്താലിക് (nastaliq)* ആയിരുന്നു അക്ബറിന് ഏറ്റവും പ്രിയപ്പെട്ടത്. 5 മുതൽ 10 മില്ലിമീറ്റർ വരെ മുനയുള്ള *ഖലം (qalam)* എന്ന് വിളിച്ചിരുന്ന ഈറ്റത്തണ്ടിന്റെ ചെത്തിമിനുക്കിയ അറ്റം കരിമഷി *(സ്യാഹി)* യിൽ മുക്കിയാണ് ഇതെഴുതിയിരുന്നത്. *ഖലമി*ന്റെ നിബ്ബിന്റെ മധ്യഭാഗത്ത് മഷി വലിച്ചെടുക്കാനായി ഒരു വിടവുണ്ടാക്കിയിരുന്നു.



ചിത്രം 9.3
നസ്താലിക്കിലെ ഒരു ഏട്
അക്ബറിന്റെ കൊട്ടാരത്തിലെ ഏറ്റവും മികച്ച ഒരു കൈയെഴുത്തുകാരനും തന്റെ അക്ഷരങ്ങളിലെ പരിപൂർണമായ അനുപാതത്തിലുള്ള വടിവിനുള്ള അംഗീകാരമായി 'സരിൻകലം' (സുവർണതൂലിക) പദവി നൽകി ആദരിക്കപ്പെട്ടയാളുമായ കശ്മീരിലെ മുഹമ്മദ് ഹുസയിന്റെ രചന (ഉദ്ദേശം 1575- 1605).

കൈയെഴുത്തുകാരൻ ഏടിന്റെ കീഴ്ഭാഗത്ത് തന്റെ പേര് പതിച്ചിരുന്നു, അതിനായി ഏകദേശം അതിന്റെ നാലിലൊന്ന് ഭാഗം ഉപയോഗിച്ചിരിക്കുന്നു.

**ചർച്ച ചെയ്യുക...**

ഇന്നത്തെ പുസ്തക നിർമ്മാണം ഏതു വിധത്തിലാണ് മുഗൾ ദിനവൃത്താന്ത രചനകളുമായി സാമ്യപ്പെട്ടിരിക്കുന്നത് അഥവാ വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നാണ് നിങ്ങൾ കരുതുന്നത്?

## 3. ഛായാചിത്രങ്ങൾ (THE PAINTED IMAGE)

മുൻഭാഗങ്ങളിൽ നമ്മൾ കണ്ടതുപോലെ മുഗൾ കൈയെഴുത്തുപ്രതികളുടെ നിർമ്മാണത്തിൽ ചിത്രകാരന്മാരും പങ്കാളികളായിരുന്നു. ഒരു മുഗൾ ചക്രവർത്തിയുടെ ഭരണകാല സംഭവങ്ങൾ വിവരിക്കുന്ന ദിനവൃത്താന്തങ്ങളിൽ, രചിക്കപ്പെട്ട ഗ്രന്ഥഭാഗത്തോടൊപ്പം ഒരു സംഭവം വിശദീകരിക്കുന്ന ദൃശ്യ ചിത്രങ്ങളും ഉൾക്കൊണ്ടിരുന്നു. ഗ്രന്ഥത്തിലെ പ്രമേയങ്ങൾക്കും രംഗങ്ങൾക്കും ദൃശ്യാവിഷ്കാരം നൽകേണ്ടിവരുമ്പോൾ പകർപ്പെഴുത്തുകാർ തൊട്ടടുത്ത പുറങ്ങൾ ഒഴിച്ചിട്ടിരുന്നു. വാക്കുകളുടെ വിവരണങ്ങൾക്കനുസൃതമായി കലാവിദഗ്ധർ പ്രത്യേകമായി വരച്ച ചിത്രങ്ങൾ ഇടയിൽ കൂട്ടിച്ചേർത്തിരുന്നു. ഈ ചിത്രങ്ങളെല്ലാം ചെറുചിത്രങ്ങൾ (miniatures) ആയിരുന്നു. അതുകൊണ്ട്, അവ കൈമാറ്റംചെയ്തു കാണുന്നതിനും കൈയെഴുത്തു പുറങ്ങളിൽ ഒട്ടിച്ചുവയ്ക്കുന്നതിനും കഴിയുമായിരുന്നു.

ചിത്രങ്ങൾ പുസ്തകങ്ങളുടെ ഭംഗി വർധിപ്പിച്ചു എന്നു മാത്രമല്ല, ലിഖിത മാധ്യമങ്ങൾക്ക് ചെയ്യാൻ കഴിയാത്ത, രാഷ്ട്രത്തെക്കുറിച്ചും രാജാധികാര

ത്തെക്കുറിച്ചുമുള്ള ആശയങ്ങൾ പലതരത്തിലും വിനിമയം ചെയ്യുവാനുള്ള പ്രത്യേക ശക്തി, അവയ്ക്കുണ്ടെന്ന് വിശ്വസിക്കപ്പെടുകയും ചെയ്തു. ചരിത്രകാരനായ അബുൾഫസൽ ചിത്രകലയെ ഒരു "മാന്ത്രികകല" എന്നാണ് വിശേഷിപ്പിച്ചത്. അചേതന വസ്തുക്കൾക്ക് ജീവനുണ്ടെന്ന് തോന്നിപ്പിക്കുവാനുള്ള ശക്തി അവയ്ക്കുണ്ടെന്ന് അദ്ദേഹം വീക്ഷിച്ചു.

ചിത്രനിർമ്മാണത്തിന്റെ ഭാഗമായി ചക്രവർത്തിയെയും കൊട്ടാരത്തെയും അതിന്റെ ഭാഗമായ ആളുകളെയും ചിത്രരൂപത്തിൽ വർണിക്കുന്നത് ഭരണകർത്താക്കളും മുസ്‌ലിം യാഥാസ്ഥിതികരായ *ഉലമ*മാരും തമ്മിൽ തുടർച്ചയായ സംഘർഷാവസ്ഥയ്ക്ക് കാരണമായിത്തീർന്നിരുന്നു. പ്രവാചകനായ മുഹമ്മദിന്റെ ജീവിതത്തിലെ ഒരു സംഭവം വിവരിച്ചുകൊണ്ട്, ഖുർആനിലും *ഹദീസി*ലും സ്പഷ്ടമാക്കപ്പെട്ടിട്ടുള്ള, മനുഷ്യരുടെ ചിത്രം വരയ്ക്കുന്നതിനുള്ള നിരോധനം ഉയർത്തിക്കാട്ടുന്ന



*ചിത്രം 9.4*
*ഒരു മുഗൾ കിതാബ്ഖാന (പുസ്തക ശേഖരമുറി)*

➲ തന്നിരിക്കുന്ന ലഘുചിത്രത്തിൽ നിന്ന് മുഗൾ കൈയെഴുത്തുപ്രതികളുടെ നിർമ്മാണത്തിലുൾപ്പെട്ടിരുന്ന വിവിധ ജോലികൾ തിരിച്ചറിയുക.

*സ്രോതസ് 1*

## *തസ്വീറി*നെ പ്രകീർത്തിച്ച്
## (In praise of *taswir* )

അബുൾ ഫസൽ ചിത്രകലയ്ക്ക് വളരെയധികം ആദരവ് നൽകിയിരുന്നു:

ഏതൊന്നിനെയും തന്നതു രൂപത്തിൽ വരച്ചെടുക്കുന്നതിനെയാണ് *തസ്വീർ* (ഛായാചിത്രം) എന്നുപറയുന്നത്. ചക്രവർത്തി തിരുമനസ്സ് തന്റെ നന്നേ ചെറുപ്പകാലം മുതൽതന്നെ ഈ കലയോട് വലിയ പ്രതിപത്തി കാണിക്കുകയും ഈ കലയെ പഠനത്തിനും ഒപ്പം വിനോദത്തിനുമുള്ള ഉപാധിയായി നോക്കിക്കാണുന്നതിനാൽ എല്ലാ പ്രോത്സാഹനവും നൽകുകയും ചെയ്യുന്നു. അസംഖ്യം ചിത്രകാരരെ ഛായാചിത്രങ്ങൾ വരയ്ക്കുന്നതിനായി സജ്ജരാക്കിയിട്ടുണ്ട്. ഓരോ ആഴ്ചയിലും കൊട്ടാരം പണിപ്പുരയിലെ നിരവധി മേൽനോട്ടക്കാരും ഗുമസ്തരും ഓരോ കലാകാരന്റെയും സൃഷ്ടികൾ ചക്രവർത്തിക്കുമുന്നിൽ കാഴ്ചവയ്ക്കുകയും ചക്രവർത്തി അവർക്ക് പാരിതോഷികം നൽകുകയും കലാകാരരുടെ മികവിനനുസരിച്ച് അവരുടെ പ്രതിമാസ ശമ്പളങ്ങളിൽ വർധനവ് വരുത്തുകയും ചെയ്യുന്നു. ഏറ്റവും മികച്ച ചിത്രകാരരെ ഇപ്പോൾ കണ്ടെത്തേണ്ടതുണ്ട്. ഒപ്പം ബിഹ്സാദിന്റേതിന് തുല്യം മൂല്യമുള്ള അവരുടെ ഉത്കൃഷ്ട രചനകൾ ലോകപ്രശസ്തിനേടിയ യൂറോപ്യൻ ചിത്രകാരരുടെ അതിശയകരമായ രചനകളോട് ചേർത്തുവയ്ക്കുകയും ചെയ്തേക്കാം. ചെറു ചിത്രങ്ങളിൽ ഇപ്പോൾ പാലിച്ചിട്ടുള്ള സൂക്ഷ്മത, പൊതുവായി കണ്ടുവരുന്ന മികവ്, ധീരമായ സാക്ഷാത്ക്കാരം എന്നിവ താരതമ്യങ്ങൾക്കതീതമാണ്; ജീവനില്ലാത്ത വസ്തുക്കൾപോലും അവരുടെ കരവിരുതിൽ ജീവസ്സുറ്റതായി കാണപ്പെടുന്നു. നൂറിലേറെ ചിത്രകാരന്മാർ ഈ കലയിൽ സുപ്രസിദ്ധ വിദഗ്ധന്മാരായി മാറിയിരിക്കുന്നു. ഹിന്ദു കലാകാരന്മാരെ സംബന്ധിച്ച് ഇത് പ്രത്യേകിച്ചും സത്യമാണ്. ചിത്രകലയെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ അവരുടെ രചനകൾ കടത്തിവെട്ടുന്നു. തീർച്ചയായും ഈ ലോകത്ത് അവർക്ക് തുല്യരായി മറ്റാരും ഇല്ല തന്നെ.

➲ അബുൾ ഫസൽ എന്തുകൊണ്ടാണ് ചിത്രരചനാകല പ്രാധാന്യമുള്ളതായി കരുതിയത്? ഈ കല അദ്ദേഹം എങ്ങനെയാണ് നിയമവിധേയമാക്കാൻ ശ്രമിച്ചത്?

തിൽ *ഉലമകൾ* ഒരിക്കലും പിന്നിലായിരുന്നില്ല. ജീവജാലങ്ങളെ അതിന്റെ സ്വാഭാവിക രീതിയിൽ ചിത്രീകരിക്കുന്നത് പ്രവാചകൻ വിലക്കിയിട്ടുണ്ടെന്നും ഇത് സൃഷ്ടികർമ്മത്തിലുള്ള ദൈവത്തിന്റെ അധികാരത്തിലേക്കുള്ള കലാകാരന്റെ കൈയേറ്റമായി കണക്കാക്കപ്പെടുമെന്നും പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് അവർ വാദിച്ചു. ഇത് ദൈവത്തിൽ മാത്രം അധിഷ്ഠിതമായ കർത്തവ്യമായി വിശ്വസിക്കപ്പെട്ടു.

എന്നിരുന്നാലും, കാലാന്തരങ്ങളിൽ *ഷരിയ*യുടെ വ്യാഖ്യാനങ്ങളിൽ മാറ്റമുണ്ടായി. ഇസ്ലാമിക പാരമ്പര്യ ചട്ടക്കൂടിനെ വിവിധ സാമൂഹ്യവിഭാഗങ്ങൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ചു. പലപ്പോഴും തങ്ങളുടെ രാഷ്ട്രീയാവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ ഓരോ വിഭാഗവും പാരമ്പര്യങ്ങളെക്കുറിച്ചുള്ള തങ്ങളുടേതായ ധാരണകൾ മുന്നോട്ടുവച്ചു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന സാമ്രാജ്യ രൂപീകരണങ്ങൾക്കിടെ പല ഏഷ്യൻ പ്രദേശങ്ങളിലെയും മുസ്‌ലീം ഭരണാധികാരികൾ, തങ്ങളുടെ ചിത്രങ്ങളും രാജ്യത്തിലെ ജീവിത ദൃശ്യങ്ങളും ചിത്രീകരിക്കുവാൻ കലാകാരന്മാരെ നിയോഗിച്ചിരുന്നു. ഉദാഹരണത്തിന്, ഇറാനിലെ സഫാവിദ് രാജാക്കന്മാർ ഉത്കൃഷ്ടരായ കലാകാരന്മാരെ സംരക്ഷിക്കുകയും, കൊട്ടാരത്തോടനുബന്ധിച്ചുണ്ടായിരുന്ന പരിശീലനക്കളരികളിൽ ഇവർക്ക് പരിശീലനം നൽകുകയും ചെയ്തു. ബിഹ്സാദിനെപ്പോലുള്ള ചിത്രകാരന്മാരുടെ പേരുകൾ സഫാവിദ് കൊട്ടാരത്തിന്റെ സാംസ്കാരികപ്പെരുമ വിദൂരദേശങ്ങളിലേക്ക് വ്യാപിക്കുന്നതിന് സഹായകമായി.

ഇറാനിൽ നിന്നുള്ള കലാകാരന്മാരും മുഗൾ ഇന്ത്യയിൽ എത്തിയിരുന്നു. മിർ സയ്യിദ് അലി, അബ്ദുസ് സമദ് തുടങ്ങിയവരെ മുഗൾ കൊട്ടാരത്തിലേക്ക് കൊണ്ടു വന്നത്, ഹുമയൂൺ ചക്രവർത്തിയെ ഡൽഹിയിലേയ്ക്ക് അനുഗമിക്കാൻ അവസരം നൽകിക്കൊണ്ടാണ്. മറ്റുള്ളവർ, സംരക്ഷണവും അംഗീകാരങ്ങളും നേടാനുള്ള അവസരങ്ങൾ തേടിയാണ് ഇന്ത്യയിലേക്ക് കുടിയേറിയത്. ജീവജാലങ്ങളുടെ ദൃശ്യാവിഷ്ക്കാരം നടത്തുന്നതുമായി ബന്ധപ്പെട്ട്, ചക്രവർത്തിയും യാഥാസ്ഥിതിക മുസ്‌ലീം വിഭാഗങ്ങളുടെ വക്താക്കളും തമ്മിലുണ്ടായ തർക്കം മുഗൾക്കൊട്ടാരത്തിലെ സംഘർഷങ്ങളുടെ മുഖ്യ ഉറവിടമായിത്തീർന്നു. അക്ബറിന്റെ കൊട്ടാരചരിത്രകാരനായ അബുൾ ഫസൽ, ചക്രവർത്തിയുടെ വാക്കുകളെത്തന്നെ ഇങ്ങനെ സൂചിപ്പിച്ചിട്ടുണ്ട്: "ചിത്രരചന വെറുക്കുന്നവർ ധാരാളമുണ്ട്. എന്നാൽ അത്തരക്കാരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. സ്വന്തം സൃഷ്ടിക്ക് ജീവൻ നൽകാൻ തനിക്ക് കഴിയില്ല എന്ന് ഒരു കലാകാരൻ മനസ്സിലാക്കുമ്പോൾ അദ്ദേഹത്തിന് ദൈവത്തെ തിരിച്ചറിയാനുള്ള തന്റേതായ ഒരു വഴി തെളിയുമെന്ന് എനിക്ക് തോന്നുന്നു..."

➲ **ചർച്ച ചെയ്യുക...**

സാഹിത്യപരവും കലാപരവുമായ രചനകളെ ചിത്രകാരൻ (ചിത്രം 9.4) അവതരിപ്പിച്ചിരിക്കുന്നത് അബുൾ ഫസൽ ചെയ്തിരിക്കുന്നതിനോട് (സ്രോതസ്സ് 1) താരതമ്യപ്പെടുത്തുക.

## 4. അക്ബർനാമയും ബാദ്ഷാനാമയും (THE *AKBAR NAMA* AND THE *BADSHAH NAMA*)

പ്രധാനപ്പെട്ട മുഗൾ ഔദ്യോഗിക സചിത്ര ദിനവൃത്താന്തങ്ങളിൽ ഏറ്റവും പ്രസിദ്ധമായവയാണ് *അക്ബർനാമയും*, *ബാദ്ഷാനാമയും* (ഒരു രാജാവിന്റെ ദിനവൃത്താന്തം). ഓരോ കൈയെഴുത്തു പ്രതിയിലും യുദ്ധങ്ങൾ, ഉപരോധങ്ങൾ, നായാട്ട്, കെട്ടിടനിർമ്മാണം, രാജസദസ്സിലെ രംഗങ്ങൾ തുടങ്ങിയവ ഒന്നോ രണ്ടോ പുറങ്ങളിലായി വരച്ചിരിക്കുന്ന ചിത്രങ്ങൾ ശരാശരി 150 എണ്ണമുണ്ട്.

*അക്ബർനാമ*യുടെ കർത്താവായ അബുൾ ഫസൽ മുഗൾ തലസ്ഥാന

മായ ആഗ്രയിലാണ് വളർന്നത്. അറബി, പേർഷ്യൻ, ഗ്രീക്കുതത്ത്വചിന്ത, സൂഫിസം എന്നിവയിൽ അദ്ദേഹത്തിന് അഗാധമായ അറിവുണ്ടായിരുന്നു. അതിനുപുറമെ, സനിമായി യാഥാസ്ഥിതിക *ഉലമ*കളുടെ അഭിപ്രായങ്ങളോട് വിയോജിച്ചിരുന്ന ഒരു കർക്കശ സംവാദകനും സ്വതന്ത്ര ചിന്താഗതിക്കാരനുമായിരുന്നു അദ്ദേഹം. ഈ ഗുണങ്ങളിൽ ആകൃഷ്ടനായ അക്ബർ അദ്ദേഹം തന്റെ ഉപദേശകനും നയപരിപാടികളുടെ വക്താവുമാകാൻ എല്ലാ രീതിയിലും അനുയോജ്യനാണെന്നു കണ്ടു. മതയാഥാസ്ഥികത്വത്തിന്റെ നിയന്ത്രണത്തിൽ നിന്നും രാഷ്ട്രത്തെ സ്വതന്ത്രമാക്കുക എന്നതായിരുന്നു ചക്രവർത്തിയുടെ ഒരു പ്രധാന ലക്ഷ്യം. ഒരു കൊട്ടാരചരിത്രകാരൻ എന്നനിലയിൽ അബുൾ ഫസൽ അക്ബറിന്റെ ഭരണവുമായി ബന്ധപ്പെട്ട ആശയങ്ങൾക്ക് രൂപം നൽകുകയും അവയെ സ്പഷ്ടമാക്കുകയും ചെയ്തു.

1589 ൽ ആരംഭിച്ച്, കരടുരൂപത്തിന് പലവട്ടം ഭേദഗതികൾ വരുത്തിക്കൊണ്ട്, 13 വർഷക്കാലം അദ്ദേഹം *അക്ബർനാമ*യുടെ രചനയ്ക്കായി പ്രവർത്തിച്ചു. സംഭവങ്ങളുടെ യഥാർഥരേഖകൾ *(വാഖായ്)*, ഔദ്യോഗിക പ്രമാണങ്ങൾ, അറിവുള്ള വ്യക്തികളിൽനിന്നു ശേഖരിച്ച വാക്കാലുള്ള സാക്ഷ്യപത്രങ്ങൾ തുടങ്ങി നിരവധി സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ആ ദിനവൃത്താന്തം.

*അക്ബർനാമ*യെ മൂന്നുപുസ്തകങ്ങളായി വിഭജിച്ചിരിക്കുന്നു. ഇവയിൽ ആദ്യത്തെ രണ്ടു പുസ്തകങ്ങളും ദിനവൃത്താന്തങ്ങളാണ്. *അയ്ൻ-ഇ-അക്ബരി*യാണ് മൂന്നാമത്തെ ഗ്രന്ഥം. ആദം മുതലുള്ള മാനവരാശിയുടെ ചരിത്രത്തിൽ തുടങ്ങി അക്ബറിന്റെ ജീവിതത്തിലെ ഒരു ദിവ്യചക്രം (30 വർഷങ്ങൾ) വരെയാണ് ആദ്യഖണ്ഡത്തിലുള്ളത്. രണ്ടാമത്തെ പുസ്തകം അക്ബറിന്റെ 46-ാമത്തെ ഭരണവർഷത്തിൽ (1601) അവസാനിക്കുന്നു. അടുത്ത വർഷംതന്നെ സലിം രാജകുമാരൻ ആസൂത്രണം ചെയ്ത ഒരു ഗൂഢാലോചനയ്ക്കിരയായ അബുൾ ഫസൽ, സലിം രാജകുമാരന്റെ കൂട്ടാളിയായ ബീർസിംഗ് ബുന്ദേലയാൽ കൊലചെയ്യപ്പെടുകയാണുണ്ടായത്.

അക്ബറുടെ ഭരണത്തിന്റെ വിസ്തൃതമായ വിശദീകരണം നൽകുന്നതിനാണ് *അക്ബർനാമ* രചിക്കപ്പെട്ടത്. കാലത്തിലൂടെ ഇതൾ വിരിയുന്ന രീതിയിൽ തയാറാക്കിയിട്ടുള്ള രാഷ്ട്രീയ പ്രാധാന്യമുള്ള സംഭവങ്ങളുടെ ഈ വിവരണമായി പരമ്പരാഗതശൈലിയിലാണ് ഇത് എഴുതപ്പെട്ടത്. അതോടൊപ്പം അക്ബറുടെ സാമ്രാജ്യത്തിന്റെ ഭൂമിശാസ്ത്രപരവും സാമൂഹികവും ഭരണപരവും സാംസ്കാരികപരവുമായ എല്ലാ വശങ്ങളെയും കാലഗണന കൂടാതെ സമൃക്കായി അവതരിപ്പിക്കുന്ന പുതുശൈലിയും ഉപയോഗിക്കപ്പെട്ടു. ഹിന്ദുക്കളും ജൈനരും, ബൗദ്ധരും മുസ്ലീങ്ങളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന ഒരു ജനതയും ഒരു സംയോജിത സംസ്ക്കാരവുമുള്ള മുഗൾ സാമ്രാജ്യത്തിന്റെ ചിത്രമാണ് *അയ്ൻ-ഇ-അക്ബരി* അവതരിപ്പിക്കുന്നത്.

ആലങ്കാരികമായ ഒരു ഭാഷയിലാണ്, അബുൾ ഫസൽ എഴുതിയത്. ഈ കൃതികൾ പലപ്പോഴും ഉച്ചത്തിൽ വായിച്ചിരുന്നതിനാൽ പദവിന്യാസത്തിനും താളത്തിനും പ്രാധാന്യം കല്പിച്ചിരുന്നു. രാജസദസ്സിൽ ഈ ഇൻഡോ-പേർഷ്യൻ ശൈലിയാണ് പ്രോൽസാഹിപ്പിച്ചിരുന്നത്. അബുൾ ഫസലിനെപ്പോലെ എഴുതാനാഗ്രഹിച്ച നിരവധി എഴുത്തുകാർ അന്നുണ്ടായിരുന്നു.

അബുൾ ഫസലിന്റെ ശിഷ്യനായിരുന്ന അബ്ദുൽ ഹമീദ് ലാഹോരിയാണ് *ബാദ്ഷാനാമ*യുടെ കർത്താവായി അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ കഴിവുകൾ കേട്ടറിഞ്ഞ ഷാജഹാൻ ചക്രവർത്തി *അക്ബർ നാമ*യുടെ മാതൃകയിൽ തന്റെ ഭരണചരിത്രം രചിക്കുവാൻ അദ്ദേഹത്തെ നിയോഗിച്ചു. ഓരോ പത്ത്

ഒരു *ഡയാക്രോണിക്* വിവരണം കാലാകാലങ്ങളിലുണ്ടായ വികാസങ്ങളെ അന്വേഷിക്കുന്നു. എന്നാൽ ഒരു *സിങ്ക്രോണിക്* വിവരണമാകട്ടെ ഒരു പ്രത്യേക നിമിഷത്തിലോ അഥവാ ഒരു സമയഘട്ടത്തിലോ ഉള്ള ഒന്നോ അതിലധികമോ സാഹചര്യങ്ങൾ ചിത്രീകരിക്കുന്നു.

### *ബാദ്ഷാനാമ* യുടെ സഞ്ചാരങ്ങൾ (Travels of the *Badshah Nama*)

അമൂല്യങ്ങളായ കൈയെഴുത്തു പ്രതികൾ സമ്മാനമായി നൽകുന്നത് മുഗളരുടെ കീഴിലെ ഒരു നയതന്ത്ര രീതിയായിരുന്നു. ഇതിന്റെ അനുകരണമെന്നോണം അവധിലെ നവാബ്, സചിത്രമായ *ബാദ്ഷാ നാമ*, ജോർജ് മൂന്നാമൻ രാജാവിന് 1799 ൽ സമ്മാനിച്ചു. അന്നുമുതൽ അത് ഇംഗ്ലീഷ് രാജകീയ ശേഖരത്തിൽ സൂക്ഷിച്ചുവരുന്നു, ഇപ്പോൾ വിൻഡ്സർ കൊട്ടാരത്തിൽ.

1994 ൽ സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമായി വന്നപ്പോൾ പുറംചട്ടയിൽ നിന്നു കൈയെഴുത്തുപ്രതി വേർപെടുത്തേണ്ടിവന്നു. ഇത് അതിലെ ചിത്രങ്ങളുടെ പ്രദർശനത്തിന് വഴിയൊരുക്കി, ആദ്യമായി 1997 ൽ *ബാദ്ഷാനാമ*യിലെ ചിത്രങ്ങൾ ഡൽഹിയിലും ലണ്ടനിലും വാഷിംഗ്ടണിലും പ്രദർശനത്തിനു വച്ചു.

ചാന്ദ്രവർഷങ്ങളിലെയും ചരിത്രം വിവരിക്കുന്ന മൂന്നു വാല്യങ്ങളിലായുള്ള (*ദഫ്താർസ്*) ഔദ്യോഗിക ചരിത്രമാണ് *ബാദ്ഷാനാമ*. ചക്രവർത്തിയുടെ ഭരണത്തിലെ ആദ്യ രണ്ടു ദശാബ്ദങ്ങൾ (1627-47) ഉൾപ്പെടുത്തിയാണ് ലാഹോരി പുസ്തകത്തിന്റെ ഒന്നും രണ്ടും വാല്യങ്ങൾ (*ദഫ്താർസ്*) രചിച്ചത്. ഷാജഹാന്റെ *വസീർ* (*Wazir*) ആയിരുന്ന സാദുള്ളാ ഖാൻ ഈ വാല്യങ്ങൾ പിൽക്കാലത്ത് പരിഷ്ക്കരിച്ചു. വാർധക്യകാല അവശതകൾ കാരണം മൂന്നാം ദശാബ്ദത്തിന്റെ ചരിത്രമെഴുതാൻ ലാഹോരിക്കായില്ല. ചരിത്രകാരനായ വാരിസ് ആണ് പിന്നീട് കാലാനുസൃതമായി ഇതു രചിച്ചത്.

കോളനി ഭരണകാലത്ത്, ബ്രിട്ടീഷ് ഭരണകർത്താക്കൾ ഇന്ത്യാചരിത്രം പഠിക്കുവാനും തങ്ങൾ ഭരിക്കാൻ തീരുമാനിച്ച സാമ്രാജ്യത്തിലെ ജനതയെയും അവരുടെ സംസ്ക്കാരത്തെയും കൂടുതൽ നന്നായി മനസ്സിലാക്കുവാൻ സഹായകമാകുന്നതിനായി ഈ ഉപഭൂഖണ്ഡത്തെക്കുറിച്ചുള്ള ഒരു പുരാവിജ്ഞാനശേഖരം ഉണ്ടാക്കുവാനും തുടങ്ങി. 1784 ൽ സർ വില്യം ജോൺസ് സ്ഥാപിച്ച ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ നിരവധി ഇന്ത്യൻ കൈയെഴുത്തുപ്രതികളുടെ ചിട്ടപ്പെടുത്തലും അച്ചടിയും പരിഭാഷയും ഏറ്റെടുത്തു.

*അക്ബർനാമ* യുടെയും *ബാദ്ഷാനാമ* യുടെയും ചിട്ടപ്പെടുത്തിയ പതിപ്പുകൾ ആദ്യമായി, പത്തൊൻപതാം നൂറ്റാണ്ടിൽ, ഏഷ്യാറ്റിക് സൊസൈറ്റിയാണ് പ്രസിദ്ധീകരിച്ചത്; നിരവധിവർഷത്തെ കഠിനപ്രയത്നങ്ങൾക്കുശേഷം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഹെന്റി ബെവറിഡ്ജ് (Henry Beveridge) *അക്ബർനാമ* ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. *ബാദ്ഷാനാമ* യിലെ ചില ഉദ്ധരണികൾ മാത്രമെ ഇതുവരെ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളൂ. ഈ ഗ്രന്ഥം അതിന്റെ സമ്പൂർണമായ വിവർത്തനത്തിനായി ഇപ്പോഴും കാത്തിരിക്കുന്നു.

**ചർച്ചചെയ്യുക....**

നിങ്ങളുടെ പട്ടണത്തിൽ അഥവാ ഗ്രാമത്തിൽ കയ്യെഴുത്തുപ്രതികളിൽ ചിത്രങ്ങൾ വരയ്ക്കുന്ന രീതി ഉണ്ടായിരുന്നോ എന്നു കണ്ടെത്തുക. ആരാണ് ഈ കൈയെഴുത്തുപ്രതികൾ തയാറാക്കിയത്? എന്തൊക്കെ വിഷയങ്ങളാണ് അവർ കൈകാര്യം ചെയ്തിരുന്നത്? എങ്ങനെയാണ് ഈ കൈയെഴുത്തുപ്രതികൾ സംരക്ഷിക്കപ്പെട്ടത്?

**പ്രകാശിക്കാനുള്ള കഴിവിനെക്കുറിച്ചുള്ള ധാരണകളുടെ കൈമാറ്റം (The transmission of notions of luminosity)**

പ്ലേറ്റോയുടെ *റിപ്പബ്ലിക്കിൽ* നിന്നാണ് സുഹ്രവർദികളുടെ തത്ത്വശാസ്ത്രത്തിന്റെ ഉത്ഭവം, അവിടെ സൂര്യന്റെ ചിഹ്നമാണ് ദൈവത്തെ പ്രതിനിധീകരിക്കുന്നത്. ഇസ്ലാമിക ലോകത്തിൽ സുഹ്രവർദിയുടെ രചനകൾ സാർവത്രികമായി വായിക്കപ്പെട്ടു. അവ ഷെയ്ക്-മുബാരക് പഠിക്കുകയും അദ്ദേഹത്തിനു കീഴിൽ പരിശീലിപ്പിക്കപ്പെട്ട തന്റെ പുത്രന്മാരായ ഫൈസിക്കും അബുൾ ഫസലിനും അത് പകർന്ന് നൽകുകയും ചെയ്തു.

## 5. ആദർശരാജ്യം (THE IDEAL KINGDOM)

### 5.1 ഒരു ദിവ്യപ്രകാശം (A divine light)

മുഗൾ രാജാക്കന്മാരുടെ അധികാരം ദൈവത്തിൽനിന്ന് നേരിട്ട് ലഭിച്ചതാണെന്ന് കാണിക്കുവാൻ കൊട്ടാര ദിനവൃത്താന്ത രചയിതാക്കൾ പല സ്രോതസ്സുകളും ശേഖരിച്ചിരുന്നു. മംഗോൾ രാജ്ഞിയായ അലൻകാ കൂടാരത്തിൽ വിശ്രമിക്കുമ്പോൾ, സൂര്യകിരണമേറ്റ് അവർ ഗർഭിണിയായി എന്നതാണ് അവർ വിവരിക്കുന്ന ഐതിഹ്യങ്ങളിലൊന്ന്. അവർ പ്രസവിച്ച സന്തതി ഈ ദിവ്യപ്രകാശത്തെ വഹിക്കുകയും തലമുറകളിൽനിന്നു തലമുറകളിലേക്ക് അത് കൈമാറുകയും ചെയ്തു.

ദൈവത്തിൽ നിന്നുത്ഭവിക്കുന്ന പ്രകാശം സ്വീകരിക്കുന്ന വസ്തുക്കളുടെതായ (*ഫർ-ഇ-ഇസാദി*) അധികാരശ്രേണിയുടെ ഏറ്റവും ഉയർന്നസ്ഥാനത്ത്



*ചിത്രം 9.5:*
*അബുൽഹസൻ വരച്ച ഈ ചിത്രം പ്രൗഢമായ വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ച് തന്റെ പിതാവായ അക്ബറിന്റെ ചിത്രം കൈയിൽ വച്ചിട്ടുള്ള ജഹാംഗീറിനെയാണ് കാണിക്കുന്നത്.*

സൂഫിപാരമ്പര്യങ്ങളിൽ ഉദ്ബുദ്ധമായ ആത്മാവുമായി ബന്ധപ്പെടുത്തുന്ന വെള്ളവസ്ത്രം ധരിച്ചാണ് അക്ബർ കാണപ്പെടുന്നത്. രാജവാഴ്ചയുടെ അധികാരത്തിന്റെ പ്രതീകമായി അദ്ദേഹം ഒരു ഭൂഗോളം കൈയിൽ വച്ചിട്ടുണ്ട്. മുഗൾസാമ്രാജ്യത്തിൽ ചക്രവർത്തിയുടെ ഏതു മകനാണ് സിംഹാസനത്തിൽ പിൻതുടർച്ചാവകാശിയാകേണ്ടത് എന്നു നിഷ്കർഷിക്കുന്ന ഒരു നിയമവും ഇല്ലായിരുന്നു. അതിനാൽ അധികാരത്തിൽ നിന്നുള്ള ഓരോ ഭരണമാറ്റവും തുടർന്നുവന്ന ഭ്രാതൃയുദ്ധമാണ് നിശ്ചയിച്ചിരുന്നത്. അക്ബറുടെ ഭരണത്തിന്റെ അവസാനകാലത്തിൽ, സലിം രാജകുമാരൻ തന്റെ പിതാവിനെതിരെ കലാപം ഉണ്ടാക്കുകയും അധികാരം പിടിച്ചെടുക്കുകയും ജഹാംഗീർ എന്ന ബഹുമതിപ്പേര് സ്വീകരിക്കുകയും ചെയ്തു.

➲ ഈ ചിത്രം പിതാവും മകനും തമ്മിലുള്ള ബന്ധത്തെ എങ്ങനെയാണ് വിവരിക്കുന്നത്? ചക്രവർത്തിമാരെ മുഗൾകലാകാരന്മാർ എപ്പോഴും ഇരുണ്ടതോ മങ്ങിയതോ ആയ പശ്ചാത്തലത്തിൽ ചിത്രീകരിച്ചത് എന്തുകൊണ്ടെന്നാണ് നിങ്ങൾ കരുതുന്നത്? ഈ ചിത്രത്തിലെ പ്രകാശത്തിന്റെ ഉറവിടങ്ങൾ ഏതൊക്കെയാണ്?

അബുൾ ഫസൽ മുഗൾ രാജപദത്തെ പ്രതിഷ്ഠിച്ചു. ഈ ആശയം ആദ്യം വികസിപ്പിച്ചെടുത്ത പ്രശസ്ത ഇറാനിയൻ സൂഫിയായിരുന്ന ഷിഹാബുദ്ദീൻ സുഹ്രവർദിയാണ് (മരണം 1191) അബുൾ ഫസലിനെ, ഇവിടെ സ്വാധീനിച്ചത്. ഈ ആശയം അനുസരിച്ച് അധികാരശ്രേണിയിൽ, രാജാവിന് ദിവ്യപ്രകാശം പകർന്നു ലഭിക്കുമെന്നും തുടർന്ന് അദ്ദേഹം തന്റെ പ്രജകൾക്ക് ആത്മീയമാർഗനിർദേശം നൽകുന്നതിനുള്ള ഉറവിടമായിത്തീരുമെന്നുമാണ് പറയുന്നത്.

ദിനവൃത്താന്തങ്ങളുടെ വിവരണങ്ങളോടൊപ്പമുള്ള ചിത്രങ്ങൾ, ഈ ആശയങ്ങൾ കാഴ്ചക്കാരുടെ മനസ്സുകളിൽ സ്ഥായിയായ മതിപ്പുളവാക്കുന്ന രീതിയിലാണ് പ്രസരിപ്പിച്ചത്. പതിനേഴാം നൂറ്റാണ്ടുമുതൽ മുഗൾ കലാകാരന്മാർ ചക്രവർത്തിമാരുടെ ചിത്രങ്ങളിൽ ഒരു ദീപ്തിവലയം ചിത്രീകരിക്കാൻ തുടങ്ങി. യൂറോപ്യർ വരച്ച ക്രിസ്തുവിന്റെയും കന്യാമറിയത്തിന്റെയും ചിത്രങ്ങളിൽ ഇത് ദൈവിക വെളിച്ചത്തെ പ്രതീകവൽക്കരിക്കുന്നതായി അവർ കണ്ടതായിരുന്നു അവരുടെ മാതൃക.

## 5.2 ഒരു ഏകീകരണശക്തി (A unifying force)

ഹിന്ദുക്കൾ, ജൈനർ, സൊറാസ്ട്രിയർ, മുസ്‌ലീങ്ങൾ തുടങ്ങി വ്യത്യസ്ത വംശീയ - മത സമൂഹങ്ങൾ ഉൾപ്പെട്ടതായിട്ടാണ് മുഗൾ സാമ്രാജ്യത്തെ ദിനവൃത്താന്തങ്ങൾ ചൂണ്ടിക്കാട്ടുന്നത്. എല്ലാ സമാധാനത്തിന്റെയും സുസ്ഥിരതയുടെയും ഉറവിടമെന്ന നിലയിൽ ചക്രവർത്തി, എല്ലാ മതവംശീയ വിഭാഗങ്ങൾക്കും അതീതമായി നിലകൊള്ളുകയും അവർക്കിടയിൽ മധ്യസ്ഥത വഹിക്കുകയും നീതിയും സമാധാനവും നിലനിർക്കുന്നു എന്നുറപ്പുവരുത്തുകയും ചെയ്തു. *സുൽഹ് - ഇ - കുൽ* (സമ്പൂർണ സമാധാനം) എന്ന ആശയം പ്രബുദ്ധഭരണത്തിന്റെ ആധാരശിലയായിട്ടാണ് അബുൾ ഫസൽ വിവരിക്കുന്നത്. *സുൽഹ് - ഇ - കുൽ* പ്രകാരം ഭരണകൂടത്തിന്റെ അധികാരത്തെ ദുർബലപ്പെടുത്തുകയോ പരസ്പരം പോരടിക്കുകയോ ചെയ്യില്ല എന്ന നിബന്ധനയോടെ എല്ലാ മതങ്ങൾക്കും ചിന്താധാരകൾക്കും പ്രകടനസ്വാതന്ത്ര്യം നൽകി.



രാഷ്ട്രത്തിന്റെ നയപരിപാടികളിലുടെയായിരുന്നു സുൽഹ്-ഇ-കുൽ ആശയം നടപ്പിലാക്കിയത്. ഇറാനികൾ, തുറാനികൾ, അഫ്ഗാനികൾ, രജപുത്രർ, ഡെക്കാനികൾ തുടങ്ങിയവർ ഉൾപ്പെട്ട ഒരു മിശ്രവിഭാഗമായിരുന്നു മുഗൾ കാലഘട്ടത്തിലെ പ്രഭുവർഗം. സേവനസന്നദ്ധതയുടെയും രാജാവിനോടുള്ള വിശ്വസ്തതയുടെയും അടിസ്ഥാനത്തിൽ മാത്രമേ അവർക്ക് സ്ഥാനമാനങ്ങളും പാരിതോഷികങ്ങളും നൽകിയിരുന്നുള്ളൂ. 1563-ൽ തീർഥാടനനികുതിയും 1564-ൽ *ജിസിയ*യും അക്ബർ നിരോധിച്ചു. കാരണം ഇവരണ്ടും മതവിവേചനത്തെ അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. ഭരണരംഗത്ത് *സുൽഹ്-ഇ-കുൽ* നീതിസൂത്രം പിന്തുടരണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദേശങ്ങൾ അയച്ചു.

ആരാധനാലയങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനും പിന്തുണയായി എല്ലാ മുഗൾ ചക്രവർത്തിമാരും സംഭാവനയും പ്രോത്സാഹനവും നൽകിയിരുന്നു. യുദ്ധകാലങ്ങളിൽ ക്ഷേത്രങ്ങൾ തകർക്കപ്പെടുമ്പോൾപ്പോലും അവയുടെ അറ്റകുറ്റപ്പണികൾക്കായി പിന്നീട് സഹായങ്ങൾ നൽകിയത് ഷാജഹാന്റെയും ഔറംഗസീബിന്റെയും ഭരണകാലങ്ങളിൽ നിന്നും നമുക്കറിയാമല്ലോ. എന്നിരുന്നാലും, ഔറംഗസീബിന്റെ ഭരണകാലത്ത് അമുസ്ലീം പ്രജകൾക്കുമേൽ *ജിസിയ* വീണ്ടും ചുമത്തപ്പെട്ടു.

## 5.3 ന്യായമായ പരമാധികാരം സാമൂഹിക ഉടമ്പടി എന്നനിലയിൽ (Just sovereignty as social contract)

*ചിത്രം 9.6*
*ജഹാംഗീർ രത്നഖചിതമായ ഒരു തലപ്പാവ് ഖുറം രാജകുമാരന് സമ്മാനിക്കുന്നു.*
*ബാദ്ഷാനാമയിൽ* നിന്നുള്ള ഒരു രംഗം പയാഗ് എന്ന കലാകാരൻ വരച്ചത്, ഏകദേശം 1640

*ചിത്രം 9.7*
*ദാരിദ്ര്യത്തിന്റെ രൂപത്തെ ജഹാംഗീർ അമ്പെയ്യുന്നു, അബുൽ ഹസൻ വരച്ച ചിത്രം*

ഈ കലാകാരൻ, ലക്ഷ്യത്തെ ഒരു ഇരുണ്ട മേഘത്താൽ ആവരണം ചെയ്തിരിക്കുന്നത് ഇതൊരു യഥാർഥ മനുഷ്യനല്ലെന്നും അമൂർത്തമായ ഒരു സ്ഥിതിവിശേഷത്തിന്റെ പ്രതീകമായ മനുഷ്യരൂപമാണെന്നും തോന്നിക്കുവാനാണ്. ഇത്തരത്തിൽ കലയിലും സാഹിത്യത്തിലുമുള്ള വ്യക്തിവത്ക്കരണ രീതിയെ രൂപകഥ എന്നു പറയുന്നു. നീതിയുടെ ചങ്ങല സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്നതായാണ് കാണിച്ചിട്ടുള്ളത്. ജഹാംഗീർ തന്റെ ഓർമ്മക്കുറിപ്പുകളിൽ നീതിയുടെ ചങ്ങലയെ വിവരിച്ചിട്ടുള്ളത് ഇങ്ങനെയാണ്:

> എന്റെ സിംഹാസനാരോഹണത്തിനു ശേഷം ഞാൻ നൽകിയ ആദ്യത്തെ കല്പന നീതിയുടെ ചങ്ങല ഉറപ്പിക്കാനുള്ളതായിരുന്നു. അങ്ങനെയാകുമ്പോൾ നീതിന്യായ ഭരണത്തിലേർപ്പെട്ടവർ നീതി നടപ്പാക്കുന്നതിൽ കാലവിളംബം വരുത്തുകയോ കാപട്യം കാണിക്കുകയോ ചെയ്താൽ നീതിനിഷേധിക്കപ്പെടുന്നവർ ചങ്ങലയുടെ അടുത്തേക്ക് വരുകയും അത് കുലുക്കുകയും ചെയ്താൽ അതിന്റെ ശബ്ദം ശ്രദ്ധ ആകർഷിക്കും. ഈ ചങ്ങല പരിശുദ്ധസ്വർണത്തിൽ 30 *ഗസ്* നീളത്തിൽ നിർമ്മിച്ചതും 60 മണികൾ ഉള്ളതുമായിരുന്നു.

➲ ചിത്രത്തിലെ പ്രതീകങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കുക. ഈ ചിത്രത്തിന്റെ സന്ദേശം സംഗ്രഹിക്കുക.



സാമൂഹിക ഉടമ്പടി എന്നാണ് പരമാധികാരത്തെ അബ്ദുൾ ഫസൽ നിർവചിച്ചത്. പ്രജകളുടെ നാല് സത്തകളെ ഒരു ചക്രവർത്തി സംരക്ഷിക്കുന്നതാണ്: ജീവൻ (*ജാൻ*), സ്വത്ത് (*മാൽ*), അഭിമാനം (*നമൂസ്*), വിശ്വാസം (*ദീൻ*) എന്നിവയാണവ. ഈ സംരക്ഷണത്തിന് പകരമായി പ്രജകളുടെ അനുസരണയും, വിഭവങ്ങളുടെ വിഹിതവും അദ്ദേഹം ആവശ്യപ്പെടുന്നു. നീതിമാൻമാരായ പരമാധികാരികൾക്ക് മാത്രമേ അധികാരത്തോടെയും ദൈവിക മാർഗനിർദേശത്തോടെയും ഈ ഉടമ്പടിയെ മാനിക്കുവാൻ കഴിയുമായിരുന്നുള്ളു.

മുഗൾ രാജവാഴ്ചയുടെ അത്യുന്നത മൂല്യമായി നിലനിന്നിരുന്ന 'നീതി' എന്ന ആശയത്തെ ദൃശ്യരൂപത്തിൽ ആവിഷ്ക്കരിക്കുവാൻ നിരവധി പ്രതീകങ്ങൾ സൃഷ്ടിക്കപ്പെട്ടു. കലാകാരന്മാർ ഉപയോഗിച്ചിരുന്ന പ്രധാന പ്രതീകങ്ങളിലൊന്നായിരുന്നു സമാധാനത്തോടെ പരസ്പരം തലോടുന്ന സിംഹത്തിന്റെയും കുഞ്ഞാടിന്റെയും രൂപങ്ങൾ. കരുത്തനും, ദുർബലനും ഒരു

➲ **ചർച്ച ചെയ്യുക....**

മുഗൾ സാമ്രാജ്യത്തിലെ രാജവാഴ്ചയുടെ പ്രധാനപ്പെട്ട നന്മയായി നീതിയെ പരിഗണിക്കപ്പെട്ടതെന്തുകൊണ്ട്?

പോലെ, ഐക്യത്തോടെ നില നിൽക്കുവാൻ കഴിയുന്ന ഒരുലോകത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. സചിത്ര *ബാദ്ഷാനാമ*യിലുള്ള രാജസഭാ ദൃശ്യങ്ങളിൽ ഇത്തരം പലതും ചക്രവർത്തിയുടെ സിംഹാസനത്തിന് തൊട്ടുതാഴെ സ്ഥാനം പിടിച്ചിരുന്നു. (ചിത്രം 9.6 കാണുക).

## 6. തലസ്ഥാനങ്ങളും രാജസഭകളും (CAPITALS AND COURTS)

### 6.1 തലസ്ഥാന നഗരങ്ങൾ (Capital cities)

രാജസഭ സമ്മേളിച്ചിരുന്ന തലസ്ഥാന നഗരമായിരുന്നു മുഗൾ സാമ്രാജ്യത്തിന്റെ ഹൃദയം. പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിൽ മുഗളർ അവരുടെ തലസ്ഥാനനഗരി ഇടയ്ക്കിടെ മാറ്റിക്കൊണ്ടിരുന്നു. ബാബർ, ലോദിമാരുടെ തലസ്ഥാനമായ ആഗ്ര പിടിച്ചെടുത്തുവെങ്കിലും അദ്ദേഹത്തിന്റെ നാലുവർഷത്തെ ഭരണത്തിനിടയ്ക്ക് രാജസഭ പലയിടങ്ങളിലുമാണ് കൂടിയത്. തൊട്ടടുത്ത പ്രദേശങ്ങളിലെ ഖനികളിൽനിന്ന് കൊണ്ടുവന്ന ചുവന്ന മണൽക്കല്ലുകൾകൊണ്ട് 1560 കളിൽ അക്ബർ ആഗ്രാ കോട്ട പണികഴിപ്പിച്ചു.

1570 കളിൽ ഫത്തേപുർ സിക്രി എന്ന ഒരു പുതിയ തലസ്ഥാനം നിർമ്മിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഒരു പ്രധാന തീർഥാടന കേന്ദ്രമായി മാറിയിരുന്ന ശെയ്ക്ക് മുയിനുദ്ദീൻ ചിശ്തിയുടെ *ദർഗ* സ്ഥിതി ചെയ്യുന്ന, അജ്മീറിലേക്കുള്ള പാതയിലാണ്, സിക്രി സ്ഥിതിചെയ്തിരുന്നത് എന്നതായിരിക്കാം ഈ ഉദ്യമത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണങ്ങളിൽ ഒന്ന്. ചിശ്തി *സിൽസിലാ*യിലെ സൂഫികളുമായി മുഗൾ ചക്രവർത്തിമാർ അടുത്തബന്ധം പുലർത്തിയിരുന്നു. സിക്രിയിലെ പ്രൗഢമായ വെള്ളിയാഴ്ച നമസ്കാരപ്പള്ളിക്കു സമീപം ശെയ്ക്ക് സലിം ചിശ്തിക്കുവേണ്ടി വെളുത്ത മാർബിളിൽ ഒരു ശവകുടീരം അക്ബർ പണികഴിപ്പിച്ചു. മുഗളരുടെ ഗുജറാത്തിലെ വിജയം കാഴ്ചക്കാരെ അനുസ്മരിപ്പിക്കുവാനാണ് കമാനാകൃതിയിലുള്ള അതിബൃഹത്തായ ഒരുകവാടം (ബുലന്ത് ദർവാസാ) പണി കഴിപ്പിച്ചത്. വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളെ നിയന്ത്രണ വിധേയമാക്കുവാൻ വേണ്ടി 1585 ൽ തലസ്ഥാനം ലാഹോറിലേക്കു മാറ്റുകയും അതിർത്തി പ്രദേശങ്ങളെ അക്ബർ 13 വർഷത്തോളം നേരിട്ടു നിരീക്ഷിക്കുകയും ചെയ്തു.

ചിത്രം 9.8
ബുലന്ത് ദർവാസ,
ഫത്തേപ്പൂർ സിക്രി



കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ വലിയ അഭിനിവേശം പുലർത്തിയിരുന്നയാളായിരുന്നു ഷാജഹാൻ. ശക്തമായ സാമ്പത്തിക നയങ്ങളിലൂടെ ഇതിനാവശ്യമായ പണം അദ്ദേഹം കണ്ടെത്തി. വംശാധികാരം, സമ്പത്ത്, പ്രതാപം എന്നിവയുടെ ഏറ്റവും ദൃശ്യവും വ്യക്തവുമായ അടയാളമായിരുന്നു രാജവാഴ്ച സംസ്ക്കാരങ്ങളുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ. ആദ്യകാല ഭരണാധികാരികളുടെ കാര്യത്തിൽ ഇത് നിങ്ങൾ കണ്ടിട്ടുള്ളതാണല്ലോ. മുസ്‌ലിം ഭരണാധികാരികൾ ഇതിനെ ഒരു ദൈവിക പ്രവൃത്തിയായും കണ്ടു.

1648 ൽ രാജസഭയും സൈന്യവും രാജകുടുംബവും

ആഗ്രയിൽനിന്ന് പുതുതായി പണികഴിപ്പിച്ച രാജകീയ തലസ്ഥാനമായ ഷാജഹാനാബാദിലേക്ക് മാറി. ചെങ്കോട്ടയും, ജമാമസ്ജിദും കമ്പോളങ്ങളോട് കൂടിയ, വൃക്ഷങ്ങളുടെ നിരകളുള്ള കോട്ട മൈതാനങ്ങളും (ചാന്ദിനി ചൗക്ക്) പ്രഭുക്കന്മാരുടെ വിശാലമായ വസതികളും പഴയ ജനവാസ നഗരമായ ഡൽഹിയിൽ പുതിയതായി കൂട്ടിച്ചേർക്കപ്പെട്ടു. പ്രൗഢമായ ഒരു രാജവാഴ്ചയുടെ ഔപചാരികമായ കാഴ്ചപ്പാടിന് അനുയോജ്യമായിരുന്നു ഷാജഹാന്റെ പുതിയ നഗരം.

## 6.2 മുഗൾ രാജസഭ (The Mughal court)

ചക്രവർത്തിയെ കേന്ദ്രീകരിച്ചുള്ള രാജസദസിന്റെ ഭൗതിക ക്രമീകരണം, സമൂഹത്തിന്റെ ഹൃദയമെന്ന നിലയിൽ അദ്ദേഹത്തിന്റെ പദവി പ്രതിഫലിപ്പിച്ചു. അതിനാൽ *തഖ്ത്* എന്നറിയപ്പെട്ട സിംഹാസനമായിരുന്നു അതിന്റെ കേന്ദ്രബിന്ദു. ഇത് *അച്ചുതണ്ടുശക്തി*യെന്ന നിലയിലുള്ള പരമാധികാരിയുടെ പ്രവർത്തനത്തിന് ഭൗതികരൂപം നൽകി. സഹസ്രാബ്ദങ്ങളായി ഇന്ത്യയിൽ, സിംഹാസനത്തിന്റെ മേലാപ്പ് എന്നത് രാജത്വത്തിന്റെ ഒരു പ്രതീകമായിരുന്നു. ഇതാണ് പരമാധികാരിയുടെ തീവ്രപ്രകാശത്തിൽനിന്ന് സൂര്യന്റെ പ്രഭയെ വേർപെടുത്തുന്നതെന്ന് വിശ്വസിക്കപ്പെട്ടിരുന്നു.

ഭൂമിക്ക് പിൻതുണ നൽകുന്നു എന്ന തരത്തിൽ ചിത്രീകരിച്ചിട്ടുള്ള സ്തംഭത്തെയോ ധ്രുവത്തെയോ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു ലത്തീൻ ഭാഷാ ശൈലിയാണ് *അച്ചുതണ്ടുശക്തി (Axis Mundi)* എന്നത്.

മുഗൾ വരേണ്യവർഗങ്ങൾക്കിടയിലെ പദവി നിർവചിക്കുന്ന നിയമാവലികൾ കൃത്യതയോടെ ദിനവൃത്താന്തങ്ങളിൽ രേഖപ്പെടുത്തിയിരുന്നു. രാജസഭയിൽ രാജാവിന്റെ ഇരിപ്പിടവുമായുള്ള സാമീപ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു, ഒരാളിന്റെ പദവി നിർണയിക്കപ്പെട്ടിരുന്നത്. ഭരണാധികാരി ഒരു രാജസഭാംഗത്തിന് അനുവദിക്കുന്ന ഇരിപ്പിടം ചക്രവർത്തിയുടെ കണ്ണിൽ അദ്ദേഹത്തിനുള്ള

*സ്രോതസ്സ് 2*

### *ദർബാർ - ഇ - അക്ബരി (Darbari Akbari)*

അക്ബറിന്റെ ദർബാറിനെക്കുറിച്ച് അബുൾ ഫസൽ വിശദമായ വിവരണം നൽകുന്നുണ്ട്.

ചക്രവർത്തി തിരുമനസ് (അക്ബർ) രാജസഭ (*ദർബാർ*) കൂടുമ്പോഴൊക്കെ ഒരു വലിയ പെരുമ്പറ മുഴങ്ങും, അതിന്റെ ശബ്ദത്തെതുടർന്ന് ദൈവികസ്തുതികൾ ഉയരുന്നു. ഇത്തരത്തിൽ എല്ലാവിഭാഗം ജനങ്ങൾക്കും സൂചന ലഭിക്കുന്നു. തിരുമനസ്സിന്റെ മക്കൾ ചെറുമക്കൾ, സഭയിലെ ഉന്നതസ്ഥാനീയർ, കൂടാതെ പ്രവേശനംനേടിയ മറ്റെല്ലാപേരും '*കോർണിഷ്*' എന്ന രാജകീയ അഭിവാദനം അർപ്പിക്കുകയും തുടർന്ന് അവരവരുടെ സ്ഥാനങ്ങളിൽ നിൽക്കുകയും ചെയ്യുന്നു. പ്രശസ്തരും കഴിവുറ്റവരുമായ പണ്ഡിതരും നിപുണരായ യന്ത്രവിദഗ്ധരും, തങ്ങളുടെ ആദരവ് നൽകുന്നു; നീതിന്യായ ഉദ്യോഗസ്ഥർ തങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നു. ചക്രവർത്തി തിരുമനസ്സ് തന്റെ സ്വാഭാവികമായ ഉൾക്കാഴ്ചയോടെ കൽപനകൾ നൽകുകയും എല്ലാം തൃപ്തികരമായ രീതിയിൽ പരിഹരിക്കുകയും ചെയ്യുന്നു. മുഴുവൻ സമയവും എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള മല്ലന്മാരും ഗുസ്തിക്കാരും എന്തിനും തയാറായി നിൽക്കുകയും ഗായകരും ഗായികമാരും കാത്തിരിക്കുകയും ചെയ്യുന്നു. കൗശലക്കാരായ ചെപ്പടിവിദ്യക്കാരും രസികരായ അഭ്യാസികളും തങ്ങളുടെ കരവിരുതും ചുറുചുറുക്കും പ്രകടിപ്പിക്കാൻ ഉത്കണ്ഠാപൂർവം നിൽക്കും.

➲ദർബാറിൽ നടക്കുന്ന പ്രധാനപ്രവർത്തനങ്ങൾ വിവരിക്കുക.

*കോർണിഷ്* എന്നത് ഒരുതരം ഉപചാര അഭിവാദനരീതിയാണ്; ഇതിൽ സദസ്യൻ തന്റെ വലതുകൈപ്പത്തി തന്റെ നെറ്റിക്ക് അഭിമുഖമായി വച്ച് ശിരസ്സ് നമിക്കുന്നു. ഇതു സൂചിപ്പിക്കുന്നത്, ആ പ്രജ അയാളുടെ ചിന്തയുടെയും മനസ്സിന്റെയും ഇരിപ്പിടമായ ശിരസ്സിനെ വിനയത്തിന്റെ കൈയിൽ വച്ച് രാജസദസിൽ സമർപ്പിക്കുന്നു എന്നാണ്

വലതുകൈയുടെ പിറകുവശം തറയിൽ വച്ചുകൊണ്ട് ആരംഭിച്ച് ആ വ്യക്തി മുകളിലേക്ക് നിവരുന്നതോടെ മെല്ലെ ഉയർത്തുകയും തന്റെ കൈപ്പത്തി, മൂർധാവ് വരെ കൊണ്ടെത്തിക്കുകയും ചെയ്യുന്ന ഒരു അഭിവാദനമാണ് *ചഹർ തസ്‌ലീം*. ഇത് നാല് തവണ (*ചഹർ*) ചെയ്യുന്നു. 'കീഴടങ്ങൽ' എന്നാണ് *തസ്‌ലീം* എന്ന വാക്കിന്റെ അർഥം.

*ഹിജ്‌റ* പഞ്ചാംഗത്തിലെ എട്ടാമത്തെ മാസമായ ഷഅ്ബാൻ, പതിനാലാം തീയതിയിലെ പൂർണ ചന്ദ്രരാത്രിയാണ് *ഷബ്-ഇ-ബരാത്ത്*. ഇത് ഈ ഉപഭൂഖണ്ഡത്തിൽ പ്രാർഥനകളോടെയും കരിമരുന്ന് പ്രയോഗത്തോടെയും ആഘോഷിക്കുന്നു. മുസ്‌ലീങ്ങളുടെ വരും വർഷത്തെ വിധിയും പാപങ്ങൾക്ക് മാപ്പ് നൽകപ്പെടലും നിർണയിക്കപ്പെടുന്നത് ഈ രാത്രിയിലാണെന്ന് പറയപ്പെടുന്നു.

പ്രാധാന്യത്തെ സൂചിപ്പിച്ചിരുന്നു. ചക്രവർത്തി സിംഹാസനത്തിൽ ഉപവിഷ്ടനായിക്കഴിഞ്ഞാൽ അദ്ദേഹത്തിന്റെ അനുവാദമില്ലാതെ ഒരാളും ഇരിപ്പിടങ്ങളിൽനിന്ന് മാറാനോ പുറത്തേക്ക് പോകാനോ പാടില്ലായിരുന്നു. സഭയിൽ അനുവദനീയമായ രീതിയിലുള്ള അഭിവാദനരീതികൾ, മര്യാദകൾ, സംസാരരീതി എന്നിവയെല്ലാം വളരെ വിശദമായിത്തന്നെ നിർവചിക്കപ്പെട്ടിരുന്നു. സഭാസമൂഹത്തിലെ, സാമൂഹ്യനിയന്ത്രണം ഇത്തരത്തിലാണ് നടത്തപ്പെട്ടിരുന്നത്. ഇതിൽ എന്തെങ്കിലും ഒരു ചെറിയ മാറ്റമെങ്കിലും വരുത്തിയാൽ, അത് ശ്രദ്ധിക്കപ്പെടും; ശിക്ഷിക്കപ്പെടുകയും ചെയ്യും, അപ്പോൾത്തന്നെ.

ഭരണാധികാരിയോടുള്ള അഭിവാദനരീതികൾ, രാജകൊട്ടാരത്തിലെ ശ്രേണീക്രമത്തിലുള്ള ഓരോ വ്യക്തിയുടെയും പദവിയെ സൂചിപ്പിച്ചു. കൂടുതൽ കുനിഞ്ഞുള്ള പ്രണാമം ഉയർന്ന പദവിയെ സൂചിപ്പിച്ചു. ഏറ്റവും ഉയർന്ന തരത്തിലുള്ള സമർപ്പണമായിരുന്നു *സിജ്ദ* അഥവാ സമ്പൂർണ പ്രണാമം. ഷാജഹാന്റെ ഭരണകാലത്ത് ഈ ആചാരങ്ങൾ മാറ്റി, പകരം *ചഹർ തസ്‌ലീം* (Chahar Taslim), *സമീൻ ബോസ്* (നിലം ചുംബിക്കുക) എന്നിവ നടപ്പിലാക്കി.

മുഗൾക്കൊട്ടാരത്തിലെ നയതന്ത്ര പ്രതിനിധികളുടെ പെരുമാറ്റച്ചട്ടങ്ങളും ഇതുപോലെതന്നെ വ്യക്തമാക്കപ്പെട്ടിരുന്നു. മുഗൾചക്രവർത്തിക്ക് മുന്നിൽ ഹാജരാകുന്ന ഒരു സ്ഥാനപതി, അംഗീകൃതമായ ഏതെങ്കിലും ഒരു അഭിവാദന രീതി – ഒന്നുകിൽ നല്ലപോലെ തലകുനിച്ച് വണങ്ങുകയോ, നിലം ചുംബിക്കുകയോ അല്ലെങ്കിൽ നെഞ്ചിന് മുന്നിൽ ഒരാളുടെ കൈകൾ കോർത്ത് പിടിക്കുന്ന പേർഷ്യൻ ആചാരം പിന്തുടരുകയോ വേണമായിരുന്നു. ജെയിംസ് ഒന്നാമന്റെ ഇംഗ്ലീഷുകാരനായ സ്ഥാനപതി തോമസ് റോ യൂറോപ്യൻ ആചാരപ്രകാരം ജഹാംഗീറിന് മുന്നിൽ തലകുനിക്കുക മാത്രമാണ് ചെയ്തത്. അദ്ദേഹം ഒരു ഇരിപ്പിടം കൂടി ആവശ്യപ്പെട്ടത് സദസ്യരെയാകെ അമ്പരപ്പിച്ചു.

സൂര്യോദയത്തോടെ, തന്റേതായ മതപ്രാർഥനകളോടെയാണ്, ചക്രവർത്തിയുടെ ഒരു ദിനം ആരംഭിക്കുന്നത്. അതിനുശേഷം കിഴക്കോട്ട് ദർശനമുള്ള ഒരു ചെറിയ മട്ടുപ്പാവിൽ അഥവാ *ഝരോഖ*യിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നു. താഴെ ഒരു ജനക്കൂട്ടം, (പട്ടാളക്കാർ, വ്യാപാരികൾ, കൈത്തൊഴിലുകാർ, കർഷകർ, രോഗികളായ കുട്ടികളോടൊപ്പമുള്ള സ്ത്രീകൾ) ചക്ര

## രത്നാലംകൃത സിംഹാസനം (The jewelled throne)

ആഗ്രാ കൊട്ടാരത്തിലെ പൊതുജനത്തിനായുള്ള ഹാളിലെ ഷാജഹാന്റെ രത്നാലംകൃതമായ സിംഹാസനത്തെ (*തക്ത്-ഇ-മുരസ്സ*) കുറിച്ച് *ബാദ്ഷാനാമ*യിൽ ഇങ്ങനെയാണ് വിവരിക്കുന്നത്:

> പന്ത്രണ്ടു വശങ്ങളുള്ള സ്തംഭങ്ങളുടെ പിൻതുണയുള്ള വിതാനവും മുകളിൽ തൂങ്ങിനിൽക്കുന്ന മകുടത്തിലേക്കുള്ള പടവുകളിൽനിന്നും അഞ്ചടി ഉയരവുമുള്ള അത്യാകർഷകമായ ഘടനയാണിത്. തിരുമനസ്സിന്റെ സിംഹാസനാരോഹണസമയത്ത്, ഇത് അലങ്കരിക്കുന്നതിനായി 86 ലക്ഷം വിലയുള്ള രത്നങ്ങളും അമൂല്യമായ കല്ലുകളും 14 ലക്ഷം മൂല്യമുള്ള ഒരു ലക്ഷം *തോല* സ്വർണവും ഉപയോഗിക്കാൻ അദ്ദേഹം കല്പിച്ചു.... ഏഴുവർഷം കൊണ്ടാണ് സിംഹാസനത്തിന്റെ പണി പൂർത്തിയാക്കിയത്. അതിന്റെ നിർമാണത്തിനായി ഉപയോഗിച്ച വിശിഷ്ടമായ കല്ലുകളുടെ കൂട്ടത്തിൽ ഷാ അബ്ബാസ് സഫാവി, മരണപ്പെട്ട ജഹാംഗീർ ചക്രവർത്തിക്ക് അയച്ചുകൊടുത്ത ഒരു ലക്ഷം രൂപ മൂല്യമുള്ള മാണിക്യക്കല്ലുമുണ്ടായിരുന്നു. ഈ മാണിക്യക്കല്ലിൽ മഹാനായ ചക്രവർത്തി തിമൂർ സാഹിബ്-ഇ കിരൻ, മിർസാ ഷാരൂഖ്, മിർസാ ഉലുഗ്ബെഗ്, ഷാ അബ്ബാസ് എന്നിവരുടെ പേരുകളും കൂടാതെ ചക്രവർത്തിമാരായ അക്ബർ, ജഹാംഗീർ എന്നിവരുടെ പേരുകളും പിന്നീട് ചക്രവർത്തി തിരുമനസ്സിന്റെ സ്വന്തം പേരും കൊത്തിവച്ചിട്ടുണ്ട്.



ചിത്രം 9.9
രാജകുമാരനായ ഔറംഗസേബിനെ വിവാഹത്തിനുമുമ്പ് ആഗ്രയിൽവച്ച് ഷാജഹാൻ അനുഗ്രഹിക്കുന്നു. ബാദ്ഷാ നാമയിൽ പയാഗ് വരച്ച ഒരു ചിത്രം.

➲ ചക്രവർത്തിയെ തിരിച്ചറിയുക. മഞ്ഞനിറത്തിലെ ജമയും (മേൽവസ്ത്രം) പച്ചനിറത്തിലെ ചെറുപുഷ്പങ്ങളോടു കൂടിയ ജാക്കറ്റും ധരിച്ച ഔറംഗസീബിനെ കാണാവുന്നതാണ്. എങ്ങനെയാണ് അദ്ദേഹം ഇരിക്കുന്നത്? തന്റെ പിതാവിനോടുള്ള അദ്ദേഹത്തിന്റെ ആംഗ്യം എന്താണ് സൂചിപ്പിക്കുന്നത്? സദസ്യർ എങ്ങനെയാണ് കാണപ്പെടുന്നത്? ഇടതുവശത്തുള്ള വലിയ തലപ്പാവ് ധരിച്ച രൂപങ്ങളെ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നുണ്ടോ? ഇവയെല്ലാം പണ്ഡിതരുടെ ചിത്രീകരണങ്ങൾ ആണ്.

വർത്തിയുടെ ഒരു ദൃഷ്ടിക്കായി, ദർശനത്തിനായി, കാത്തുനിന്നിരുന്നു. ജനവിശ്വാസം ആർജിച്ചുകൊണ്ട് രാജകീയാധികാരത്തിന്റെ സ്വീകാര്യത കൂട്ടുക എന്ന ലക്ഷ്യത്തോടെ അക്ബറായിരുന്നു *ഝരോഖ ദർശനത്തിന്* തുടക്കം കുറിച്ചത്.

*ഝരോഖയിൽ* ഒരുമണിക്കൂർ ചെലവഴിച്ചശേഷം തന്റെ ഭരണകൂടത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനായി ചക്രവർത്തി പൊതുജനസദസ്സിന്റെ മുറിയിലേക്ക് (*ദിവാൻ-ഇ-ആം*) നടന്നിരുന്നു. രാജ്യത്തെ ഉദ്യോഗസ്ഥൻ സംഭവക്കുറിപ്പുകൾ അവതരിപ്പിക്കുകയും അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. രണ്ടുമണിക്കൂറിനുശേഷം സ്വകാര്യ ശ്രോതാക്കളുമായി കൂടിക്കാഴ്ച നടത്താനും രഹസ്യാത്മക കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ചക്രവർത്തി *ദിവാൻ-ഇ-ഖാസ്-ൽ* *(Divan - i - khas)* എത്തിയിരുന്നു. രാജ്യത്തെ ഉന്നതരായ മന്ത്രിമാർ അവരുടെ നിവേദനങ്ങളും നികുതി ഉദ്യോഗസ്ഥർ അവരുടെ കണക്കുകളും അദ്ദേഹത്തിനു മുന്നിൽ അവതരിപ്പിക്കും. ചിലപ്പോൾ ചക്രവർത്തി പ്രശസ്തകലാകാരന്മാരുടെ കലാസൃഷ്ടികളും വാസ്തുശില്പികളുടെ കെട്ടിടനിർമ്മാണ (*മിനാർ*) രേഖകളും വീക്ഷിക്കുമായിരുന്നു.

സിംഹാസനാരോഹണവാർഷികം, *ഈദ്, ഷബ് – ഇ – ബരാത്, ഹോളി* തുടങ്ങിയ വിശേഷദിവസങ്ങളിൽ രാജകൊട്ടാരം പൂർണസജീവമായി മാറി.



ചിത്രം 9.10
ജഷ്ൻ- ഇ- വസൻ അഥവാ തുലാദാൻ എന്ന ആഘോഷത്തിൽ ഖുറം രാജകുമാരന് അമൂല്യ ലോഹങ്ങളാൽ തുലാഭാരം നടത്തുന്നു (ജഹാംഗീറിന്റെ ഓർമ്മക്കുറിപ്പുകളിൽ നിന്ന്)



*ചിത്രം 9.11 എ*

*ദാരാ ഷുക്കോയുടെ വിവാഹം*



*ചിത്രം 9.11 ബി*

രാജഭവനത്തിൽ വിവാഹങ്ങൾ ആഡംബരപൂർവം ആഘോഷിച്ചിരുന്നു. 1633-ൽ ദാരോ ഷുക്കോയും പർവേസ് രാജകുമാരന്റെ മകളായ നാദിറയും തമ്മിലുള്ള വിവാഹം ജഹനാര രാജകുമാരിയും ദിവംഗതയായ ചക്രവർത്തിനി മുംതാസ് മഹലിന്റെ പ്രധാന ദാസിയായിരുന്ന സതി ഉൻനിസാ ഖാനും ചേർന്ന് ക്രമീകരിച്ചു. വിവാഹ പാരിതോഷികങ്ങളുടെ ഒരു പ്രദർശനം *ദിവാൻ-ഇ-ആമിൽ* സജ്ജീകരിച്ചു. ഉച്ചയ്ക്കുശേഷം ചക്രവർത്തിയും അന്തഃപുരത്തിലെ സ്ത്രീകളും അവിടം സന്ദർശിച്ചു. വൈകുന്നേരം പ്രഭുക്കൾക്ക് പ്രവേശനം അനുവദിച്ചു. വധുവിന്റെ മാതാവ് അവരുടെ പാരിതോഷികങ്ങൾ അതുപോലെ അതേഹാളിൽ ക്രമീകരിക്കുകയും ഷാജഹാൻ അവ കാണാനായി പോവുകയും ചെയ്തു. *ഹിനബന്ദി* (മൈലാഞ്ചി ചായം ഇടൽ) ആഘോഷം *ദിവാൻ-ഇ-ഖാസിൽ* വച്ച് നടന്നു. വെറ്റില, ഏലം, ഉണങ്ങിയ പഴങ്ങൾ എന്നിവ സദസ്സിലെ പരിചാരകർക്ക് വിതരണം ചെയ്തു. വിവാഹത്തിന്റെ മൊത്തം ചെലവ് 32 ലക്ഷം രൂപയായിരുന്നു. അതിൽ 6 ലക്ഷം രൂപ രാജകീയ ഖജനാവിൽ നിന്ന് നൽകപ്പെട്ടു. 16 ലക്ഷം രൂപ ജഹനാരയും (മുംതാസ്മഹൽ നേരത്തേ മാറ്റി വെച്ച പണമടക്കം) ബാക്കിയുള്ളത് വധുവിന്റെ മാതാവും നൽകി. *ബാദ്ഷാനാമയിൽ* നിന്നുള്ള ഈ ചിത്രങ്ങൾ ഈ ചടങ്ങുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ ചിത്രീകരിച്ചിരിക്കുന്നു.



*ചിത്രം 9.11 സി*

➲ ചിത്രത്തിൽ നിങ്ങൾ എന്താണ് കാണുന്നതെന്ന് വിശദമാക്കുക.

വിലയേറിയ കാലുകളിലുറപ്പിച്ച സുഗന്ധം പരത്തുന്ന മെഴുകുതിരികളും മനോഹരങ്ങളായ തോരണങ്ങളാൽ അലങ്കരിച്ച കൊട്ടാരച്ചുമരുകളും സന്ദർശകരിൽ വലിയ കൗതുകം ജനിപ്പിച്ചിരുന്നു. മുഗൾ രാജാക്കൻമാർ വർഷത്തിൽ മൂന്നു പ്രധാന ഉത്സവങ്ങൾ ആഘോഷിച്ചിരുന്നു. ചക്രവർത്തിയുടെ സൗര -ചാന്ദ്ര ജന്മദിനങ്ങളും, വസന്തർത്തുവിലെ സൂര്യായന ദിവസത്തിലെ ഇറാനിയൻ പുതുവത്സരമായ നൗറോസും ആയിരുന്നു അവ. അദ്ദേഹത്തിന്റെ ജന്മദിനങ്ങളിൽ ചക്രവർത്തിക്ക് വ്യത്യസ്തതരം വസ്തുക്കൾകൊണ്ട് തുലാഭാരം നടത്തുകയും അവ പിന്നീട് ദാനമായി വിതരണം നടത്തുകയും ചെയ്തിരുന്നു.

## 6.3 സ്ഥാനപ്പേരുകളും പാരിതോഷികങ്ങളും (Titles and gifts)

കിരീടധാരണസമയത്തും ശത്രുവിനുമേൽ വിജയശ്രീലാളിതനാകുന്ന സന്ദർഭങ്ങളിലും മുഗൾചക്രവർത്തിമാർ പ്രൗഢമായ സ്ഥാനപ്പേരുകൾ സ്വീകരിച്ചിരുന്നു. ശബ്ദാഡംബരപൂർണവും താളാത്മകവുമായ ഇവ, ദ്വാരപാലകർ (*നഖിബ്*) പ്രഖ്യാപിക്കുമ്പോൾ സദസ്യരിൽ ഭയബഹുമാനങ്ങളുടെ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. മുഗൾ നാണയങ്ങളിൽ രാജകീയ ചിട്ടകളോടെ കിരീടധാരിയായ ചക്രവർത്തിയുടെ പൂർണസ്ഥാനപ്പേരുകൾ പതിക്കുമായിരുന്നു.

യോഗ്യരായ വ്യക്തികൾക്ക് അനുയോജ്യമായ സ്ഥാനപ്പേരുകൾ നൽകുന്നത് മുഗൾ ഭരണത്തിന്റെ മുഖ്യസവിശേഷതയായിരുന്നു. രാജസഭാശ്രേണിയിലുള്ള ഒരു വ്യക്തിയുടെ ആരോഹണം അദ്ദേഹം വഹിച്ചിരുന്ന ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്താൻ കഴിയുമായിരുന്നു. പ്രവാചക രാജാവായ സുലൈമാൻ (സോളമൻ) ന്റെ ഇതിഹാസതുല്യനായ മന്ത്രി ആസഫിൽ നിന്നാണ് ഉന്നത മന്ത്രിമാരിൽ ഒരാൾക്ക് നൽകിയിരുന്ന ആസഫ്ഖാൻ എന്ന സ്ഥാനപ്പേരുണ്ടായത്. ജയ്സിംഗ്, ജസ്വന്ത് സിംഗ് എന്നീ ഏറ്റവും ഉന്നതസ്ഥാനീയരായ രണ്ട് പ്രഭുക്കൾക്ക് *മിർസാ രാജ* എന്ന സ്ഥാനപ്പേര് നൽകിയത് ഔറംഗസീബാണ്. സ്ഥാനപ്പേരുകൾ നേടിയെടുക്കുകയോ പണം കൊടുത്ത് വാങ്ങുകയോ ചെയ്യാമായിരുന്നു. മീർഖാൻ തന്റെ പേരിനു മുന്നിൽ അ (*അലിഫ്*) എന്ന വാക്ക് കൂട്ടിച്ചേർത്ത് അമീർഖാൻ എന്നാക്കുന്നതിന് ഔറംഗസീബിന് ഒരു ലക്ഷം രൂപ നൽകാൻ സന്നദ്ധനായി.

ചക്രവർത്തി ഒരിക്കൽ ധരിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഉത്തേജിപ്പിക്കപ്പെടുകയും ചെയ്ത ബഹുമതിവസ്ത്രം (*ഖില്ലത്ത്*) മറ്റുപുരസ്കാരങ്ങളിൽ ഉൾപ്പെട്ടതായിരുന്നു. മറ്റൊരു സമ്മാനമായിരുന്ന സരപയിൽ (ശിരസ്സുമുതൽ പാദം വരെ) ഒരു മേലാട, ഒരു തലപ്പാവ്, ഒരു പട്ടുകച്ച (*പട്ക*) എന്നിവ ഉൾപ്പെട്ടിരുന്നു. ചക്രവർത്തി രത്നാഭരണങ്ങളും പാരിതോഷികമായി നൽകിയിരുന്നു. ചില അസാധാരണ സന്ദർഭങ്ങളിൽ മാത്രം രത്നങ്ങൾ കൊണ്ടലങ്കരിച്ച വിടർന്ന താമരപ്പൂക്കളും (*പദ്മമുരസ്സ*) സമ്മാനമായി നൽകിയിരുന്നു.

ഒരു സദസ്യൻ ഒരിക്കലും വെറുംകൈയോടെ ചക്രവർത്തിയെ സമീപിച്ചിരുന്നില്ല. ഒരു ചെറിയ തുകയോ (*നസർ*) അല്ലെങ്കിൽ ഒരു വലിയ തുകയോ (*പേഷ്കഷ്*) അയാൾ സമർപ്പിച്ചിരുന്നു. നയതന്ത്രബന്ധങ്ങളിൽ സമ്മാനങ്ങളെ, ബഹുമതിയുടെയും ആദരവിന്റെയും ചിഹ്നമായാണ് കണ്ടിരുന്നത്. കൂടിയാലോചനകളിലൂടെ ഉടമ്പടികളുണ്ടാക്കുക, പരസ്പരം പൊരുതുന്ന രാഷ്ട്രീയ ശക്തികൾക്കിടയിൽ ബന്ധങ്ങൾ ദൃഢമാക്കുക തുടങ്ങിയ സുപ്രധാന ചുമതലകളായിരുന്നു സ്ഥാനപതികൾ നിർവഹിച്ചിരുന്നത്. അത്തരം സന്ദർഭങ്ങളിൽ പാരിതോഷികങ്ങൾക്ക്

*ചിത്രം 9.12*
*ഒരു മുഗൾ ശിരോവസ്ത്രപ്പെട്ടി*



**ചർച്ച ചെയ്യുക...**

മുഗളരുമായി ബന്ധപ്പെട്ട ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇന്നത്തെ രാഷ്ട്രീയ നേതാക്കൾ പിൻതുടരുന്നുണ്ടോ?

പ്രതീകാത്മകമായ പ്രധാന പങ്കുണ്ടായിരുന്നു. കേവലം 400 രൂപ മാത്രമെ വിലയുള്ളൂ എന്നതിനാൽ താൻ അസഫ്ഖാന് സമ്മാനിച്ച മോതിരം തിരികെ നൽകിയത് തോമസ്റോയെ നിരാശപ്പെടുത്തി.

## 7. ചക്രവർത്തിയുടെ കുടുംബം (The Imperial Household)

മുഗളരുടെ ഗാർഹികലോകത്തെ സൂചിപ്പിക്കുവാൻ "ഹാരെം" എന്ന പദമാണ് പലപ്പോഴും ഉപയോഗിക്കപ്പെടുന്നത്. ഒരു വിശുദ്ധസ്ഥലം എന്നർഥമുള്ള *ഹരം* എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് ഇതുത്ഭവിക്കുന്നത്. ചക്രവർത്തിയുടെ ഭാര്യമാരും വെപ്പാട്ടിമാരും, അദ്ദേഹത്തിന്റെ അടുത്തതും അകന്നതുമായ ബന്ധുക്കളും (മാതാവ്, രണ്ടാനമ്മമാരും, വളർത്തമ്മമാരും, സഹോദരിമാർ, പെൺമക്കൾ, പെൺമരുമക്കൾ, അമ്മായിമാർ, കുട്ടികൾ തുടങ്ങിയവർ) വേലക്കാരികളും അടിമകളും ഉൾക്കൊള്ളുന്നതായിരുന്നു മുഗൾ രാജകുടുംബത്തിലെ അന്തേവാസികൾ. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ, പ്രത്യേകിച്ചും ഭരണവർഗങ്ങൾക്കിടയിൽ, ബഹുഭാര്യാത്വം വ്യാപകമായി നിലനിന്നിരുന്നു.

രജപുത്രവംശർക്കും മുഗളർക്കും വിവാഹം എന്നത് രാഷ്ട്രീയബന്ധങ്ങൾ ദൃഢപ്പെടുത്താനും സഖ്യങ്ങൾ രൂപീകരിക്കാനുമുള്ള മാർഗമായിരുന്നു. സമ്മാനമായി മകളെ വിവാഹം കഴിപ്പിച്ചു നൽകുന്നതോടൊപ്പം പലപ്പോഴും ഒരു ഭൂപ്രദേശവും കൂടി സമ്മാനമായി നൽകിയിരുന്നു. ഇത് ഭരണവിഭാഗങ്ങൾ തമ്മിൽ തുടർച്ചയായൊരു ശ്രേണീബന്ധം ഉറപ്പുവരുത്തി. വിവാഹസന്ധികളും അതുവഴിയുണ്ടായ ബന്ധങ്ങളും മുഗളരെ വിശാലമായൊരു ബന്ധുത്വശൃംഖല സൃഷ്ടിക്കുവാൻ സഹായിക്കുകയും അവരെ പ്രധാനവിഭാഗങ്ങളുമായി കണ്ണിചേർക്കുകയും അത്തരത്തിൽ വിശാലമായൊരു സാമ്രാജ്യത്തെ ഒരുമിച്ച് നിർത്തുവാൻ സഹായിക്കുകയും ചെയ്തു.

ചിത്രം 9.13
ഫത്തേപ്പൂർ സിക്രിയിലെ അന്തഃപുരങ്ങളുടെ ഭാഗം



മുഗൾ ഭവനത്തിൽ രാജകീയ കുലീനകുടുംബങ്ങളിൽ നിന്നു വന്ന ഭാര്യമാരും (*ബീഗം*) ഉന്നത കുലജാതരല്ലാത്ത ഭാര്യമാരും (*ആഗ*) തമ്മിൽ വലിയ വേർതിരിവ് നിലനിന്നിരുന്നു. *ബീഗ*ങ്ങൾ പണമായി വൻതുകയും വിലപിടിപ്പുള്ള വസ്തുക്കളും സ്ത്രീധനമായി (*മഹർ*) കൊണ്ടുവന്നിരുന്നതിനാൽ സ്വാഭാവികമായും അവർക്ക് ഉയർന്ന പദവിയും ഭർത്താക്കന്മാരിൽ നിന്ന് *ആഗ*മാരെക്കാളും കൂടുതൽ പരിഗണനയും ലഭിച്ചിരുന്നു. രാജകൊട്ടാരവുമായി അടുത്തബന്ധമുള്ള സ്ത്രീകളുടെ ശ്രേണിയിൽ ഏറ്റവും താഴ്ന്ന സ്ഥാനമായിരുന്നു വെപ്പാട്ടിമാർക്ക് (*ആഗച്ച* അഥവാ താഴ്ന്ന *ആഗ*) ഉണ്ടായിരുന്നത്. ഇവർക്കെല്ലാം മാസത്തിൽ ജീവനാംശം പണമായും കൂടാതെ പദവിയനുസരിച്ചുള്ള പാരിതോഷികങ്ങളായും ലഭിച്ചിരുന്നു. വംശപരമ്പര അടിസ്ഥാനമാക്കിയുള്ള കുടുംബഘടന മൊത്തത്തിൽ സ്ഥിരമായിരുന്നില്ല. ഭർത്താക്കന്മാർക്ക് നേരത്തേതന്നെ നാലു ഭാര്യമാർ ഇല്ലായെങ്കിൽ *ആഗ*, *ആഗച്ച* എന്നിവർക്ക് അവരുടെ ഭർത്താക്കന്മാരുടെ ഇംഗിതത്തിനനുസരിച്ച് *ബീഗ*ത്തിന്റെ പദവിയിലേക്കുയരാൻ കഴിഞ്ഞിരുന്നു. സ്നേഹവും മാതൃത്വവും ഇത്തരം സ്ത്രീകളെ നിയമപരമായി വിവാഹം ചെയ്ത ഭാര്യമാരുടെ പദവിയിലേക്കുയർത്തുന്നതിന് സഹായിച്ചിരുന്നു.

ഭാര്യമാരെക്കൂടാതെ മുഗൾഭവനത്തിൽ ധാരാളം സ്ത്രീ-പുരുഷ അടിമകളും താമസിച്ചിരുന്നു. തികച്ചും സാധാരണപ്പെട്ടതു മുതൽ പ്രാപ്തിയും കൗശലവും ബുദ്ധിശക്തിയും ആവശ്യമായ വ്യത്യസ്ത ജോലികൾ ഇവർ നിർവഹിച്ചിരുന്നു. നപുംസകങ്ങളായ അടിമകൾ (*ഖ്വാജാസരാ*) രാജകുടുംബത്തിന്റെ ആഭ്യന്തര-ബാഹ്യ ജീവിതമേഖലകളിൽ കാവൽക്കാരായും പരിചാരകരായും കാര്യഗൗരവമില്ലാതെ വാണിജ്യത്തിലേർപ്പെട്ടിരുന്ന സ്ത്രീകളുടെ പ്രതിനിധികളായും സഞ്ചരിച്ചിരുന്നു.

നൂർജഹാനുശേഷം മുഗൾരാജ്ഞിമാരും രാജകുമാരിമാരും സുപ്രധാന സാമ്പത്തികസ്രോതസ്സുകൾ നിയന്ത്രിക്കാൻ തുടങ്ങി. ഷാജഹാന്റെ പുത്രിമാരായ ജഹനാരയും റോഷനാരയും ഉയർന്ന *മൻസബ്ദാർ*മാർക്ക് ലഭിച്ചിരുന്നതിന് തുല്യമായ വാർഷിക വരുമാനം ലഭിച്ചവരായിരുന്നു. ഇതുകൂടാതെ, ലാഭകരമായ വിദേശവ്യാപാരകേന്ദ്രമായിരുന്ന സൂറത്തിലെ തുറമുഖ നഗരത്തിന്റെ നികുതിയും ജഹനാരയ്ക്കായിരുന്നു ലഭിച്ചിരുന്നത്.

> ➲ ചിത്രത്തിന്റെ ഓരോരോ ഭാഗങ്ങളിലും ചിത്രകാരൻ ചിത്രീകരിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ വിവരിക്കുക. വ്യത്യസ്ത വ്യക്തികൾ ചെയ്തു തീർക്കേണ്ട കൃത്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൃശ്യത്തെ രൂപപ്പെടുത്തിയ സാമ്രാജ്യത്വ അധികാരസ്ഥാനത്തിലെ അംഗങ്ങളെ തിരിച്ചറിയുക.

വിഭവങ്ങളുടെ നിയന്ത്രണം, മുഗൾ കുടുംബത്തിലെ പ്രധാന വനിതകളെ മന്ദിരങ്ങളും, പൂന്തോട്ടങ്ങളും നിർമ്മിക്കുന്നതിന് പ്രാപ്തരാക്കി. ഷാജഹാന്റെ പുതിയ തലസ്ഥാനമായ ഷാജഹാനാബാദിലെ (ഡൽഹി) പല വാസ്തുവിദ്യാ പദ്ധതികളിലും ജഹനാര പങ്കെടുത്തിരുന്നു. നടുമുറ്റത്തോടും പൂന്തോട്ടത്തോടും കൂടിയ രണ്ടു നിലകളുള്ള പ്രൗഢിയേറിയ ഒരു സത്രം ഇതിലൊന്നാണ്. ഷാജഹാനാബാദിന്റെ നാഡീസ്പന്ദന കേന്ദ്രമായ ചാന്ദ്നി ചൗക്കിലെ കമ്പോളം രൂപകൽപ്പന ചെയ്തത് ജഹനാരയാണ്.

ഗുൽബദൻ ബീഗം രചിച്ച *ഹുമയൂൺനാമ* മുഗളരുടെ ആഭ്യന്തര ലോകത്തേക്ക് വെളിച്ചം വീശുന്ന ശ്രദ്ധേയമായൊരു ഗ്രന്ഥമാണ്. ബാബറിന്റെ പുത്രിയായിരുന്ന ഗുൽബദൻ, ഹുമയൂണിന്റെ സഹോദരിയും അക്ബറിന്റെ അമ്മായിയുമായിരുന്നു. തുർക്കിയിലും പേർഷ്യനിലും ഒഴുക്കോടെ എഴുതുവാൻ കഴിവുള്ളയാളായിരുന്നു ഗുൽബദൻ. തന്റെ ഭരണകാലത്തെക്കുറിച്ചുള്ള ചരിത്രരചന നിർവഹിക്കുവാൻ അക്ബർ അബുൾ ഫസലിനെ നിയോഗിച്ചപ്പോൾ ബാബറിന്റെയും ഹുമയൂണിന്റെയും കാലഘട്ടത്തിലെ ഓർമ്മക്കുറിപ്പുകൾ, അബുൾ ഫസലിനായി രേഖപ്പെടുത്താൻ അദ്ദേഹം തന്റെ അമ്മായിയോട് അപേക്ഷിച്ചു.

മുഗൾചക്രവർത്തിമാരെക്കുറിച്ചുള്ള സ്തുതിപാടലായിരുന്നില്ല ഗുൽബദന്റെ രചനകൾ. മറിച്ച്, രാജാക്കന്മാരുടെയും രാജകുമാരന്മാരുടെയും ഇടയിലുള്ള തർക്ക



*ചിത്രം 9.14*
*ഫത്തേപൂർ സിക്രിയിൽ സലിം രാജകുമാരന്റെ ജനനം*
*അക്ബർ നാമയിൽ രാംദാസ് വരച്ചത്*

ങ്ങളും അഭിപ്രായഭിന്നതകളും അവർ വളരെ വിശദമായി വിവരിച്ചു. ഈ തർക്കങ്ങളിൽ ചിലതു പരിഹരിക്കുന്നതിൽ കുടുംബത്തിലെ മുതിർന്ന സ്ത്രീകൾ നിർവഹിച്ച മാധ്യസ്ഥശ്രമങ്ങളും അവർ വിവരിച്ചു.

## 8. രാജകീയോദ്യോഗസ്ഥർ (THE IMPERIAL OFFICIALS)

### 8.1 നിയമനവും പദവിയും (Recruitment and rank)

സാമ്രാജ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെപ്പറ്റി വിവരിക്കുന്ന ദിനവൃത്താന്തങ്ങൾ, പ്രത്യേകിച്ചും *അക്ബർനാമ*, ഭരണം പൂർണമായും ചക്രവർത്തിയിൽ അധിഷ്ഠിതമായിരുന്നുവെന്ന കാഴ്ചപ്പാടാണ് പങ്കുവയ്ക്കുന്നത്. അദ്ദേഹത്തിന്റെ കൽപ്പനകൾ പിന്തുടരുന്നവരായാണ് രാജ്യത്തെ മറ്റുള്ളവരെക്കുറിച്ച് ചിത്രീകരിച്ചിരിക്കുന്നത്. എന്നിരുന്നാലും, മുഗൾരാഷ്ട്രത്തിന്റെ ഭരണയന്ത്രങ്ങളെക്കുറിച്ച് ഈ ചരിത്രങ്ങൾ നൽകുന്ന സമ്പന്നമായ വിവരണങ്ങളെ നാം സൂക്ഷ്മമായി നിരീക്ഷിച്ചാൽ, ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സാമ്രാജ്യഭരണകൂടം ഏതെല്ലാം വിധത്തിൽ നിരവധി വ്യത്യസ്തസ്ഥാപനങ്ങളെ ആശ്രയിച്ചിരുന്നു എന്നത് കാണാൻ കഴിയും. ഉദ്യോഗസ്ഥ വിഭാഗമായിരുന്നു മുഗൾ രാഷ്ട്രത്തിന്റെ ഒരു പ്രധാന നെടുംതൂണ്. ചരിത്രകാരർ ഇവരെ മൊത്തത്തിൽ പ്രഭുവർഗം എന്നാണ് സൂചിപ്പിക്കുന്നത്.

വ്യത്യസ്ത വംശീയ, മതവിഭാഗങ്ങളിൽ നിന്നായിരുന്നു പ്രഭുവർഗത്തെ തിരഞ്ഞെടുത്തിരുന്നത്. രാജ്യത്തിന്റെ അധികാരത്തെ വെല്ലുവിളിക്കാനുള്ള വലുപ്പം ഒരു വിഭാഗത്തിനുമുണ്ടാവില്ലെന്ന് ഇത് ഉറപ്പുവരുത്തി. ചക്രവർത്തിയോടുള്ള ഉറച്ച കൂറിൽ കൂട്ടിക്കെട്ടിയ ഒരു പൂച്ചെണ്ടായാണ് (*ഗുൽദസ്ത*) മുഗളന്മാരുടെ ഉദ്യോഗസ്ഥസംഘത്തെ വിശേഷിപ്പിച്ചിരുന്നത്. രാഷ്ട്രീയാധിപത്യം പടുത്തുയർത്തുന്നതിന്റെ ആദ്യഘട്ടം മുതൽ തന്നെ അക്ബറിന്റെ സേവനത്തിൻകീഴിൽ

### മുഗൾ പ്രഭുവർഗം (The Mughal nobility)

ഷാജഹാന്റെ ഭരണകാലത്ത് എഴുതപ്പെട്ട *ചാർ ചമൻ* (നാല് പൂന്തോട്ടങ്ങൾ) എന്ന ഗ്രന്ഥത്തിൽ മുഗൾ പ്രഭുക്കളെ ചന്ദ്രഭാൻ ബാരഹ്മാൻ വിവരിക്കുന്നത് ഇങ്ങനെയാണ്.

> നിരവധി വംശങ്ങളിൽ നിന്നുള്ള (അറബികൾ, ഇറാനികൾ, തുർക്കികൾ, തജിക്കുകൾ, കുർദുകൾ, ടാർട്ടാറുകൾ, റഷ്യക്കാർ, അബിസീനിയക്കാർ മുതലായ) ജനങ്ങളും നിരവധി രാജ്യങ്ങളിൽ നിന്നുള്ളവരും (തുർക്കി, ഈജിപ്ത്, സിറിയ, ഇറാഖ്, അറേബ്യ, ഇറാൻ, ഖുറാസൻ, തുറാൻ)- യഥാർഥത്തിൽ വിവിധ സമൂഹങ്ങളിൽ നിന്നുമുള്ള വ്യത്യസ്ത സംഘങ്ങളും വർഗങ്ങളും രാജസദസ്സിൽ അഭയം തേടിയിട്ടുണ്ട്. അതുപോലെ ഇന്ത്യയിൽ നിന്നുള്ള വിവിധ സംഘങ്ങളും, അറിവും നൈപുണിയുമുള്ള വ്യക്തികളും അതുപോലെ യോദ്ധാക്കളും. ഉദാഹരണത്തിന് ബുക്കാരികളും ബക്കാരികളും, യഥാർഥ വംശാവലിയിലെ സയ്യിദുകൾ, കുലീനവംശപരമ്പരയിലെ ഷെയ്ഖ്സാദാകൾ, ലോധികൾ, രോഹില്ലകൾ, യൂസഫ്സായി പോലുള്ള അഫ്ഗാൻ ഗോത്രങ്ങൾ, *റാണ, രാജ, റാവു, റായൻ* എന്നിങ്ങനെ അഭിസംബോധന ചെയ്യുന്ന രജപുത്രജാതിക്കാർ- അതായത് റാത്തോർ, സിസോദിയ, കച്ച്വാഹ, ഹദ, ഗൗർ, ചൗഹാൻ, പൻവാർ, ഭദൂരിയ, സോളങ്കി, ബുന്ദേല ഷെക്കാവത് തുടങ്ങിയവരും ഖാക്കർ, ഖോക്കർ, ബലൂചി തുടങ്ങിയ മറ്റെല്ലാ ഇന്ത്യൻ ഗോത്രങ്ങളും വാൾ ഏന്തുന്ന മറ്റുള്ളവരും 100 മുതൽ 7000 വരെയുള്ള *മാൻസബുകളും*, അതുപോലെ, പുൽമേടുകൽ, പർവതങ്ങൾ എന്നിവിടങ്ങളിലെ ഭൂവുടമസ്ഥർ, കർണാടക, ബംഗാൾ, ആസാം, ഉദയ്പൂർ, ശ്രീനഗർ, കുമയോൺ, ടിബറ്റ്, കിഷ്തവാർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള മുഴുവൻ ഗോത്രങ്ങൾക്കും സംഘങ്ങൾക്കും സാമ്രാജ്യരാജസദസ്സിന്റെ പ്രവേശനപ്പടി ചുംബിക്കാനുള്ള വിശേഷാധികാരം ലഭിച്ചു. (അതായത് രാജസദസ്സിൽ പങ്കെടുക്കാനും അല്ലെങ്കിൽ തൊഴിൽ കണ്ടെത്താനും)

തുറാനി, ഇറാനി പ്രഭുക്കൾ ഉണ്ടായിരുന്നു. ഇവരിൽ പലരും ഹുമയൂണിനോടൊപ്പം വന്നവരും, മറ്റുള്ളവർ പിന്നീട് മുഗൾ രാജധാനിയിലേക്ക് കുടിയേറിയവരുമായിരുന്നു.

1560 മുതൽ ഇന്ത്യക്കാർ തന്നെയായ രണ്ട് ഭരണവിഭാഗങ്ങൾ സാമ്രാജ്യ സേവനത്തിൽ പ്രവേശിച്ചു തുടങ്ങി: രജപുത്രരും, ഇന്ത്യൻ മുസ്ലീങ്ങളും (*ശെയ്ഖ്സാദാസ്*) ഒരു രജപുത്രമുഖ്യനായ അംബറിലെ രാജാഭാർമൽ കച്ച് വാഹ ആയിരുന്നു ഇവരിൽ ആദ്യത്തേത്. അദ്ദേഹത്തിന്റെ പുത്രിയെ അക്ബർ വിവാഹം കഴിച്ചു. വിദ്യാസമ്പന്നരും, കണക്കെഴുത്തിൽ പരിചിതരുമായിരുന്ന ഹൈന്ദവജാതികളിൽപ്പെട്ടവരെ ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇതിന് ഏറ്റവുംനല്ല ഉദാഹരണമാണ്, അക്ബറിന്റെ ധനകാര്യ മന്ത്രിയായിരുന്ന ഖത്രി ജാതിയിൽപ്പെട്ട രാജാ ടോഡർമാൾ.

ഇറാനിയൻമാർക്ക് ജഹാംഗീറിന്റെ കീഴിൽ ഉയർന്ന പദവികൾ ലഭിച്ചിരുന്നു. രാഷ്ട്രീയമായി അദ്ദേഹത്തെ ഏറെ സ്വാധീനിച്ച രാജ്ഞിയായ നൂർജഹാൻ (മരണം 1645) ഒരു ഇറാൻകാരിയായിരുന്നു. ഔറംഗസീബ് രജപുത്രരെ ഉയർന്ന പദവികളിൽ നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ ഉദ്യോഗസ്ഥ വിഭാഗങ്ങളിൽ മറാത്തികളുടെ എണ്ണം വളരെ ഗണ്യമായിത്തീർന്നു.

സർക്കാരുദ്യോഗം വഹിക്കുന്ന എല്ലാവർക്കും രണ്ടു സംഖ്യാപരമായ തസ്തികകളുള്ള പദവികൾ (*മൻസബ്*) നൽകിയിരുന്നു. രാജകീയ ശ്രേണിയിലുള്ള സ്ഥാനത്തെയും ആ ഉദ്യോഗസ്ഥന്റെ (*മൻസബ്ദാർ*) ശമ്പളത്തെയും സൂചിപ്പിക്കുന്ന *സാത്* ആയിരുന്നു ഒന്നാമത്തേത്. തന്റെ സേവനത്തിൻ കീഴിൽ നിർത്തേണ്ട അശ്വാരൂഢരുടെ എണ്ണത്തെ സൂചിപ്പിക്കുന്ന *സവാർ* ആയിരുന്നു രണ്ടാമത്തേത്. പതിനേഴാം നൂറ്റാണ്ടിൽ 1000 *സാത്തോ* അതിൽ കൂടുതലോ ഉള്ള *മൻസബ്ദാർ*മാർക്ക് പ്രഭുപദവി നൽകിയിരുന്നു (*ഉമറ* എന്നത് *അമീറി*ന്റെ ബഹുവചനമാണ്).

പ്രഭുക്കന്മാർ സ്വന്തം സൈന്യവുമായി സൈനികാക്രമണങ്ങളിൽ പങ്കെടുക്കുകയും സാമ്രാജ്യത്തിന്റെ ഉദ്യോഗസ്ഥന്മാരായി പ്രവിശ്യകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. മുഗൾ സൈന്യത്തിന്റെ പ്രഹരിക്കുന്ന കരമായിരുന്ന കുതിരപ്പടയെ തിരഞ്ഞെടുത്ത്, സജ്ജമാക്കി, പരിശീലിപ്പിക്കുന്നത് ഓരോരോ സൈന്യാധിപന്മാരായിരുന്നു. രാജകീയചിഹ്നത്താൽ (*ദാഗ്*) ഉടലിൽ ചാപ്പകുത്തിയ മേൽത്തരം കുതിരകളെയാണ് അശ്വാരൂഢർ പരിപാലിച്ചിരുന്നത്. ഏറ്റവും താഴ്ന്ന പദവിയിലുള്ള ഉദ്യോഗസ്ഥരുടേതൊഴികെ, മറ്റ് എല്ലാവരുടെയും പദവികളിലും സ്ഥാനപ്പേരുകളിലും ഔദ്യോഗിക നിയമനങ്ങളിലും വരുന്ന മാറ്റങ്ങളെ ചക്രവർത്തി വ്യക്തിപരമായി നിരീക്ഷിച്ചിരുന്നു. *മാൻസബ്ദാരി* സമ്പ്രദായം രൂപകൽപ്പന ചെയ്ത അക്ബർ, പ്രഭുവർഗത്തിലെ തിരഞ്ഞെടുത്ത ചിലകൂട്ടരുമായി ആത്മീയബന്ധം സ്ഥാപിക്കുകയും അവരെ തന്റെ ശിഷ്യരായി (*മുരീദ്*) പരിഗണിക്കുകയും ചെയ്തിരുന്നു.

പ്രഭുവർഗത്തിലെ അംഗങ്ങൾക്ക്, രാജകീയ സേവനമെന്നത് അധികാരവും സമ്പത്തും സാധ്യമായ ഏറ്റവും ഉയർന്ന കീർത്തിയും നേടാനുള്ള ഒരു മാർഗമായിരുന്നു. സേവനത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി അതിനുള്ള അപേക്ഷ ഒരു പ്രഭു മുഖേന നൽകുകയും അദ്ദേഹം ഈ അപേക്ഷ തന്റെ *തജ്റിസി*നൊപ്പം (ശുപാർശ) ചക്രവർത്തിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. അപേക്ഷകൻ യോഗ്യനാണെന്ന്

*സ്രോതസ്സ് 3*

**രാജസദസ്സിലെ പ്രഭുക്കന്മാർ (Nobles at court)**

അക്ബറിന്റെ കൊട്ടാരത്തിൽ വസിച്ചിരുന്ന ജസ്യൂട്ട് പുരോഹിതനായ ഫാദർ അന്റോണിയോ മോൺസിറാത് സൂചിപ്പിച്ചത്:

വലിയ പ്രഭുക്കന്മാർ, വെല്ലുവിളിക്കപ്പെടാത്ത അധികാരം അനുഭവിക്കുന്നതിലൂടെ ധിക്കാരികളായിത്തീരുന്നത് തടയാൻ, അവരെ രാജാവ് കൊട്ടാരത്തിലേക്ക് വിളിപ്പിക്കുകയും ആജ്ഞാശക്തിയുള്ള ഉത്തരവുകൾ അദ്ദേഹത്തിന്റെ അടിമകൾക്കെന്നപോലെ അവർക്ക് നൽകുകയും ചെയ്യുന്നു. ഈ ഉത്തരവുകൾ അനുസരിക്കൽ അവരുടെ ഉയർന്നപദവിക്കും സ്ഥാനത്തിനും യോജിച്ചവയായിരുന്നില്ല.

➲ മുഗൾ ചക്രവർത്തിയും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഫാദർ മോൺസിറാത്തിന്റെ നിരീക്ഷണങ്ങൾ എന്താണ് സൂചിപ്പിക്കുന്നത്?

ഒരു അപേക്ഷകനെ *മാൻസബ്ദാർ* ആയി തിരഞ്ഞെടുക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ട് ഒരു പ്രഭു ചക്രവർത്തിക്ക് സമർപ്പിക്കുന്ന നിവേദനമാണ് *തജ്റിസ്*.

കണ്ടാൽ അയാൾക്ക് ഒരു *മൻസബ്* നൽകും. പൊതു രാജസഭയിൽ ചക്രവർത്തിയുടെ വലതുഭാഗത്തുനിന്നുകൊണ്ട് *മീർബക്ഷി* (പൊതുശമ്പള ദാതാവ്) നിയമനത്തിനും സ്ഥാനക്കയറ്റത്തിനുമുള്ള അപേക്ഷകരെ അവതരിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെയും ചക്രവർത്തിയുടെയും കൈയൊപ്പും, മുദ്രയും പതിപ്പിച്ച ഉത്തരവുകൾ *മീർബക്ഷി*യുടെ കാര്യാലയം തയാറാക്കി നൽകും. കേന്ദ്രത്തിൽ മറ്റുരണ്ട് സുപ്രധാന മന്ത്രിമാർ കൂടിയുണ്ടായിരുന്നു. *ദിവാൻ - ഇ - ആല* (ധനകാര്യ മന്ത്രി) യും *സദർ-അസ്-സുദറും* (സഹായധനം നൽകാൻ ചുമതലയുള്ള മന്ത്രി അഥവാ *മദ്-ഇ-മാഷ്*. പ്രാദേശിക ജഡ്ജിമാരെ അഥവാ *ഖാസി*മാരെ നിയമിക്കുന്നയാൾ). ഉപദേശകസമിതി എന്നനിലയിൽ മൂന്ന് മന്ത്രിമാരും ഇടയ്ക്കിടെ ഒരുമിച്ചുകൂടാറുണ്ടായിരുന്നുവെങ്കിലും അവർ സ്വതന്ത്രരായിരുന്നു. ഇവരുടെയും മറ്റുപദേശകരുടെയും സഹായത്തോടെയാണ് സാമ്രാജ്യത്തിന്റെ ഭരണപരവും, ധനനികുതിപരവും, പണസംബന്ധവുമായ സ്ഥാപനങ്ങൾക്ക് അക്ബർ രൂപം നൽകിയത്.

രാജധാനിയിൽ തങ്ങിയിരുന്ന പ്രഭുക്കന്മാർ (*തെയ്നാത്-ഇ-റക്കാബ്*) പ്രവിശ്യകളിലേക്കോ സൈനിക ആക്രമണങ്ങൾക്കോ നിയോഗിക്കപ്പെടുന്നതിനായുള്ള ഒരു കരുതൽ ശക്തിയായിരുന്നു. രാവിലെയും വൈകിട്ടുമായി ദിവസവും രണ്ടു നേരം പൊതുജനസമ്പർക്ക മുറിയിൽവച്ച് ചക്രവർത്തിയുടെ മുന്നിൽ ഹാജരായി അനുസരണ പ്രകടിപ്പിക്കാൻ അവർ ബാധ്യസ്ഥരായിരുന്നു. ദിവസം മുഴുവനും ചക്രവർത്തിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനുമായി കാവൽ നിൽക്കാനുള്ള ചുമതല അവർ പങ്കുവച്ചു.

## 8. 2 വിവരങ്ങളും സാമ്രാജ്യവും (Information and empire)

കൃത്യവും വിശദവുമായ രേഖകൾ സൂക്ഷിക്കൽ മുഗൾ ഭരണത്തിന്റെ ഉയർന്ന പരിഗണനാവിഷയമായിരുന്നു. രാജകൊട്ടാരത്തിലെ എഴുത്തുകാരുടെ സംഘത്തിന് (*വഖ്യാനാവിസ്*) മേൽനോട്ടം വഹിച്ചിരുന്നത് *മീർബക്ഷി*യായിരുന്നു. എല്ലാ രാജകീയ ഉത്തരവുകളും (*ഫർമാൻ*), രാജസഭയിൽ ഹാജരാക്കപ്പെടുന്ന അപേക്ഷകളും പ്രമാണങ്ങളും ഈ സംഘം രേഖപ്പെടുത്തിയിരുന്നു. ഇതിനുപുറമെ പ്രഭുക്കളുടെയും  പ്രാദേശിക ഭരണാധികാരികളുടെയും പ്രതിനിധികൾ (*വക്കീൽ*) കൊട്ടാരത്തിലെ എല്ലാ നടപടിക്രമങ്ങളും സദസ്സ് (*പഹർ*) സമ്മേളിച്ചിരുന്ന തീയതിയും സമയവും ഉൾപ്പെടെ 'വാഴ്ത്തപ്പെട്ട രാജകൊട്ടാരത്തിൽ നിന്നുള്ള വാർത്തകൾ' (*അഖ്ബാറാത്-ഇ ദർബാർ-ഇ-മുആല്ല*) എന്ന തലക്കെട്ടിൽ രേഖപ്പെടുത്തിയിരുന്നു. രാജസഭയിലെ ഹാജർ, ഉദ്യോഗസ്ഥാനങ്ങളും ബഹുമതികളും നൽകൽ, നയതന്ത്ര ദൗത്യങ്ങൾ, ലഭിച്ച പാരിതോഷികങ്ങൾ, ഉദ്യോഗസ്ഥരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള ചക്രവർത്തിയുടെ അന്വേഷണങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും *അഖ്ബാറാത്തിൽ* ഉൾക്കൊണ്ടിരുന്നു. രാജാക്കന്മാരുടെയും പ്രഭുക്കളുടെയും പൊതു- സ്വകാര്യ ജീവിതത്തിന്റെ ചരിത്രമെഴുതുന്നതിന് ഈ വിവരങ്ങൾ വളരെ വിലപ്പെട്ടതാണ്.

മുഗൾഭരണത്തിൽ വാർത്താക്കുറിപ്പുകളും പ്രധാന ഔദ്യോഗിക രേഖകളും രാജകീയ തപാലുകൾ വഴി ദേശത്തിലുടനീളം സഞ്ചരിച്ചു. മുളംകുറ്റികളിൽ കടലാസ്സുകൾ ചുരുളുകളാക്കി മുഴുവൻസമയ ഓട്ടക്കാർ (*ഖാസിദ് അഥവ പാത്ത്മാർ*) ഇത് കൊണ്ടുപോകുമായിരുന്നു. വിദൂരമായ പ്രവിശ്യാതലസ്ഥാനങ്ങളിൽ നിന്നുപോലും ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ഇതുമൂലം ചക്രവർത്തിക്ക് കഴിഞ്ഞു. തലസ്ഥാനത്തിന് പുറത്തു നിയമിച്ചിരുന്ന പ്രഭുക്കന്മാരുടെ പ്രതിനിധികളും, രജപുത്രരാജകുമാരന്മാരും, കപ്പം കൊടുക്കുന്ന ഭരണാധികാരികളും തികഞ്ഞ ശുഷ്കാന്തിയോടെ ഈ വാർത്തകൾ പകർത്തുകയും

തങ്ങളുടെ അധികാരികൾക്ക് ഇതിന്റെ ഉള്ളടക്കം സന്ദേശങ്ങളായി തിരിച്ച് എത്തിക്കുകയും ചെയ്തു. പൊതുവാർത്തകൾക്കായുള്ള വിസ്മയകരവും ദ്രുതഗതിയിലുള്ളതുമായ ഒരു വിവരശൃംഖലയിലൂടെ സാമ്രാജ്യം ബന്ധിക്കപ്പെട്ടിരുന്നു.

### 8.3 കേന്ദ്രത്തിനപ്പുറം:പ്രവിശ്യാഭരണം
### (Beyond the centre: provincial administration)

കേന്ദ്രത്തിലേർപ്പെടുത്തിയിരുന്ന ഭരണച്ചുമതലകളുടെ വിഭജനം പ്രവിശ്യകളിലും (*സുബ*) മാതൃകയാക്കിയിരുന്നു. ഇവിടെ മന്ത്രിമാർക്ക് അതുപോലെയുള്ള കീഴുദ്യോഗസ്ഥന്മാരുണ്ടായിരുന്നു (*ദിവാൻ, ബക്ഷി, സദർ*). പ്രവിശ്യാഭരണത്തലവൻ ഗവർണർ (*സുബേദാർ*) ആയിരുന്നു. അദ്ദേഹം ചക്രവർത്തിക്കുമുന്നിൽ നേരിട്ടു വിവരങ്ങൾ അറിയിച്ചിരുന്നു.

ഓരോ *സുബയും സർക്കാരു*കളായി വിഭജിക്കപ്പെട്ടിരുന്നു. ഈ *സർക്കാരുകൾ ഫൗജ്ദാർ*മാരുടെ (സൈന്യാധിപർ) അധികാരസീമകളെ കവിഞ്ഞുകിടന്നിരുന്നു. *ഫൗജ്ദാർ*മാരെ ശക്തമായ കാലാൾ, കുതിരപ്പടയാളികളോടുകൂടി ജില്ലകളിൽ വിന്യസിച്ചിരുന്നു. അർദ്ധ-പരമ്പരാഗത ഉദ്യോഗസ്ഥരായ *ഖനുൻഗോ* (നികുതിരേഖ സൂക്ഷിപ്പുകാരൻ), *ചൗധുരി* (നികുതിപിരിവുകാരൻ), *ഖാസി* എന്നീ മൂന്നുപേരാണ് *പർഗാന* (ഉപജില്ല) തലത്തിലുള്ള പ്രാദേശിക ഭരണം നോക്കിനടത്തിയിരുന്നത്.

ഓരോ ഭരണവകുപ്പും ഗുമസ്തന്മാർ, കണക്കെഴുത്തുകാർ, പരിശോധകർ, സന്ദേശവാഹകർ, പൊതുനിയമങ്ങളും വഴക്കങ്ങളും അനുസരിച്ച് പ്രവർത്തിക്കുകയും ഉത്തരവുകളും രേഖകളും പുറപ്പെടുവിക്കുകയും ചെയ്യുന്ന സാങ്കേതികയോഗ്യതയുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ വലിയൊരു പിന്തുണാസംഘത്തെ നിലനിർത്തിയിരുന്നു. പേർഷ്യൻ ഭരണഭാഷയാക്കിയിരുന്നെങ്കിലും ഗ്രാമീണ വരവുചെലവു കണക്കുകൾക്ക് പ്രാദേശികഭാഷ ഉപയോഗിച്ചിരുന്നു.

ഗ്രാമീണതലം വരെയുള്ള ഭരണകൂടത്തെ പൂർണമായും നിയന്ത്രിച്ചിരുന്നത് ചക്രവർത്തിയും അദ്ദേഹത്തിന്റെ രാജസഭയുമായിരുന്നു എന്ന വിധത്തിലാണ് മുഗൾ ദിനവൃത്താന്തങ്ങൾ ചിത്രീകരിച്ചത്; എന്നാൽ നേരത്തെ നിങ്ങൾ കണ്ടതുപോലെ (അധ്യായം 8) ഇതൊരു പൂർണമായും സംഘർഷരഹിതമായ പ്രക്രിയയായിരുന്നില്ല. പ്രാദേശിക ഭൂപ്രഭുക്കൾ, ഭൂവുടമകൾ, മുഗൾചക്രവർത്തിയുടെ പ്രതിനിധികൾ തുടങ്ങിയവർ തമ്മിലുള്ള ബന്ധം പലപ്പോഴും അധികാരവും, വിഭവങ്ങൾ പങ്കുവയ്ക്കുന്നതും സംബന്ധിച്ച് സംഘർഷഭരിതമായിരുന്നു. ഭരണകൂടത്തിനെതിരെ കർഷകപിന്തുണ നേടിയെടുക്കാൻ പലപ്പോഴും ഭൂവുടമകൾക്ക് കഴിഞ്ഞിരുന്നു.

**➲ ചർച്ച ചെയ്യുക...**

അധ്യായം 8 ലെ വിഭാഗം 2 ഒരിക്കൽകൂടി വായിക്കുകയും ചക്രവർത്തിയുടെ സാന്നിധ്യം ഗ്രാമങ്ങളിൽ എത്രത്തോളം വ്യാപ്തിയിൽ അനുഭവപ്പെട്ടിരിക്കാമെന്ന് ചർച്ച നടത്തുകയും ചെയ്യുക.

## 9. അതിർത്തികൾക്കപ്പുറം (BEYOND THE FRONTIERS)

മുഗൾചക്രവർത്തിമാർ സ്വീകരിച്ചിരുന്ന പല ശബ്ദാഡംബര സ്ഥാന പ്പേരുകളും ദിനവൃത്താന്ത രചയിതാക്കൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. പൊതുബഹുമതിനാമങ്ങളായ *ഷഹൻഷാ* (രാജാധിരാജൻ), സിംഹാ സനാരോഹണസമയത്ത് വ്യക്തിരാജാക്കന്മാർ സ്വീകരിക്കുന്ന പ്രത്യേക ബഹുമതി നാമങ്ങളായ *ജഹാംഗീർ* (ലോകം കയ്യടക്കിയ വൻ), അല്ലെങ്കിൽ ഷാജഹാൻ (ലോകരാജാവ്) എന്നിവ ഇതിൽപ്പെടു ന്നു. ദിനവൃത്താന്തക്കാർ പലപ്പോഴും ഈ ബഹുമതിനാമങ്ങളിൽ നിന്നും അവയുടെ അർഥങ്ങളിൽനിന്നും സ്വാംശീകരിച്ച അറിവിന്റെ അടിസ്ഥാനത്തിൽ മുഗൾചക്രവർത്തിമാർക്കു ഭൂവിഭാഗങ്ങൾക്ക് മേലെയും രാഷ്ട്രീയമായുമുള്ള നിയന്ത്രണത്തിൽ എതിരാളികളില്ലാ യിരുന്നു എന്ന അവകാശവാദം പുനരാവർത്തിച്ചിരുന്നു. എന്നിരുന്നാലും അയൽപ്രദേശത്തെ രാഷ്ട്രീയ ശക്തികളുമായുള്ള നയതന്ത്രബന്ധ ങ്ങളെയും തർക്കങ്ങളെയുംകുറിച്ച് ഇതേ സമകാലികചരിത്രങ്ങളിൽ വിവരിക്കുന്നുമുണ്ട്. പരസ്പരം മത്സരിക്കുന്ന പ്രാദേശികതാൽപര്യങ്ങളിൽനിന്നും ഉടലെ ടുത്തിരുന്ന ചെറിയ സംഘർഷത്തെയും രാഷ്ട്രീയ ശത്രുതയെയുമാണ് ഇത് കാണി ക്കുന്നത്.

*ചിത്രം 9.15*
*കാണ്ഡഹാറിനെ ഉപരോധിക്കുന്നു*



### 9.1 സഫാവിദുകളും കാണ്ഡഹാറും (The Safavids and Qandahar)

മുഗൾരാജാക്കന്മാരും അയൽരാജ്യങ്ങളായ ഇറാനും തുറാനുമായുള്ള, രാഷ്ട്രീയവും നയ തന്ത്രപരവുമായ ബന്ധങ്ങൾ, അഫ്ഗാനി സ്ഥാനെ, ഇറാൻ മധ്യേഷ്യാപ്രദേശങ്ങളിൽ നിന്നും വേർതിരിക്കുന്ന ഹിന്ദുക്കുഷ് പർവത ങ്ങൾ നിർണയിക്കുന്ന അതിർത്തികളുടെ മേലുള്ള നിയന്ത്രണത്തിന്റെ അടിസ്ഥാനത്തി ലാണ് ഉരുത്തിരിഞ്ഞിരുന്നത്. ഇന്ത്യാ ഉപഭൂ ഖണ്ഡത്തിലേക്ക് കടന്നുവരുവാൻ ആഗ്ര ഹിച്ച എല്ലാ ആക്രമണകാരികൾക്കും ഉത്ത രേന്ത്യയിലേക്ക് പ്രവേശനം ലഭിക്കുവാൻ ഹിന്ദുക്കുഷ് കടക്കണമായിരുന്നു. ഈ പ്രബ ലമായ വിപത്തിനെ ദൂരീകരിക്കുവാൻ തന്ത്ര പ്രധാനമായ കാവൽത്താവളങ്ങളെ - മുഖ്യ മായും കാബൂളിനെയും കാണ്ഡഹാ റിനെയും -നിയന്ത്രിക്കുകയായിരുന്നു മുഗൾ നയത്തിന്റെ സ്ഥായിയായ ലക്ഷ്യം.

മുഗളരും സഫാവിദുകളും തമ്മിലുള്ള ഒരു തർക്കവിഷയമായിരുന്നു കാണ്ഡഹാർ. ഈ കോട്ടനഗരം തുടക്കത്തിൽ ഹുമയൂണിന്റെ



*ചിത്രം 9.16*

*ജഹാംഗീറിന്റെ സ്വപ്നം*

ചക്രവർത്തി അടുത്തിടെ കണ്ട ഒരു സ്വപ്നം ചിത്രത്തിലൂടെ ആവിഷ്കരിക്കാൻ ജഹാംഗീർ അബുൾ ഹസനെ ചുമതലപ്പെടുത്തിയതായി ഈ ചെറു ചിത്രത്തിലെ ഒരു ലിഖിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അബുൽ ഹസൻ ചിത്രീകരിച്ചിരിക്കുന്നത്, രണ്ടു ഭരണാധികാരികൾ - ജഹാംഗീറും സഫാവിദ് ഷാ അബ്ബാസും - സൗഹാർദമായി ആലിംഗനം ചെയ്യുന്ന രംഗമാണ്. രണ്ടു രാജാക്കന്മാരെയും അവരുടെ പരമ്പരാഗതമായ വേഷത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്. 1613 ൽ ഇറാനിലേക്കുള്ള മുഗൾ നയതന്ത്രസംഘത്തെ അനുഗമിച്ച ബിഷൻദാസിന്റെ ഛായാചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഷായുടെ രൂപം. ഇത്, ഈ രണ്ട് ഭരണാധികാരികൾ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലെങ്കിലും, ഈ കാല്പനിക രംഗത്തിന് ആധികാരിക ഭാവം നൽകി.

➲ ചിത്രങ്ങളെ ശ്രദ്ധാപൂർവം നോക്കുക. ജഹാംഗീറും ഷാ അബ്ബാസും തമ്മിലുള്ള ബന്ധം എങ്ങനെയാണ് കാണിച്ചിരിക്കുന്നത്? അവരുടെ ശരീരഘടനയും നില്പും താരതമ്യം ചെയ്യുക. മൃഗങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു? ഭൂപടം സൂചിപ്പിക്കുന്നത് എന്താണ്?

കൈവശമായിരുന്നു, 1595 ൽ അക്ബർ ഇത് തിരിച്ചു പിടിച്ചിരുന്നു. സഫാവിദുകൾ മുഗളരുമായി നയതന്ത്രബന്ധങ്ങൾ നിലനിർത്തിയിരുന്നപ്പോഴും കാണ്ഡഹാറിനുവേണ്ടിയുള്ള അവരുടെ അവകാശവാദങ്ങൾ തുടർന്നുപോന്നു. കാണ്ഡഹാർ തുടർന്നും കൈയിൽ വയ്ക്കാനുള്ള അഭ്യർഥനയുമായി 1613 ൽ ഷാ അബ്ബാസിന്റെ കൊട്ടാരത്തിലേക്ക് ജഹാംഗീർ ഒരു നയതന്ത്രപ്രതിനിധിയെ അയച്ചു. എന്നാൽ ആ ദൗത്യം പരാജയപ്പെട്ടു. 1622 ലെ ശൈത്യകാലത്ത് ഒരു പേർഷ്യൻ സൈന്യം കാണ്ഡഹാർ വളഞ്ഞു. വേണ്ടത്ര തയാറെടുപ്പില്ലാതിരുന്ന മുഗൾസൈന്യം പരാജയപ്പെടുകയും കോട്ടയും നഗരവും സഫാവിദുകൾക്ക് അടിയറവയ്ക്കുകയും ചെയ്തു.

## 9.2 ഓട്ടോമനുകൾ : തീർഥാടനവും വ്യാപാരവും (The Ottomans: pilgrimage and trade)

ഓട്ടോമൻ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ തീർഥാടകർക്കും കച്ചവടക്കാർക്കും സ്വതന്ത്രസഞ്ചാരം ഉറപ്പുവരുത്തുന്നതിനാണ് മുഗളരും ഓട്ടോമൻതുർക്കികളും തമ്മിലുള്ള ബന്ധത്തിൽ സ്പഷ്ടമായ പരിഗണന നൽകിയത്. പ്രധാന തീർഥാടന കേന്ദ്രങ്ങളായ മെക്കയും മെദീനയും സ്ഥിതി ചെയ്തിരുന്ന ഓട്ടോമൻ അറേബ്യയുടെ ഭാഗമായിരുന്ന ഹിജാസിന്റെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും ശരിയുമായിരുന്നു. ചെങ്കടലിലെ തുറമുഖങ്ങളായ ഏഡൻ, മോഖ എന്നിവിടങ്ങളിലേക്ക് വിലപിടിപ്പുള്ള കച്ചവടസാധനങ്ങൾ കയറ്റുമതി ചെയ്തുകൊണ്ടും വ്യാപാരത്തിൽ നിന്നുള്ള ലാഭം അവിടത്തെ ആരാധനാലയ സൂക്ഷിപ്പുകാർക്കും മതവിശ്വാസികൾക്കുമുള്ള കാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചുകൊണ്ടും മുഗൾ ചക്രവർത്തി, മതവും വാണിജ്യവും തമ്മിൽ സമന്വയിപ്പിച്ചിരുന്നു. എന്നാൽ അറേ

ബ്യയിലേക്കയച്ച ധനം പലപ്പോഴും ദുരുപയോഗം ചെയ്യപ്പെടുന്നത് കണ്ടെത്തിയ ഔറംഗസീബ് അവ ഇന്ത്യയിൽ വിതരണം ചെയ്യുന്നതിനെ അനുകൂലിച്ചു. അദ്ദേഹം ചിന്തിച്ചത് "ഇന്ത്യയും മക്കയെപ്പോലെ ദൈവത്തിന്റെ ആലയമാണല്ലോ" എന്നാണ്.

*സ്രോതസ്സ് 4*

**പ്രാപ്യനായ ചക്രവർത്തി**
**(The accessible emperor)**

തന്റെ അനുഭവങ്ങളുടെ വിവരണത്തിൽ, ആദ്യത്തെ ജസ്യൂട്ട് മിഷനിലെ ഒരു അംഗമായിരുന്ന മോൺ സിറാത്ത് പറയുന്നു.

തന്റെ ദർശനം ആഗ്രഹിക്കുന്ന എല്ലാവർക്കും അദ്ദേഹം (അക്ബർ) എത്രമാത്രം പ്രാപ്യനായിരുന്നു എന്നതിൽ അല്പംപോലും അതിശയോക്തി പറയുന്നത് ബുദ്ധിമുട്ടാണ്. ഏതൊരു സാധാരണക്കാരനോ പ്രഭുവിനോ അദ്ദേഹത്തെ കാണുവാനും അദ്ദേഹവുമായി സംവദിക്കുവാനും എല്ലാദിവസവും അദ്ദേഹം ഒരു അവസരം സൃഷ്ടിക്കുന്നു. തന്നോട് സംസാരിക്കാൻ വരുന്ന എല്ലാവരോടും ഗൗരവക്കാരനാകുന്നതിനു പകരം അദ്ദേഹം സൗമ്യമായി സംസാരിക്കുന്ന ആളായും സൽസ്വഭാവിയായും കാണിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഈ ഭവ്യതയും വിനയവും അദ്ദേഹത്തെ തന്റെ പ്രജകളുടെ മനസ്സുകളിൽ ചേക്കേറുന്നതിൽ എത്ര വലിയ സ്വാധീനം ചെലുത്തി എന്നത് വളരെ ശ്രദ്ധേയമാണ്.

➲ ഈ വിവരണത്തെ സ്രോതസ്സ് 2 മായി താരതമ്യം ചെയ്യുക.

### 9.3 ജസ്യൂട്ടുകൾ മുഗൾ രാജസഭയിൽ (Jesuits at the Mughal court)

യൂറോപ്പിന് ഇന്ത്യയെക്കുറിച്ചുള്ള അറിവുലഭിച്ചത് ജസ്യൂട്ട് മതപ്രചാരകരുടെയും സഞ്ചാരികളുടെയും കച്ചവടക്കാരുടെയും നയതന്ത്ര പ്രതിനിധികളുടെയും വിവരണങ്ങളിലൂടെയാണ്. മുഗൾക്കൊട്ടാരങ്ങളെക്കുറിച്ച് യൂറോപ്യൻ എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ആദ്യത്തെ വിവരണങ്ങൾ ജസ്യൂട്ടുകളുടെതായിരുന്നു.

പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇന്ത്യയിലേക്ക് നേരിട്ടൊരു കടൽമാർഗം കണ്ടെത്തിയതിനെത്തുടർന്ന്, പോർട്ടുഗീസ് കച്ചവടക്കാർ തീരദേശനഗരങ്ങളിൽ കച്ചവടകേന്ദ്രങ്ങളുടെ ഒരു ശൃംഖലതന്നെ സ്ഥാപിച്ചു. ഈശോസഭയിലെ (ജസ്യൂട്ട്) മതപ്രചാരകരുടെ സഹായത്തോടെ ഇന്ത്യയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിലും പോർട്ടുഗീസ് രാജാവ് അതീവ തൽപരനായിരുന്നു. പതിനാറാംനൂറ്റാണ്ടിൽ ഇന്ത്യയിലേക്കു വന്ന ക്രിസ്തീയദൗത്യങ്ങൾ വ്യാപാരം, സാമ്രാജ്യനിർമ്മാണം എന്നീ പ്രക്രിയകളുടെ ഭാഗമായിരുന്നു.

ക്രിസ്തുമതത്തെക്കുറിച്ച് ജിജ്ഞാസുവായിരുന്ന അക്ബർ ജസ്യൂട്ട് പുരോഹിതന്മാരെ ക്ഷണിക്കുവാനായി, ഗോവയിലേക്ക് ഒരു പ്രതിനിധി സംഘത്തെ അയച്ചു. ആദ്യത്തെ ജസ്യൂട്ട് ദൗത്യസംഘം 1580 ൽ ഫത്തേപൂർസിക്രിയിലെ മുഗൾസഭയിലെത്തുകയും രണ്ടുവർഷത്തോളം അവിടെ ചെലവഴിക്കുകയും ചെയ്തു. ജസ്യൂട്ടുകൾ അക്ബറുമായി ക്രിസ്തുമതത്തെക്കുറിച്ച് സംസാരിക്കുകയും അതിന്റെ നന്മകളെക്കുറിച്ച് ഉലമമാരുമായി സംവാദത്തിലേർപ്പെടുകയും ചെയ്തു. 1591 ലും 1595 ലുമായി രണ്ടുജസ്യൂട്ട് ദൗത്യങ്ങളെക്കൂടി ലാഹോറിലെ മുഗൾ രാജസഭയിലേക്ക് അയച്ചിരുന്നു.

ജസ്യൂട്ടുകളുടെ വിവരണങ്ങളുടെ അടിസ്ഥാനം വ്യക്തിപരമായ നിരീക്ഷണങ്ങളായിരുന്നു. അവ ചക്രവർത്തിയുടെ സ്വഭാവം, മനസ്സ് എന്നിവയിലേക്ക് വെളിച്ചം വീശുന്നു. പൊതു സമ്മേളനങ്ങൾ കൂടുമ്പോൾ അക്ബറിന്റെ സിംഹാസനത്തിനരികെത്തന്നെ ജസ്യൂട്ടുകൾക്ക് ഇരിപ്പിടം നൽകിയിരുന്നു. അവർ സൈനിക പര്യടനങ്ങളിൽ അദ്ദേഹത്തെ അനുഗമിക്കുകയും അദ്ദേഹത്തിന്റെ മക്കളുടെ സ്വകാര്യാധ്യാപകരാക്കുകയും മിക്കപ്പോഴും വിശ്രമവേളകളിൽ അദ്ദേഹത്തിന്റെ ചങ്ങാതിമാരാക്കുകയും ചെയ്തു. രാജകീയ ഉദ്യോഗസ്ഥർ, മുഗൾ കാലഘട്ടത്തെ പൊതുവായ ജീവിതാവസ്ഥ എന്നിവയെക്കുറിച്ച് പേർഷ്യൻ ദിനവൃത്താന്തങ്ങൾ നൽകുന്ന വിശദീകരണങ്ങളെ ജസ്യൂട്ടുകളുടെ വിവരണങ്ങൾ സാധൂകരിക്കുന്നു.

➲ **ചർച്ച ചെയ്യുക....**

മുഗൾ ഭരണാധികാരികളും തങ്ങളുടെ സമകാലീനരുമായുള്ള ബന്ധങ്ങൾ രൂപപ്പെടുത്തിയ പരിഗണനകൾ എന്തെല്ലാമായിരുന്നു?

## 10. ഔപചാരികമതത്തെ ചോദ്യം ചെയ്യുന്നു (QUESTIONING FORMAL RELIGION)



*ചിത്രം 9.17*
*രാജസഭയിലെ മതസംബന്ധിയായ സംവാദങ്ങൾ*
ആദ്യത്തെ ജസ്യൂട്ട് മിഷൻ നേതാവ്, പാതിരി റുഡോൾഫ് അക്വാവിവയായിരുന്നു. അദ്ദേഹത്തിന്റെ പേര് ചിത്രത്തിന്റെ മുകൾ ഭാഗത്ത് എഴുതിയിട്ടുണ്ട്.

ജസ്യൂട്ട് ദൗത്യസംഘത്തിലെ അംഗങ്ങളോട് അക്ബർ കാട്ടിയ ആദരവ് അവരിൽ വലിയ മതിപ്പുളവാക്കി. ക്രിസ്തുമത സിദ്ധാന്തങ്ങളിലുള്ള ചക്രവർത്തിയുടെ തുറന്ന താൽപ്പര്യത്തെ തങ്ങളുടെ മതവിശ്വാസം അദ്ദേഹം സ്വീകരിച്ചതിന്റെ സൂചനയായാണ് ജസ്യൂട്ടുകൾ കണ്ടത്. പടിഞ്ഞാറൻ യൂറോപ്പിൽ അന്ന് നിലനിന്നിരുന്ന മത അസഹിഷ്ണുതയുടെ വെളിച്ചത്തിൽ ഇത് മനസ്സിലാക്കാൻ കഴിയും. മോൺസിറാത്ത് പ്രസ്താവിക്കുന്നതിങ്ങനെയാണ് "സ്വന്തം മതവിശ്വാസം പിന്തുടരുവാൻ ഏവരെയും അനുവദിക്കുന്നതിലൂടെ യഥാർഥത്തിൽ താൻ എല്ലാറ്റിനെയും ലംഘിക്കുകയാണ് ചെയ്യുന്നത്–എന്നത് രാജാവ് അല്പംപോലും ഗൗനിച്ചില്ല."

മതപരമായ അറിവുകൾ സമ്പാദിക്കുവാനുള്ള അക്ബറിന്റെ അന്വേഷണം ഫത്തേപൂർ സിക്രിയിലെ *ഇബാദത്ത്ഖാന*യിൽ വച്ച് പണ്ഡിതരായ മുസ്ലീങ്ങൾ, ഹിന്ദുക്കൾ, ജൈനർ, പാർസികൾ, ക്രിസ്തുമതക്കാർ എന്നിവർ തമ്മിൽ മതങ്ങളെക്കുറിച്ചുള്ള സംവാദങ്ങളിലേക്ക് നയിച്ചു. വ്യത്യസ്ത മതങ്ങളിലെയും മതവിഭാഗങ്ങളിലെയും പണ്ഡിതരോടുള്ള അന്വേഷണങ്ങളിലൂടെയും അവരുടെ സിദ്ധാന്തങ്ങളെക്കുറിച്ച് നേടിയ വിജ്ഞാനത്തിലൂടെയും അക്ബറിന്റെ മതവീക്ഷണങ്ങൾ പക്വമായിത്തീർന്നു. താമസിയാതെ, മതങ്ങളെ മനസ്സിലാക്കുന്നതിനുള്ള യാഥാസ്ഥിതിക ഇസ്ലാമികമാർഗങ്ങളിൽനിന്ന് കൂടുതൽ അകന്ന് സൂര്യനെയും പ്രകാശത്തെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള, വിശാലവീക്ഷണമുള്ളതും സ്വയം രൂപകല്പന ചെയ്തതുമായൊരു നിരാകാരമായ ആരാധനാ സമ്പ്രദായത്തിലേക്ക് അദ്ദേഹം നീങ്ങി. അക്ബറും അബുൾ ഫസലും ചേർന്ന് പ്രകാശത്തിന്റെ ഒരു ദർശനം സൃഷ്ടിക്കുകയും രാജാവിനെക്കുറിച്ചുള്ള പ്രതിച്ഛായയും രാഷ്ട്രത്തെക്കുറിച്ചുള്ള സങ്കല്പവും രൂപപ്പെടുത്താൻ അതുപയോഗിക്കുകയും ചെയ്തതായി നാം മനസ്സിലാക്കി. ഇതുപ്രകാരം ദൈവിക പ്രചോദനമുള്ള ഒരു വ്യക്തിക്ക് ജനങ്ങളുടെമേൽ പരമാധികാരവും ശത്രുക്കളുടെമേൽ പരിപൂർണനിയന്ത്രണവുമുണ്ടാകുന്നു.

### ഹറമിലെ ഹോം (*Hom* in the *haram*)

അബ്ദുൽ ഖാദിർ ബദൗനിയുടെ *മുന്തഖാബ്-ഉത് തവാരിഖിൽ* നിന്നുള്ള ഒരു ഭാഗമാണിത്. ഒരു മതപണ്ഡിതനും രാജസഭാംഗവുമായ ബദൗനി തന്റെ യജമാനന്റെ നയങ്ങളെ വിമർശിക്കുകയും തന്റെ പുസ്തകത്തിലെ ഉള്ളടക്കങ്ങൾ പരസ്യമാക്കാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്തു.

> ചെറുപ്പകാലം മുതൽ, ഹിന്ദിലെ രാജാക്കന്മാരുടെ പെൺമക്കളായ തന്റെ ഭാര്യമാരോടുള്ള അഭിനന്ദന സൂചകമായി ചക്രവർത്തി തിരുമനസ് *ഹറമിൽ* അഗ്നി ആരാധന (*ആതിഷ്-പരസ്തി*) യിൽ നിന്നും ഉരുത്തിരിഞ്ഞ ഒരു ആഘോഷമായ *ഹോം* അനുഷ്ഠിച്ചിരുന്നു; എന്നാൽ ഇരുപത്തിയഞ്ചാം ഭരണവർഷത്തിന്റെ (1578) പുതുവത്സരത്തിൽ അദ്ദേഹം സൂര്യനും അഗ്നിക്കും മുന്നിൽ പരസ്യമായി സാഷ്ടാംഗം പ്രണാമം ചെയ്തു. വൈകുന്നേരം വിളക്കുകളും മെഴുകുതിരികളും കത്തിക്കുമ്പോൾ രാജസദസ് മുഴുവനും ആദരവു കാണിക്കുന്നതിനായി എഴുന്നേറ്റ് നിൽക്കണമായിരുന്നു.

രാജസഭാ ദിനവൃത്താന്ത രചയിതാക്കളുടെ വീക്ഷണങ്ങളോട് യോജിക്കുന്നവയായിരുന്നു ഈ ആശയങ്ങൾ. ചില പ്രക്രിയകളിലൂടെ സാമ്രാജ്യസൗധത്തിനുള്ളിൽ വൈവിധ്യമാർന്ന ഒരു ജനതയെ സഫലമായി ഉൾക്കൊള്ളാൻ മുഗൾ ഭരണാധികാരികൾക്ക് കഴിഞ്ഞുവെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. സാമ്രാജ്യത്തിന്റെ ഭൂമിശാസ്ത്രവിസ്തൃതിയും രാഷ്ട്രീയ നിയന്ത്രണങ്ങളും ഗണ്യമായി കുറഞ്ഞതിനുശേഷവും ഒന്നര നൂറ്റാണ്ടോളം ഈ ഉപഭൂഖണ്ഡത്തിൽ ഈ രാജവംശം അതിന്റെ പേരും പ്രതാപവും നിയമാനുസൃതമായിത്തന്നെ നിലനിർത്തി.

*ചിത്രം 9.18*
*മുൾത്താനിലെ ഒരു ദേവാലയത്തിൽ നിന്നുള്ള നീല ഓട്, ഇറാനിൽ നിന്നുള്ള കുടിയേറ്റ കൈത്തൊഴിലുകാർ കൊണ്ടുവന്നത്*



## കാലരേഖ (Time Line)

### ചില പ്രധാന മുഗൾ ദിനവൃത്താന്തങ്ങളും ഓർമ്മക്കുറിപ്പുകളും

### (Some Major Mughal Chronicles and Memoirs)

| | | |
|---|---|---|
| ഏകദേശം 1530 | : | തുർക്കി ഭാഷയിലുള്ള ബാബറിന്റെ ഓർമ്മക്കുറിപ്പുകളുടെ കൈയെഴുത്തുപ്രതി – ഒരു കൊടുങ്കാറ്റിൽനിന്നും രക്ഷിച്ചെടുത്തത് – ടിമൂറിദുകളുടെ കുടുംബശേഖരങ്ങളുടെ ഭാഗമായിത്തീരുന്നു |
| ഏകദേശം 1587 | : | ഗുൽബദൻ ബീഗം *ഹുമയൂൺനാമ* എഴുതിത്തുടങ്ങുന്നു |
| 1589 | : | ബാബറിന്റെ ഓർമ്മക്കുറിപ്പുകൾ *ബാബർനാമ* എന്ന പേരിൽ പേർഷ്യനിലേക്ക് പരിഭാഷപ്പെടുത്തി |
| 1589 - 1602 | : | അബുൾ ഫസൽ *അക്ബർനാമ*യുടെ രചനയിൽ ഏർപ്പെടുന്നു |
| 1605 - 22 | : | ജഹാംഗീർ തന്റെ ഓർമ്മക്കുറിപ്പുകൾ എഴുതുന്നു, *ജഹാംഗീർനാമ* |
| 1639 - 47 | : | *ബാദ്ഷാനാമ*യുടെ രണ്ടുവാല്യങ്ങൾ (ദഫ്താറുകൾ) ലാഹോരി രചിക്കുന്നു. |
| ഏകദേശം 1650 | : | ഷാജഹാന്റെ ഭരണത്തിന്റെ മൂന്നാം ദശകത്തിന്റെ ദിനവൃത്താന്തം മുഹമ്മദ് വാരിസ് എഴുതിത്തുടങ്ങുന്നു |
| 1668 | : | ഔറംഗസീബിന്റെ ആദ്യത്തെ പത്തുവർഷത്തെ ഭരണചരിത്രമായ *ആലംഗിർനാമ* മുഹമ്മദ് കാസിം ക്രോഡീകരിച്ചു |

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. മുഗൾ കൊട്ടാരത്തിലെ കൈയെഴുത്തു പ്രതികളുടെ നിർമ്മാണപ്രക്രിയ വിശദീകരിക്കുക.
2. മുഗൾ കൊട്ടാരവുമായി ബന്ധപ്പെട്ട ദിനചര്യകളും പ്രത്യേക ആഘോഷങ്ങളും ചക്രവർത്തിയുടെ അധികാരത്തെ സംബന്ധിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നത് എങ്ങനെയാണ്?
3. മുഗൾസാമ്രാജ്യത്തിൽ രാജകുടുംബത്തിലെ സ്ത്രീകൾ വഹിച്ച പങ്ക് വിലയിരുത്തുക.
4. ഉപഭൂഖണ്ഡത്തിന് പുറത്തുള്ള പ്രദേശങ്ങളോടുള്ള മുഗളരുടെ നയങ്ങളും സമീപനങ്ങളും രൂപപ്പെടുത്തിയ പരിഗണനകൾ എന്തെല്ലാമായിരുന്നു?
5. മുഗൾ പ്രവിശ്യാഭരണത്തിന്റെ മുഖ്യസവിശേഷതകൾ ചർച്ചചെയ്യുക. കേന്ദ്രം പ്രവിശ്യകളെ നിയന്ത്രിച്ചിരുന്നതെങ്ങനെ?

## ചുവടെ തന്നിട്ടുള്ളവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (ഏകദേശം 250 മുതൽ 300 വരെ വാക്കുകളിൽ) എഴുതുക: (WRITE A SHORT ESSAY (ABOUT 250-300 WORDS) ON THE FOLLOWING:)

6. മുഗൾ ദിനവൃത്താന്തങ്ങളുടെ പ്രത്യേക സവിശേഷതകൾ ഉദാഹരണ സഹിതം ചർച്ച ചെയ്യുക.
7. ഈ അധ്യായത്തിൽ അവതരിപ്പിച്ചിട്ടുള്ള ദൃശ്യസാമഗ്രികൾക്ക് അബുൾ ഫസലിന്റെ ചിത്രരൂപത്തിലുള്ള വിവരണങ്ങളുമായി എത്രത്തോളം സാദൃശ്യമുണ്ട് (സ്രോതസ് 1)?
8. മുഗൾ പ്രഭുവർഗത്തിന്റെ മുഖ്യസവിശേഷതകൾ എന്തെല്ലാമായിരുന്നു? ചക്രവർത്തിയുമായുള്ള അവരുടെ ബന്ധം രൂപപ്പെട്ടതെങ്ങനെ?
9. മുഗളരുടെ രാജവാഴ്ചയെക്കുറിച്ചുള്ള ആശയം രൂപീകരിക്കുന്നതിൽ എന്തെല്ലാം ഘടകങ്ങൾ പ്രവർത്തിച്ചുവെന്ന് തിരിച്ചറിയുക.



*ചിത്രം 9.19*
*ഒട്ടനവധി മുഗൾ കൈയെഴുത്തുപ്രതികളിൽ പക്ഷികളുടെ ചിത്രങ്ങൾ ഉൾപ്പെട്ടിരുന്നു*

**കൂടുതൽ അറിയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വായിക്കുക:**

ബാംബർ ഗാസ്കൊയിൽ. 1971.
*ദി ഗ്രേറ്റ് മുഗൾസ്.*
ജോനാഥൻ കേപ് ലിമിറ്റഡ്, ലണ്ടൻ.

ഷെറീൻ മൂസ്വി, 2006 (റീപ്രിന്റ്).
*എപ്പിസോഡ്സ് ഇൻ ദി ലൈഫ് ഓഫ് അക്ബർ* . നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡൽഹി.

ഹർബൻസ് മുഖ്യ. 2004.
*ദി മുഗൾസ് ഓഫ് ഇന്ത്യ.* ബ്ലാക്ക്‌വെൽ, ഓക്സ്ഫഡ്.

ജോൺ എഫ് റിച്ചാർഡ്സ്. 1996.
*ദി മുഗൾ എംപയർ*
(ദി ന്യൂ കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ, വാല്യം. 1). കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, കേംബ്രിഡ്ജ്.

ആൻമേരി ഷിമ്മൽ. 2005.
*ദി എംപയർ ഓഫ് ദി ഗ്രേറ്റ് മുഗൾസ് : ഹിസ്റ്ററി, ആർട്ട് ആന്റ് കൾച്ചർ.*
ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്, ന്യൂഡൽഹി.

**കൂടുതൽ വിവരങ്ങൾക്ക്, നിങ്ങൾക്ക് സന്ദർശിക്കാം:**

www.mughalgardens.org

## ഭൂപട പ്രവർത്തനം (MAP WORK)

10. ഭൂപടത്തിന്റെ ഒരു രൂപരേഖയിൽ മുഗളർക്ക് രാഷ്ട്രീയ സാംസ്കാരിക ബന്ധങ്ങളുണ്ടായിരുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തുക.

## പ്രോജക്ട് (ഒന്ന് തിരഞ്ഞെടുക്കുക)
## PROJECT (CHOOSE ONE)

11. ഏതെങ്കിലും ഒരു മുഗൾ ദിനവൃത്താന്തത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തുക. ഗ്രന്ഥത്തിന്റെ ഉള്ളടക്കം, ശൈലി, ഭാഷ എന്നിവയെക്കുറിച്ചും രചയിതാവിനെക്കുറിച്ചും വിവരിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് തയാറാക്കുക. നിങ്ങൾ തിരഞ്ഞെടുത്ത ദിനവൃത്താന്തത്തിൽ, ചക്രവർത്തിയുടെ അധികാരത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ട്, രണ്ടു ദൃശ്യചിത്രങ്ങളെക്കുറിച്ചെങ്കിലും വിവരിക്കുക.

12. ഇന്നത്തെ ഭരണസമ്പ്രദായത്തെ മുഗളരുടെ രാജസഭയും ഭരണസമ്പ്രദായവുമായി താരതമ്യപ്പെടുത്തിക്കൊണ്ട്, ഭരണാദർശങ്ങളും രാജസ്ഥാനുഷ്ഠാനങ്ങളും രാജസേവനത്തിനുള്ള നിയമനമാർഗങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് നിങ്ങളുടെ ശ്രദ്ധയിൽ വരുന്ന, സാമ്യങ്ങൾക്കും വ്യത്യാസങ്ങൾക്കും പ്രാമുഖ്യം നൽകികൊണ്ട്, ഒരു റിപ്പോർട്ട് തയാറാക്കുക.



ചിത്രം 9.20
ഒരു വൃക്ഷത്തിൽ ഇരിക്കുന്ന അണ്ണാറക്കണ്ണൻമാർ- ഒരു മുഗൾ ചിത്രം

## പ്രമേയങ്ങളുടെ കടപ്പാട് (Credits for Illustrations)

### പ്രമേയം 5 (Theme 5)

ചിത്രം 5.1: റിതു തോപ

ചിത്രം 5.2: ഹെൻറി സ്റ്റെർലിൻ, *ദി കൾച്ചറൽ ഹിസ്റ്ററി ഓഫ് ദി അറബ്സ്*, ആരെം പ്രസ്സ്, ലണ്ടൻ, 1981.

ചിത്രം 5.4, 5.13: എഫ്.ഐ.സി.സി.ഐ., *ഹെറിറ്റേജ് ഓഫ് എന്റർപ്രൈസ് : ഇന്ത്യൻ ബിസിനസ്സ് ത്രൂ ദി ഏജസ്*, ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂഡൽഹി, 1999.

ചിത്രം 5.5: കൽക്കട്ട ആർട്ട് ഗാലറി, പ്രിന്റഡ് ഇൻ ഇ.ബി. ഹാവൽ, *ദി ആർട്ട് ഹെറിറ്റേജ് ഓഫ് ഇന്ത്യ*, ഡി.ബി.താരാപൊരെവാലാ സൺസ് ആന്റ് കോ., ബോംബെ, 1964.

ചിത്രം 5.6, 5.7, 5.12: ബാംബർ ഗാസ്കോയിൻ, *ദി ഗ്രേറ്റ് മുഗൾസ്*, ജോനാഥൻ കേപ് ലിമിറ്റഡ്, ലണ്ടൻ, 1971.

ചിത്രം 5.8, 5.9: സുനിൽ കുമാർ.

ചിത്രം 5.10: റോസ്മേരി ക്രില്ല്, *ഇന്ത്യൻ ഇകാത്ത് ടെക്സ്റ്റയിൽസ്*, വെതർഹില്ല്, ലണ്ടൻ 1998.

ചിത്രം 5.11, 5.14: സി.എ ബെയ്‌ലി (എഡിറ്റട്ട്). *ആൻ ഇല്ലസ്ട്രേറ്റഡ് ഹിസ്റ്ററി ഓഫ് മോഡേൺ ഇന്ത്യ, 1600–1947*, ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ബോംബെ, 1991.

### പ്രമേയം 6 (Theme 6)

ചിത്രം 6.1: സൂസൻ എൽ. ഹണ്ടിംഗ്ടൺ, *ദി ആർട്ട് ഓഫ് ഏൻഷ്യന്റ് ഇന്ത്യ*, വെതർഹില്ല്, ന്യൂയോർക്ക്, 1993.

ചിത്രം 6.3, 6.17: ജിം മാസ്സലസ്, ജാക്കി മെൻസീസ് ആൻഡ് പ്രതാപാദിത്യ പാൽ, *ഡാൻസിങ് ടു ദി ഫ്ലൂട്ട് : മ്യൂസിക് ആൻഡ് ഡാൻസ് ഇൻ ഇന്ത്യൻ ആർട്ട്*, ദി ആർട്ട് ഗാലറി ഓഫ് ന്യൂ സൗത്ത് വെയിൽസ്, സിഡ്നി, ആസ്ട്രേലിയ, 1997.

ചിത്രം 6.4, 6.5: ബഞ്ചമിൻ റോലാണ്ട്, *ദി ആർട്ട് ആൻഡ് ആർക്കിടെക്ചർ ഓഫ് ഇന്ത്യ*, പെൻഗ്വിൻ, ഹർമോണ്ട്സ് വർത്ത്, 1970.

ചിത്രം 6.6: ഹെൻട്രി സ്റ്റെർലിൻ, *ദി കൾച്ചറൽ ഹിസ്റ്ററി ഓഫ് ദി അറബ്സ്*, ആരെം പ്രസ്സ്, ലണ്ടൻ, 1981.

ചിത്രം 6.8 : http://www.us.iis.ac.uk/view_article.asp/ContentID=104228

ചിത്രം 6.9 : http://www.thekkepuram.ourfamily.com/miskal.htm

ചിത്രം 6.10 : http://a-bangladesh.com/banglapedia/Images/A_0350A.JPG

ചിത്രം 6.11 : foziaqazi@kashmirvision.com

ചിത്രം 6.12 : സ്റ്റുവർട്ട് കാരി വെല്ല്, *ഇന്ത്യൻ ആർട്ട് ആൻഡ് കൾച്ചർ, 1300–1900*, ദി മെട്രോപോളിറ്റൻ മ്യൂസിയം ഓഫ് ആർട്ട്, ന്യൂയോർക്ക്, 1985.

ചിത്രം 6.13 : ബാംബർ ഗാസ്കോയിൻ, *ദി ഗ്രേറ്റ് മുഗൾസ്*, ജോനാഥൻ കോപ്പ് ലിമിറ്റഡ്, ലണ്ടൻ 1971.

ചിത്രം 6.15: സി.സി.ആർ.റ്റി

ചിത്രം 6.16: സി.എ.ബെയ്‌ലി (എഡിറ്റട്ട്). *ആൻ ഇല്ലസ്ട്രേറ്റഡ് ഹിസ്റ്ററി ഓഫ് മോഡേൺ ഇന്ത്യ, 1600–1947*, ഓക്സോഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ബോംബെ, 1991.

ചിത്രം 6.18 : അഹമ്മദ് നബി ഖാൻ, *ഇസ്ലാമിക് ആർക്കിടെക്ചർ ഇൻ പാകിസ്താൻ*, നാഷണൽ ഹിജ്റ കൗൺസിൽ, ഇസ്ലാമാബാദ്, 1990.

### പ്രമേയം 7 (Theme 7)

ചിത്രം 7.1, 7.11, 7.12, 7.14, 7.15, 7.16, 7.18: വസുന്ധര ഫിലിയോസാറ്റ് ആൻഡ് ജോർജ് മിച്ചൽ (എഡിറ്റേഴ്സ്), *ദി സ്പ്ലെൻഡേഴ്സ് ഓഫ് വിജയനഗര*, മാർഗ് പബ്ലിക്കേഷൻസ്, ബോംബെ 1981.

ചിത്രം 7.2: സി.എ.ബെയ്‌ലി (എഡിറ്റഡ്). *ആൻ ഇല്ലസ്ട്രേറ്റഡ് ഹിസ്റ്ററി ഓഫ് മോഡേൺ ഇന്ത്യ, 1600 –1947*, ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ബോംബെ, 1991.

ചിത്രം 7.3: സൂസൻ എൽ. ഹണ്ടിങ്ങ്ടൺ, *ദി ആർട്ട് ഓഫ് ഏൻഷ്യന്റ് ഇന്ത്യ*, വെതർഹില്ല്, ന്യൂയോർക്ക്, 1993.
ചിത്രം 7.4, 7.6, 7.7, 7.20, 7.23, 7.26, 7.27, 7.32: ജോർജ് മിച്ചൽ, *ആർക്കിടെക്ചർ ആന്റ് ആർട്ട് ഓഫ് സൗത്ത് ഇന്ത്യ*, കേംബ്രിഡ്ജ്, 1995.
ചിത്രം 7.5, 7.8, 7.9, 7.21 http://www.museum.upenn.edu/new/research/Exp_Rese_Disc/Asia/vrp/HTML/Vijay_Hist.shtml
ചിത്രം 7.10: കാതറിൻ ബി.ആഷർ ആൻഡ് സിന്ത്യ ടാൽബോട്ട്. *ഇന്ത്യ ബിഫോർ യൂറോപ്പ്*, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്, കേംബ്രിഡ്ജ്, 2006.
ചിത്രം 7.17, 7.22, 7.24, 7.28, 7.29, 7.30, 7.31, 7.33: ജോർജ് മിച്ചൽ ആൻഡ് എം.ബി.വാഗണർ, *വിജയനഗര : ആർക്കിടെക്ചറൽ ഇൻവെന്ററി ഓഫ് ദി സേക്രട്ട് സെന്റർ*, മുൻഷിറാം മനോഹർലാൽ, ന്യൂഡൽഹി.
ചിത്രം 7.25: സി.സി.ആർ.റ്റി.

**പ്രമേയം 8 (Theme 8)**
ചിത്രം 8.1, 8.9: മിലോ ക്ലീവ്ലെൻസ് ബീച്ച് ആൻഡ് എബ്ബ കോച്ച്, *കിംഗ് ഓഫ് ദി വേൾഡ്*, സാക്ലർ ഗാലറി, ന്യൂയോർക്ക്, 1997.
ചിത്രം 8.3: ഇന്ത്യ ഓഫീസ് ലൈബ്രറി, പ്രിന്റട്ട് ഇൻ സി.എ.ബെയ്‌ലി (എഡിറ്റഡ്), *ആൻ ഇല്ലസ്ട്രേറ്റഡ് ഹിസ്റ്ററി ഓഫ് മോഡേൺ ഇന്ത്യ, 1600-1947*, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ബോംബെ, 1991.
ചിത്രം 8.4: ഹാർവാർഡ് യൂണിവേഴ്സിറ്റി ആർട്ട് മ്യൂസിയം, പ്രിന്റഡ് ഇൻ സ്റ്റുവർട്ട് കാരി വെൽഷ്, *ഇന്ത്യൻ ആർട്ട് ആന്റ് കൾച്ചറൽ 1300-1900*, ദി മെട്രോപോളിറ്റൻ മ്യൂസിയം ഓഫ് ആർട്ട്, ന്യൂയോർക്ക്, 1985.
ചിത്രം 8.6, 8.11, 8.12, 8.14: സി.എ.ബെയ്‌ലി (എഡിറ്റഡ്), *ആൻ ഇല്ലസ്ട്രേറ്റഡ് ഹിസ്റ്ററി ഓഫ് മോഡേൺ ഇന്ത്യ*, 1600-1947, ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ബോംബെ, 1991.
ചിത്രം 8.13, 8.15: ബാമ്പർ ഗാസ്കോയിൻ, *ദി ഗ്രേറ്റ് മുഗൾസ്*, ജോനാഥൻ കേപ് ലിമിറ്റഡ്, ലണ്ടൻ, 1971.

**പ്രമേയം 9 (Theme 9)**
ചിത്രം 9.1, 9.2, 9.12, 9.13, 9.19: ബാമ്പർ ഗാസ്കോയിൻ, *ദി ഗ്രേറ്റ് മുഗൾസ്*, ജോനാഥൻ കേപ് ലിമിറ്റഡ്, ലണ്ടൻ, 1971.
ചിത്രം 9.3, 9.4, 9.17: മൈക്കൽ ബ്രാൻഡ് ആൻഡ് ഗ്ലൻ ഡി. ലൗറി, *അക്ബേഴ്സ് ഇന്ത്യ*, ന്യൂയോർക്ക് 1986.
ചിത്രം 9.5, 9.15: ആമിന, ഒകാട, *ഇന്ത്യൻ മിനിയേച്ചേഴ്സ് ഓഫ് ദി മുഗൾ കോർട്ട്*
ചിത്രം 9.6, 9.7: *ദി ജഹാംഗീർനാമ* (വിവർത്തനം വീലർ താക്സ്റ്റൺ)
ചിത്രം 9.8: ഫോട്ടോഗ്രാഫ് ഫ്രെഡറിക് ഹുനെക്ക
ചിത്രം 9.9, 9.11 എ, ബി, സി : മിലോ ക്ലിവ് ലൻഡ് ബീച്ച് ആൻഡ് എബ്ബ കോച്ച്, *കിംഗ് ഓഫ് ദി വേൾഡ്*, സാക്‌ലർ ഗാലറി, ന്യൂയോർക്ക്, 1997.
ചിത്രം 9.10, 9.16, 9.20: സ്റ്റുവർട്ട് കാരി വെൽഷ്, *ഇംപീരിയൽ മുഗൾ പെയിന്റിംഗ്*, ജോർജ് ബ്രാസിലർ, ന്യൂയോർക്ക് 1978.
ചിത്രം 9.14: ഗീതി സെൻ, *പെയിന്റിംഗ്സ് ഫ്രം ദി അക്ബർനാമ*
ചിത്രം 9.18: ഹെർമൻ ഫോർക്കൽ എറ്റ്, ആൾ (എഡിറ്റേഴ്സ്) *ഡൈ ഗാർട്ടൺ ഡസ് ഇസ്ലാം*.